# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 7, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 174 - നമ്പർ 9

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 7, വെള്ളി

*സ്പീക്കർ*

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

*ഡെപ്യൂട്ടി സ്പീക്കർ*

**ശ്രീ. വി. ശശി**

*സെക്രട്ടറി*

**ശ്രീ. വി. കെ. ബാബുപ്രകാശ്**

*ചീഫ് എഡിറ്റർ*

**ശ്രീമതി വി. ചെറുപുഷ്പം**


എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

731/2020.

## മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

## ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| **I** | **ചോദ്യോത്തരങ്ങൾ** | | |
| | 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ | .. | 1 |
| | 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ | .. | 9 |
| | (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ | .. | 9 |
| | (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ | .. | 70 |
| **II** | **റിപ്പോർട്ടുകളുടെ സമർപ്പണം** | | |
| | 1. 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് | .. | 456 |
| | 2. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് | .. | 456 |
| | 3. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടും ഒൻപതും റിപ്പോർട്ട് | .. | 456 |
| **III** | **അനുബന്ധം** | .. | 457 |

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

*2018 ഡിസംബർ 7, വെള്ളി*

വാല്യം 174] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2018 ഡിസംബർ മാസം 7-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ തന്നെ യു.ഡി.എഫ്. അംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനുമുന്നിൽവന്നുനിന്ന് ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടും സഭാകവാടത്തിന് മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന എം.എൽ.എ.-മാർക്ക് അഭിവാദ്യം അർപ്പിച്ചും മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......ചോദ്യം നമ്പർ *211.

### വനം-വന്യജീവി സംരക്ഷണ മേഖലയ്ക്കായുള്ള കേന്ദ്ര വിഹിതം

1 (*211) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം-വന്യജീവി സംരക്ഷണ മേഖലയ്ക്കായി അനുവദിച്ചിട്ടുള്ളതും ലഭ്യമാകുന്നതുമായ കേന്ദ്ര വിഹിതത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) കേന്ദ്രവിഹിതം യഥാസമയം ലഭ്യമാകുന്നുണ്ടോ എന്നറിയിക്കുമോ;

(സി) കേന്ദ്രവിഹിതം കിട്ടാൻ വൈകുന്നതുമൂലം താൽക്കാലിക ജീവനക്കാരുടെ ശമ്പളവും പദ്ധതി പ്രവർത്തനങ്ങളും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിൽ ആവശ്യമായ ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) സംസ്ഥാനത്തെ 17 വന്യജീവി സങ്കേതങ്ങളുടെയും 5 ദേശീയോദ്യാനങ്ങളുടെയും 2 ടൈഗർ റിസർവ്വുകളുടെയും ഒരു കമ്മ്യൂണിറ്റി റിസർവ്വിന്റെയും വികസന സംരക്ഷണ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഇതുകൂടാതെ കാട്ടാനകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് സ്കീമും വനാശ്രിത സമൂഹത്തിന്റെ വികസനത്തിനായി അഗസ്ത്യമല ബയോസ്ഫിയർ റിസർവ് (ABR), നീലഗിരി ബയോസ്ഫിയർ റിസർവ് (NBR) എന്നിവയും വനമേഖലകളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുകയെന്നത് ലക്ഷ്യമാക്കി Forest Fire Prevention and Management Scheme (FPMS) എന്ന പദ്ധതിയും കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്നു.

പ്രോജക്ട് ടൈഗർ ഒഴികെ മറ്റ് പദ്ധതികൾക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണ്. പ്രോജക്ട് ടൈഗറിൽ നോൺ റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 60%-ഉം റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 50%-ഉം ആണ് കേന്ദ്ര വിഹിതം.

(ബി) സാംഗ്ച്വറി, നാഷണൽ പാർക്ക് ബയോസ്ഫിയർ റിസർവ് തുടങ്ങിയ പദ്ധതികൾക്ക് അതാതു സാമ്പത്തിക വർഷങ്ങളിലെ വനസംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള വാർഷിക കർമ്മപദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങുകയാണ് ചെയ്യുന്നത്. സാധാരണയായി നടപടിക്രമങ്ങൾ പൂർത്തിയാക്കി കേന്ദ്ര വിഹിതം ലഭിക്കുന്നത് സാമ്പത്തിക വർഷത്തിന്റെ രണ്ടാമത്തെയോ മൂന്നാമത്തെയോ പാദത്തിലായിരിക്കും. എന്നാൽ Forest Fire Prevention and Management (FPM) പദ്ധതിയെ സംബന്ധിച്ചിടത്തോളം കേന്ദ്ര വിഹിതം ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടിട്ടില്ല.

(സി) 2018-19 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ലഭിക്കാതിരിക്കുകയും കേന്ദ്ര വിഹിതം ലഭിച്ചശേഷം മാത്രമേ ആനുപാതികമായ സംസ്ഥാനവിഹിതം ചെലവഴിക്കാൻ പാടുള്ളൂ

എന്ന നിർദ്ദേശവും കാരണം കേന്ദ്രാവിഷ്കൃത പദ്ധതി പ്രവർത്തനങ്ങളിൽ കാലതാമസം നേരിടാറുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 3-12-2018-ലെ സ. ഉ. (സാധാ.) നമ്പർ 500/2018/വനം പ്രകാരം കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതത്തിന്റെ 50%, കേന്ദ്ര വിഹിതം ലഭിക്കുന്നതിന് മുമ്പുതന്നെ, നിബന്ധനകൾക്ക് വിധേയമായി ചെലവഴിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

(ഡി) മുൻകാലങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം അതാത് സാമ്പത്തിക വർഷത്തിലെ വാർഷിക കർമ്മ പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിച്ച് നൽകുന്നതിനുമുമ്പ് തന്നെ സാമ്പത്തിക വർഷാരംഭത്തിലുള്ള ചെലവുകൾക്ക് വിനിയോഗിക്കുവാൻ അനുവദിച്ചിരുന്നു. വനസംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് അനുമതി യഥാസമയം ലഭ്യമാക്കാനായി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

മി. സ്പീക്കർ: ദയവായി അംഗങ്ങൾ സീറ്റുകളിലേയ്ക്ക് പോകണം. സഭാനടപടി കളുമായി സഹകരിക്കുമെന്ന് പ്രതിപക്ഷനേതാവ് സഭയിൽ ഉറപ്പുനൽകിയിട്ട് മൂന്നുദിവസം തികഞ്ഞിട്ടില്ല ....(ബഹളം).... സത്യാഗ്രഹവുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റിന്റെ നിലപാട് ഇന്നലെ സഭയിൽ അറിയിച്ചു. പ്രതിപക്ഷ നേതാവിന്റെ അഭിപ്രായം മാനിച്ചുകൊണ്ട് സമവായത്തിന് ശ്രമിച്ചു. ഇക്കാര്യമെല്ലാം വ്യക്തമാണ്. അതിന്റെ പേരിൽ സഭാനടപടികൾ തടസ്സപ്പെടുത്തുന്നത് ശരിയല്ല. ചോദ്യോത്തരവേള തന്നെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. മാത്രമല്ല ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതേ വിഷയവുമായി ബന്ധപ്പെട്ട് ഒരു സബ്മിഷൻ എഴുതി നൽകിയിട്ടുണ്ട്. ഇതൊന്നും ശരിയല്ല.....(ബഹളം)....

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഖരമാലിന്യ സംസ്കരണം, ഭൂഗർഭ വൈദ്യുത ലൈനുകൾ സ്ഥാപിക്കൽ (ഈ ഓപ്പൺ ലൈനുകൾ പലപ്പോഴും വന്യമൃഗങ്ങൾക്ക് മരണകാരണമാകുന്നുണ്ട്), മലിനജല പരിചരണ പ്ലാന്റുകൾ സ്ഥാപിക്കൽ എന്നീ മൂന്ന് വിഷയങ്ങളാണ് ശബരിമല മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് ഏറ്റവും ഗൗരവതരമായി വന്നിട്ടുള്ള പരാമർശങ്ങൾ. സ്ഥലത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട് ധാരാളം പരിമിതികളും ഉണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ കേന്ദ്രത്തിൽനിന്ന് കുറച്ചു പണം കൂടി ആവശ്യപ്പെട്ട് ഇപ്പോഴുള്ള 60:40 എന്നുള്ളത് മാറ്റി 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായി മാറ്റാൻ ശ്രമിക്കണം. മാത്രമല്ല, കേന്ദ്രത്തിന് ശബരിമലയോടുള്ള സ്നേഹം കൂടിനിൽക്കുന്ന സമയമായതുകൊണ്ട് ഈ അവസരം മുതലാക്കി മാസ്റ്റർ പ്ലാനിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ, ....(ബഹളം)....

മി. സ്പീക്കർ: ദയവായി ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്..... (ബഹളം)....

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ശബരിമലയോട് അവർക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ഇങ്ങനെ ബഹളമുണ്ടാക്കില്ലല്ലോ. ഏറ്റവും ഗൗരവമായ വിഷയം, ഈ മാസ്റ്റർ പ്ലാനിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കണമെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽപ്പോലും ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സ്ത്രീകൾ കയറണ്ടെങ്കിൽ കയറണ്ട. ശബരിമല മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് ചോദ്യം ചോദിക്കുമ്പോഴെങ്കിലും സഹകരിക്കണ്ടേ; ഇതെന്ത് നിലപാടാണ്? മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഏതെല്ലാം തരത്തിലുള്ള സഹകരണമുണ്ടാകും?

ശ്രീ. കെ. രാജു: സർ, ശബരിമലയുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാനിൽ അംഗീകരിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും നടപ്പിലാക്കുന്നതിന് എല്ലാവിധ സഹകരണങ്ങളും നൽകാൻ വനം വകുപ്പ് തയ്യാറാണ്. മാസ്റ്റർ പ്ലാനിലുള്ള കാര്യങ്ങൾക്കൊന്നിനും വനം വകുപ്പ് തടസ്സം നിൽക്കില്ല. വനം വകുപ്പുകൂടി അംഗീകരിച്ചാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇ.ഡി.സി. അംഗങ്ങളുടെ സഹകരണത്തോടുകൂടി ഇ.ഡി.സി.യുടെ ഫണ്ടും മറ്റുമുപയോഗിച്ചുകൊണ്ട് ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രവർത്തനങ്ങൾ ഇപ്പോൾ തന്നെ വനം വകുപ്പ് നടത്തിവരുന്നു. ഇ.ഡി.സി. അംഗങ്ങളെ ഉപയോഗിച്ചാണ് ശബരിമലയിലേയ്ക്കുള്ള പാതകളിൽ അയ്യപ്പഭക്തന്മാർ ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക്ക് അടക്കമുള്ള വസ്തുക്കൾ കളക്ട് ചെയ്ത് പ്രത്യേകമായി വേർതിരിച്ച് പ്രത്യേക സ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന നടപടികൾ സ്വീകരിക്കുന്നത്.

അതുപോലെ ഭൂഗർഭ വൈദ്യുതി ലൈനുകളെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി. വനം മേഖലയായതുകൊണ്ട് ഓവർഹെഡ് ലൈനുകൾ വലിക്കുന്നതിന് പലപ്പോഴും ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അതിന് കേന്ദ്രത്തിന്റെ അനുമതി ആവശ്യമായി വരും. മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കേബിളിട്ട് ഭൂഗർഭ വൈദ്യുത ലൈൻ വഴി വൈദ്യുതി ശബരിമല മേഖയിലേയ്ക്കോ സന്നിധാനം മേഖലയിലേയ്ക്കോ കൊടുക്കുന്നതിന് തടസ്സമില്ല. ശബരിമല ധാരാളം വന്യജീവികളുള്ള മേഖലയായതിനാൽ അവയുടെ ജീവന് ആപത്തുണ്ടായി എന്നുവരാം. അതിനാൽ കേബിൾ ഉപയോഗിച്ചായിരിക്കണം എന്നുമാത്രമേയുള്ളൂ.

മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം വനം വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന വിഷയമല്ല. എങ്കിലും കേന്ദ്ര ഗവൺമെന്റ് അനുവദിക്കണമെന്ന് പറയുകയോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ വനം വകുപ്പിനെ ഏൽപ്പിക്കുകയോ ചെയ്താൽ മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളെ സംബന്ധിച്ച്, അതിന്റെ പ്രായോഗികതയെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ചു കൊണ്ട് വനാന്തര ഭാഗത്തുള്ള ആളുകളെ പുനരധിവസിപ്പിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? ഫയർലൈൻ വാച്ചർമാർക്ക് മിനിമം ശമ്പളം നൽകുന്നതിന് നടപടി സ്വീകരിച്ച അങ്ങയെ അഭിനന്ദിക്കുകയാണ്. കാട്ടുതീ തടയുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ ഫയർലൈൻ വാച്ചർമാരെ നിയമിക്കേണ്ടതുണ്ട്. ഫയർലൈൻ വാച്ചർമാരുടെ എണ്ണത്തിൽ ഒരു കാരണവശാലും കുറവ് വരുത്താൻ പാടില്ല. അത് ഗുരുതരമായ മറ്റ് പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന കാര്യം ഈ അവസരത്തിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിദേശ സസ്യങ്ങളുടെ സാന്നിദ്ധ്യമാണ് കാട്ടുതീ പടരുന്നതിന് വലിയ കാരണമായി കാണുന്നത്. കാട്ടുതീ നിയന്ത്രിക്കുന്നതിന് കൂടുതൽ ഫയർലൈൻ വാച്ചർമാരെ നിയമിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം തേടുമോ; വനസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് അങ്ങ് ഇടപെടുമോ?

<u>ശ്രീ. കെ. രാജു</u>: സർ, വന്യജീവി സംഘർഷം രൂക്ഷമായി അനുഭവപ്പെടുന്ന വയനാട്ടിലെ വന്യജീവി സങ്കേതത്തിനുള്ളിലെ സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേയ്ക്ക് മാറ്റിത്താമസിപ്പിക്കുന്നതിനുള്ള കേന്ദ്ര പദ്ധതിയായ 'സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി' സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ സ്വമേധയാ താല്പര്യമെടുക്കുന്ന 800 കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് 10 ലക്ഷം രൂപ നിരക്കിൽ 80 കോടി രൂപ ചെലവാക്കി വനപ്രദേശങ്ങളിൽ നിന്നും മാറ്റി പാർപ്പിക്കുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ഭാഗമായി 300-ഓളം കുടുംബങ്ങളെ ഇതിനോടകം പുനരധിവസിപ്പിച്ചു കഴിഞ്ഞു. 100-ൽപ്പരം കുടുംബങ്ങളുടെ പുനരധിവാസം അന്തിമഘട്ടത്തിലാണ്. അവശേഷിക്കുന്ന 400 കുടുംബങ്ങളെക്കൂടി പുനരധിവസിപ്പിച്ചുകഴിഞ്ഞാൽ

പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കപ്പെടും. ഇതുമൂലം പ്രദേശത്ത് വന്യജീവി സംഘർഷത്തിൽ കാര്യമായ കുറവുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാട്ടുതീയുമായി ബന്ധപ്പെട്ട് ഫയർലൈൻ വാച്ചർമാരെ നിയമിക്കുന്ന കാര്യം ബഹുമാനപ്പെട്ട അംഗം പറഞ്ഞു. കേന്ദ്ര ഫണ്ട് ലഭിക്കാൻ വൈകിയതുകൊണ്ടും കേന്ദ്ര ഫണ്ട് ലഭിക്കുന്നതിനുമുമ്പ് സംസ്ഥാനങ്ങളിൽ ഫണ്ട് ചെലവഴിക്കാൻ പാടില്ലെന്നുള്ള ഒരു നിർദ്ദേശം ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ചതിന്റെയും അടിസ്ഥാനത്തിലാണ് വാച്ചർമാർക്ക് ശമ്പളം കൊടുക്കുന്ന കാര്യത്തിൽ കാലതാമസമുണ്ടായത്. ഇപ്പോൾ ആ കാലതാമസം മാറിയിട്ടുണ്ട്. സംസ്ഥാന വിഹിതമായ 50 ശതമാനം ഫണ്ട് ചെലവഴിക്കാം എന്ന പുതിയ ഉത്തരവ് ധനകാര്യ വകുപ്പിൽ നിന്നും ഇറങ്ങിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ശമ്പളം കൊടുക്കുന്നതിന് കാലതാമസമുണ്ടാകില്ല; തടസ്സങ്ങൾ ഒഴിവാക്കി മുന്നോട്ടുപോകാൻ കഴിയും. അതുപോലെതന്നെ വനം സംരക്ഷിക്കുവാനും വന്യജീവികളെ സംരക്ഷിക്കുവാനും കാട്ടുതീയിൽ നിന്നും വനത്തെ സംരക്ഷിക്കുവാനും വേണ്ടി ആദിവാസി വിഭാഗത്തിൽ നിന്ന് 500 വാച്ചർമാരെ പി.എസ്.സി. വഴി സ്പെഷ്യൽ റിക്രൂട്ട്മെന്റായി നിയമിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പി.എസ്.സി.യുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: ദയവായി അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. സഭാനടപടികളുമായി പരിപൂർണ്ണമായും സഹകരിക്കുമെന്ന് സഭയിൽ പ്രതിപക്ഷനേതാവ് ഉറപ്പ് നൽകിയിട്ട് മൂന്ന് ദിവസമായിട്ടില്ല. നിയമസഭാ സാമാജികരുടെ സത്യാഗ്രഹവുമായി ബന്ധപ്പെട്ട് എന്താണ് ചെയ്യാൻ സാധിക്കുകയെന്നത് ഈ സഭയിൽ ഇന്നലെ പറഞ്ഞുകഴിഞ്ഞു. ഗവൺമെന്റിന്റെ ഭാഗത്ത് അഭ്യർത്ഥനയും നടത്തിക്കഴിഞ്ഞു. അതിന്റെ പേരിൽ ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും മറ്റ് പ്രശ്നങ്ങളൊന്നും ഉന്നയിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് ശരിയല്ല. നിങ്ങൾ സീറ്റിലേയ്ക്ക് പോകണം. (.......ബഹളം...) പ്രതിപക്ഷ അംഗങ്ങൾ ഈ രീതി തുടർന്നാൽ സഭാനടപടികൾ നിർത്തിവയ്ക്കേണ്ടി വരും. ഇത് ശരിയല്ല. ദയവായി ഈ ഒരു വിഷയത്തിന്റെ പേരിൽ കുറ്റിയിൽ കെട്ടിയതുപോലെ സഭയെ കൊണ്ടുപോകുന്നത് ശരിയാണോ എന്ന് നിങ്ങൾ ആലോചിക്കണം. (............ബഹളം........ )

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അന്യം നിന്നുപോകുന്ന വന്യജീവികളുടെ സംരക്ഷണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി സഹായം ലഭിക്കുന്നുണ്ടോ;

ഉണ്ടെങ്കിൽ ആ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? അതോടൊപ്പം തന്നെ കാട്ടാനകളെ സംബന്ധിച്ച് സെൻസസ് നടത്തിയിട്ടുണ്ടായിരുന്നു. (.........ബഹളം..........) എന്നാൽ നാട്ടാനകളെ സംബന്ധിച്ച് സെൻസസ് നടത്തിയിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കണക്കുകളുണ്ടോ എന്നതും വ്യക്തമാക്കണം. വന്യമൃഗങ്ങൾ കാട്ടിൽനിന്ന് നാട്ടിലേയ്ക്കിറങ്ങി ആളുകളെ ഉപദ്രവിക്കുന്നുണ്ട്. വന്യമൃഗങ്ങളുടെ ഉപദ്രവം ഇല്ലാതാക്കുന്നതിനും (.......... ബഹളം ..........) അവയുടെ ഉപദ്രവത്തിൽ പരിക്കേൽക്കുന്ന ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. ശബരിമല വിഷയവുമായി ബന്ധപ്പെട്ട് അന്യംനിന്നുപോകുന്ന ചില കക്ഷികൾ ഇവിടെയും പ്രശ്നമുണ്ടാക്കുന്നുണ്ട്. അതിനെ സംബന്ധിച്ചുകൂടി ആവശ്യമായ പരിഹാരമുണ്ടാകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, അന്യം നിന്നുപോകുന്ന അപൂർവ്വം ചില മൃഗങ്ങളെ സംബന്ധിച്ച് ഞാൻ സൂചിപ്പിക്കാം. കേരളത്തിൽ കാലങ്ങളായി പലവിധ കാരണങ്ങൾകൊണ്ട് അംഗസംഖ്യ കുറഞ്ഞുവരുന്ന വയനാട്ടിലുള്ള വരയാട്, കഴുകൻ ഇവയുടെ സംരക്ഷണത്തിനായി Recovery Programme of Nilgiri Tahr എന്ന പേരിലൊരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. അതുപോലെതന്നെ Recovery Programme of Vulture in Wayanad Wildlife Sanctuary എന്ന മറ്റൊരു പദ്ധതിയും നടപ്പിലാക്കുന്നു. ഇങ്ങനെ അന്യം നിന്നുപോകുന്ന മൃഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അന്യം നിന്നുപോകുന്ന രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ച് വനംവകുപ്പ് പ്രത്യേകിച്ച് ഒന്നും നടപ്പിലാക്കുന്നില്ല. ഈ നടപടികൾ കണ്ടുകൊണ്ട് ജനങ്ങൾ നടപ്പിലാക്കിക്കൊള്ളും. അതോടൊപ്പം തന്നെ താങ്കൾ നാട്ടാനകളെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി. നാട്ടാനകളെ സംബന്ധിച്ച സെൻസസ് അടുത്ത സമയത്ത് എടുക്കുകയുണ്ടായി. അതനുസരിച്ച് കേരളത്തിലൊട്ടാകെ 521 നാട്ടാനകളുണ്ട്. അതിൽ 401 കൊമ്പനാന, 98 പിടിയാന, 22 മോഴ എന്നിവയുണ്ട്. അതിൽത്തന്നെ ഏറ്റവും പ്രായം കുറഞ്ഞത് കോട്ടൂർ ആന ക്യാമ്പിലെ കണ്ണൻ എന്ന നാട്ടാനയാണ്. ഒൻപത് മാസമാണ് പ്രായം. (.....ബഹളം....) ഏറ്റവും പ്രായം കൂടിയ നാട്ടാന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തിരുവനന്തപുരത്തെ ചെങ്കള്ളൂർ ക്ഷേത്രത്തിലെ 87 വയസ്സുള്ള ദാക്ഷായണിയാണ്. ഏറ്റവും കൂടുതൽ നാട്ടാനകളുള്ള ജില്ല തൃശ്ശൂരാണ്.

145 നാട്ടാനകളാണ് അവിടെയുള്ളത്. ഏറ്റവും കുറവ് നാട്ടാനകളുള്ള ജില്ല കണ്ണൂർ ആണ്. 3 നാട്ടാനകൾ മാത്രമേ അവിടെയുള്ളു എന്നതാണ് കണക്ക്. (…….ബഹളം ..........)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇങ്ങനെയൊരു രീതി തുടരുന്നത് വളരെ നിർഭാഗ്യകരമാണ്. സാമാജികരുടെ സത്യാഗ്രഹം പുറത്ത് തുടരുമെന്നും സഭയിൽ സഹകരിക്കുമെന്നും ഉറപ്പ് നൽകിയതിനുശേഷം ഇത്തരമൊരു രീതി സ്വീകരിക്കുന്നത് ശരിയല്ല. പുതിയ അംഗങ്ങൾ ഉൾപ്പെടെ പല അംഗങ്ങളും ശ്രദ്ധേയമായ നിരവധി പ്രമേയങ്ങൾ ഇന്നേ ദിവസം കൊണ്ടുവരാൻവേണ്ടി ഗൃഹപാഠം ചെയ്ത് തയ്യാറായി ഇരിക്കുന്ന സാഹചര്യത്തിൽ നിങ്ങൾ ചെയ്യുന്ന ഈ രീതി ശരിയല്ല. ദയവായി സീറ്റുകളിലേയ്ക്ക് പോകണം. ഇങ്ങനെ തുടർച്ചയായി സഭാനടപടി തടസ്സപ്പെടുത്തുന്ന രീതി തുടർന്നാൽ സഭ സുഗമമായി നടത്തിക്കൊണ്ടുപോകാൻ പറ്റാത്ത സാഹചര്യമുണ്ടാകും. ഈ നിലയിൽ മുന്നോട്ടുപോകാൻ പറ്റില്ല. പ്ലീസ്...പ്ലീസ്.... (…….ബഹളം....) ഇതാണ് രീതിയെങ്കിൽ അടുത്ത നടപടിക്രമങ്ങളിലേയ്ക്ക് കടക്കേണ്ടിവരും.

സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ തുടർന്നുള്ള ചോദ്യോത്തരവേള റദ്ദ് ചെയ്തുകൊണ്ട് മറ്റു നടപടികളിലേയ്ക്ക് കടക്കുകയാണ്. ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്തിരിക്കുന്നു. മറുപടി മേശപ്പുറത്തുവയ്ക്കേണ്ടതാണ്. *

*(ശബരിമല വിഷയവുമായി ബന്ധപ്പെട്ട് നിയമസഭാ കവാടത്തിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന പ്രതിപക്ഷാംഗങ്ങളുടെ കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്ന നിലപടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടകൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ 9.16-ന് തുടർന്നുള്ള ചോദ്യോത്തരവേളയും ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും റദ്ദു ചെയ്യുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)*

---

* അനുബന്ധമായി ചേർക്കുന്നു.

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മിനിമം വേതനം

2 (*212) ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെടുന്ന അഞ്ചുവർഷം പൂർത്തിയായ മേഖലകളിലെല്ലാം ഈ സർക്കാർ കാലയളവിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചു കഴിഞ്ഞോ; ഇതോടൊപ്പം സ്വകാര്യമേഖലയിലെ നഴ്സുമാർക്കുൾപ്പെടെ നിശ്ചിത മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ;

(ബി) അഞ്ചുവർഷത്തിലൊരിക്കൽ പുതുക്കേണ്ട മിനിമം വേതനം പുതുക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും സമ്പദ് വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി വേതന ഘടനയിൽ ആവശ്യാധിഷ്ഠിത വാർഷിക വർദ്ധനവ് ഉറപ്പാക്കാനും സാധ്യമാകുമോ;

(സി) പെൻഷനും ഇതര ആനുകൂല്യങ്ങളും നൽകി തൊഴിലാളികളുടെ സാമൂഹ്യസുരക്ഷയും വാർദ്ധക്യകാല പരിരക്ഷ ഉറപ്പുവരുത്താൻ വേണ്ടി സ്ഥാപിച്ചിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ലക്ഷ്യമിടുന്ന പുനഃസംഘടനയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) വിവിധ അസംഘടിത - പരമ്പരാഗത മേഖലകളിൽ നിന്ന് വിരമിച്ച തൊഴിലാളികൾക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെടുന്ന 5 വർഷം പൂർത്തിയായ 22 തൊഴിൽ മേഖലകളിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 9 മേഖലകളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും മറ്റ് മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള

ശിപാർശ സമർപ്പിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയുടെ കീഴിലുള്ള സബ്കമ്മിറ്റികളെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു.

(ബി) സമയബന്ധിതമായി മിനിമം വേതനം പുതുക്കി സർക്കാരിന് ശിപാർശ സമർപ്പിക്കാൻ മിനിമം വേതന ഉപദേശക സമിതിക്ക് നിർദ്ദേശം നൽകാറുണ്ട്. ആയതിൻപ്രകാരം നടപടികൾ സ്വീകരിച്ച് സമിതി ശിപാർശ നൽകുന്ന മുറയ്ക്ക് മിനിമം വേതനം പുതുക്കി നിശ്ചയിക്കാറുണ്ട്.

ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടുള്ള എല്ലാ തൊഴിൽ മേഖലകളിലും വാർഷിക ഇൻക്രിമെന്റ് ഉൾപ്പെടുത്തിയാണ് ശമ്പളം നിശ്ചയിക്കുന്നത്. ഇതുകൂടാതെ എല്ലാ മിനിമം വേതന വിജ്ഞാപനങ്ങളിലും ഉപഭോക്തൃവില സൂചിക അടിസ്ഥാനമാക്കിയുള്ള വേരിയബിൾ ഡി.എ. നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ബോർഡുകളുടെ സാമ്പത്തിക ഭദ്രത, പ്രവർത്തന സ്വഭാവം, പ്രവർത്തന സൗകര്യം, അംഗബലം എന്നിവ പരിഗണിച്ച് ബോർഡുകളെ സംയോജിപ്പിച്ച് അവയുടെ എണ്ണം ചുരുക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) അസംഘടിത സാമൂഹ്യസുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾ വിരമിക്കുമ്പോൾ അർഹതയ്ക്കനുസരിച്ച് വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ എന്നിവയും വിരമിക്കുന്നതിനുമുമ്പ് ശാരീരിക അവശത നേരിടുന്നവർക്ക് അവശതാ പെൻഷനും നൽകിവരുന്നു.

**ജല അതോറിറ്റിയുടെ വിതരണ ശൃംഖലകൾ കൈമാറുന്ന നടപടി**

3 (*213) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ വിതരണ ശൃംഖലകൾ ജലനിധിയുടെ മാനേജിംഗ് ഏജൻസിയായ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസിക്ക് കൈമാറ്റം ചെയ്യാറുണ്ടോ; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വിതരണ ശൃംഖലകൾ കൈമാറുന്നതുമൂലം ഉപഭോക്താക്കൾ കുടിവെള്ളത്തിന് അധിക ചാർജ്ജ് നൽകേണ്ടി വരുന്നത് കണക്കിലെടുത്ത് ഇവ ജല അതോറിറ്റിയിൽ തന്നെ നിലനിർത്താൻ തയ്യാറാകുമോ;

(സി) കേരള ജല അതോറിറ്റി കിലോലിറ്ററിന് 6 രൂപാ നിരക്കിൽ ജലനിധിക്ക് നൽകുന്ന കുടിവെള്ളത്തിന് ജലനിധി ഗുണഭോക്താക്കൾ നൽകേണ്ടിവരുന്ന ചാർജ്ജ് എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കെ.ആർ.ഡബ്ല്യൂ.എസ്.എ. വഴി നടത്തുന്ന സാനിറ്റേഷൻ പദ്ധതികൾ ഏതെല്ലാമാണ്; അതിനായി പ്രതിവർഷം ചെലവഴിക്കുന്ന തുകയെത്രയെന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കേരള വാട്ടർ അതോറിറ്റിയും ജലനിധിയും പഞ്ചായത്തും തമ്മിലുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ കിലോലിറ്ററിന് 6 രൂപ നിരക്കിൽ വാട്ടർ ചാർജ് നിശ്ചയിച്ചുകൊണ്ട് ബൾക്ക് മീറ്റർ സ്ഥാപിച്ച് വിതരണ ശൃംഖല ജലനിധിയുടെ കീഴിൽ വരുന്ന പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യുന്നുണ്ട്.

വയനാട് ജില്ലയിലെ പൂതാടി പഞ്ചായത്തിനുള്ള കുടിവെള്ള പദ്ധതി, പുൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി, മലപ്പുറം ജില്ലയിലെ ജല അതോറിറ്റിയുടെ തിരുനാവായ ത്വരിത കുടിവെള്ള പദ്ധതി, കണ്ണൂർ ജില്ലയിലെ ഇരിക്കൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി, പാലക്കാട് ജില്ലയിലെ ലക്കിടി-പേരൂർ കുടിവെള്ള പദ്ധതി, തൃശ്ശൂർ ജില്ലയിലെ മാളയും അനുബന്ധ പഞ്ചായത്തുകളുമടങ്ങുന്ന കുടിവെള്ള പദ്ധതി, മൂവാറ്റുപുഴ സർക്കിളിന് കീഴിലുള്ള RWSS to പാലക്കുഴ, കഞ്ഞിക്കുഴി-ചുരുളിപ്പതാൻ, കഞ്ഞിക്കുഴി മൂന്ന് ഏക്കർ ഹരിജൻ കോളനി, ചേലച്ചുവട്, കീരിത്തോട്, അഞ്ചുകുടി, തിങ്കൾക്കാട്, ദൈവം മേട് നമ്പർ I, തോപ്രാംകുടി പെരുംതൊഴി, ചിന്നാർ, ഉടുമ്പന്നൂർ, ചെപ്പുകുളം, മുള്ളരിങ്ങാട്, ഉരുത്തിക്കലോടി, കറുകപ്പിള്ളി തുടങ്ങിയ പദ്ധതികൾ, പത്തനംതിട്ട സർക്കിളിനുകീഴിലുള്ള മാടപ്പള്ളി റൂറൽ വാട്ടർ സപ്ലൈ പദ്ധതി, മാനില റൂറൽ വാട്ടർ സപ്ലൈ പദ്ധതി എന്നീ കുടിവെള്ള പദ്ധതികളുടെ വിതരണ ശൃംഖലകൾ ജലനിധി പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

(ബി) കെ.ഡബ്ല്യൂ.എ.യിൽ നിന്നും ശുദ്ധീകരിച്ച കുടിവെള്ളം മൊത്തമായി വാങ്ങിച്ച് പഞ്ചായത്തുകളിലെ ജനങ്ങൾക്ക് വിതരണം ചെയ്യുന്ന രീതിയിൽ ജലനിധി പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിൽ നിലവിലുള്ള കെ.ഡബ്ല്യൂ.എ. ഉപഭോക്താക്കൾ ജലനിധി പദ്ധതിയുടെ ഭാഗമാകുമ്പോൾ ജലനിധി

ഗുണഭോക്താക്കളുടെ കുടിവെള്ള ചാർജ്ജ് നൽകേണ്ടിവരും. പഞ്ചായത്തുകളുടേയും കെ.ഡബ്ല്യു.എ.യുടേയും സമ്മതത്തോടുകൂടിയാണ് നിലവിലുള്ള കെ.ഡബ്ല്യു.എ. ഉപഭോക്താക്കളെ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ജലനിധി പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട കേരള വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖലകൾ ജല അതോറിറ്റിയിൽ നിലനിർത്തുന്ന കാര്യം പരിഗണനയിലില്ല.

(സി) കേരള ജല അതോറിറ്റി കിലോ ലിറ്ററിന് 6 രൂപയ്ക്ക് നൽകുന്ന ജലത്തിന് ജലനിധി ഗുണഭോക്താക്കൾ വിതരണ ശൃംഖലയുടെ തുടർപരിപാലനം, വെള്ളക്കരം പിരിക്കൽ, മറ്റു ഭരണ ചെലവുകൾ എന്നിവ ഉൾപ്പെടുത്തി ഒരു നിശ്ചിത മിനിമം നീക്കിയിരിപ്പ് വരുന്ന തരത്തിലുള്ള തുകയാണ് വെള്ളക്കരമായി പിരിക്കുന്നത്. തുക തീരുമാനിക്കുന്നത് ഗുണഭോക്തൃ സമിതിയാണ്.

(ഡി) ജലനിധി പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ODF പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച ഗാർഹിക ശൗചാലയങ്ങൾക്കുപുറമെ, സാമൂഹികാടിസ്ഥാനത്തിലുള്ള ശൗചാലയങ്ങളും ബയോഗ്യാസ് യൂണിറ്റുകൾ, ഖര, ദ്രാവക, മാലിന്യ നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവയാണ് കെ.ആർ.ഡബ്ല്യു.എസ്.എ. വഴി നടത്തുന്ന സാനിറ്റേഷൻ പദ്ധതികൾ.

ജലനിധി രണ്ടാംഘട്ടത്തിൽ സാനിറ്റേഷൻ പദ്ധതികൾക്കായി 23 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പൈപ്പ് കമ്പോസ്റ്റ്, ഗാർഹിക ബയോഗ്യാസ്, വെർമി കമ്പോസ്റ്റ്, പൊതു സെപ്റ്റിക് ടാങ്ക്, പണം കൊടുത്തുപയോഗിക്കുന്ന കക്കൂസ്, പൊതു ബയോഗ്യാസ് യൂണിറ്റുകൾ, പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ്, ക്രമറ്റോറിയം, അഴുക്കുചാൽ നിർമ്മാണം, സ്കൂൾ ടോയ്‌ലെറ്റ്, അങ്കണവാടി ടോയ്‌ലെറ്റ് എന്നീ ഘടകങ്ങൾ ഉൾപ്പെടെ സാനിറ്റേഷൻ പദ്ധതികൾ ഗാർഹിക തലത്തിലും കമ്മ്യൂണിറ്റി തലത്തിലുമായി ജലനിധി രണ്ടാംഘട്ടത്തിൽ 21.33 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും 18.46 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ODF പ്രോഗ്രാമിന്റെ ഭാഗമായി ജലനിധി പ്രോജക്ട് പ്രകാരം 56.21 കോടി രൂപ ചെലവഴിച്ച് 36,498 കക്കൂസുകളും പണി കഴിപ്പിച്ചിട്ടുണ്ട്.

**വേമ്പനാട് കായലിന്റെ പുനരുദ്ധാരണം**

4 (*214) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട് കായലിന്റെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ;

(ബി) കുട്ടനാട് പാക്കേജ് പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിനായി ജലവിഭവ വകുപ്പ് എന്തെല്ലാം പഠനങ്ങൾ നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തുവെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>):

(എ) കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി പദ്ധതി സമർപ്പിച്ചിട്ടുണ്ട്. വേമ്പനാട് കായലിന്റെ (ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ) അംഗീകരിച്ച് കേന്ദ്ര വിഹിതമായ (60%) 84.45 ലക്ഷം രൂപ ആദ്യ വർഷ ഗഡുവായി അനുവദിക്കുകയും സംസ്ഥാന വിഹിതമായ (40%) 56.30 ലക്ഷം രൂപയും ചേർത്ത് വേമ്പനാട് കായലിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ആകെ 140.75 ലക്ഷം രൂപ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) കുട്ടനാടിന്റെ പരിസ്ഥിതിക്ക് ഹാനികരമാകാതെ കാർഷിക മേഖലയെ ശക്തിപ്പെടുത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ഡോ. എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ 2007-ൽ കേന്ദ്ര സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കുട്ടനാട് പാക്കേജ് ആരംഭിച്ചത്. 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 39.08 കോടി രൂപയും ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 137.954 കോടി രൂപയും ഉൾപ്പെടെ ആകെ 177.034 കോടി രൂപ മാത്രമാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും നാളിതുവരെ ഈ പദ്ധതിക്ക് ലഭിച്ചിട്ടുള്ളത്. കുട്ടനാട് പാക്കേജിൽ 7 സ്കീമുകളാണ് നടപ്പിലാക്കുന്നത്. ഇതിൽ 4 സ്കീമുകൾക്ക് (കെ.ഇ.എൽ-1, കെ.ഇ.എൽ-2, കെ.ഇ.എൽ-3, കെ.ഇ.എൽ-4) കേന്ദ്രാനുമതി ലഭിച്ചു. 3 സ്കീമുകൾക്ക് അനുമതി ലഭിച്ചിട്ടില്ല. ഇവ തണ്ണീർമുക്കം ബാരേജിന്റെ നവീകരണം, തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം, കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളുടെ പുറം ബണ്ട് നിർമ്മാണം എന്നിവയാണ്. അതനുസരിച്ച് എം.എസ്. സ്വാമിനാഥൻ കമ്മീഷൻ ശിപാർശപ്രകാരം ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു*. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 3 സ്കീമുകൾ പൂർത്തീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം പെരിയാർ ടൈഗർ റിസർവ് മേഖലയിൽ ആയതിനാൽ പരിസ്ഥിതി, വനം, വന്യജീവി, കടുവ സംരക്ഷണ അതോറിറ്റി എന്നിവയുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

പരിസ്ഥിതി ആഘാത പഠനത്തിനുവേണ്ടിയുള്ള ToR (Terms of Reference)-ന്റെ അംഗീകാരത്തിനുവേണ്ടി 25-8-2018-ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലേയ്ക്ക് അപേക്ഷ സമർപ്പിച്ചു. Expert Appraisal Committee (EAC)-യുടെ 27-9-2018-ൽ കൂടിയ 18-ാമത് മീറ്റിംഗിൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും അധികമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ToR അംഗീകരിക്കുന്നതിന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 14-11-2018-ലെ കത്ത് പ്രകാരം EAC കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ച് കത്ത് നൽകിയിട്ടുണ്ട്. പരിസ്ഥിതി അനുമതിക്ക് തമിഴ്നാടുമായുള്ള ഉഭയകക്ഷി സമ്മതം സമർപ്പിക്കണമെന്ന നിബന്ധന നിലനിൽക്കുന്നുണ്ടെങ്കിലും EIA (പരിസ്ഥിതി ആഘാത പഠനം) പഠനം തുടരാൻ തീരുമാനിച്ചിട്ടുണ്ട്.

## ഡാം മാനേജ്മെന്റ്

5 (*215) ശ്രീ. കെ. എൻ. എ. ഖാദർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സാഹചര്യങ്ങൾ വിലയിരുത്തി അതിൽ നിന്ന് ലഭിച്ച പാഠങ്ങൾ ഉൾക്കൊണ്ട് ബൃഹത്തായ ഒരു ഫ്ലഡ് മിറ്റിഗേഷൻ പ്ലാൻ തയ്യാറാക്കി നടപ്പാക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചു തുടങ്ങിയോ; വിശദമാക്കുമോ;

(ബി) വിദേശരാജ്യങ്ങളിൽ പാലിക്കപ്പെടും പോലെ ഡാം മാനേജ്മെന്റും ഷട്ടർ ഓപ്പറേഷൻ മാനേജ്മെന്റും വ്യക്തമായ ഒരു മാനദണ്ഡത്തിൽ അധിഷ്ഠിതമാക്കി ഡാമുകളുടെ ജലനിരപ്പ് നിരന്തര നിരീക്ഷണത്തിന് വിധേയമാക്കുകയും അവ തുറന്നുവിടുന്നതിന് മുൻപ് വ്യക്തമായ അറിയിപ്പുകൾ നൽകുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) :

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ഡ്രിപ്പ്) പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ജലകമ്മീഷൻ, സംസ്ഥാനത്തെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള 11 ഡാമുകളുടെയും ഒരു ബാരേജിന്റെയും ഡാം ബ്രേക്ക് അനാലിസിസ്, 2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിന് മുമ്പുതന്നെ ചെയ്യുകയും ഇനൻഡേഷൻ മാപ്പ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇനൻഡേഷൻ മാപ്പ് അനുസരിച്ച് ഡാമുകൾക്ക് കരട് എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കി, കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) ജലവിഭവ വകുപ്പിന്റെകീഴിലുള്ള ഡാമുകളുടെ കാര്യക്ഷമമായ പരിപാലനത്തിനും പ്രവർത്തനത്തിനും കേന്ദ്ര ജലകമ്മീഷന്റെ മാർഗ്ഗരേഖ അനുസരിച്ച് എമർജൻസി ആക്ഷൻ പ്ലാനിനുപുറമെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് മാന്വലും ഡ്രിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിവരുന്നു. കൂടാതെ ഇന്റഗ്രേറ്റഡ് റിസർവോയർ ഓപ്പറേഷൻ, ഫ്ളഡ് ഫോർക്കാസ്റ്റിംഗ് എന്നിവ DRIP, NHP പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഡാം മാനേജ്മെന്റും ഷട്ടർ ഓപ്പറേഷൻ മാനേജ്മെന്റും ഏകോപിപ്പിച്ച് ഡാമുകളിലെ ജലനിരപ്പ് നിരന്തര നിരീക്ഷണത്തിന് വിധേയമാക്കുകയും അവ തുറന്നുവിടുന്നതിനുമുമ്പ് വ്യക്തമായ അറിയിപ്പുകൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**വൃക്ഷങ്ങളുടെ സംരക്ഷണം**

6 (*216) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് പാരിസ്ഥിതിക അവബോധം ഉണ്ടാക്കുന്നതിനായി വനം വകുപ്പ് നടപ്പാക്കുന്ന പരിപാടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ ഫലവൃക്ഷങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ടോ;

(സി) പൊതുനിരത്തുകളിലും സർക്കാർ വക സ്ഥലങ്ങളിലും നിൽക്കുന്ന അപകടാവസ്ഥയിലുള്ള വൃക്ഷങ്ങൾ മുറിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; ആയതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ഡി) കഴക്കൂട്ടം-തിരുവനന്തപുരം നാഷണൽ ഹൈവേ വികസനത്തിനായി മരങ്ങൾ മുറിച്ചുനീക്കിയതിനെത്തുടർന്ന് പകരം വനവൽക്കരണത്തിന് വനം വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) എല്ലാ വർഷവും പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി ജൂൺ 5-ന് പൊതുജനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവയ്ക്കും സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്. 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതി പ്രകാരവും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നു. കാവ് സംരക്ഷണത്തിനും സ്വകാര്യ സ്ഥലത്തെ വൃക്ഷവൽക്കരണത്തിനും കണ്ടൽ വച്ചുപിടിപ്പിക്കുന്നതിനും സർക്കാർ അനുമതി പ്രകാരമുള്ള സാമ്പത്തിക സഹായം നൽകുന്നു. കൂടാതെ വഴിയോര തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റേഷൻ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ ഔഷധത്തോട്ടം, നക്ഷത്രവനം എന്നീ പദ്ധതികളും സ്കൂളുകളിൽ നടപ്പാക്കിവരുന്നു. വനവൽക്കരണത്തിനെയും പരിസ്ഥിതി സംരക്ഷണത്തിനെയും സംബന്ധിച്ച് അവബോധം നൽകുന്നതിനായി പരിസ്ഥിതി പഠന ക്ലാസ്സുകളും നേച്ചർ ക്യാമ്പുകളും സെമിനാറുകൾ, ശില്പശാലകൾ, റാലികൾ എന്നിവയും സംഘടിപ്പിച്ചുവരുന്നുണ്ട്. എല്ലാ വർഷവും വന്യജീവി വാരാഘോഷത്തിൽ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സംബന്ധമായ മത്സരങ്ങൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും നൽകിവരുന്നു. കൂടാതെ സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച് വനസംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനുമായി ബോധവൽക്കരണം നടത്തിവരുന്നുണ്ട്. മികച്ച ജൈവവൈവിധ്യ സംരക്ഷണപ്രവർത്തനം നടത്തുന്നവർക്ക് വനമിത്ര അവാർഡ് നൽകിവരുന്നു.

(ബി) സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതി 29-9-2012-ലെ G. O. (Rt.) No. 486/12/F&WLD. എന്ന സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖകൾ അനുസരിച്ചാണ് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്ത് തടിയുടെ ലഭ്യത കൂട്ടി, തടി ലഭ്യതയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യമാണ് ടി പദ്ധതിയിൽക്കൂടി പ്രാവർത്തികമാക്കുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നീ വൃക്ഷത്തൈകൾ നട്ട് വളർത്തുന്നവർക്കാണ് ധനസഹായം നൽകിവരുന്നത്. തടി ഉപയോഗത്തിന് അധികമായി ആശ്രയിക്കുന്ന വൃക്ഷങ്ങൾക്കാണ് ഫലവൃക്ഷങ്ങളേക്കാൾ ഈ പദ്ധതിയിൽ പ്രാധാന്യം നൽകിയിരിക്കുന്നത്.

(സി) അപകടാവസ്ഥയിലുള്ള മരങ്ങൾ നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയൻ നൽകുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ 10-2-2010-ലെ ജി. ഒ. (ആർറ്റി.) നമ്പർ 68/2010/വ.വ.വ. പ്രകാരമുള്ള പരിസ്ഥിതി കമ്മിറ്റിയെ കാണിച്ച് ആവശ്യകത ബോധിപ്പിച്ച് റെയിഞ്ചാഫീസർമാർ നൽകുന്ന ശിപാർശയിൽ തീർപ്പ് കൽപ്പിക്കുകയാണ് നടപടിക്രമം. 11-7-2013-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം ജീവനും സ്വത്തിനും ഹാനികരമായി നിൽക്കുന്ന മരങ്ങൾ അതാത് വകുപ്പുതല ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർ/എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുമ്പാകെ അപേക്ഷ സമർപ്പിച്ച് (സി.ആർ.പി.സി. വകുപ്പ് 133 പ്രകാരം) അനുമതിയോടുകൂടി ഉടൻ മുറിച്ചുമാറ്റണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് മരം മുറിക്കുന്നതിന് മാത്രമാണ് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായ ട്രീ കമ്മിറ്റിയുടെ അനുമതി ആവശ്യമുള്ളത്. അപകടാവസ്ഥയിലുള്ള മരത്തിന്റെ വിലനിർണ്ണയം മാത്രവും വികസന പ്രവർത്തനങ്ങൾക്കുള്ള മരം മുറിയുടെ അനുമതിയുമാണ് നിലവിൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിൽനിന്ന് നൽകുന്നത്. റവന്യൂ ഡിവിഷണൽ ഓഫീസർമാർ/എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് നൽകിയ അനുമതിയോടെ മുറിച്ചുമാറ്റിയശേഷവും തടിക്ക് വാല്യുവേഷൻ വകുപ്പ് നൽകിവരുന്നുണ്ട്.

(ഡി) കഴക്കൂട്ടം-മുക്കോല ബൈപ്പാസ് നിർമ്മാണത്തിനായി 4073 മരങ്ങൾ മുറിച്ചുനീക്കുവാൻ അനുമതി നൽകിയതിനെ തുടർന്ന് മുറിച്ചുനീക്കിയ മരങ്ങൾക്ക് പകരമായി 1:10 എന്ന അനുപാതത്തിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് ആവശ്യമായ തുക നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)

തിരുവനന്തപുരം സോഷ്യൽ ഫോറസ്റ്റി ഡിവിഷന് കൈമാറുകയുണ്ടായി. പ്രസ്തുത തുക ഉപയോഗിച്ച് കഴക്കൂട്ടം സൈനിക സ്കൂൾ ക്യാമ്പസിനകത്ത് 20 ഹെക്ടറിലും ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിനകത്ത് 1.28 ഹെക്ടറിലുമായി 34000 തദ്ദേശീയ വൃക്ഷത്തൈകൾ 2016-17 വർഷത്തിൽ നട്ടുപിടിപ്പിച്ച് പരിപാലിച്ചുവരുന്നു.

**ജലസംഭരണ പദ്ധതികൾ**

7 (*217) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി വർഷകാലത്തുണ്ടാകുന്ന കനത്ത മഴ മാറി ഏറെക്കഴിയുന്നതിന് മുൻപേ തന്നെ കുടിവെള്ളക്ഷാമം ഉണ്ടാകുന്ന സ്ഥിതി പരിഹരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള ജലമാനേജ്മെന്റ് പദ്ധതികൾ അറിയിക്കാമോ;

(ബി) മഴക്കുഴി നിർമ്മാണം, കിണർ റീ-ചാർജ്ജിംഗ്, മഴവെള്ള കൊയ്ത്ത് തുടങ്ങിയ പദ്ധതികൾ വ്യാപകമാക്കാനും കാര്യക്ഷമമായി നടപ്പാക്കാനും പദ്ധതിയുണ്ടോ;

(സി) പുഴയുടെ ഒഴുക്ക് നിലനിർത്തിക്കൊണ്ട് തന്നെ ജലം സംഭരിക്കുന്ന ഗോവൻ മോഡൽ ഭണ്ഡാരകളും തടയണകളും നിർമ്മിച്ച് ഉപരിതലത്തിലും ഭൂഗർഭത്തിലും ജലസംഭരണം സാധ്യമാക്കുന്ന പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടോ;

(ഡി) തോടുകളും കുളങ്ങളും ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മാലിന്യ മുക്തമാക്കുന്നതിനും നവീകരിച്ച് ജലസംഭരണികളാക്കി മാറ്റാനുമുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) :

(എ) വർഷകാലത്തുണ്ടാകുന്ന കനത്തമഴ മാറി ഏറെക്കഴിയുന്നതിന് മുമ്പേതന്നെ ഉണ്ടാകുന്ന ജലക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രധാനമാർഗ്ഗം ശാസ്ത്രീയ ജലവിഭവ മാനേജ്മെന്റാണ്. ഇത് നിർവ്വഹിക്കുന്നതിനായി നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം ഹരിത കേരളം മിഷന്റെ ഭാഗമായി നടന്നുവരുന്നു. റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടിയ മണ്ണ്-ജല സംരക്ഷണ

പ്രവർത്തനം നടത്തുകവഴി മണ്ണിൽ കൂടുതൽ ജലം സംഭരിക്കുന്നതിന് കഴിയും എന്നതിനാൽ ജലദൗർലഭ്യം കുറയ്ക്കാൻ സാധിക്കും. ഉപരിതലത്തിൽ ജലം സംഭരിക്കാൻ കഴിയുന്ന നിർമ്മിതികൾ പുനരുദ്ധരിക്കുക, പുതിയവ നിർമ്മിക്കുക, ഭൂജല പോഷണം നടത്തുക, പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ സംരക്ഷിക്കുക, നദികൾ പുനരുദ്ധരിക്കുക തുടങ്ങിയവയോടൊപ്പം ഹരിതാവരണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനവും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നിർവ്വഹിക്കുന്നു. ജലം ലഭ്യമാകുന്ന സമയത്ത് പരമാവധി സംഭരിക്കുന്നതിനായി ജലസംഭരണികൾ നിർമ്മിക്കേണ്ടതുണ്ടെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങളും സ്ഥലലഭ്യതയുടെ അപര്യാപ്തതയും കാരണം വൻകിട ജലസംഭരണികൾ പുതുതായി നിർമ്മിക്കുവാൻ സാധ്യത കുറവായതിനാൽ നദികളെത്തന്നെ സംഭരണികളാക്കുക എന്നതാണ് പ്രായോഗിക മാർഗ്ഗം. ഫലപ്രദമായ ജല മാനേജ്മെന്റിനായി സാധ്യമായ സ്ഥലങ്ങളിൽ തടയണകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കുക, മഴക്കാലത്ത് ലഭ്യമായ ജലം ഉപയോഗിച്ച് ഭൂഗർഭജലം റീചാർജ്ജ് ചെയ്യുക, കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ ഇടയ്ക്കിടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്തും ഫിൽറ്റർ ഗ്യാലറികൾ വൃത്തിയാക്കിയും പരമാവധി ജല സംരക്ഷണം നടത്തി ജല സുരക്ഷ ഉറപ്പുവരുത്തുക, കാലപ്പഴക്കംചെന്ന പൈപ്പ്ലൈനുകൾ മാറ്റി ശുദ്ധജല നഷ്ടം ഒഴിവാക്കുന്ന പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ നടത്തുവാൻ നടപടികൾ സ്വീകരിക്കുക, ജല ശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പരമാവധി ഉപയോഗപ്പെടുത്തുകയും ശുദ്ധീകരണശാലകളുടെ ജലനഷ്ടം നിയന്ത്രിക്കുകയും ചെയ്യുക, സ്രോതസ്സുകളിൽ ജലം ലഭ്യമായ സ്ഥലങ്ങളിൽ നിലവിലെ പദ്ധതികൾ വിപുലീകരിച്ചും വിതരണ ശൃംഖലകൾ സംയോജിപ്പിച്ചും സാധ്യമായ സ്ഥലങ്ങളിലേയ്ക്ക് പൈപ്പ്ലൈൻ നീട്ടിയും കുടിവെള്ള വിതരണം പരമാവധി സാധ്യമാക്കുക, പൊതു ടാപ്പുകളിലും പൈപ്പ്ലൈനുകളിലും ജലചോർച്ച ഉണ്ടാകുമ്പോൾ ഉടനടി പരിഹരിക്കുകയും ജല സംരക്ഷണത്തെപ്പറ്റി പൊതുജനങ്ങളെ ബോധവത്കരിക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള മാർഗ്ഗങ്ങൾ ജല അതോറിറ്റി സ്വീകരിച്ചുവരുന്നു.

കൂടാതെ, ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭ ജല പരിപോഷണ പദ്ധതികളും ജലനിധി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ പോയിന്റ് റീചാർജ്ജ് (കിണറുകളുടെ സമീപത്തുള്ള കെട്ടിടത്തിൽനിന്നും കിണറുകളിലേയ്ക്ക്

വെള്ളം ഫിൽറ്റർ ചെയ്ത് കിണർ റീചാർജ്ജ് ചെയ്യുന്ന പദ്ധതി), റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്, ചെറുകിട തടയണകൾ (small checkdams), നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം), ഭൂഗർഭ തടയണകൾ (Sub-surface dyke) വെന്റഡ് ക്രോസ് ബാർ (Vented Cross Bar), മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പിനനുസരിച്ച് ഭൂജല പരിപോഷണത്തിനായി നടപ്പിലാക്കിവരുന്നു. കുളത്തിന്റെ സമീപത്തുള്ള കുടിവെള്ള സ്രോതസ്സുകൾക്ക് റീചാർജ്ജിനുവേണ്ടി കുള സംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധികളുടെ സ്രോതസ്സുകളെ സംരക്ഷിച്ചുവരികയാണ്. ജലനിധി പദ്ധതികളിൽ ഭൂജല പരിപോഷണം ജലനിധി പഞ്ചായത്തുകളിൽ മാത്രമേ നടപ്പിലാക്കി വരുന്നുള്ളൂ.

(ബി) ഭൂജല വകുപ്പിന്റെ "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതിയിൻകീഴിൽ തുറന്ന കിണർ, റീചാർജ്ജ് പിറ്റ്, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണ, ചെറിയ തടയണ എന്നിവയുടെ നിർമ്മാണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായവും ഭൂജല വകുപ്പ് നൽകിവരുന്നു. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ഭാഗമായ 'മഴകേന്ദ്രം' സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഓരോ വർഷവും അനുവദിക്കുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി "മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പരിപാടി" 2012-13 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കിവരുന്നു. പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നടപ്പിലാക്കുന്ന ഈ പരിപാടിയിലൂടെ 34 ഗ്രാമപഞ്ചായത്തുകളിലെ 8000 കുടുംബങ്ങൾക്കും സംസ്ഥാനത്തെ 840 സർക്കാർ വിദ്യാലയങ്ങൾക്കും മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിന് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. മഴക്കാലത്ത് പുര മുകളിൽ വീഴുന്ന വെള്ളം യഥേഷ്ടം സംഭരിച്ച് ഉപയോഗിക്കുകയും വേനൽ മാസങ്ങളിൽ സംഭരണികളിൽ സംഭരിച്ചുവയ്ക്കുന്ന മഴവെള്ളം കുടിക്കുവാനും ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുവാനും സാധിക്കുന്നു. കൂടാതെ 20 ഗ്രാമപഞ്ചായത്തുകളിലെ 10000 വീടുകളിലെ തുറന്ന കിണർ റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) പുഴയുടെ ഒഴുക്ക് നിലനിർത്തിക്കൊണ്ടുതന്നെ ജലം സംഭരിക്കുന്ന ഗോവൻ മോഡൽ ബന്ധാരകളും തടയണകളും നിർമ്മിച്ച് ഉപരിതലത്തിലും ഭൂഗർഭത്തിലും ജലസംഭരണം സാധ്യമാക്കുന്ന പദ്ധതി കേരളത്തിലെ അധിക വരൾച്ചാബാധിത ജില്ലകളായ പാലക്കാട്, കാസർഗോഡ്, വയനാട്, പത്തനംതിട്ട എന്നീ 4 ജില്ലകളിലെ 5 നദീതടങ്ങളിൽ 175 കോടി രൂപ ചെലവിൽ പൈലറ്റ് പദ്ധതിയായി നടപ്പാക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി 175 കോടി രൂപ അനുവദിക്കുന്നതിനുള്ള നിർദ്ദേശം KIIFB-യുടെ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ബന്ധാരകൾക്കായുള്ള സ്ഥലനിർണ്ണയവും പര്യവേഷണവും നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നമ്മുടെ സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ ഭാഗമായി നിരവധി പുഴകളും തോടുകളും നീരുറവകളും ജലാശയങ്ങളും സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. മിഷന്റെ ഭാഗമായി ജലസംരക്ഷണ ഉപമിഷൻ മാർഗ്ഗരേഖയനുസരിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെയുള്ള ഈ സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ നീർത്തട നടത്തമുൾപ്പെടെയുള്ള വിശദമായ പഠനത്തിനുശേഷം ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഈ നീർത്തട പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് മുൻഗണന കൊടുത്തുകൊണ്ട് ബന്ധപ്പെട്ട വകുപ്പുകളുടെ ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതികൾക്കാണ് രൂപം കൊടുത്തിട്ടുള്ളത്. ഹരിത കേരളം മിഷന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ ഭൂരിപക്ഷം പഞ്ചായത്തുകളിലും തോടുകളും ജലസ്രോതസ്സുകളും ജനകീയമായി ശുചീകരിച്ചിരുന്നു. വിവിധ വകുപ്പ് പദ്ധതികളിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുംപെടുത്തി ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

ഇതുകൂടാതെ നമ്മുടെ സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ ഭാഗമായി ജനകീയമായി പുഴ വീണ്ടെടുക്കലിനുള്ള നിരവധി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇത്തരത്തിൽ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലൂടെ ഒഴുകിയിരുന്നതും പതിറ്റാണ്ടുകളായി നികന്നുപോയതുമായ വരട്ടാർ 9.4 കിലോമീറ്റർ നീളത്തിൽ തടസ്സങ്ങൾനീക്കി വീണ്ടും വെട്ടിയുണ്ടാക്കി നീരൊഴുക്ക് പുനഃസ്ഥാപിച്ചതുൾപ്പെടെ സംസ്ഥാനത്തെ 10 ജില്ലകളിലെ പന്ത്രണ്ടോളം പുഴ/തോട് എന്നിവയുടെ പുനരുജ്ജീവനം സാധ്യമാക്കിയിട്ടുണ്ട്.

## പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള പദ്ധതികൾ

8 (*218) ശ്രീ. ആന്റണി ജോൺ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോധനരീതിയിലെ പോരായ്മയും സാംസ്കാരിക അകൽച്ചയും കാരണം പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികൾ പഠനത്തിൽ പിന്നാക്കം പോവുകയും തൽഫലമായി പഠനം വിജയകരമായി പൂർത്തിയാക്കാനാകാതെ ഇടയ്ക്ക് വച്ചു നിർത്തിപ്പോകുന്ന അവസ്ഥ പരിഹരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സാമൂഹ്യ പഠനമുറി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) വയനാട് ജില്ലയിലെ പ്രാഥമിക വിദ്യാലയങ്ങളിൽ നടപ്പാക്കിയിട്ടുള്ള മെന്റർ ടീച്ചർ പദ്ധതി അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിലേക്കുകൂടി വ്യാപിപ്പിച്ച് എല്ലാ ജില്ലകളിലും നടപ്പാക്കുമോ;

(സി) പോലീസിലും എക്സൈസിലും വനം വകുപ്പിലും പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ടവരെ പ്രത്യേകമായി നിയമിച്ച മാതൃകയിൽ പട്ടികഗോത്ര മേഖലയിലെ സ്കൂളുകളിലെങ്കിലും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് അധ്യാപകരായി പ്രത്യേക നിയമനം നൽകാൻ വകുപ്പ് മുൻകയ്യെടുത്ത് നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) 2017-18 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലായി 100 സാമൂഹ്യ പഠനമുറികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 100 സാമൂഹ്യ പഠനമുറികളിലായി 2881 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. ഓരോ സാമൂഹ്യപഠന മുറികളുടെയും പ്രവർത്തനം ജില്ലാതലത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രൊമോട്ടർമാർ എന്നിവരുടെ യോഗത്തിൽ

വിലയിരുത്താറുണ്ട്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ഫീൽഡുതല പരിശോധന നടത്തി ഉറപ്പുവരുത്തുന്നുണ്ട്. ടി പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തെ സംബന്ധിച്ച കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനും സ്കൂളിൽ കൃത്യസമയത്ത് എത്തിച്ചേരുന്നതിനും സ്കൂളിൽ പഠിപ്പിച്ച പാഠ്യഭാഗങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങൾ ഫെസിലിറ്റേറ്റർ മുഖേന പരിഹരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഫെസിലിറ്റേറ്റർമാരുടെ യോഗം കൃത്യമായ ഇടവേളകളിൽ ജില്ലാതലത്തിൽ ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(ബി) സംസ്ഥാനത്തെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി/ബി.എഡ്/ഡി.എഡ്. പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി".

2017-18 അദ്ധ്യയനവർഷം വയനാട് ജില്ലയിൽ 241 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 2018-19 അദ്ധ്യയനവർഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 26 മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അടുത്ത അദ്ധ്യയനവർഷം കൂടുതൽ ജില്ലകളിലേയ്ക്ക് ഗോത്രബന്ധു പദ്ധതി വ്യാപിപ്പിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. പ്രസ്തുത പദ്ധതി അപ്പർപ്രൈമറി, ഹൈസ്കൂൾ തലങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) പോലീസിലും എക്സൈസിലും വനം വകുപ്പിലും കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക നിയമനം നൽകിയിട്ടുള്ളത്. പട്ടികവർഗ്ഗ മേഖലയിലെ സ്കൂളുകളിൽ നിശ്ചിത യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ അദ്ധ്യാപകരായി പ്രത്യേക നിയമനം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഇറച്ചിക്കോഴികളുടെ ഉൽപ്പാദനം

9 (*219) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കുന്ന പാൽ, ഇറച്ചി എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഇറച്ചിക്കോഴികളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഗുണനിയന്ത്രണ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകളും പരിശോധിക്കുന്നുണ്ട്. പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് NABL അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽ മേഖലാതല ലബോറട്ടറികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരികയാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നും മായം കലർത്തിയതും ഗുണനിലവാരം കുറഞ്ഞതുമായ പാൽ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് തടയുന്നതിനായി പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളായ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ പാൽ പരിശോധനാ സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരികയാണ്.

മൃഗസംരക്ഷണ വകുപ്പ് കോഴിയിറച്ചി, പാൽ എന്നിവയിൽ ആന്റിബയോട്ടിക് സാന്നിദ്ധ്യം പരിശോധിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ജില്ലതോറും സാമ്പിളുകൾ പ്രോജക്ട് അടിസ്ഥാനത്തിൽ ശേഖരിച്ച് പരിശോധന നടപ്പിലാക്കി

വരുന്നു. ഉപഭോക്താക്കൾക്ക് ആയത് പരിശോധിച്ചറിയാനുള്ള സൗകര്യം മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക് മറൈൻ ആന്റ് അഗ്രി പ്രോഡക്ട്സ്, മരട്, എറണാകുളം എന്ന സ്ഥാപനത്തിൽ ലഭ്യമാണ്. ഭക്ഷ്യയോഗ്യമായ മാംസം ഏത് മൃഗത്തിന്റേതാണെന്ന് തിരിച്ചറിയുന്നതിനുള്ള സൗകര്യവും ഈ ലാബിൽ ലഭ്യമാണ്. കൂടാതെ കടകളിൽ ലഭ്യമായ വ്യത്യസ്തയിനം ഇറച്ചി ഉത്പന്നങ്ങൾ പരിശോധിച്ചറിയുന്നതിനുള്ള പ്രോജക്ടും മാംസത്തിൽ ഭക്ഷ്യവിഷബാധ ഉണ്ടാക്കുന്ന രോഗാണുക്കളെ (Vibrio Cholera, E.coli Salmonella, Staphylococci etc.) തിരിച്ചറിയുന്നതിനുള്ള ടെസ്റ്റുകളും ഈ സ്ഥാപനം മുഖേന നടത്തുന്നു. ഈ സ്ഥാപനത്തിന് FSSAI-യുടേയും NABL-ന്റേയും അക്രഡിറ്റേഷനുള്ളതാണ്.

(ബി) കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനത്തിലും വിപണനത്തിലും വിലനിയന്ത്രണത്തിലും ഗുണമേന്മയിലും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (കെപ്കോ), കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴി വളർത്തൽ പദ്ധതി (കേരള ചിക്കൻ) ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഈ പദ്ധതി ആരംഭിച്ചുകഴിഞ്ഞു. ഈ പദ്ധതിപ്രകാരം മൃഗസംരക്ഷണ വകുപ്പ് കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായവും കുടുംബശ്രീ ഗുണഭോക്തൃ തെരഞ്ഞെടുപ്പും സാമ്പത്തികസഹായവും നടത്തുന്നു. കെപ്കോ ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ 40 രൂപ നിരക്കിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന് നൽകി 40-45 ദിവസം പ്രായവും രണ്ടുകിലോ ഭാരവുമാകുമ്പോൾ കിലോയ്ക്ക് 85 രൂപ നിരക്കിൽ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാന്റിൽ പ്രോസസ്സ് ചെയ്ത് വിപണനം ചെയ്യുന്നു.

മിതമായ നിരക്കിൽ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനായി കെപ്കോയുടെ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രം നവീകരിക്കുകയും അതിന്റെ വാർഷിക ഉല്പാദനശേഷി ശരാശരി 8 ലക്ഷത്തിൽ നിന്നും 12 ലക്ഷത്തിന് മുകളിലായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് മുഖേനയും കുടുംബശ്രീ വഴിയും വിതരണം ചെയ്ത് വളർത്തിയെടുക്കുന്നു. ഈ പദ്ധതിവഴി കോഴിവളർത്തൽ കർഷകർക്ക് കോഴികളെ വിറ്റഴിക്കാനുള്ള വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുവാനും കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുവാനും സഹായിക്കുന്നു. കൂടാതെ ഗുണമേന്മയേറിയ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കാനും സാധിക്കുന്നു.

ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളുടെ വാർഷിക ഉല്പാദനം 15 ലക്ഷം മുതൽ 18 ലക്ഷം വരെ വർദ്ധിപ്പിക്കുന്നതിന് ബ്രോയിലർ മാതൃശേഖരത്തിന് 2 ഷെഡ്ഡുകൾകൂടി നിർമ്മിക്കുന്നതിനുള്ള നടപടിയും കെപ്കോ സ്വീകരിച്ചുവരുന്നു. കുടുംബശ്രീയുടെ സഹായത്തോടെ സംസ്ഥാന വ്യാപകമായി 549 ബ്രോയിലർ ഫാമുകൾ നടത്തിവരുന്നു. ഇതിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോയുടെയും മൃഗസംരക്ഷണ വകുപ്പിന്റെയും സംയുക്ത പ്രോജക്ടായി നടപ്പിലാക്കിയ 53 ഫാമുകളിലെ വളർച്ചയെത്തിയ കോഴി കിലോയ്ക്ക് 85 രൂപ നിരക്കിൽ കെപ്കോ (കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ) തിരികെ എടുത്ത് വിപണനം നടത്തിവരുന്നു. കൂടാതെ കുടുംബശ്രീ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്ന് 1.64 കോടി രൂപ ഉൾപ്പെടെ 18.72 കോടി രൂപ നിലവിൽ കേരള ചിക്കൻ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 1000 ബ്രോയിലർ കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള 1000 ഫാമുകൾ ആരംഭിക്കുകയും പ്രതിദിനം 25,000 ബ്രോയിലർ ചിക്കൻ വിപണിയിലെത്തിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുതുതായി 931 ഫാമുകൾ ആരംഭിക്കുന്നതിനുള്ള ഗുണഭോക്താക്കളെ കുടുംബശ്രീ കണ്ടെത്തിയിട്ടുണ്ട്. കെപ്കോയിൽനിന്നും കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാത്ത ഫാമുകൾക്ക് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളുടെ ഉല്പാദനവും വിതരണവും മാംസ സംസ്കരണവും വിപണനവും ഉൾപ്പെടെ കുടുംബശ്രീ സംവിധാനത്തിൽ സ്ഥാപിക്കുന്നതിനും ലഭിക്കുന്ന ലാഭം പൂർണ്ണമായും കർഷകർക്ക് ലഭിക്കുന്ന തരത്തിൽ സംസ്ഥാനതലത്തിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നതിനുമുള്ള ചർച്ച നടന്നുവരുന്നു.

**കിണർ റീചാർജിംഗ്**

10 (*220) <u>ശ്രീ. സി. മമ്മൂട്ടി</u> :

<u>ശ്രീ. എം. ഉമ്മർ</u> :

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കിണറുകൾ റീചാർജ് ചെയ്യുന്ന നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പൊതുജനത്തിന് വേണ്ടത്ര അവബോധമില്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ കിണർ റീചാർജിംഗ് സാർവ്വത്രികമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി മലപ്പുറം ജില്ലയിൽ നടപ്പുസാമ്പത്തികവർഷം എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; അതിൽ എത്ര രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഭൂജലവകുപ്പിന്റെ 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതിയിൻ കീഴിൽ തുറന്നകിണർ, റീചാർജ് പിറ്റ്, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണ, ചെറിയ തടയണ എന്നിവയുടെ നിർമ്മാണം എന്നിവ വഴി കിണറുകൾ റീചാർജ് ചെയ്യുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 102 പ്രൊപ്പോസലുകൾക്ക് 189 ലക്ഷം രൂപയ്ക്കുള്ള സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 97 തുറന്ന കിണർ/റീചാർജ് പിറ്റ് പദ്ധതികൾക്കും 5 കുഴൽക്കിണർ റീചാർജ് പദ്ധതികൾക്കും ഭരണാനുമതി ലഭ്യമാക്കിയതിൻപ്രകാരം ജില്ലകളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഓരോ പദ്ധതിവീതം പൂർത്തീകരിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ ഈ സാമ്പത്തിക വർഷം നാളിതുവരെ 5761 റീച്ചാർജിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുകയും 3677 കിണറുകൾ റീച്ചാർജ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ള സംഭരണ-ഭൂജല പരിപോഷണം പരിപാടിയുടെ ഭാഗമായി കിണർ റീചാർജിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 2017-18, 2018-19 എന്നീ സാമ്പത്തിക വർഷത്തെ

പദ്ധതികളിലായി 10 വീതം ഗ്രാമപഞ്ചായത്തുകളെയാണ് പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ കിണർ റീചാർജിംഗ് പരിപാടി നടപ്പിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടുണ്ട്.

(ബി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിദ്യാർത്ഥികൾക്കും ബോധവത്കരണ സെമിനാറുകൾ ജില്ലകളിൽ സംഘടിപ്പിച്ചുവരുന്നു. മണ്ണുപര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് സംഘടിപ്പിക്കുന്ന വിവിധ നീർത്തട പരിശീലന പരിപാടികളിലും കിണർ റീചാർജിംഗ് പ്രവൃത്തിയെക്കുറിച്ച് ബോധവൽക്കരണം നടത്താറുണ്ട്.

(സി) ഭൂജല വകുപ്പിന് 2018-19 സാമ്പത്തികവർഷം 350 ലക്ഷം രൂപയാണ് കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ളത്. ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്ന ഇത്തരം ഓരോ പദ്ധതിക്കും ഏകദേശം 2 ലക്ഷം രൂപ വീതമാണ് ചെലവാകുന്നത്. അധികഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും സാങ്കേതിക പഠനങ്ങളുടെ അടിസ്ഥാനത്തിലും ഇത്തരം പദ്ധതികൾ ഘട്ടംഘട്ടമായും സാർവ്വത്രികമായും ഭൂജലവകുപ്പിന് നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ കാർഡുള്ള സന്നദ്ധ കുടുംബങ്ങളുടെ വീട്ടിൽ കിണർ റീചാർജിംഗ് ചെയ്തു് നൽകാൻ കഴിയുന്നതാണ്.

(ഡി) മലപ്പുറം ജില്ലയിൽനിന്നും 11 പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ഈ പ്രൊപ്പോസലുകൾക്കെല്ലാംതന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി 9.47 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പ് സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ 1146 കിണർ റീചാർജിംഗ് പ്രവൃത്തികൾ ഏറ്റെടുത്തതിൽ 839 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ആയതിലേയ്ക്ക് 44,49,565 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## പട്ടിക ഗോത്രവർഗ്ഗക്കാർക്ക് ഭൂമി

11 (*221) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗ പുനരധിവാസവും വികസനവും മിഷൻ (ടി.ആർ.ഡി.എം.) ഭൂമി വാങ്ങി അർഹരായ പട്ടികഗോത്രവർഗ്ഗ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം ലാൻഡ് ബാങ്ക് രൂപീകരിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) വനാവകാശ നിയമപ്രകാരം പട്ടികഗോത്രവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിന് മുൻ എൽ.ഡി.എഫ്. സർക്കാരും തുടർന്നുവന്ന യു.ഡി.എഫ്. സർക്കാരും ഇപ്പോഴത്തെ സർക്കാരും ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) പട്ടികഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഗോത്രരശ്മി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ലാന്റ് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി വിൽപ്പനയ്ക്ക് തയ്യാറുള്ളവരെ കണ്ടെത്തുന്നതിന്, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് പത്രമാധ്യമങ്ങളിലൂടേയും വെബ്സൈറ്റിലൂടേയും റവന്യൂ, പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഓഫീസ് മുഖേനയും പ്രൊമോട്ടർമാർ മുഖേനയും മറ്റും വ്യാപക പ്രചാരണം നൽകി ഭൂ ഉടമകളിൽനിന്നും ഓഫറുകൾ സ്വീകരിച്ചിട്ടുണ്ട്. കുറഞ്ഞത് ഒരു ഏക്കർവരെ ഭൂമിയുള്ളവരുടെ ഓഫറുകളാണ് സ്വീകരിച്ചിട്ടുള്ളത്. ഒരു ഏക്കറിൽ താഴെ ഭൂമിയുള്ളവരുടേയും ഓഫറുകൾ ലഭിച്ചിട്ടുണ്ട്. അനിവാര്യമായി വരികയാണെങ്കിൽ മാത്രം ഒരു ഏക്കറിൽ താഴെ ഭൂമിയുള്ളവരുടെ അപേക്ഷകളും പരിഗണിക്കാവുന്നതാണ്. അപ്രകാരം കണ്ണൂർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ ഒഴികെ മറ്റെല്ലാ ജില്ലകളിലും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. കണ്ണൂർ ജില്ലയിലെ

ആറളത്ത് വാസയോഗ്യമായ ഭൂമി വിതരണത്തിന് അവശേഷിക്കുന്നതിനാലും അട്ടപ്പാടിയിൽ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന നടപടി നടന്നുവരുന്നതിനാലും പ്രസ്തുത പ്രദേശങ്ങളിൽ തൽക്കാലം ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. അപ്രകാരം സംസ്ഥാനമൊട്ടാകെ 678 ഭൂഉടമകളിൽനിന്നും 1674.77 ഏക്കർ ഭൂമി വിൽപ്പനയ്ക്ക് തയ്യാറാണെന്ന ഓഫർ ലഭിച്ചിട്ടുണ്ട്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, റേഞ്ച് ഓഫീസർ (വനവുമായി അതിർത്തി പങ്കിടുന്ന ഭൂമി) എന്നിവരടങ്ങിയ ഒരു കമ്മിറ്റി ഭൂമി പരിശോധിച്ച് പ്രസ്തുത സ്ഥലം പുനരധിവാസത്തിന് വാങ്ങുവാൻ അനുയോജ്യമാണോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ടി.ആർ.ഡി.എം./ ജില്ലാ കളക്ടർക്ക് നൽകേണ്ടതാണ്.

ടി പ്രവർത്തനങ്ങൾ നടത്തിവരവേ ഉണ്ടായ മഹാപ്രളയത്തെത്തുടർന്ന് മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഫീൽഡ് പരിശോധനയ്ക്ക് ലഭിക്കാത്ത സാഹചര്യമുണ്ടായതിനാൽ പദ്ധതി ലക്ഷ്യമിട്ടപ്രകാരം ആദ്യഘട്ടം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ പദ്ധതിയുടെ ഭാഗമായ ആദ്യഘട്ട ഫീൽഡ് പരിശോധന ഊർജ്ജിതമായി നടന്നുവരുന്നു. 1-12-2018 വരെ ആകെയുള്ള 678 അപേക്ഷകരുടെ ഭൂമിയിൽ 324 അപേക്ഷകരുടെ 712.29 ഏക്കർ ഭൂമി ആദ്യഘട്ട ഫീൽഡ് പരിശോധന പൂർത്തീകരിച്ചു. അതിൽ 161 അപേക്ഷകരുടെ 428.21 ഏക്കർ ഭൂമി അനുയോജ്യമെന്നും 202 അപേക്ഷകരുടെ 249.91 ഏക്കർ ഭൂമി അനുയോജ്യമല്ലായെന്നും കണ്ടെത്തിയിട്ടുണ്ട്.

ജില്ലാ മിഷന് സമർപ്പിച്ച 161 അപേക്ഷകരുടെ ഭൂമി ജില്ലാതല സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിച്ച് ഭൂമിയുടെ അനുയോജ്യത ഉറപ്പുവരുത്തി വില നിശ്ചയിച്ച് വാങ്ങി വിതരണം ചെയ്യുന്ന നടപടി പുരോഗമിക്കുകയാണ്. വയനാട് ജില്ലയിൽ സ്ഥിരമായി മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന 144 കുടുംബങ്ങളെ 10 സെന്റ് വീതം ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനായി 24.39 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് 6 കോടി രൂപ അനുവദിച്ചു. ടി ഭൂമി സർവ്വെ ചെയ്യുന്ന നടപടി നടന്നുവരുന്നു. ഡിസംബർ മാസത്തിൽ ടി ഭൂമി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം ജില്ലാതലത്തിൽ നടന്നുവരുന്നു. ടി കുടുംബങ്ങൾക്ക് ഇപ്പോൾ കൈവശമുള്ള ഭൂമി കൃഷി ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. ജില്ലാ മിഷനിൽ ലഭിക്കുന്ന അപേക്ഷകൾ ഒരു മാസത്തിനകം എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

(ബി) വനാവകാശ നിയമം 2006 നിലവിൽ വന്നതുമുതൽ ഓരോ പട്ടികവർഗ്ഗ കോളനികളിലും നിയമത്തിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം വനാവകാശ സമിതികൾ രൂപീകരിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ഇപ്പോഴും വനാവകാശ രേഖകൾ വിതരണം ചെയ്തുവരികയുമാണ്. സംസ്ഥാനമൊട്ടാകെ 598 വനാവകാശ കമ്മിറ്റികൾ നിലവിലുണ്ട്.

മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് (2006-2011) ലഭിച്ച 36123 അപേക്ഷകളിൽ 22443 എണ്ണം ഡി.എൽ.സി. പാസ്സാക്കുകയും 16723 അപേക്ഷകൾക്ക് 20502 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്യുകയും ചെയ്തു.

മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് (2011-2016) 943 അപേക്ഷകൾ പുതിയതായി ലഭിക്കുകയും 2006-2011-ലെ സർക്കാരിന്റെ കാലത്ത് സർവ്വേ നടപടികൾ പൂർത്തീകരിച്ച 3375 എണ്ണം ഉൾപ്പെടെ ഡി.എൽ.സി. പാസ്സാക്കുകയും 8222 അപേക്ഷകൾക്ക് 12571 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്യുകയും ചെയ്തു.

ഈ സർക്കാരിന്റെ കാലത്ത് (2016 - ഒക്ടോബർ 2018) ലഭിച്ച 5593 അപേക്ഷകളിൽ 318 എണ്ണം ഡി.എൽ.സി. പാസ്സാക്കുകയും 518 അപേക്ഷകൾക്ക് 998 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്യുകയും ചെയ്തു.

നാളിതുവരെയായി ആകെ ലഭിച്ച 42659 അപേക്ഷകളിൽ 26132 എണ്ണം ഡി.എൽ.സി. പാസ്സാക്കുകയും 25463 അപേക്ഷകൾക്ക് 34070.88 ഏക്കർ ഭൂമിയുടെ കൈവശ രേഖ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് ആകെ 42659 അപേക്ഷകൾ വനാവകാശ രേഖയ്ക്കായി ലഭിച്ചതിൽ 25463 രേഖകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇടുക്കി ജില്ലയിലെ ഗോത്ര വിഭാഗങ്ങൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ സമൂഹത്തിൽ അഭിമാനത്തോടും ആത്മവിശ്വാസത്തോടും ആരോഗ്യമുള്ളവരുമായും ജീവിക്കുക എന്നതാണ് പദ്ധതിയുടെ പ്രഥമലക്ഷ്യം. ജില്ലയിലെ ഗോത്രവിഭാഗങ്ങളായ മന്നാൻ, മുതുവാൻ, ഊരാളി, ഹിൽപ്പുലയ, പണിയർ തുടങ്ങിയ സമുദായത്തിലെ പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക തനിമ നിലനിർത്തിക്കൊണ്ട് സ്വയംതൊഴിൽ പരിശീലനത്തിലൂടെയും ജൈവകൃഷിയിലൂടെയും അനുബന്ധ തൊഴിൽ മേഖലകളിൽ കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനും കൂടാതെ,

സാമൂഹ്യ രാഷ്ട്രീയ നേതൃത്വ പരിശീലനത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തീരുമാനം എടുക്കൽ പ്രക്രിയകളിലേയ്ക്കും വിവിധ ഗോത്ര വിഭാഗങ്ങളിലെ യുവതീയുവാക്കളെ സജ്ജരാക്കുന്നതിനും ഗോത്രരശ്മി പദ്ധതി ലക്ഷ്യമിടുന്നു.

**ടോഡി ബോർഡ്**

12 (*222) ശ്രീമതി സി. കെ. ആശ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടോഡി ബോർഡ് രൂപവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടോഡി ബോർഡിന്റെ പ്രധാന ചുമതലകൾ അറിയിക്കാമോ;

(സി) നിർദ്ദിഷ്ട ബോർഡിന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കള്ളുചെത്ത് വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ട് പ്രഖ്യാപിച്ചിട്ടുള്ള ടോഡി ബോർഡ് രൂപീകരണ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കള്ള് ചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുക, കള്ളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക, കള്ള് ഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ചുനൽകുക, വിനോദ സഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള ടോഡി പാർലറുകൾ ആരംഭിക്കുക എന്നിവ ടോഡി ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

(സി) ഘടന തീരുമാനമായിട്ടില്ല.

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി

13 (*223) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ഉണ്ണി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി സൗജന്യമായി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഈ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് ഭൂമി അനുവദിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്കായി ഭൂമി വിലയ്ക്ക് നൽകാൻ തയ്യാറായ ഭൂവുടമകളെ കണ്ടെത്താനും ഇവരിൽ നിന്ന് ഭൂമി വിലയ്ക്ക് വാങ്ങി ലാൻഡ് ബാങ്ക് രൂപീകരിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകാൻ മുൻ സർക്കാർ ആരംഭിച്ച 'ആശിക്കും ഭൂമി ആദിവാസിക്ക്' എന്ന പദ്ധതിയെക്കുറിച്ച് ക്രമക്കേടും ആക്ഷേപങ്ങളും ഉയർന്നിരുന്ന സാഹചര്യത്തിൽ യാതൊരു പരാതിയ്ക്കും ഇടനൽകാതെ പ്രസ്തുത പദ്ധതി പ്രകാരം താമസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) 3-3-2018-ലെ സ. ഉ. (എംഎസ്.) നമ്പർ 21/2018/പ.ജ.പവ.വി.വ. ഉത്തരവ് പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി സൗജന്യമായി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി പരിശോധനയ്ക്കുശേഷം വിലനിർണ്ണയം നടത്തി വാങ്ങി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതാണ് ടി പദ്ധതി.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഈ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ 3000 പേർക്ക് ഭൂമി നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 20-7-2002-ലെ ജി. ഒ. (പി.) നമ്പർ 41/2002/പജ.പവ.വിവ. നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭൂരഹിതരെ അന്തിമമായി തീരുമാനിക്കുന്നതിനുള്ള നടപടികളും ഭൂമി വാങ്ങുന്നതിനോടൊപ്പം ജില്ലാതലത്തിൽ നടന്നുവരുന്നു. ഒരാൾക്ക് പരമാവധി ഒരേക്കർ ഭൂമി വാങ്ങി നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ വിൽപ്പനയ്ക്ക് ലഭിക്കുന്ന ഭൂമിയുടെ അളവിന്റേയും ഭൂരഹിതരായ ഗുണഭോക്താക്കളുടെ എണ്ണത്തിന്റേയും അടിസ്ഥാനത്തിൽ ഭൂമിയുടെ അളവ് അതാത് ജില്ലാ മിഷനുകൾക്ക് തീരുമാനിക്കാവുന്നതാണ്.

(സി) ലാൻഡ് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഭൂമി വിൽപ്പനയ്ക്ക് തയ്യാറുള്ളവരെ കണ്ടെത്തുന്നതിനായി, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് പത്രമാധ്യമങ്ങളിലൂടെയും വെബ്സൈറ്റിലൂടെയും റവന്യൂ, പട്ടികവർഗ്ഗ വികസനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഓഫീസ് മുഖേനയും പ്രൊമോട്ടർമാർ മുഖേനയും മറ്റും വ്യാപക പ്രചാരണം നൽകി ഭൂഉടമകളിൽനിന്നും ഓഫറുകൾ സ്വീകരിച്ചിട്ടുണ്ട്. കുറഞ്ഞത് ഒരേക്കർവരെ ഭൂമിയുള്ളവരുടെ ഓഫറുകളാണ് പരിഗണിക്കുന്നത്. ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുടെയും ഓഫറുകൾ ലഭിച്ചിട്ടുണ്ട്. അനിവാര്യമായി വരികയാണെങ്കിൽ മാത്രം ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുടെ അപേക്ഷകളും പരിഗണിക്കാവുന്നതാണ്. അപ്രകാരം കണ്ണൂർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ ഒഴികെ മറ്റെല്ലാ ജില്ലകളിലും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. കണ്ണൂർ ജില്ലയിലെ ആറളത്ത് വാസയോഗ്യമായ ഭൂമി വിതരണത്തിന് അവശേഷിക്കുന്നതിനാലും അട്ടപ്പാടി മേഖലയിൽ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന നടപടി നടന്നുവരുന്നതിനാലും കണ്ണൂരിലും അട്ടപ്പാടി മേഖലയിലും തൽക്കാലം ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. അപ്രകാരം സംസ്ഥാനമൊട്ടാകെ 678 ഭൂഉടമകളിൽ നിന്നും 1674.77 ഏക്കർ ഭൂമി വിൽപ്പനയ്ക്ക് തയ്യാറാണെന്ന ഓഫർ ലഭിച്ചിട്ടുണ്ട്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, റേഞ്ച് ഓഫീസർ (വനവുമായി അതിർത്തി പങ്കിടുന്ന ഭൂമിയിൽ) എന്നിവരടങ്ങിയ ഒരു കമ്മിറ്റി ഭൂമി പരിശോധിച്ച് പ്രസ്തുത സ്ഥലം പുനരധിവാസത്തിന് വാങ്ങുവാൻ അനുയോജ്യമാണോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ടി.ആർ.ഡി.എം./ ജില്ലാ കളക്ടർക്ക് നൽകുന്നതാണ് ആദ്യഘട്ടം. ടി പ്രവർത്തനങ്ങൾ നടന്നുവരവെ നിർഭാഗ്യവശാൽ ഉണ്ടായ മഹാപ്രളയത്തെത്തുടർന്ന് മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരെ

ഫീൽഡ് പരിശോധനയ്ക്ക് ലഭിക്കാത്ത സാഹചര്യമുണ്ടായതിനെത്തുടർന്ന് പദ്ധതി ലക്ഷ്യമിട്ടപ്രകാരം ആദ്യഘട്ടം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ പദ്ധതിയുടെ ഭാഗമായ ആദ്യഘട്ട ഫീൽഡ് പരിശോധന ഊർജ്ജിതമായി നടന്നുവരുന്നു. 1-12-2018 വരെ ആകെയുള്ള, ഭൂമി നൽകാൻ തയ്യാറുള്ള 678 അപേക്ഷകരുടെ ഭൂമിയിൽ 324 അപേക്ഷകരുടെ 712.29 ഏക്കർ ഭൂമി ആദ്യഘട്ട ഫീൽഡ് പരിശോധന പൂർത്തീകരിച്ചു. അതിൽ 161 അപേക്ഷകരുടെ 428.21 ഏക്കർ ഭൂമി അനുയോജ്യമെന്നും 202 അപേക്ഷകരുടെ 249.91 ഏക്കർ ഭൂമി അനുയോജ്യമല്ലായെന്നും കണ്ടെത്തിയിട്ടുണ്ട്.

ജില്ലാമിഷന് സമർപ്പിച്ച 161 അപേക്ഷകരുടെ ഭൂമി ജില്ലാതല സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിച്ച് ഭൂമിയുടെ അനുയോജ്യത ഉറപ്പുവരുത്തി വില നിശ്ചയിച്ച് വാങ്ങി വിതരണം ചെയ്യുന്ന നടപടി പുരോഗമിക്കുകയാണ്. വയനാട് ജില്ലയിൽ സ്ഥിരമായി മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന 144 കുടുംബങ്ങളെ 10 സെന്റ് വീതം ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനായി 24.39 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് 6 കോടി രൂപ അനുവദിച്ചു. ടി ഭൂമി സർവ്വെ ചെയ്യുന്ന നടപടി നടന്നുവരുന്നു. ഡിസംബർ മാസത്തിൽ ടി ഭൂമി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം ജില്ലാതലത്തിൽ നടന്നുവരുന്നു. ടി കുടുംബങ്ങൾക്ക് ഇപ്പോൾ കൈവശമുള്ള ഭൂമി കൃഷി ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. ജില്ലാ മിഷനിൽ സമർപ്പിക്കുന്ന അപേക്ഷകൾ ഒരു മാസത്തിനകം എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

(ഡി) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിന് 23-10-2013-ലെ സ. ഉ. (എംഎസ്.) 84/2013/പ.ജ.പ.വ.വി.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം നടപ്പിലാക്കിയ പദ്ധതിയാണ് "ആശിക്കുംഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതി. ഈ പദ്ധതി പ്രകാരം സ്വന്തമായി ഭൂമി കണ്ടെത്തിക്കൊണ്ട് വരുന്നവർക്ക് പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ച് ഭൂമി വാങ്ങി നൽകിയിരുന്നു. എന്നാൽ ടി പദ്ധതി സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ ഉണ്ടായ സാഹചര്യത്തിലാണ് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി സൗജന്യമായി നൽകുന്നതിന് പദ്ധതി 3-3-2018-ലെ സ. ഉ. (എംഎസ്.) നമ്പർ 21/18/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം ആവിഷ്ക്കരിച്ചിട്ടുള്ളത്. ആശിക്കും ഭൂമി പദ്ധതിയിലെ ഭൂമി വാങ്ങി നൽകുന്നതിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതിനും നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ്

3-3-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനുള്ള ഭൂമി ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടപടിക്രമം പാലിച്ച് വാങ്ങി അർഹതയുള്ളവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി, പരാതിക്ക് ഇടനൽകാതെ നടപ്പിലാക്കുന്നതിനായി, ഭൂമി വിൽപ്പനയ്ക്ക് തയ്യാറുള്ളവരെ, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച്, പത്രമാധ്യമങ്ങളിൽ പരസ്യം നൽകി, വെബ്സൈറ്റ് വഴി വിവിധ ഓഫീസുകളിൽ കൂടി വ്യാപക പ്രചാരണം നൽകിയാണ് കണ്ടെത്തിയത്. കണ്ടെത്തിയ ഭൂമി രണ്ട് ഘട്ടങ്ങളിലായി രണ്ട് കമ്മിറ്റികൾ ഫീൽഡ് പരിശോധന നടത്തി അതിന്റെ അനുയോജ്യത നിർണ്ണയിക്കുന്നുണ്ട്. കൂടാതെ വില നിശ്ചയിച്ച ശേഷം ടി വിവരം പരസ്യപ്പെടുത്തി ആക്ഷേപങ്ങൾ സ്വീകരിക്കുന്നുണ്ട്. നടപടിക്രമം പൂർത്തീകരിച്ച് 144 പേർക്ക് ഭൂമി വാങ്ങിയ വയനാട് ജില്ലയിൽ ടി നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലും യഥാസമയം വില നിർണ്ണയം, ഭൂമിയുടെ വിവരം എന്നിവ പ്രസിദ്ധപ്പെടുത്തി ആക്ഷേപങ്ങൾ സ്വീകരിച്ചശേഷം മാത്രമായിരിക്കും അന്തിമ തീരുമാനം കൈക്കൊള്ളുക. പരാതികളും ആക്ഷേപങ്ങളും ഒഴിവാക്കുന്നതിനായിട്ടാണ് ഇത്തരം നടപടി സ്വീകരിച്ചുവരുന്നത്.

## പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ പ്രവർത്തനം

14 (*224) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> :

<u>ശ്രീ. സി. ദിവാകരൻ</u> :

<u>ശ്രീ. ഇ. കെ. വിജയൻ</u> :

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല ജില്ലകളിലെയും ഭൂരിഭാഗം പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെയും വാട്ടർടാങ്ക്, ബാത്ത് റൂം എന്നിവ വൃത്തിഹീനമായ അന്തരീക്ഷത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തുടനീളമുള്ള പട്ടികജാതി/പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, ക്യാഷ് ബുക്ക് മുതലായ രേഖകൾ കൃത്യമായി പരിപാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാർത്ഥികൾക്ക് പ്രതിമാസം നല്കുന്ന പോക്കറ്റ് മണി വെട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പട്ടികജാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പട്ടികജാതി വകുപ്പിനുകീഴിലെ ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സ്ഥലം എം.എൽ.എ. രക്ഷാധികാരിയായി ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി യഥാസമയം ചേർന്ന് ഹോസ്റ്റൽ പ്രവർത്തനം വിലയിരുത്താറുണ്ട്. ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ, പട്ടികജാതി വികസന ഓഫീസർമാർ എന്നിവരുടെ ആഭിമുഖ്യത്തിൽ നിശ്ചിത ഇടവേളകളിൽ ഹോസ്റ്റൽ സന്ദർശനം നടത്തുകയും പ്രവർത്തനം വിലയിരുത്തി മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. കൂടാതെ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാർ ഹോസ്റ്റൽ സന്ദർശനം നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തി സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ഹോസ്റ്റലുകൾ സന്ദർശിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. അതോടൊപ്പം ഹോസ്റ്റലുകളിൽ സ്റ്റാഫ് മീറ്റിംഗ്, പി.ടി.എ. മീറ്റിംഗ് എന്നിവ വിളിച്ചുചേർത്ത് ഹോസ്റ്റൽ ജീവനക്കാരുടേയും അന്തേവാസികളുടേയും അഭിപ്രായങ്ങൾ അറിഞ്ഞ് പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്. കൂടാതെ ജില്ലാ ഓഫീസർമാർ എല്ലാ മാസവും ഹോസ്റ്റലുകൾ സന്ദർശിച്ച് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

ജനപ്രതിനിധികൾ ഉൾപ്പെട്ട ഹോസ്റ്റൽ ഉപദേശക സമിതി ചേർന്ന് ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തി സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകിവരുന്നു.

**കാവുകളുടെ സംരക്ഷണം**

15 (*225) ഡോ. എം. കെ. മുനീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകളുടെ സംരക്ഷണത്തിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് കാവുകൾ തെരഞ്ഞെടുക്കുന്ന രീതി, മാനദണ്ഡം എന്നിവ വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കാവ് സംരക്ഷണവും പരിപാലനവും എന്ന പേരിൽ ഒരു പദ്ധതി വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗം മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

(ബി) 24-12-2016-ലെ ജി. ഒ. (ആർറ്റി.) നമ്പർ 485/2016/വനം എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാടിസ്ഥാനത്തിൽ അതാത് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ പത്രപ്പരസ്യം നൽകി അപേക്ഷകൾ ക്ഷണിക്കുന്നു. പ്രസ്തുത അപേക്ഷകൾ പരിഗണനാർഹമാണോ എന്ന് സ്ഥലപരിശോധന നടത്തി ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട റെയ്ഞ്ചാഫീസർമാരെ നിയോഗിക്കുന്നു. ആയതുപ്രകാരം ലഭിക്കുന്ന റിപ്പോർട്ടനുസരിച്ച് വലുതും ജൈവവൈവിധ്യമൂല്യവുമുള്ള കാവുകളെ തെരഞ്ഞെടുത്ത് ഓരോ ജില്ലയിലും അഞ്ച് അപേക്ഷകൾ വീതം ഷോർട്ട് ലിസ്റ്റ് ചെയ്ത് സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കമ്മിറ്റി തെരഞ്ഞെടുക്കുന്ന കാവുകൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുള്ള തുകയും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ധനസഹായം നൽകിവരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി അപേക്ഷകനും ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരും ഒരു

ധാരണാപത്രം ഒപ്പിടേണ്ടതുണ്ട്. ആയതിനുശേഷം കാവുസംരക്ഷണത്തിന് തിട്ടപ്പെടുത്തിയ ആകെ ചെലവിന്റെ 10% (പരമാവധി ഇരുപത്തിഅയ്യായിരം രൂപ വരെ) ആദ്യഗഡുവായി അപേക്ഷകന് നൽകുകയും ചെയ്യുന്നു. ഉടമ്പടി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം വൗച്ചറുകളും രേഖകളും നൽകുന്ന മുറയ്ക്ക് ബാക്കി തുക (ആകെ തുകയുടെ 25% വരെ) നൽകിവരുന്നു. കൂടാതെ ഇരുപത്തി അയ്യായിരം രൂപയോ അതിൽ കുറവോ പദ്ധതി ചെലവിനായി വരുന്നവയ്ക്ക് മുഴുവൻ തുകയും മതിയായ വൗച്ചറുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നു.

**കുടിവെള്ള സ്രോതസ്സുകൾ മാലിന്യവിമുക്തമാക്കാൻ നടപടി**

16 (*226) <u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് മലിനമായ കുടിവെള്ള സ്രോതസ്സുകൾ മാലിന്യവിമുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(ബി) പ്രളയത്തെത്തുടർന്ന് തടസ്സപ്പെട്ട കുടിവെള്ള വിതരണം പൂർണ്ണമായി പുന:സ്ഥാപിക്കാൻ സാധിച്ചുവോ; വ്യക്തമാക്കുമോ;

(സി) കുടിവെള്ള ദൗർലഭ്യം ഏറ്റവും കൂടുതൽ നേരിടുന്ന കുട്ടനാട് മേഖലയിലെ കുടിവെള്ള പ്രശ്നത്തിന് എപ്രകാരം പരിഹാരം കാണുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>):

(എ) പ്രളയത്തെത്തുടർന്ന് ജലസ്രോതസ്സുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്തശേഷം മലിനജലം പമ്പ് ചെയ്ത് മാറ്റി സൂപ്പർ ക്ലോറിനേഷൻ നടത്തിയാണ് ജല വിതരണം പുനഃസ്ഥാപിച്ചത്. കുഴൽക്കിണറുകൾ സ്രോതസ്സായ പദ്ധതികളിലും ചെളിയും മണ്ണും നീക്കി ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയതിന് ശേഷമാണ് പമ്പിംഗ് പുനരാരംഭിച്ചത്. വിതരണം ചെയ്ത ജലം ടർബിഡിറ്റി (കലക്കൽ), പി.എച്ച്. തുടങ്ങിയ ഗുണനിലവാര ഘടകങ്ങളെല്ലാം അനുവദനീയമായ പരിധിക്കുള്ളിൽ നിലനിർത്തി ക്ലോറിൻ/ബ്ലീച്ചിംഗ് പൗഡർ എന്നിവ ഉപയോഗിച്ച് അണുവിമുക്തമാക്കിയശേഷം ലാബിൽ പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം ചെയ്തത്.

(ബി) 2018 ആഗസ്റ്റ് 15 മുതൽ സംസ്ഥാനത്തുണ്ടായ പ്രളയം മറ്റു മേഖലകളെ എന്ന പോലെ കുടിവെള്ള വിതരണ സംവിധാനങ്ങളെയും തകർക്കുകയുണ്ടായി. കനത്ത മഴയും പ്രളയവും കാരണം വാട്ടർ അതോറിറ്റിയുടെ പല പമ്പ് ഹൗസുകളും വെള്ളത്തിൽ മുങ്ങുകയും ചെളികയറുകയും പൈപ്പ് ലൈനുകൾക്ക് സ്ഥാന ചലനവും കേടുപാടുകളും സംഭവിക്കുകയും ചിലയിടങ്ങളിൽ പൈപ്പ് ലൈനുകൾ ഒലിച്ചുപോകുകയും ചെയ്തു. ജലവിതരണ പദ്ധതികൾ ഏറ്റവും പ്രതിസന്ധിയിലായത് 18-08-2018-ലാണ്. മൊത്തം 1081 പദ്ധതികളിൽ 483 പദ്ധതികളാണ് വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായത്. എന്നാൽ ഇവയിൽ പലതും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രളയം ഏറ്റവും രൂക്ഷമായി ബാധിച്ചത് 372 പദ്ധതികളെയാണ്. ഇവയിൽ 50 ശതമാനവും രണ്ട് ദിവസംകൊണ്ട് പ്രവർത്തനക്ഷമമാക്കുവാൻ കഴിഞ്ഞു. പ്രളയത്തെത്തുടർന്ന് ചെളിയിലും വെള്ളത്തിലും മുങ്ങിപ്പോയ പമ്പ് ഹൗസുകളിൽ ആദ്യപടിയായി വെള്ളം പുറത്തേയ്ക്ക് പമ്പ് ചെയ്തുകളയാനും ചെളിയും മാലിന്യങ്ങളും നീക്കാനുമാണ് ശ്രദ്ധപതിപ്പിച്ചത്. പൂർണ്ണമായും മുങ്ങിപ്പോയ പമ്പ് സെറ്റുകളും ട്രാൻസ്ഫോർമറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും അഴിച്ചെടുത്ത് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ഉണക്കിയെടുത്ത് പ്രവർത്തന സജ്ജമാക്കുവാനും പൈപ്പ് ലൈനുകൾക്ക് സംഭവിച്ച സ്ഥാനചലനവും അത് കാരണമുണ്ടായ ലീക്കുകളും പ്രളയ ജലം ഇറങ്ങിയതനുസരിച്ച് സമയബന്ധിതമായി പരിഹരിച്ച് ഭൂരിഭാഗം സ്ഥലങ്ങളിലും ജലവിതരണം രണ്ടാഴ്ചയ്ക്കുള്ളിൽ പ്രളയ പൂർവ്വസ്ഥിതിയിലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രളയ പൂർവ്വാവസ്ഥയിലെത്താൻ കാലതാമസം നേരിട്ട കുട്ടനാട്, പാണ്ടനാട്, ചെങ്ങന്നൂർ മേഖലകളിൽ കുടിവെള്ള വിതരണം പൂർവ്വസ്ഥിതിയിലെത്തിക്കുവാൻ കാലതാമസം നേരിട്ടുവെങ്കിലും പ്രളയത്തെ തുടർന്ന് തടസ്സമുണ്ടായ കുടിവെള്ള വിതരണം ഇപ്പോൾ പൂർണ്ണമായും പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇനിയും കുടിവെള്ള വിതരണം പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുവാൻ സാധിക്കാത്ത പദ്ധതികൾ താഴെ പ്രതിപാദിക്കുന്നു:

1. പാലക്കാട് ജില്ലയിലെ കരിമ്പുഴ പഞ്ചായത്ത് കുടിവെള്ള പദ്ധതിയിൽ പൈപ്പ് ലൈൻ പാലം ഒലിച്ചുപോയതിനാൽ ജലവിതരണം തടസ്സപ്പെട്ട 1200-ഓളം കണക്ഷനുകളിലേയ്ക്ക് ജലവിതരണം പുനഃസ്ഥാപിക്കുവാനുള്ള പ്രവൃത്തികളുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രവൃത്തി ഉടൻ പൂർത്തീകരിക്കുന്നതാണ്.

2. കോഴിക്കോട് ജില്ലയിലെ കാരാട്ടുംപാറ കണ്ടപ്പൻചാൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയും പുനഃസ്ഥാപിച്ചിട്ടില്ല.

3. വയനാട് ജില്ലയിലെ അഞ്ചുകുന്ന്-കുപ്പത്തോട് പദ്ധതി പ്രവർത്തനക്ഷമമാക്കുവാനുണ്ട്.

ജല വിതരണം അടിയന്തരമായി പുനഃസ്ഥാപിക്കുക എന്ന ലക്ഷ്യത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള താൽക്കാലിക പരിഹാര മാർഗ്ഗങ്ങളാണ് മിക്ക പ്രളയ ബാധിത പദ്ധതികളിലും കുടിവെള്ള വിതരണ പുനഃസ്ഥാപനത്തിന് അനുവർത്തിച്ചത്. അതുകൊണ്ടുതന്നെ പ്രളയപൂർവ്വ സ്ഥിതിയിലേയ്ക്ക് കുടിവെള്ള വിതരണം പുനഃസ്ഥാപിച്ച സ്ഥലങ്ങളിൽപ്പോലും സ്ഥിരം സംവിധാനങ്ങൾ സമയബന്ധിതമായി ഏർപ്പെടുത്തേണ്ടതുണ്ട്.

(സി) കുട്ടനാട് മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഇപ്പോൾ പ്രതിദിനം 14 ദശലക്ഷം ലിറ്റർ (MLD) ശേഷിയുള്ള ജലശുദ്ധീകരണശാല നീരേറ്റുപുറത്ത് പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ 26 ട്യൂബ്‌വെൽ പദ്ധതികളും നിലവിലുണ്ട്. ഇക്കഴിഞ്ഞ പ്രളയത്തിൽ 9 റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് ജലവിതരണം നടത്തിവരുന്നു. ഇതിനുപുറമേ പുതുതായി 13 എണ്ണം സ്ഥാപിക്കുന്ന നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. വരുംദിവസങ്ങളിൽ ഈ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകളും പ്രവർത്തനക്ഷമമാവുന്നതാണ്. വിവിധ അങ്കണവാടികളിലേയ്ക്ക് 70 കമ്മ്യൂണിറ്റി ഫിൽറ്ററുകൾ വിതരണം ചെയ്തു. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു സംഘടന കുട്ടനാട്ടിലെ വിവിധ കുടുംബങ്ങൾക്ക് 1000 ഫിൽറ്ററുകൾ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ലഭിച്ച 200 ഫിൽറ്ററുകളുടെ വിതരണം പുരോഗമിച്ചുവരുന്നു.

കുട്ടനാട് പ്രദേശത്തെ കുടിവെള്ള വിതരണം ഉറപ്പാക്കുവാനായി നിലവിലെ ജലവിതരണം വിപുലപ്പെടുത്തുന്നതിലേയ്ക്കായി 13-ാം ധനകാര്യ കമ്മീഷനിൽപ്പെടുത്തി 70 കോടി രൂപയുടെ ഒരു പദ്ധതി ആദ്യഘട്ടമായി പ്രളയത്തിനുമുമ്പ് ആരംഭിച്ചത് പുരോഗമിച്ചുവരുന്നു. 4.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ഉന്നതതല സംഭരണിയും രണ്ട് പ്രധാന ട്രാൻസ്മിഷൻ ലൈനുകളും ഏതാനും വിതരണ ശൃംഖലയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുകൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-18 ബജറ്റിൽ പ്രഖ്യാപിച്ച 241 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 30 MLD ശുദ്ധീകരണശാലയും കുട്ടനാട് നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട 13 പഞ്ചായത്തുകളിൽ (തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി,

ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം) ഉന്നതതല സംഭരണികളും 39 കിലോമീറ്റർ പ്രധാന ട്രാൻസ്മിഷൻ ലൈനുകളും 895 കിലോമീറ്റർ വിതരണ ശൃംഖലയും സ്ഥാപിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ഏകദേശം 3 വർഷക്കാലയളവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഇക്കാലയളവിൽ കുട്ടനാട് മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾക്കും സംവിധാനങ്ങൾക്കും പുറമേ ഇടക്കാല സംവിധാനമായി 9 കോടി രൂപ ചെലവിൽ MPLAD പദ്ധതിയിൽപ്പെടുത്തി ആവശ്യമായ സ്ഥലങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് (ആർ.ഒ.) പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ഈ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലങ്ങൾ പഞ്ചായത്തുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. ഇതിനുപുറമേ വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച 50-ൽ അധികം RO പ്ലാന്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് ജില്ലാ ഭരണകൂടം മുൻകയ്യെടുത്തിട്ടുണ്ട്.

### പീടികകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾ

17 (*227) <u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീമതി യു. പ്രതിഭ</u> :
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീടികകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നവർക്ക് വിരളമായി മാത്രമേ സ്ഥാപനങ്ങൾ അവശ്യം വേണ്ട സൗകര്യങ്ങളും വിശ്രമ സൗകര്യവും ഒരുക്കുന്നുള്ളൂ എന്ന പ്രശ്നം പരിഹരിക്കാനായി നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങളിലെ തൊഴിലാളികൾ ഏറെയും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യാൻ നിർബന്ധിതരാണെന്നതിനാൽ മിനിമം വേതനം ഉൾപ്പെടെ ഒരു നിയമത്തിന്റെയും പരിരക്ഷ അവർക്ക് ലഭിക്കുന്നില്ലെന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൊഴിലാളികൾക്ക് ഇടവേളകളിൽ ഇരിക്കാനുള്ള അവകാശം നിയമപരമാക്കിത്തീർത്ത മാതൃകാപരമായ നിയമം പ്രാവർത്തികമാകുന്നുവെന്ന് ഉറപ്പുവരുത്താൻ വേണ്ട പരിശോധനകൾ ഉണ്ടാകുമോ;

(ഡി) തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്ക് അന്തസ്സോടെ ജോലി ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 16-9-2015-ലെ ജി. ഒ. (പി.) നമ്പർ 134/15/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം 1961-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ടോയ്ലെറ്റ് സൗകര്യം, 20-ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസ സൗകര്യം എന്നിവ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ജോലിക്കിടയിൽ ഇരിക്കുന്നതിനുള്ള അവസരം ഉറപ്പാക്കുന്നതിനായി 4-10-2018-ലെ ഓർഡിനൻസ് നമ്പർ 50/2018 ആയി കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി ഓർഡിനൻസും പുറപ്പെടുവിച്ചിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ഉറപ്പ് വരുത്തുവാനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുമ്പോൾ തൊഴിലാളികൾക്ക് ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതാണ്.

(ഡി) തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 10-ഉം അതിൽ കൂടുതലും ജീവനക്കാർ പണിയെടുക്കുന്ന തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും (ICC) ജില്ലാതല ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും

രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും 1556/ബി3/16/സാനീവ. തീയതി 26-5-2016 പ്രകാരം സാമൂഹ്യനീതി വകുപ്പിൽ നിന്നും സർക്കുലർ അയച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച നോഡൽ ഏജൻസിയായി വനിതാ ശിശു വികസന ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പുവരുത്തി സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കിയും സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കുന്നുണ്ട്.

**ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി**

18 (*228) ശ്രീ. വി. ജോയി :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുണ്ടായിരുന്ന കേന്ദ്ര സർക്കാർ വിഹിതം വെട്ടിക്കുറച്ചത്, ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കാനുള്ള ജല അതോറിറ്റിയുടെ പ്രവർത്തനം മന്ദീഭവിപ്പിക്കാതിരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ;

(ബി) പുതിയ പദ്ധതികൾക്കും നിലവിലുള്ളവയുടെ പുനരുദ്ധാരണത്തിനുമായുള്ള പ്രധാന കിഫ്ബി പദ്ധതികൾ ഏതെല്ലാമാണ്;

(സി) 2018 ഡിസംബറിൽ പൂർത്തിയാകേണ്ട ജലനിധി രണ്ടാംഘട്ടത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ; ജലനിധി ഒന്നാംഘട്ടത്തിലെ പദ്ധതികളിൽ മൂന്നിലൊന്നിലധികം പ്രവർത്തനരഹിതമായത് പുനരുജ്ജീവിപ്പിക്കാനായി പദ്ധതിയുണ്ടോ;

(ഡി) ജൈക്ക സഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ പൂർണ്ണമായും പ്രാവർത്തികമായിട്ടുണ്ടോ; തലസ്ഥാന നഗരത്തിലെ കുടിവെള്ള വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ)

- ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര വിഹിതം വെട്ടിക്കുറച്ചു. തുടർന്ന് പദ്ധതി നിർവ്വഹണം മന്ദഗതിയിലായതിനാൽ ടി പദ്ധതിയിൽ ഏറ്റെടുത്തതും എന്നാൽ നിർവ്വഹണം ആരംഭിക്കാത്തതുമായ 55 പദ്ധതികളുടെ ഭരണാനുമതി അനുയോജ്യമായ മറ്റ് ശീർഷകങ്ങളിൽ പരിഗണിക്കുന്നതിനായി ഉപേക്ഷിക്കുകയും ടി പദ്ധതികളിൽ സ്ഥലലഭ്യത ഉൾപ്പെടെ മറ്റ് തടസ്സങ്ങളൊന്നുമില്ലാത്ത 22 പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഇതിനകം കിഫ്ബി, നബാർഡ്, സ്റ്റേറ്റ് പ്ലാൻ മുതലായ ശീർഷകങ്ങളിൽപ്പെടുത്തി അംഗീകാരം നൽകുകയും ചെയ്തു.

- നിർവ്വഹണം ആരംഭിച്ച പദ്ധതികളിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം തുടങ്ങാൻ കഴിയാത്ത ഘടകങ്ങൾ കണ്ടെത്തുകയും അവ ഉൾപ്പെടുത്തി പുതുക്കിയ പദ്ധതികൾ തയ്യാറാക്കി മറ്റു ശീർഷകങ്ങളിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിവരുന്നു.

- 2016-17 സാമ്പത്തിക വർഷം മുതൽ ദേശീയ ഗ്രാമീണ കടിവെള്ള പദ്ധതിയിൽപ്പെടുത്തി പുതിയ പദ്ധതികൾക്കൊന്നും അംഗീകാരം നൽകിയിട്ടില്ല. എന്നാൽ നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ കിഫ്ബി, നബാർഡ്, സ്റ്റേറ്റ് പ്ലാൻ മുതലായ ശീർഷകങ്ങളിൽപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിനുപുറമെ നബാർഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസിൽ ഉൾപ്പെടുത്തി വായ്പ എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ അനുമതി ലഭിച്ച കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റെടുത്ത 2176 കുടിവെള്ള പദ്ധതികളിൽ 2011 കുടിവെള്ള പദ്ധതികൾ 30-11-2018 വരെയുള്ള കാലയളവിൽ പൂർത്തീകരിക്കുകയും 197987 കുടുംബങ്ങളിലെ 8.53 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം നൽകിവരികയും ചെയ്യുന്നു. ബാക്കിയുള്ള പദ്ധതികളുടെ പണി, പദ്ധതി കാലയളവിനുള്ളിൽത്തന്നെ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പൂർത്തീകരിച്ച പദ്ധതികളിൽ 48 പദ്ധതികൾ കെ.ഡബ്ല്യു.എ. പുനരുദ്ധാരണ പദ്ധതികളും 393 പദ്ധതികൾ പഞ്ചായത്ത് പുനരുദ്ധാരണ പദ്ധതികളുമാണ്. പദ്ധതി പ്രവർത്തനങ്ങൾക്കായി പദ്ധതി പങ്കാളികളിൽനിന്നും (സർക്കാർ, ഗ്രാമ പഞ്ചായത്ത്, ഗുണഭോക്താക്കൾ) 1259 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്. ആയതിൽ 30-9-2018 വരെ 1189.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജലനിധി പഞ്ചായത്തുകളിൽ ODF (പൊതുസ്ഥല മലമൂത്ര വിസർജ്ജന മുക്ത പദ്ധതി) പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച 36,376 ഗാർഹിക കക്കൂസുകൾക്കുപുറമെ 9,580 ശുചിത്വ സൗകര്യ യൂണിറ്റുകളുടെ നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടുണ്ട്. 3.85 ലക്ഷം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവരുന്നു. 1832 ഭൂജല സംവർദ്ധന യൂണിറ്റുകളും ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്. 6.11 ലക്ഷം പേർക്ക് പദ്ധതി നടത്തിപ്പുപരിശീലനം നൽകിയിട്ടുണ്ട്. ഏറ്റെടുത്ത ഒന്നിലധികം പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന 3 ബൃഹത് കുടിവെള്ള പദ്ധതികളിൽ ഒരെണ്ണം പൂർത്തീകരിക്കുകയും ബാക്കിയുള്ള രണ്ടെണ്ണം പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലുമാണ്. ജലനിധി ഒന്നാംഘട്ടത്തിലെ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായ പദ്ധതികൾ പുനരുജ്ജീവിപ്പിക്കാനായി തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 2018-19 കാലയളവിലേയ്ക്ക് 10 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി ദ്രുതഗതിയിൽ നടത്തിവരുന്നു.

(ഡി) ഇല്ല.

തലസ്ഥാന നഗരത്തിലെ കുടിവെള്ള വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജൈക്ക സഹായത്തോടുകൂടി അരുവിക്കരയിൽ ആരംഭിച്ച 74 എം.എൽ.ഡി. പ്ലാന്റ് 2010 സെപ്റ്റംബറിൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കി നഗരപ്രദേശത്ത് വിതരണം ചെയ്തുവരുന്നു. തിരുവനന്തപുരം നഗരത്തിലെ തീരദേശമായ പൂന്തുറ, ബീമാപള്ളി, വലിയതുറ,

മുട്ടത്തറ, പൊന്നറ, കല്ലംമൂട്, ആര്യൻകുഴി എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിച്ചിട്ടുണ്ട്. കുടിവെള്ള കണക്ഷനുകൾ കൂടുതൽ നൽകുവാനും, പുതുതായി നിർമ്മിച്ച സംഭരണികൾ വഴി ജലവിതരണം കൂടുതൽ ജനങ്ങൾക്ക് കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

ജൈക്ക സഹായത്തോടുകൂടി നിലവിലുള്ള അരുവിക്കരയിലെ 72 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയുടെയും വെള്ളയമ്പലത്തുള്ള 36 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെയും പുനരുദ്ധാരണ പണികൾ 70% പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി പണികൾ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അരുവിക്കരയിൽനിന്ന് വെള്ളയമ്പലത്തുള്ള 36 എം.എൽ.ഡി. പ്ലാന്റിൽ റോ വാട്ടർ പമ്പ് ചെയ്യുന്നതിന് പുതുതായി നിർമ്മിച്ച പമ്പ് ഹൗസിൽനിന്ന് പമ്പിംഗ് സജ്ജമായതോടുകൂടി തിരുവനന്തപുരം നഗരത്തിലെ ചില പ്രദേശങ്ങളിൽ അനുഭവപ്പെട്ടിരുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ബാക്കി പണികൾ പൂർത്തീകരിക്കുന്നതോടുകൂടി കുടിവെള്ള വിതരണത്തിൽ കാതലായ മാറ്റം ഉണ്ടാകുന്നതാണ്.

**കുട്ടനാട് പാക്കേജ്**

19 (*229) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിക്കടി പ്രളയം നേരിടുന്ന കുട്ടനാട്ടിൽ ഈ വർഷം രണ്ടു തവണ ഉണ്ടായ അതിരൂക്ഷമായ വെള്ളപ്പൊക്ക കെടുതിയുടെ പശ്ചാത്തലത്തിൽ പ്രശ്ന പരിഹാരത്തിന് അടിയന്തരമായി കുട്ടനാട് പാക്കേജ് പൂർത്തിയാക്കാൻ വേണ്ട ഇടപെടൽ നടത്തുമോ; പാക്കേജ് പ്രകാരമുള്ള പ്രവൃത്തികളുടെ ലക്ഷ്യവും നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിച്ച് അധിക ജലം ഒഴുക്കി പ്രളയം ഒഴിവാക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) പ്രളയത്തോടൊപ്പം തന്നെ രൂക്ഷമായ കുടിവെള്ള ക്ഷാമവും നേരിടുന്ന കുട്ടനാട്ടിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കുട്ടനാടിന്റെ പരിസ്ഥിതിക്ക് ഹാനികരമാകാതെ കാർഷിക മേഖലയെ ശക്തിപ്പെടുത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ഡോ. എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ 2007-ൽ കേന്ദ്ര സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കുട്ടനാട് പാക്കേജ് ആരംഭിച്ചത്. 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 39.08 കോടി രൂപയും ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 137.954 കോടി രൂപയും ഉൾപ്പെടെ ആകെ 177.034 കോടി രൂപ മാത്രമാണ് കേന്ദ്രഗവൺമെന്റിൽനിന്നും നാളിതുവരെ ഈ പദ്ധതിക്ക് ലഭിച്ചിട്ടുള്ളത്. കുട്ടനാട് പാക്കേജിൽ 7 സ്കീമുകളാണ് നടപ്പിലാക്കുന്നത്. ഇതിൽ 4 സ്കീമുകൾക്ക് (കെ.ഇ.എൽ.-1, കെ.ഇ.എൽ.-2, കെ.ഇ.എൽ.-3, കെ.ഇ.എൽ.-4) കേന്ദ്രാനുമതി ലഭിച്ചു. 3 സ്കീമുകൾക്ക് അനുമതി ലഭിച്ചിട്ടില്ല. ഇവ തണ്ണീർമുക്കം ബാരേജിന്റെ നവീകരണം, തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം, കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം എന്നിവയാണ്.

എം.എസ്. സ്വാമിനാഥൻ കമ്മീഷൻ ശിപാർശ പ്രകാരം ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മൂന്ന് പദ്ധതികളായ ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ നാശോന്മുഖമായ റെഗുലേറ്ററിന്റെ പുനരുദ്ധാരണം, എ. സി. കനാലിൽ ഉൾപ്പെട്ട മനയ്ക്കൽചിറ മുതൽ ഒന്നാംകര വരെയുള്ള ഭാഗത്തെ കനാൽ വിപുലീകരണ പ്രവൃത്തികൾ, തലയാഴം പഞ്ചായത്തിലെ കരിയാർ നദിക്ക് കുറുകെയുള്ള ബ്രിഡ്ജ്-കം-റെഗുലേറ്റർ എന്നിവ പൂർത്തീകരിച്ചു.

(ബി) പൊഴിമുഖത്ത് മണൽ അടിഞ്ഞുകൂടുന്നത് തടയുവാനായി പുലിമുട്ട് നിർമ്മിക്കുന്നതും ലീഡിംഗ് ചാനലിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികളും വിശദമായ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. തോട്ടപ്പള്ളി സ്പിൽവേയുടെ അഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽത്തിട്ടയിൽ സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി വച്ചുപിടിപ്പിച്ച കാറ്റാടി മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നടപടി എടുത്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഉണ്ട്. കുട്ടനാട് മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 14 MLD-ശേഷിയുള്ള ജലശുദ്ധീകരണശാല നീരേറ്റുപുറത്ത് പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ, 26 ട്യൂബ്വെൽ പദ്ധതികളും നിലവിലുണ്ട്. ഇക്കഴിഞ്ഞ പ്രളയത്തെത്തുടർന്ന് 9 റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് ജലവിതരണം നടത്തിവരുന്നു. ഇതിനുപുറമേ പുതിയതായി 13 റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. വരുംദിവസങ്ങളിൽ ഈ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകളും പ്രവർത്തനക്ഷമമാവുന്നതാണ്. ഇതിനുപുറമേ എം.പി. ഫണ്ടിൽ ഉൾപ്പെടുത്തി 9 കോടി രൂപ അടങ്കൽ തുക വരുന്ന കുട്ടനാടിന്റെ വിവിധ സ്ഥലങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നു.

കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ ലൈഫ് സ്റ്റോയുടെ 70 ഫിൽറ്റേഴ്സ് വിവിധ അംഗനവാടികളിലേയ്ക്ക് വിതരണം ചെയ്തു. ജീവകാരുണ്യത്തിന്റെ ഭാഗമായി ബാംഗ്ലൂർ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു സംഘടന കുട്ടനാട്ടിലെ വിവിധ കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 1000 ഫിൽറ്ററുകൾ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ലഭിച്ച 200 ഫിൽറ്ററുകളുടെ വിതരണം പുരോഗമിച്ചുവരുന്നു. 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ 70 കോടി രൂപയുടെ കുട്ടനാട് ജലവിതരണപദ്ധതിയുടെ വിപുലീകരണത്തിനുള്ള പദ്ധതിയുടേയും നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടനാട് മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കുടിവെള്ള പദ്ധതിക്ക് 241 കോടി രൂപയ്ക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 30 MLD ശുദ്ധീകരണശാലയും 13 പഞ്ചായത്തുകളിൽ ഉന്നതതല സംഭരണികളും 39 കിലോമീറ്റർ പ്രധാന ട്രാൻസ്മിഷൻ ലൈനുകളും 895 കിലോമീറ്റർ വിതരണശൃംഖലയും സ്ഥാപിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

20 (*230) ശ്രീ. എൻ. ഷംസുദ്ദീൻ :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ പലതും മലിനമാക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) ഈ പ്രവർത്തനം സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയാണ് വിതരണ ശൃംഖലവഴി ജനങ്ങളിലെത്തിക്കുന്നത്. ഇതിനായി വൻകിട കുടിവെള്ള പദ്ധതികളിൽ ജലശുദ്ധീകരണശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ജലശുദ്ധീകരണശാലകളില്ലാത്ത ചെറുകിട പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറിവഴി ശുദ്ധീകരിക്കുന്ന കുടിവെള്ളം അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്. ഇപ്രകാരം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എല്ലാ ജില്ലകളിലും ജില്ലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളും ലാബുകളും എറണാകുളത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നുണ്ട്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സാമ്പിളുകൾ വിതരണ ശൃംഖലയുടെ വിവിധ ഘട്ടങ്ങളിൽനിന്നും ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ ജില്ലാ ലബോറട്ടറികളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. കൂടാതെ ജലശുദ്ധീകരണശാലകളുള്ള കുടിവെള്ള പദ്ധതികളിൽ ശുദ്ധീകരണ ശാലയോടൊപ്പം

ഗുണനിലവാര പരിശോധന ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകളിൽ കുടിവെള്ളത്തിന്റെ സാമ്പിളുകൾ ഉൽപ്പാദനത്തിനുമുമ്പും ഉൽപ്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലും പരിശോധിക്കുന്നു. ഇപ്രകാരം നടത്തുന്ന പരിശോധനയിൽ എന്തെങ്കിലും തരത്തിലുള്ള മാലിന്യങ്ങൾ കണ്ടെത്തിയാൽ അത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നുണ്ട്.

കേന്ദ്ര സർക്കാരിന്റെ NABL അംഗീകാരം ലഭിച്ചിട്ടുള്ള എറണാകുളത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കുടിവെള്ളത്തിൽ ഘനലോഹങ്ങളുടെയും കീടനാശിനികളുടെയും സാന്നിദ്ധ്യമുൾപ്പെടെയുള്ള ഘടകങ്ങൾ പരിശോധിക്കുവാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

മേൽപ്പറഞ്ഞ പരിശോധനാ സംവിധാനങ്ങൾക്കുപുറമെ കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആൻഡ് സർവെയ്‌ലൻസ് പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്ത് 33 സബ് ഡിവിഷണൽ ലബോറട്ടറികളും പ്രവർത്തിക്കുന്നുണ്ട്. മേൽപ്പറഞ്ഞ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ കിണറുകൾ ഉൾപ്പെടെയുള്ള കുടിവെള്ള സ്രോതസ്സുകൾ നിരന്തരം പരിശോധിച്ച് പരിശോധനാഫലം കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) നിലവിലെ സംവിധാനമുപയോഗിച്ച് കഴിയാവുന്നത്ര സ്രോതസ്സുകളുടെ പരിശോധനയാണ് നടത്തുന്നത്.

## വനത്താൽ ചുറ്റപ്പെട്ട പ്രദേശത്ത് താമസിക്കുന്നവരുടെ പുനരധിവാസം

21 (*231) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്താൽ ചുറ്റപ്പെട്ട പ്രദേശത്ത് ഒറ്റപ്പെട്ട് താമസിക്കുന്നവരെ വനത്തിന് പുറത്തേക്ക് മാറ്റിത്താമസിപ്പിക്കാൻ വനം വകുപ്പിന് പദ്ധതിയുണ്ടോ;

(ബി) അത്തരത്തിൽ വനം, റവന്യൂ, കൃഷി, പൊതുമരാമത്ത് എന്നീ വകുപ്പ് ഉദ്യോഗസ്ഥർ സന്ദർശിച്ച് റിപ്പോർട്ട് നല്കിയശേഷവും പുനരധിവാസം നടത്താതിരിക്കുന്ന വിഷയം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ പുനരധിവാസം നടത്തുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം പരിഗണിച്ചും മനുഷ്യ ജീവനും സ്വത്തിനും വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശത്തിന് ഒരു ശാശ്വത പരിഹാരമുണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയും വനത്തിനുള്ളിൽ വസിക്കുന്നവരെ വനത്തിന് പുറത്തേയ്ക്ക് മാറ്റി താമസിപ്പിക്കുന്നതിനുള്ള വയനാട് വന്യജീവി സങ്കേതത്തിലെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹകരണത്തോടെ ഇപ്പോൾ നടന്നുവരുന്നുണ്ട്. കൂടാതെ Compensatory Afforestation Fund Management of Planning Authority-യുമായി ബന്ധപ്പെട്ട് വന്യജീവി സങ്കേതം, നാഷണൽ പാർക്ക് എന്നിവയ്ക്ക് വെളിയിലുള്ള വനമേഖലയിലും വനത്തിനുള്ളിൽ താമസിക്കുന്നവരെ വനത്തിന് പുറത്തേയ്ക്ക് മാറ്റിപ്പാർപ്പിക്കുവാനുള്ള പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) നിലവിലുണ്ട്. കാസർഗോഡ് കാറഡുക്ക സെക്ഷനിൽ ഉൾപ്പെട്ട ചേറ്റോണിയിൽ ശ്രീമതി നാരായണിയുടെ ഇത്തരത്തിലുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വനത്തിലുള്ളിൽ വസിക്കുന്നവർ വനത്തിന് പുറത്തേയ്ക്ക് മാറി താമസിക്കുന്നതിന് സന്നദ്ധരാകാതിരിക്കുന്നത് അവർക്ക് പാർപ്പിടവും കൃഷി സ്ഥലവും വനത്തിന് പുറത്ത് കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്, പുനരധിവസിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാര തുക, വീട്, സ്ഥലം എന്നിവ വാങ്ങുന്നതിനുള്ള സാമ്പത്തിക ബാധ്യത എന്നിവ ഇത്തരം പദ്ധതികൾക്ക് തടസ്സമായി നിൽക്കുന്നുണ്ട്. വന്യജീവി സങ്കേതങ്ങളിലും നാഷണൽ പാർക്കുകളിലും മാത്രമേ ഇപ്രകാരമുള്ള മാറ്റിപ്പാർപ്പിക്കലിന് വ്യവസ്ഥയുള്ളൂ. വന്യജീവി സങ്കേതങ്ങൾക്കും നാഷണൽ പാർക്കുകൾക്കും പുറത്തുള്ള വനമേഖലയിലെ ഉൾക്കാട്ടിൽ താമസിക്കുന്ന കുടുംബങ്ങളെ വനത്തിന് വെളിയിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനായി Compensatory Afforestation Fund Management of Planning Authority (CAMPA) 2016-17, 2017-18, 2018-19 വർഷങ്ങളിലെ വാർഷിക പദ്ധതിരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതാണ്.

## കേന്ദ്ര ജലകമ്മീഷൻ റിപ്പോർട്ടിലെ പരാമർശം

22 (*232) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിലെ പ്രവർത്തനത്തിനായി റൂൾ കേർവുകൾ പുനർനിർണ്ണയിക്കണം എന്ന കേന്ദ്ര ജല കമ്മീഷൻ റിപ്പോർട്ടിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രളയത്തിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് ജലവിഭവ വകുപ്പിന്റെ ഡാമുകളുടെ പ്രവർത്തനങ്ങളിലും റൂൾ കേർവുകളിലും എന്തൊക്കെ മാറ്റം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മഴയുടെ തോതിലുണ്ടാകുന്ന മാറ്റങ്ങൾ, കാലാവസ്ഥാ വ്യതിയാനം, എക്കൽമണ്ണ് നിക്ഷേപം എന്നിവമൂലം സംഭരണ ശേഷിയിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത് ജലവിഭവ വകുപ്പിന്റെ ഡാമുകളുടെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്.

(ബി) ഡാമുകൾ നിറയുമ്പോൾ ഏതെല്ലാം തരത്തിലുള്ള മുന്നറിയിപ്പ് ആർക്കൊക്കെ നൽകണമെന്നുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന നിലവിലെ മാർഗ്ഗരേഖ അനുസരിച്ചാണ് ഡാമുകളുടെ പ്രവർത്തനം നടത്തിവരുന്നത്. സംസ്ഥാനത്തെ ഡാമുകളിലെ പ്രവർത്തനത്തിനായും പ്രളയസമയത്തുണ്ടാകുന്ന അധികജലത്തിന്റെ ഒരു ഭാഗം ഉൾക്കൊണ്ട് ഡാമുകളിൽനിന്ന് ജലം പുറത്തുവിടുന്നതിനായി പുതിയ റൂൾ കേർവ് തയ്യാറാക്കിവരുന്നു.

(സി) സംസ്ഥാനത്തെ മഴയുടെ തോതിലുണ്ടാകുന്ന മാറ്റങ്ങൾ, കാലാവസ്ഥാ വ്യതിയാനം, എക്കൽ മണ്ണ് നിക്ഷേപം എന്നിവമൂലം സംഭരണ ശേഷിയിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത് ജലവിഭവ വകുപ്പിന്റെ ഡാമുകളിൽനിന്ന് എക്കൽ മണ്ണ് നീക്കം ചെയ്ത് സംഭരണ ശേഷി കൂട്ടാൻ

വേണ്ടിയുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. ഡാമുകളുടെ പ്രവർത്തനത്തിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി പ്രാരംഭ ചർച്ചകൾ നടത്തിവരികയാണ്. ഇതിലേയ്ക്കാവശ്യമായ പ്രളയ പ്രവചനം (Flood Forecasting), സംയോജിത ജല സംഭരണ പ്രക്രിയ (Integrated Reservoir Operation) എന്നിവ National Hydrology Project (NHP), Dam Rehabilitation and Improvement Project (DRIP) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

**ഡാമുകൾക്കുള്ള എമർജൻസി ആക്ഷൻ പ്ലാൻ**

23 (*233) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ ഡാമുകൾക്കും നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റി (എൻ.സി.ഡി.എസ്.) നിഷ്കർഷിക്കുന്ന എമർജൻസി ആക്ഷൻ പ്ലാൻ (ഇ.എ.പി.) ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) എൻ.സി.ഡി.എസ്. 2016-ൽ പുറത്തിറക്കിയ ഇ.എ.പി. മാനദണ്ഡങ്ങൾ കേരളത്തിലെ ഡാമുകൾക്ക് ഉണ്ടാക്കാതിരിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(സി) 2017 സി.എ.ജി. റിപ്പോർട്ടിൽ ഡാമുകൾക്ക് ഇ.എ.പി. ഉണ്ടാക്കാത്തതിനെ വിമർശിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സി.എ.ജി. റിപ്പോർട്ടിലെ പ്രസ്തുത പരാമർശങ്ങൾ സർക്കാർ അവഗണിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) സംസ്ഥാനത്തെ ജലസേചന വകുപ്പിന് കീഴിലുള്ള 11 അണക്കെട്ടുകൾക്കും ഒരു ബാരേജിനും എൻ.സി.ഡി.എസ്. നിഷ്കർഷിക്കുന്ന കരട് എമർജൻസി ആക്ഷൻ പ്ലാൻ (ഇ.എ.പി.) തയ്യാറാക്കിയിട്ടുണ്ട്.

(ബി) എൻ.സി.ഡി.എസ്. മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകൾക്ക് ഇ.എ.പി. തയ്യാറാക്കുന്നത്.

(സി) ഉണ്ട്.

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ഇ.എ.പി. തയ്യാറാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വരുന്ന 20 ഡാം/ ബാരേജുകളിൽ പതിനൊന്ന് ഡാമുകളുടെയും ഒരു ബാരേജിന്റെയും ഇനൻഡേഷൻ മാപ്പ് ഉപയോഗിച്ച് ഇവയുടെ കരട് ഇ.എ.പി. തയ്യാറാക്കി 2018 ഏപ്രിലിൽ കേന്ദ്ര ജല കമ്മീഷനിൽ സമർപ്പിച്ചിരുന്നു. കേന്ദ്ര ജല കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ഇ.എ.പി.യിൽ വേണ്ട മാറ്റങ്ങൾ വരുത്താൻ അതാത് ഡാം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കിവരുന്ന ഡാമുകളുടെ ഇനൻഡേഷൻ മാപ്പ് (പ്രളയബാധിത പ്രദേശം സൂചിപ്പിക്കുന്ന മാപ്പ്) കേന്ദ്ര ജല കമ്മീഷനിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് ഇ.എ.പി. തയ്യാറാക്കുന്നതാണ്.

## പട്ടികജാതി ക്ഷേമവകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളുടെ നിലവാരം

24 (*234) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. സത്യൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്താനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.കളിൽ നിന്ന് പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(സി) പട്ടികജാതിയിൽപ്പെട്ടവർക്കായി നടത്തിവരുന്ന നൈപുണ്യ,തൊഴിൽ ദായക പരിശീലന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഡി) വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഐ.റ്റി.ഐ.കളുടെ നിലവാരം ഉയർത്തുന്നതിനായി കേന്ദ്രം ആവിഷ്കരിച്ച Upgradation of Govt. ITI's through PPP എന്ന പദ്ധതിയിൽ വകുപ്പിന്റെ എലത്തൂർ ഐ.റ്റി.ഐ.യിൽ വെൽഡർ ട്രേഡ്, മംഗലം ഐ.റ്റി.ഐ.യിൽ സർവ്വേയർ ട്രേഡ്, പന്തളം ഐ.റ്റി.ഐ.യിൽ ഇലക്ട്രീഷ്യൻ, എം.എം.വി., മര്യാപുരം ഐ.റ്റി.ഐ.യിൽ സർവ്വേയർ, എം.എം.വി. എന്നീ കോഴ്സുകൾ ആരംഭിച്ച് കോഴ്സുകൾക്ക് NCVT അംഗീകാരം നേടുകയും ചെയ്തു. കൂടാതെ വർക്കല ഐ.റ്റി.ഐ.യിൽ ഡി.-സിവിൽ ട്രേഡും വി.ആർ.പുരം ഐ.ടി.ഐ.യിൽ ഇലക്ട്രീഷ്യൻ ട്രേഡും പുതുതായി ആരംഭിച്ചു. NCVT അംഗീകാരം ലഭിച്ചിട്ടുണ്ട്.

2. മര്യാപുരം, കുളക്കട, ഓച്ചിറ, പന്തളം, ഐക്കാട്, എങ്കക്കാട്, മംഗലം എന്നീ 7 ഐ.റ്റി.ഐ.കൾ ഹോസ്റ്റൽ സൗകര്യത്തോടുകൂടി MRITI-കൾ ആക്കുകയും എങ്കക്കാട്, മംഗലം എന്നിവ ഒഴികെയുള്ള എം.ആർ.ഐ.റ്റി.ഐ.കളുടെ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഐ.റ്റി.ഐ.കളിൽ പ്രായോഗിക പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങളും മെഷിനറികളും ഉൾപ്പെടുത്തി പ്രാക്ടിക്കൽ ഹാൾ, കമ്പ്യൂട്ടർ ലാബ്, ടെലഫോൺ കണക്ഷൻ, തിയറി ക്ലാസ്സുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് എൽ.സി.ഡി. പ്രൊജക്ടർ, ഫോട്ടോകോപ്പിയർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. എല്ലാ ഐ.റ്റി.ഐ.കൾക്കും വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ഐ.റ്റി.ഐ.യിലെ അദ്ധ്യാപകരെ ATI-യുടെ വിവിധ സെന്ററുകളിൽ അയച്ച് ട്രെയിനിംഗ് നൽകിവരുന്നു. ഐ.റ്റി.ഐ.കളിൽ വിവിധ ട്രേഡുകളിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ട്രേഡിൽ പരിജ്ഞാനം നേടുന്നതിനോടൊപ്പംതന്നെ കമ്പ്യൂട്ടർ പരിജ്ഞാനവും നേടുന്നതിലേയ്ക്കായി എല്ലാ ഐ.റ്റി.ഐ.കളിലും കമ്പ്യൂട്ടർ പരിശീലനം നൽകിവരുന്നു. കൂടാതെ എല്ലാ ഐ.റ്റി.ഐ.കളിലും 3DM വിഷ്വൽ ടീച്ചിംഗ് എയ്ഡും സ്ഥാപിച്ചു. എല്ലാ ഐ.റ്റി.ഐ.കൾക്കും NCVT അംഗീകാരം ലഭിക്കുകയും ചെയ്തു.

3. ഐ.റ്റി.ഐ.കളിലെ ട്രെയിനികൾക്ക് പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്ന പദ്ധതി നടപ്പിലാക്കി.

4. സ്ഥലസൗകര്യമുള്ള ഐ.റ്റി.ഐ.കളിൽ പുതുതായി ട്രേഡുകൾ ആരംഭിക്കുന്നതിനും ഏകവത്സര കോഴ്സുകളായ പ്ലംബർ, കാർപെന്റർ, വെൽഡർ എന്നീ ട്രേഡുകൾക്ക് ഓരോ അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിനും വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.കളിൽ നിലവിൽ പരിശീലിപ്പിക്കുന്നതും മാറിയ സാഹചര്യത്തിൽ അനുയോജ്യമല്ലാത്തതുമായ കോഴ്സുകൾക്ക് പകരം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതുമായ വിഷയങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

5. ഐ.ടി.ഐ.കളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ് ബുക്കുകൾ വാങ്ങി നൽകുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളിൽ നിന്നും പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നുണ്ട്. ഐ.ടി.ഐ.യിൽനിന്നും പാസ്സാകുന്ന ട്രെയിനികൾക്ക് ഐ.ടി.ഐ. തലത്തിൽ ട്രെയിനിംഗ് സൂപ്രണ്ടുമാർ വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലെയ്സ്മെന്റ് അസിസ്റ്റൻസ് നൽകുന്നുണ്ട്. ഇത് ട്രെയിനിംഗ് ഇൻസ്പെക്ടർമാർ മേഖലാതലത്തിൽ വിലയിരുത്താറുണ്ട്. വകുപ്പിന് കീഴിൽ ഐ.ടി.ഐ.കളിൽനിന്നും പാസ്സാകുന്ന ട്രെയിനികളെ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ വിവിധ കമ്പനികളെ ഉൾപ്പെടുത്തി 2016, 2017 എന്നീ വർഷങ്ങളിൽ ജോബ് ഫെയർ നടത്തുകയും ട്രെയിനികൾക്ക് ജോലി ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ഐ.റ്റി.ഐ.കളിൽനിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ടൂൾ കിറ്റ് വിതരണവും നടത്തിവരുന്നുണ്ട്.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് വളരെയധികം പ്രയോജനപ്രദമായ നൈപുണ്യ, തൊഴിൽദായക പരിശീലന പരിപാടികൾ വിവിധ നിർവ്വഹണ ഏജൻസികൾ മുഖേന പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹൗസ് കീപ്പിംഗ് (അറ്റൻഡന്റ്)
2. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫുഡ് ആന്റ് ബിവറേജ് സർവീസസ്

3. ഡിപ്ലോമ ഇൻ ടൂൾ ആന്റ് ഡൈ മേക്കിംഗ്
4. ഡിപ്ലോമ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്
5. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്
6. ഡിപ്ലോമ ഇൻ മെക്കാട്രോണിക്സ്
7. ചുവർ ചിത്രരചനയിലും ഗ്ലാസ് പെയിന്റിംഗിലും താൽപ്പര്യമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ്
8. അഡ്വാൻസ്ഡ് ഇംഗ്ലീഷ് ലാംഗ്വേജ് ട്രെയിനിംഗ് ആന്റ് പേഴ്സണാലിറ്റി ഡെവലപ്മെന്റ് ഫോർ എസ്.സി. വുമൺ
9. പ്രാക്ടിക്കൽ ഓറിയന്റഡ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ അഡ്വാൻസ്ഡ് ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്
10. പ്ലാസ്റ്റിക് പ്രോഡക്ട് ഡിസൈൻ മാനുഫാക്ചറിംഗ്
11. പ്ലാസ്റ്റിക് പ്രോഡക്ട് ഡിസൈൻ ആന്റ് ഡെവലപ്മെന്റ്
12. നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം
13. IELTS ട്രെയിനിംഗ് പ്രോഗ്രാം
14. അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി സ്കിൽസ് കോഴ്സ് ഫോർ എസ്.സി. വുമൺ
15. എൺലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ ആന്റ് റിഗ് - ഫാബ്രിക്കേറ്റർ/ഫിറ്റർ (3 മാസം)
16. എൺലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ ആന്റ് റിഗ് - ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ (3 മാസം)
17. ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്
18. ഡിപ്ലോമ ഇൻ ആയുർവേദ ഫാർമസി
19. ഡിപ്ലോമ ഇൻ പഞ്ചകർമ്മ
20. സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം ഓൺ ഓർഗാനിക് ഗ്രോവർ

21. സർട്ടിഫിക്കറ്റ് ഇൻ ഗ്രാഫിക്സ് & വെബ് ഡിസൈനിംഗ് (4 മാസം)
22. സർട്ടിഫിക്കേഷൻ ഇൻ ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസ് (2 മാസം)
23. ഇന്റേൺഷിപ്പ് സർട്ടിഫിക്കേഷൻ ഇൻ ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസ് (ഒരു മാസം)
24. സ്പോർട്സ് ഫിസിയോതെറാപ്പി
25. ഫിറ്റ്നസ് ട്രെയിനർ/ഇൻസ്ട്രക്ടർ
26. സ്കിൽ ട്രെയിനിംഗ് ഇൻ സി.സി.റ്റി.വി. ടെക്നീഷ്യൻ കോഴ്സ്
27. B.Voc പ്രോഗ്രാം ഇൻ അപ്പാരൽ ഫാഷൻ ടെക്സ്റ്റൈൽസ്
28. സർട്ടിഫിക്കറ്റ് ഇൻ ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻ
29. സ്കിൽ ട്രെയിനിംഗ് ഫോർ ടെക്നീഷ്യൻ ഇൻ കമ്പ്യൂട്ടിംഗ് പെരിഫറൽസ്
30. സെയിൽസ് എക്സിക്യൂട്ടീവ് അറ്റ് അട്ടോമോട്ടീവ് ഡീലർഷിപ്പ്
31. ഡിപ്ലോമ ഇൻ പേഷ്യന്റ് കെയർ മാനേജ്മെന്റ്
32. ഡിപ്ലോമ ഇൻ ജെറിയാട്രിക് കെയർ
33. സോളാർ ഇൻസ്റ്റലേഷൻ & റിപ്പയറിംഗ് ടെക്നീഷ്യൻ
34. ഫീൽഡ് ടെക്നീഷ്യൻ ഇൻ എയർ കണ്ടീഷൻ
35. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

(ഡി) വിദേശത്ത് തൊഴിൽ തേടി പോകുന്ന പട്ടികജാതി വിഭാഗക്കാരായ ഗുണഭോക്താക്കൾക്ക് യാത്രാ സംബന്ധമായും വിസ സംബന്ധിച്ചുമുള്ള ചെലവുകൾക്കായി 1.00 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. 2017-18 വർഷത്തിൽ 600 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2018-19 വർഷം 500 പേർക്ക് ടി പദ്ധതിക്കായി 5.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി

25 (*235) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നാളിതുവരെ എത്ര പഠന മുറികൾ നിർമ്മിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ട്;

(സി) അഞ്ചുവർഷം കൊണ്ട് പതിനായിരം പഠന മുറികൾ എന്ന പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ 800 ച. അടിയിലധികം തറവിസ്തീർണ്ണമില്ലാത്ത വീടിനൊപ്പം 120 ച. അടി വലുപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി 2017-18 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 120 സ്ക്വയർ ഫീറ്റ് റൂം നിർമ്മിക്കുന്നതിനും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവരുകൾ പ്ലാസ്റ്റർ ചെയ്യുന്നതിനും തറ ടൈൽ പാകുന്നതിനും വാതിലും ജനലുകളും സ്ഥാപിക്കുന്നതിനും പുസ്തകം സൂക്ഷിക്കുന്ന ഭിത്തി അലമാര സ്ഥാപിക്കുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനുമാണ് തുക അനുവദിക്കുന്നത്. ധനസഹായ തുക 15%, 30%, 40%, 15% എന്ന നിരക്കിൽ നാല് ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.

(ബി) 2537 പഠനമുറികൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നുണ്ട്.

(സി) നിലവിൽ 2017-18 വർഷം 6623 പേർക്കും 2018-19 വർഷം 5000 പേർക്കും പഠനമുറി അനുവദിച്ചതിലൂടെതന്നെ പതിനായിരത്തിലധികം പഠനമുറികൾ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

**നദികളുടെ പുനരുദ്ധാരണം**

26 (*236) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളുടെ പുനരുദ്ധാരണത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്;

(ബി) നദികളുടെ പുനരുദ്ധാരണത്തിനായി നയം നിലവിലുണ്ടോ; ഇല്ലെങ്കിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നദികളെ മലിനമാക്കുന്ന പ്രവൃത്തികളും അനധികൃത മണൽ കടത്തും തടയാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ; അല്ലെങ്കിൽ പുതിയ നിയമനിർമ്മാണം ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) സംസ്ഥാനത്തെ നദികളുടെ സംരക്ഷണത്തിനായി ജലസേചന വകുപ്പ് മുഖേന റെഗുലേറ്ററുകളുടെ നിർമ്മാണം, തടയണകൾ, വെന്റഡ് ക്രോസ് ബാറുകൾ, തീരസംരക്ഷണ പ്രവൃത്തികൾ തുടങ്ങിയവയോടൊപ്പം റവന്യൂ വകുപ്പിന്റെ ധനസഹായത്തോടെ (റിവർ മാനേജ്മെന്റ് ഫണ്ട്) പ്രവൃത്തികളും നിർവ്വഹിച്ചുവരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ചെറുനീർത്തടങ്ങൾക്കായി നീർത്തട പ്ലാനുകൾ തയ്യാറാക്കിവരുന്നു. ഇതുകൂടാതെ ഹരിത കേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ സഹകരണത്തോടും കൂടി തോടുകളുടെ ശുചീകരണം/നീരൊഴുക്ക് സുഗമമാക്കൽ, തീരങ്ങൾ സംരക്ഷിക്കുക തുടങ്ങിയ പ്രവൃത്തികളിലൂടെ നദികളുടെ പുനരുദ്ധാരണ പ്രവർത്തനം നിർവ്വഹിച്ചുവരുന്നു.

(ബി) പുഴകളുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിനായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്, 2003 നിലവിലുണ്ട്.

ആയതിൻപ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതോടൊപ്പം ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി "സംസ്ഥാന നദീതട അതോറിറ്റി" രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റിക്ക് നദികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ആവശ്യമായ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കാനും നടപടികൾ സ്വീകരിക്കാനും കഴിയും.

(സി) കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം 2018 പ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് ഒരു വർഷത്തിൽ കുറയാത്തതും മൂന്ന് വർഷത്തിൽ അധികരിക്കാത്തതുമായ തടവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ പിഴയും ഈടാക്കാൻ കഴിയും. അനധികൃത മണൽക്കടത്ത് തടയുന്നതിനുള്ള വ്യവസ്ഥകൾ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലും 2013-ലെ ഭേദഗതി നിയമത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ജനപങ്കാളിത്തത്തോടെ വനസംരക്ഷണം**

27 (*237) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപങ്കാളിത്തത്തോടെ വനസംരക്ഷണം സാധ്യമാക്കുന്നതിനും കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിൽ സ്ഥലം കൈമാറ്റത്തിനും കൃഷിയിറക്കുന്നതിനും തടസ്സങ്ങൾ നേരിടുന്നത് ഒഴിവാക്കാനും വനം സംരക്ഷിക്കുന്നതിനുമായി സർവ്വേ നടത്തി അതിർത്തി തിരിച്ച് ജണ്ട സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് ഒഴിവാക്കാനായി വനത്തിനുള്ളിലെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും വനത്തിനുള്ളിൽ മൃഗങ്ങളുടെ തീറ്റ ലഭ്യത വർദ്ധിപ്പിക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ഡി) വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ജനജാഗ്രത സമിതികളുടെ പ്രവർത്തനം അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനമേഖലയ്ക്ക് പുറത്തുള്ള വനവൽക്കരണം ജനപങ്കാളിത്തത്തോടുകൂടി സാമൂഹ്യവനവൽക്കരണ വിഭാഗം നടത്തിവരുന്നു. 24-12-2016-ലെ ജി. ഒ. (ആർറ്റി.) 485/16/വനം പ്രകാരം ഏക്കറിന് 4,000 രൂപ (നാലായിരം രൂപ മാത്രം) എന്ന തോതിൽ കണ്ടലുകൾ സംരക്ഷിക്കുന്നതിനുള്ള പ്രോത്സാഹന ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു. Conservation and Management of Mangroves എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണവും കണ്ടൽ തൈകൾ ഉത്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി വെറ്റ്ലാന്റ് കൺസർവേഷൻ സ്കീം പ്രകാരം കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികൾ നടത്തിവരുന്നു. കണ്ണൂർ റീജിയണൽ തീരദേശമേഖലയിൽ പ്രകൃതി സംരക്ഷണത്തിന്റെ ഭാഗമായി കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി നടത്തിയിട്ടുണ്ട്. മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കണ്ടൽക്കാട് സംരക്ഷണ പദ്ധതിയുടെ ഭാഗമായി കണ്ടൽ തൈകളോടൊപ്പം തീരദേശ പ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് തുടങ്ങിയവയും നട്ടുപിടിപ്പിച്ചിട്ടുണ്ട്. കണ്ടൽ കാടുകളുടെ സംരക്ഷണത്തിനായി കണ്ടൽ സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) സർവ്വേ നടത്തി വനാതിർത്തി നിർണ്ണയിച്ച് ജണ്ട സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. 2018 ഏപ്രിൽ മാസം അവശേഷിക്കുന്നതായി കണക്കാക്കിയ 2641 കിലോമീറ്ററോളം വനാതിർത്തി സർവ്വെ ചെയ്ത് ജണ്ട ഇട്ട് തിരിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ കാടുകളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കാടിനുള്ളിലെ ചെക്ക് ഡാമുകളും 500-ഓളം ജലസ്രോതസ്സുകളും നവീകരിച്ചു. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിച്ചുവരുന്നു. വനത്തിനുള്ളിലെ വയലുകൾ സംരക്ഷിക്കുന്നതിനും അതുവഴി മഴക്കാലത്ത് പരമാവധി ജല സംഭരണം ഉറപ്പുവരുത്തി സമീപ പ്രദേശത്തുള്ള നീരുറവകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി വന്യമൃഗങ്ങൾ ഭക്ഷണത്തിനും, വെള്ളത്തിനുംവേണ്ടി ജനവാസ മേഖലയിലേയ്ക്കിറങ്ങുന്നത് ഒരു പരിധിവരെ തടയുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയാൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ

10. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ

11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ

12. ജനവാസ മേഖലയിൽ ആനയോ മറ്റ് വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് എസ്.എം.എസ്. മുഖാന്തരം അറിയിപ്പ് നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

13. ജനപങ്കാളിത്തത്തോടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 7-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ഒരു സമിതിയാണ്ടി ജനജാഗ്രതാ സമിതി. 204 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്തൊട്ടാകെ ഇതിനോടകം നിലവിൽ രൂപീകരിച്ചിട്ടുണ്ട്.

## ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് പ്രകാരം ജലസംഭരണികളുടെ പ്രവർത്തനം

28 (*238) ശ്രീ. എം. വിൻസെന്റ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് പ്രകാരം സംസ്ഥാനത്തെ ജല സംഭരണികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം ഡാമുകളിലെ വെള്ളം സുരക്ഷിതമായ അളവിൽ മാത്രമേ തുറന്നുവിടാൻ പാടുള്ളൂ എന്ന നിബന്ധന 2018 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തെ ഡാമുകളുടെ പ്രവർത്തനങ്ങളിൽ പാലിക്കപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) ഓരോ ഡാമിനും ബി.ഐ.എസ്. അനുശാസിക്കുന്ന സേഫ് ഡൗൺസ്ട്രീം കപ്പാസിറ്റി നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ ഓപ്പറേഷൻ ഓഫ് റിസർവോയേഴ്സിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പ്രകാരം ജലസംഭരണികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പെയ്ത കനത്ത മഴയിൽ ഡാമുകളിൽ ലഭ്യമായ നീരൊഴുക്കിന് അനുസൃതമായി സുരക്ഷിതമായ അളവിൽ വെള്ളം, നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച്, സ്പിൽവേ ഷട്ടറുകളിൽക്കൂടി പുറത്തേയ്ക്ക് ഒഴുക്കുകയാണ് ഉണ്ടായത്. ആഗസ്റ്റ് മാസത്തിലെ പ്രളയദിനത്തിൽ ഓരോ മണിക്കൂർ ഇടവിട്ട് ഈ ഡാമുകളിലെ നീരൊഴുക്കും ജലവിതാനവും നിരീക്ഷിച്ച് വരികയും ആയതനുസരിച്ച് സ്പിൽവേ ഷട്ടറുകളിൽ കൂടി ജലം ഒഴുക്കി ജലവിതാനം അനുവദനീയമായ അളവിൽ ജലസംഭരണികളിൽ ക്രമീകരിച്ചിരുന്നു. കൂടാതെ ഡാമുകൾ തുറക്കുന്നതിനുമുമ്പ് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുമായും ജില്ലാ ഭരണകൂടവുമായും കൂടിയാലോചിച്ച് നിയന്ത്രിതമായ അളവിലാണ് ഷട്ടറുകൾ തുറന്ന് ജലം ഒഴുക്കിയത്.

(സി) ഡാമുകളുടെ സ്ട്രക്ചറൽ സ്റ്റെബിലിറ്റിയുടെയും റിസർവോയറിൽ വന്നെത്തുന്ന നീരൊഴുക്കിന്റെയും അടിസ്ഥാനത്തിലാണ് സ്പിൽവേ ഷട്ടറിൽക്കൂടി നിയന്ത്രിതമായ അളവിൽ ജലം പുറത്തുവിടുന്നത്. ഡാമിന്റെ ഡൗൺസ്ട്രീമിൽ ജലം കയറുന്നതുമായി ബന്ധപ്പെട്ട് ഫ്ളഡ് ഇൻഡന്റേഷൻ മാപ്പും എമർജൻസി ആക്ഷൻ പ്ലാനും തയ്യാറാക്കിവരുന്നു. അതനുസരിച്ച് ഡൗൺസ്ട്രീം സുരക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

**റാംസർ തടാകങ്ങളുടെ പുനരുദ്ധാരണം**

29 (*239) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റാംസർ തടാകങ്ങളുടെ പുനരുദ്ധാരണത്തിനായി ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ശിപാർശയിൻമേൽ കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തടാകങ്ങളുടെ സംരക്ഷണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, തദ്ദേശീയർ എന്നിവരുടെ പിന്തുണ ഉറപ്പാക്കാൻ സർക്കാർതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ & ബി) സംസ്ഥാനത്തെ റാംസർ തടാകങ്ങളുടെ പുനരുദ്ധാരണത്തിനായി ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ റാംസർ തടാകങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വേണ്ടി തയ്യാറാക്കിയ 5 വർഷത്തെ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ കേന്ദ്ര സഹായത്തിനായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നിവയുടെ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുകയും കേന്ദ്ര വിഹിതമായ (60%) 207.075 ലക്ഷം രൂപ (35.775 ലക്ഷം, 86.85 ലക്ഷം, 84.45 ലക്ഷം) ആദ്യ വർഷ ഗഡുവായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) | ആകെ |
|---|---|---|---|
| ശാസ്താംകോട്ട | 35.775 ലക്ഷം | 23.85 ലക്ഷം | 59.625 ലക്ഷം |
| അഷ്ടമുടി | 86.85 ലക്ഷം | 57.90 ലക്ഷം | 144.75 ലക്ഷം |
| വേമ്പനാട് | 84.45 ലക്ഷം | 56.30 ലക്ഷം | 140.75 ലക്ഷം |
| ആകെ | 207.075 ലക്ഷം | 138.05 ലക്ഷം | 345.125 ലക്ഷം |

21-3-2018-ലെ സ. ഉ. (സാധാ.) നമ്പർ 37/2018/പരി. അനുസരിച്ച് കേന്ദ്ര വിഹിതമായ 207.075 ലക്ഷം രൂപയും (60%) സംസ്ഥാന വിഹിതമായ 138.05 ലക്ഷം രൂപയും (40%) ചേർത്ത് 345.125 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം അനുവദിച്ച തുക ആയതിനാൽ ടി തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ പിടിക്കുകയും ചെയ്തു. സാമ്പത്തിക വർഷാവസാനം അനുവദിച്ച തുക ആയതിനാൽ ടി തുക വിനിയോഗിക്കുന്നതിനായി ഒരു വർഷത്തെ കാലാവധികൂടി നീട്ടി നൽകിക്കൊണ്ടുള്ള കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ തിരികെ പിടിച്ച തുകയുടെ 50% ആയ 172.56 ലക്ഷം രൂപ 31-7-2018-ലെ സ. ഉ. (സാധാ.) നമ്പർ 93/2018/പരി അനുസരിച്ച് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഓരോ റാംസർ തണ്ണീർത്തടങ്ങളുടെയും തീരത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അവിടെ വസിക്കുന്നവരുടെയും അത് ഉപയോഗിക്കുന്നവരുടെയും വിവിധ വകുപ്പുകളുടെയും സഹകരണത്തോടെയാണ് അംഗീകരിച്ച ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാനിലെ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.

## വിദ്യാർത്ഥികൾക്കിടയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം

30 (*240) ശ്രീ. കെ. ആൻസലൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ ഇടയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം പൂർണ്ണമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മദ്യ-മയക്കുമരുന്ന് മാഫിയ പുതുതലമുറയെ ലക്ഷ്യംവയ്ക്കുന്ന സാഹചര്യത്തിൽ വിദ്യാലയ പരിസരങ്ങളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന പൂർണ്ണമായി നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവത്ക്കരിക്കുന്നതിനായി വിമുക്തി മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) വിദ്യാർത്ഥികളുടെ ഇടയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപഭോഗം പൂർണ്ണമായി തടയുന്നത് ലക്ഷ്യമിട്ട് വിദ്യാലയങ്ങളുടെ സമീപ പ്രദേശങ്ങളിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. വിദ്യാലയങ്ങളുടെ 100 വാര ചുറ്റളവിൽ എല്ലാവിധ പുകയില ഉത്പന്നങ്ങളുടെയും മറ്റ് ലഹരി വസ്തുക്കളുടെയും വിൽപ്പന നിരോധിച്ചിട്ടുള്ളതും വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ ഷാഡോ എക്സൈസ് അംഗങ്ങൾ കർശന നിരീക്ഷണം നടത്തുകയും ചെയ്തുവരുന്നു.

(ബി) വിദ്യാലയങ്ങൾക്ക് സമീപം പ്രവർത്തിക്കുന്ന കടകളിൽ ലഹരിക്കായി ഉപയോഗിക്കാനാകുന്ന പദാർത്ഥങ്ങളൊന്നും വിൽപ്പന നടത്തുന്നില്ലെന്ന്

ഉറപ്പുവരുത്താനായി നിലവിൽ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ നിരന്തര പരിശോധനകൾ നടത്തിവരുന്നു. വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളിലെ കുട്ടികളുടെ സേവനം കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് അവരുടെ ഇടയിൽത്തന്നെ ലഹരി ഉപയോഗിക്കുന്നവരെക്കുറിച്ചും വിപണനം ചെയ്യുന്നവരെക്കുറിച്ചുമുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്. ആയവവഴി ലഭ്യമാകുന്ന പരാതികൾ പരിഗണിക്കുവാനും നടപടികൾ സ്വീകരിക്കുവാനും എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിക്കെതിരായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്വിസ്, ചിത്രരചന, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു. 'ലഹരിക്കെതിരെ കായിക ലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് സ്പോർട്സ് കൗൺസിൽ, മറ്റ് സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് കുട്ടികൾക്കും യുവാക്കൾക്കുമായി കബഡി, വോളിബോൾ, ഫുട്ബോൾ തുടങ്ങിയ കായിക മത്സരങ്ങൾ സംസ്ഥാന വ്യാപകമായി നടത്തിവരുന്നു.

(ഡി) നിലവിൽ കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചുവരികയും മികച്ച പ്രവർത്തനം നടത്തുന്ന ക്ലബ്ബുകൾക്ക് സ്കൂൾ, കോളേജ് തലങ്ങളിൽ 10,000 രൂപ വീതവും മികച്ച ലഹരി വിരുദ്ധ പ്രവർത്തകന് 5,000 രൂപ വീതവും ക്യാഷ് അവാർഡ് നൽകിവരുന്നു. കേരളത്തിലെ എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാലയങ്ങളുടെ ചുമതല വിഭജിച്ച് നൽകി. സ്കൂൾ അധികൃതരുമായി നിരന്തരം ബന്ധപ്പെട്ട് ലഹരി വസ്തുക്കളുടെ ഉപയോഗം, വിതരണം തുടങ്ങി അനാശാസ്യകരമായ പ്രവണതകൾ കുട്ടികൾക്കിടയിൽ നിലനിൽക്കുന്നുണ്ടോ യെന്ന് പരിശോധിച്ച് അവശ്യംവേണ്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പിന്നാക്ക സമുദായങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ

1 (2696) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിക്കുന്ന കെ.എ.എസ്.-ൽ പട്ടികജാതി/പട്ടികവർഗ്ഗ/ പിന്നോക്ക സമുദായങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന സാമുദായിക സംവരണം ഉറപ്പുവരുത്തുവാൻവേണ്ടി വകുപ്പിന്റെ ഭാഗത്ത് നിന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ വിശദവിവരം നൽകുമോ;

(ബി) കെ.എ.എസ്.-ലെ സ്ട്രീം 2, സ്ട്രീം 3 റിക്രൂട്ട്മെന്റുകൾക്ക് സാമുദായിക സംവരണം അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) കെ.എ.എസ്. ചട്ടങ്ങൾ പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള നിയമനം മൂന്ന് വിഭാഗങ്ങളായാണ് നടത്തുന്നത്. സ്ട്രീം I-ൽ നേരിട്ടുള്ള നിയമനവും സ്ട്രീം II, III എന്നിവയിൽ ബൈട്രാൻസ്ഫർ (തസ്തികമാറ്റം) വഴിയുള്ള നിയമനവുമാണ് കെ.എ.എസ്. ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. നേരിട്ടുള്ള നിയമനത്തിന് KS & SSR റൂൾ 14-17 വരെയുള്ള പൊതുസംവരണതത്വങ്ങൾ ബാധകമാണ്. തസ്തികമാറ്റംവഴി നിയമനം നടത്തുന്ന സ്ട്രീം II, III എന്നീ വിഭാഗങ്ങളിൽ സംവരണം ബാധകമല്ല. സ്ട്രീം II-ൽ ഒ.ബി.സി. വിഭാഗക്കാർക്ക് മൂന്ന് വർഷം വരെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പരമാവധി അഞ്ച് വർഷം വരെയും പ്രായത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഭരണവകുപ്പ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പാണ്.

### പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പ്രൊഫഷണലുകൾ

2 (2697) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പ്രൊഫഷണലായിട്ടുള്ള എത്ര ഉദ്യോഗാർത്ഥികളാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ടി ഉദ്യോഗാർത്ഥികളെ പ്രൊഫഷണൽ മേഖലകളിൽ തൊഴിലിനായി എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വകുപ്പുമുഖേന ചെയ്തുവരുന്നത്; ഇതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളിൽ പ്രൊഫഷണലായിട്ടുള്ള ഉദ്യോഗാർത്ഥികളുടെ വിവരം ലഭ്യമല്ല. സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പ്രൊഫഷണലായിട്ടുള്ള 2004 ഉദ്യോഗാർത്ഥികളുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി)

പട്ടികജാതി വികസന വകുപ്പ്

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഐ.ടി.ഐ. ഡിപ്ലോമ/ബി.ടെക് പഠനം പൂർത്തിയാക്കിയ 350 ഉദ്യോഗാർത്ഥികൾക്ക് ഓയിൽ & റിഗ് മേഖലയിൽ വിദേശ രാജ്യങ്ങളിൽ തൊഴിൽ സാധ്യതയുള്ള Pipe Fabricator/Industrial Electrician എന്നീ കോഴ്സുകൾ നടത്തി പ്ലെയ്സ്മെന്റ് ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിവരുന്നു.

ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ വിദേശത്ത് തൊഴിൽ സാദ്ധ്യതയുള്ള Certificate Course in Hospitality Management വഴി 200 പേർക്ക് പരിശീലനത്തിന് തുക അനുവദിച്ച് പദ്ധതി നടന്നുവരുന്നു.

നഴ്സിംഗ് പഠനം പൂർത്തീകരിച്ച 134 പേർക്ക് ജില്ല/താലൂക്ക് ആശുപത്രികളിൽ 2 വർഷത്തേയ്ക്ക് അപ്രന്റീസ് നഴ്സായി നിയമിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന തൊഴിൽദായക പരിശീലന പരിപാടികളുടെ ലിസ്റ്റ് അനുബന്ധമായി) ചേർക്കുന്നു*.

ഐ.റ്റി.ഐ.കളിൽ നിന്ന് പഠിച്ചിറങ്ങുന്നവർക്ക് ജോബ്ഫെയർ സംഘടിപ്പിച്ച് പ്ലേയ്സ്മെന്റ് നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികവർഗ്ഗ വികസന വകുപ്പ്:

1. ഐ.റ്റി. അനുബന്ധ മേഖലകളിൽ പരിശീലനം നൽകുന്നതിന് തിരുവനന്തപുരത്ത് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2. ആധുനിക വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് പ്രവർത്തനമാരംഭിച്ചു. ഇവിടെ 291 പട്ടികവർഗ്ഗ വനിതകൾക്ക് വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്നു.

3. എൻ.റ്റി.റ്റി.എഫ്.(നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ) മുഖേന ഇലക്ട്രോണിക് അനുബന്ധ കോഴ്സുകളിൽ പരിശീലനം നടത്തിവരുന്നു. പരിശീലനം ലഭിച്ച 192 കുട്ടികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭ്യമായിട്ടുണ്ട്.

4. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന 50 പേർക്ക് പരിശീലനം നൽകി ജോലി ലഭ്യമാക്കി.

5. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ECIL) മുഖേന അട്ടപ്പാടിയിൽ 21 പേർക്ക് ഡി.സി.എ. കോഴ്സ് പരിശീലനം നൽകി ജോലി ലഭ്യമാക്കി.

6. എത്തിയോസ് എന്ന സ്ഥാപനം മുഖേന 125 പേർക്ക് ഹോട്ടൽ മാനേജ്മെന്റിൽ പരിശീലനം നടത്തി പ്രമുഖ ഹോട്ടലുകളിൽ പ്ലേയ്സ്മെന്റ് ലഭ്യമാക്കി.

7. പട്ടികവർഗ്ഗ വികസന വകുപ്പും തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജും ചേർന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 20 നിയമ ബിരുദധാരികൾക്ക് മുൻസിഫ്/ മജിസ്ട്രേറ്റ് ടെസ്റ്റിൽ പരിശീലനം ഗവൺമെന്റ് ലാ കോളേജിൽ നൽകിവരുന്നു.

**പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ**

3 (2698) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടിയന്തരമായി വീടും സ്ഥലവും നൽകുവാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയത്തിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കോളനികളും ഊരുകളും നശിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂമി നഷ്ടപ്പെട്ട 165 പട്ടികജാതി കുടുംബങ്ങൾക്ക് ഓരോർത്തർക്കും 6.00 ലക്ഷം രൂപ പരിധിക്കുവിധേയമായി 5 സെന്റ് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനും, വീട് പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായ 2733 വീടുകൾ പുനർനിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനും പട്ടികജാതി വികസന വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ കുടുംബങ്ങളിൽ പൂർണ്ണമായും തകർന്ന വീടുകൾ നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ പദ്ധതിപ്രകാരം 6 ലക്ഷം രൂപയും ഭാഗികമായി തകർന്ന 1220 വീടുകളുടെ പുനരുദ്ധാരണത്തിനായി ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് ഒന്നിന് 1.50 ലക്ഷം രൂപ നിരക്കിലും ഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകുന്നതിന് ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലാന്റ് ബാങ്ക് മുഖേന ഭൂമി അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനുപുറമെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പട്ടികജാതി കുടുംബങ്ങൾക്ക് 5,000 രൂപ വീതവും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10,000 രൂപ വീതവും പ്രത്യേക ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ 4 പട്ടികജാതി കോളനികളും 32 പട്ടികവർഗ്ഗ കോളനികളുമാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളത്.

## പ്രളയത്തിൽ ജോലിയും ജീവനോപാധിയും നഷ്ടപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ

4 (2699) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ജോലിയും ജീവനോപാധിയും നഷ്ടപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) നാളിതുവരെ പ്രസ്തുത വ്യക്തികൾക്കും കുടുംബങ്ങൾക്കുമായി എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ജോലിയും ജീവനോപാധിയും നഷ്ടപ്പെട്ട 2859 പട്ടികജാതി വിഭാഗത്തിലുള്ളവരും 67 പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുമുണ്ട്. വ്യക്തികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) പട്ടികജാതി വികസന വകുപ്പ് പ്രസ്തുത വ്യക്തികൾക്കും കുടുംബങ്ങൾക്കുമായി 5,000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 10,000 രൂപ വീതം നൽകിയിട്ടുണ്ട്. കൂടാതെ ക്യാമ്പിൽ കഴിഞ്ഞ കുടുംബങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നും 10,000 രൂപ വീതവും നൽകിയിരുന്നു.

**മിശ്രവിവാഹിതരുടെ കുട്ടികളുടെ ജാതി**

5 (2700) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരായ ദമ്പതികളിൽ പിന്നോക്ക ജാതിയിൽപ്പെട്ടവരിൽ മാതാവോ പിതാവോ ജാതിയിൽ ആരാണോ പിന്നോക്കക്കാർ അവരുടെ ജാതി പരിഗണിക്കുന്നതിന് ആവശ്യപ്പെട്ട് അരൂർ എം.എൽ.എ.യുടെ 21-6-2018-നുള്ള നിയമസഭയിലെ സബ്മിഷന് വകുപ്പുമന്ത്രി നൽകിയ മറുപടി പ്രകാരം ഉത്തരവ് ഇതുവരെയും ഉണ്ടാകാതിരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ എൻ.ഇ.ഇ.ടി.പരീക്ഷയുടെ സമയമായതിനാൽ ഇക്കാര്യത്തിൽ ഉടനെ തന്നെ ഉത്തരവ് നൽകുമോ?

ഉത്തരം

(എ & ബി) മിശ്രവിവാഹിതരിൽ ഒരാൾ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർ ആയാൽ അവരുടെ മക്കൾക്ക് ആവശ്യമായ പരിശോധനകൾക്കുശേഷം, മാനദണ്ഡങ്ങൾക്കനുസരിച്ച് ഒ.ബി.സി. സർട്ടിഫിക്കറ്റ് അനുവദിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എന്നാൽ ഈ വിഭാഗങ്ങൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ചില നിയമ പ്രശ്നങ്ങളുണ്ട്. ഈ വിഷയത്തിൽ പിന്നോക്ക വിഭാഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിഗണനയിലാണ്. പരിശോധന പൂർത്തിയാവുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്.

## ഗോത്രവർഗ്ഗ പൈതൃകവും തനതുകലകളും സംരക്ഷിക്കുന്ന നടപടി

6 (2701) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. മുകേഷ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ പൈതൃകവും തനതുകലകളും സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് പൈതൃകമായി പകർന്നുകിട്ടിയ വൈദ്യ ചികിത്സാ രീതികൾ പരിപോഷിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി ഗദ്ദിക എന്ന പേരിൽ സംഘടിപ്പിച്ച ഉൽപ്പന്ന പ്രദർശന മേളയുടെ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത വിഭാഗത്തിലെ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പ്രസ്തുത മേള എപ്രകാരമെല്ലാം സഹായകമായിയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ പൈതൃകവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവ തനിമയോടെ നിലനിർത്തുന്നതിനുമായി കിർത്താഡ്സ് വകുപ്പിൽ ഒരു ആദികലാകേന്ദ്രവും എത്നോളജിക്കൽ മ്യൂസിയവും പ്രവർത്തിക്കുന്നുണ്ട്. ആദികലാകേന്ദ്രത്തിന്റെ ഭാഗമായി വർഷംതോറും പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങളെ അടുത്ത തലമുറയ്ക്ക് പകർന്നു

നൽകുന്നതിനും വേദിയിൽ അവതരിപ്പിക്കുന്നതിന് അവയെ ചിട്ടപ്പെടുത്തുന്നതിനുമായി പഠനകളരി സംഘടിപ്പിക്കാറുണ്ട്. വർഷംതോറും രണ്ട് ജില്ലകളിലായി ഗദ്ദിക എന്ന പേരിൽ ഉൽപ്പന്ന പ്രദർശന വിപണന മേളകളുടെ ഭാഗമായി ഗോത്രവർഗ്ഗക്കാരുടെ കലകളുടെ അവതരണവും ഗോത്രസംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും പ്രദർശനവും തത്സമയ അവതരണവും സംഘടിപ്പിക്കാറുണ്ട്. 2013-ൽ സംസ്ഥാനത്തിലെ പട്ടികവർഗ്ഗ കലാരൂപങ്ങൾ, കലാസമിതികൾ, കലാകാരന്മാർ, കരകൗശല വിദഗ്ദ്ധർ എന്നിവയുടെ പേര് വിവര സൂചിക ഭാഗം 1 പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2017 മാർച്ചിൽ സംസ്ഥാനത്തിലെ ഗോത്രകലാരൂപങ്ങളുടെ പ്രോത്സാഹനവും സംരക്ഷണവും ലക്ഷ്യമിട്ട് "ഇന്ത്യയിലെ ഗോത്രകലകൾ" എന്ന പേരിൽ ഒരു അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുകയും ആയതിലെ പ്രബന്ധങ്ങൾ "ട്രൈബൽ ആർട്ട് ആന്റ് സൊസൈറ്റി" എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിലെ ഗോത്രജനതയുടെ കലകളെക്കുറിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ച് അവ ഗോത്രകലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി "ഗോത്രതാളം വാല്യം I & II" എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എത്നോളജിക്കൽ മ്യൂസിയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗോത്രപൈതൃക സംരക്ഷണത്തിന്റെ ഭാഗമായി "തനത് ഭക്ഷണവും ഗോത്രജീവനോപാധികളും" എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരാമ്പര്യകലകളും കൈത്തൊഴിലുകളും പ്രോത്സാഹിപ്പിക്കുവാനാണ് വർഷംതോറും സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ വച്ച് "ഗദ്ദിക-ഉൽപ്പന്ന പ്രദർശന വിപണന മേളയും നാടൻ കലാമേളയും" പരിപാടി നടത്തപ്പെടുന്നത്. മേളയുടെ ഭാഗമായി സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹങ്ങളുടെ സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയും പൊതുസമൂഹത്തെ അറിയിക്കുന്നതിന്റെയും അവ നിലനിർത്തുന്നതിന്റെയും ഭാഗമായി പാരമ്പര്യ കലാരൂപങ്ങളുടെ അവതരണം, കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പ്രദർശനം, വിപണനം, വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകൾ, മരുന്നാവിക്കുളി, ഗോത്രസംസ്കൃതി പ്രദർശനം, തത്സമയ അവതരണം, വംശീയഭക്ഷ്യമേളകൾ തുടങ്ങിയവ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് വകുപ്പ് എന്നിവ സംയുക്തമായി സംഘടിപ്പിക്കാറുണ്ട്.

(ഡി) ഗദ്ദിക ഉൽപ്പന്ന പ്രദർശനമേളകൾ സ്വയംതൊഴിൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സഹായിക്കുന്നുണ്ട്. കൂടാതെ മറ്റ് സ്റ്റാളുകളിലെ വൈവിദ്ധ്യങ്ങളായ ഉൽപ്പന്നങ്ങൾ കണ്ട് മനസ്സിലാക്കുന്നതിനും സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ തമ്മിലുള്ള ആശയവിനിമയത്തിനും ഗദ്ദിക മേളകൾ സഹായിക്കുന്നുണ്ട്. അത്തരം ആശയ വിനിയമയങ്ങളിലൂടെയും മനസ്സിലാക്കുന്നതിലൂടെയും പുതിയതും മെച്ചപ്പെട്ടതും വൈവിധ്യമുള്ളതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഗദ്ദിക മേളകൾ യുവജനങ്ങൾക്ക് പ്രചോദനം നൽകുന്നുണ്ട്.

### ക്ഷേമ പദ്ധതികൾ

7 (2702) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക സമുദായങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പുണ്ടായിരുന്ന ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി നടപ്പാക്കിയ ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്നും എത്ര പേർക്ക് പ്രസ്തുത പദ്ധതികളുടെ ഗുണം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ ക്ഷേമ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്രതുക സഹായമായി അനുവദിച്ചു കിട്ടിയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പുണ്ടായിരുന്ന ക്ഷേമ പദ്ധതികൾ അനുബന്ധം 1-ഉം 2-ഉം ആയി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി ആരംഭിച്ച സാമൂഹ്യ ക്ഷേമ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

- 2009-10 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ആരംഭിച്ച ഭൂമി വാങ്ങി നൽകുന്ന പദ്ധതി 2013-14 സാമ്പത്തിക വർഷം മുതൽ 10.00 ലക്ഷം രൂപ ചെലവഴിച്ച് 25 സെന്റ് മുതൽ ഒരേക്കർ വരെ വാങ്ങുന്ന പദ്ധതി.

- അടിയപണിയ പാക്കേജ് പദ്ധതിയിലൂടെ അടൻ, പണിയൻ, പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ വികസന പദ്ധതികൾ, വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം, അഗതി മന്ദിരങ്ങളുടെ പ്രവർത്തനം എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

- അരിവാൾ രോഗികൾക്ക് സാന്ത്വനം-പ്രതിമാസം 2,000 രൂപ നൽകിയിരുന്നു.

- കൈത്താങ്ങ്-മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത അനാഥരും അശരണരുമായ പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രതിമാസം 1,000 രൂപ നൽകിവരുന്നു.

- ജനനി ജന്മ രക്ഷ-ഗർഭിണിയായതിനുശേഷമുള്ള 3 മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ്സാകുന്നതുവരെ 18 മാസക്കാലം പ്രതിമാസം 100 രൂപ വീതം അനുവദിക്കുന്നു.

- അതിക്രമങ്ങൾക്ക് ഇരയായവർക്കുള്ള ധനസഹായം.

- വംശീയ വൈദ്യന്മാർക്കുള്ള ധനസഹായം പ്രതിവർഷം 10,000 രൂപ അനുവദിച്ചുവരുന്നു.

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ/സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകിവരുന്നു. (ഒരു കുട്ടിക്ക് ഒരു ലാപ്ടോപ്)

- <u>ഗോത്രസാരഥി</u>: സൗജന്യ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 14 വയസ്സുവരെയുള്ള പട്ടികവർഗ്ഗ കുട്ടികൾക്ക് ദുർഘട മേഖല/വന പ്രദേശങ്ങളിൽ യാത്രാ സൗകര്യം അനുവദിച്ചുവരുന്നു.

- ബോർഡിംഗ് ഗ്രാന്റ്-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ളതും സന്നദ്ധ സംഘടനകൾ നടത്തുന്നതുമായ ഹോസ്റ്റലുകളിൽ അന്തേവാസികളായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ്/യൂണിഫോം അലവൻസ് എന്നിവ നൽകിവരുന്നു.

- സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
- സ്വയംതൊഴിൽ പദ്ധതികൾക്ക് ധനസഹായം നൽകിവരുന്നു.
- പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള ധനസഹായം.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിന് ആവിഷ്കരിച്ചിരിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി.

2017-18 വർഷം 6623 പഠനമുറികൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷം 5000 പഠന മുറികൾ നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ച് 2314 പേർക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി പദ്ധതി. 2816 പെൺകുട്ടികൾക്കാണ് ഇതിന്റെ ഗുണം ലഭിച്ചിട്ടുള്ളത്.

3. M.Sc. Electronics, B.Arch, M.Phil, Ph.D എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുകൂടി ലാപ് ടോപ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി. 4679 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

4. പട്ടികജാതി വകുപ്പിന് കീഴിലുള്ള 44 ഐ.റ്റി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ് പാലും ഉച്ചഭക്ഷണവും നൽകുന്നതിനുള്ള പദ്ധതി. 44 ഐ.റ്റി.ഐ.കളിലും പദ്ധതി നടപ്പിലാക്കിവരുന്നു.

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി.

6. നേഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15,000 രൂപ ധനസഹായത്തോടെ പരിശീലനം നൽകുന്ന പദ്ധതി.

7. 30 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ട കോളനികളിൽ 50.00 ലക്ഷം രൂപ വരെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഡോ. അംബേദ്കർ ഗ്രാമ വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

8. പട്ടികജാതി വിദ്യാർത്ഥികൾക്ക് കലാപഠനത്തിന് പ്രത്യേക പദ്ധതി ഏർപ്പെടുത്തി.

9. 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 2,000 രൂപ വാർഷിക ഗ്രാന്റ് അനുവദിച്ചു.

10. സിവിൽ സർവ്വീസ് പരിശീലനത്തിന് പുതിയ പദ്ധതി ആവിഷ്കരിച്ചു.

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി തുടർപദ്ധതികൾക്കുപുറമെ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. <u>സാമൂഹിക പഠനമുറി:</u>

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക യെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

2. <u>ഗോത്രബന്ധു:</u>

സംസ്ഥാനത്തെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ബി.എഡ്./ഡി.എഡ്. പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു പദ്ധതി.

3. <u>അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം:</u>

(എ) **അടിസ്ഥാന സൗകര്യങ്ങൾ**

അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇപ്രകാരം തയ്യാറാക്കിയ 90 കോളനികളിൽ ഡി.പി.ആർ. തയ്യാറാക്കിയ 73 കോളനികൾക്കുള്ള മൊബിലൈസേഷൻ തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) **എം.ജി.എൻ.ആർ.ഇ.ജി.എസ്. - തൊഴിലിനുള്ള വേതനം**
**എം.ജി.എൻ.ആർ.ഇ.ജി.എസ്. - കേരള ട്രൈബൽ പ്ലസ്**

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിപ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു.

എം.ജി.എൻ.ആർ.ഇ.ജി.എസ്. ദിവസവും വേതനം നൽകുന്നതിനുള്ള വകുപ്പിന്റെ കോർപ്പസ് ഫണ്ട്

തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലെടുത്ത് വരുന്ന പട്ടികവർഗ്ഗക്കാർക്ക് കാലവിളംബം കൂടാതെ വേതനം ലഭ്യമാക്കുന്നതിന് 11.13 കോടി രൂപ റിവോൾവിംഗ് ഫണ്ടായി എം.ജി.എൻ.ആർ.ഇ.ജി.എസ്. സംസ്ഥാന മിഷന് അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) **പി. കെ. കാളൻ കുടുംബ പദ്ധതി**

പി. കെ. കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്.

4. <u>ഗോത്രവാത്സല്യനിധി:</u>

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സി.യുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി ടി പദ്ധതി പ്രകാരം 960 പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

5. പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകളെ കണ്ടെത്തി വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി സ്വയം തൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകിവരുന്നു.

6. പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ പരിശീലനം നൽകി തൊഴിലുറപ്പ് വരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. ആരോഗ്യവിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.

8. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്.

9. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗ ഊരുകളും ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

10. <u>KIIFB മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>:

ഓരോ പദ്ധതിക്കും കിഫ്ബിയിൽനിന്നും അംഗീകരിച്ച തുക ചുവടെ ചേർക്കുന്നു:

1. പ്രീമെട്രിക് ഹോസ്റ്റൽ, അച്ചൻകോവിൽ - 5 കോടി
2. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, കോടാലിപ്പാറ – 3.91 കോടി
3. പ്രീമെട്രിക് ഹോസ്റ്റൽ, അരുവിളാംചാൽ - 3.63 കോടി.
4. പ്രീമെട്രിക് ഹോസ്റ്റൽ, കുറ്റിക്കോൽ -4.2 കോടി
5. പ്രീമെട്രിക് ഹോസ്റ്റൽ, ബേഡഡുക്ക – 4.7 കോടി
6. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, നേര്യമംഗലം - 5 കോടി
7. ഹോസ്റ്റൽ കെട്ടിടം - വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, നാട്ടുകാണി - 3.42 കോടി
8. അക്കാഡമിക് ബ്ലോക്ക് കെട്ടിടം - വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, നാട്ടുകാണി - 4.03 കോടി
9. യൂത്ത് ഹോസ്റ്റൽ, പാലോട് - 3.14 കോടി
10. എം.ആർ.എസ്., ആറളം, കണ്ണൂർ - 18.60 കോടി

11. ആധുനിക വൈദ്യ സൗകര്യം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനമൊട്ടാകെ എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചു.

12. ഗോത്രജീവിക:

ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേട് ഒഴിവാക്കുന്നതിനും ചൂഷണം തടയുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനുമായി "ഗോത്രജീവിക" പദ്ധതി നടപ്പിലാക്കിവരുന്നു.

13. സമഗ്ര:

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും സാക്ഷരതാ മിഷൻ "സമഗ്ര" എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

14. ഗോത്രരശ്മി

ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്രവിഭാഗങ്ങൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ സമൂഹത്തിൽ അഭിമാനത്തോടും ആത്മവിശ്വാസത്തോടും ഭയരഹിതമായും ആരോഗ്യമുള്ളവരായും ജീവിക്കുന്നതിന് പ്രാപ്തിയുണ്ടാക്കുകയെന്ന ലക്ഷ്യം വച്ച് അവരുടെ ആചാരാനുഷ്ഠാനങ്ങൾ, ഉത്സവങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഇവയുടെ മതനിരപേക്ഷമായ ദർശനം ബോദ്ധ്യപ്പെടുത്തി ചൂഷണരഹിതമായ ഊരുകൾ സൃഷ്ടിക്കുന്നതിനായി 50 പട്ടികവർഗ്ഗ യുവതീയുവാക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ആദിവാസികളെ നേതൃരംഗത്തേയ്ക്ക് കടന്നുവരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പിന്നോക്ക വിഭാഗങ്ങൾക്കായി നടപ്പിലാക്കിവന്നിരുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതിയിൽ അരിവാൾ കോശ രോഗികൾക്ക് സ്വയംതൊഴിൽ പദ്ധതി, ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സബ്സിഡി എന്നീ രണ്ടു ഘടകങ്ങൾ കൂടി കൂട്ടിച്ചേർത്തു.

ടി സ്കീം പ്രകാരം സിക്കിൾസെൽ അനീമിയ ബാധിതരായ 93 പേർക്കും ഒ.ബി.സി.പ്രൊഫഷണൽസിയിൽ 47 പേർക്കും ആനുകൂല്യം അനുവദിച്ചു.

(സി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പുതുതായി ആരംഭിച്ച പ്രധാനമന്ത്രി ആദർശ് ഗ്രാമയോജന പദ്ധതിക്ക് 10.40 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2017-18 സാമ്പത്തിക വർഷത്തിൽ 8 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് (അട്ടപ്പാടി), വയനാട്, മലപ്പുറം, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ പ്രവർത്തിപ്പിക്കുന്നതിനായി ആർട്ടിക്കിൾ 275(1) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 150 ലക്ഷം രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ പ്രവർത്തനത്തിനായി 441 ലക്ഷം രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 29088.06806 ലക്ഷം രൂപയുടെ കേന്ദ്രധനസഹായവും ഈ സർക്കാർ വന്നതിനുശേഷം 53766.32 ലക്ഷം രൂപയുടെ കേന്ദ്ര സഹായവും ലഭ്യമായിട്ടുണ്ട്. എസ്.സി.എ. റ്റു എസ്.സി.എസ്.പി. പദ്ധതിക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5873.06 ലക്ഷം രൂപയും ഈ സർക്കാർ വന്നതിനുശേഷം 2855.73 ലക്ഷം രൂപയും കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മേൽ സൂചിപ്പിച്ച പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര സഹായം ലഭിച്ച വിവരം ചുവടെ ചേർക്കുന്നു:

2017-18 വർഷം 150 ലക്ഷം രൂപ 2018-19 വർഷം പട്ടികവർഗ്ഗ ഉപപദ്ധതിയുടെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി (എസ്.സി.എ ടു റ്റി.എസ്.എസ്)-441.00 ലക്ഷം രൂപ

## ബ്ലാവന കടവിൽ ട്രൈബൽ ഫണ്ട് ഉപയോഗിച്ച് പാലം

8 (2703) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ തലവച്ചപാറ, തേര, മീൻകുളം, വാരിയം, മാപ്പിളപാറ, കുഞ്ചിപ്പാറ തുടങ്ങിയ ആദിവാസി കോളനികളിലുള്ള 300-ഓളം കുടുംബങ്ങൾ നിലവിൽ പുറം ലോകവുമായി ബന്ധപ്പെടുന്നത് ബ്ലാവന കടത്തുവഴിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കനത്ത മഴയും വെള്ളപ്പൊക്കവുമുണ്ടാകുന്ന സാഹചര്യത്തിൽ ദിവസങ്ങളോളം ഒറ്റപ്പെട്ട് കഴിയുന്ന ഇവരുടെ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി ബ്ലാവന കടവിൽ പാലം പണിയുന്നത് സംബന്ധിച്ച വിഷയം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(സി) ആയിരക്കണക്കിന് ആദിവാസികൾക്ക് പുറം ലോകവുമായി ബന്ധപ്പെടുന്നതിന് ഏറെ സഹായകരമാവുംവിധം ബ്ലാവന കടവിൽ ട്രൈബൽ ഫണ്ട് ഉപയോഗിച്ച് പാലം നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളിൽ ബ്ലാവന കടത്തിലെ പാലം നിർമ്മാണം പരിഗണിച്ചിരുന്നു. പൂർണ്ണമായും ട്രൈബൽ ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നത് സാധ്യമാകാത്തതിനാലും ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ആയത് നടപ്പിലായിട്ടില്ല.

ബ്ലാവനപാലം, വാരിയം, തേര, കുഞ്ചിപ്പാറ, തലവച്ചപ്പാറ കോളനികളിലെ ആദിവാസി കുടുംബങ്ങൾക്ക് പ്രയോജനകരമാണെങ്കിലും കോളനിക്ക് പുറത്ത് നിർമ്മിക്കുന്ന പാലത്തിന് ഏറ്റവും കൂടുതൽ പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കൾ ജനറൽ വിഭാഗത്തിൽപ്പെടുന്നവരായതിനാൽ ടി പദ്ധതി ട്രൈബൽ ഫണ്ടിൽ നിന്നും, ജനറൽ ഫണ്ടിൽ നിന്നും ആനുപാതികമായി തുക വകയിരുത്തി നടപ്പിലാക്കുന്നതാണ് അനുയോജ്യം.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം

9 (2704) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര എണ്ണത്തിൽ തീരുമാനമെടുത്തു; തീരുമാനമെടുത്തതിൽ എത്ര അപേക്ഷകളിൽ ധനസഹായം നല്കി എന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ ആകെ എത്ര തുക അനുവദിച്ചു;

(സി) മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര എണ്ണത്തിൽ തീരുമാനമെടുത്തു; ആകെ എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽ ലഭിച്ച 63592 അപേക്ഷകളിൽ 60041 എണ്ണത്തിൽ തീരുമാനമെടുത്തു. ഇതിൽ 59181 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചു.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായത്തിനായി 35971 അപേക്ഷകൾ ലഭിച്ചതിൽ 35896 എണ്ണത്തിൽ തീരുമാനമെടുക്കുകയും ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽ ആകെ 102,19,62,156 (നൂറ്റി രണ്ട് കോടി പത്തൊൻപത് ലക്ഷത്തി അറുപത്തി രണ്ടായിരത്തി നൂറ്റി അൻപത്തിയാറ് രൂപ) രൂപ അനുവദിച്ചു.

പട്ടികജാതി വിഭാഗത്തിൽ ആകെ 11,72,21,842 (പതിനൊന്ന് കോടി എഴുപത്തി രണ്ട് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എണ്ണൂറ്റി നാൽപത്തിരണ്ട് രൂപ) രൂപ അനുവദിച്ചു.

(സി) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽ ലഭിച്ച 58561 അപേക്ഷകളിൽ 58043 എണ്ണത്തിൽ തീരുമാനമെടുത്തു. ആകെ 101,54,69,712 (നൂറ്റിയൊന്ന് കോടി അമ്പത്തിനാല് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി എഴുന്നൂറ്റി പന്ത്രണ്ട് രൂപ) രൂപ അനുവദിച്ചു.

പട്ടികവർഗ്ഗ വിഭാഗത്തിൽ ആകെ ലഭിച്ച 70026 അപേക്ഷകളിലും തീരുമാനമെടുത്തിട്ടുണ്ട്. ആകെ 15,23,40,594 (പതിനഞ്ച് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി നാല്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി നാല് രൂപ) രൂപ അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങളുടെ തൊഴിലില്ലായ്മ

10 (2705) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങളുടെ തൊഴിലില്ലായ്മ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശപഠനം സാധ്യമാക്കുന്നതിനായി എന്തെല്ലാം ധനസഹായപദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്; അതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2013-ൽ പ്രസിദ്ധീകരിച്ച Scheduled Caste Habitat and Families in Kerala എന്ന റിപ്പോർട്ടിൽ പട്ടികജാതിക്കാരുടെ തൊഴിൽ ലഭ്യതയെ സംബന്ധിച്ച് വിശദീകരിക്കുന്നുണ്ട്. അതിന്റെ പ്രസക്തഭാഗത്തിന്റെ പകർപ്പ് അനുബന്ധം ഒന്നായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികവർഗ്ഗത്തിൽപ്പെട്ട പ്ലസ് ടു, അതിനുമുകളിൽ യോഗ്യതയുള്ള 11474 പേർ തൊഴിൽരഹിതരായി ഉണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ പ്ലസ് ടു മുതൽ പി.ജി. വരെ യോഗ്യതയുള്ളവർ 9357 പേരും പ്രൊഫഷണൽ യോഗ്യത നേടിയവർ (ടി.ടി.സി., ബി.എഡ്, സെറ്റ്, നെറ്റ്, മെഡിക്കൽ എഞ്ചിനീയറിംഗ്, നേഴ്സിംഗ്) 1334 പേരും സാങ്കേതിക യോഗ്യതയുള്ളവർ 670 പേരും മറ്റ് യോഗ്യതയുള്ളവർ 113 പേരുമാണുള്ളത്.

(ബി) 4-10-2017-ലെ സ. ഉ. (എംഎസ്.) നം. 81/2017/പ.ജ.പ.വ.വി.വ. ഉത്തരവുപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചുത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം രണ്ടായി ചേർക്കുന്നു*.

**ദുരിതാശ്വാസ നിധിയിൽ നിന്നുള്ള**
**ചികിത്സാ ധനസഹായം**

11 (2706) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര പേർക്ക് ചികിത്സാധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്;

(ബി) ആകെ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 59181 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ആകെ 102,19,62,156 (നൂറ്റി രണ്ട് കോടി പത്തൊമ്പത് ലക്ഷത്തി അറുപത്തിരണ്ടായിരത്തി ഒരുന്നൂറ്റി അമ്പത്തിയാറ് രൂപ) അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചവറ മണ്ഡലത്തിൽ പഠന മുറി പദ്ധതി

12 (2707) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിച്ച് നൽകുന്ന പദ്ധതിപ്രകാരം ചവറ നിയോജകമണ്ഡലത്തിൽ എത്ര പഠന മുറികൾ നിർമ്മിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; ഈ പദ്ധതിയ്ക്കായി പ്രസ്തുത മണ്ഡലത്തിൽ നിന്നും എത്ര കുടുംബങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും അവരുടെ വിശദവിവരങ്ങളും അറിയിക്കുമോ?

ഉത്തരം

പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിച്ച് നൽകുന്ന പദ്ധതിപ്രകാരം ചവറ നിയോജകമണ്ഡലത്തിൽ 70 പേർക്ക് പഠനമുറി അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിൽ 35 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

## മണലൂർ മണ്ഡലത്തിലെ പട്ടികജാതി കോളനിയിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ

13 (2708) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) 2017-18 വർഷം മണലൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മണലൂർ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മണലൂർ മണ്ഡലത്തിലെ ചൊവ്വന്നൂർ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന ചൂണ്ടൽ ഹിൽ കോളനിയെ 2012-13 വർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതാണ്. ടി കോളനിയിലെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

2. മണലൂർ ബ്ലോക്കിലെ മധുക്കര എസ്.സി. കോളനിയെ 2016-17 അംബേദ്ക്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കിണർ പുനരുദ്ധാരണം, വായനശാല, 26 വീടുകളുടെ നവീകരണം എന്നിവ പൂർത്തീകരിച്ചു. മറ്റ് വർക്കുകൾ പുരോഗമിക്കുന്നു.

3. മണലൂർ മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിപ്രകാരം പെരുമല കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ, വാട്ടർ ടാങ്ക് എന്നിവ നിർമ്മിക്കേണ്ടത് ദേവസ്വം ഭൂമിയിലാണ്. ഭൂമി വിട്ടുതരാൻ ദേവസ്വം ബോർഡ് തയ്യാറാവാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ബി) ഇല്ല.

**പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി**

14 (2709) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ പഠനസൗകര്യം കുറവുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പഠനമുറി പദ്ധതിപ്രകാരം എത്ര വീടുകളിൽ പഠനമുറി നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വകുപ്പ് നടപ്പിലാക്കുന്ന പഠനമുറി പദ്ധതിപ്രകാരം 2017-18 വർഷം 6623 പഠനമുറികൾ നിർമ്മിക്കുന്നതിനും 2018-19 വർഷം 5000 പഠനമുറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2017-18 വർഷം അനുവദിച്ചതിൽ 2537 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവ വിവിധ ഘട്ടങ്ങളിൽ നിർമ്മാണം പുരോഗമിച്ചുവരികയാണ്.

**പട്ടികജാതി ക്ഷേമവകുപ്പിൽ നിന്നുള്ള ധനസഹായം**

15 (2710) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി ഇപ്പോഴും ധനസഹായം നല്കിവരുന്നുണ്ടോ;

(ബി) എങ്കിൽ കോതമംഗലം ബ്ലോക്കിൽ നിന്നും എത്രപേർ ഈ ആനുകൂല്യത്തിനായി അപേക്ഷ നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര പേർക്ക് ഈ ആനുകൂല്യം ലഭ്യമായി എന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ ആനുകൂല്യം കൂടുതൽ പേർക്ക് ലഭ്യമാകുംവിധം വിപുലീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2018-19 വർഷം മുതൽ വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്. ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം, സ്പിൽഓവർ പ്രവൃത്തികൾക്ക് ധനസഹായം അനുവദിക്കുന്നതിനാൽ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി നടപ്പുവർഷം ഫണ്ട് അനുവദിക്കുന്നില്ല.

(ബി & സി) ബാധകമല്ല.

(ഡി) വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ ലൈഫ് മിഷൻ മുഖേന ഏകോപിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുകയും നടപ്പുവർഷം മുതൽ ഭവനനിർമ്മാണം ലൈഫ് മിഷൻ മുഖേന നടപ്പിലാക്കുകയും ചെയ്തുവരുന്നു.

**അംബേദ്കർ ഗ്രാമം പദ്ധതി**

16 (2711) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നവീകരണം നടത്തുന്ന കോളനികൾ ഏതൊക്കെയാണ്;

(ബി) ഇവയ്ക്കായി എത്ര രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്;

(സി) ഈ കോളനികളുടെ നവീകരണം നടത്തുന്നത് ഏത് സ്ഥാപനം മുഖേനയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദാംശ സഹിതം അറിയിക്കുമോ;

(ഇ) ഈ പ്രവർത്തനങ്ങളിലെ കാലതാമസം എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(എഫ്) ഈ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)

1. യോഗപ്പറമ്പ് കിഴക്ക് കോളനി
2. എസ്.എം.പി. കോളനി

(ബി) ഒരു കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) കേരള ഇലക്ട്രിക്കൽ ആന്റ് അലൈൻഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന ഏജൻസി.

(ഡി) യോഗപ്പറമ്പ് കിഴക്ക് കോളനിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. എസ്.എം.പി. കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്.

(ഇ) ഏജൻസിയുടെ ഭാഗത്തുനിന്നുള്ള നടപടികൾ വൈകുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) എല്ലാ കോളനികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ 2019 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുവാൻ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിജ്ഞാൻ വാടികൾ

17 (2712) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ കൊയിലാണ്ടി മണ്ഡലത്തിലെ എത്ര വിജ്ഞാൻവാടികളുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; ആയതിൽ എത്രയെണ്ണത്തിൽ വൈദ്യുതീകരണമടക്കമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) വിജ്ഞാൻ വാടികൾ പ്രവർത്തിക്കുന്നില്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) നിർമ്മാണം പൂർത്തിയായ വിജ്ഞാൻ വാടികളെ പ്രവർത്തന സജ്ജമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളാനാണ് ആലോചിക്കുന്നത്; ഇതിലേക്കായി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) രണ്ട് വിജ്ഞാൻവാടികളുടെയും വയറിംഗ് അടക്കമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാത്തതാണ് കാരണം.

(സി) കൺസ്ട്രക്ഷൻ കമ്പനിയായ കെ.പി.എച്ച്.സി.സി.യുമായി ബന്ധപ്പെട്ട് വൈദ്യുതീകരണമടക്കമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

18 (2713) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോളനിയിൽ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിലെ കോട്ടാശ്ശേരി, മാനീരി കോളനികളിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്കുവേണ്ടി നീക്കിവച്ച തുക ധനകാര്യവകുപ്പ് തിരിച്ച് പിടിച്ചത് മൂലമാണോ പദ്ധതി തുടങ്ങാൻ സാധിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) കൊണ്ടോട്ടി മണ്ഡലത്തിലെ മേൽ കോളനികളിലെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ ഗ്രാമപദ്ധതിയിൽ 267 കോളനികൾ തെരഞ്ഞെടുത്തു. 183 കോളനികൾക്ക് ഭരണാനുമതി നൽകി. 113 എണ്ണം പ്രവൃത്തി ആരംഭിച്ചു.

(ബി) മാനീരി കോളനിയിലെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. കോട്ടാശ്ശേരി പട്ടികജാതി കോളനിയിലെ പ്രവൃത്തി റീ ടെണ്ടർ ചെയ്തുകഴിഞ്ഞു.

(സി) അല്ല.

(ഡി) രണ്ട് കോളനികളിലെയും പ്രവൃത്തികൾ ആരംഭിക്കുന്നതിന് നിലവിൽ പ്രതിബന്ധങ്ങൾ ഒന്നുംതന്നെയില്ല.

**കാട്ടാക്കട മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

19 (2714) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ ഭാഗമായി നവീകരിക്കുവാൻ ഭരണാനുമതി ലഭ്യമായ വിളപ്പിൽ നിലമേൽ കോളനി, പള്ളിച്ചൽ തേരിക്കാവിള കോളനി എന്നിവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലമേൽ കോളനിയുടെ കർമ്മപരിപാടിക്ക് ഭരണാനുമതി നൽകിയിരുന്നു. കർമ്മപരിപാടിയിൽ മാറ്റം വരുത്തണമെന്ന് കോളനിയിൽ കൂടിയ മോണിറ്ററിംഗ് കമ്മിറ്റി മിറ്റിംഗിൽ തീരുമാനിക്കുകയും ആയതിൻപ്രകാരം മാറ്റം വരുത്തി എജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

തേരിക്കാവിള കോളനിയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഡയറക്ടറേറ്റുതലത്തിലും ജില്ലാതലത്തിലും നിർമ്മാണ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു വരുന്നുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഏജൻസിക്ക് നിർദ്ദേശങ്ങൾ നൽകുകയും പ്രവൃത്തികൾ കുറ്റമറ്റതാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ ജോലി**

20 (2715) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ ജോലി ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വർഷം പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട യുവതീ യുവാക്കൾക്ക് Oil & Rig മേഖലയിൽ ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ/പൈപ്പ് ഫാബ്രിക്കേറ്റർ കോഴ്സ്, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് ഇൻ ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻ, നഴ്സിംഗ് മേഖലയിൽ IELTS/TOEFL/NEP കോഴ്സുകൾ എന്നിവയിൽ പരിശീലനം നൽകി വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2018-19 സാമ്പത്തികവർഷം Oil & Rig മേഖലയിൽ Pipe Fabricator/Industrial Electrician കോഴ്സിൽ 200 പേർക്കും സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻ കോഴ്സിൽ 100 പേർക്കും പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിനും NEP/IELTS കോഴ്സിന് 60 പേർക്കും IELTS/TOEFL കോഴ്സിന് 30 പേർക്കും പരിശീലനം നൽകുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) 1. Oil & Rig മേഖലയിൽ ഗൾഫ് രാജ്യങ്ങളിൽ തൊഴിലവസരങ്ങളുള്ള കോഴ്സിൽ 2017-18 വർഷം 150 പേർക്കും 2018-19 വർഷം 200 പേർക്കും പരിശീലനം നൽകുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. 2017-18 വർഷം പരിശീലനം പൂർത്തിയാക്കി, ആദ്യ ബാച്ചിലെ 50 പേരിൽ 20 പേർക്ക് വിദേശത്ത് ജോലി ലഭിച്ചിട്ടുണ്ട്. 27 പേരുടെ വിസ പ്രൊസസിംഗ് നടന്നുവരുന്നു. 100 പേരുടെ കൂടി പരിശീലനം പൂർത്തിയായിട്ടുണ്ട്. പ്ലേസ്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

2. ഹോട്ടൽ മാനേജ്മെന്റ് രംഗത്ത് വിദേശ രാജ്യങ്ങളിൽ തൊഴിൽ സാധ്യതയുള്ള ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോഴ്സിന് 2017-18, 2018-19 വർഷങ്ങളിൽ 100 പേർക്ക് വീതം പരിശീലനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2017-18 വർഷം പരിശീലനം പൂർത്തിയാക്കിയ 28 പേർക്ക് വിദേശത്ത് പ്ലെയിസ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് 75% പ്ലേയിസ്മെന്റ് ലഭ്യമാകുന്നതാണെന്ന് സ്ഥാപനം ഉറപ്പുനൽകിയിട്ടുണ്ട്.

3. നഴ്സിംഗ് പരിശീലനം പൂർത്തിയാക്കിയ 60 യുവതീ യുവാക്കൾക്ക് UK, Ireland, Quatar എന്നീ വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാകുന്ന നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം/IELTS കോഴ്സ് നടത്തുന്നതിന് 2017-18 വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്.

4. തൊഴിലിനും ഉപരിപഠനത്തിനും വിദേശ രാജ്യങ്ങളിൽ പോകുന്ന 30 പട്ടികജാതി ഗുണഭോക്താക്കൾക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യവും ആശയ വിനിമയശേഷിയിൽ നൈപുണ്യവും ലഭ്യമാക്കാനുതകുന്ന IELTS/TOEFL പരിശീലന പദ്ധതിക്കായി 2017-18 വർഷം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

## സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

21 (2716) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ആറന്മുള മണ്ഡലത്തിലെ ഇലന്തൂർ പഞ്ചായത്തിൽപ്പെട്ട ഏത് കോളനിയുടെ നവീകരണത്തിനാണ് തുക അനുവദിച്ചിരുന്നത്;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്; പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇലന്തൂർ പട്ടികജാതി കോളനി.

(ബി)
1. കുടിവെള്ള പദ്ധതി (ഡെപ്പോസിറ്റ് ടു വാട്ടർ അതോറിറ്റി)
2. കിണർ റിപ്പയറിംഗ് -3 എണ്ണം
3. സാംസ്കാരിക നിലയം റിനവേഷൻ
4. ലൈബ്രറി കെട്ടിട റിനവേഷൻ
5. ശ്മശാനത്തിന് സമീപം റെസ്റ്റിംഗ് ഷെഡ് നിർമ്മാണം
6. കോൺക്രീറ്റ് റോഡ്
7. വീട് മെയിന്റനൻസ് -40 എണ്ണം
8. സൈഡ് വാൾ/ലാന്റ് ഡെവലപ്മെന്റ്
9. സ്ട്രീറ്റ് ലൈറ്റ്
10. സൈഡ് ഡ്രെയിൻ-150 മീറ്റർ.

ഇവയിൽ ലൈബ്രറിയുടെ പില്ലർ കോൺക്രീറ്റിംഗ് പൂർത്തിയായി. സൈഡ് വാൾ 60% പൂർത്തിയായി.

(സി) ഇലന്തൂർ സ്വയം പര്യാപ്ത ഗ്രാമ നിർമ്മാണം സംബന്ധിച്ചുള്ള പരാതിയിൽ വിജിലൻസ് അന്വേഷണം നടത്തിവരുന്നു. വിശദാംശങ്ങൾ ലഭ്യമല്ല.

**പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി**

22 (2717) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തികവർഷം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പി. കെ. കാളൻ കുടുംബക്ഷേമപദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി ഇതിനകം എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതിയിൻകീഴിൽ നടപ്പ് വർഷം ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നല്കിയതെന്നും ആയവയുടെ നിലവിലെ അവസ്ഥയെക്കുറിച്ചും ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ മേഖലകൾക്കുപുറത്ത് എല്ലാ ജില്ലകളിലും ചിന്നിചിതറി താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളെ ദാരിദ്ര്യത്തിൽനിന്നും കരകയറ്റുന്നതിന് കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കി പരമാവധി നിലവിലുള്ള സ്കീമുകളെ പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി. ഇതിനായി 25 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എ.റ്റി.എസ്.പി. പദ്ധതി മുഖേനയും ഒരു ഭാഗം ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും പദ്ധതി വിഹിതം വകയിരുത്തണം. പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ആരോഗ്യം, കുടിവെള്ള സൗകര്യങ്ങൾ, ശുചിത്വ സംവിധാനങ്ങൾ, കൃഷിയും ജലസേചനവും, ക്ഷീരവികസനം, മൃഗസംരക്ഷണം, ഉദ്യാനകൃഷി, മത്സ്യകൃഷി, തയ്യൽ, മറ്റ് സ്വയം തൊഴിൽ പരിപാടികൾ, മൈക്രോ സംരംഭങ്ങൾ, മണ്ണ് സംരക്ഷണം, പുരയിട സംരക്ഷണം, വിദ്യാഭ്യാസം, പട്ടികവർഗ്ഗ കുട്ടികളുടെയും സ്ത്രീകളുടെയും

വയോജനങ്ങളുടെയും ട്രാൻസ്ജൻഡറുകളുടെയും ശാക്തീകരണവുമായി ബന്ധപ്പെട്ട പരിപാടികൾ, പട്ടികവർഗ്ഗക്കാരുടെ സ്ഥായിയായ വികസനത്തിനുതകുന്ന മറ്റ് ആവശ്യാധിഷ്ഠിത കർമ്മ പരിപാടികൾ എന്നീ പ്രവൃത്തികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനനുസരിച്ചുള്ള മൈക്രോ പ്ലാൻ പ്രോജക്ടുകൾ പ്രാദേശികമായി വരുന്ന മുറയ്ക്കാണ് പദ്ധതി ഏറ്റെടുത്ത് നടപ്പിൽ വരുത്തുക.

(ബി) പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി ഇതിനകം ആരംഭിച്ചിട്ടുള്ളത് ആലപ്പുഴ നിയോജകമണ്ഡലത്തിലാണ്.

2018-19 വർഷം പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ ടി. പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ 142 കുടുംബങ്ങളുടെ വ്യക്തിഗത കുടുംബ മൈക്രോ പ്ലാൻ പദ്ധതിയ്ക്ക് 5.01 കോടി രൂപയ്ക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 3 ഘട്ടങ്ങളിലായി 56 വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഉൽപ്പന്ന നിർമ്മാണത്തിൽ പരിശീലനം നൽകുകയും പ്രതിദിനം 300 രൂപ വരുമാനം ലഭ്യമാക്കിയും വരുന്നു. വീട് പുനരുദ്ധാരണ പ്രവൃത്തി ആവശ്യപ്പെട്ടിരുന്ന 63 കുടുംബങ്ങളിൽ 52 കുടുംബങ്ങളുടെ വീടിന്റെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചു. 142 കുടുംബങ്ങളെയും കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കയർ പ്രവർത്തനത്തിലേർപ്പെടുന്ന കുടുംബങ്ങളുടെ സംഗമം നടത്തുകയും ആരോഗ്യ സംരക്ഷണം വേണ്ടവർക്കുള്ള പ്രവൃത്തികൾ സർക്കാർ മെഡിക്കൽ കോളേജ് നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു.

പാലക്കാട്-മലമ്പുഴ ഗ്രാമപഞ്ചായത്തിൽ 74 ഒറ്റപ്പെട്ട പട്ടിക വർഗ്ഗ കുടുംബങ്ങളുടെ മൈക്രോ പ്ലാൻ നടപ്പിലാക്കുന്നതിനായി 5.64 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും അതിജീവന-ഉപജീവന പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖേനയും നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് മണ്ഡലത്തിലെ പാറേക്കാട്, ഇടിവെണ്ണ കോളനികളിൽ സമഗ്ര വികസനം ലക്ഷ്യമാക്കി അംബേദ്കർ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## റ്റി. എസ്. പി. പ്രകാരമുള്ള പദ്ധതികൾ

23 (2718) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റ്റി.എസ്.പി. പ്രകാരം ഈ സർക്കാർ നാളിതുവരെ വാമനപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി റിപ്പോർട്ട് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) വാമനപുരം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റ്റി.എസ്.പി. പ്രകാരം അനുവദിച്ച പദ്ധതികളും അവയുടെ പുരോഗതി വിവരവും അനുബന്ധമായി* ചേർക്കുന്നു.

## കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി

24 (2719) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പോഷകസമൃദ്ധമായ ആഹാരം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി എത്ര ഊരുകളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്രനേരത്തെ ഭക്ഷണമാണ് നൽകി വരുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അട്ടപ്പാടിയിൽ 192 ഊരുകളിലായി 198 സെന്ററുകളിലും വയനാട് ജില്ലയിൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ 45 ഊരുകളിലും കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർ, കിടപ്പുരോഗികൾ എന്നിവർക്ക് രണ്ട് നേരവും വൃദ്ധർക്ക് ഒരു നേരവും (വൈകുന്നേരം) കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി പ്രകാരം ഭക്ഷണം നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രാവിലെ ഇഡ്ഡലി, ഉപ്പുമാവ്, അവൽ, റാഗി, ദോശ, കറികൾ മുതലായവയും വൈകുന്നേരം ഊണ്, ചെറുധാന്യ കറികൾ, പയർ വർഗ്ഗക്കറികൾ, പച്ചക്കറികൾ, സോയചങ്ക്സ് കറികൾ, ഇറച്ചി മുതലയാവയും നൽകിവരുന്നു.

## പട്ടികവർഗ്ഗ മേഖലയിലെ ആരോഗ്യ സംബന്ധമായ സ്ഥാപനങ്ങൾ

25 (2720) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിന്റെ പരിധിയിൽ പട്ടികവർഗ്ഗ പദ്ധതിപ്രകാരം ആവിഷ്കരിച്ച പട്ടികവർഗ്ഗ മേഖലയിലെ ആരോഗ്യ സംബന്ധമായ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) വാമനപുരം മണ്ഡലത്തിന്റെ പരിധിയിൽ പട്ടികവർഗ്ഗ മേഖലയിൽ ഇടിഞ്ഞാറിൽ ഒരു ഗവ. ആയുർവേദ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു.

(ബി) ടി സ്ഥാപനത്തിൽ മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, അറ്റൻഡർ, പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെ 4 ജീവനക്കാർ സേവനമനുഷ്ഠിച്ചുവരുന്നു. ഡിസ്പെൻസറിയിലെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് പരിശോധനകൾ നടത്തി ആവശ്യമായ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു.

## റസിഡൻഷ്യൽ സ്കൂളുകൾ

26 (2721) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ എത്ര റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ട്; പ്രസ്തുത സ്കൂളുകളിലെ ജീവനക്കാരുടെ നിയമനരീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാന വികസനത്തിന് ഫണ്ട് ലഭ്യമാക്കുന്നത് ഏത് വകുപ്പാണ്; വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ ഇത്തരത്തിലുള്ള എത്ര റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ട്; കട്ടേല ഡോ.അംബേദ്കർ മെമ്മോറിയൽ സ്കൂളിനുവേണ്ടി 2016 മുതൽ എന്തു തുക ചെലവഴിച്ചു; പ്രസ്തുത സ്കൂളിനായി തിരുവനന്തപുരം നഗരസഭ ചെലവഴിച്ച തുക എത്ര; ഏതൊക്കെ പദ്ധതികൾക്കായാണ് ചെലവഴിച്ചത്; ഇതിനായി മാറ്റിവച്ച തുകയിൽ ചെലവഴിക്കാത്ത തുക എത്ര; ഈ വിഷയങ്ങൾ ഓഡിറ്റ് വിഭാഗം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിൻകീഴിൽ നിലവിൽ 9 എം.ആർ.എസ്.-കളും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 20 എം.ആർ.എസ്.-കളും പ്രവർത്തിക്കുന്നുണ്ട്.

പ്രസ്തുത എം.ആർ.എസ്.-കളിലെ അദ്ധ്യാപക ജീവനക്കാരെ വിദ്യാഭ്യാസ വകുപ്പിൽ നിന്നും അനദ്ധ്യാപക ജീവനക്കാരെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നുമാണ് നിയമിക്കുന്നത്.

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള സ്കൂളുകൾക്ക് പട്ടികജാതി വികസന വകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്കൂളുകൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പുമാണ് ഫണ്ട് അനുവദിക്കുന്നത്.

(സി) 3 സ്കൂളുകൾ പ്രവർത്തിക്കുന്നു.

2016 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു:

1,84,38,272 രൂപ എം.ആർ.എസ്.-ന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായും 87,59,829 രൂപ ഹോസ്റ്റൽ കെട്ടിടത്തിന്റെ മെസ് ഹാൾ ആന്റ് റിനൊവേഷൻ ജോലികൾക്കും ഉൾപ്പെടെ ആകെ 2,71,98,101 രൂപ കട്ടേല എം.ആർ.എസ്.-ന്റെ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്.

<u>2017 വർഷം</u>

1,49,05,436 രൂപ എം.ആർ.എസ്.-ന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 12 എം.ആർ.എസ്.-കൾക്ക് സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിന് 32,82,420 രൂപ ചെലവഴിച്ചിട്ടുണ്ട്.

കട്ടേല എം.ആർ.എസ്. ഉൾപ്പടെ 11 എം.ആർ.എസ്.-കൾക്ക് കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിന് 2,13,43,113 രൂപ ചെലവഴിച്ചിട്ടുണ്ട്.

കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 16 എം.ആർ.എസ്.-കൾക്ക് സ്റ്റീമർ സെറ്റ് സ്ഥാപിക്കുന്നതിന് 2,60,52,432 രൂപ ചെലവഴിച്ചിട്ടുണ്ട്.

കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 13 എം.ആർ.എസ്.-കൾക്ക് സാനിട്ടറി നാപ്കിൻ സ്ഥാപിക്കുന്നതിന് 11,39,424 രൂപ ചെലവഴിച്ചിട്ടുണ്ട്.

കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 13 എം.ആർ.എസ്.-കൾക്ക് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 65,99,175 രൂപ ചെലവഴിച്ചിട്ടുണ്ട്.

കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 11 എം.ആർ.എസ്.കൾക്ക് മിന്നൽ രക്ഷാ ചാലകം സ്ഥാപിക്കുന്നതിന് 46,20,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 18 എം.ആർ.എസ്.-കൾക്ക് സി.സി.ടി.വി. സ്ഥാപിക്കുന്നതിന് 2,37,77,297 രൂപ ചെലവഴിച്ചിട്ടുണ്ട്.

കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 18 എം.ആർ.എസ്.-കൾക്ക് വാട്ടർ ഫിൽറ്ററേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് 80,96,964 രൂപ ചെലവഴിച്ചിട്ടുണ്ട്.

കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 18 എം.ആർ.എസ്.-കൾക്ക് സയൻസ് കിറ്റ് സ്ഥാപിക്കുന്നതിന് 44,72,280 രൂപ ചെലവഴിച്ചിട്ടുണ്ട്.

കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 5 എം.ആർ.എസ്.-കൾക്ക് മൾട്ടിപർപ്പസ് കോർട്ട് സ്ഥാപിക്കുന്നതിന് 3,26,58,940 രൂപ ചെലവഴിച്ചിട്ടുണ്ട്.

2018 വർഷം

80,81,280 രൂപ എം.ആർ.എസ്.-ന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 26-11-2018 വരെ ചെലവഴിച്ചിട്ടുണ്ട്.

സ്കൂൾ ബിൽഡിംഗ് മുതൽ ഹോസ്റ്റൽ വരെ നടപ്പാതയും മാനേജർ ക്യാബിൻ നിർമ്മിക്കുന്നതിനും 24,99,996 രൂപ ഉത്തരവായിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭയിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

കട്ടേല എം.ആർ.എസ്.-ൽ 30-1-2017-ന് കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ നിന്നും ഫിനാൻസ് ഇൻസ്പെക്ഷൻ ആഫീസർ പരിശോധന നടത്തിയിട്ടുണ്ട്.

## എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായം

27 (2722) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായത്തിനായി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും ഓരോരുത്തർക്കും എത്ര തുക വീതമാണ് നൽകിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായത്തിനായി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നിന്ന് 576 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

പട്ടികവർഗ്ഗ വിഭാഗക്കാരിൽ ചികിത്സാ ധനസഹായത്തിനായി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽനിന്നും അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

(ബി) പട്ടികജാതി വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായത്തിനായി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ചിട്ടുള്ള 576 അപേക്ഷകളിൽ 549 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | അനുവദിച്ച തുക | അപേക്ഷകരുടെ എണ്ണം | ആകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2000 | 8 | 16000 |
| 2 | 2500 | 1 | 2500 |
| 3 | 3000 | 23 | 69000 |
| 4 | 3500 | 1 | 3500 |
| 5 | 4000 | 5 | 20000 |
| 6 | 5000 | 194 | 970000 |
| 7 | 7000 | 6 | 42000 |
| 8 | 8000 | 2 | 16000 |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | 10000 | 90 | 900000 |
| 10 | 12000 | 1 | 12000 |
| 11 | 12500 | 4 | 50000 |
| 12 | 15000 | 75 | 1125000 |
| 13 | 20000 | 41 | 820000 |
| 14 | 25000 | 28 | 700000 |
| 15 | 30000 | 3 | 90000 |
| 16 | 35000 | 4 | 140000 |
| 17 | 37500 | 1 | 37500 |
| 18 | 40000 | 6 | 240000 |
| 19 | 50000 | 55 | 2750000 |
| 20 | 100000 | 1 | 100000 |
| | ആകെ | 549 | 81,03,500 |

**ചികിത്സാ ധനസഹായ അപേക്ഷയിലുണ്ടായ കാലതാമസം**

28 (2723) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും എസ്.സി./എസ്.ടി. വിഭാഗത്തിൽ ചികിത്സാ ധനസഹായത്തിനായി 14-12-2017-ൽ എം.എൽ.എ. മുഖേന അപേക്ഷ നൽകിയിരുന്ന ശ്രീ. കുമാരൻ കാരിമറ്റത്തിൽ, കാഞ്ഞിരത്താനം കോട്ടയം എന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ശ്രീ. കുമാരന് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എം.എൽ.എ.യ്ക്കോ അപേക്ഷകനോ മറുപടി നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; ചികിത്സാ ധനസഹായ അപേക്ഷകളിൽ ശിപാർശ ചെയ്ത എം.എൽ.എ.മാർക്ക് മറുപടി കത്ത് നൽകുന്നതിനായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ശ്രീ. കുമാരൻ, കാരിമറ്റത്തിൽ, കാഞ്ഞിരത്താനം, കോട്ടയം എന്നയാൾ ഉഴവൂർ ബ്ലോക്ക് പരിധിയിലുള്ള ആളാണ്. പക്ഷേ ടിയാൾ t-grantz സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചത് കടുത്തുരുത്തി ബ്ലോക്കിലേക്കാണ്. എന്നാൽ അനുബന്ധരേഖകൾ ഉഴവൂർ ബ്ലോക്കിലാണ് നൽകിയത്. രേഖകൾ പരിശോധനയ്ക്കായി ലഭിക്കാതിരുന്നതിനാൽ കടുത്തുരുത്തി ബ്ലോക്കിൽനിന്ന് അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുവാൻ കഴിഞ്ഞില്ല. ഉഴവൂർ ബ്ലോക്കിൽനിന്ന് രേഖകൾ വാങ്ങി കടുത്തുരുത്തി ബ്ലോക്കിൽനിന്നുതന്നെ തുടർനടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ചികിത്സാ ധനസഹായ അപേക്ഷകൾ അനുവദിക്കുമ്പോൾ എം.എൽ.എ.മാർക്ക് സിസ്റ്റം ജനറേറ്റഡ് ഇ-മെയിൽ നൽകിവരുന്നുണ്ട്.

**ആലത്തൂർ നിയോജകമണ്ഡലത്തിൽ ചികിത്സാ ധനസഹായം**

29 (2724) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന എത്ര പേർക്ക്ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്; ആകെ എത്ര തുക നൽകിയിട്ടുണ്ട്; അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ആലത്തൂർ, കുഴൽമന്ദം, നെന്മാറ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 1054 പേർക്ക് ചികിത്സാ ധനസഹായമായി 1,65,90,700 രൂപ (ഒരു കോടി അറുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറായിരത്തി ഏഴുന്നൂറ് രൂപ) നൽകിയിട്ടുണ്ട്.

(ബി)

| ബ്ലോക്ക് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| ആലത്തൂർ | 571 | 9075000 |
| കുഴൽമന്ദം | 264 | 3849500 |
| നെന്മാറ | 219 | 3666200 |

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ സഹായം

30 (2725) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ സഹായ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾവഴി നൽകിയിട്ടും രോഗികൾക്ക് തുക ലഭിക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ചികിത്സാ സഹായത്തിനായി അപേക്ഷ നൽകിയവർക്ക് ചികിത്സാ സഹായം വൈകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇവർക്ക് ചികിത്സാ സഹായ വിതരണം വേഗത്തിലാക്കുന്നതിന് നടപടിയെടുക്കുമോ?

### ഉത്തരം

(എ) ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം t-grantz software-വഴി നൽകുന്ന നിലവിലെ സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരികയാണ്.

ടി-ഗ്രാന്റ്സ് സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ചികിത്സാ സഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല.

ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള ഗുണഭോക്താക്കൾ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കപ്പെട്ട തുക കാലതാമസം കൂടാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

## മലക്കപ്പാറ പി.എച്ച്.സി. സബ് സെന്ററിൽ ആംബുലൻസ്

31 (2726) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലക്കപ്പാറ പി.എച്ച്.സി.സബ് സെന്ററിൽ ആംബുലൻസ് അനുവദിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് അടിയന്തരമായി ആംബുലൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ പട്ടിക വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായം

32 (2727) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നത്തിനുശേഷം പട്ടികവിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായ പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിൽ നാളിതുവരെ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 2,44,71,350 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1,59,55,012 രൂപയും നാളിതുവരെ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ ചകിത്സാ ധനസഹായം

33 (2728) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷയിൻമേൽ നിലവിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അക്ഷയ സെന്ററുകൾവഴി അപേക്ഷ സമർപ്പിച്ചിരുന്നു എങ്കിലും നാളിതുവരെ അക്ഷയ സെന്ററിന് തുക ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷയിൽ മതിയായ തുക ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാൻസർ, വൃക്കരോഗം പോലെ തുടർചികിത്സ ആവശ്യമായ രോഗികൾക്ക് നിശ്ചിത കാലയളവിൽ തുക നൽകാൻ തീരുമാനമെടുക്കുമോ;

(ഇ) എല്ലാ ബ്ലോക്ക് ഓഫീസുകളിലും നിലവിൽ ഡി.ആർ.എഫ്. അപേക്ഷകൾ കെട്ടിക്കിടക്കുകയാണ് എന്നുള്ളതിനാൽ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ തീർപ്പാക്കുന്നതിന് എസ്.സി. പ്രൊമോട്ടർ മാരുടെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പട്ടികജാതി വികസന വകുപ്പിൽ ചികിത്സാ ധനസഹായം അനുവദിക്കുന്നത് ഓൺ ലൈൻ അപേക്ഷ മുഖേനയായതിനാൽ തുക യഥാസമയംതന്നെ അനുവദിക്കുവാൻ കഴിയുന്നുണ്ട്. ഗുരുതരമായ രോഗം ബാധിച്ചവരും എം.പി./എം.എൽ.എ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ കോർപ്പറേഷൻ മേയർ/ നഗരസഭാ അദ്ധ്യക്ഷൻ എന്നിവരുടെ ശിപാർശയോടെ വരുന്ന അടിയന്തര പ്രാധാന്യമുള്ള അപേക്ഷകൾ പട്ടികജാതി വികസന ഓഫീസർ നേരിട്ട് ബഹു. വകുപ്പുമന്ത്രിയുടെ ഓഫീസിലേയ്ക്ക് അയയ്ക്കുകയും ആയതിന് അടിയന്തര പ്രാധാന്യത്തോടെതന്നെ തുക അനുവദിക്കുകയും ചെയ്തുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിൽ കാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റി വയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു. നിശ്ചിത കാലയളവിൽത്തന്നെ ചികിത്സാ ധനസഹായം നൽകിവരുന്നു.

(ഇ) നിലവിൽ ചികിത്സാ ധനസഹായം അനുവദിക്കുന്നത് ഓൺലൈൻ അപേക്ഷകൾ മുഖാന്തരമായതിനാൽ തുക യഥാസമയം അനുവദിക്കുവാൻ സാധിക്കുന്നുണ്ട്. ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ഉടൻ തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ബ്ലോക്ക് ഓഫീസുകളിൽ എസ്.സി. പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ ചികിത്സാ ധനസഹായത്തിനുള്ള കാലതാമസം

34 (2729) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ചികിത്സാ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് ടി.ഗ്രാൻറ്സ് വഴി നൽകുന്ന ചികിത്സാ ധനസഹായ അപേക്ഷകൾ കാലതാമസം നേരിടുന്നതായും നേരിട്ട് മന്ത്രി ഓഫീസുകളിൽ എത്തിക്കുന്ന അപേക്ഷകളുടെ തീരുമാനം വൈകുന്നതിനേക്കാൾ വലിയ കാലതാമസം ഈ ഓൺലൈൻ പോർട്ടൽ വഴി കാലതാമസം നേരിടുന്നതായും ഉള്ള പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ എത്ര ചികിത്സാ ധനസഹായ അപേക്ഷകൾ മന്ത്രിയുടെ ഓഫീസിലും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിലും 2018 നവംബർ 15 വരെ തീരുമാനമാകാതെ കിടക്കുന്നു; അവ ഏതെല്ലാം; എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചു; അവ ഏതെല്ലാം എന്നറിയിക്കാമോ;

(സി) അനുമതി ലഭിച്ച അപേക്ഷകളെക്കുറിച്ച് ഗുണഭോക്താക്കൾക്ക് വിവരം നൽകുന്നുണ്ടോ എന്നറിയിക്കാമോ; ഇല്ലായെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി ചികിത്സാ ധനസഹായ അപേക്ഷകളിൽ ഡോക്ടർ തുക എഴുതണമെന്നും ഐ.പി. നമ്പർ വേണമെന്നുമുള്ള വ്യവസ്ഥ പാവപ്പെട്ട രോഗികളെ ഏറെ ബുദ്ധിമുട്ടിക്കുന്നതായുള്ള പരാതിക്ക് പരിഹാരം കാണുമോ; ധനസഹായ അപേക്ഷകൾ ഓൺലൈനായി നൽകിയശേഷം ഹാർഡ് കോപ്പി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ഏൽപ്പിക്കുന്നത് അവസാനിപ്പിക്കും എന്ന് മന്ത്രി നൽകിയ ഉറപ്പ് എന്നേക്ക് പാലിക്കപ്പെടും എന്നറിയിക്കാമോ;

(ഇ) പി.എച്ച്.സി.കളിൽ ചികിൽസയ്ക്കായ് എത്തുന്നവർ ഇക്കാര്യത്തിൽ അനുഭവിക്കുന്ന ദുരിതത്തിന് അറുതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ; പട്ടികവർഗ്ഗ വിഭാഗത്തിനും ടി. ഗ്രാൻറ്സ് വഴി ധനസഹായ വിതരണം ആരംഭിച്ചിട്ടുണ്ടോ; ആയത് എന്നേക്ക് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടി ഗ്രാന്റ്സ് വഴി നൽകുന്ന ചികിത്സാ ധനസഹായ അപേക്ഷകളിന്മേൽ കാലതാമസം വരുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ 9 അപേക്ഷകൾ മന്ത്രിയുടെ ഓഫീസിലും പട്ടികജാതി വകുപ്പിലുമായി പരിഗണനയിലുണ്ട്. 2018-19 വർഷം 27 അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വകുപ്പിൽ ലഭിച്ച എല്ലാ അപേക്ഷകളിലും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(സി) അനുമതി ലഭിച്ച അപേക്ഷകളെക്കുറിച്ച് ഗുണഭോക്താക്കൾക്ക് വിവരം നൽകുന്നുണ്ട്.

(ഡി) ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് സംബന്ധിച്ച പരാതികൾ ലഭിക്കുന്ന പക്ഷം ഈ വിഷയം പരിശോധിക്കുന്നതാണ്.

(ഇ) ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം ഓൺലൈനായി നൽകുന്ന ടി-ഗ്രാന്റ്സ് സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയത് 2018-19 സാമ്പത്തിക വർഷത്തിൽത്തന്നെ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാ ധനസഹായം

35 (2730) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാ സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഇവയിൽ എത്ര എണ്ണത്തിന് ധനസഹായം നൽകി; ഒരു വർഷത്തിനുള്ളിൽ എത്ര രൂപയാണ് ഈയിനത്തിൽ ധനസഹായമായി നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഓരോന്നിനും ഏതൊക്കെ അസുഖങ്ങൾക്കാണ് ധനസഹായം നൽകുന്നത് ; ഓരോ വിഭാഗവും എന്തൊക്കെ രേഖകളാണ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത് ; ഓരോന്നിനും പ്രത്യേകം അപേക്ഷാ ഫോറം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) പട്ടികജാതി വിഭാഗത്തിനും പട്ടികവർഗ്ഗ വിഭാഗത്തിനും ഓൺലൈൻ വഴി അപേക്ഷ നൽകാമോ ; എന്തൊക്കെ രേഖകളാണ് ഇതുവഴി അപ്‌ലോഡ് ചെയ്യേണ്ടത്; അക്ഷയയും മറ്റും വഴി അപ്‌ലോഡ് ചെയ്യുമ്പോൾ ഈ വിഭാഗങ്ങൾക്ക് 50 രൂപയിൽ അധികം ചെലവാകും എന്ന കാര്യം സർക്കാർ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഓൺലൈൻ വഴിയുള്ള അപേക്ഷകൾ ലളിതമാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിൽ 26531 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 24423 എണ്ണത്തിന് ധനസഹായം നൽകി. ഒരു വർഷത്തിനുള്ളിൽ 36,60,91,700 (മുപ്പത്തിയാറ് കോടി അറുപത് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി ഏഴുന്നൂറ് രൂപ) രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ ആകെ 14923 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 14893 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ ആകെ 4,54,03,340 (നാല് കോടി അൻപത്തിനാല് ലക്ഷത്തി മൂവായിരത്തി മുന്നൂററി നാൽപത് രൂപ) രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) മാരകമായ രോഗം ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായ പട്ടികജാതി വിഭാഗങ്ങൾക്ക് അടിയന്തര ചികിത്സാ ധനസഹായമായി 1,00,000 രൂപവരെ അനുവദിച്ചുവരുന്നു.

വരുമാന പരിധി 1,00,000 രൂപയാണ്. ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (ഗുണഭോക്താവിന്റെ) എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഓരോന്നിനും പ്രത്യേകം അപേക്ഷാ ഫോം നൽകിയിട്ടില്ല.

- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ അപകടത്തെത്തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000 രൂപ ധനസഹായം അനുവദിക്കുന്നു.

• കാൻസർ, ഹൃദയശസ്ത്രക്രീയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു.

• മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു.

• സഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

• ഓരോ അസുഖത്തിനും പ്രത്യേകം അപേക്ഷാ ഫോറം നിലവിൽ ഇല്ല.

(സി) പട്ടികജാതി വിഭാഗത്തിന് ചികിത്സാ ധനസഹായത്തിന് ഓൺലൈൻ വഴിയാണ് അപേക്ഷ നൽകേണ്ടത്. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (ഗുണഭോക്താവിന്റെ) എന്നിവ അപേക്ഷയോടൊപ്പം സൈറ്റിൽ അപ്‌ലോഡ് ചെയ്യണം.

അക്ഷയ മുഖേന അപേക്ഷകൾ അപ്‌ലോഡ് ചെയ്യുന്നതിന് ഒരു ഗുണഭോക്താവിന് 45 രൂപ നിരക്കിൽ വകുപ്പിൽ നിന്നും അക്ഷയയ്ക്ക് സർവ്വീസ് ചാർജ്ജ് അനുവദിച്ചുവരുന്നു. എന്നാൽ ഗുണഭോക്താവിന് ഈ ഇനത്തിൽ 50 രൂപയിൽ അധികം ചെലവാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓൺലൈൻ വഴിയുള്ള അപേക്ഷകൾ ലളിതമാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

ചികിത്സാ ധനസഹായം ഓൺലൈനായി നൽകുന്ന ടി-ഗ്രാന്റ്സ് സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അതിരപ്പിള്ളി ട്രൈബൽ ഗേൾസ് ഹോസ്റ്റൽ

36 (2731) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിൽപ്പെട്ട വെറ്റിലപ്പാറയിൽ എക്സ് സർവ്വീസ് മെൻ കോളനി സംഘം വിട്ട് നൽകിയ 50 സെന്റ് സ്ഥലത്ത് ട്രൈബൽ ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് വഴി സമർപ്പിച്ചിട്ടുള്ള ഇതിനായുള്ള എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയ 5.59 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചുവരുന്നു.

**വാരപ്പെട്ടി പഞ്ചായത്തിലെ ഇഞ്ചൂരിൽ പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കായി മോഡൽ റസിഡൻസ് സ്കൂൾ**

37 (2732) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഇഞ്ചൂരിൽ 6 ഏക്കറിൽ അധികം വരുന്ന സർക്കാർ വക സ്ഥലത്ത് പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കായി ഒരു മോഡൽ റസിഡൻസ് സ്കൂൾ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം പട്ടികവർഗ്ഗ വകുപ്പിന് വിട്ടുകിട്ടുന്നത് ഉൾപ്പെടെ ഈ സ്ഥലത്ത് മോഡൽ റസിഡൻസ് സ്കൂൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് മോഡൽ റസിഡൻസ് സ്കൂൾ സ്ഥാപിച്ചാൽ കോതമംഗലം മണ്ഡലത്തിൽ ആദിവാസി കോളനികളിലെ കുട്ടികൾക്കും, അടിമാലി അടക്കമുള്ള സമീപ പ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കുമെല്ലാം പ്രയോജനം ലഭിക്കുന്നതിനാൽ പ്രസ്തുത സ്ഥലത്ത് മോഡൽ റസിഡൻസ് സ്കൂൾ സ്ഥാപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) കോതമംഗലം താലൂക്കിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഇഞ്ചൂരിൽ 125/1 എ/36-5/125/1 എ/37-6, 125/1 എ/8-2 സർവ്വേ നമ്പരുകളിൽപ്പെട്ട 6 ഏക്കർ 33 സെന്റ് സ്ഥലം മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ടി സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടുകിട്ടുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ**
**വായ്പാ പദ്ധതികൾ**

38 (2733) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന വിവിധ വായ്പാ പദ്ധതികളിലായി എത്ര പേർക്ക് വായ്പ നൽകിയിട്ടുണ്ട്;

(ബി) ഇതിനകം ആകെ എത്ര കോടി രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്;

(സി) പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന വായ്പകളും അവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും എന്തൊക്കയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 13831

(ബി) 175.26 കോടി രൂപ

(സി) അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു+.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടി

39 (2734) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകിയ വായ്പകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) അത് സംബന്ധിച്ച എത്ര അപേക്ഷകൾ തീർപ്പാക്കുന്നതിനായി ശേഷിക്കുന്നുണ്ട്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുത്തിട്ട് അത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്തവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം വായ്പാ കുടിശ്ശിക വരുത്തിയവരെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടിവർഗ്ഗ വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതിത്തള്ളുന്ന പദ്ധതിയും പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2014-ന് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതിയും നിലവിലുണ്ട്.

(ബി) വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 73 അപേക്ഷകളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 1360 അപേക്ഷകളും തീർപ്പാക്കാനായി അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) തിരിച്ചടയ്ക്കുവാൻ സാധിക്കാത്തവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയും വീടും

40 (2735) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) അവരിൽ വീട് വയ്ക്കുവാൻ സ്വന്തമായി ഭൂമിയില്ലാത്തവർ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) പട്ടിക വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീടും, ഭൂരഹിതരും ഭവനരഹിതരുമായവർക്ക് ഭൂമിയുൾപ്പെടെ വീടും നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) ലൈഫ് മിഷൻ തയ്യാറാക്കിയ പട്ടികപ്രകാരം ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 22614-ഉം പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 9143-ഉം ആണ്. വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു. ഭൂമിയില്ലാത്ത ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ ലിസ്റ്റ് അന്തിമമാക്കിയിട്ടില്ല.

(സി) പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വാസയോഗ്യമായ വീടില്ലാത്ത സ്വന്തമായി ഭൂമിയുള്ള 50,000 രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ 4 ഗഡുക്കളായി 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.

ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം പഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000 രൂപയും കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 3 സെന്റ് വാങ്ങുന്നതിന് 6,00,000 രൂപയും ധനസഹായം നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് 5 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 6 ലക്ഷം രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം നൽകിവരുന്നുണ്ട്. ഇതിനുപുറമെ ലൈഫ് മിഷൻ പദ്ധതിപ്രകാരം ഭവനരഹിതരായ സ്വന്തമായി ഭൂമിയുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും നൽകിവരുന്നുണ്ട്. 6130 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുകഴിഞ്ഞു. ഭൂമിയും വീടും ഇല്ലാത്തവർക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭവന സമുച്ചയങ്ങളും നിർമ്മിച്ചു നൽകുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി വീട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 6033 ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും അവയിൽ 1655 ഗുണഭോക്താക്കൾ വീടുകളുടെ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി 3-3-2018-ലെ സ. ഉ. (കൈ.) നമ്പർ 21/2018/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം ആവിഷ്കരിച്ചിട്ടുണ്ട്. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി പരിശോധനയ്ക്കുശേഷം വിലനിർണ്ണയം നടത്തി വാങ്ങി വിതരണം ചെയ്യുന്നു.

**ഭൂരഹിത പട്ടികജാതി കുടുംബങ്ങൾ**

41 (2736) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ സ്ഥലം അനുവദിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണ്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഗുണഭോക്താവ് വാർഡ് സഭ/ഗ്രാമസഭ എന്നീ ലിസ്റ്റുകളിൽ ഉൾപ്പെട്ട 55 വയസ്സ് കഴിയാത്ത വ്യക്തിയായിരിക്കണം. വാർഷിക വരുമാന പരിധി 50000 കുടുംബാംഗങ്ങളുടെ പേരിൽ സ്വന്തമായി ഭൂമിയില്ലെന്നും കുടുംബാവകാശമായി ഭൂമി ലഭിക്കാനില്ലെന്നും തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം എന്നിയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നു.

(സി) ബന്ധപ്പെട്ട ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിലുള്ള പട്ടികജാതി വികസന ആഫീസർ.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി**

42 (2737) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിലേക്കായി 2017-18 വർഷം നീക്കിവച്ച തുക പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷം പട്ടികജാതി വിഭാഗത്തിന് ഭൂമി വാങ്ങുന്നതിനായി വകയിരുത്തിയ 180 കോടി രൂപയിൽ 1,79,50,54,498 രൂപ വിനിയോഗിച്ചു.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും, വിവിധ പുനരധിവാസ പദ്ധതികൾക്കുമായി വകയിരുത്തിയ 47.31 കോടി രൂപയിൽ നിന്നും അർഹതയുള്ള പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി 10,79,36,612 രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | ജില്ല | പട്ടികജാതി വികസന വകുപ്പ് | പട്ടികവർഗ്ഗ വികസന വകുപ്പ് |
|---|---|---|---|
| 1 | തിരുവനന്തപുരം | 22,98,82,100 | |
| 2 | കൊല്ലം | 17,13,90,000 | |
| 3 | പത്തനംതിട്ട | 9,27,75,000 | 90,01,092 |
| 4 | ആലപ്പുഴ | 9,10,20,000 | 1,00,00,000 |
| 5 | കോട്ടയം | 10,70,72,500 | 2,57,99,673 |
| 6 | ഇടുക്കി | 8,47,17,000 | |
| 7 | എറണാകുലം | 17,58,69,460 | 43,55,018 |
| 8 | തൃശ്ശൂർ | 15,43,03,500 | 1,10,000 |
| 9 | പാലക്കാട് | 17,68,41,844 | 1,56,22,267 |
| 10 | മലപ്പുറം | 11,07,44,294 | |
| 11 | കോഴിക്കോട് | 13,55,73,800 | |
| 12 | വയനാട് | 6,49,15,000 | |
| 13 | കണ്ണൂർ | 9,33,75,000 | |
| 14 | കാസർഗോഡ് | 10,65,75,000 | 4,30,48,562 |
| | ആകെ | 1,79,50,54,498 | 10,79,36,612 |

**പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം**

43 (2738) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് നിർമ്മാണ സാമഗ്രികൾ എത്തിക്കാൻ തന്നെ പ്രസ്തുത തുകയുടെ ഭൂരിഭാഗം ചെലവാകും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ അനുവദിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് വ്യാപക പരാതി ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ കൂടുതൽ തുക അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 4 ലക്ഷം രൂപ.

(ബി & സി) ഉണ്ട്.

(ഡി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഭവന പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ പ്രകാരം ഭവന നിർമ്മാണ ധനസഹായ തുക നാല് ലക്ഷമായി ക്രമീകരിച്ചിട്ടുള്ളതിനാൽ തുക ഏകപക്ഷീയമായി വർദ്ധിപ്പിക്കാനാകില്ല.

**ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്ന പദ്ധതി**

44 (2739) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭവനരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി എന്താണെന്നും ആയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ളവരും 50,000 രൂപ വരെ വാർഷിക വരുമാനമുള്ളവരുമായ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഗൃഹനിർമ്മാണത്തിനായി 4 ലക്ഷം രൂപ 4 ഗഡുക്കളായി 15%, 30%, 40%, 15% എന്നീ ക്രമത്തിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് ധനസഹായം നൽകിവരുന്നത്. ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകാത്തയിടങ്ങളിൽ പത്രപരസ്യത്തിലൂടെ നേരിട്ട് അപേക്ഷ ക്ഷണിച്ച് ഗുഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

ജാതി, വരുമാനം, കൈവശാവകാശം, തിരിച്ചറിയൽ രേഖകൾ മുമ്പ് ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന റവന്യൂ അധികാരിയുടെ സാക്ഷ്യപത്രം, അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

2018-19 വർഷം മുതൽ സംസ്ഥാന സർക്കാർ ലൈഫ് മിഷൻ പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നവർക്കാണ് ധനസഹായം നൽകുന്നത്.

## പ്രളയത്തിൽ വീട് നഷ്ടപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ

45 (2740) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് പൂർണ്ണമായി വീടും സ്ഥലവും നഷ്ടപ്പെട്ടിട്ടുള്ളത്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

പ്രാഥമിക വിലയിരുത്തലനുസരിച്ചുള്ള വിശദാംശങ്ങൾ ഇപ്രകാരമാണ്.

| | പട്ടികജാതി കുടുംബങ്ങൾ | പട്ടികവർഗ്ഗ കുടുംബങ്ങൾ |
|---|---|---|
| വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർ | 2733 | 729 |
| സ്ഥലം നഷ്ടപ്പെട്ടവർ | 165 | 425 |

ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ ഭവനരഹിതരായ കുടുംബങ്ങൾ

46 (2741) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇവർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഭവനരഹിതരായ 335 പട്ടികജാതി കുടുംബങ്ങളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| | | |
|---|---|---|
| 1 | വാണിയംകുളം | 62 |
| 2 | അനങ്ങനടി | 60 |
| 3 | തൃക്കടീരി | 48 |
| 4 | നെല്ലായ | 54 |
| 5 | ചളവറ | 65 |
| 6 | വെള്ളിനെരി | 12 |
| 7 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | 32 |
| 8 | ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി | 2 |
| | ആകെ | 335 |

മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർ വസിക്കുന്നില്ല.

(ബി) 2018-19 വർഷം മുതൽ ലൈഫ് മിഷൻ മുഖേന ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീട് നൽകുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**മാനന്തവാടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

47 (2742) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികവർഗ്ഗ കോളനികളിലെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മേൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മാനന്തവാടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ 9 പട്ടികവർഗ്ഗ കോളനികളുടെ പ്രോജക്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുമായി ഉടമ്പടിയിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനായി പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് അടിയന്തരമായി തയ്യാറാക്കി നൽകുന്നതിന് നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മങ്കട നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

48 (2743) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയുടെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിലെ കുറുവ ഗ്രാമപഞ്ചായത്തിലെ പാങ്ങ് അമ്പലപ്പറമ്പ് കോളനിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മങ്കട നിയോജകമണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. മങ്കട നിയോജകമണ്ഡലത്തിലെ അടിസ്ഥാന സൗകര്യങ്ങൾ അത്യാവശ്യമുള്ള മറ്റ് രണ്ട് കോളനികളെ തെരഞ്ഞെടുത്തിട്ടുള്ളതിനാലാണ് ടി കോളനിയെ തെരഞ്ഞെടുക്കാതിരുന്നത്.

(ബി) മങ്കട നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ചൊവ്വാണ എസ്.സി. കോളനി, കളത്തിൽ ചാളക്കൽ പട്ടികജാതി കോളനി എന്നിവയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഉടൻതന്നെ ടി കോളനികളിലെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**മാതൃകാ കോളനികൾ**

49 (2744) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന എത്ര കോളനികൾക്കാണ് മാതൃകാ കോളനികളാക്കി മാറ്റുന്നതിനുള്ള 1 കോടി രൂപ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾക്കാണ് ഈ തുക അനുവദിച്ചതെന്നും ഈ തുക അനുവദിച്ച് വർഷങ്ങളായിട്ടും പണി തുടങ്ങാത്ത എത്ര കോളനികൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) മാതൃകാ കോളനികൾക്കായി തുക അനുവദിച്ച് പണി പൂർത്തീകരിച്ചതും പ്രവൃത്തി ആരംഭിച്ചതുമായ എത്ര കോളനികളുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിപ്രകാരം 101 സങ്കേതങ്ങളുടെ വികസനത്തിനായി ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് 267 സങ്കേതങ്ങളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്ത് ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് കാസർഗോഡ് ജില്ലയിൽ 8 സങ്കേതങ്ങൾ തെരഞ്ഞെടുത്തതിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് 10 സങ്കേതങ്ങളെ തെരഞ്ഞെടുത്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ശേഖരിച്ചുവരുന്നു.

## നാദാപുരം മണ്ഡലത്തിലെ കോളനികളുടെ സമഗ്ര വികസനം

50 (2745) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ, വാണിമേൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ വായാട്, പന്നിയേരി, കുറ്റല്ലൂർ, മാടഞ്ചേരി എന്നീ കോളനികളുടെ സമഗ്ര വികസന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ?

### ഉത്തരം

എ.റ്റി.എസ്.പി. 2015-16 സമഗ്രവികസന പദ്ധതി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിന് 7 പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുക്കുകയും ടി പദ്ധതി നടപ്പിലാക്കുന്നതിന് 1005.2 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ടി കോളനികളിൽ ഉൾപ്പെട്ടിരുന്ന വായാട്, പന്നിയേരി, കുറ്റല്ലൂർ, മാടഞ്ചേരി എന്നീ കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് 704.55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതുപ്രകാരം നിർവ്വഹണ ഏജൻസിയായ എഫ്.ഐ.റ്റി. ആലുവ എന്ന സ്ഥാപനത്തിന് 140.91 ലക്ഷം രൂപ മൊബിലൈസേഷൻ തുകയായി അനുവദിച്ചു നൽകിയിരുന്നു. ബാക്കി തുകയായ 563.64 ലക്ഷം രൂപ ജില്ലാകളക്ടർ കോഴിക്കോടിന്റെയും ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ കോഴിക്കോടിന്റെയും ജോയിന്റ് ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. പദ്ധതി സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു:

| കോളനി | ഭരണാനുമതി തുക | പദ്ധതിയുടെ പുരോഗതി |
|---|---|---|
| കുട്ടല്ലൂർ കോളനി | 208.94 | 145.19 |
| പന്നിയേരി കോളനി | 176.95 | 50.74 |
| മാടഞ്ചേരി കോളനി | 202.91 | 43.36 |
| വായാട് കോളനി | 115.75 | പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല |
| ആകെ | 704.55 | |

## അംബേദ്കർ സ്വയംപര്യാപ്ത കോളനികൾ

51 (2746) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്ത കോളനി പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ പുരോഗതികൾ വിശദീകരിക്കാമോ;

(ബി) മാസ്റ്റർ പ്ലാൻ അനുസരിച്ച് കോളനിയിൽ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ - സി) മലപ്പുറം മണ്ഡലത്തിൽനിന്നും 2016-17 അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട പാലമുറ്റത്ത് പട്ടികജാതി കോളനിയിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.

## അംബേദ്കർ ഗ്രാമം പദ്ധതി

52 (2747) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ കാവുംകുന്ന്, തവിഞ്ഞാൽ ഐ.എച്ച്.ഡി.പി. പട്ടികജാതി കോളനികളിൽ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ആരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇത്തരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കാവുംകുന്ന് കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റും തവിഞ്ഞാൽ ഐ.എച്ച്.ഡി.പി. കോളിനിയുടെ എസ്റ്റിമേറ്റും അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(സി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

53 (2748) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം ഈ സർക്കാർ ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം മണ്ഡലങ്ങളിൽ ഒരു കോടി രൂപ വീതം അനുവദിച്ചു; വെളിപ്പെടുത്തുമോ;

(ബി) നിശ്ചയിച്ച പ്രവർത്തനങ്ങളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യാറുണ്ടോ;

(സി) നിർമ്മാണച്ചുമതല ഏല്പിക്കുന്ന ഏജൻസികൾ കാണിക്കുന്ന അലംഭാവം നിമിത്തം ചില പ്രവൃത്തികൾ അനന്തമായി നീണ്ടുപോകുന്നത് തടയുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഡി) 2018-19 വർഷങ്ങളിൽ ഈ പദ്ധതിപ്രകാരം ഏതെല്ലാം മണ്ഡലങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

(ബി) ഉണ്ട്.

(സി) പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ നടത്തുന്നുണ്ട്. കൂടാതെ എം.എൽ.എ. ശിപാർശ ചെയ്യുന്ന പക്ഷം പ്രവർത്തനം ആരംഭിക്കാത്ത കോളനികളിലെ ഏജൻസികളെ മാറ്റി പകരം ഏജൻസികളെ നിയോഗിക്കുന്നു.

(ഡി) പ്രളയത്തിൽ തകർന്ന കോളനികളുടെ പുനഃനിർമ്മാണത്തിനാണ് 2018-19-ൽ അംബേദ്കർ ഗ്രാമം പദ്ധതി വിഹിതം ഉപയോഗിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അംബേദ്കർ ഗ്രാമം കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ

54 (2749) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ചെങ്കൽ പഞ്ചായത്തിലെ അലത്തറവിളാകം, കുളത്തൂർ പഞ്ചായത്തിലെ തോണിക്കടവ് എന്നീ സ്ഥലങ്ങളിൽ 1 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിരുന്നോ;

(ബി) ഈ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ഏതെല്ലാമാണ് നടന്നത് എന്ന് വിശദമാക്കാമോ; നടന്ന പ്രവർത്തനങ്ങൾക്ക് ഓരോ കോളനിയിലും വിനിയോഗിച്ച തുക എത്രയാണ്; അലത്തറവിളാകം, തോണിക്കടവ് എന്നീ കോളനികളിൽ നടന്ന പ്രവൃത്തികൾക്ക് പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയ ഏജൻസിക്ക് തുക നൽകിയിട്ടുണ്ടോ; എത്ര തുകയാണ് ഈ ഏജൻസിക്ക് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) 2018-19-ൽ പണി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോളനികളിൽ പൂർത്തികരിക്കാത്ത വർക്കുകൾ പൂർത്തീകരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കും?

### ഉത്തരം

(എ) അനുമതി നൽകിയിട്ടുണ്ട്.

(ബി) അലത്തറവിളാകം കോളനിയിൽ ജലസേചന വകുപ്പിന്റെ കനാൽ 10 മീറ്റർ നീളത്തിൽ ബോക്സ് കൽവെർട്ടും ബാക്കി 250 മീറ്ററിൽ 3 മീറ്റർ ഉയരത്തിൽ കോൺക്രീറ്റ് പാർശ്വഭിത്തി കെട്ടി റോഡ് വീതി കൂട്ടുന്ന പ്രവൃത്തിയും പൂർത്തിയാക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾക്കായി ഏജൻസിയായ FIT-ക്ക് 65,00,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. തോണിക്കടവ് കോളനിയിൽ ഒരു കിലോമീറ്റർ നീളം റോഡ് ടാറിംഗ്, ഒരു മീറ്റർ വീതി, പുതിയ ടാറിംഗ്, വാട്ടർ ടാങ്ക്, പമ്പ് റൂം, കൽവെർട്ട്, സാംസ്കാരിക നിലയം, കുടിവെള്ള വിതരണത്തിന് 70 വീടുകളിൽ വാട്ടർ പ്യൂരിഫയർ എന്നീ പ്രവർത്തനങ്ങൾ നടത്തി പദ്ധതി പൂർത്തീകരിച്ചു. ടി പ്രവൃത്തികൾക്കായി ഏജൻസിയായ FIT-ക്ക് 88,29,162 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി & ഡി) തോണിക്കടവ് കോളനിയിലെ പദ്ധതി നിർവ്വഹണം പൂർത്തിയായിട്ടുണ്ട്. അലത്തറവിളാകം കോളനിയുടെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ FIT-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബ്ലോക്ക്, ജില്ല/ഡയറക്ടറേറ്റ് തലത്തിൽ പദ്ധതിയുടെ നിർവ്വഹണം വിലയിരുത്തുന്നുണ്ട്.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

55 (2750) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൻകീഴിൽ 2013-2014 മുതൽ നാളിതുവരെ കൊല്ലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളുടെ നവീകരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; അവ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ക്രമ നമ്പർ | കോളനിയുടെ പേര് | നിർവ്വഹണ ഏജൻസി | വർഷം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | പ്രാക്കുളം കോളനി | കെ.എൽ.ഡി.സി. | 2012-13 | ഏറ്റെടുത്ത 7 പ്രവൃത്തികളിൽ 5 എണ്ണം പൂർത്തിയായി |
| 2 | കപ്പലണ്ടി മുക്ക് മുനിസിപ്പൽ കോളനി | എഫ്.ഐ.റ്റി. | 2013-14 | 33 വീടുകൾക്ക് അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള പ്രവൃത്തിയിൽ ഒരു വീടിന് നിശ്ചയിച്ച 50,000 രൂപയിൽ അധികരിക്കുമെന്നതിനാലും വീടുകളുടെ നമ്പരുകളിൽ ഇരട്ടിപ്പ് വന്നതിനാലും ചില വീടുകൾക്ക് നമ്പറുകളില്ലാത്ത സ്ഥിതി വിശേഷം നിലനിൽക്കുന്നു. ഭരണാനുമതി നൽകിയിട്ടില്ല |
| 3 | വാട്ടുച്ചിറ കോളനി | ഡി.എൻ.കെ. | 2016-17 | എസ്റ്റിമേറ്റ് അംഗീകരിച്ചു. പ്രവൃത്തികൾ നടന്നുവരുന്നു. |

## പട്ടികജാതി കോളനികളുടെ സമഗ്ര വികസനം

56 (2751) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള അംബേദ്കർ സങ്കേത വികസന പരിപാടിയിൽ പുതിയ കോളനികളെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ബി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ 40 പട്ടികജാതി കുടുംബങ്ങളെങ്കിലും താമസിക്കുന്ന എത്ര സങ്കേതങ്ങളാണ് നിലവിലുള്ളതെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പട്ടികജാതി കോളനികളിലേക്കുള്ള റോഡുകൾ വികസിപ്പിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ഡി) എങ്കിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി ഈ ഇനത്തിൽ കോഴിക്കോട് ജില്ലയ്ക്കായി അനുവദിച്ച തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ; ഈ ഫണ്ടിൽ നിന്നും കുന്ദമംഗലം നിയോജകമണ്ഡലത്തിലേയ്ക്ക് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ആയത് ഏതെല്ലാം പ്രവൃത്തികൾക്ക വേണ്ടിയാണെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) പരിഗണിക്കുന്നതാണ്.

(ബി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ 40 പട്ടികജാതി കുടുംബങ്ങളെങ്കിലും താമസിക്കുന്ന സങ്കേതങ്ങളുടെ വിവരം താഴെചേർക്കുന്നു:

കോളനിയുടെ പേര്

1. കോട്ടപ്പറമ്പ്
2. കോട്ടക്കുന്ന്
3. ആമ്പ്രമ്മൽ
4. കല്ലറ

5. വല്ലക്കണ്ടി

6. പേട്ടുതടായ്

7. അംബേദ്ക്കർ

8. എ.കെ.ജി.

9. പുളിക്കഴി

(സി) ഉണ്ട്.

(ഡി) റോഡ് പ്രവൃത്തികൾക്ക് മാത്രമായി പ്രത്യേകം ഫണ്ട് വകയിരുത്താറില്ല.

കുന്ദമംഗലം മണ്ഡലത്തിൽ അനുവദിച്ച റോഡ് പ്രവൃത്തികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു:

| ഗ്രാമ പഞ്ചായത്ത് | പ്രവൃത്തി | അനുവദിച്ച തുക |
|---|---|---|
| പെരുമണ്ണ | വിജ്ഞാൻവാടിയുടെ വൈദ്യുതീകരണം (പൂവത്താളിപുറായി) | 9,150 |
| ചാത്തമംഗലം | ഉണ്ണിമാക്കൽ കോളനി റോഡ് | 5,00,000 |
| പെരുമണ്ണ | പൂവ്വത്താളിപുറായി വിജ്ഞാൻവാടി സംരക്ഷണ ഭിത്തി | 35,841 |
| പെരുമണ്ണ | പാലഞ്ചേരി മീത്തൽ പട്ടികജാതി കോളനി റോഡ് | 2,35,000 |
| പെരുവയൽ | മേലോൻ-ചെറുകുന്ന് തിരുപറമ്പ്, കോളനി റോഡ് | 7,00,000 |
| പെരുവയൽ | ഗോശാലിക്കുന്ന് പട്ടികജാതി കോളനി റോഡ് | 6,50,000 |
| പെരുമണ്ണ | പുതുക്കടി തീത്തൽ ചോലക്കൽ മീത്തൽ റോഡ് | 11,70,000 |
| കുന്ദമംഗലം | കല്ലറ കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ ഫുട്പാത്ത് കുന്ദമംഗലം | 2,85,000 |
| മാവൂർ | മൊടോങ്ങൽ മീത്തൽ കോളനി റോഡ് | 10,00,000 |
| ആകെ | | 45,84,991 |

## ഒറ്റപ്പാലം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

57 (2752) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നത്;

(ബി) ഓരോ കോളനിയിലും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തി; വിശദാംശം നൽകാമോ?

ഉത്തരം

(എ) അമരമംഗലം കോളനി, കതിരുപ്പറമ്പ് കോളനി

(ബി) രണ്ട് കോളനികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ജോലി പുരോഗമിക്കുന്നു.

## പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം

58 (2753) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പ്രാക്തനഗോത്ര വിഭാഗങ്ങളായ അടിയ, പണിയ, കാട്ടുനായ്ക്ക തുടങ്ങിയവരുടെ ക്ഷേമത്തിനായി അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണ്; തുക എത്രയാണ്; വിവരിക്കാമോ;

(ബി) പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിവിവരവും പദ്ധതിയുടെ പുരോഗതിയും എന്താണ്;

(സി) അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിപ്രകാരം ഏതെല്ലാം വകുപ്പുകളുടെ സഹകരണം ലഭ്യമാണ്; നിലവിൽ ലഭ്യമായ തുക എത്രയാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അടിയ-പണിയ വിഭാഗങ്ങൾക്ക് പ്രത്യേക പാക്കേജ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ടി പദ്ധതിയിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:

1. അടിയ, പണിയ തുടങ്ങിയ ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുനരധിവാസത്തിനുള്ള പാക്കേജ്, ആരോഗ്യം, ഭക്ഷണത്തിന് സഹായം മുതലായവ.

2. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകുക, മറ്റ് വരുമാന മാർഗ്ഗം ഉണ്ടാക്കികൊടുക്കുക, വന്യമൃഗങ്ങളിൽനിന്നും സംരക്ഷണം നൽകുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക, വിദ്യാഭ്യാസവും അവബോധവും നൽകുക മുതലായവ.

3. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഗതി മന്ദിരങ്ങളുടെ നടത്തിപ്പ്.

ടി പദ്ധതിക്കായി വയനാട് ജില്ലയിൽ ആകെ 45,40,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിവിവരവും പദ്ധതിയുടെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.*

(സി) സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികൾ മുഖേനയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നത്. അതിൻപ്രകാരം കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, WAPCOS Ltd, ജില്ലാ നിർമ്മിതി കേന്ദ്ര തൃശ്ശൂർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, ജില്ലാ നിർമ്മിതി കേന്ദ്ര പാലക്കാട്, ജില്ലാ നിർമ്മിതി കേന്ദ്ര കാസർഗോഡ്, ജില്ലാ നിർമ്മിതി കേന്ദ്ര മലപ്പുറം, തെന്മല ഗ്രാമപഞ്ചായത്ത് എന്നീ ഏജൻസികളെയാണ് പദ്ധതി നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പ്, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുടെ സഹകരണം ലഭ്യമാണ്.

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, എം.ജി.എൻ.ആർ.ഇ.ജി.എ., പി. കെ. കാളൻ പദ്ധതി എന്നിവയ്ക്കായി 2018-19 സാമ്പത്തികവർഷം 110 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അംബേദ്കർ ഗ്രാമവികസന പരിപാടി

59 (2754) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ആലുവ നിയോജകമണ്ഡലത്തിലെ മലയൻകാട് വെസ്റ്റ് പട്ടികജാതി കോളനിയിലും കളമശ്ശേരി നിയോജകമണ്ഡലത്തിലെ കുന്നുകര പട്ടികജാതി കോളനിയിലും എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) (1) കുന്നുകര പട്ടികജാതി കോളനിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ:

(1) Demolishing existing water tank

(2) Maintenance of Houses

(3) New water tank and Pump house

(4) RCC retaining wall

(5) Water Supply at Kunnukara Colony

(6) Construction of tube well.

(2) മലയൻകാട് പട്ടികജാതി കോളനിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ:

(1) Road work

(2) Drainage work

(3) Solar light installation

(4) Retaining wall

(5) Maintenance of houses including roof change.

(ബി) രണ്ട് കോളനികളിലെയും നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ**
**അംബേദ്കർ ഗ്രാമം പദ്ധതി**

60 (2755) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ അതിയന്നൂർ പഞ്ചായത്തിലെ ഭാസ്കർ നഗർ കോളനി, കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൂഴിക്കുന്ന് കോളനി എന്നീ സ്ഥലങ്ങളിൽ നടക്കുന്ന ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്ത് എന്ന് വ്യക്തമാക്കാമോ;

(ബി) അതിയന്നൂർ പഞ്ചായത്തിലെ ഭാസ്കർ നഗർ കോളനിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഗുണനിലവാരത്തിൽ അല്ല നടത്തുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനും കൃത്യതയോടെ നടത്തുന്നതിനും എന്ത് നടപടി സ്വീകരിക്കും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ ഭാസ്കർനഗർ കോളനിയിലെ കർമ്മപരിപാടി നടപ്പാക്കിവരികയാണ്. ഓടനിർമ്മാണം, റീട്ടെയിനിംഗ് വാൾ എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൂഴിക്കുന്ന് കോളനിയിലെ നിവാസികൾക്ക് കോളനിയിലേയ്ക്ക് പ്രവേശിക്കുന്നതിനായി നെയ്യാർ ജലസേചന കനാലിനുകുറുകെ ബോക്സ് കൾവെർട്ട് ചെയ്യുന്നതിനായുള്ള അനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി ഏജൻസി ജലസേചന വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല. ടി കോളനികളുടെ നിർമ്മാണ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത് തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്രമാണ്.

(സി) പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് ജില്ലാതലത്തിലും ഡയറക്ടറേറ്റ്തലത്തിലും അവലോകനങ്ങൾ നടത്തിവരുന്നു. കൂടാതെ കോളനി തലത്തിൽ മോണിറ്ററിംഗ് നടത്തി പ്രവൃത്തികളുടെ പുരോഗതിയും ഗുണമേന്മയും വിലയിരുത്തിവരുന്നുണ്ട്.

**പന്തപ്ര ആദിവാസി കോളനിക്കായുള്ള**

**പ്രത്യേക പാക്കേജുകൾ**

61 (T* 2756) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ 67 കുടുംബങ്ങൾക്ക് വനാവകാശ രേഖ കൈമാറിയതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രത്യേക പാക്കേജുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാക്കേജിന്റെ ഭാഗമായി ഓരോ വകുപ്പും കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്നും ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഇതിൽ ഓരോ വകുപ്പും കോളനിയിൽ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കോളനിയിൽ ഇനിയും നടപ്പിലാക്കുവാനുണ്ടോ; ഉണ്ടെങ്കിൽ ആയത് വേഗത്തിൽ നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ & ബി) കോതമംഗലം മണ്ഡലത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ 67 കുടുംബങ്ങൾക്ക് രണ്ടേക്കർ ഭൂമി വീതം വനാവകാശ കൈവശരേഖ നൽകിയിട്ടുണ്ട്. പന്തപ്ര കോളനിയുടെ സമഗ്രവികസനവും പുനരധിവാസവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ഫണ്ട് വിവിധ ഏജൻസികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്:

| ക്രമ നമ്പർ | പദ്ധതികൾ | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കുടിവെള്ള പദ്ധതി | 48,00,000 | പദ്ധതി പൂർത്തീകരിച്ചു |
| 2 | വൈദ്യുതീകരണം | 42,68,500 | ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. പ്രവൃത്തി ഉടൻ ആരംഭിക്കും |
| 3 | റോഡ് നിർമ്മാണം | 37,50,000 | ഇ-ടെൻഡർ നടപടി അന്തിമഘട്ടത്തിൽ |
| 4 | സോളാർ ഫെൻസിംഗ് | 8,05,000 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ഭവനനിർമ്മാണം | 2,34,50,000 | ആരംഭിച്ചിട്ടില്ല |
| | ആകെ | 3,70,73,500 | |

(സി) സോളാർ ഫെൻസിംഗ് പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു.

(ഡി) ഭവനിർമ്മാണം, വൈദ്യുതീകരണം, റോഡ് നിർമ്മാണം എന്നീ പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്. വൈദ്യുതീകരണം, റോഡ് നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

ഭവന നിർമ്മാണ പദ്ധതി പ്രദേശത്ത് ഓരോ പ്ലോട്ടിലും നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന തേക്ക് മരങ്ങൾ മുറിച്ച് മാറ്റുവാൻ സർക്കാർ ഉത്തരവായിട്ടുള്ളതാണെങ്കിലും ആയതിന് വനം വകുപ്പ് അനുമതി നൽകാത്തതിനാൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ഭവനനിർമ്മാണത്തിന് അനുവദിച്ച 2,34,50,000 രൂപ ജില്ലാമിഷൻ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നത് സർക്കാരിലേയ്ക്ക് തിരികെ എടുത്തിട്ടുണ്ട്. തേക്ക് മരങ്ങൾ മുറിച്ച് മാറ്റുന്ന മുറയ്ക്ക് ഭവനനിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## സാമൂഹ്യ പഠനമുറി പദ്ധതി

62 (2757) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ധനസഹായം ആർക്കെല്ലാമാണ് അനുവദിച്ചിട്ടുള്ളതെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ 2017-18-ൽ പട്ടികജാതി വികസന വകുപ്പ് 689 കുടുംബങ്ങൾക്ക് പഠനമുറി ധനസഹായം അനുവദിച്ചിട്ടുണ്ട്. 469 എണ്ണം പൂർത്തിയായി. 2018-19 വർഷത്തിൽ 520 പേർക്ക് പഠനമുറി അനുവദിക്കുവാൻ ലക്ഷ്യമിടുന്നു. 275 പേർക്ക് ഒന്നാം ഗഡു നൽകി.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം 2017-18 സാമ്പത്തികവർഷം എറണാകുളം ജില്ലയിൽ വെള്ളാരംകുത്ത്, ഇളംബ്ലാശ്ശേരി, പിണവൂർക്കുടി കോളനികളിൽ 3 സാമൂഹ്യ പഠനമുറികളാണ് ആരംഭിച്ചിട്ടുള്ളത്. ഒരു സാമൂഹ്യ പഠനമുറിയിൽ 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്.

(ബി) സാമൂഹ്യ പഠനമുറി നടപ്പിലാക്കുന്നത് വ്യക്തിഗതാടിസ്ഥാനത്തിലല്ല. കുറഞ്ഞത് 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന നിലവാരം ഉയർത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കോളനികളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കുന്നത്. എറണാകുളം ജില്ലയിൽ കോതമംഗലം നിയോജകമണ്ഡലത്തിലാണ് 3 സാമൂഹ്യ പഠനമുറികളും പ്രവർത്തിക്കുന്നത്.

പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയ പഠനമുറി പദ്ധതിയുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

## ഐ.ജി.എം.ആർ.എസ്. സ്കൂളിനെ ഹൈടെക് സ്കൂളാക്കി മാറ്റുന്നതിന് നടപടി

63 (2758) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിലെ ഐ.ജി.എം.ആർ.എസ്. സ്കൂളിനെ ഹൈടെക് സ്കൂളാക്കി മാറ്റുന്നതിനായുള്ള നിവേദനത്തിന്മേൽ എടുത്ത നടപടി വിശദമാക്കാമോ;

(ബി) 8-5-2017-ൽ പട്ടികവർഗ്ഗ ക്ഷേമവകുപ്പ് ഡയറക്ടർ സ്ഥലം എം.എൽ.എ.യ്ക്ക് അയച്ച കത്ത് പ്രകാരമുള്ള തുടർനടപടി വ്യക്തമാക്കാമോ;

(സി) യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ നിലമ്പൂർ പ്രോജക്ട് ഓഫീസർ തയ്യാറാക്കിയ പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) നിലമ്പൂർ ഐ.ജി.എം.ആർ.എസ്.-ന്റെ സ്കൂൾ ക്ഷേമ കമ്മിറ്റിയിലെ മെമ്പർമാർ ആരൊക്കെയാണ്; പ്രസ്തുത കമ്മിറ്റിയിൽ എം.എൽ.എ. ഉൾപ്പെട്ടിട്ടുണ്ടോ; ഒരു വർഷത്തിൽ എത്ര തവണയാണ് കമ്മിറ്റി ചേരേണ്ടത്; കഴിഞ്ഞ മൂന്ന് വർഷത്തിൽ എത്ര കമ്മിറ്റി ചേർന്നു; എത്ര തവണ എം.എൽ.എ.യെ രേഖാമൂലം അറിയിച്ചു; അറിയിക്കാൻ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ ഐ.ജി.എം.ആർ.എസ്. സ്കൂൾ ഹൈടെക് സ്കൂളാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി സ്കൂളിൽ ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, സി.സി.ടി.വി., ഫയർ എക്സ്റ്റിംഗ്യൂഷർ, വാട്ടർ പ്യൂരിഫയർ, ഹൈമാസ്റ്റ് ലൈറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അടുക്കള നവീകരണത്തിന്റെ ഭാഗമായി സ്റ്റീമർ അടുപ്പ് സ്ഥാപിച്ചിട്ടുണ്ട്. സോളാർ ലൈറ്റ്, മൾട്ടി പർപ്പസ് കോർട്ട് എന്നിവയുടെ പ്രവൃത്തി നടന്നുവരികയാണ്.

(ബി) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 12.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. സ്കൂൾ കെട്ടിടം പെയിന്റിംഗ് പ്രവൃത്തി ചെയ്യുന്നതിനായി 26.60 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ടി എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉപദേശക സമിതിയിൽ 16 അംഗങ്ങളാണുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | സ്ഥലം എം.എൽ.എ. | ചെയർമാൻ |
| 2 | മേയർ/മുനിസിപ്പൽ ചെയർമാൻ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | അംഗം |
| 3 | ജില്ലാ പഞ്ചായത്ത് മെമ്പർ | അംഗം |
| 4 | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | അംഗം |
| 5 | വാർഡ് കൗൺസിലർ/മെമ്പർ | അംഗം |
| 6 | സംസ്ഥാന പട്ടികജാതി ഉപദേശക സമിതി അംഗം | അംഗം |
| 7 | ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ | അംഗം |
| 8 | സീനിയർ സൂപ്രണ്ട്/മാനേജർ | കൺവീനർ |
| 9 | എം.സി.ആർ.ടി./വാർഡൻ | അംഗം |
| 10 | ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ | അംഗം |
| 11 | അദ്ധ്യാപക പ്രതിനിധി | അംഗം |
| 12 | വിദ്യാർത്ഥി പ്രതിനിധി | അംഗം |
| 13 | രക്ഷാകർത്തൃ പ്രതിനിധി | അംഗം |
| 14 | ജില്ലാ എഡ്യൂക്കേഷണൽ ഓഫീസർ | അംഗം |
| 15 | ജില്ലാ ഡയറ്റ് പ്രിൻസിപ്പൽ | അംഗം |
| 16 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | അംഗം |

പ്രസ്തുത കമ്മിറ്റിയിൽ എം.എൽ.എ. ഉൾപ്പെട്ടിട്ടുണ്ട്. വർഷത്തിൽ 4 തവണ കമ്മിറ്റി ചേരേണ്ടതുണ്ട്.

കഴിഞ്ഞ മൂന്ന് വർഷത്തിൽ ഒരു തവണ മാത്രമേ (25-11-2017) കമ്മിറ്റി കൂടിയിട്ടുള്ളൂ. ടി മീറ്റിംഗിന്റെ വിവരങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.യെ ഐ.ജി.എം.ആർ.എസ്. സീനിയർ സൂപ്രണ്ട് രേഖാമൂലം അറിയിച്ചിരുന്നതും ബഹുമാനപ്പെട്ട എം.എൽ.എ. ടി മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദേശ പഠനത്തിനായുള്ള പദ്ധതി

64 (2759) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ പഠനത്തിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഈ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്കാണ് വിദേശപഠനത്തിനുള്ള സഹായം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4-10-2017-ലെ സ. ഉ. (എംഎസ്.) നമ്പർ 81/2017/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചുത്തരവായിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഈ വിഭാഗത്തിൽപ്പെട്ട 14 പട്ടികജാതി വിദ്യാർത്ഥികൾക്കും 3 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുമാണ് വിദേശപഠനത്തിനുള്ള സഹായം നൽകിയിട്ടുള്ളത്.

## രാജീവ് ഗാന്ധി നാഷണൽ ഫെല്ലോഷിപ്പ്

65 (2760) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നതപഠനത്തിന് നൽകി വരുന്ന രാജീവ് ഗാന്ധി നാഷണൽ ഫെല്ലോഷിപ്പ് (ആർ.ജി.എൻ.എഫ്.) കഴിഞ്ഞ രണ്ട് വർഷമായി അർഹതപ്പെട്ടവർക്ക് ലഭിക്കാത്ത സാഹചര്യമുണ്ടോ;

(ബി) മുൻ വർഷങ്ങളിൽ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ യഥാക്രമം എത്ര പേർക്കാണ് ഈ ആനുകൂല്യം നൽകിയിരുന്നത്;

(സി) യു.ജി.സി.യും ബന്ധപ്പെട്ട മന്ത്രാലയവും ഇത് സംബന്ധമായ വിജ്ഞാപനം ഇറക്കാത്ത സാഹചര്യമുണ്ടോ;

(ഡി) ആനുകൂല്യം പുനഃസ്ഥാപിച്ച് കിട്ടാൻ സംസ്ഥാന സർക്കാർ ഇതിനകം നടത്തിയ ശ്രമങ്ങൾ എന്തൊക്കെ; എന്നത്തേക്ക് ഇത് പുനഃസ്ഥാപിക്കാനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ - ഡി) രാജീവ് ഗാന്ധി നാഷണൽ ഫെല്ലോഷിപ്പ് പട്ടികജാതി വികസന വകുപ്പ് വഴി നൽകുന്ന സ്കോളർഷിപ്പല്ല. അപേക്ഷ സ്വീകരിക്കുന്നതും ഫെല്ലോഷിപ്പ് വിതരണം ചെയ്യുന്നതും യു.ജി.സി. നേരിട്ടാണ്. എം.ഫിൽ, ഗവേഷണ വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിയിൽ ഫെല്ലോഷിപ്പ് അനുവദിക്കുന്നത്. ആയതിനാൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ

66 (2761) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽനിന്നും പി.റ്റി.എ. ഫണ്ട്, കോഷൻ ഡിപ്പോസിറ്റ്, വെൽഫയർ ഫണ്ട് എന്നിവയുടെ പേരിൽ അനധികൃതമായി തുക പിരിക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഓരോ നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സ്കൂൾ, കോളേജ് തലത്തിൽ പഠിക്കുന്ന എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിൽ സ്റ്റൈപ്പന്റ് ലഭിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വിദ്യാർത്ഥികൾക്ക് യഥാസമയം സ്റ്റൈപ്പന്റ് ലഭിക്കുന്നില്ല എന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) അൺ എയിഡഡ് സ്കൂൾ, കോളേജുകളിൽ പഠിക്കുന്ന എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിൽ സ്റ്റൈപ്പന്റ് ലഭിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പരാതി ലഭിച്ചിട്ടുണ്ട്. പരാതിയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. വിദ്യാർത്ഥികളിൽനിന്നും വിവിധ സ്ഥാപനങ്ങൾ PTA ഫണ്ട്, കോഷൻ ഡെപ്പോസിറ്റ്, വെൽഫയർ ഫണ്ട് എന്നിവയുടെ പേരിൽ അനധികൃതമായി ഈടാക്കുന്ന തുക സർക്കാർ വഹിക്കുന്നതിനോ അല്ലെങ്കിൽ ഇത്തരത്തിൽ എസ്.സി./എസ്.റ്റി. വിഭാഗം വിദ്യാർത്ഥികളിൽ നിന്നും തുക ഈടാക്കാതിരിക്കുവാൻ ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള സാദ്ധ്യതാ നടപടികൾ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ബി) നിലവിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള വിദ്യാഭ്യാസ ആനുകൂല്യവുമായി ബന്ധപ്പെട്ട വിഷയങ്ങളും പരാതികളും തീർപ്പാക്കുവാൻ സംസ്ഥാനതലത്തിൽ ജോയിന്റ് ഡയറക്ടറും (വിദ്യാഭ്യാസം), ജില്ലാതലത്തിൽ അതാത് ജില്ലകളിലെ അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ആഫീസർമാരുമാണ് മേൽനോട്ടം വഹിക്കുന്നത്. ഇത് സംബന്ധിച്ച് പ്രത്യേക നോഡൽ ഓഫീസർമാരെ നിയമിക്കുന്ന പതിവ് നിലവിലില്ല.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പരാതികൾ നിലവിൽ പരിഹരിച്ചുവരുന്നത് ഡയറക്ടറേറ്റ്തലത്തിലും വകുപ്പിന്റെ സബ് ഓഫീസുകൾ മുഖേനയുമാണ്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നോഡൽ ഓഫീസറെ നിയമിക്കുന്ന പതിവ് നിലവിലില്ല.

(സി) നിലവിൽ പട്ടികജാതി വികസന വകുപ്പിൽ 2018-19 വർഷത്തിൽ ഇതുവരെ പോസ്റ്റ്മെട്രിക് തലത്തിൽ 141197 വിദ്യാർത്ഥികൾക്കും പ്രീമെട്രിക് തലത്തിൽ 3579 വിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റ് ലഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ സ്കൂൾ, കോളേജുകളിൽ പഠിക്കുന്നതും സ്റ്റൈപ്പന്റ് ലഭിക്കുന്നതുമായ 81999 വിദ്യാർത്ഥികളുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-1* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) യഥാസമയം സ്റ്റൈപ്പന്റ് ലഭിക്കാറില്ല എന്ന പരാതി ലഭിക്കാറുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം നൽകുന്ന ഓൺലൈൻ സംവിധാനമായ ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയറിന്റെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് ആനുകൂല്യ വിതരണത്തിൽ ചെറിയ കാലതാമസം ഉണ്ടായിട്ടുണ്ട്. സ്ഥാപനമേധാവി ഇ-ഗ്രാന്റ്സ് സൈറ്റിൽ കൃത്യമായി ആനുകൂല്യം ക്ലെയിം ചെയ്താൽ തുക കാലതാമസം കൂടാതെ തന്നെ വിതരണം ചെയ്യുന്നതാണ്.

(ഇ) 2-7-2009-ലെ സ. ഉ. (അച്ചടി) നമ്പർ 50/2009/പ.ജ.പ.വ.വി.വ. പ്രകാരം അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ പ്രൊഫഷണൽ ഒഴികെയുള്ള പോസ്റ്റ്മെട്രിക് കോഴ്സുകൾ പഠിക്കുന്നവർക്ക് നിലവിൽ സ്റ്റൈപ്പന്റ് നൽകുന്നില്ല. എന്നാൽ എഞ്ചിനീയറിംഗ്, മെഡിക്കൽ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം മെറിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് അനുവദിക്കുന്നുണ്ട്. 2018-19-ലെ ജില്ല തിരിച്ചുള്ള പോസ്റ്റ്മെട്രിക് തലത്തിലെ വിവരങ്ങളിൽ (അനുബന്ധം 1) ഈ വിഭാഗത്തിലെ കുട്ടികളുടെ എണ്ണവും ഉൾപ്പെട്ടിട്ടുണ്ട്. പ്രീമെട്രിക്തലത്തിലും അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നില്ല. പ്രീമെട്രിക്തലത്തിൽ ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാർ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് മാത്രമാണ് സ്റ്റൈപ്പന്റ് നൽകുന്നത്.

നിലവിൽ അൺ എയ്ഡഡ് സ്കൂൾ, കോളേജുകളിൽ പഠിക്കുന്ന 2734 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് ലഭിക്കുന്നു.

ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം II* ആയി ചേർക്കുന്നു.

**വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

67 (2762) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിജാതി വിഭാഗത്തിലെ കുട്ടികൾക്ക് ലഭ്യമാക്കി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനായി ഒരു വർഷം ശരാശരി എത്ര തുക ചെലവഴിക്കപ്പെടുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രകാരം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു:

പട്ടികജാതി വികസന വകുപ്പ്

1. പ്രീ-മെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)
5. 9, 10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ്
6. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
7. സ്റ്റെതസ്കോപ്പ് ധനസഹായം
8. ലാപ്ടോപ്പ് ധനസഹായം
9. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവ് ധനസഹായം
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം
11. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
12. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി
13. പ്രത്യേക പ്രോത്സാഹന സമ്മാനം
14. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
15. ബുക്ക് ബാങ്ക് സ്കീം
16. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.
17. പ്രീ-മെട്രിക് ഹോസ്റ്റൽ
18. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

19. ഐ.റ്റി.ഐ.കൾ

20. പി.ഇ.റ്റി.സി.കൾ

21. ക്രസ്റ്റ്

22. നഴ്സറികൾ

23. ICSETS

24. പാരലൽ കോളേജ് ധനസഹായം

25. മെഡിക്കൽ കോളേജ് (പാലക്കാട്)

26. പഠനമുറി

27. കമ്മ്യൂണിറ്റി കോളേജ്.

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്ലാൻ ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 227,74,21,211 രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 50,18,74,641 രൂപയും ഉൾപ്പെടെ ആകെ 277,92,95,852 രൂപ വകുപ്പ് ചെലവഴിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ സ്കൂളുകൾ**

68 (2763) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികവർഗ്ഗ സ്കൂളുകൾ നിലവിലുണ്ട്; ഇതിന്റെ ലിസ്റ്റ് വെളിപ്പെടുത്താമോ;

(ബി) പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ; ഇതിനായി പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 64 പട്ടികവർഗ്ഗ സ്കൂളുകൾ നിലവിലുണ്ട്. ടി സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) വിശദാംശം അനുബന്ധം II* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.**

69 (2764) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഉമ്പർനാട് പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ. കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുണ്ടായിരുന്ന കെട്ടിടം പ്രളയകാലത്ത് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ കെട്ടിടം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഐ.ടി.ഐ.യിൽ കൂടുതൽ ട്രേഡുകൾ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു കെട്ടിടത്തിന്റെ മേൽക്കൂര തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മാവേലിക്കര ഐ.ടി.ഐ.യിൽ കാലപ്പഴക്കത്താൽ ശോചനീയാവസ്ഥയിൽ ഉണ്ടായിരുന്ന അഞ്ച് കെട്ടിടങ്ങൾ ലേലം ചെയ്ത് ഒഴിവാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ (മണ്ണ് പരിശോധന, സർവ്വെ) പൂർത്തിയാക്കി, പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം, മാവേലിക്കര അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) മാവേലിക്കര ഐ.റ്റി.ഐ.യിൽ നിലവിൽ കാർപെന്റർ, ഇലക്ട്രോണിക്, മെക്കാനിക് എന്നീ ട്രേഡുകളാണുള്ളത്. കാർപെന്റർ ട്രേഡിന്റെ ഒരു യൂണിറ്റ് കൂടി ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**പട്ടാമ്പി പ്രീമെട്രിക് ഹോസ്റ്റൽ**

70 (2765) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് ഉപയോഗപ്രദമാക്കുവാനുള്ള എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ പ്രീമെട്രിക് ഹോസ്റ്റലിൽ ഐ.ടി.ഐ., പോളിടെക്നിക് തുടങ്ങിയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സാധിക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിലെ പ്രീ-മെട്രിക് ഹോസ്റ്റലിൽ മതിയായ കുട്ടികൾ ഇല്ലാത്തതിനാൽ 19-7-2011-ന് അടച്ചുപൂട്ടുകയാണുണ്ടായത്. ഇവിടെ പ്രീ-മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികളെ ലഭ്യമല്ലാത്തതിനാൽ കെട്ടിടം വകുപ്പിന് കീഴിൽ നിലനിർത്തിക്കൊണ്ട് ഐ.റ്റി.ഐ. ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ഹോസ്റ്റൽ ഐ.റ്റി.ഐ. ആക്കി മാറ്റുമ്പോൾ ധാരാളം നവീകരണ പ്രവർത്തനങ്ങൾ വേണ്ടി വരുമെന്നതിനാൽ പ്രസ്തുത നിർദ്ദേശം നടപ്പാക്കുവാൻ കഴിഞ്ഞില്ല.

തുടർന്ന് ടി കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം പട്ടികജാതി വികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പിന് പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് വിട്ടുനൽകുന്ന കാര്യം പരിഗണനയിലാണ്.

(ബി) ടി കെട്ടിടം പട്ടികവർഗ്ഗ വികസന വകുപ്പിന് പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് വിട്ടുനൽകുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ഐ.ടി.ഐ., പോളിടെക്നിക് തുടങ്ങിയവ ആരംഭിക്കുവാൻ കഴിയുകയില്ല.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ

71 (2766) <u>ശ്രീ. പി. കെ. ബഷീർ</u> :

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള മിക്ക ഹോസ്റ്റലുകളുടെയും അവസ്ഥ വളരെ ശോചനീയമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഹോസ്റ്റലുകളുടെ പുനരുദ്ധാരണത്തിനായി 2016-17, 2017-18 എന്നീ വർഷങ്ങളിൽ എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം

ഹോസ്റ്റലുകളുടെ നവീകരണത്തിനായാണ് ടി തുക ചെലവഴിച്ചതെന്നും വിശദമാക്കുമോ; അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനും ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ സംബന്ധിച്ച് അധികൃതരുടെ പക്കൽ നിന്നും റിപ്പോർട്ട് തേടി അത് പരിഹരിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശോചനീയാവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകളുടെ പുനരുദ്ധാരണത്തിനും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ആകെ 5,91,82,166 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ പുനരുദ്ധാരണം, നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്കായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും പ്രോജക്ടുകൾ അംഗീകരിച്ച് നടപ്പാക്കിവരുന്നുണ്ട്. നവീകരണ/പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ള ഹോസ്റ്റലുകളുടെ ലിസ്റ്റ് അനുബന്ധം 1* ആയി ചേർക്കുന്നു.

ഭരണാനുമതി ഉത്തരവുപ്രകാരം അനുവദിക്കുന്ന തുകയുടെ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് സാമ്പത്തിക വർഷാവസാനം അതാത് ജില്ലകളിൽനിന്നും ശേഖരിക്കാറുണ്ട്. പ്രവൃത്തി നടപ്പിലാക്കി പ്രവൃത്തിയുടെ പുരോഗതി റിപ്പോർട്ടും, തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പും സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ ഹോസ്റ്റലിൽ നേരിട്ട് സന്ദർശിച്ച് ടി വിഷയങ്ങൾ പരിശോധിക്കാറുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി തുക അനുവദിച്ചതും ചെലവഴിച്ചതുമായ വിവരങ്ങൾ അനുബന്ധം 2*ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നുണ്ട്. ടി പ്രവൃത്തികളുടെ നിർമ്മാണപുരോഗതി നിരന്തരം വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിക്കുകയും ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസി/പി.ഒ./റ്റി.ജി.ഒ.മാരിൽ നിന്നും അനുവദിച്ച് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും തുകയുടെ വിനിയോഗം ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

(സി) അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്ക് പദ്ധതി നടപ്പിലാക്കി ആയതിന്റെ പുരോഗതി റിപ്പോർട്ടും തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പും വാങ്ങി സൂക്ഷിക്കുന്നുണ്ട്. കൂടാതെ ഭരണാനുമതി ഉത്തരവുപ്രകാരം ചെലവഴിക്കുന്ന തുകയുടെ കണക്ക് വിവരവും സൂക്ഷിക്കുന്നുണ്ട്. അതോടൊപ്പം കൃത്യമായ ഇടവേളകളിൽ ഓഡിറ്റ് പരിശോധന നടത്തി ഹോസ്റ്റൽ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നുണ്ട്. ഹോസ്റ്റലുകളുടെ ഭൗതികവും അടിസ്ഥാനപരവുമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഹോസ്റ്റൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ആയതിനുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

**കോർപ്പസ് ഫണ്ട്**

72 (2767) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ടിൽ നിന്നും 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പാലക്കാട് ജില്ലയ്ക്ക് അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗം ജില്ലയിലെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ എത്രയാണെന്നുള്ള വിവരം ലഭ്യമാക്കുമോ;

(സി) കോളനി നവീകരണത്തിനായി പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയ്ക്ക് 2016-17 സാമ്പത്തികവർഷം 12,74,25,000 രൂപയും 2017-18 സാമ്പത്തികവർഷം 6,59,42,271 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തികവർഷത്തെ ചെലവ് വിവരം

| ക്രമ നമ്പർ | നിയോജക മണ്ഡലം | വിനിയോഗിച്ച തുക |
|---|---|---|
| 1 | മണ്ണാർക്കാട് | 1,12,38,996 |
| 2 | ആലത്തൂർ | 36,95,668 |
| 3 | ഒറ്റപ്പാലം | 1,04,78,297 |
| 4 | നെന്മാറ | 11,08,039 |
| 5 | ഷൊർണ്ണൂർ | 56,06,838 |
| 6 | തരൂർ | 1,29,53,298 |

2017-18 സാമ്പത്തികവർഷത്തെ ചെലവ് (സ്പിൽ ഓവർ) വിവരം

| ക്രമ നമ്പർ | നിയോജകമണ്ഡലം | വിനിയോഗിച്ച തുക |
|---|---|---|
| 1 | മലമ്പുഴ | 11,99,215 |
| 2 | കോങ്ങാട് | 54,51,827 |
| 3 | തരൂർ | 1,61,61,480 |
| 4 | ഷൊർണ്ണൂർ | 40,85,847 |
| 5 | നെന്മാറ | 6,91,920 |
| 6 | ചിറ്റൂർ | 7,67,817 |
| 7 | ഒറ്റപ്പാലം | 73,13,792 |
| 8 | ആലത്തൂർ | 62,80,454 |
| 9 | മണ്ണാർക്കാട് | 57,14,424 |
| 10 | പാലക്കാട് | 40,15,703 |
| 11 | പട്ടാമ്പി | 45,06,262 |

(സി) കോളനി വികസനത്തിനായി 30 കുടുംബങ്ങൾ ഉള്ള കോളനികളെ തെരഞ്ഞെടുത്ത് അംബേദ്കർ ഗ്രാമം പദ്ധതി എന്ന പേരിൽ നടപ്പിലാക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

## കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

73 (2768) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡലത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള/നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18 വർഷങ്ങളിലായി കൊല്ലം നിയോജകമണ്ഡലത്തിലേയ്ക്ക് കോർപ്പസ് ഫണ്ട് പ്രകാരം തുക അനുവദിച്ചിട്ടില്ല.

## മാവേലിക്കര മണ്ഡലത്തിലെ കോർപ്പസ് ഫണ്ട്

74 (2769) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ 2016-17, 2017-18 കാലയളവിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കുമോ?

ഉത്തരം

(എ & ബി) 2017-18-ൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. 2016-17-ലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാട്ടാക്കട മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ

75 (2770) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2017-18 വർഷം അനുമതി ലഭ്യമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ വർഷം പ്രസ്തുത മണ്ഡലത്തിൽ പുതിയ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും അനുമതി നൽകുന്നതിനും സാധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കാട്ടാക്കട മണ്ഡലത്തിൽ 2017-18 സാമ്പത്തികവർഷം കോർപ്പസ് ഫണ്ട് പദ്ധതിയിൽ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടില്ല.

(ബി) 2018-19 സാമ്പത്തിക വർഷം പുതിയ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## അമ്മങ്കോട്-ചോക്കമൂല-കൊളച്ചെപ്പ് റോഡ് കോൺക്രീറ്റ്

76 (2771) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുളിയാർ പഞ്ചായത്തിലെ അമ്മങ്കോട്-ചോക്കമൂല-കൊളച്ചെപ്പ് റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് പട്ടികജാതി ക്ഷേമത്തിനായുള്ള കോർപ്പസ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എസ്. സി. ബെനിഫിഷ്യറി ലിസ്റ്റ് പ്രകാരം എത്ര പട്ടികജാതി കുടുബങ്ങൾക്ക് ഉപകാരപ്പെടുമെന്ന നിലയിലാണ് അനുമതി നൽകിയത്; വിശദാംശങ്ങൾ അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) റോഡ് പണി പൂർത്തിയാക്കിയതിനുശേഷം ഇത് എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഉപകാരപ്പെട്ടിട്ടുണ്ടെന്ന വിഷയം പരിശോധനാ വിഷയമാക്കി യിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ വിഷയം പരിശോധിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) പ്രസ്തുത റോഡ് പണി പൂർത്തിയായ ഉടനെതന്നെ പൊട്ടിപ്പോളിഞ്ഞുപോയതായ പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവ് നൽകുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അമ്മങ്കോട് എസ്.സി. കോളനി റോഡ് ടാറിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റ് തുകയായ 15,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 12 പട്ടികജാതി കുടുംബങ്ങൾക്ക് ഉപകാരപ്പെടുമെന്ന നിലയിലാണ് അനുമതി നൽകിയത്. 12 കുടുംബങ്ങളുടെ ലിസ്റ്റ്, അനുബന്ധമായി* ചേർക്കുന്നു.

(സി) റോഡ് പണി പൂർത്തീകരിച്ചിട്ടില്ല. ടാറിംഗ് ജോലികൾ അവശേഷിക്കുന്നു. 12 പട്ടികജാതി കുടുംബങ്ങൾക്ക് ഉപകാരപ്പെടുമെന്ന നിലയിലാണ് അനുമതി നൽകിയത്. എന്നാൽ ഈ റോഡ് നീണ്ടുപോകുന്നത് അമ്മങ്കോട് ചക്ലിയ കോളനിയിലേയ്ക്കായതിനാൽ ഇവിടെയുള്ള 18 കുടുംബങ്ങൾക്ക് കൂടി ഇതിന്റെ പ്രയോജനം ലഭിക്കും.

(ഡി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി റോഡ് കോൺക്രീറ്റ് ചെയ്തതിന്റെ തുടക്കത്തിലുള്ള കുറച്ചുഭാഗവും കോൺക്രീറ്റ് കഴിഞ്ഞുള്ള കുറച്ചു ഭാഗവും ടാറിംഗ് ചെയ്തിരുന്നു. എന്നാൽ വെള്ളം റോഡിൽ കെട്ടി നിന്നതുകാരണം ടാറിംഗ് ചെയ്ത ഭാഗം പൊട്ടിപ്പൊളിഞ്ഞു പോയിട്ടുണ്ട്. കോൺക്രീറ്റ് റോഡിൽ നിന്നുള്ള വെള്ളം മുഴുവൻ റോഡിലേയ്ക്ക് ഒഴുകി അവിടെ വെള്ളം കെട്ടിനിന്നതിനാലാണ് ടാറിംഗ് ചെയ്ത ഭാഗം പൊട്ടിപ്പൊളിഞ്ഞു പോയത്. ഇത് വീണ്ടും ടാറിംഗ് ചെയ്യാമെന്ന് കോൺട്രാക്ടർ സമ്മതിച്ചിട്ടുണ്ട്. എന്നാൽ കോൺക്രീറ്റ് ചെയ്ത ഭാഗത്തിന് യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ആദിവാസി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ**

77 (2772) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒറ്റപ്പെട്ടു നിൽക്കുന്ന ആദിവാസി വിഭാഗത്തെ അവരുടെ അസ്തിത്വവും സാംസ്കാരിക തനിമയും നിലനിർത്തിക്കൊണ്ട് മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ആദിവാസി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ; ഇതിന്റെ ഫലം താഴെത്തട്ടിൽ എത്തിയിട്ടുണ്ടോ; എങ്കിൽ തന്മൂലം ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്;

(സി) ഏറനാട് മണ്ഡലത്തിൽ ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ എത്ര ആദിവാസി കുട്ടികൾക്ക് തുടർപഠനം, എൻട്രൻസ് കോച്ചിംഗ്, വിദേശ പഠനം ഇവയ്ക്ക് ധനസഹായം നല്കിയിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സാമൂഹിക പഠനമുറി
2. ഗോത്രബന്ധു പദ്ധതി
3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം
4. ഗോത്രവാത്സല്യനിധി
5. ഗോത്രജീവിക
6. സമഗ്ര
7. ഗോത്ര രശ്മി.

കൂടാതെ, പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വയനാട് ഗോത്ര ഭാഷാപഠന കേന്ദ്രം-പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗ ഊരുകളും ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

ഡോക്ടറുടെയും പാരാമെഡിക്കൽ സേവനം ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.

പ്രസ്തുത പദ്ധതികളുടെ ഗുണഫലങ്ങൾ താഴെതട്ടിൽ എത്തിക്കാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും അഭ്യസ്തവിദ്യർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ഗോത്രബന്ധു എന്ന പദ്ധതിമൂലം സാധിച്ചിട്ടുണ്ട്.

പൊതു വിദ്യാലയങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനനിലവാരം ഉയർത്തുന്നതിനും ആധുനിക ലോകത്തിന്റെ സാധ്യതകളെക്കുറിച്ച് മനസ്സിലാക്കുന്നതിനും സാമൂഹ്യ പഠനമുറി പദ്ധതിമൂലം സാധിക്കുന്നു.

ദുർഘടമേഖലയിൽ അധിവസിക്കുന്ന കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും ഗോത്രസാരഥി എന്ന പദ്ധതിയിലൂടെ സാധിക്കുന്നു.

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് ലഭ്യമാകുന്നതിലൂടെ അവരുടെ പഠന നിലവാരം ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്.

കരിയർ ഗൈഡൻസ് പദ്ധതിമൂലം ജോലി സാധ്യതകളെപ്പറ്റി കൂടുതൽ മനസ്സിലാക്കുന്നതിന് ടി വിഭാഗത്തിൽപ്പെട്ടവർക്ക് സാധിച്ചിട്ടുണ്ട്.

എം.ആർ.എസ്/ഹോസ്റ്റൽ എന്നീ സ്ഥാപനങ്ങൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലൂടെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് കിടപിടിക്കുന്ന രീതിയിൽ സ്ഥാപനങ്ങളെ മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

തൊഴിൽ നൈപുണ്യ പരിശീലനത്തിലൂടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്.

ഗോത്രജീവിക പദ്ധതിയിൽ പരിശീലനം ലഭിച്ച പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയിൽ അട്ടപ്പാടി, വയനാട് എന്നീ മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പങ്കാളികളാകുന്നതിന് സാധിച്ചിട്ടുണ്ട്.

എ.റ്റി.എസ്.പി., ഹാംലെറ്റ്, അംബേദ്കർ വികസന പദ്ധതിയിലൂടെ പട്ടികവർഗ്ഗ ഊരുകളിലെ സമഗ്ര വികസനം സാധ്യമായിട്ടുണ്ട്.

പട്ടികവർഗ്ഗമേഖലകളിൽ കണ്ടുവരുന്ന പാരമ്പര്യ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ചവ്യാധികൾ, വിളർച്ച പോലുള്ള അസുഖങ്ങൾ എന്നിവ നിയന്ത്രണ വിധേയമാക്കുന്നതിനും ഗർഭിണികളായ സ്ത്രീകൾക്ക് വിദഗ്ദ്ധ പരിശോധന സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ആരോഗ്യമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(സി) ഏറനാട് മണ്ഡലത്തിലെ പാറേക്കാട്, ഇടിവെണ്ണ കോളനികളിൽ സമഗ്ര വികസനം ലക്ഷ്യമാക്കി അംബേദ്കർ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശപഠനം, എൻട്രൻസ് കോച്ചിംഗ് എന്നിവയ്ക്ക് ധനസഹായം നൽകിയിട്ടില്ല. എന്നാൽ പത്താംതരം പാസായ 73 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർപഠനം ഉറപ്പുവരുത്തുന്നതിനായി ഇ-ഗ്രാന്റ്സ് മുഖേന ധനസഹായം അനുവദിച്ചുവരുന്നു.

സ്ഥാപനങ്ങളുടെയും കുട്ടികളുടെയും വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | അമൽ കോളേജ് | 22 |
| 2 | ഗവ. ഹയർ സെക്കന്ററി സ്കൂൾ അരിയക്കോട് | 5 |
| 3 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, എറണിമങ്ങാട് | 13 |
| 4 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, കീഴുപറമ്പ് | 2 |
| 5 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, കുഴിമന്ദ | 1 |
| 6 | ജാമിയനാട് വിയ | 1 |
| 7 | ജെ.എൻ.ആർ.എച്ച്.എസ്. എടവണ്ണ | 1 |
| 8 | കെ.എം.കോളേജ് ഓഫ് റ്റീച്ചിംഗ് എഡ്യൂക്കേഷൻ, കീഴുപറമ്പ് | 3 |
| 9 | എം.ഇ.എ.എസ്.എസ്. കോളേജ്, അരിയക്കോട് | 1 |
| 10 | എൻ.എച്ച്.എസ്.എസ്. എരുമ്മു | 23 |
| 11 | എസ്.എം.വി.എച്ച്.എസ്. എടവണ്ണ | 1 |
| | ആകെ | 73 |

**പിന്നോക്ക പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഭവനരഹിതരുടെ കണക്ക്**

78 (2773) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്കവിഭാഗത്തിലും പട്ടികജാതി/പട്ടികവർഗ്ഗ/ ആദിവാസി വിഭാഗത്തിലുംപെട്ട ഭവനരഹിതർ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർക്കു വീടുവച്ചു നല്കുവാനായി മുൻസർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം; എത്ര പേർക്ക് വീട് അനുവദിച്ചു ; എത്രപേർക്ക് വീടു വച്ചു നല്കി ; അതിനായി ചെലവഴിച്ച തുക എത്ര ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവർക്ക് വീടുവച്ചു നല്കുവാനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്ക് വീടുവച്ചു നല്കി; എത്ര തുക ഇതിനായി ചെലവഴിച്ചു; ഇപ്പോൾ തുടർന്നുവരുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ എണ്ണം ശേഖരിച്ചിട്ടില്ല.

സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ലൈഫ് മിഷൻ പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽ 22614 ഭവനരഹിതരും പട്ടികവർഗ്ഗക്കാരിൽ നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഭവനരഹിതരായ 9143 പട്ടികവർഗ്ഗ കുടുംബങ്ങളുമാണുള്ളത്. ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിച്ച് നൽകുന്നതിനായി പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 3 ലക്ഷം രൂപ ധനസഹായം നൽകിയിരുന്നു. 2011-12 മുതൽ 2015-16 വരെയുള്ള കാലത്ത് 24594 വീടുകൾ അനുവദിച്ചിരുന്നു. അതിൽ 8234 വീടുകൾ പ്രസ്തുത കാലത്ത് പൂർത്തിയായി.

ഈ സർക്കാർ വരുമ്പോൾ സ്പിൽ ഓവറായ 16360 വീടുകൾ ഉണ്ടായിരുന്നു. അതിൽ 8610 വീടുകൾ ഈ സർക്കാർ പൂർത്തിയാക്കി. ബാക്കി വീടുകൾ ലൈഫ് മുഖേന നിർമ്മാണം നടന്നുവരുന്നു.

2011-12 മുതൽ 2015-16 വരെ ഭവനനിർമ്മാണത്തിന് അനുവദിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു:

| | |
|---|---|
| 2011-12 | 89,99,80,000 |
| 2012-13 | 99,99,85,000 |
| 2013-14 | 84,91,95,578 |
| 2014-15 | 123,81,44,836 |
| 2015-16 | 145,56,65,308 |
| ആകെ | 544,29,70,722 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുൻസർക്കാരിന്റെ കാലത്ത് ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 2011-12 മുതൽ 2015-16 വരെ 17605 വീടുകൾ അനുവദിച്ചതിൽ 2695 വീടുകൾ പൂർത്തീകരിച്ചു. ഇതിനായി ചെലവഴിച്ച തുക താഴെപ്പറയും പ്രകാരമാണ്:

| ക്രമ നമ്പർ | വർഷം | ചെലവഴിച്ച തുക |
|---|---|---|
| 1 | 2011-12 | 15,00,00,000 |
| 2 | 2012-13 | 25,00,00,000 |
| 3 | 2013-14 | 27,50,00,000 |
| 4 | 2014-15 | 33,00,00,000 |
| 5 | 2015-16 | 187,72,62,000 |

(സി) ഭവനരഹിതരായ 23801 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം അനുമതി നൽകി. 2016-17 വർഷം 14906 വീടുകൾ അനുവദിച്ച് നൽകി. 2017-18 വർഷം 8895 കുടുംബങ്ങൾക്ക് വീട് അനുവദിച്ചു. ഭവനനിർമ്മാണ ധനസഹായ തുക നാല് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. ഇതിനായി 2016-17 വർഷം 232,35,94,800 രൂപയും 2017-18 വർഷം 384,36,23,036 രൂപയും ചേർത്ത് 616,72,20,836 രൂപ ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടപ്പാക്കിവന്നിരുന്ന ഭവന പദ്ധതികൾ ഏകോപിപ്പിച്ച് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 22614 പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 6130 പേർ പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് ഭവനരഹിതരായി കണ്ടെത്തിയവരിൽ നിന്നും 6709 പട്ടികവർഗ്ഗക്കാർക്ക് വിവിധ പദ്ധതിയിലുൾപ്പെടുത്തി വീട് അനുവദിക്കുകയും മുൻവർഷങ്ങളിൽ അനുവദിച്ചതും

31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12256 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ചുകൊണ്ട് പൂർത്തീകരിച്ചുവരുന്നു. ആയതുപ്രകാരം 9524 വീടുകൾ പൂർത്തീകരിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ ഭവന നിർമ്മാണത്തിനായി അനുവദിച്ച് നൽകിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2016-17 | 238,70,91,220 | 238,70,91,220 |
| 2 | 2017-18 | 115,08,00,000 | 115,08,00,000 |

കൂടാതെ 2019-20 സാമ്പത്തികവർഷം മുതൽ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനായി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വേ പ്രകാരം കണ്ടെത്തിയതിൽ അർഹത തെളിയിച്ച 6033 ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും അവയിൽ 1655 ഗുണഭോക്താക്കൾ വീടുകളുടെ പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ദുരിതാശ്വാസനിധി**

79 (2774) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ എത്രയാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വരുമാന പരിധി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റി വയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങൾക്കും മറ്റ് ഗുരുതരമായ രോഗങ്ങൾക്കുമുള്ള ചികിത്സാ സഹായം, ഏകവരുമാനദായകന്റെ മരണത്തെ തുടർന്ന് കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായം, പ്രകൃതിക്ഷോഭം, തീപിടുത്തം എന്നിവമൂലം നാശനഷ്ടം ഉണ്ടാകുന്നവർക്കുള്ള ധനസഹായം എന്നിവയാണ് നൽകിവരുന്നത്.

(ബി) പട്ടികജാതി വികസന വകുപ്പിൽ ചികിത്സാ ധനസഹായം നിലവിൽ ടി-ഗ്രാന്റ്സ് എന്ന പേരിലുള്ള ഓൺലൈൻ സംവിധാനം മുഖേനയാണ് അനുവദിക്കുന്നത്. അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയകേന്ദ്രം വഴി അപേക്ഷിച്ചാൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, വകുപ്പുമന്ത്രി ഓഫീസ് എന്നിവ മുഖേന ഓൺലൈനായി പരിശോധിച്ച് തുക പാസ്സാക്കി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ മുഖേന ട്രഷറി ബിൽ മാറി ധനസഹായം അപേക്ഷന്റെ അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നതാണ്. എം.എൽ.എ., എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാക്ഷ്യപത്രം മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ നേരിട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഇൻബോക്സിൽ എത്തുകയും മേൽ നടപടികൾ അതിവേഗം സ്വീകരിക്കുന്നതിന് സംവിധാനവുമുണ്ട്. ഏകവരുമാനദായകന്റെ മരണത്തെ തുടർന്ന് കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിലേയ്ക്ക് അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായകനായിരുന്നു എന്നുള്ള ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, എഫ്.ഐ.ആർ. (അപകട മരണമാണെങ്കിൽ)-ന്റെ പകർപ്പ് തുടങ്ങിയ രേഖകൾ സഹിതം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ

അപേക്ഷിക്കാവുന്നതാണ്. കൂടാതെ പ്രകൃതിക്ഷോഭംമൂലം വീട് തകർന്നവർക്ക് വീടിന്റെ പുനഃനിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകിവരുന്നു. ആയതിലേയ്ക്ക് അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പ്രകൃതിക്ഷോഭംമൂലം വീടിന് നാശനഷ്ടം സംഭവിച്ചിട്ടുണ്ട് എന്നുള്ള റവന്യൂ അധികൃതരുടെ സർട്ടിഫിക്കറ്റ് എന്നിവ അടക്കം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ അപേക്ഷിക്കാവുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ്, പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവ. മെഡിക്കൽ ഓഫീസറിൽനിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ./ടി.ഡി.ഒ.-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള വരുമാനപരിധി 50,000 രൂപയിൽ നിന്നും 1,00,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

## പിന്നോക്ക സമുദായ ക്ഷേമവകുപ്പ് നൽകിവരുന്ന ധനസഹായങ്ങൾ

80 (2775) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ ക്ഷേമവകുപ്പ് നൽകിവരുന്ന ധനസഹായങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപയുടെ ധനസഹായ വിതരണം നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് ഓരോ പദ്ധതിക്കും നൽകിയ കണക്കുകൾ ലഭ്യമാക്കുമോ ;

(സി) പിന്നോക്ക സമുദായ ക്ഷേമവകുപ്പിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ട്; ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന എത്രപേർ ഉണ്ട്; ഇത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വകുപ്പിന് കീഴിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; പ്രസ്തുത ജീവനക്കാരെ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പിന്നോക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) വകുപ്പ് നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾക്ക് ജില്ല തിരിച്ച് കണക്കുകൾ ശേഖരിക്കുന്നില്ല. ഇവയുടെ സംസ്ഥാനതലത്തിലെ ചെലവ് അനുബന്ധം 2 (എ)* ആയും മറ്റ് പദ്ധതികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം 2 (ബി)* ആയും ചേർക്കുന്നു.

(സി) പിന്നോക്ക വിഭാഗ വികസന വകുപ്പിൽ 26 തസ്തികകൾ നിലവിലുണ്ട്. അതിൽ 20 സ്ഥിരം ജീവനക്കാരുണ്ട്. 2 ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിൽ അധിക ചുമതല വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വഴി 1 തസ്തികയിൽ ഒരാളും ജോലി ചെയ്തുവരുന്നു.

(ഡി) മൂന്ന് തസ്തികകളിൽ ദിവസവേതനത്തിൽ താൽക്കാലിക ജീവനക്കാർ ജോലിചെയ്തുവരുന്നു. വകുപ്പിലെ, പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒഴിവുകളിൽ നിയമന ശിപാർശ നൽകിയവർ ജോയിൻ ചെയ്യാത്ത സാഹചര്യത്തിൽ ക്ലാർക്ക് തസ്തികയിൽ ഒരാളും ഡ്രൈവർ തസ്തികയിൽ ഒരാളും ദിവസവേതനാടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത്. വകുപ്പ് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് ഓഫീസ് അറ്റൻഡന്റായും ഒരാൾ ജോലി ചെയ്തുവരുന്നു. പി.എസ്.സി. നിയമനം നടക്കുന്ന മുറയ്ക്ക് ദിവസവേതനക്കാരെ ഒഴിവാക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ മഹാസംഗമം

81 (2776) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ സംസ്കാരവും സാഹിത്യവും ആചാരാനുഷ്ഠാനങ്ങളും പരിചയപ്പെടുത്തുന്നതിന് കൊച്ചിയിൽ ഒരു മഹാസംഗമം സംഘടിപ്പിക്കുന്നതിനായി 8-3-2018-ന് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

<u>ഉത്തരം</u>

ഒ.ബി.സി. വിഭാഗത്തിൽ വരുന്ന ഏതെങ്കിലും പ്രത്യേക വിഭാഗത്തിനുവേണ്ടി ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്ന കീഴ്‌വഴക്കമില്ല എന്നതിനാൽ ഈ ആവശ്യം പരിഗണിച്ചിട്ടില്ല.

## കട്ട് ഓഫ് തീയതി നിശ്ചയിച്ചിട്ടുള്ള ഒ.ബി.സി. വിഭാഗങ്ങൾ

82 (2777) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജാതി/സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഏതെല്ലാം ഒ.ബി.സി. വിഭാഗങ്ങൾക്കാണ് കട്ട് ഓഫ് തീയതി അടിസ്ഥാനമായി നിശ്ചയിച്ചിട്ടുള്ളത്;

(ബി) ഓരോ വിഭാഗത്തിനും ഇത്തരത്തിൽ കട്ട് ഓഫ് തീയതി നിശ്ചയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനമെന്താണ്; വ്യക്തമാക്കാമോ;

(സി) കട്ട് ഓഫ് തീയതിയിലെ അവ്യക്തത കാരണം ഈ സമുദായക്കാർക്ക് ജാതി/സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) SIUC നാടാർ/ LC വിഭാഗങ്ങൾക്ക് സ്വാതന്ത്ര്യത്തിനുമുമ്പ് മതം മാറിയവർ എന്ന നിലയിൽ കട്ട് ഓഫ് തീയതി നിശ്ചയിച്ചിട്ടുണ്ട്. ഈ വിഭാഗങ്ങളിലേയ്ക്ക് പിന്നീട് മതം മാറി വരുന്ന ഇതര വിഭാഗം ആളുകൾക്ക് സംവരണത്തിന് അർഹതയില്ല.

(സി & ഡി) കട്ട് ഓഫ് തീയതിയിൽ അവ്യക്തതയുള്ളതായി കാണുന്നില്ല. കട്ട് ഓഫ് തീയതിക്കുമുമ്പ് മതം മാറിയവരോ അവരുടെ പിന്മുറക്കാരോ എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇവ ലഘൂകരിക്കുന്നതിന് സർക്കാർ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. അവ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**മുഖാരി - മൂവാരി സമുദായങ്ങൾ**

83 (2778) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖാരി-മുവാരി സമുദായങ്ങളെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

മുഖാരി-മൂവാരി സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനിൽനിന്ന് ലഭ്യമാക്കിയിട്ടുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്.

**പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേന നടത്തിയ പ്രവർത്തനങ്ങൾ**

84 (2779) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കാലയളവിൽ പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേന നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും എത്ര തുക ചെലവാക്കി എന്നും എത്ര പേർക്ക് സഹായം ലഭ്യമാക്കി എന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ കാലയളവിൽ പ്രസ്തുത കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഓരോവർഷവും ചെലവാക്കിയ തുക എത്രയെന്നും എത്ര പേർക്ക് സഹായം ലഭ്യമാക്കി എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോർപ്പറേഷൻ വഴി കൊച്ചി നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് ഈ സർക്കാർ കാലയളവിൽ സഹായം ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കോർപ്പറേഷൻ സ്ത്രീ ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും സ്ത്രീ ശാക്തീകരണത്തിനായി എറണാകുളം ജില്ലയിലും കൊച്ചി നിയോജക മണ്ഡലത്തിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ;

ഉത്തരം

(എ) സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, വിവാഹ വായ്പ, വാഹന വായ്പ, വ്യക്തിഗത വായ്പ, സുവർണ്ണശ്രീ വായ്പ, മൈക്രോ ക്രെഡിറ്റ് വായ്പ, പ്രവർത്തന മൂലധന വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ തുടങ്ങിയ 17-ഓളം വായ്പാ പദ്ധതികളിലായി കഴിഞ്ഞ സർക്കാർ കാലയളവിൽ 165493 ഗുണഭോക്താക്കൾക്കായി 1148.27 കോടി രൂപ കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ കാലയളവിൽ സ്വയംതൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, വിവാഹ വായ്പ, വാഹന വായ്പ, വ്യക്തിഗത വായ്പ, സുവർണ്ണശ്രീ വായ്പ, മൈക്രോ ക്രെഡിറ്റ് വായ്പ, പ്രവർത്തന മൂലധന വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ തുടങ്ങിയ വായ്പാ പദ്ധതികൾക്ക് പുറമേ താഴെ പറയുന്ന വായ്പാ പദ്ധതികൾ കൂടി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു:

1. വിദേശത്ത് നിന്ന് മടങ്ങിയെത്തുന്നവർക്കായിട്ടുള്ള പ്രവാസി പുനരധിവാസ വായ്പ

2. പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സ്റ്റാർട്ട് അപ് വായ്പ

3. ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള എന്റെ വീട് വായ്പ.

ഈ സർക്കാർ കാലയളവിൽ 2018 നവംബർ 30 വരെയുള്ള കണക്കുകൾ പ്രകാരമുള്ള വായ്പയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക (കോടിയിൽ ) | ഗുണഭോക്താക്കൾ |
|---|---|---|
| 2016-17 | 316.93 | 37766 |
| 2017-18 | 402.86 | 45757 |
| 2018-19 (നവംബർ 30 വരെ) | 266.74 | 19368 |
| ആകെ | 986.53 | 102891 |

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2018 നവംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം കൊച്ചി നിയോജകമണ്ഡലത്തിലെ 2554 ഗുണഭോക്താക്കൾക്കായി 12.26 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് സ്ത്രീകളുടെ ഗ്രൂപ്പുകൾക്കായി മാത്രം നൽകുന്ന മഹിളാ സമൃദ്ധി യോജന, സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പ, വനിതകൾക്കായുള്ള വ്യക്തിഗത വായ്പയായ 'നൃസ്വർണ്ണിമ' എന്നീ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. ഇതിൽ മൈക്രോ ക്രെഡിറ്റ്/മഹിളാ സമൃദ്ധി യോജന വായ്പ കുടുംബശ്രീ സി.ഡി.എസ്.-കൾ മുഖേനയും തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധസംഘടനകൾ മുഖേനയും നടപ്പിലാക്കുന്നു. ടി പദ്ധതിയിലൂടെ ഒരു ഗുണഭോക്താവിന് 60,000 രൂപ വരെ 3% മുതൽ 5% വരെയുള്ള പലിശ നിരക്കിൽ ലഭിക്കുന്നു. വ്യക്തിഗത വായ്പയായ നൃസ്വർണ്ണിമ പദ്ധതിപ്രകാരം 1 ലക്ഷം രൂപ വരെ 5% പലിശ നിരക്കിൽ ലഭിക്കുന്നു.

ഈ കാലയളവിൽ മൈക്രോ ക്രെഡിറ്റ് വായ്പ/നൃസ്വർണ്ണിമ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിൽ 15.41 കോടി രൂപ 6465 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 2254 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത 3.02 കോടി രൂപ കൊച്ചി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്.

## ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് രണ്ട് തസ്തികമാറ്റം

85 (2781) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് രണ്ട് തസ്തിക മാറ്റംവഴിയുള്ള നിയമനരീതി വ്യക്തമാക്കുമോ;

(ബി) തസ്തിക മാറ്റംവഴിയുള്ള നിയമനം സെക്രട്ടേറിയറ്റ് വിഭാഗത്തിന് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ വിശേഷാൽ ചട്ടത്തിന് (special rules) വിരുദ്ധമായി നിയമ വകുപ്പിൽ നിന്ന് 17450/ഭരണ 11(2)/2018 നിയമം തീയതി 8-8-2018 എന്ന കത്ത് പി.എസ്.സി.ക്ക് അയച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ; കത്തിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സ്പെഷ്യൽ റൂൾസിന് വിരുദ്ധമായി തസ്തിക മാറ്റം വഴി നിയമനത്തിന് പി.എസ്.സി.ക്ക് നിയമ വകുപ്പ് കത്ത് നൽകിയത് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ സർക്കുലറിന്റെ അടിസ്ഥാനത്തിലോ ആണെന്ന് വ്യക്തമാക്കുമോ; കോപ്പി ലഭ്യമാക്കുമോ;

(ഇ) മുകളിൽ പറഞ്ഞിരിക്കുന്ന കത്തിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പ് സ്വീകരിച്ച തുടർനടപടികളെക്കുറിച്ച് വ്യക്തമാക്കുമോ; ഫയലിന്റെ മുഴുവൻ പകർപ്പും ലഭ്യമാക്കുമോ; നേരിട്ടുള്ള നിയമനം ഒഴിച്ച് മറ്റ് വിഭാഗങ്ങൾക്കും സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗങ്ങൾക്കും സെക്രട്ടേറിയറ്റിന് പുറത്തുള്ള നിയമ ബിരുദധാരികൾക്കും നൽകുന്ന അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ ഒരു വിഭാഗത്തിൽ ആളില്ലാതെ വന്നാൽ മുൻകാലങ്ങളിൽ ചെയ്തിരുന്ന രീതി എന്തെന്ന് വ്യക്തമാക്കുമോ; മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഇപ്പോൾ എന്തുകൊണ്ട് ഇത്തരത്തിൽ ഒരു കത്ത് പി.എസ്.സി.ക്ക് നൽകിയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1967-ലെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 4(എ), കാറ്റഗറി 7-ൽ പറഞ്ഞിരിക്കുന്നത് പ്രകാരമാണ് ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നടത്തുന്നത്. പ്രസ്തുത ചട്ടം ഇപ്രകാരമാണ്:

(i) Direct Recruitment

OR

(ii) Appointment from Assistant Tamil Translators and Assistant Kannada Translators

OR

(iii) Appointment or promotion from any other category in Kerala Secretariat Subordinate Service

OR

(iv) Transfer from any category in any Departments under the Government or in the service of the High Court of Kerala.

(ബി) പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(സി) പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 8-8-2018-ലെ 17450/ഭരണ II(2)/2018/നിയമം നമ്പർ കത്തിലൂടെ അഭ്യർത്ഥിക്കുകയും, ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ മാത്രമേ വിജ്ഞാപന നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂവെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി 26-9-2018 തീയതിയിലെ ജി. ആർ. IIC(2)16480/11/GW നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതുമാണ്.

(ഡി) ജീവനക്കാരുടേയും സംഘടനകളുടേയും അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലാണ് കത്ത് നൽകിയിട്ടുള്ളത്.

(ഇ) പ്രസ്തുത വിഷയം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളുടെയും വിവിധ കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വീണ്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കത്ത് പിൻവലിച്ചതായും

തുടർനടപടികൾ ആവശ്യമില്ലെന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയെ 2-11-2018-ലെ 17450/ഭരണ II(2)/2018/നിയമം നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. സെക്രട്ടേറിയറ്റ് വിഭാഗത്തിന് 30 ശതമാനവും മറ്റ് വകുപ്പുകളിൽ നിന്നുള്ളവർക്ക് 20 ശതമാനവും എന്ന അനുപാതമാണ് നിശ്ചയിച്ചിട്ടുള്ളത്. സെക്രട്ടേറിയറ്റ് വിഭാഗത്തിൽ യോഗ്യരായ വ്യക്തികളുടെ അഭാവത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ മറ്റ് വകുപ്പുകൾ ഉൾപ്പെടുന്ന വിഭാഗത്തിൽ നിന്നും നികത്തേണ്ടതും മറ്റ് വകുപ്പുകൾ ഉൾപ്പെടുന്ന വിഭാഗത്തിൽ യോഗ്യരായ വ്യക്തികളുടെ അഭാവത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ സെക്രട്ടേറിയറ്റ് വിഭാഗത്തിൽ നിന്നും നികത്തേണ്ടതും സെക്രട്ടേറിയറ്റ് വിഭാഗം, മറ്റ് വകുപ്പുകൾ ഉൾപ്പെടുന്ന വിഭാഗങ്ങളിൽ യോഗ്യരായ വ്യക്തികളുടെ അഭാവത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ നേരിട്ടുള്ള വിഭാഗത്തിൽ നിന്നും നികത്തേണ്ടതുമാണ്. ജീവനക്കാരുടെയും അവരുടെ സംഘടനകളുടെയും അഭ്യർത്ഥന പ്രകാരമാണ് കത്തെഴുതിയത്. ഫയലിന്റെ പകർപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്.

## കേരള ഔദ്യോഗികഭാഷ (നിയമനിർമ്മാണ) കമ്മീഷന്റെ പ്രവർത്തനങ്ങൾ

86 (2782) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നിയമവകുപ്പിന്റെ കീഴിലുള്ള ഔദ്യോഗിക (നിയമ നിർമ്മാണ) കമ്മീഷൻ എത്ര കേന്ദ്രനിയമങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്;

(ബി) പരിഭാഷപ്പെടുത്തിയവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇപ്രകാരം പരിഭാഷപ്പെടുത്തിയ രേഖകൾ ആകെ എത്ര പേജുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ കാലയളവിൽ കമ്മീഷന് വേണ്ടി ശമ്പളം, മറ്റിനങ്ങൾ എന്നിവയ്ക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ശമ്പളം, റ്റി.എ., ഡി.എ., മറ്റ് അലവൻസുകൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 21 കേന്ദ്ര നിയമങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

(ബി)

(1) കള്ളപ്പണം വെളുപ്പിക്കുന്നത് തടയൽ ആക്ട്, 2002 (62 പേജുകൾ)

(2) ചിട്ടി ഫണ്ടുകൾ ആക്ട്, 1987 (64 പേജുകൾ)

(3) കള്ളപ്പണവും (വെളിപ്പെടുത്താത്ത വിദേശ വരുമാനവും, ആസ്തികളും) നികുതി ചുമത്തലും ആക്ട്, 2015 (95 പേജുകൾ)

(4) ആധാർ (സാമ്പത്തികവും മറ്റ് സബ്‌സിഡികളും, ആനുകൂല്യങ്ങളും, സേവനങ്ങളും വിതരണം ചെയ്യുന്നത് ലക്ഷ്യമാക്കി) ആക്ട്, 2016 (54 പേജുകൾ)

(5) പെട്രോളിയവും മിനറലുകളും പൈപ്പ്ലൈനുകൾ (ഉപഭോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ആക്ട് 1962 (21 പേജുകൾ)

(6) പെട്രോളിയവും മിനറലുകളും പൈപ്പ്ലൈനുകൾ (ഉപഭോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്ട്, 1977 (13 പേജുകൾ)

(7) പെട്രോളിയവും മിനറലുകളും പൈപ്പ്ലൈനുകൾ (ഉപഭോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്ട് 2011 (13 പേജുകൾ)

(8) ദേശീയ ജലമാർഗ്ഗ ആക്ട്, 2016 (48 പേജുകൾ)

(9) കൽക്കരി ഖനികൾ (പ്രത്യേക വ്യവസ്ഥകൾ) ആക്ട്, 2015 (72 പേജുകൾ)

(10) വാണിജ്യ കോടതികളും വാണിജ്യ വിഭാഗവും ഹൈക്കോടതി കളുടെ വാണിജ്യ അപ്പീൽ വിഭാഗം ആക്ട്, 2015 (82 പേജുകൾ)

(11) പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) ഭേദഗതി ആക്ട്, 2015 (29 പേജുകൾ)

(12) പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) ഭേദഗതി ആക്ട്, 2018 (3 പേജുകൾ)

(13) പണം കൊടുക്കലും തീർപ്പാക്കലും സമ്പ്രദായങ്ങൾ ആക്ട്, 2007 (40 പേജുകൾ)

(14) മാനസികാരോഗ്യത്തിനും, നാഡീവ്യൂഹ ശാസ്ത്രങ്ങൾക്കുമുള്ള ദേശീയ വിദ്യാസ്ഥാപനം ആക്ട്, 2012 (24 പേജുകൾ)

(15) ദി ഡോ. രാജേന്ദ്രപ്രസാദ് കേന്ദ്ര കാർഷിക സർവ്വകലാശാല ആക്ട്, 2016 (76 പേജുകൾ)

(16) ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്ട്, 2016 (11 പേജുകൾ)

(17) ഭരണഘടന (നൂറ്റിരണ്ടാം ഭേദഗതി) ആക്ട്, 2018 (8 പേജുകൾ)

(18) സംയോജിത ചരക്ക് സേവന നികുതി ആക്ട്, 2017 (23 പേജുകൾ)

(19) യൂണിയൻ പ്രദേശ ചരക്ക് സേവന നികുതി ആക്ട്, 2017 (57 പേജുകൾ)

(20) അവശ്യ സാധനങ്ങൾ ആക്ട്, 1955 (36 പേജുകൾ)

(21) ബാല നീതി (കുട്ടികളുടെ പരിചരണവും സംരക്ഷണവും) ആക്ട്, 2015 (44 പേജുകൾ)

(സി) 2016-2017 വർഷത്തെ ചെലവ്

| | |
|---|---|
| സാലറി | 1,88,73,087 |
| വേതനം | 2,80,201 |
| ഡി.എ. | 27,14,760 |
| എച്ച്.ആർ.എ. | 8,13,635 |
| മറ്റ് അലവൻസുകൾ | 1,79,058 |
| റ്റി.എ. | 3,169 |
| മറ്റ് ഇനങ്ങൾ | 5,83,135 |
| ആകെ ചെലവ് | 2,34,47,045 |

2017-2018 വർഷത്തെ ചെലവ്

| | |
|---|---|
| സാലറി | 1,90,12,241 |
| വേതനം | 3,77,393 |
| ഡി.എ. | 25,59,389 |
| എച്ച്.ആർ.എ. | 7,67,280 |
| മറ്റ് അലവൻസുകൾ | 2,64,565 |
| റ്റി.എ. | 0 |
| മറ്റ് ഇനങ്ങൾ | 7,90,577 |
| ആകെ ചെലവ് | 2,37,71,445 |

2018-2019 വർഷത്തെ ചെലവ് (5-12-2018 വരെയുള്ളത്)

| | |
|---|---|
| സാലറി | 1,39,20,550 |
| വേതനം | 2,74,687 |
| ഡി.എ. | 21,53,897 |
| എച്ച്.ആർ.എ. | 4,37,350 |
| മറ്റ് അലവൻസുകൾ | 1,98,256 |
| റ്റി.എ. | 1,75,947 |
| മറ്റ് ഇനങ്ങൾ | 5,15,500 |
| ആകെ ചെലവ് | 1,76,76,187 |

**അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്തിരുന്ന മന്ത്രിമാർ**

87 (2783) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ മന്ത്രിമാരിൽ എത്ര പേരാണ് അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്തിരുന്നതെന്നും അവർ ആരെല്ലാമാണെന്നും അറിവുണ്ടോ; എങ്കിൽ ആരെല്ലൊമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്യുന്നതിന് മുൻപ് സന്നത് സസ്പെൻഡ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ബാർ കൗൺസിൽ സന്നത് സസ്പെൻഡ് ചെയ്തതെന്ന് അറിയിക്കുമോ;

(സി) നിലവിലെ അഡ്വക്കേറ്റ്സ് ആക്ട് അനുസരിച്ച് സന്നത് സസ്പെൻഡ് ചെയ്താൽ അഡ്വക്കേറ്റ് എന്ന് പേരിനോടൊപ്പം ചേർക്കാമോ;

(ഡി) നിലവിലെ രണ്ട് മന്ത്രിമാർ സർക്കാർ ഡയറിയിലും അവരുടെ വസതികളിലും അഡ്വക്കേറ്റ് എന്ന് പേരിനോടൊപ്പം കാണിച്ച് ഇരട്ട പദവി വഹിക്കുന്നതായി സർക്കാരിന്റെയും ബാർ കൗൺസിലിന്റേയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ

2. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ

3. ബഹുമാനപ്പെട്ട വനംവന്യ ജീവി, മൃഗസംരക്ഷണം, ക്ഷീരവികസനം, മൃഗശാല വകുപ്പുമന്ത്രി ശ്രീ. കെ. രാജു

(ബി) മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തതോടുകൂടി ഇവർ സന്നത് സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) സന്നത് സസ്പെന്റ് ചെയ്ത് കഴിഞ്ഞാൽ അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യരുതെന്ന് വ്യവസ്ഥയുണ്ടെങ്കിലും അഡ്വക്കേറ്റ് എന്ന് പേരിനോടൊപ്പം ചേർക്കരുതെന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടില്ല.

(ഡി) മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തതോടുകൂടി പ്രാക്ടീസ് അവസാനിപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇരട്ട പദവി വഹിക്കുന്നില്ല.

**നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് 2**

88 (2784) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവകുപ്പിലെ ലീഗൽ അസിസ്റ്റൻറ് ഗ്രേഡ് 2 തസ്തികയിലേക്ക് 4-6-2016-നുശേഷമുള്ള പുതിയ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) നിയമവകുപ്പിൽ 4-6-2016-നുശേഷം 31-10-2018 വരെ റിട്ടയർമെന്റ്, പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ, പോസ്റ്റ് ക്രിയേഷൻ എന്നിവ വഴി എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) പി. &എ.ആർ.ഡി.യുടെ സർക്കുലറുകൾ 4185/AdvC3/2009/P&ARD dated 1-6-2009, 104/AdvC3/2016/P&ARD dated 17-8-2016 എന്നീ സർക്കുലറുകൾ പ്രകാരം 4-6-2016-ന് ശേഷമുള്ള എല്ലാ ലീഗൽ അസിസ്റ്റൻറ് ഗ്രേഡ് 2 ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുമോ;

(ഡി) സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസിയുടെ ഭാഗമായി സർക്കാരിന്റെ G. O. (P) No. 12/2012/Law dated 12-6-2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമ പരിശോധനാവിഭാഗം ലോ (നോഡൽ) ഓഫീസർമാരുടെ അഭാവം കണ്ടെത്തിയ വകുപ്പുകളുടെ എണ്ണമെത്ര; ഇവിടെയെല്ലാം ലോ (നോഡൽ) ഓഫീസറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും കേരള ലീഗൽ സർവ്വീസ് അതോറിറ്റിയിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും പി. & എ.ആർ.ഡി. സമർപ്പിച്ച പഠന റിപ്പോർട്ടുകൾ പ്രകാരം സെക്രട്ടറി/അസിസ്റ്റന്റ് തസ്തികയിലേക്ക് ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റിയിലും അനുബന്ധ സ്ഥാപനങ്ങളിലും ലീഗൽ അസിസ്റ്റന്റ് തസ്തികയ്ക്കു സമാനമായി, ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന എത്ര തസ്തികകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് 5 പുതിയ ഒഴിവുകൾ 30-11-2018 തീയതിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കൂടാതെ, പുതുതായി ഉണ്ടായിട്ടുള്ള 3 ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നുണ്ട്.

(ബി) ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ ഉണ്ടായ 5 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 4-6-2016-നുശേഷം റിട്ടയർമെന്റ്, പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ, പോസ്റ്റ് ക്രിയേഷൻ എന്നിവമൂലം ഉയർന്ന തസ്തികകളിൽ ഒഴിവുകൾ ഉണ്ടായെങ്കിലും, താൽക്കാലിക മജിസ്ട്രേറ്റ് തസ്തികയിൽ നിന്നും ജീവനക്കാർ മടങ്ങിവന്നതുമൂലവും, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുതലായ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാർ മടങ്ങിവന്നതുമൂലവും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശപ്രകാരം ഒഴിവുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യേണ്ടിവന്നതിനാലും, ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയായ ശേഷം ജീവനക്കാർ തിരികെ വന്നതുകാരണവും റിട്ടയർമെന്റ്, പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ, പോസ്റ്റ് ക്രിയേഷൻ എന്നിവമൂലം ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ ഒഴിവ് ഉണ്ടായിട്ടില്ല.

(സി) നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ ഉണ്ടായ 5 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 30-11-2018 തീയതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങൾ മോണിറ്റർ ചെയ്യുന്നതിനുമായി നിയമ (നോഡൽ) ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത 17 ഡയറക്ടറേറ്റുകൾ/വകുപ്പുകൾ ഉണ്ട്. പ്രസ്തുത വകുപ്പുകളിൽ നിയമ (നോഡൽ) ഓഫീസർമാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് പ്രസ്തുത വകുപ്പുകളിൽ നിന്നും അതാത് ഭരണവകുപ്പുകളുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിയമവകുപ്പിൽ നടപടി സ്വീകരിക്കാൻ കഴിയൂ.

(ഇ) കേരള സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിയിലേക്കും അനുബന്ധ സ്ഥാപനങ്ങളിലേക്കും ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും നേരിട്ട് നിയമനം നടത്തുവാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം സാധ്യമല്ല. പി ആൻഡ്. എ.ആർ. വകുപ്പ് സമർപ്പിച്ച പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) ലീഗൽ അസിസ്റ്റന്റ് തസ്തികയ്ക്ക് സമാനമായി ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളിൽ അന്യത്ര സേവന വ്യവസ്ഥയിൽ കെൽസ നിയമനം നടത്തുന്ന തസ്തികകൾ ചുവടെ ചേർക്കുന്നു:

| സ്ഥാപനം | തസ്തിക | എണ്ണം |
|---|---|---|
| കെൽസ ആസ്ഥാനം | അസിസ്റ്റന്റ് | 4 |
| എ.ഡി.ആർ. സെന്റർ, ഹൈക്കോടതി | അസിസ്റ്റന്റ് | 2 |
| എ.ഡി.ആർ. സെന്റർ, ജില്ലാ കേന്ദ്രം | ക്ലർക്ക് | 16 |
| താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി | സെക്രട്ടറി | 62 |
| ആകെ | | 84 |

**കേരള ഫോക്‌ലോർ അക്കാദമി**

89 (2785) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടക്കാട് കണ്ണപെരുവണ്ണാൻ, മണക്കാടൻ ഗുരുക്കൾ എന്നിവർക്ക് ഉചിതമായ സ്മാരകം നിർമ്മിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരള ഫോക്‌ലോർ അക്കാദമി ഇത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിലെ കൊടക്കാട് വില്ലേജിൽ കണ്ണപ്പെരുവണ്ണാൻ സ്മാരക കലാഗ്രാമം സ്ഥാപിക്കുന്നതിനുവേണ്ടി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ 13-10-2017-ലെ സ. ഉ. (സാധാ.) നമ്പർ 597/2017/സാം.കാ.വ. ഉത്തരവ് പ്രകാരം കേരള ഫോക്‌ലോർ അക്കാദമിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

കൊടക്കാട് കണ്ണപ്പെരുവണ്ണാൻ, മണക്കാടൻ ഗുരുക്കൾ എന്നിവർക്ക് സ്മാരകം സ്ഥാപിക്കുന്നതിനുവേണ്ടി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറുമായി കൂടിയാലോചിച്ചുവരുന്നു.

**കിഫ്ബി മുഖേന സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ**

90 (2786) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി-യുടെ സാമ്പത്തിക സഹായത്തോടെ സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ KIIFB-ന്റെ സാമ്പത്തിക സഹായത്തോടെ ജില്ലാ കേന്ദ്രങ്ങളിൽ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ സ്ഥലം കണ്ടെത്തുകയും അതിൽ കൊല്ലം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലെ സ്ഥലം കൈമാറി ലഭിക്കുകയും, പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ, ഇടുക്കി, മലപ്പുറം എന്നിവിടങ്ങളിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മറ്റ് ജില്ലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

2. അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് വേണ്ടി സ്ഥിരം വേദിയുണ്ടാക്കുന്നതിനായി തിരുവനന്തപുരത്തെ തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ വക സ്ഥലം കണ്ടെത്തുകയും അതനുസരിച്ച് സ്ഥലത്തെക്കുറിച്ചുള്ള സ്റ്റേക്ക് ഹോൾഡിംഗ് കൺസൾട്ടേഷൻ, സർവ്വെ ആന്റ് ഫീൽഡ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, കൺസൾട്ടന്റായ മെസ്സേഴ്സ് പ്രൈസ് വാട്ടേഴ്സ് കൂപ്പേർഴ്സ് എന്ന സ്ഥാപനം തയ്യാറാക്കുകയും ചെയ്തു. എന്നാൽ സിനിമാ മേഖലയിലുള്ളവരുടെയും മറ്റ് സിനിമാസ്വാദകരുടെയും അഭിപ്രായങ്ങൾ പരിഗണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തിരുവനന്തപുരം നഗര ഹൃദയത്തിൽ തന്നെയുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതനുസരിച്ച് സ്ഥലം കണ്ടെത്തുന്നതിനായുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

3. കെ.എസ്.എഫ്.ഡി.സി.യുടെ ചിത്രാഞ്ജലി സ്റ്റുഡിയോയെ ഒരു ഫിലിം സിറ്റിയായി മാറ്റുന്ന പദ്ധതിക്കായുള്ള ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചു കഴിഞ്ഞു.

4. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന കേരളത്തിലുടനീളം 100 സിനിമ തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ, പേരാമ്പ്ര, തലശ്ശേരി എന്നീ സ്ഥലങ്ങൾ തെരഞ്ഞെടുക്കുകയും ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ

അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റപ്പാലം, താനൂർ, കോഴിക്കോട്, നെയ്യാറ്റിൻകര, കൊല്ലം, ചെങ്ങന്നൂർ എന്നിവിടങ്ങളിലെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കും.

**നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ**

91 (2787) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ KIIFB-ന്റെ സാമ്പത്തിക സഹായത്തോടെ ജില്ലാ കേന്ദ്രങ്ങളിൽ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ സ്ഥലം കണ്ടെത്തുകയും, അതിൽ കൊല്ലം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലെ സ്ഥലം സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കുകയും പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ, ഇടുക്കി, മലപ്പുറം എന്നിവിടങ്ങളിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മറ്റ് ജില്ലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

**പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

92 (2788) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) പരമ്പരാഗത കലാരൂപങ്ങളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് സാംസ്കാരിക കാര്യവകുപ്പിന് കീഴിൽ ഫോക്‌ലോർ അക്കാദമി പ്രവർത്തിക്കുന്നത്. തെയ്യം കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു തെയ്യം മ്യൂസിയം കേരള ഫോക്‌ലോർ അക്കാദമിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പൂരക്കളി, പടയണി, ചിമ്മാനക്കളി, മുടിയേറ്റ്, മാരിതെയ്യം തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിക്കുവാൻ കേരള ഫോക്‌ലോർ അക്കാദമി അവസരമൊരുക്കുന്നുണ്ട്. കേരള ഫോക്‌ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പരമ്പരാഗത കലാരൂപങ്ങൾ ഉൾപ്പെടുത്തി ജില്ലാ കലോത്സവങ്ങൾ സംഘടിപ്പിക്കാറുണ്ട്. പടയണി എന്ന കലാരൂപം പ്രചരിപ്പിക്കുവാനും പരിശീലനം നൽകുവാനും കോട്ടയം ജില്ലയിൽ വെള്ളാവൂരിൽ ഒരു ഫോക് സെന്ററിന്റെ നിർമ്മാണവും ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള KIRTADS-ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഗദ്ദിക മേളകളിലും പാരമ്പര്യ കലാരൂപങ്ങളുടെ അവതരണവും പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യകലകളെ പരിപോഷിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഗോത്ര സമുദായത്തിന്റെ കലകൾക്കായി 15 ദിവസം നീണ്ടുനിൽക്കുന്ന പഠനക്കളരികളും സംഘടിപ്പിക്കാറുണ്ട്. സംസ്ഥാനത്തെ 13 ഗോത്രജനതയുടെ കലകളെക്കുറിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ച് ഗോത്രകലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 'ഗോത്രതാളം വാല്യം II' എന്ന പേരിൽ 2018-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പാരമ്പര്യ വാസ്തുവിദ്യ, പാരമ്പര്യ ചുമർചിത്ര രചന എന്നിവയുടെ പ്രോത്സാഹനത്തിനും പ്രചരണത്തിനും വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**സാംസ്കാരിക ഉന്നത സമിതി**

93 (2789) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക ഉന്നത സമിതിയുടെ പ്രവർത്തനം ഒട്ടും ആശാവഹമല്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) സമിതി നിലവിൽ വന്നത് എന്നാണ്;ഇതിനകം എത്ര യോഗങ്ങൾ ചേർന്നു; പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയിൽ നിന്ന് എത്ര തുക ഇതിനകം ചെലവഴിച്ചു; പ്രധാനമായും കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയാണ്;

(സി) സാംസ്കാരിക സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് സമിതിക്ക് ഉദ്ദേശ്യമുണ്ടോ;എങ്കിൽ ഇതടക്കം ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാണ് സമിതി ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ & ബി) ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി ഉപാദ്ധ്യക്ഷനായും കലാ സാംസ്കാരിക രംഗത്തുനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രമുഖ വ്യക്തി സെക്രട്ടറിയായും ധനകാര്യവകുപ്പ് സെക്രട്ടറി, സാംസ്കാരിക വകുപ്പ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായും സാംസ്കാരിക ഉന്നത സമിതി (Apex Council for Culture) 21-2-2018-ലെ സ. ഉ. (കൈ.) നമ്പർ 10/2018/സാം.കാ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

ഇതിനോടകം സമിതിയുടെ രണ്ട് യോഗങ്ങൾ ചേർന്നിട്ടുണ്ട്. സാംസ്കാരിക ഉന്നത സമിതിയുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയിൽനിന്നും 7,67,060 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തന റിപ്പോർട്ടുകൾ ശേഖരിക്കുക, രക്തസാക്ഷ്യം 2018 സംസ്ഥാന കോർ കമ്മിറ്റി പരിപാടികളിൽ സഹകരിക്കുക, സാംസ്കാരിക നയത്തിന്റെ കരട് തയ്യാറാക്കാനായി ഉപസമിതി രൂപീകരിക്കുക, സെമിനാർ നടത്തുക തുടങ്ങിയ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) ഉണ്ട്. സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനം നടപ്പാക്കുന്നതിനായാണ് സാംസ്കാരിക സ്ഥാപനങ്ങളുടെ ഭാരവാഹികളും സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തികളും അംഗങ്ങളായി സാംസ്കാരിക ഉന്നത സമിതി രൂപീകരിച്ചത്. പദ്ധതി വിഹിതം ലഭിക്കുന്ന പ്രമുഖ സാംസ്കാരിക സ്ഥാപനങ്ങൾ, ആവർത്തന, അനാവർത്തന ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയെ ഏകോപിപ്പിച്ചുകൊണ്ട് സർക്കാരിന്റെ സാംസ്കാരിക നയത്തെ അടിസ്ഥാനമാക്കി, സാംസ്കാരിക രംഗത്ത് നൂതന പദ്ധതികൾ നടപ്പിലാക്കാൻ സമിതി ആലോചിക്കുന്നുണ്ട്. നവകേരള സൃഷ്ടിയിൽ സാംസ്കാരിക സ്ഥാപനങ്ങളെ കാര്യക്ഷമമായി പങ്കെടുപ്പിക്കാനും നവോത്ഥാന മതേതര മാനവിക മൂല്യങ്ങളെ പുനഃസ്ഥാപിക്കാനും സാംസ്കാരിക ഉന്നത സമിതി മുൻകയ്യെടുക്കുന്നതാണ്.

## സിനിമയിൽ വനിതകൾ നേരിടുന്ന ലിംഗവിവേചനം

94 (T*2790) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടി ആക്രമിക്കപ്പെട്ട സംഭവത്തിന്റെ പശ്ചാത്തലത്തിൽ സിനിമയിൽ വനിതകൾ നേരിടുന്ന ലിംഗവിവേചനത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷനെ നിയോഗിച്ചത് എന്നാണ്; എത്ര കാലത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്;

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ടി സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ബി) 1-7-2017-ലെ സ. ഉ. (കൈ.) നമ്പർ 16/2017/സാം.കാ.വ. ഉത്തരവ് പ്രകാരം രൂപീകരിച്ച സമിതിക്ക് 16-11-2017-ലെ സ. ഉ. (സാധാ.) നമ്പർ 661/2017/സാം.കാ.വ. പ്രകാരം ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിരുന്നു. 6 മാസത്തേയ്ക്കാണ് പ്രസ്തുത ഉത്തരവിൽ കാലാവധി നിശ്ചയിച്ച് നൽകിയിരുന്നത്. എന്നാൽ ടി കാലയളവിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സാധിക്കുകയില്ലെന്നും കാലാവധി ദീർഘിപ്പിക്കണമെന്നും സമിതി ആവശ്യപ്പെട്ടതനുസരിച്ച് 2-7-2018-ലെ സ. ഉ. (കൈ.) നമ്പർ 25/2018/സാം.കാ.വ. ഉത്തരവ് പ്രകാരം 2018 മേയ് 16 മുതൽ 6 മാസത്തേക്ക് കൂടി കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ കാലാവധി നവംബറിൽ അവസാനിച്ച സാഹചര്യത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലാവധി നീട്ടിനൽകണമെന്ന് സമിതി അദ്ധ്യക്ഷ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) 3-7-2018-ലെ സ. ഉ. (സാധാ.) നമ്പർ 429/2018/സാം.കാ.വ. ഉത്തരവ് പ്രകാരം സമിതിയുടെ പ്രവർത്തനങ്ങൾക്കായി 14 ലക്ഷം രൂപ കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിക്ക് അനുവദിച്ച് നൽകിയിരുന്നു. കൂടാതെ 4,54,219 രൂപ സമിതിയുടെ പ്രവർത്തനങ്ങൾക്കായി ചലച്ചിത്ര അക്കാഡമി നേരിട്ട് നൽകിയിട്ടുമുണ്ട്.

**സാംസ്കാരിക വകുപ്പിലെ നിയമനങ്ങൾ**

95 (2791) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെകീഴിൽ എത്ര സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഇനിയും പി.എസ്.സി.ക്ക് വിടുവാൻ ഉണ്ട്; വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ട്; വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കിയ സ്ഥാപനങ്ങളിൽ നിയമനം പി.എസ്.സി.ക്ക് വിടുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) നിലവിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ ഉള്ള ആകെ ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങൾ എത്ര; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ വാസ്തുവിദ്യാ ഗുരുകുലം-ആറന്മുള കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, കേരള ലളിതകലാ അക്കാഡമി, കേരള സംഗീത നാടക അക്കാഡമി, ഭാരത് ഭവൻ, ഗുരു ഗോപിനാഥ് നടനഗ്രാമം, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി, കേരള സ്റ്റേറ്റ് ജവഹർ ബാലഭവനുകൾ, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, മലയാളം മിഷൻ എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടിട്ടില്ല.

(ബി) ടി സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടില്ല.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**സാംസ്കാരിക കലാപ്രവർത്തനങ്ങൾക്കായി ഒരു പദ്ധതി**

96 (2792) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയുടെ സാംസ്കാരിക കേന്ദ്രമായ തൃപ്പൂണിത്തുറയിൽ തിരുവനന്തപുരത്തെ മാനവീയം വീഥി പോലെ സാംസ്കാരിക കലാപ്രവർത്തനങ്ങൾക്കായി ഒരു പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോ;

(ബി) വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ & ബി) നിർദ്ദേശം പരിഗണനയിലില്ല.

**ജില്ലകളിൽ സാംസ്കാരിക സമുച്ചയം**

97 (2793) ശ്രീ. പുരുഷൻ കടലുണ്ടി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് സംസ്കാരത്തെയും വിദ്യാഭ്യാസത്തെയും പുരാതന വിജ്ഞാനത്തെയും ചരിത്രസ്മാരകങ്ങളേയും കാവിവൽക്കരിക്കാൻ ശ്രമം നടക്കുന്നതായി ആക്ഷേപമുയരുന്ന സാഹചര്യത്തിൽ, ജനാധിപത്യപരമായ സാംസ്കാരിക ഇടങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഓരോ ജില്ലയിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(ബി) സംസ്കൃതത്തിൽ അവഗാഹമുള്ള സാംസ്കാരിക നായകരുടെ കൂട്ടായ്മയായ സംസ്കൃത സംഘം നടത്തിയ രാമായണ പാരായണത്തിനെതിരെ ഒരു ഭാഷയുടെ പോലും കുത്തകാവകാശം ഏറ്റെടുത്തുകൊണ്ട് ചില ശക്തികൾ എതിർപ്പുന്നയിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇത്തരുണത്തിൽ ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും വിപുലീകരിക്കാനുംവേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) ഗ്രാമപ്രദേശങ്ങളിൽ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കുന്നതിന് നാട്ടരങ്ങ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സാംസ്കാരിക ബഹുസ്വരതയും ആവിഷ്കാര സ്വാതന്ത്ര്യം ഉറപ്പുവരുത്താനും കലാ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഏകീകരണത്തിനുമായി നവോത്ഥാന പ്രതീകങ്ങളായ സാംസ്കാരിക നായകരുടെ അനുസ്മരണം, നവോത്ഥാന പ്രക്ഷോഭങ്ങളുടെ പുനർവായന, സാംസ്കാരിക പ്രവർത്തനങ്ങളെക്കുറിച്ചുള്ള ജാഗ്രതപ്പെടുത്തലുകൾ എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് 2016-17 ബജറ്റ് പ്രസംഗത്തിൽ KIIFB-ന്റെ സാമ്പത്തിക സഹായത്തോടെ ജില്ലാ കേന്ദ്രങ്ങളിൽ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പ്രഖ്യാപിച്ചത്. 3 മുതൽ 5 ഏക്കർ വരെ വിസ്തീർണ്ണമുള്ള സ്ഥലത്ത് 50 കോടി രൂപ വീതം ചെലവിൽ വിപുലമായ സാംസ്കാരിക സമുച്ചയങ്ങളാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ അടിസ്ഥാന ത്തിൽ കൊല്ലം, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ സ്ഥലം കണ്ടെത്തുകയും അതിൽ കൊല്ലം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലെ സ്ഥലം സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കുകയും, പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ ടി പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മറ്റ് ജില്ലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

(ബി) സർക്കാർതലത്തിൽ സംസ്കൃത സംഘം പരിപാടികൾ സംഘടിപ്പിച്ചിട്ടില്ല.

രാമായണ വായനയുടെ മാഹാത്മ്യം ഉൾക്കൊണ്ട് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും മലയാളം സർവ്വകലാശാലയും സംയുക്തമായി എഴുത്തച്ഛനെയും അദ്ദേഹത്തിന്റെ കൃതികളെയും പ്രചരിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ എഴുത്തച്ഛൻ പ്രഭാഷണ പരമ്പര സംഘടിപ്പിച്ചിരുന്നു. മതനിരപേക്ഷ സമൂഹത്തിന്റെ പൊതുഇടമായി ഗ്രന്ഥശാലകളെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തുടർന്നുവരുന്നത്. ഇതിന്റെ ഭാഗമായ 'ജാഗ്രത' എന്ന പേരിൽ ഒരു സാംസ്കാരിക ജാഥ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ചത് സാംസ്കാരികമായ കടമ നിർവ്വഹിക്കുകയെന്ന ഉദ്ദേശ്യത്തിലാണ്.

(സി) ഉണ്ട്. സാംസ്കാരിക വകുപ്പ്, ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ 'നാട്ടരങ്ങ്' എന്ന പേരിൽ ഒരു നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സാംസ്കാരിക കൂട്ടായ്മകളുടെ പ്രവർത്തനവേദിയായും കലാ പ്രകടനങ്ങളുടെ രംഗവേദിയായും ഉപയോഗിക്കത്തക്ക പൊതുഇടങ്ങൾ നിർമ്മിച്ച് സംരക്ഷിച്ച് നിലനിർത്തുകയാണ് ഈ പദ്ധതിവഴി വിഭാവനം ചെയ്യുന്നത്. സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മതിയായ പൊതുഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി തിരുവനന്തപുരത്തെ മാനവീയം വീഥിയുടെ മാതൃകയിൽ വികസിപ്പിച്ചെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് ആദ്യഘട്ടമായി 5 ലക്ഷം രൂപ വീതം ചെലവ് വരുന്ന 10 നാട്ടരങ്ങുകൾ സ്ഥാപിക്കുന്നതിന് നടപ്പുസാമ്പത്തികവർഷത്തിൽ 2205-00-102-80 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ 50 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് 11-6-2018-ലെ സ. ഉ. (സാധാ.) നമ്പർ 388/2018/സാം.കാ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## കിളിമാനൂർ ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ട്

98 (2794) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂരിൽ വിശ്വപ്രസിദ്ധ ചിത്രകാരൻ രാജാരവിവർമ്മയുടെ സ്മരണയ്ക്കായി നിർമ്മിക്കുന്ന ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

### <u>ഉത്തരം</u>

കിളിമാനൂരിലുള്ള രാജാരവിവർമ്മ സ്മാരക നിലയത്തിൽ ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോ നിർമ്മിക്കുവാൻ 17-9-2018-ലെ സ. ഉ. (സാധാ.) നമ്പർ 560/2018/സാം.കാ.വ. പ്രകാരം 49,13,794 രൂപയുടെ (നാല്പത്തൊൻപത് ലക്ഷത്തി പതിമൂവായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ ചുമതല കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ കേരള ലളിതകലാ അക്കാദമി ഏല്പിക്കുകയും പ്രാരംഭ നടപടികൾ ആരംഭിക്കുകയും

ചെയ്തിട്ടുണ്ട്. 2016-17 ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം കിളിമാനൂർ ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടിനായി കേരള ലളിതകലാ അക്കാദമിക്ക് അനുവദിച്ച 25 ലക്ഷം രൂപ, ഉപയോഗിച്ചും ബാക്കി തുക, 2018-19 സാമ്പത്തിക വർഷത്തിലെ കേരള ലളിതകലാ അക്കാദമിയുടെ പദ്ധതി വിഹിതത്തിൽ നിന്ന് കണ്ടെത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള**

99 (2795) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ കേരളയ്ക്ക് വേണ്ടി തിരുവനന്തപുരത്ത് സ്ഥിരം വേദിയുണ്ടാകുന്നത് സംബന്ധിച്ച് സർക്കാർ എന്തൊക്കെ തീരുമാനങ്ങൾ എടുത്തു; വിശദമാക്കുമോ;

(ബി) 2018 ഫിലിംഫെസ്റ്റിവലിന് ഇതുവരെ എത്ര പേർ രജിസ്റ്റർ ചെയ്തു; കഴിഞ്ഞ വർഷം എത്ര പേരാണ് രജിസ്റ്റർ ചെയ്തത്; പ്രസ്തുത ഫെസ്റ്റിവലിന്റെ രജിസ്ട്രേഷൻ ഫീസ് കുറയ്ക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര ഫിലിം സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത സ്ഥാപനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപയുടെ ധനസഹായം നൽകി; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ കേരളയ്ക്കുവേണ്ടി സ്ഥിരം വേദിയുണ്ടാക്കുന്നതിനായി തിരുവനന്തപുരത്തെ തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ വക സ്ഥലം കണ്ടെത്തുകയും അതനുസരിച്ച് സ്ഥലത്തെക്കുറിച്ചുള്ള സ്റ്റേക്ക് ഹോൾഡിംഗ് കൺസൾട്ടേഷൻ, സർവ്വേ ആന്റ് ഫീൽഡ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കൺസൾട്ടന്റായ മെസ്സേഴ്സ് പ്രൈസ് വാട്ടേഴ്സ് കൂപ്പേർസ് എന്ന സ്ഥാപനം തയ്യാറാക്കുകയും ചെയ്തു. എന്നാൽ നഗരത്തിൽ നിന്നും ഏറെ മാറി തിരുവല്ലത്ത് സ്ഥാപിക്കുന്നതിനെതിരെ സിനിമാ മേഖലയിലുള്ളവരുടെയും മറ്റ് സിനിമാസ്വാദകരുടെയും അഭിപ്രായങ്ങൾ പരിഗണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, തിരുവനന്തപുരം

നഗര ഹൃദയത്തിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് സ്ഥലം കണ്ടെത്തുന്നതിനായുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) 2018-ലെ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് 30-11-2018 വരെ 6214 പ്രതിനിധികൾ രജിസ്റ്റർ ചെയ്തു. 10595 പ്രതിനിധികളാണ് 2017-ലെ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് രജിസ്റ്റർ ചെയ്തത്. ഫെസ്റ്റിവലിന്റെ ഫീസ് കുറയ്ക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

(സി) 168 ഫിലിം സൊസൈറ്റികൾ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യയുടെ കേരള ഘടകത്തിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1 കോടി രൂപ ഫിലിം സൊസൈറ്റികൾക്കുള്ള പ്രവർത്തന ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി മുഖാന്തരം ഫിലിം സൊസൈറ്റികൾക്കായി 11,70,000 രൂപയും അനുവദിച്ചിട്ടുണ്ട്.

**പാർലമെന്ററി ജനാധിപത്യ സംവിധാനം**

100 (2796) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് പാർലമെന്ററി ജനാധിപത്യ സംവിധാനത്തെക്കുറിച്ച് അവബോധം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നും ആയതിലേക്കായി അപേക്ഷ നൽകേണ്ട രീതിയെ സംബന്ധിച്ചുമുള്ള വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഓരോ നിയോജകമണ്ഡലങ്ങളിൽ നിന്നും ബഹുമാനപ്പെട്ട എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന 4 സ്കൂളുകളിൽ സെമിനാർ, രണ്ട് സ്കൂളുകളിൽ വീതം യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവയും അദ്ധ്യയന വർഷാടിസ്ഥാനത്തിൽ പാർലമെന്ററി

കാര്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടത്തിവരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.മാർ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറലിന് നൽകുന്ന കത്തിൽ ശിപാർശ ചെയ്യുന്ന സ്കൂളുകളിലാണ് പരിപാടികൾ നടത്തുന്നത്.

(ബി) സംസ്ഥാനത്ത് ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ നടത്തിവരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ മോഡൽ പാർലമെന്റ്, സെമിനാർ എന്നിവയും സംഘടിപ്പിച്ചുവരുന്നു. മോഡൽ പാർലമെന്റിൽ സംസ്ഥാനതലത്തിൽ ജേതാക്കളാകുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് പാർലമെന്റ് സന്ദർശന പരിപാടിയും സംഘടിപ്പിച്ചുവരുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

101 (2797) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ ജനാധിപത്യ അവബോധം സൃഷ്ടിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കുന്നത് എന്നറിയിക്കാമോ ;

(ബി) ഈ വർഷം കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് ഇത്തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) ഇത്തരം പരിപാടികൾ സമയബന്ധിതമായി സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ നടത്തിവരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ മോഡൽ പാർലമെന്റ്, സെമിനാർ എന്നിവയും സംഘടിപ്പിച്ചുവരുന്നു. മോഡൽ പാർലമെന്റിൽ സംസ്ഥാനതലത്തിൽ ജേതാക്കളാകുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് പാർലമെന്റ് സന്ദർശന പരിപാടിയും സംഘടിപ്പിച്ചുവരുന്നു.

(ബി) വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) പരിപാടികൾ സമയബന്ധിതമായാണ് നടപ്പിലാക്കിവരുന്നത്.

**ഒറ്റപ്പാലം മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണം**

102 (2798) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിന് അനുവദിച്ച നിർദ്ദിഷ്ട മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ;

(ബി) നടപടിക്രമങ്ങളിൽ കാലതാമസം ഉണ്ടായിട്ടുണ്ട് എങ്കിൽ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) നിർമ്മാണപ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഒറ്റപ്പാലത്ത് തിയേറ്റർ നിർമ്മാണ പദ്ധതിക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുവേണ്ടി കിറ്റ്കോയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കെ.എസ്.എഫ്.ഡി.സി.വഴിയാണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ ചില കാലതാമസം ഉണ്ടായിരുന്നു. ഡി.പി.ആർ. ഉടനടി തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കിറ്റ്കോ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ കെ.എഫ്.ഡി.സി.യുടെ തിയേറ്റർ സമുച്ചയം

103 (2799) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ നിർമ്മാണ പദ്ധതിക്കായി ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥലം കെ.എസ്.എഫ്.ഡി.സി.യുടെ വിദഗ്ദ്ധ സംഘം പരിശോധിച്ച് സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച വിശദാംശങ്ങളും സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് കെ.എസ്.എഫ്.ഡി.സി.യുടെ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ചലച്ചിത്രവികസന കോർപ്പറേഷന്റെ തിയേറ്റർ നിർമ്മാണ പദ്ധതിക്കായി ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥലം കെ.എസ്.എഫ്.ഡി.സി.യുടെ വിദഗ്ദ്ധ സംഘം പരിശോധിച്ച് സാദ്ധ്യത വിലയിരുത്തി. തിയേറ്റർ നിർമ്മാണത്തിനായി അനുവദിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം മൈലക്കാട് ഗവൺമെന്റ് യു.പി. സ്കൂൾ കോമ്പൗണ്ടിലാണ്. പ്രസ്തുത സ്ഥലം സന്ദർശനം നടത്തിയ വേളയിൽത്തന്നെ സ്കൂൾ അധികൃതരിൽ നിന്നും, സ്കൂൾ പി.ടി.എ. ഭാരവാഹികളിൽ നിന്നും പ്രതിഷേധം ഉയർന്നിരുന്നു. ഇക്കാരണങ്ങളാൽ തുടർനടപടികളുമായി മുന്നോട്ടുപോകുവാൻ കെ.എസ്.എഫ്.ഡി.സി-ക്ക് സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ടി സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന കേരളത്തിലുടനീളം 100 സിനിമാ തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ടി സ്ഥലത്തെയും പരിഗണിക്കുന്നതാണ്.

**വനം വകുപ്പിലെ വാഹനങ്ങൾ**

104 (2800) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ആവശ്യത്തിനായി ഈ വർഷം പുതിയതായി വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണമാണെന്നും ഇതിനായി ചെലവഴിച്ച തുകയെത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) വനം വകുപ്പ് ആസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര വാഹനങ്ങളാണുള്ളത്; ഇവ ആർക്കൊക്കെയാണ് അനുവദിച്ചിട്ടുള്ളത്; ഇവ ഓടുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഈ വാഹനങ്ങളിലെ ഡ്രൈവർമാർ സ്ഥിരജീവനക്കാരാണോ അതോ കരാറടിസ്ഥാനത്തിലുള്ളവരാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ ആവശ്യത്തിനായി ഈ വർഷം പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി) 41 എണ്ണം. ഇതിനായി 3,45,12,557 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) വനം വകുപ്പ് ആസ്ഥാനത്ത് ഇപ്പോൾ 35 വാഹനങ്ങളാണുള്ളത്. ആയവ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ, ഫോറസ്റ്റ് കൺസർവേറ്റർമാർ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ, ഡയറക്ടർ (എഫ്.ഐ.ബി.), സീനിയർ ഫിനാൻസ് ഓഫീസർ, ജോയിന്റ് സെക്രട്ടറി (നിയമ വിഭാഗം), സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സ്പെഷ്യൽ ഓഫീസർ (പുത്തൂർ സുവോളജിക്കൽ പാർക്ക്), എസ്റ്റേറ്റ് ഓഫീസർ എന്നിവർക്കാണ് അനുവദിച്ചിട്ടുള്ളത്. ഇവ ഓടുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടില്ല.

(ഡി) എല്ലാ വാഹനങ്ങളിലെയും ഡ്രൈവർമാർ സ്ഥിരംജീവനക്കാരല്ല. സ്ഥിരം ജീവനക്കാരില്ലാത്ത വാഹനങ്ങളിൽ ആവശ്യാനുസരണം ദിവസ വേതനാടിസ്ഥാനത്തിലാണ് ഡ്രൈവർമാരെ നിയോഗിക്കാറുള്ളത്.

## വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കലവറ വിപണന കേന്ദ്രങ്ങൾ

105 (2801) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവന്ന കലവറ വിപണന കേന്ദ്രങ്ങൾ നിലവിൽ എവിടെയെല്ലാം പ്രവർത്തിച്ചുവരുന്നു എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽനിന്നും ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) നിലവിൽ കലവറ മണൽ ഡിപ്പോ സംവിധാനം പ്രവർത്തിക്കുന്നില്ല. തിരുവനന്തപുരം വന വികസന ഏജൻസിയുടെയും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കുളത്തുപ്പുഴയിൽ 'കലവറ' മണൽ ഡിപ്പോ പ്രവർത്തിച്ചു വന്നിരുന്നു. എന്നാൽ ഈ സംവിധാനത്തിൽ അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് കലവറ വഴിയുള്ള മണൽ വിതരണം നിർത്തി വയ്ക്കുകയാണുണ്ടായത്. തിരുവനന്തപുരം ഡിവിഷനിലെ കുളത്തുപ്പുഴ റെയിഞ്ചിലെ മിൽപ്പാലം, ചോഴിയക്കോട് എന്നീ കടവുകളിൽ നിന്ന് വനസംരക്ഷണ സമിതികൾ മുഖേന മണൽ ശേഖരിച്ച് കൊല്ലം ജില്ലയിലേയും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെയും ഉപഭോക്താക്കൾക്ക് 26-3-2018-ലെ G. O. (Rt.) 153/2018/വനം നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി വിതരണം ചെയ്തുവരുന്നു.

(ബി) 26-3-2018-ലെ G. O. (Rt.) 153/2018/വനം നമ്പർ സർക്കാർ ഉത്തരവിൽ ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മണൽ സംഭരണം**

106 (2802) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെകീഴിൽ പൊതുജനങ്ങൾക്ക് കെട്ടിടനിർമ്മാണത്തിന് മണൽ സംഭരിച്ച് വിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ് ഇതിന്റെ മാനദണ്ഡം എന്നും ഇത്തരത്തിൽ മണൽ എവിടെനിന്നാണ് സംഭരിക്കുന്നത്എന്നും വെളിപ്പെടുത്താമോ;

(ബി) വർഷത്തിൽ എത്ര ക്യൂബിക് മീറ്റർ മണലാണ് ഈ സ്ഥലങ്ങളിൽ നിന്ന് എടുക്കാൻ സാധിക്കുന്നത്; ഈ വർഷം എത്ര മണൽ സംഭരിച്ചിട്ടുണ്ട്; ഇതിൽ എത്ര മണൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു; വിശദമാക്കുമോ;

(സി) പ്രളയത്തിൽ എല്ലാ നദികളിലും വൻ തോതിൽ മണൽ അടിഞ്ഞ് നദികളുടെ ആഴവും ഒഴുക്കും കുറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ മണൽ ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ വിൽക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരത്തിൽ സംഭരിക്കുന്ന മണൽ പൊതുവിപണിയിലെ വിലയിൽ നിന്നും താഴ്ത്തി വിതരണം ചെയ്താൽ ജനങ്ങൾ കെട്ടിട നിർമ്മാണാവശ്യത്തിന് മണൽ കൂടുതലായി വാങ്ങുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രളയംമൂലം സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് ആശ്വാസമാകുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. വനം വകുപ്പിൽ തിരുവനന്തപുരം ഡിവിഷനിൽ കുളത്തൂപ്പുഴ റെയിഞ്ചിലെ ചോഴിയക്കോട്, മിൽപ്പാലം എന്നീ കടവുകളിൽ നിന്ന് മണൽ ശേഖരിച്ച് കൊല്ലം ജില്ലയിലേയും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെയും ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുന്നുണ്ട്. ഇതിന്റെ മാനദണ്ഡങ്ങൾ 26-3-2018-ലെ 153/2018/വനം നമ്പർ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ കടവുകൾ സന്ദർശിച്ച് പരിശോധന നടത്തി നിർദ്ദേശിക്കുന്ന അളവ് മണലാണ് വനസംരക്ഷണ സമിതികൾ വഴി ശേഖരിച്ച് വിതരണം ചെയ്യുന്നത്. 6890 ക്യൂ. മീ. മണൽ ശേഖരിക്കാൻ അനുമതി ലഭിച്ചതിൽ 1794 ക്യൂ. മീ. മണൽ ശേഖരിക്കുകയും 30-11-2018-ാം തീയതി വരെ 1590 ക്യൂ. മീ മണൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) റാന്നി ഡിവിഷനിലെ പമ്പ ത്രിവേണി ഭാഗത്ത് പ്രളയത്തിൽ മണ്ണ് വന്നടിഞ്ഞ് നദിയുടെ ഒഴുക്ക് തടസ്സപ്പെട്ടിരുന്നു. മറ്റ് വനമേഖലയിലുള്ള നദികളിൽ പ്രളയത്തിൽ വൻതോതിൽ മണൽ അടിഞ്ഞുകൂടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പമ്പയിലെ മണൽ ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ ഉപയോഗിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

## വനാവകാശ നിയമം നടപ്പിലാക്കുന്നതിന് വനം വകുപ്പിന്റെ തടസ്സവാദം

107 (2803) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമം നടപ്പിലാക്കുന്നതിന് വനം വകുപ്പ് അനാവശ്യ തടസ്സവാദങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത വാർത്തകളിൽ വസ്തുതയുള്ളതായി വനം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനാവകാശ നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി പട്ടികവർഗ്ഗ വികസന വകുപ്പാണ്. റവന്യൂ വനം വകുപ്പുകൾ ഈ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാ സഹായ സഹകരണങ്ങളും നൽകിവരുന്നു. വനം വകുപ്പിന്റെ ഭാഗത്തുനിന്നും ടി നിയമം നടപ്പിലാക്കുന്നതിൽ അനാവശ്യ തടസ്സവാദങ്ങൾ ഉന്നയിക്കാറില്ല. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച രേഖകൾ പ്രകാരം 2018 ഒക്ടോബർ 30 വരെ

വ്യക്തിഗത അവകാശങ്ങൾക്കായുള്ള അപേക്ഷകളിൽ ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി പാസ്സാക്കിയ 26132 എണ്ണത്തിൽ 25463 ടൈറ്റിലുകളും, സാമൂഹികാവശ്യങ്ങൾക്കായുള്ള 475 അപേക്ഷകളിൽ 170 ടൈറ്റിലുകളും, വികസനാവശ്യങ്ങൾക്കായുള്ള 613 അപേക്ഷകളിൽ 460 ടൈറ്റിലുകളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കോടതി വ്യവഹാരത്തിലൂടെ വനഭൂമി**

108 (2804) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോടതി വ്യവഹാരത്തിലൂടെ വനഭൂമി സ്വകാര്യ പ്ലാന്റേഷൻ ഉടമകൾ, എസ്റ്റേറ്റ് ഉടമകൾ, സ്വകാര്യ വ്യക്തികൾ എന്നിവർക്ക് നൽകേണ്ടതായി വന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് ഏതൊക്കെ വനമേഖലകളിൽ നിന്നാണ് എന്നും ആർക്കൊക്കെയാണ് നൽകേണ്ടി വന്നത് എന്നുമുള്ള വിവരം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോടതി വ്യവഹാരത്തിലൂടെ വനഭൂമി സ്വകാര്യ പ്ലാന്റേഷൻ ഉടമകൾ, എസ്റ്റേറ്റ് ഉടമകൾ, സ്വകാര്യ വ്യക്തികൾ എന്നിവർക്ക് നിലമ്പൂർ നോർത്ത്, നെന്മാറ, പാലക്കാട്, പീച്ചി വൈൽഡ് ലൈഫ് എന്നീ ഡിവിഷനുകളിൽ നിന്നും നൽകിയിട്ടുണ്ട്.

(ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങൾ**

109 (2805) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ചതുരശ്ര കിലോമീറ്ററാണ് കുറവ് വന്നിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രളയംമൂലം ജീവഹാനി സംഭവിച്ച ജീവജാലങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(സി) പ്രളയംമൂലം നഷ്ടമായ ആകെ മരങ്ങളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇക്കഴിഞ്ഞ പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടില്ല. എന്നാൽ മണ്ണിടിച്ചിലുണ്ടായ സ്ഥലങ്ങളിൽ വനങ്ങൾക്ക് നാശം ഉണ്ടായിട്ടുണ്ട്.

(ബി) വനമേഖലയിൽ പ്രളയ കാലത്ത് ജീവഹാനി സംഭവിച്ച ജീവജാലങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കടുവ | - | 2 |
| ആന | - | 2 |
| മ്ലാവ് | - | 1 |
| മുള്ളൻ പന്നി | - | 1 |
| കാട്ടുപോത്ത് | - | 3 |
| രാജവെമ്പാല | - | 1 |
| കാട്ടുപന്നി | - | 4 |
| പെൺ മയിൽ | - | 1 |

(സി) പ്രളയംമൂലം നഷ്ടമായ മരങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. പ്രളയംമൂലം 993 മരങ്ങൾ കടപുഴകി വീണതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലങ്ങളിൽ മണ്ണിനടിയിൽപ്പെട്ടുപോയ മരങ്ങളുടെ കണക്കെടുക്കാൻ സാധിച്ചിട്ടില്ല.

**വന വിസ്തൃതിയിലുണ്ടായ വർദ്ധനവ്**

110 (2806) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണത്തിനും വനസംരക്ഷണത്തിനുമായി കേന്ദ്ര സർക്കാരിൽ നിന്ന് 2017-18, 2018-19 വർഷങ്ങളിൽ ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുകയിൽ നാളിതുവരെ ചെലവഴിച്ചതെത്രയെന്നും ഇതുവഴി വനവിസ്തൃതിയിലുണ്ടായ വർദ്ധനവ് എത്രയാണെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വനവൽക്കരണവും വനസംരക്ഷണത്തിനുമായി കേന്ദ്ര സർക്കാരിൽ നിന്ന് 2017-18, 2018-19 വർഷങ്ങളിൽ യഥാക്രമം 2657.325 ലക്ഷം രൂപയും, 1908.392 ലക്ഷം രൂപയുമാണ് (2018 നവംബർ 30 തീയതി വരെ) ലഭ്യമായിട്ടുള്ളത്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ 2548.826 ലക്ഷം രൂപയും, 2018-19 സാമ്പത്തിക വർഷത്തിൽ 1524.721 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. (2018 നവംബർ 30 തീയതി വരെ).

ഈ പദ്ധതി പ്രവർത്തനങ്ങളിലൂടെ വനവിസ്തൃതിയിൽ വർദ്ധനവ് സംഭവിച്ചിട്ടുള്ളതായി അനുമാനിക്കാനാവില്ല.

**വനഭൂമി അനധികൃതമായി കയ്യേറിയവരുടെ വിശദാംശം**

111 (2807) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി അനധികൃതമായി കയ്യേറിവച്ചിരിക്കുന്ന പ്ലാന്റേഷൻ ഉടമകൾ, എസ്റ്റേറ്റ് ഉടമകൾ, സ്വകാര്യ വ്യക്തികൾ തുടങ്ങിയവരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം വിവരം ശേഖരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി* ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**വനത്തിനുള്ളിലെ അനധികൃത ക്വാറികൾ**

112 (2808) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അധീനതയിലുള്ള വനത്തിനുള്ളിൽ അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ക്വാറികൾ ഏതൊക്കെ വനമേഖലയിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ക്വാറികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ അധീനതയിലുള്ള വനത്തിനുള്ളിൽ നിലവിൽ അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നില്ല.

(ബി & സി) മേൽ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

**വനം വകുപ്പിന്റെ കീഴിലെ റോഡുകൾ**

113 (2809) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിൽ എത്ര റോഡുകളുണ്ടെന്ന് പേര് സഹിതം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകളിലൂടെ ജനങ്ങളും വാഹനങ്ങളും പോകാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഈ റോഡുകൾ നിർമ്മിച്ചതാരാണെന്നും ഏത് വർഷമാണ് നിർമ്മിച്ചതെന്നും ചെലവായ തുക എത്രയാണെന്നും നിർമ്മാണത്തിന് ശേഷം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോ എന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ റോഡുകൾ പലതും ഇപ്പോൾ ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും, വനം വകുപ്പ് അറ്റകുറ്റപ്പണി നടത്തുമോ എന്നും, ഇല്ലെങ്കിൽ അതാത് പഞ്ചായത്തുകൾക്ക് അതിനുള്ള അനുമതി നൽകുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ കീഴിൽ 4,758.771 കി.മീറ്റർ ദൂരത്തിലായി ഏകദേശം 1096 റോഡുകളാണുള്ളത്. ടി റോഡുകളുടെ പേര് സഹിതം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വനപ്രദേശത്ത് താമസിക്കുന്നവരും ആദിവാസികളും ഫോറസ്റ്റ് റോഡുകൾ സഞ്ചാരത്തിനും വാഹന ഗതാഗതത്തിനും നിയന്ത്രണങ്ങൾക്ക് വിധേയമായി ഉപയോഗിക്കുന്നുണ്ട്. മറ്റ് പ്രദേശങ്ങളിൽ നിന്ന് വരുന്നവർക്ക് മുൻകൂർ അനുമതിയോടെ മാത്രം സഞ്ചാരം അനുവദിക്കാറുണ്ട്.

(സി) വനം വകുപ്പിന്റെ അധികാര പരിധിയിലുള്ള, വനത്തിനുള്ളിലൂടെയുള്ള മിക്ക റോഡുകളും സ്വാതന്ത്ര്യത്തിനുമുമ്പ് ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ചിട്ടുള്ളതും പരമ്പരാഗതമായി വനസംരക്ഷണത്തിനും കൂപ്പ് ആവശ്യങ്ങൾക്കും മറ്റുമായി ഉപയോഗിച്ച് വരുന്നതുമാണ്. കാലാകാലങ്ങളിൽ അംഗീകരിച്ച വർക്കിംഗ് പ്ലാൻ ശിപാർശകളനുസരിച്ചും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും അറ്റകുറ്റപ്പണികൾ നടത്തിവരാറുണ്ട്. മിക്ക റോഡുകളും വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ചതാകയാൽ ഏത് വർഷമാണ് നിർമ്മിച്ചതെന്നോ നിർമ്മാണച്ചെലവ് എത്രയാണെന്നോ ഉള്ള വിവരങ്ങൾ ലഭ്യമല്ല. എന്നിരുന്നാലും ലഭ്യമായ വിവരങ്ങൾ അനുബന്ധം 1-ൽ കോളം 3-ൽ ചേർത്തിരിക്കുന്നു.*

(ഡി) സമീപകാലത്തുണ്ടായ പ്രളയത്തെത്തുടർന്ന് ധാരാളം റോഡുകൾ തകർന്നിട്ടുള്ളതും ആയതിന്റെ നഷ്ടം തിട്ടപ്പെടുത്തിയിട്ടുള്ളതുമാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. വനം വകുപ്പ് അധീനതയിലുള്ള റോഡുകൾ റിസർവ്വിനുള്ളിൽ ഉൾപ്പെടുന്നതാകയാൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് 1980-ലെ വനസംരക്ഷണ നിയമപ്രകാരമുള്ള അനുമതി ആവശ്യമാണ്.

### കുറുമ്പൻ മൂഴി, മണക്കയം കോളനികളിലേയ്ക്ക് റോഡ്

114 (2810) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളായ കുറുമ്പൻ മൂഴി മണക്കയം കോളനികളിലേക്ക് റോഡ് നിർമ്മിക്കുന്നതിന് വനാവകാശ നിയമപ്രകാരം ഭൂമി വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഭൂമിയാണ് റോഡിനായി വിട്ടുനൽകിയിരിക്കുന്നത്;

(ബി) ഇതുവഴി റോഡ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് വനംവകുപ്പിന് ലഭിച്ചിട്ടുണ്ടോ; എത്ര രൂപയുടെ എസ്റ്റിമേറ്റാണ് ലഭിച്ചിരിക്കുന്നത്; റോഡ് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. കുറുമ്പൻ മൂഴി-ആർപ്പാംപാറ-ചണ്ണ റോഡിന്റെ നവീകരണത്തിനായി 0.999 ഹെക്ടറും, കുറുമ്പൻ മൂഴി-മണക്കയം റോഡിന്റെ നവീകരണത്തിനായി 0.5805 ഹെക്ടറും വനാവകാശ നിയമപ്രകാരം വിട്ടുനൽകിയിട്ടുണ്ട്.

(ബി) ഇതുവഴി റോഡ് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് വനം വകുപ്പിന് ലഭിച്ചിട്ടില്ല. മറ്റ് വിശദാംശങ്ങൾ വനം വകുപ്പിൽ ലഭ്യമല്ലാത്തതിനാൽ ആയത് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ ഫോറസ്റ്റ് റോഡുകൾ**

115 (2811) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് വകുപ്പ് 1980-ന് മുൻപ് തന്നെ ഉപയോഗിച്ചുവരുന്ന ഫോറസ്റ്റ് റോഡുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 1980-ന് മുൻപ് ഉണ്ടായിരുന്ന ഫോറസ്റ്റ് കച്ചാറോഡ് പക്കാറോഡാക്കി പ്രദേശവാസികളുടെ യാത്ര ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ത്രിതലപഞ്ചായത്ത്, എം.എൽ.എ./എം.പി. ഫണ്ട്, മറ്റ് സർക്കാർ ഏജൻസികൾ മുഖേന ഫണ്ട് നീക്കിവച്ചാൽ, 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് പ്രകാരം പ്രവൃത്തി ചെയ്യാനുള്ള അനുമതി നൽകേണ്ടത് ആരാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് വകുപ്പ് 1980-നുമുമ്പ് തന്നെ ഉപയോഗിച്ചുവരുന്ന ഫോറസ്റ്റ് റോഡുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു:

1. ബന്തടുക്ക-പാണ്ടി - അഡ്യൂർ (ടാർ ചെയ്തത്)
2. കാറഡുക്ക-ഇരിയണ്ണി (ടാർ ചെയ്തത്)
3. പരപ്പ-പഞ്ചിക്കൽ-ദേലമ്പാടി (ടാർ ചെയ്തത്)
4. മഞ്ചക്കൽ- ബേപ്പ (ടാർ ചെയ്തത്)
5. കാനത്തൂർ നെയ്യങ്കയം (ടാർ ചെയ്തത്)

6. അഡൂർ-ചാമക്കൊച്ചി (1906 റിസർവ് നോട്ടിഫിക്കേഷനിൽ Right of Way അനുവദിച്ചിട്ടുണ്ട്)

7. ഇരിയണ്ണി-ബാവിക്കര (ടാർ ചെയ്തത്)

8. കമ്പല്ലൂർ-ബേഡൂർ റോഡ് (ടാർ ചെയ്തത്)

9. പ്ലാച്ചിക്കര-ഭീമനടി (ടാർ ചെയ്തത്)

10. കാറ്റാം കവല-ചിറ്റാരിക്കൽ റോഡ് (കാറ്റാം കവല-പറമ്പത്തട്ട്) (ടാർ ചെയ്തത്)

11. ജാതിമൂപ്പ്-അതിരുമാവ് റോഡ് (അതിരുമാവ് -നെല്ലിത്തട്ട്) (ടാർ ചെയ്തത്)

12. പാണത്തൂർ-കല്ലപ്പള്ളി റോഡ് (ടാർ ചെയ്തത്)

13. പാന്തിക്കൽ-റാണിപുരം റോഡ് (ടാർ ചെയ്തത്)

14. മരുതോം-ചുള്ളിത്തട്ട് (ടാർ ചെയ്തത്)

15. അട്ടൂർ-തലപ്പച്ചേരി (ടാർ ചെയ്തത്)

(ബി) 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം ഇത്തരം പ്രവൃത്തി ചെയ്യുന്നതിന് ഒരു ഹെക്ടർ വരെയുള്ള വനഭൂമി വിട്ടുനൽകുന്നത് സംസ്ഥാന ഗവൺമെന്റും ഒരു ഹെക്ടറിൽ കൂടുതലുള്ള കേസുകളിൽ കേന്ദ്ര സർക്കാരുമാണ് അനുമതി നൽകുന്നത്. എന്നാൽ, സംരക്ഷിത വനമേഖലയ്ക്ക് പുറമെ 1980-നുമുമ്പ് ഉപയോഗത്തിലുള്ളതായ റോഡുകൾ നിലവിലെ അളവുകളിൽ പക്കാറോഡ് ഉണ്ടാക്കുന്നതിന് സ്റ്റേറ്റ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി മതിയാകുന്നതാണ്.

**വഴിയോരങ്ങളിൽ വൃക്ഷത്തൈകൾ നടുന്നതിനുള്ള പദ്ധതി**

116 (T*2812) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈവേ റോഡുകളുടെ വശങ്ങളിൽ വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ മേൽനോട്ടച്ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ;

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് കാർഷിക സർവ്വകലാശാലയുടെയും കർഷക ക്ഷേമ വകുപ്പിന്റെയും പങ്കാളിത്തമുണ്ടോ;

(സി) ഇല്ലെങ്കിൽ പങ്കാളിത്തത്തോടുകൂടി പ്രസ്തുത പദ്ധതി ആസൂത്രണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഹൈവേ റോഡുകളുടെ വശങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സോഷ്യൽ ഫോറസ്ട്രിയുടെ സ്കീമിൽ ഉൾപ്പെടുത്തി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിൽ അതാത് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ് മേൽനോട്ട ചുമതല വഹിക്കുന്നത്. നട്ടുപിടിപ്പിച്ചിരിക്കുന്ന വൃക്ഷത്തൈകളുടെ സംരക്ഷണ ചുമതല റോഡിന്റെ ഉടമസ്ഥതയിലുള്ള പൊതുമരാമത്ത് വകുപ്പ് ദേശീയ പാതാ അതോറിറ്റി, തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവർക്കാണ്.

(ബി) ഇല്ല.

(സി) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**വനസംരക്ഷണത്തിനും പരിപാലനത്തിനുമായുള്ള പദ്ധതികൾ**

117 (2813) <u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള വൻമര തോട്ടങ്ങളുടെ സംരക്ഷണത്തിനും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും വനങ്ങളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) കാലാവസ്ഥാ വ്യതിയാനം തടയുന്നതിന് വനങ്ങളെ സജ്ജമാക്കുന്നതിനായി കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന ഗ്രീൻ ഇന്ത്യാ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി വനം വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എല്ലാം തുടർ പദ്ധതികളാണ്. ഇതിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു:

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കയ്യേറ്റത്തിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നു.

- വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തല സൗകര്യം ഒരുക്കൽ, വന സംരക്ഷണത്തിനായി വനാതിർത്തിക്കുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നു.

- കാട്ടുതീ പ്രതിരോധപ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവ വഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നു.

- പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും ചോലവനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവൽക്കരണവും സംരക്ഷണവും നടപ്പിലാക്കിവരുന്നു.

- വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വന സംരക്ഷണം, ആവാസ വ്യവസ്ഥാ പരിപാലനം എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ "ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്" എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

- വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി വനസംരക്ഷണ സമിതികളിലെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലെയും വനാശ്രിത കുടുംബങ്ങളെ വനസംരക്ഷണ പരിപാടികളിൽ പങ്കാളികളാക്കി അതുവഴി അവരുടെ ജീവനോപാധി വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നു.

- ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നിവ നടപ്പാക്കുന്നു.

- വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ വഴിയോര തണൽ പദ്ധതിയും വനദീപ്തി പദ്ധതിയും കാവുകൾക്ക് ധനസഹായം ചെയ്യുന്ന പദ്ധതിയും സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോൽസാഹനമായി ധനസഹായം ചെയ്യുന്ന പദ്ധതിയും നടപ്പാക്കുന്നു.

- നിലവിലുള്ള ഘനമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനം നടപ്പാക്കുന്നു.

(ബി) നിലവിലുള്ള തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, കൃഷിയുമായി സംയോജിപ്പിച്ച് വനവൽക്കരണ പ്രവർത്തനങ്ങളും സമ്പ്രദായങ്ങളും പ്രോൽസാഹിപ്പിക്കുക വഴി വർദ്ധിച്ചുവരുന്ന സാമൂഹ്യ ആവശ്യങ്ങൾമൂലം വനം പരിസ്ഥിതി വ്യവസ്ഥിതിയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ ക്രമേണ കുറയ്ക്കുക എന്നതാണ് തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്ന പദ്ധതിയുടെ ലക്ഷ്യം. ആധുനിക സാങ്കേതിക വിദ്യ സ്വീകരിക്കുന്നതുവഴി തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സാധിക്കും. ശരിയായ പ്രദേശങ്ങളിൽ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിമിതമായി മാത്രമേ നിലവിലുള്ള തോട്ടങ്ങളിലെ മരങ്ങൾ മുറിച്ചുമാറ്റുവാൻ പാടുള്ളൂ. തേക്ക് ഉൾപ്പെടെയുള്ള വൻമരങ്ങളുടെ നടീലും പരിപാലനവും, പാകമെത്തിയ തേക്ക് മരങ്ങൾ മുറിച്ചുമാറ്റൽ, ദീർഘകാലം ഈടുനിൽക്കുന്നതും വിലയേറിയതുമായ വൻമര ഇനങ്ങളായ ഈട്ടി, കമ്പകം, വെള്ളകിൽ, മറ്റ് മരങ്ങൾ മുതലായവയുടെ തൈകൾ നട്ടുപരിപാലിക്കുന്നതിന് ഈ പരിപാടി ലക്ഷ്യമിടുന്നു. പ്രകൃതിക്ക് ഹാനികരമല്ലാത്തതും എന്നാൽ പെട്ടെന്ന് വളരുന്ന ഇനത്തിൽപ്പെട്ടതുമായ വൃക്ഷങ്ങളും, കട്ടി കുറഞ്ഞ തടികളുടെ തോട്ടങ്ങളും വച്ചുപിടിപ്പിക്കുക എന്നതാണ് വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്ക് പെട്ടെന്ന് വളരുന്ന തദ്ദേശീയ ഇനങ്ങളാണ് കൂടുതലായി തെരഞ്ഞെടുക്കുന്നത്. ഇവ കൂടാതെ പൈലറ്റ് അടിസ്ഥാനത്തിൽ എല്ലാ ഫോറസ്റ്റ് ഡിവിഷനുകളിലും മാതൃകാ ക്ലോണൽ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക,

ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും തൊഴിലാളികൾക്ക് പരിശീലനം നൽകുകയും വഴി വനങ്ങളുടെ പരിപാലനം യന്ത്രവൽക്കരിക്കുക തുടങ്ങിയ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- ജൈവവൈവിധ്യ സംരക്ഷണത്തിനും വനസംരക്ഷണത്തിനും, വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ ചെയ്ത് സ്ഥിരം ജണ്ട നിർമ്മാണം, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ് തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു.

- നാഷണൽ പാർക്കുകളും വന്യജീവി സങ്കേതങ്ങളും ഉൾപ്പെടുന്ന സംരക്ഷിതമേഖലയ്ക്കും ആയവയിലെ ജൈവവൈവിധ്യ സംരക്ഷണത്തിനുമായി പ്രത്യേക സംരക്ഷണ, പരിപാലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

- സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി ജൈവവൈവിധ്യ സംരക്ഷണത്തിന് ഹരിതകേരളം പദ്ധതിയിലൂടെ സ്കൂൾ, കോളേജ്-വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ സൗജന്യമായും, പൊതുജനങ്ങൾ, വിവിധ മത, രാഷ്ട്രീയ സംഘടനകൾ, പത്ര സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയ്ക്ക് ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു.

- ജൈവവൈവിധ്യ പ്രോൽസാഹനത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നക്ഷത്രവനം, ഔഷധത്തോട്ടം, ചിത്രശലഭ പാർക്ക് എന്നിവ നിർമ്മിച്ച് പരിപാലിക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിവരുന്നു.

- ജൈവവൈവിധ്യ സംരക്ഷണം കാര്യക്ഷമമായി നടപ്പാക്കുന്ന വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് വർഷംതോറും വനമിത്ര പുരസ്കാരം നൽകിവരുന്നു.

- കടലാമ സംരക്ഷണം, പക്ഷി സംരക്ഷണം എന്നീ പ്രവർത്തനങ്ങളും ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്നു.

- നദീതീരങ്ങളിൽ മുള നട്ടുവളർത്തുന്ന പദ്ധതി, വഴിയോരത്തണൽ പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, സ്വകാര്യ ഭൂമിയിൽ പത്തിനം തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ധനസഹായം, കണ്ടലുകൾ, കാവുകൾ എന്നിവയ്ക്ക് ധനസഹായം, വനമിത്ര അവാർഡ്, സ്കൂൾ/കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ, പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങളും നടത്തിവരുന്നു.

- വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചു കൊണ്ടുവരുന്നതിനും അതുവഴിയുള്ള ജൈവവൈവിധ്യ ശോഷണം തടയുന്നതിനുമായി ജനപങ്കാളിത്തത്തോടെ വനസംരക്ഷണവും വനപരിപാലനവും നടപ്പാക്കുന്നുണ്ട്.

- കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള ദോഷഫലങ്ങൾ പരിമിതപ്പെടുത്തുവാൻ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്ര സഹായത്തോടെ ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.

- അട്ടപ്പാടിയിലെ ചന്ദന സ്വാഭാവിക പുനരുജ്ജീവന പ്രദേശത്തിന് മറയൂർ ചന്ദന റിസർവ്വിന് നൽകുന്ന രീതിയിൽ സംരക്ഷണം നൽകുന്നതിന് 2018-19 വർഷത്തേയ്ക്ക് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

വനങ്ങളെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- ഓരോ ഫോറസ്റ്റ് ഡിവിഷനുകീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം, കാട്ടുതീ സംബന്ധിച്ച് മുൻവർഷങ്ങളിലെ അനുഭവം, ഈ വർഷം ഇവ കത്താനുള്ള സാധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ high/moderate/low എന്നിങ്ങനെ വിവിധ കാട്ടുതീ സാധ്യതാ മേഖലകളായി തരംതിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്യാറുണ്ട്.

- ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വനമേഖലയിലേയും കാട്ടുതീ സാധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

• അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ കാട്ടുതീ സമയത്ത് പ്രവർത്തിക്കാറുണ്ട്. ഇതിനുപുറമേ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

• വാച്ചർമാർക്കും സ്റ്റാഫിനും ഷൂ, ഫയർ ബീറ്റർ, സ്പ്രെയർ, വാട്ടർബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകുന്നുണ്ട്. കൂടാതെ ഫയർഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടോ ഒലിയോ മാക് പമ്പ്സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകുന്നുണ്ട്.

• കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ battery operated sprayers, hightech 16 Ltr. Manual sprayers, force gun, Oleo mac sprayer with 708 petrol engine, Honda made 5 HP engine coupled high pressure sprayer pump set എന്നിവയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഉപയോഗിക്കാറുണ്ട്.

• വനമേഖലകളിൽ കാട്ടുതീ വ്യാപനം തടയുന്നതിലേയ്ക്കായി ഫയർലൈനുകൾ തെളിച്ചിട്ടുള്ളതും ഫയർ വാച്ചർമാരെയും ഫയർ ഗാങ്ങിനെയും നിയോഗിക്കാറുള്ളതുമാണ്.

• കാട്ടുതീ സാധ്യത മുൻനിർത്തി വന്യജീവി സങ്കേതങ്ങളിലും, ദേശീയോദ്യാനങ്ങളിലും സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്താറുണ്ട്.

• കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനോടൊപ്പം കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാകുകയാണെങ്കിൽ അത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത

സംവിധാനം ഉപയോഗപ്പെടുത്താറുള്ളതാകുന്നു. കാട്ടുതീ സാധ്യതയുള്ള സ്ഥലങ്ങളിൽ ജാഗ്രത പുലർത്തുന്നതിനായി ഫയർ വാണിംഗ് സംവിധാനവും ഉപയോഗിക്കാറുണ്ട്.

- ഫയർ & റെസ്ക്യൂ വകുപ്പിന്റെ സഹായത്തോടെ വിവിധ ഡിവിഷനുകളിലെ ജീവനക്കാർക്ക് പ്രത്യേക ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. പല ഡിവിഷനുകളിലും ഫയർ ഗ്യാംഗുകളിലെ ജീവനക്കാർക്കും വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും സമാനമായ പരിശീലനം നൽകിയിട്ടുണ്ട്.

- ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് വിവിധ വന ഡിവിഷനുകളിലായി ബോധവൽക്കരണ പരിപാടികളും ലഘുലേഖ വിതരണം, റാലികൾ/തെരുവ് നാടകം/പരിസ്ഥിതി മാജിക്/റോഡ്ഷോ എന്നിവ സംഘടിപ്പിച്ചു. കൂടാതെ പ്രാദേശിക ടെലിവിഷൻ ചാനലിലൂടെ കാട്ടുതീ പ്രതിരോധ സന്ദേശം നൽകുന്ന ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുകയും എക്സിബിഷനുകളും സൗജന്യ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുകയും പോക്കറ്റ് കലണ്ടറുകൾ തുടങ്ങിയ പ്രചരണോപാധികൾ വിതരണം നടത്താറുള്ളതുമാകുന്നു.

(ഡി) കാലാവസ്ഥാ വ്യതിയാനം രാജ്യത്തെ വനമുൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന് കാതലായ വ്യതിയാനം വരുത്തുമെന്നും സർവ്വോപരി ജനജീവിതത്തെയും നിലനിൽപ്പിനെയും സാരമായി ബാധിക്കുകയും ചെയ്യുമെന്ന തിരിച്ചറിവാണ് ഗ്രീൻ ഇന്ത്യാ മിഷൻ എന്ന പദ്ധതിയുടെ ആവിർഭാവത്തിന് നിദാനം. രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, വനങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി-അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ജനങ്ങളുടെ ജീവിത നിലവാര വർദ്ധനവ്, കാവു സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുപയോഗക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. നീർത്തടാധിഷ്ഠിത പദ്ധതിയായ ടി പരിപാടിയിൻകീഴിൽ ദീർഘകാലാടിസ്ഥാനത്തിൽ നീർമറി പ്രദേശങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തി വരൾച്ചയെ പ്രതിരോധിക്കുന്നതിനും ശുദ്ധജലക്ഷാമം പരിഹരിക്കാനും സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഗ്രീൻ ഇന്ത്യാ മിഷൻ പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ചിരിക്കുന്നു.

ഭക്ഷ്യ സുരക്ഷ, ശുദ്ധജല സുരക്ഷ, ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര ജീവനം എന്നിവ ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യങ്ങളാണ്. പുനരുപയോഗക്ഷമങ്ങളായ ഇന്ധനങ്ങളുടെ ഉപയോഗത്തെ പ്രോൽസാഹിപ്പിക്കുകയും ഇന്ധനങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി പരമാവധി വനാശ്രിതത്വം കുറയ്ക്കുക എന്നതും പദ്ധതി ലക്ഷ്യങ്ങളാണ്.

**അക്കേഷ്യ, മാഞ്ചിയം തുടങ്ങിയവമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ**

118 (2814) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ വനം വകുപ്പ് വ്യാപകമായി നട്ടുപിടിപ്പിക്കുന്ന അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെയും ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലായെങ്കിൽ അത്തരമൊരു പഠനം നടത്താൻ നടപടിയെടുക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെയും ആരോഗ്യ പ്രശ്നങ്ങളെയും സംബന്ധിച്ച് വനം വകുപ്പ് പഠനം നടത്തിയിട്ടില്ല

(ബി) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങൾ വനം വകുപ്പ് 2018 മുതൽ പുതുതായി നട്ടുപിടിപ്പിക്കുന്നില്ല. നിലവിലുള്ള അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങൾ 8 വർഷം പ്രായമാകുന്ന മുറയ്ക്ക് മുറിച്ച് ടി സ്ഥലങ്ങളിൽ തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. 2025 വർഷത്തോടുകൂടി എല്ലാ അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങളും വെട്ടി മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഇത്തരമൊരു പഠനം നടത്തേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

**അർബൻ ഫോറസ്ട്രി പദ്ധതി**

119 (2815) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അർബൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

സംസ്ഥാനത്ത് അർബൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അർബൻ ഫോറസ്ട്രി എന്ന പദ്ധതിയിലൂടെ വിവിധ ഏജൻസികളുടെ സഹായത്തോടെ തലസ്ഥാന നഗരത്തെ ഹരിത നഗരമാക്കുന്നതിനുള്ള പദ്ധതി 2014-ൽ ആരംഭിച്ചിരുന്നു. നഗരങ്ങളിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും ഹരിതാഭമാക്കുന്നതിനുമായിട്ടാണ് അർബൻ ഫോറസ്ട്രി പദ്ധതി രൂപീകരിച്ചത്. ലഭ്യമായ സ്ഥലങ്ങളിൽ സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതിയോടുകൂടിയും വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചു വരുന്നു. വൃക്ഷത്തൈകൾ നട്ട് പരമാവധി രണ്ട് വർഷം വരെയുള്ള പരിചരണം വനം വകുപ്പ് നടത്തുന്നു. തുടർന്ന് മരങ്ങളുടെ സംരക്ഷണ ചുമതല വൃക്ഷത്തൈകൾ നട്ടിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പുകൾക്കാണ്. കോട്ടയം ജില്ലയിലെ കോടിമാത നാലുവരിപ്പാതയുടെ മീഡിയനിലും ഇരുവശങ്ങളിലും അരളിത്തൈകളും മറ്റു വൃക്ഷങ്ങളും വച്ചു പിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു. കൊല്ലം ജില്ലയിൽ ആശ്രാമം മൈതാനത്തിനുചുറ്റും (ഹരിതനഗരം പദ്ധതി) വിവിധ വൃക്ഷത്തൈകൾ നട്ട് സംരക്ഷിച്ചു വരുന്നു. വെള്ളയമ്പലം മുതൽ ശാസ്തമംഗലം വരെ വലിയ കോൺക്രീറ്റ് ചട്ടികളിൽ ചെടികൾ സ്ഥാപിച്ച് റോഡ് മോടി പിടിപ്പിക്കുകയും അവ പരിപാലിച്ചുവരികയും ചെയ്യുന്നു. മലപ്പുറം ഡിവിഷനിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിപ്രകാരം വിവിധയിനം തൈകളടങ്ങിയ 100 കോൺക്രീറ്റ് ചെടിച്ചട്ടികൾ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ ഡിവിഷനിൽ മുഴപ്പിലങ്ങാട് ഹൈവേ ഡിവൈഡറിൽ അശോക തൈകൾ നട്ടു പിടിപ്പിച്ചു പരിപാലിച്ചു വരുന്നുണ്ട്. കോഴിക്കോട് ഡിവിഷനിൽ ഈ പദ്ധതിപ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിൽ 2017-18 വർഷത്തിൽ കോൺക്രീറ്റ് പോട്ടിൽ 40 തൈകളും കോതിപ്പാലം ബേപ്പൂർ റോഡ് തൊണ്ടയാട് ഭാഗങ്ങളിൽ 200 വലിയ തൈകളും വച്ചു പിടിപ്പിച്ചിട്ടുണ്ട്.

## 2018-19-ലെ വനം വകുപ്പിന്റെ വാർഷിക പദ്ധതി

120 (2816) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ൽ വനം വകുപ്പിന്റെ വാർഷിക പദ്ധതിയുടെ തുക എത്രയായിരുന്നു; അറിയിക്കുമോ;

(ബി) ഇതുവരെ ഈ തുകയിൽ നിന്ന് എത്ര തുക ചെലവഴിച്ചു;

(സി) പ്രസ്തുത കാലയളവിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പദ്ധതികളിൽ ഇതുവരെയും ആരംഭിക്കാത്ത പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്നും ഏതൊക്കെ സർക്കിളുകളിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19-ൽ വനം വകുപ്പിന്റെ വാർഷിക പദ്ധതി തുക 24,322.20 ലക്ഷം രൂപ സംസ്ഥാന വിഹിതവും 5620.80 ലക്ഷം രൂപ കേന്ദ്ര വിഹിതവുമുൾപ്പെടെ ആകെ 29,943.00 ലക്ഷം രൂപയാകുന്നു. എന്നാൽ സംസ്ഥാനത്തുണ്ടായ പ്രളയത്തെ തുടർന്ന് സർക്കാർ ഉത്തരവ് നമ്പർ 153/2018/ഫിൻ, തീയതി 29-9-2018 പ്രകാരം സംസ്ഥാന പദ്ധതി അടങ്കൽ തുകയിൽ നിന്ന് 20 ശതമാനം കുറവ് വരുത്താൻ നിർദ്ദേശിച്ചതനുസരിച്ച് 2824.68 ലക്ഷം രൂപയുടെ കുറവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ദേശീയ വനവൽക്കരണ പരിപാടി ഹരിത ഇന്ത്യയ്ക്കായുള്ള ദേശീയദൗത്യം എന്ന ശീർഷകത്തിലെ 3675.00 ലക്ഷം രൂപയും അനുവദിച്ചിട്ടില്ല. ഈ തുകകൾ ഒഴിവാക്കിയാൽ 2018-19-ൽ വനം വകുപ്പിന്റെ വാർഷിക പദ്ധതി തുക 23,443.32 ലക്ഷം രൂപ ആകുന്നു.

(ബി) 2018 നവംബർ 30-ാം തീയതി വരെ മേൽ വിവരിച്ച 23,443.32 ലക്ഷം രൂപയിൽ നിന്നും 8982.841 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

(സി) പ്രസ്തുത കാലയളവിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പദ്ധതികളിൽ അംഗീകാരം നൽകിയ പദ്ധതികളെല്ലാം ആരംഭിച്ചിട്ടുണ്ട്. National Afforastation Programme-National Mission for Green India (60:40 between Centre and State) എന്ന പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അംഗീകാരം നാളിതുവരെ ലഭിച്ചിട്ടില്ല. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

**നിലമ്പൂരിൽ ഇക്കോടൂറിസം പദ്ധതിക്കായുള്ള നിർദ്ദേശം**

121 (2817) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന് ഉണ്ടായിരുന്ന വനം വകുപ്പിന്റെ അധീനതയിലുള്ള കനോലി പ്ലോട്ടിനടുത്ത് ഒരു എക്കോടൂറിസം പദ്ധതി നടപ്പാക്കണം എന്നഭ്യർത്ഥിച്ച് എം.എൽ.എ. നൽകിയ പ്രൊപ്പോസലിൽ എടുത്ത നടപടി വ്യക്തമാക്കാമോ;

(ബി) എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി (റഫറൻസ് 7-5-2018-ലെ ഇക്കോ ടൂറിസം പ്രോജക്ട് പരിഗണന - മീറ്റിംഗ്) എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ എം.എൽ.എ. നൽകിയ അപേക്ഷയിന്മേൽ പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച പ്രൊപ്പോസൽ വനം വകുപ്പ് അംഗീകരിക്കുകയും തുക അനുവദിക്കുന്നതിനായി ഇക്കോ ടൂറിസം ഡയറക്ടർക്ക് നടപടി ഉത്തരവ് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) ഒന്നാംഘട്ട പദ്ധതി നടപ്പാക്കുന്നതിനായി 50.00 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ സാമ്പത്തിക വർഷം തന്നെ പ്രവൃത്തി തുടങ്ങാനാകും.

## വനം വകുപ്പ് അനുമതി നൽകിയിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികൾ

122 (2818) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസത്തിന്റെ വിപുലമായ സാദ്ധ്യതകൾ വനം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പ് അനുമതി നൽകിയിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(സി) പാലക്കാട് ജില്ലയിലെ മീൻവല്ലം ഇക്കോ ടൂറിസം പദ്ധതിയായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വനം വകുപ്പ് സന്നദ്ധമാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊതുജനങ്ങൾക്ക് വനത്തെ അടുത്തറിയാൻ സാധിക്കുക, വന സംരക്ഷണത്തെയും പരിസ്ഥിതി സംരക്ഷണത്തെയും പറ്റി അവരിൽ അവബോധം സൃഷ്ടിക്കുക ഒപ്പം ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരായവരുടെ ജീവനോപാധി വർദ്ധിപ്പിക്കുക എന്നീ സാദ്ധ്യതകൾ നിറവേറ്റുന്നതിനായാണ് വനം വകുപ്പ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കി വരുന്നത്. പൂർണ്ണമായും

പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് പ്രകൃതിക്കനുയോജ്യമായ പരിപാടികളാണ് ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്നത്. ഇത്തരത്തിൽ നിലവിൽ 60-ൽപ്പരം ഇക്കോടൂറിസം കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പങ്കാളിത്ത വനപരിപാലന വ്യവസ്ഥയിൽ ചെയ്തുവരുന്ന ഇത്തരം പരിപാടികൾ പദ്ധതി പ്രദേശത്തെ വനാശ്രിതർ അംഗങ്ങളായ വനസംരക്ഷണ സമിതികൾ/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവകളുടെ മേൽനോട്ടത്തിലാണ് നടപ്പാക്കുന്നത്. ഇതിലൂടെ ഏകദേശം 1000 ത്തോളം വനാശ്രിതർക്ക് തൊഴിൽ നൽകുന്നതിന് സാധിക്കുന്നുണ്ട്. ഇത് അവരുടെ ജീവനോപാധി വർദ്ധനവിന് വലിയൊരളവുവരെ സഹായകരമാകുന്നുണ്ട്.

(ബി) മാങ്കുളം വനവികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ആനക്കുളം ഇക്കോടൂറിസം പദ്ധതി, മലയാറ്റൂർ വനവികസന ഏജൻസി വഴി നടപ്പാക്കുന്ന ഭൂതത്താൻകെട്ട് ഇക്കോടൂറിസം പദ്ധതി എന്നിവയാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുമതി നൽകിയ ഇക്കോടൂറിസം പദ്ധതികൾ.

(സി) പാലക്കാട് വനവികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ മീൻവല്ലം ഇക്കോടൂറിസം പദ്ധതി പ്രവർത്തനങ്ങൾ വനം വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. ടി ഇക്കോടൂറിസം പദ്ധതി നല്ല രീതിയിൽ നടന്നുവരുന്നുണ്ട്.

**ടൂറിസം പദ്ധതികൾക്ക് വനം വകുപ്പിന്റെ എൻ.ഒ.സി**

123 (2819) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഏതെല്ലാം ടൂറിസം പദ്ധതികൾക്കാണ് വനം വകുപ്പ് എൻ.ഒ.സി. നൽകാതിരുന്നിട്ടുള്ളത് ; വിശദവിവരം നൽകാമോ ;

(ബി) ഇതിൽ പാലക്കാട് ജില്ലയിൽ എത്ര പദ്ധതികളാണ് ഉള്ളത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ടൂറിസം പദ്ധതികൾക്കായി വനം വകുപ്പിൽ നിന്നും എൻ.ഒ.സി. നൽകാറില്ല. ആയതിനുള്ള അപേക്ഷകൾ ഒന്നും ലഭിച്ചിട്ടുമില്ല.

(ബി) മേൽ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

**ഫോറസ്റ്റ് സ്റ്റേഷനുകൾ**

124 (2820) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) പുതുതായി അനുവദിച്ച ഫോറസ്റ്റ് സ്റ്റേഷനുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പുതുതായി അനുവദിച്ച ഫോറസ്റ്റ് സ്റ്റേഷനുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ; നാദാപുരത്ത് നരിപ്പറ്റ, കാവിലുംപാറ ഗ്രാമ പഞ്ചായത്തിലെ വനാതിർത്തിയിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്ത് ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

(ബി & സി)

| | |
|---|---|
| കൊല്ലം | - 4 |
| കോഴിക്കോട് | - 2 |
| വയനാട് | - 3 |
| കണ്ണൂർ | - 1 |

നാദാപുരത്ത് നരിപ്പറ്റ, കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ഫോറസ്റ്റ് സ്റ്റേഷനുകൾ**

125 (2821) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ;

(ബി) വനപരിപാലനത്തിനും വന്യജീവി ആക്രമണങ്ങളും മറ്റും തടയുന്നതിനുമായി കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ആവശ്യമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടുതലായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ആവശ്യമുണ്ട്. മൊത്തം വനഭൂമിയുടെ സംരക്ഷണത്തിനായി സംസ്ഥാനത്തുടനീളം 210 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതുണ്ട്. ആയതിൽ 124 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. 86 ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടി ഇനി സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

(സി) പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന്റെ ഭാഗമായി ഇതിനകം പത്ത് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

**വനംവകുപ്പ് ആസ്ഥാനത്തെ എ.സി.എഫ്., ഡി.സി.എഫ്. തസ്തിക**

126 (2822) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ആസ്ഥാനത്ത് എ.സി.എഫ്., ഡി.സി.എഫ്. തസ്തികകളിൽ തുടർച്ചയായി മൂന്ന് വർഷത്തിലധികം പല സെക്ഷനുകളിലായി ജോലിനോക്കുന്നവരുടെ പേരുവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ വനം വകുപ്പ് ആസ്ഥാനത്ത് ജോലിയിൽ പ്രവേശിച്ച തീയതി അറിയിക്കുമോ;

(സി) എ.സി.എഫ്. തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ഡി.സി.എഫ്. ആയി സ്ഥാനക്കയറ്റം ലഭിച്ചിട്ടും വകുപ്പ് ആസ്ഥാനത്തുതന്നെ തുടരുന്നവരുടെ എണ്ണവും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിൽ വനം വകുപ്പ് ആസ്ഥാനത്ത് ജോലി നോക്കുന്ന ഈ ഉദ്യോഗസ്ഥർ ഫീൽഡിൽ ജോലി ചെയ്ത കാലയളവ് പേര് സഹിതം വിശദമാക്കാമോ;

(ഇ) തുടർച്ചയായി മൂന്ന് വർഷത്തിലധികം എ.സി.എഫ്., ഡി.സി.എഫ്. തസ്തികകളിൽ ജോലിനോക്കുന്നവരെ ആസ്ഥാനത്തിന് പുറത്തേക്ക് സ്ഥലം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ)

1. ശ്രീ. എസ്. ആർ. രാധാകൃഷ്ണൻ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ

2. ശ്രീ. എൻ. അജിത്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ

3. ശ്രീ. എസ്. വിനോദ്, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേററർ (നോൺ കേഡർ)

4. ശ്രീ. എം. ആദർശ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ

5. ശ്രീ. സന്തോഷ്. കെ. ജോൺ ഐ.എഫ്.എസ്., ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ

6. ശ്രീ. പി. പി. പ്രമോദ്, ഐ.എഫ്.എസ്., ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ.

(ബി)

1. ശ്രീ. എസ്. ആർ. രാധാകൃഷ്ണൻ, 13-2-2014 മുതൽ

2. ശ്രീ. എൻ. അജിത്, 5-6-2013 മുതൽ

3. ശ്രീ. എസ്. വിനോദ് - 25-6-2015 മുതൽ

4. ശ്രീ. എം. ആദർശ് - 10-6-2015 മുതൽ

5. ശ്രീ. സന്തോഷ് കെ. ജോൺ - 7-5-2012 മുതൽ

6. ശ്രീ. പി. പി. പ്രമോദ് - 7-9-2013 മുതൽ.

(സി)

1. ശ്രീ. സന്തോഷ് കെ. ജോൺ., ഐ.എഫ്.എസ്.

2. ശ്രീ. എസ്. വിനോദ്.

(ഡി)

1. ശ്രീ. സന്തോഷ് കെ. ജോൺ., ഐ.എഫ്.എസ്., വർക്കിംഗ് പ്ലാൻ ഓഫീസർ, നെന്മാറ (14-12-2000 മുതൽ 15-1-2001 വരെ)

2. ശ്രീ. എസ്. വിനോദ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കൊല്ലം (31-12-2012 മുതൽ 1-11-2013 വരെ)

3. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), പാലക്കാട് (8-11-2013 മുതൽ 17-6-2015 വരെ)

(ഇ) ഭരണപരമായ ആവശ്യമനുസരിച്ച് ഇത്തരം ഉദ്യോഗസ്ഥരെ സ്ഥലംമാറ്റി നിയമിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**വനം വകുപ്പിലെ നിയമനവും സ്ഥലം മാറ്റവും**

127 (2823) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ക്ലാർക്ക് മുതൽ ജൂനിയർ സൂപ്രണ്ട് വരെയും സെക്ഷൻ ഫോറസ്റ്റ് ഓഫീസർ മുതൽ ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ വരെയുമുള്ള ജീവനക്കാരുടെ നിയമനവും സ്ഥലം മാറ്റവും നടത്തുന്നതിന് സർക്കാർ അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിലെ സി.സി.എഫ്. മുതൽ പി.സി.സി.എഫ്. വരെയുള്ള വിവിധ വിഭാഗങ്ങളിലെ ഓഫീസർമാരുടെ ജോലികളും ചുമതലകളും നിശ്ചയിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടേയും പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) സർക്കാർ ഉത്തരവുകളും സർക്കുലറുകളും പ്രകാരം നിയമനങ്ങളും സ്ഥലം മാറ്റങ്ങളും നടത്താൻ ചുമതലപ്പെട്ട ഓഫീസർമാർ അല്ലാതെയുള്ളവർ തന്നിഷ്ടപ്രകാരം വനം വകുപ്പിലെ വിവിധ ഓഫീസുകളിലും പല സെക്ഷനുകളിലും സ്ഥലം മാറ്റങ്ങളും സെക്ഷൻ മാറ്റങ്ങളും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇപ്രകാരം സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായി സ്ഥലം മാറ്റങ്ങൾ നടത്തുന്നത് അവസാനിപ്പിക്കുന്നതിനും അപ്രകാരം പ്രവർത്തിക്കുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിലെ ജീവനക്കാരുടെ നിയമനവും സ്ഥലംമാറ്റവും നടത്തുന്നതിന് സർക്കാർ അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു:

**ക്ലാർക്ക്, സീനിയർ ക്ലാർക്ക്**-വനം വകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, എല്ലാ ടെറിട്ടോറിയൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ.

**ഹെഡ് അക്കൗണ്ടന്റ് മുതൽ ജൂനിയർ സൂപ്രണ്ട് വരെ**-വനം വകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

**സെക്ഷൻ ഫോറസ്റ്റ് ഓഫീസർ**-എല്ലാ ടെറിട്ടോറിയൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ

**ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസർ**-അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)

(ബി) ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും പകർപ്പ് അനുബന്ധമായി* ചേർക്കുന്നു*.

(സി) ഇല്ല.

(ഡി) ബാധകമല്ല.

**കോന്നി ഫയർ സ്റ്റേഷന് വനം വകുപ്പിന്റെ സ്ഥലം**

128 (2824) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് വനം വകുപ്പിന്റെ സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) വനം വകുപ്പുമന്ത്രിയുടെ ചേംബറിൽ 1-10-2014-ലും 23-5-2017-ലും കൂടിയ യോഗങ്ങളിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ആയവ നടപ്പിലാക്കുന്നതിൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) ഭൂമി വിട്ടുകൊടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ എന്നറിയിക്കാമോ ?

ഉത്തരം

(എ) കോന്നി ഫയർ സ്റ്റേഷനായി വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും കോന്നി ഇൻസ്പെക്ഷൻ ബംഗ്ലാവ് കോമ്പൗണ്ടിനോട് ചേർന്ന് കിടക്കുന്നതുമായ 40 സെന്റ് ഭൂമി അനുവദിക്കുന്ന കാര്യത്തിൽ യൂസർ ഏജൻസി എന്ന നിലയിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വനഭൂമി വിട്ടുനൽകുന്നതിനുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം വനം വകുപ്പിന് സമർപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനുള്ള അപേക്ഷ യൂസർ ഏജൻസിയിൽ നിന്നും ഓൺലൈനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നാളിതുവരെ ലഭ്യമായിട്ടില്ല.

(ബി) 1-1-2014-ലെ യോഗ തീരുമാനം ചുവടെ ചേർക്കുന്നു:

1. വനാവശ്യങ്ങൾക്കായുള്ള ഫയർ സ്റ്റേഷൻ എന്ന രീതിയിൽ പ്രോജക്ട് പുനർരൂപകൽപ്പന ചെയ്യണം. വനം വകുപ്പിന്റെ 40 സെന്റിനുപുറമേ പൊതുമരാമത്ത് വകുപ്പിന്റെ 15 സെന്റിനായി Permissive sanction വാങ്ങണം.

2. പരസ്പര സമ്മതത്തോടെയുള്ള MoU വേണം.

3. പ്രാഥമികമായി വനപ്രദേശത്തെ അഗ്നിശമന ആവശ്യങ്ങൾക്കായിട്ടാവണം പ്രോജക്ട്.

4. Quick Response Vehicle, നൂതന ഉപകരണങ്ങൾ, ജീവനക്കാർക്കായുള്ള പരിശീലന കേന്ദ്രം, Community Safety Groups, വന്യജീവി രക്ഷാ പദ്ധതികൾ എന്നിവ ഉൾപ്പെടുത്തണം.

23-5-2017-ലെ യോഗതീരുമാനം ചുവടെ ചേർക്കുന്നു:

1. യൂസർ ഏജൻസി എന്ന നിലയിൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് വനഭൂമി വിട്ടു നൽകുന്നതിനുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം വനം വകുപ്പിന് നൽകുന്നതാണ്.

2. വനം വകുപ്പിന് ടി ആവശ്യം ശിപാർശയോടെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 സെക്ഷൻ 2 പ്രകാരമുള്ള അംഗീകാരത്തിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകുന്നതാണ്.

(സി) യൂസർ ഏജൻസി അപേക്ഷ നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ തുടർ നടപടികളൊന്നും തന്നെ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) യൂസർ ഏജൻസി ഇതുവരെ അപേക്ഷകളൊന്നും തന്നെ നൽകിയിട്ടില്ല. ടി അപേക്ഷ ലഭിച്ചശേഷം നിലവിലുള്ള നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്.

## നിലമ്പൂർ ഗൂഡല്ലൂർ റോഡ് വികസനത്തിന് വനം വകുപ്പ് സ്ഥലം

129 (2825) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡ് വീതി കൂട്ടുന്നതിന് നിലമ്പൂർ ഫോറസ്റ്റ് കോംപ്ലക്സിന്റെ മുൻഭാഗത്തെ രണ്ട് മീറ്റർ സ്ഥലം പൊതുമരാമത്ത് വകുപ്പിന് വിട്ട് കൊടുക്കുന്നതിനുള്ള നടപടി എന്ന് പൂർത്തിയാക്കും (റഫറൻസ് കത്ത് നിലമ്പൂർ നോർത്ത് DFO 7/2/2017-ന് പൊതുമരാമത്ത് EE (നിരത്ത് വിഭാഗം) മഞ്ചേരിക്ക് അയച്ച D.4250/12 നമ്പർ കത്ത്); വിശദമാക്കുമോ?

ഉത്തരം

വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട യൂസർ ഏജൻസി (പൊതുമരാമത്ത് വകുപ്പ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ) ഇതിനായുള്ള അപേക്ഷ www.forestclearance.nic.in എന്ന സൈറ്റിൽ സമർപ്പിക്കേണ്ടതുണ്ട്. Online പരിശോധനയുടെയും തുടർനിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയും അനുബന്ധ രേഖകളും അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഡിസ്ട്രിക്ട് കളക്ടർ എന്നിവർക്ക് നൽകേണ്ടതും ടി ഓഫീസുകളിൽ നിന്നും ലഭിക്കുന്ന രസീത് മേൽ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ്.

ഇപ്രകാരം online-ൽ മേൽ (വെബ് പോർട്ടൽ) ലഭിച്ച അപേക്ഷയിന്മേൽ ഹാർഡ് കോപ്പി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഡിസ്ട്രിക്ട് കളക്ടർ എന്നിവർക്ക് സമർപ്പിക്കുന്നതിന് യൂസർ ഏജൻസിക്ക് 4-7-2018-ന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും യൂസർ ഏജൻസി. തുടർ നടപടി സ്വീകരിച്ചിട്ടില്ല. ഇത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക

130 (2826) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാമ്പ (CAMPA), ജിം തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്ന് എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച തുകയിൽ എത്ര കോടി രൂപ ഇപ്പോൾ ചെലവഴിക്കാതെയുണ്ട്;

(സി) ഈ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ?

ഉത്തരം

(എ) കാമ്പ (CAMPA) 31-8-2018-ൽ 14.61 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജിം പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) കാമ്പ (CAMPA) 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ച തുകയിൽ 2.98 കോടി രൂപ ചെലവഴിക്കാനുണ്ട്. ജിം പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) കാമ്പ (CAMPA)-APO പ്രകാരമുള്ള പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കിവരുന്നു. ജിം പദ്ധതിക്കായി ആദ്യ ഗഡുവായി 2016-17-ൽ ലഭിച്ച 1524.70 ലക്ഷം രൂപ (കേന്ദ്ര വിഹിതം 914.82 ലക്ഷം രൂപ സംസ്ഥാന വിഹിതം-609.88 ലക്ഷം രൂപ) 2017-18 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി പൂർണ്ണമായും ചെലവഴിച്ചു. 2018-19 വർഷത്തിലേയ്ക്കായി 5134.15 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് അനുമതി ലഭിച്ചിട്ടില്ല.

## കാട്ടാനകൾക്ക് സംരക്ഷണത്തിനായി റെയിൽ മതിൽ നിർമ്മാണം

131 (2827) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ വനമേഖലയിൽ കാട്ടാനകൾക്ക് സംരക്ഷണം ഒരുക്കുന്നതിനായി റെയിൽ മതിൽ നിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ചെലവ് എത്ര കോടി രൂപയാണ്; ഇതിൽ റെയിൽവെയും വനം വകുപ്പും എത്ര ശതമാനം വീതം ചെലവ് വഹിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി വിഹിതം സംബന്ധിച്ച് റെയിൽവേയുമായി എന്തെങ്കിലും തർക്കം നിലവിലുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-യുടെ ധനസഹായത്തോടെ 100 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് 25 കോടി രൂപയുള്ള ഒന്നാം ഘട്ടത്തിന്റെ (Phase 1) ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 5.35 കി. മീ. നീളത്തിൽ വാളയാർ ഭാഗത്ത് റെയിൽവേ ലൈനിന് സമാന്തരമായി റെയിൽ ഫെൻസിംഗ് നിർമ്മാണം ഉൾപ്പെട്ടിരുന്നു. ഈ പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

(ബി) വാളയാർ ഭാഗത്ത് നിർമ്മിക്കാനുദ്ദേശിച്ചിരുന്ന 5.35 കി.മീ. റെയിൽ ഫെൻസിംഗിന് 802.50 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്. പ്രസ്തുത ജോലിക്കായുള്ള ഇൻസ്റ്റലേഷൻ ചാർജ്ജ് വനം വകുപ്പും റെയിൽവെയും തുല്യമായി വഹിക്കുവാനാണ് ശിപാർശ ചെയ്തിരുന്നത്.

(സി) പദ്ധതി നിർവ്വഹണം റെയിൽവെയുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി 17-10-2017-ൽ സർക്കാർ റെയിൽവേയുമായി നടത്തിയ ചർച്ചയിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു:

1. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സെന്റേജ് ചാർജ്ജ് ഉൾപ്പെടെയുള്ള എല്ലാ വർക്കിംഗ് ചാർജ്ജുകളും റെയിൽവെ ഒഴിവാക്കുക.

2. നിർമ്മാണത്തിനായി റെയിൽവെ നൽകുന്ന റെയിൽ ലൈൻ സ്ക്രാപ്പിന് ചാർജ്ജ് ഈടാക്കാതിരിക്കുക.

3. വനം വകുപ്പും റെയിൽവെയും ഇൻസ്റ്റലേഷൻ ചാർജ്ജ് തുല്യമായി വഹിക്കുക.

എന്നാൽ ഈ നിർദ്ദേശങ്ങളിൽ റെയിൽവെയുടെ അംഗീകാരം ലഭിക്കാത്തതിനാൽ പദ്ധതി നിർവ്വഹണം നീണ്ടുപോകുകയും വന്യജീവി പ്രതിരോധ

മാർഗ്ഗങ്ങൾ നടപ്പിലാക്കേണ്ടതിനാലും KIIFB-യിൽ ഉൾപ്പെട്ട ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും Phase 1-ൽ മറ്റു പദ്ധതികൾ ഉൾപ്പെടുത്തേണ്ടതായി വന്നു. നിലവിൽ ഈ പദ്ധതി പരിഗണനയിലില്ല.

**ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ വരുത്തുന്ന നാശനഷ്ടം**

132 (2828) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ബാബു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങി ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതായ സംഭവങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയുന്നതിനായി എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് സർക്കാർ അവലംബിച്ചിട്ടുള്ളത്;

(സി) ജനവാസ പ്രദേശങ്ങളിൽ കാട്ടാനകൾ പ്രവേശിക്കുന്നത് തടയുന്നതിന് കാടിന്റെ അതിർത്തികളിൽ കിടങ്ങുകൾ കുഴിക്കുന്ന രീതിയും വനത്തിനുള്ളിൽ മൃഗങ്ങൾ തീറ്റയ്ക്കായി ആശ്രയിക്കുന്ന പ്ലാവുൾപ്പെടെയുള്ള മരങ്ങൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയും എത്രമാത്രം ഫലപ്രദമാണെന്ന് അറിയിക്കുമോ;

(ഡി) വന്യമൃഗങ്ങളെ ജനപഥങ്ങളിൽനിന്ന് അകറ്റി നിർത്താൻ പൊതുജനങ്ങളുടെ സഹകരണത്തോടെയുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജനവാസമേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നൂതനമാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു:

1. വന്യജീവി ആക്രമണം രൂക്ഷമായ കാർഷിക മേഖലകളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് വന്യജീവികളെ നിരീക്ഷിക്കുന്നതിനും അവയെ തിരികെ കാട്ടിലേയ്ക്ക് ഓടിച്ചു വിടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കാട്ടാനക്കൂട്ടങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുന്നതിനും യഥാസമയം വിവരങ്ങൾ കൈമാറുന്നതിനും വനമേഖലയിലെ വയർലസ്സ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

3. ജനവാസമേഖലകളിൽ ഇറങ്ങി ജനങ്ങൾക്ക് ഭീഷണിയുണ്ടാക്കുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് കയറ്റി വിടുന്നതിനും ആവശ്യമെങ്കിൽ പിടികൂടുന്നതിനും പരിശീലനം ലഭിച്ച കുങ്കിയാനകളുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

4. വന്യമൃഗങ്ങൾ കാർഷിക മേഖലയിലേക്ക് ഇറങ്ങുന്നത് സംബന്ധിച്ച മുന്നറിയിപ്പ് കർഷകർക്ക് നൽകുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനം വയനാട്, മൂന്നാർ എന്നിവിടങ്ങളിൽ വിജയകരമായി നടപ്പിലാക്കി. ഈ സംവിധാനം മറ്റു സ്ഥലങ്ങളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. നാട്ടിലിറങ്ങി പ്രശ്നം ഉണ്ടാക്കുന്ന വന്യജീവികളെ മയക്കുവെടിവെച്ച് പിടിച്ച് ഉൾക്കാട്ടിൽ വിടുന്നതിനാവശ്യമായ ട്രാൻക്വലൈസേഷൻ ഗണ്ണുകൾ വാങ്ങിയിട്ടുണ്ട്. ഇതിനാവശ്യമായ പരിശീലനം നൽകി വരുന്നു.

6. ജനവാസ കേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കുരങ്ങുകളെ പിടികൂടി വന്ധ്യംകരണം നടത്തി അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേക്ക് തിരികെ വിടുന്നുണ്ട്.

(സി) വനത്തിന്റെ അതിർത്തികളിൽ കിടങ്ങുകൾ കുഴിക്കുന്ന രീതി അവലംബിക്കുന്നതുകൊണ്ട് ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകൾ പ്രവേശിക്കുന്നത് ഒരു പരിധിവരെ തടയാൻ സാധിച്ചിട്ടുണ്ട്. വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണയോഗ്യമായ ഫലവൃക്ഷങ്ങൾ മാത്രം വച്ചുപിടിപ്പിക്കുന്നതിന് പ്രത്യേകമായി പദ്ധതി നടപ്പിലാക്കിയിട്ടില്ല. വനപ്രദേശങ്ങൾക്കനുയോജ്യമായ സസ്യജാലങ്ങൾ സ്വാഭാവികമായി തന്നെ കാടുകളിൽ ഉണ്ടാകുന്നുണ്ട്. അത്തരം സസ്യങ്ങൾക്ക് ഹാനികരമാകുന്ന പ്രവൃത്തികൾ തടഞ്ഞ് സ്വാഭാവിക വനവൽക്കരണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വനവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന തൈകളിൽ പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ഉൾപ്പെടുത്താറുണ്ട്.

(ഡി) 7-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. വന്യമൃഗങ്ങളെ ജനപഥങ്ങളിൽ നിന്ന് അകറ്റി നിർത്താൻ പൊതുജനങ്ങളുടെ സഹകരണത്തോടെ പ്രസ്തുത സമിതി പ്രവർത്തിച്ചുവരുന്നു. ഇതിനോടകം സംസ്ഥാനത്ത് ഇത്തരത്തിലുള്ള 204 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

**റെയിൽ ഫെൻസിംഗ്**

133 (2829) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ റെയിൽഫെൻസിംഗ് സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) എത്ര കോടി രൂപയാണ് മേൽ പ്രവൃത്തിക്കായി അനുവദിച്ചിട്ടുള്ളത്;

(സി) ആദ്യഘട്ടത്തിൽ വയനാട് ജില്ലയിൽ റെയിൽ ഫെൻസിംഗ് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ഡി) മേൽപദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ വനം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ 16 കി. മീ. നീളത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനായി കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും പ്രസ്തുത പണികൾ നിർവ്വഹിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലുമാണ്.

(ബി) ഇരുപത്തിനാല് കോടി രൂപയുടെ ഭരണാനുമതിയാണ് മേൽ പ്രവൃത്തിക്കായി ലഭിച്ചത്.

(സി & ഡി) വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ കുറിച്യാട് റെയിഞ്ചിലെ കുപ്പാടി ഫോറസ്റ്റ് സ്റ്റേഷനിൽപ്പെട്ട സത്രംകുന്ന് മുതൽ മൂടക്കൊല്ലി വരെ 10 കി. മീറ്ററും നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയിഞ്ചിലെ കൂടൽക്കടവ് മുതൽ പാൽവെളിച്ചം വരെ 6 കി. മീറ്ററും റെയിൽ ഫെൻസിംഗ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

KIIFB രണ്ടാംഘട്ട പദ്ധതികയിലുൾപ്പെടുത്തി 136.70 കി. മീ. സോളാർ ഫെൻസിംഗ്, 42 കി.മീ. ക്രാഷ് ഗാർഡ് ഫെൻസിംഗ്, 0.30 കി. മീ. ആന പ്രതിരോധ മതിൽ എന്നിവ കൂടാതെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയും ഉൾപ്പെടുത്തി 7361.06 ലക്ഷം രൂപയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. റെയിൽ ഫെൻസിംഗ് കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കാൻ നിലവിൽ ആലോചനയില്ല.

**പരിയാരം പഞ്ചായത്തിൽ സൗരോർജ്ജ വേലി**

134 (2830) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പരിയാരം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ അടിക്കടി ഉണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനും കൃഷി നശിപ്പിക്കുന്നത് ഒഴിവാക്കുന്നതിനുമായി പീലർമുഴി, മോതിരക്കണ്ണി, അന്ത്രക്കാംപാടം കൊന്നക്കുഴി പ്രദേശങ്ങളെ ഉൾപ്പെടുത്തി എട്ട് കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ വേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വനം വകുപ്പുമന്ത്രിയുടെ സന്ദർശന വേളയിൽ നൽകിയ ഉറപ്പ് പ്രകാരവും ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ചും പ്രസ്തുത സ്ഥലങ്ങളിൽ സൗരോർജ്ജ വേലി സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ കാട്ടാന ശല്യം**

135 (2831) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ ആദിവാസി മേഖലകളായ ഇടിഞ്ഞാർ, വിട്ടിക്കാവ് തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടാന ശല്യംമൂലം ജനജീവിതം വഴിമുട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായ ത്തിൽ നാട്ടിലേക്കിറങ്ങിയ കാട്ടാന രോഗബാധിതനാണെന്ന് കണ്ടെത്തിയതിനെ ത്തുടർന്ന് അതിനെ തുടർച്ചയായി നിരീക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ II (1) പ്രകാരം മയക്കുവെടി വച്ച് പിടിച്ച് ചികിത്സ നൽകുന്നതിനുള്ള സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ പ്രകാരം 24-11-2018-ന് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, കോന്നി, അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, വയനാട് എന്നിവർ ചേർന്ന് സ്ഥലത്ത് സംയുക്ത പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത ആനയെ കഴിഞ്ഞ 10 ദിവസമായി ഈ മേഖലകളിൽ കാണാനില്ല. ഇനി കാണുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രളയാനന്തരം പട്ടാമ്പി മണ്ഡലത്തിൽ വന്യജീവി ആക്രമണം**

136 (2832) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം പട്ടാമ്പി മണ്ഡലത്തിൽ വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ മലമ്പാമ്പുകൾ, പന്നികൾ, മുള്ളൻപന്നികൾ തുടങ്ങിയ വന്യജീവികളുടെ ആക്രമണം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാട്ടിലിറങ്ങുന്ന വന്യജീവികളെ വനത്തിനുള്ളിലേക്ക് തിരിച്ചു വിടുന്നതിന് നിയുക്തരായ ഉദ്യോഗസ്ഥൻമാരുടെ അഭാവം ഈ പ്രവർത്തനത്തിന് വൈഷമ്യങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനായി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വന്യജീവി ശല്യം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാട്ടിലിറങ്ങുന്ന വന്യജീവികളെ വനത്തിനുള്ളിലേക്ക് തിരിച്ചു വിടുന്നതിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥരുടെ കുറവ് ഉണ്ടായിട്ടുണ്ട്.

(സി) പട്ടാമ്പി സെക്ഷനിൽ ഒഴിവ് ഉണ്ടായിരുന്ന തസ്തികകളിലേക്ക് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

## വന്യജീവികൾക്കെതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിന് സംവിധാനം

137 (2833) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികൾക്കെതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവി സംരക്ഷണത്തിനും വന്യജീവികളെ വേട്ടയാടുന്നത് തടയുന്നതിനുമായി വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത യൂണിറ്റ് വന്യജീവികളുമായി ബന്ധപ്പെട്ട കേസുകളുടെ വിശദവിവരം ഉൾക്കൊള്ളിച്ച് വൈൽഡ് ലൈഫ് ക്രൈം ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ആനവേട്ട, മാൻവേട്ട തുടങ്ങി വന്യജീവികൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ സംബന്ധിച്ച അന്വേഷണം വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വനമേഖലകളിൽ ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡ്ഡുകൾ സ്ഥാപിക്കുകയും പട്രോളിംഗ് ശക്തിപ്പെടുത്തിയും ജീവനക്കാർക്ക് ആധുനിക വാർത്താ വിനിമയ ഉപകരണങ്ങൾ നൽകിയും ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും വന്യജീവികൾക്കെതിരെയുള്ള ആക്രമണങ്ങൾ ഒരു പരിധിവരെ തടയുന്നതിന് സാധിച്ചിട്ടുണ്ട്.

മൃഗവേട്ടക്കാരെ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ഇത്തരം കുറ്റകൃത്യങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന മൺസൂൺ സീസണിൽ കൂടുതൽ ആന്റിപോച്ചിംഗ് വാച്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തി വനസംരക്ഷണം ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വനമേഖലയിൽ

കടന്ന് കുറ്റകൃത്യങ്ങൾ നടത്തുന്നതിനെതിരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം പ്രവൃത്തികൾ തടയുന്നതിനായി വനം വകുപ്പിലെ ഫോറസ്റ്റ് ഇന്റലിജൻസ് സെൽ രഹസ്യ വിവരശേഖരണം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 2428/2018/ഹോം, തീയതി 22-8-2018 പ്രകാരം വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. തുടർന്ന് 17-11-2018-ലെ ജി. ഒ. (ആർറ്റി.) 3338/18/ഹോം പ്രകാരം യൂണിറ്റിന്റെ ഘടനയിൽ മാറ്റം വരുത്തി 22-8-2018-ലെ ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ട്.

(സി) ഭേദഗതി ചെയ്ത ഉത്തരവ് 17-11-2018-ൽ ആണ് പുറപ്പെടുവിച്ചിട്ടുള്ളത്. യൂണിറ്റ് പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്.

(ഡി) ആനവേട്ട, മാൻവേട്ട തുടങ്ങി വന്യജീവികൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങളിൽ അന്വേഷണം 45 ദിവസത്തിനകം പൂർത്തിയാക്കി കേസ് കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

**മുത്തങ്ങയിൽ റെയിൽ ഫെൻസിംഗ് പദ്ധതി**

138 (2834) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ മുത്തങ്ങയിൽ റെയിൽ ഫെൻസിംഗിനുള്ള പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) എന്നത്തേക്ക് പദ്ധതി പ്രാവർത്തികമാക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിലെ മുത്തങ്ങ റെയിഞ്ച് പരിധിയിൽ റെയിൽ ഫെൻസിംഗ് നിർമ്മാണത്തിന് അനുമതി നൽകിയിട്ടില്ല. എന്നാൽ ഈ റെയിഞ്ചിൽപ്പെട്ട തോട്ടാമൂല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ തോട്ടാമൂല മുതൽ കാടംകൊല്ലി വരെ 11 കി. മീ. നീളത്തിൽ KIIFB-Phase-II പദ്ധതിയിലുൾപ്പെടുത്തി Crash Guard Steel Rope Fencing നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ അംഗീകരിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ടതിനുശേഷം 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**പശുക്കളിലെ പകർച്ചവ്യാധി തടയാൻ നടപടി**

139 (2835) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം തൃശ്ശൂർ ജില്ലയിലെ പശുക്കളിൽ സൈ്റ്റലേറിയ അനാപ്ലാസാ എന്ന പകർച്ച വ്യാധി ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെയുള്ള മുൻകരുതൽ നടപടികളും തുടർചികിത്സയും സ്വീകരിക്കുന്നതിന് ഏതെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) അടാട്ട് ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ആശുപത്രിയ്ക്കുകീഴിൽ ഇത്തരത്തിൽ അസുഖം ബാധിച്ച് മരണപ്പെട്ട പശുക്കളുടെ എണ്ണം വ്യക്തമാക്കുമോ; പ്രസ്തുത കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇത് പരാദങ്ങൾ പരത്തുന്ന രോഗമായതിനാൽ എല്ലാ മൃഗാശുപത്രികളിലും മരുന്നുകൾ വിതരണം ചെയ്യുകയും കർഷകരെ ബോധവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പുതുതായി വാങ്ങിയ 4 -5 മാസം പ്രായമായ 4 പശുക്കുട്ടികൾ ഈ അസുഖംമൂലം മരണപ്പെട്ടിട്ടുണ്ട്. പ്രസ്തുത കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടെങ്കിൽ മാത്രമേ നഷ്ടപരിഹാരതുക ലഭ്യമാകുകയുള്ളൂ.

**പ്രളയത്തിൽ പരിക്ക് പറ്റിയ കന്നുകാലികൾക്ക് സൗജന്യ ചികിത്സ**

140 (2836) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ പരിക്ക് പറ്റിയതോ അസുഖം പിടിപ്പെട്ടതോ ആയ കന്നുകാലികൾക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്നതിനായി കന്നുകാലികളെ നഷ്ടപ്പെട്ട കുടുംബങ്ങളുടെ എണ്ണം വകുപ്പ് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് കന്നുകാലികളെ വാങ്ങാൻ എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകിയിരിക്കുന്നത്;

(സി) ജില്ല തിരിച്ച് ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയത്തിൽ കന്നുകാലികളെ നഷ്ടപ്പെട്ട കുടുംബങ്ങളുടെ വിവരങ്ങൾ പഞ്ചായത്തുതലത്തിൽ ശേഖരിച്ച് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രളയത്തോടനുബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റവിതരണം എന്നിവ നടത്തുകയുണ്ടായി.

(ബി) കന്നുകാലികളെ വാങ്ങാൻ സഹായം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ട കുടുംബങ്ങൾ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രളയത്തിൽ കന്നുകാലി കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾ**

141 (2837) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കന്നുകാലി കർഷകർക്ക് എന്തെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ നാശനഷ്ടങ്ങളുണ്ടായവർക്ക് എന്തെല്ലാം സഹായമാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളത്; ഇതിൽ എത്ര കർഷകർക്ക് എന്തെല്ലാം സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഇനി എത്ര പേർക്ക് എന്തെല്ലാം സഹായം നൽകാൻ ബാക്കിയുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രളയത്തെ തുടർന്ന് കന്നുകാലികൾ മരണമടഞ്ഞും തൊഴുത്തുകൾക്ക് നാശനഷ്ടമുണ്ടായിട്ടുള്ളതും മറ്റ് തരത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതുമായ എല്ലാ കർഷകർക്കും അർഹമായ എല്ലാ സഹായങ്ങളും അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പശു-2, കിടാരി-2, ആട്-5, എരുമ-1, കോഴി- 18513 എന്നിവ മരണപ്പെട്ടു. കൂടാതെ കാലിത്തൊഴുത്ത്-10, കോഴിക്കൂട്-8 എണ്ണം തകർന്നു.

(ബി) ദുരന്ത നിവാരണ മാനദണ്ഡപ്രകാരം ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാരിന്റെ സജീവ പരിഗണനയിലുള്ള പ്രൊപ്പോസലിൽ 29 കോടി രൂപ ആദ്യഗഡുവായി ഉത്തരവായിട്ടുണ്ട്. കൂടാതെ നവകേരള സൃഷ്ടി പ്രകാരം മൃഗസംരക്ഷണ മേഖലയിൽ 77 കോടി രൂപയുടെ പുനരധിവാസ പാക്കേജും സർക്കാർ പരിഗണിച്ചുവരുന്നു. ജില്ലാ ഭരണകൂടം മുഖേന 2 കർഷകർക്ക് പശുക്കൾ നഷ്ടപ്പെട്ടതിന് 30,000 രൂപാ നിരക്കിൽ മൊത്തം 60,000 രൂപ നൽകി. 14 കർഷകർക്ക് 18513 കോഴികൾ, 8 കർഷകർക്ക് 8 കോഴിക്കൂടുകൾ, 2 കർഷകർക്ക് 2 കിടാരി, 10 കർഷകർക്ക് തൊഴുത്ത്, 1 കർഷകന് 5 ആട് 1 ആട്ടിൻകൂട്, 1 കർഷകന് 1 എരുമ എന്നിവയ്ക്കുള്ള ധനസഹായം നൽകുവാൻ ബാക്കിയുണ്ട്.

(സി) സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ട കുടുംബങ്ങൾ**

142 (2838) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ട കുടുംബങ്ങളുടെ എണ്ണം ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് കന്നുകാലികളെ വാങ്ങാൻ എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകിയിരിക്കുന്നത്; ജില്ല തിരിച്ച് ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ട കുടുംബങ്ങൾ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തുതലത്തിൽ ശേഖരിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സഹായങ്ങൾ നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലാടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ എണ്ണം ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രളയത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം**

143 (2839) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ എത്ര വളർത്തുമൃഗങ്ങളുടെ നഷ്ടം ഉണ്ടായെന്ന് വ്യക്തമാക്കുമോ; വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

പ്രളയവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയിൽ 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രളയംമൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവയും 11.43 ലക്ഷം കോഴികളും 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും 3735.8 മെട്രിക് ടൺ വൈക്കോലും നഷ്ടമായിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ 95 സ്ഥാപനങ്ങളിൽ കേടുപാടുകൾ ഉണ്ടായതുമൂലം 23 കോടിയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

ദുരന്തനിവാരണ മാനദണ്ഡപ്രകാരം വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിന്റെ ഭാഗമായി ആദ്യഗഡുവായ 29 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. ആയത് മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നതാണ്.

**ക്ഷീരകർഷകർക്കായി പുനരധിവാസ പാക്കേജ്**

144 (2840) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽപ്പെട്ട് കന്നുകാലികൾ നഷ്ടപ്പെട്ട ക്ഷീരകർഷകരെ സഹായിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ട വളർത്തുമൃഗങ്ങളുടെ കണക്ക് എത്രയാണെന്ന വിവരം ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ ഓഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിൽ ജീവനോപാധികൾ നഷ്ടമായ ക്ഷീരകർഷകർക്കായി എന്തെങ്കിലും പുനരധിവാസ പാക്കേജുകൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പ്രളയത്തിൽപ്പെട്ട കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന്റെ ആദ്യ ഗഡുവായി 29 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് കണ്ടിജൻസി ഫണ്ട് ഇനത്തിൽ ക്ഷീര വികസന വകുപ്പ് 24.9 ലക്ഷം രൂപ നൽകുകയും പ്രളയ സമയത്ത് കാലികൾക്ക് നൽകുന്നതിനായി 28857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുതിനുള്ള 181 ലക്ഷം രൂപയും വൈക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 450 ലക്ഷം രൂപയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. കൂടാതെ 22 കോടി രൂപയുടെ പ്രത്യേക ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പ്രോഗ്രാം പ്രളയ ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കുന്നുണ്ട്.

(ബി) പ്രളയംമൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവയും 11.43 ലക്ഷം കോഴികളും 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.

(സി) ജീവനോപാധികൾ നഷ്ടപ്പെട്ട ക്ഷീര കർഷകർക്കായി മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കിയ 77 കോടി രൂപയുടെ പുനരധിവാസ പദ്ധതിയിൽ പശു വളർത്തൽ, ആട് വളർത്തൽ, കിടാരി വളർത്തൽ, പന്നി വളർത്തൽ, കന്നുകുട്ടി പരിപാലനം, കോളി വളർത്തൽ, താറാവ് വളർത്തൽ, കന്നുകാലി ഫാമുകളുടെ യന്ത്രവൽക്കരണം, തൊഴുത്ത് നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. ക്ഷീരവികസന വകുപ്പ് 22 കോടി രൂപയുടെ പ്രത്യേക ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പ്രോഗ്രാം പ്രളയ ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കുന്നുണ്ട്.

## പ്രളയ ദുരിതത്തിൽ ചെങ്ങന്നൂരിലെ മത്സ്യ, കന്നുകാലി, കോഴി ഫാമുകളുടെ നാശം

145 (2841) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതത്തിൽ ചെങ്ങന്നൂരിലെ മത്സ്യ, കന്നുകാലി, കോഴി ഫാമുകൾ എത്രയെണ്ണം നശിച്ചതായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക എത്രയെന്ന് തീർപ്പാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത ഫാമുകളുടെ പുനർനിർമ്മാണത്തിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിവരിക്കാമോ;

(ഡി) ചെറുകിട കന്നുകാലി കർഷകർക്കുള്ള പ്രളയാനന്തര പദ്ധതികൾ എന്തെല്ലാമെന്ന് വിവരിക്കാമോ?

### ഉത്തരം

(എ) പ്രളയ ദുരിതത്തിൽ ചെങ്ങന്നൂരിലെ 59 മത്സ്യഫാമുകൾ, 24 കന്നുകാലി ഫാമുകൾ, 6 കോഴി ഫാമുകൾ ഇവ നശിച്ചതായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

(ബി) ദുരന്തനിവാരണ മാനദണ്ഡമനുസരിച്ച് ഒരു കർഷകന് 30,000 രൂപ നിരക്കിൽ 3 കറവ പശുക്കൾക്ക് മാത്രമേ ധനസഹായം അനുവദിക്കാനാകുകയുള്ളൂ. ഒരു കോഴിക്ക് 50 രൂപ നിരക്കിൽ ആകെ 5,000 രൂപ വരെ മാത്രമേ ഒരാൾക്ക് നഷ്ടപരിഹാരമായി അനുവദിക്കാനാകുകയുള്ളൂ. പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ട കുടുംബങ്ങളുടെ വിവരങ്ങൾ പഞ്ചായത്തുതലത്തിൽ ശേഖരിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അവ ലഭ്യമാകുമ്പോൾ ക്ഷീരകർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക എത്രയാണെന്ന് കണക്കാക്കുവാൻ കഴിയുന്നതാണ്.

മത്സ്യകർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക 1,27,73,522 രൂപയാണെന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ജീവനോപാധികൾ നഷ്ടപ്പെട്ട കർഷകർക്കായി മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കിയ 77 കോടി രൂപയുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കുവാൻ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ പശു വളർത്തൽ, ആട് വളർത്തൽ,

കിടാരി വളർത്തൽ, പന്നി വളർത്തൽ, കന്നുകുട്ടി പരിപാലനം, കോഴി വളർത്തൽ, താറാവ് വളർത്തൽ, കന്നുകാലി ഫാമുകളുടെ യന്ത്രവൽക്കരണം, തൊഴുത്ത് നിർമ്മാണം എന്നിവ ഉൾപ്പെടുന്നു.

മത്സ്യഫാമുകളുടെ പുനർനിർമ്മാണത്തിനായി ബണ്ട് പുനർ നിർമ്മിക്കുകയും ബലപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ കുളങ്ങളിലെ പോളയും എക്കലും നീക്കം ചെയ്ത് പുനരുദ്ധരിക്കേണ്ടതുണ്ട്.

(ഡി) ജീവനോപാധികൾ നഷ്ടപ്പെട്ട കർഷകർക്കായി മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കിയ 77 കോടി രൂപയുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ പശു വളർത്തൽ, ആട് വളർത്തൽ, കിടാരി വളർത്തൽ, കന്നുകുട്ടി പരിപാലനം, തൊഴുത്ത് നിർമമാണം, കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നിവ ഉൾപ്പെടുന്നു.

## കോഴി ഇറച്ചിയുടെയും ഇറച്ചിക്കോഴി ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി

146 (2842) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽനിന്നും കോഴിയിറച്ചിയും ഇറച്ചിക്കോഴി ഉല്പന്നങ്ങളും ഇറക്കുമതി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) ആഭ്യന്തര കർഷകരെ സഹായിക്കുന്നതിനായി ഇറക്കുമതി ചെയ്യുന്ന കോഴിയിറച്ചിക്ക് ഉയർന്ന നികുതി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) ഇറക്കുമതി ചെയ്യുന്ന ശീതീകരിച്ചതും ജനിതകമാറ്റം വരുത്തിയതുമായ തീറ്റകൾ നൽകി വളർത്തിയ കോഴി ഇറച്ചി ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാണോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്ന സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന കമ്മിറ്റി റിസ്ക് അനാലിസിസ് നടത്തുന്നത് സംബന്ധിച്ച് ഉറപ്പ് വരുത്താൻ സർക്കാർ തലത്തിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോഴി ഇറച്ചിയും ഇറച്ചിക്കോഴി ഉൽപ്പന്നങ്ങളും ലൈവ്സ്റ്റോക്ക് പ്രോഡക്ട് വിഭാഗത്തിൽപ്പെട്ടതായതിനാൽ ആയതിന്റെ ഇറക്കുമതിക്കുള്ള

അനുമതി കേന്ദ്ര സർക്കാർ ലൈവ് സ്റ്റോക്ക് ഇമ്പോർട്ടേഷൻ ആക്ട് 1898-ന്റെയും ഈ ആക്ടിന് കാലാകാലങ്ങളിൽ നടത്തിയ കൂട്ടിച്ചേർക്കലുകളും കൂടാതെ ഈ വിഷയത്തിൽ കേന്ദ്ര മൃഗസംരക്ഷണ ക്ഷീര ഫിഷറീസ് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ S. O. 2666 (E) അനുസരിച്ചുള്ള നിബന്ധനകൾ പാലിച്ചുമാണ് നൽകുന്നത്.

(ബി) കോഴി ഇറച്ചി ജി.എസ്.ടി.യിൽ നികുതി വിമുക്തമാണ്. എന്നാൽ കോഴിയിറച്ചി വച്ച് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് 12 ശതമാനം ജി.എസ്.ടി. ബാധകമാണ്. പുതുതായി ഒരു ഉൽപ്പന്നത്തിന് നികുതി ചുമത്തുന്നത് ജി.എസ്.ടി. കൗൺസിലാണ്.

(സി) കോഴിയിറച്ചി ലൈവ്സ്റ്റോക്ക് പ്രോഡക്ട് വിഭാഗത്തിൽ പ്പെടുന്നതായതിനാൽ ഇറക്കുമതി അനുമതി നൽകുന്നത് കേന്ദ്ര മൃഗസംരക്ഷണ ക്ഷീര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി (ട്രേഡ്) ചെയർമാൻ ആയിട്ടുള്ള റിസ്ക് അനാലിസിസ് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷമാണ്. ആയത് സർക്കാർ തലത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് നിലവിൽ മാർഗ്ഗങ്ങളൊന്നും അവലംബിച്ചിട്ടില്ല.

**കോഴി കൃഷിക്ക് നൽകിവരുന്ന സഹായങ്ങൾ**

147 (2843) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> :

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കി ന്യായമായ വിലയ്ക്ക് കോഴി ഇറച്ചി ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) കോഴിക്കുഞ്ഞുങ്ങളെ കൃഷിക്കാർക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം എന്താണ്;

(സി) കോഴികൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കി ന്യായമായ വിലയ്ക്ക് കോഴി ഇറച്ചി ലഭ്യമാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ്, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (കെപ്കോ) കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴി വളർത്തൽ പദ്ധതി (കേരള ചിക്കൻ) ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഈ പദ്ധതി ആരംഭിച്ചു കഴിഞ്ഞു.

(ബി & സി) മൃഗസംരക്ഷണ വകുപ്പിന്റെ കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും 1 ദിവസം പ്രായമായ ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വകുപ്പിന്റെ അംഗീകൃത എഗ്ഗർ നഴ്സറികളിൽ വളർത്തി 46-60 ദിവസം പ്രായമാകുമ്പോൾ കർഷകർക്ക് കോഴിക്കുഞ്ഞ് ഒന്നിന് 100 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കൊല്ലം ജില്ലയിലെ ആയൂർ-തോട്ടത്തറ, മലപ്പുറം ജില്ലയിലെ എടവണ്ണ എന്നിവിടങ്ങളിലെ RKVY പദ്ധതി പ്രകാരം ഹാച്ചറികളുടെ വിപുലീകരണ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2018-19 വർഷം ഒക്ടോബർ മാസം വരെ മൃഗസംരക്ഷണ വകുപ്പിന്റെ കോഴി വളർത്തൽ കേന്ദ്രങ്ങളിലും ഹാച്ചറികളിലുമായി 2209804 കോഴിക്കുഞ്ഞുങ്ങളെയും 72907 താറാവിൻ കുഞ്ഞുങ്ങളെയും 8727 ടർക്കി കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

2018-19 വർഷം മൃഗസംരക്ഷണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

(1) <u>വിദ്യാർത്ഥികൾ മുഖേനയുള്ള കോഴി വളർത്തൽ പദ്ധതി</u>

സംസ്ഥാനത്തെ തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 5 മുതൽ 9-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 46-60 ദിവസം പ്രായമായ 5 കോഴിക്കുഞ്ഞുങ്ങളും കോഴിത്തീറ്റയും നൽകുന്ന പദ്ധതി. സംസ്ഥാനത്തെ 1304 സ്കൂളുകളിലെ 65200 സ്കൂൾ കുട്ടികൾക്ക് ആനുകൂല്യം നൽകുന്നു. ഈ പദ്ധതി വഴി 326000 കോഴിക്കുഞ്ഞുങ്ങളെ സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്നു. ഒരു കുട്ടിക്ക് 650 രൂപ നിരക്കിൽ 65200 കുട്ടികൾക്ക് 4,23,80,000 രൂപ ധനസഹായമായി ചെലവാക്കുന്നു.

(2) താറാവ് വളർത്തൽ പദ്ധതി

ഒരു ഗുണഭോക്താവിന് 2 മാസം പ്രായമായ 10 താറാവ് കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുന്നു. സംസ്ഥാനമൊട്ടാകെ 4000 യൂണിറ്റുകൾ നടപ്പിലാകുന്നു. ഒരു ഗുണഭോക്താവിന് 1,200 രൂപ ഈ പദ്ധതിയിൽ വകയിരുത്തുന്നു.

(3) കൂടുകളിൽ കോഴി വളർത്തൽ (നഗര പ്രദേശങ്ങളിൽ)

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കൂടുകളിൽ കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കിവരുന്നു. കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലാണ് നിലവിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂട്, മുട്ടക്കോഴി (5 എണ്ണം) എന്നിവയുൾപ്പെടെ 5,000 രൂപയുടെ സഹായം ഒരു ഗുണഭോക്താവിന് ലഭിക്കും. മൊത്തം 410 യൂണിറ്റുകൾ നടപ്പിലാക്കുന്നു.

കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (കെപ്കോ) താഴെപ്പറയുന്നവ സ്വീകരിച്ചു വരുന്നു.

കേരളത്തിൽ ഇറച്ചിക്കോഴികളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കർഷകർക്ക് മിതമായ നിരക്കിൽ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനായി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രം നവീകരിക്കുകയും അതിന്റെ വാർഷിക ഉത്പാദനശേഷി ശരാശരി 8 ലക്ഷത്തിൽനിന്നും 12 ലക്ഷത്തിനു മുകളിലായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളുടെ വാർഷിക ഉൽപ്പാദനം 15 മുതൽ 18 ലക്ഷം വരെ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബ്രോയിലർ മാതൃശേഖരം വളർത്തുന്നതിനുള്ള രണ്ട് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ കെപ്കോ സ്വീകരിച്ചുവരുന്നു. കൂടാതെ കർഷകർക്ക് മിതമായ നിരക്കിൽ അത്യുൽപ്പാദന ശേഷിയുള്ള വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഇവിടെ നിന്നും വിതരണം ചെയ്യുന്നു. കർഷകർക്ക് മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് കെപ്കോ ഒരു ന്യായവില മെഡിക്കൽഷോപ്പ് നടത്തിവരുന്നു.

**ചാത്തമംഗലം പൗൾട്രി ഫാം ട്രെയിനിംഗ് സെന്റർ**

148 (T* 2844) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തമംഗലം റീജിയണൽ പൗൾട്രി ഫാമിനോടനുബന്ധിച്ച് നിർമ്മാണം പൂർത്തീകരിച്ച ട്രെയിനിംഗ് സെന്റർ തുറന്നുകൊടുക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ഫർണിഷിംഗ് ജോലികൾ കഴിഞ്ഞിട്ടില്ലാത്തതിനാലാണ് ട്രെയിനിംഗ് സെന്റർ തുറന്നുകൊടുക്കുവാൻ കാലതാമസം നേരിടുന്നത്.

**മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാൽ**

149 (2845) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാൽ സംസ്ഥാനത്ത് വിലക്കുറച്ച് വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാൽ വില കുറച്ച് വിൽക്കുന്നത് തടയുന്നതിന് നിയമപരമായി നടപടികൾ നിലവിൽ സ്വീകരിക്കുവാൻ കഴിയുകയില്ല.

**ക്ഷീര വികസന പദ്ധതികൾ**

150 (2846) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പിന്റെകീഴിൽ ഡയറിഫാം ആധുനീകരിക്കാൻ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ ക്ഷീരവികസന വകുപ്പ് നടത്തുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര ക്ഷീരസഹകരണ സംഘങ്ങൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ നടത്തിവരുന്ന പാൽ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) ഡയറി ഫാം ആധുനീകരിക്കുവാൻ ധനസഹായം നൽകുന്നുണ്ട്. ക്ഷീര കർഷകർക്ക് അവശ്യാധിഷ്ഠിത സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തൊഴുത്ത് നവീകരിക്കുന്നതിനും യന്ത്രവൽക്കരണത്തിനും, കറവ യന്ത്രങ്ങൾ, ചാഫ് കട്ടർ എന്നിവയ്ക്കും കൂടാതെ കറവ പശുക്കൾ, കിടാരികൾ എന്നിവ വാങ്ങുന്നതിനും ധനസഹായം നൽകുന്നുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതി പ്രകാരം കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷത്തിൽ 87.36 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് മറ്റ് പദ്ധതികൾക്ക് ധനസഹായം നിലവിൽ ലഭിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് നിലവിൽ 3673 ക്ഷീര സഹകരണ സംഘങ്ങളുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2018-19 വർഷം 2,844 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. ക്ഷീര സംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം.
2. പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണത്തിനുള്ള ധനസഹായം
3. പ്രവർത്തനരഹിതമായ ക്ഷീര സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. മിൽക്ക് റൂട്ട് സബ്സിഡി

5. ഫാർമർ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള ധനസഹായം

6. ക്ഷീര സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സഹായം

7. പാൽ സംഭരണമുറി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം

8. ക്ഷീര സംഘങ്ങളുടെ ആട്ടോമേഷനുവേണ്ടിയുള്ള സഹായം

9. ക്ഷീര സംഘങ്ങൾക്ക് പാൽ സംഭരണ സംസ്കരണം, ചില്ലിംഗ്, പുന:നിർമ്മാണം, ശീതീകരണ മുറി, കാറ്റിൽഫീഡ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം.

10. Automatic Milk Collection (AMC) യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം.

11. ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള സഹായം

12. കർഷകർക്ക് സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്/വൈക്കോൽ എന്നിവ വിതരണം ചെയ്യുന്നതിനുള്ള സഹായം

13. ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് (ETP), സൗരോർജ്ജ ഉൽപാദന പ്ലാന്റ്, മഴവെള്ള സംഭരണി എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം.

(ഡി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഗുണനിയന്ത്രണ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ഗുണനിയന്ത്രണ ഓഫീസുകൾ മുഖാന്തരം സംസ്ഥാനത്തു പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതോടൊപ്പം വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകളും പരിശോധിക്കുന്നുണ്ട്. ഉപഭോക്താക്കൾക്കും പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഈ ലാബുകളിൽ നിലവിലുണ്ട്. ക്ഷീര സംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് കർഷകരെ ഇക്കാര്യത്തിൽ ബോധവാന്മാരാക്കുന്നതിന്റെയും ഭാഗമായി ഗുണമേന്മാ ബോധവൽക്കരണ പരിപാടി

സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ തൻവർഷം ത്രൈമാസ ഗുണനിയന്ത്രണ ജാഗ്രതായജ്ഞവും സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ ഫലമായി സംഘങ്ങളിൽ സംഭരിക്കുന്ന പാലിലടങ്ങിയിരിക്കുന്ന ഖരപദാർത്ഥങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നതിനും അണുഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഉൽപ്പാദകരെയും ഉപഭോക്താക്കളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഉപഭോക്തൃ മുഖാമുഖം പരിപാടിയും സംഘടിപ്പിച്ചു വരുന്നുണ്ട്.

പാലിന്റെയും മറ്റ് ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് NABL അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറി ലാബ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽ മേഖലാതല പാൽ പരിശോധനാ ലബോറട്ടറികളും സ്ഥാപിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും മായം കലർന്ന ഗുണനിലവാരം കുറഞ്ഞതുമായ പാൽ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നത് തടയുന്നതിനായി പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളായ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ പാൽ പരിശോധന സംവിധാനം ഏർപ്പെടുത്തി മായം കലർന്ന പാലിന്റെ സംസ്ഥാനത്തേയ്ക്കുള്ള വരവ് തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശാലയിൽ പാൽ പരിശോധന സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

### ക്ഷീരമേഖലയിലെ പരിശീലനം

151 (2847) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ക്ഷീരമേഖലയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി കൂടുതൽപേർ ഈ മേഖലയിലേക്ക് കടന്നുവരുന്നുണ്ടോ; അത് കാരണം സംസ്ഥാനത്തെ പാലുൽപാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) പുതുതായി ക്ഷീരമേഖലയിലേയ്ക്ക് വരുന്ന യുവജനങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ടോ; നാളിതുവരെ എത്ര പേർക്കാണ് പരിശീലനം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള പരിശീലന സൗകര്യങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള പരിശീലന സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(എഫ്) സംഘങ്ങളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി സംഘം ജീവനക്കാർക്ക് മതിയായ പരിശീലനം നൽകുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) യുവജനങ്ങൾ ക്ഷീരമേഖലയിലേയ്ക്ക് സ്വയംതൊഴിൽ സംരംഭകരെന്ന നിലയിൽ കൂടുതലായി കടന്നുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ക്ഷീര വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, ഓച്ചിറ (കൊല്ലം), അമ്മകണ്ടകര (പത്തനംതിട്ട) കോട്ടയം, ആലത്തൂർ (പാലക്കാട്), കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രങ്ങൾ വഴി പുതുതായി ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നവർക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ട്. 2018-19 വർഷത്തിൽ നാളിതുവരെയായി 1604 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള പരിശീലന സൗകര്യങ്ങൾ പൂർണ്ണമായും പര്യാപ്തമാണെന്ന് കരുതുന്നില്ല. പരിശീലന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാന പ്ലാൻ ഫണ്ട് വിനിയോഗിച്ച് എല്ലാ പരിശീലന കേന്ദ്രങ്ങളിലും സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ചു വരികയാണ്. ക്ലാസ് മുറികൾ പൂർണ്ണമായും സ്മാർട്ട് ക്ലാസ് റൂമുകളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ക്ഷീര പരിശീലന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ RKVY, RIDF പദ്ധതികൾ പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) പരിശീലന സൗകര്യങ്ങൾ ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ക്ലാസ് റൂമുകളിൽ ആഡിയോ

വിഷ്വൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുകയും കൂടുതൽ ഫലപ്രദമായ രീതിയിൽ ക്ഷീരകർഷകർ, സ്വയംതൊഴിൽ സംരംഭകർ, ക്ഷീര സംഘം ഭാരവാഹികൾ, ജീവനക്കാർ, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് പരിശീലനം നൽകി വരികയും ചെയ്യുന്നു.

(ഇ) സംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം, കൊഴുപ്പ്, കൊഴുപ്പിതര ഖര പദാർത്ഥങ്ങൾ എന്നിവ പരിശോധിച്ചാണ് കർഷകർക്ക് വില നൽകുന്നത്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ആഫീസിലെയും ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന യൂണിറ്റിലെയും ഉദ്യോഗസ്ഥർ ക്ഷീര സംഘങ്ങളിൽ കൃത്യമായ പരിശോധനകൾ നടത്തി അവിടെ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം പരമാവധി ഉറപ്പുവരുത്തുകയും കൂടാതെ കർഷകർക്ക് ഗുണമേന്മയുള്ള പാൽ ഉൽപപാദിപ്പിച്ച് വിപണനം നടത്തുന്നതിനുവേണ്ട ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചു വരുന്നുണ്ട്.

(എഫ്) ക്ഷീര സംഘം ജീവനക്കാർക്ക് ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വിവിധങ്ങളായ പരിശീലനങ്ങൾ നൽകുന്നുണ്ട്. കൂടാതെ മിൽമയുടെ ആഭിമുഖ്യത്തിൽ സംഘങ്ങളുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി സംഘം സെക്രട്ടറിമാർ, പ്രസിഡന്റുമാർ, ടെസ്റ്റർമാർ തുടങ്ങിയവർക്കായി പരിശീലനം നൽകുന്നുണ്ട്.

**ക്ഷീര കർഷർക്ക് കറവയന്ത്രം**

152 (2848) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്താൻ സർക്കാർ ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) അഞ്ചിൽ കൂടുതൽ പശുക്കളുള്ള കർഷകർക്ക് കറവയന്ത്രം നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ യന്ത്രം ലഭിക്കുന്നതിനായി കർഷകർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ ക്ഷീര മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉരുക്കൾ പ്രളയത്തിൽ നഷ്ടപ്പെട്ടവർക്ക് കണ്ടിജൻസി ഫണ്ട് ഇനത്തിൽ 24.9 ലക്ഷം രൂപ നൽകുകയും, പ്രളയ സമയത്ത് കാലികൾക്ക് നൽകുന്നതിനായി 28857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള 181 ലക്ഷം രൂപയും വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 450 ലക്ഷം രൂപയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. കൂടാതെ, 22 കോടി രൂപയുടെ പ്രത്യേക ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പ്രോഗ്രാം പ്രളയ ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കുന്നുണ്ട്.

(ബി) നടപ്പിലാക്കിയിട്ടുണ്ട്. കറവ യന്ത്രം വാങ്ങുന്നതിന് കറവ യന്ത്രത്തിന്റെ വിലയുടെ 50% പരമാവധി 25,000 രൂപയാണ് ധനസഹായമായി നൽകുന്നത്. ഇതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷ അപേക്ഷകൻ താമസിക്കുന്ന ബ്ലോക്കിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റിൽ നൽകിയാൽ മതിയാകും. കൂടാതെ കർഷകർക്ക് അടുത്തുള്ള മൃഗാശുപത്രിയിലും അപേക്ഷ നൽകാം.

(സി) അങ്കമാലി മണ്ഡലത്തിൽ ക്ഷീര മേഖലയിൽ ആവിഷ്കരിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**പാലിന്റെ പ്രതിദിന ഉപഭോഗം**

153 (2849) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലിന്റെ പ്രതിദിന ഉപഭോഗം എത്രയാണെന്നും പ്രതിദിനം എത്ര ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നുണ്ടെന്നും അറിയിക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് പ്രതിദിനം എത്ര ലിറ്റർ പാൽ സംസ്ഥാനത്ത് കൊണ്ടുവരുന്നുണ്ട്; വിശദാംശം നൽകാമോ;

<u>ഉത്തരം</u>

(എ) ജനസംഖ്യാനുപാതികമായി സംസ്ഥാനത്തെ പാലിന്റെ ആവശ്യകത പ്രതിദിനം ഏകദേശം 87 ലക്ഷം ലിറ്ററാണെന്നും അതിൽ ഏകദേശം 81 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുവെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മിൽമ പ്രതിദിനം ഏകദേശം 25,000 ലിറ്റർ പാൽ കർണ്ണാടകയിൽ നിന്നും 82,000 ലിറ്റർ പാൽ തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മീനാക്ഷിപുരം ചെക്ക് പോസ്റ്റ് വഴി പ്രതിദിനം ശരാശരി 3.45 ലക്ഷം ലിറ്റർ പാലും ആര്യങ്കാവ് ചെക്ക് പോസ്റ്റ് വഴി പ്രതിദിനം ശരാശരി 1.95 ലക്ഷം ലിറ്റർ പാലും സംസ്ഥാനത്തേക്ക് വിപണനത്തിനായി കൊണ്ടുവരുന്നുണ്ട്. 1.07 ലക്ഷം ലിറ്റർ പാൽ മിൽമയും ബാക്കിയുള്ളവ സ്വകാര്യ ഡയറികളുമാണ് കൊണ്ടുവരുന്നത്.

**മിൽമയുടെ പാൽ സംഭരണത്തിലെ കുറവ്**

154 (2850) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം മിൽമയുടെ പ്രതിദിന പാൽ സംഭരണത്തിൽ മൂന്നുലക്ഷം ലിറ്ററിന്റെ കുറവ് വന്നിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ ക്ഷീരമേഖലയെയും അതുവഴി ക്ഷീരകർഷകരെയും കൈപിടിച്ചുയർത്താൻ എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മിൽമയുടെ മലബാർ മേഖല യൂണിയൻ പരിധിയിൽ പ്രളയംമൂലം സംഭരണം കുറഞ്ഞത് ഇപ്പോൾ പൂർവ്വസ്ഥിതിയിലായിട്ടുണ്ട്. എറണാകുളം മേഖല യൂണിയനിൽ പ്രളയത്തിനുശേഷമുള്ള ദിവസങ്ങളിൽ പ്രതിദിന പാൽ സംഭരണത്തിൽ ഏകദേശം 60000 ലിറ്ററിന്റെ കുറവ് ഉണ്ടായി. എന്നാൽ നവംബർ അവസാനത്തോടെ സംഭരണത്തിൽ പൂർവ്വസ്ഥിതിയിലെത്താൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം മേഖല യൂണിയനിൽ ആലപ്പുഴ ജില്ലയിൽ ഏകദേശം 20000 ലിറ്ററിന്റെ കുറവും പത്തനംതിട്ട ജില്ലയിൽ ഏകദേശം 23000 ലിറ്ററിന്റെ കുറവും രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ ക്ഷീരമേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് പുറമെ പ്രളയം സൃഷ്ടിച്ച നാശനഷ്ടം കണക്കിലെടുത്ത് 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. മിൽമയുടെ മലബാർ മേഖലാ യൂണിയൻ പശു, തൊഴുത്ത് എന്നിവയടക്കം വിവിധ ക്ഷീരകർഷക ക്ഷേമ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന 18.72 കോടി

രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ ഇതിനകം 1,27,00,000 രൂപയുടെ ധനസഹായം ക്ഷീരകർഷകർക്ക് നൽകിക്കഴിഞ്ഞു. ഡിസംബർ മുതൽ പാലിന് ലിറ്ററിന് 1.50 രൂപ നിരക്കിൽ അധിക വില ക്ഷീര കർഷകർക്ക് നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ 11.07 കോടി രൂപ അടങ്കൽ തുകയുടെ കർമ്മപരിപാടി തിരുവനന്തപുരം മേഖലാ യൂണിയൻ രൂപപ്പെടുത്തിയിട്ടുണ്ട്. പ്രളയ ദുരിതാശ്വാസമായി വിവിധ സഹായ പദ്ധതികൾ തിരുവനന്തപുരം യൂണിയൻ നടപ്പിലാക്കി.

## പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

155 (2851) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരാശരി എത്ര ലക്ഷം ലിറ്റർ പാലാണ് ഓരോ ദിവസവും ഉല്പാദിപ്പിക്കുന്നത്; പ്രതിദിനം ശരാശരി എത്ര ലക്ഷം ലിറ്ററാണ് ആവശ്യമായിട്ടുള്ളത്;

(ബി) പാലുല്പാദനം വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനസംഖ്യാനുപാതികമായി സംസ്ഥാനത്തെ പാലിന്റെ ആവശ്യകത പ്രതിദിനം ഏകദേശം 87 ലക്ഷം ലിറ്ററാണെന്നും അതിൽ ഏകദേശം 81 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കപ്പെടുമെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ പ്രധാനമായും താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്:

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
4. ഹീഫർ പാർക്ക്
5. ക്ഷീരഗ്രാമം

6. ക്ഷീര സംഘങ്ങൾക്കുള്ള സഹായ പദ്ധതികൾ

7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

8. ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ

9. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി

10. സമഗ്ര ഇൻഷ്വറൻസ് പദ്ധതി.

ഇതിനുപുറമെ മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**പ്രളയംമൂലം ക്ഷീര കർഷകർക്ക് ഉണ്ടായിട്ടുള്ള നഷ്ടം**

156 (2852) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയംമൂലം ക്ഷീരകാർഷികമേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിൽ കന്നുകാലികൾ ചത്തതുമൂലം ക്ഷീര കർഷകർക്ക് ഉണ്ടായിട്ടുള്ള നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് ഇതിനോടകം എന്തെല്ലാം സഹായം നൽകിയെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീര മേഖലയിൽ പ്രളയത്തിന്റെ ഭാഗമായി ഏകദേശം 107 കോടി രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. പ്രളയത്തിൽ 5163 പശുക്കൾക്കും 1228 കിടാരികൾക്കും 5166 കന്നുകുട്ടികൾക്കും 541 എരുമകൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ ഏകദേശം 10612 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 7730 കാലിത്തൊഴുത്തുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ക്ഷീര സംഘങ്ങളുടെ കെട്ടിടങ്ങൾക്കും ശീതീകരണ സംസ്കരണ, പാൽ പരിശോധന സംവിധാനങ്ങൾക്കും കനത്ത നാശനഷ്ടങ്ങൾ

ഉണ്ടായിട്ടുണ്ട്. തീറ്റപ്പുൽകൃഷിത്തോട്ടങ്ങൾ വ്യാപകമായി നശിക്കുകയും കാലിത്തീറ്റ, വൈയ്ക്കോൽ, കച്ചി തുടങ്ങിയവ ഉപയോഗശൂന്യമായിത്തീരുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ 2.5 ലക്ഷം ലിറ്ററിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പ്രളയത്തിൽ 5163 കറവപശുക്കൾ, 1228 കിടാരികൾ, 5166 കന്നുകുട്ടികൾ, 541 എരുമകൾ എന്നിവ നഷ്ടപ്പെട്ടുപോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി 4567 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയ സമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും കച്ചി/വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 450 ലക്ഷം രൂപയുടെയും ധനസഹായം കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, പ്രളയ നാശനഷ്ടങ്ങൾമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ക്ഷീരകർഷകർക്കായി 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് റിഹാബിലിറ്റേഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു.

**ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധികൾ**

157 (2853) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പ് ഓഫീസ് മുഖാന്തരം കണ്ടെത്തുന്ന അർഹരായ എല്ലാ ക്ഷീരകർഷകർക്കും വേനൽകാല ഇൻസെന്റീവ് ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ;

(ബി) കന്നുകാലി വളർത്തലിന് വിവിധ ബാങ്കുകളിൽനിന്നും ക്ഷീരകർഷകരെടുത്തിട്ടുള്ള വായ്പയ്ക്ക് ബാങ്കുകൾ അമിതപലിശ ഈടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വായ്പ തിരിച്ചടവ് മുടങ്ങി കടക്കെണിയിലായ ക്ഷീരകർഷകർക്ക് എന്തെങ്കിലും ആശ്വാസ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കാർഷിക വായ്പയുടെ പലിശനിരക്കിൽ ക്ഷീര കർഷകർക്കും കന്നുകാലി വളർത്തലിനുള്ള വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വേനൽക്കാല ഇൻസെന്റീവ് നൽകുന്നത് മിൽമയാണ്. ഇത് മിൽമയ്ക്ക് പാലളക്കുന്ന സംഘങ്ങളിലെ ക്ഷീരകർഷകർക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതിന് അർഹരായ ക്ഷീരകർഷകരെ കണ്ടെത്തുന്നതും മിൽമയാണ്.

ക്ഷീരവികസന വകുപ്പ് കാറ്റിൽ ഫീഡ് സബ്സിഡി പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന എല്ലാ കർഷകർക്കും ഇതിന്റെ സഹായം ലഭ്യമാക്കുന്നുണ്ട്.

(ബി) വിവിധ ബാങ്കുകൾ ഡയറി ലോണുകൾക്ക് 10 മുതൽ 15 ശതമാനം വരെ പലിശ ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വായ്പകൾ എടുത്ത് തിരിച്ചടയ്ക്കുവാൻ കഴിയാതെ കടക്കെണിയിൽപ്പെട്ട ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഈ വർഷം കടാശ്വാസ പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല.

(സി) ക്ഷീരകർഷകർക്ക് കാർഷിക വായ്പയുടെ പലിശ നിരക്കിൽ വായ്പ അനുവദിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## നിലമ്പൂർ ബ്ലോക്കിൽ ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

158 (2854) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നതിനുശേഷം നിലമ്പൂർ ബ്ലോക്കിൽ ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിക്കും വകയിരുത്തിയ തുക എത്രയാണ്;വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം പദ്ധതി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കാമോ ;

(സി) ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; മാനദണ്ഡങ്ങൾ പാലിക്കാതെ അനർഹർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(ഡി) നിലമ്പൂർ ബ്ലോക്കിലെ ക്ഷീര വികസന ആഫീസിലെ ഉദ്യോഗസ്ഥരുടെ പേരും, ഉദ്യോഗപ്പേരും ലഭ്യമാക്കാമോ; പ്രസ്തുത ആഫീസിലെ ഒക്ടോബർ മാസത്തിലെ ഉദ്യോഗസ്ഥരുടെ അറ്റന്റൻസ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ)

| വർഷം | പദ്ധതി | വകയിരുത്തിയ തുക |
|---|---|---|
| 2016-17 | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 944498.00 |
| | ഫോഡർ | 87500.00 |
| | എം.എസ്.ഡി.പി. | 2204600.00 |
| | ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി | 893670.00 |
| 2017-18 | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 126000.00 |
| | ഫോഡർ | 206625.00 |
| | എം.എസ്.ഡി.പി. | 4601800.00 |
| | ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി | 2477487.00 |
| 2018-19 | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 163000.00 |
| | ഫോഡർ | 446879.00 |
| | എം.എസ്.ഡി.പി. | 1272250.00 |
| | ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി | 1591000.00 |
| | ഇൻവെസ്റ്റ്മെന്റ് ഇൻ ഡി.സി.എസ്. | 375200.00 |

(ബി) ഗുണഭോക്താക്കളുടെ ലിസ്റ്റ് ശേഖരിച്ചുവരുന്നു.

(സി) ക്ഷീര വികസന വകുപ്പിന്റെ വർഷാവർഷങ്ങളിലുള്ള Detailed Project Report പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. അനർഹർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി)

| ക്രമ നമ്പർ | ഉദ്യോഗസ്ഥരുടെ പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | അക്ബർ ഷാ യു. | ക്ഷീര വികസന ഓഫീസർ |
| 2 | അബ്ദുൽ മജീദ്. വി | ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3 | റയ്ജു. കെ | ക്ലാർക്ക് |
| 4 | കമാൽ അബ്ദുൽ നാസർ | ക്ലാർക്ക് |
| 5 | വീണ കെ. എം | ഓഫീസ് അറ്റൻഡന്റ് |
| 6 | രാമകൃഷ്ണൻ. സി | പി. ടി. എസ്. |

ഒക്ടോബർ മാസത്തിലെ ഉദ്യോഗസ്ഥരുടെ അറ്റന്റൻസ് രജിസ്റ്ററിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.*

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ മിൽക്ക് ഷെഡ് പദ്ധതി**

159 (2855) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽക്ക് ഷെഡ് പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രോജക്ടുകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) 2016 ജൂൺ മുതൽ 2018 ജൂൺ 30 വരെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ എത്ര കറവയന്ത്രങ്ങൾ വിതരണം ചെയ്തുവെന്ന് വിശദീകരിക്കുമോ;

(സി) മിൽക്ക് ഷെഡ് പദ്ധതിയുടെ ഗുണഭോക്താക്കൾ പ്രസ്തുത പദ്ധതി പ്രകാരമുള്ള തൊഴിലിൽ തുടരുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | പദ്ധതികൾ | എണ്ണം |
|---|---|---|
| 1 | ഒരു പശു യൂണിറ്റ് | 6 |
| 2 | രണ്ട് പശു യൂണിറ്റ് | 7 |
| 3 | അഞ്ച് പശു യൂണിറ്റ് | 1 |
| 4 | അഞ്ച് കിടാരി യൂണിറ്റ് | 3 |
| 5 | അവശ്യാധിഷ്ഠിത ധനസഹായം | 7 |
| 6 | കറവയന്ത്രം | 14 |
| 7 | കാലിത്തൊഴുത്ത് നിർമ്മാണം | 10 |
| 8 | തദ്ദേശ ഇനം പശു | 3 |

(ബി) 32 എണ്ണം

(സി) എം.എസ്.ഡി.പി. പദ്ധതി പ്രകാരം ലഭിക്കുന്ന ഉരുക്കൾ/വസ്തുക്കൾ മൂന്ന് വർഷം പരിപാലിച്ചുകൊള്ളാം എന്ന കരാർ പത്രം ഗുണഭോക്താക്കളിൽ നിന്നും എഴുതി വാങ്ങി സൂക്ഷിക്കുന്നുണ്ട്. സംഘങ്ങളിൽ ടി കർഷകർ പാൽ അളക്കുന്നതിന്റെ കണക്ക് ഓഫീസിൽ വാങ്ങി സൂക്ഷിക്കുന്നുണ്ട്. ക്ഷീര വികസന ഓഫീസറും ഡയറി ഫാം ഇൻസ്ട്രക്ടറും കർഷക ഭവനങ്ങൾ സന്ദർശിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. വുമൺ കാറ്റിൽ കെയർ വർക്കർ കർഷക ഭവന സന്ദർശനം നടത്തുകയും ഓഫീസിൽ റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ ക്ഷീരോല്പാദനം**

160 (2856) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) എത്ര ക്ഷീര കർഷകരാണ് ഈ പദ്ധതികളുടെ ഗുണഭോക്താക്കൾ എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും താഴെപറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്:

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

ഈ പദ്ധതി പ്രകാരം കറവപ്പശുക്കൾ, കിടാരികൾ എന്നിവ വാങ്ങുന്നതിനും, കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും, കർഷകരുടെ അവശ്യാധിഷ്ഠിത പദ്ധതികൾക്കും, കറവയന്ത്രങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകുന്നു. ഇതിനായി നടപ്പുസാമ്പത്തിക വർഷം 3,95,000 രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

2. തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ

20 സെന്റിന് മുകളിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് പുൽക്കടകൾ, കൃഷിച്ചെലവ് ഉൾപ്പെടെയുള്ള സഹായം, 20 സെന്റിൽ താഴെ പുൽകൃഷി ചെയ്യുന്നവർക്ക് സൗജന്യമായി പുൽക്കട വിതരണം എന്നിവയ്ക്കുള്ള സഹായം എന്നിവ നൽകുന്നുണ്ട്. ഇതിനായി നടപ്പുസാമ്പത്തിക വർഷം 30,000 രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

3. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

കർഷക സമ്പർക്ക പരിപാടികൾ, ഉൾപ്പെടെയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം 20,000 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

4. മിൽക്ക് ഇൻസെന്റീവ് പദ്ധതി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പദ്ധതി ഫണ്ട് വിനിയോഗിച്ച് ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് 22,61,759 രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

5. കാറ്റിൽ ഫീഡ് സബ്സിഡി

കാറ്റിൽ ഫീഡ് സബ്സിഡിയായി ബ്ലോക്ക് പഞ്ചായത്ത് 8,50,000 രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

6. ധാതുലവണ മിശ്രിത വിതരണം

നടപ്പുസാമ്പത്തിക വർഷം 25,250 രൂപയുടെ ധാതുലവണ മിശ്രിതം 107 കർഷകർക്കായി വിതരണം നടത്തിയിട്ടുണ്ട്.

7. കന്നുകുട്ടി പരിപാലന പദ്ധതി

പശുക്കുട്ടികളെ ഉൽപാദനക്ഷമമായ പശുക്കളായി വളർത്തിയെടുക്കുന്നതിനും ശാസ്ത്രീയ പരിപാലന ക്രമങ്ങളും തീറ്റയും ലഭ്യമാക്കുന്നതിനുമായി 71,25,000 രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

8. പശുക്കളിലെ വന്ധ്യതാ നിവാരണ പരിപാടിയ്ക്ക് 30,000 രൂപയും, ചാണകത്തിൽനിന്ന് ജൈവവളം നിർമ്മിക്കുന്നതിന് സഹായകമായ ചാണകക്കുഴി നിർമ്മിക്കുന്നതിന് 1,37,500 രൂപയും പശുക്കളുടെ ഇൻഷ്വറൻസ് പദ്ധതിക്ക് 4,02,285 രൂപയും ഈ സാമ്പത്തിക വർഷം ചെലവാക്കും.

(ബി)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | മിൽക്ക് ഷെഡ് ഡെവലപ്മെന്റ് | 7 |
| 2 | തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ | 26 |
| 3 | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 300 |
| 4 | മിൽക്ക് ഇൻസെന്റീവ് പദ്ധതി | 1538 |
| 5 | കാറ്റിൽഫീഡ് സബ്സിഡി | 1000 |
| 6 | ധാതുലവണ മിശ്രിത വിതരണം | 107 |
| 7 | കന്നുകുട്ടി പരിപാലന പദ്ധതി | 570 |
| 8 | പശുക്കൾക്ക് ഇൻഷ്വറൻസ് | 598 |
| 9 | ചാണകത്തിൽനിന്ന് ജൈവവള നിർമ്മാണം | 11 |
| 10 | പശുക്കളിലെ വന്ധ്യത നിവാരണ പരിപാടി | 45 |

## തൃശ്ശൂർ സുവോളജിക്കൽ പാർക്ക്

161 (2857) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്നറിയിക്കുമോ;

(ബി) തൃശ്ശൂരിലെ മൃഗശാലയിൽ നിന്ന് മൃഗങ്ങളെ എന്നത്തേക്ക് സുവോളജിക്കൽ പാർക്കിലേക്ക് മാറ്റാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം തിരുവനന്തപുരം മൃഗശാലയിലേക്ക് ഏതെല്ലാം മൃഗങ്ങളെ കൊണ്ടുവന്നുവെന്നും ഇനി ഏതെല്ലാം മൃഗങ്ങളെ കൊണ്ടുവരുമെന്നും വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം മൃഗശാലയിലേക്ക് ജിറാഫിനെ കൊണ്ടുവരുന്നതിന് തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം നല്ല പുരോഗതി കൈവരിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതി വിഹിതമായ 45 കോടി രൂപ ചെലവഴിച്ച് നടപ്പാക്കുന്ന ഒന്നാം ഘട്ടത്തിൽ മൃഗങ്ങളുടെ 4 കൂടുകൾ, അഡ്മിനിസ്ട്രേറ്റീവ് ആഫീസ്, ക്വാർട്ടേഴ്സ്, സൂ ഹോസ്പിറ്റൽ, മൃഗങ്ങൾക്ക് ഭക്ഷണം തയ്യാറാക്കുവാനുള്ള സൗകര്യങ്ങൾ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. ഇതിൽ ക്വാർട്ടേഴ്സിനായി 8 യൂണിറ്റുകളുള്ള രണ്ട് ബ്ലോക്കുകളുടെ പണി പൂർത്തിയായി. 4 കൂടുകളുടെ പണി ഫെബ്രുവരി 2019-ൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അഡ്മിനിസ്ട്രേറ്റീവ് ആഫീസിന്റെ ടെണ്ടർ നടപടി പൂർത്തിയായി. ജോലി ഈ മാസം ആരംഭിക്കും. സൂ ഹോസ്പിറ്റൽ സമുച്ചയത്തിന് ഭരണാനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. മൃഗങ്ങൾക്കുള്ള 8 കൂടുകൾ, പാർക്കിംഗ് സംവിധാനം, സന്ദർശക സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്ന രണ്ടാം ഘട്ടത്തിന് കിഫ്ബിയിൽ

നിന്നും 112.18 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 84 കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. ജോലികൾ 2019 ജനുവരിയിൽ ആരംഭിക്കും. മൃഗങ്ങൾക്കുള്ള 11 കൂടുകൾ, ജല വിതരണം, വൈദ്യുതീകരണം, ചുറ്റുമതിൽ എന്നിവ ഉൾപ്പെടുന്ന 188 കോടി രൂപയുടെ മൂന്നാം ഘട്ടത്തിന്റെ വിശദമായ പദ്ധതിരേഖ കിഫ്ബിയുടെ പരിഗണനയിലാണ്. നിർമ്മാണത്തിന് നിലവിൽ തടസ്സങ്ങൾ ഇല്ല.

(ബി) 2020 ഒക്ടോബറിൽ തൃശ്ശൂരിലെ മൃഗശാലയിൽനിന്നും മൃഗങ്ങളെ സുവോളജിക്കൽ പാർക്കിലേയ്ക്ക് മാറ്റാൻ കഴിയുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വണ്ടല്ലൂർ മൃഗശാലയിൽ നിന്നും രണ്ട് ജോഡി വെള്ള മയിലുകൾ, രണ്ട് ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൺ, നാഗാലാന്റ് മൃഗശാലയിൽനിന്നും ഏഷ്യാറ്റിക് ബ്ലാക്ക് കരടികൾ, കാൺപൂർ മൃഗശാലയിൽനിന്നും ഒരു ജോഡി കഴുതപ്പുലികൾ എന്നിവയെ കൊണ്ടുവന്നിട്ടുണ്ട്.

വിദേശത്ത് നിന്നും ജിറാഫ്, വെള്ളസിംഹം, ജാഗ്വാർ, സീബ്ര എന്നീ ഇനങ്ങളിൽപ്പെട്ട ആകെ 15 എണ്ണം മൃഗങ്ങളെയാണ് കൊണ്ടുവരുന്നത്. ഇത്രയും മൃഗങ്ങളെ പാർപ്പിക്കുവാനുതകുന്ന സജ്ജീകരണങ്ങളോടുകൂടിയ പരിബന്ധനങ്ങളുടെ നവീകരണ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. മുഖേന ദ്രുതഗതിയിൽ നടന്നുവരുന്നു. ഇത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മൃഗങ്ങളെ കൊണ്ടുവരാമെന്നാണ് ഉദ്ദേശിക്കുന്നത്.

(ഡി) നിലവിൽ ജിറാഫിനെ കൊണ്ടുവരുന്നതിന് തടസ്സങ്ങൾ ഒന്നും തന്നെയില്ല.

## കാസർഗോഡ് ജില്ലയിൽ മാംസ സംസ്കരണ പഠനത്തിനായി കോളേജ്

162 (2858) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അമ്പലത്തറയിൽ മാംസ സംസ്കരണ പഠനത്തിനായുള്ള കോളേജ് തുടങ്ങുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽപ്പെട്ട മടിക്കൈ പഞ്ചയാത്തിൽനിന്ന് മാംസ സംസ്കരണ പഠനത്തിനായുള്ള കോളേജ് തുടങ്ങണമെന്നാവശ്യപ്പെട്ട് ഒരു കത്ത് വെറ്ററിനറി സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. കോളേജ് സ്ഥാപിക്കുന്ന കാര്യം സർവ്വകലാശാലാ തലത്തിൽ പരിശോധിച്ച് വരുന്നു.

**ജലസേചന വകുപ്പും കൃഷി വകുപ്പും യോജിച്ചുള്ള പ്രവർത്തനങ്ങൾ**

163 (2859) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പും കൃഷി വകുപ്പും തമ്മിലുള്ള ഏകോപനമില്ലായ്മ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനും അവ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും ചില പിഴവുകൾക്ക് ഇടയാക്കാറുണ്ടെന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) അതത് പ്രദേശത്തെ ജനപ്രതിനിധികളുമായി ചർച്ച ചെയത് പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി വകുപ്പിന്റെ നിർദ്ദേശം കൂടി പരിഗണിച്ചാണ് ജലസേചന വകുപ്പ് പദ്ധതികൾ പൊതുവേ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. എന്നാൽ ചില പരിമിതികൾ ഇക്കാര്യത്തിൽ കാണാൻ സാധിക്കും. കൃഷിക്ക് ജലം ആവശ്യമായ സമയത്ത് ജല ലഭ്യത കുറയുന്ന അവസ്ഥ സംജാതമാകാറുണ്ട്. ഇത് പരിഹരിച്ച് മുന്നോട്ട് പോകുന്നതിന് ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ത്രിതല പഞ്ചായത്ത് തലത്തിൽ രൂപീകൃതമായിട്ടുള്ള സാങ്കേതിക സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഈ സമിതികളിൽ കൃഷി ഓഫീസർമാർ അംഗങ്ങളാണ്. എന്നതിനാൽ സംയോജിതമായി പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും കഴിയുന്നുണ്ട്.

(ബി) സാധിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവർ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചാണ് നിലവിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഹരിതകേരളം മിഷന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള സമഗ്ര നീർത്തട പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളുടെ മുൻഗണനാക്രമം തീരുമാനിച്ചിട്ടുള്ളതും പ്രാദേശിക ജനപ്രതിനിധികളുടെയും അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിർദ്ദേശം കൂടി കണക്കിലെടുത്താണ്.

**ജലവിഭവ വകുപ്പിനായി പ്ലാൻ ഫണ്ടിൽ നീക്കിവച്ചിരിക്കുന്ന തുക**

164 (2860) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പിനായി പ്ലാൻ ഫണ്ടിൽ നീക്കിവച്ചിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ 2018 നവംബർ 26 വരെ എത്ര തുകയാണ് ചെലവാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ & ബി) 2018-19 സാമ്പത്തിക വർഷത്തിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്ലാൻ ശീർഷകത്തിൽ മേജർ ഇറിഗേഷനുവേണ്ടി 1.86 കോടി രൂപയും ചെറുകിട ജലസേചനത്തിനുവേണ്ടി 234.80 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2018 നവംബർ 26 വരെ മേജർ ഇറിഗേഷന് വേണ്ടി 1,50,25,554 രൂപയും മൈനർ ഇറിഗേഷന് വേണ്ടി 33,30,93, 163 രൂപയും ചെലവഴിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിക്ക് പ്ലാൻ ഫണ്ടിനത്തിൽ 876.43 കോടി രൂപ വകയിരുത്തുകയും 2018 നവംബർ 26 വരെ 310.44 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

ഭൂജല വകുപ്പിനായി 2182 ലക്ഷം രൂപ വകയിരുത്തുകയും 773.433 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

2018-19 സാമ്പത്തിക വർഷം കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിക്കു കീഴിൽ വിവിധ ശീർഷകങ്ങളിലായി 246 കോടി രൂപ വകയിരുത്തുകയും 90.95 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

2018-19 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽനിന്നും ഐ.ഡി.ആർ.ബി.ക്ക് 151.02 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. അതിൽ നിന്നും 2018 നവംബർ 26 വരെ 52 കോടി രൂപ ചെലവാക്കുകയും ചെയ്തു.

പ്രോജക്ട്-1 ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള വിവിധ ജലസേചന പദ്ധതികൾക്കായി 2018-19 സാമ്പത്തിക വർഷം 9631 ലക്ഷം രൂപ വകയിരുത്തുകയും 1033.19197 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

പ്രോജക്ട്-2 ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള പദ്ധതികൾക്കായി 7896 ലക്ഷം രൂപ വകയിരുത്തുകയും 3182 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

2018-19 സാമ്പത്തിക വർഷത്തിൽ കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കീഴിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾക്കായി 4711-01-103-86-01-00 പ്ലാൻ(വി) എന്ന ശീർഷത്തിൽ പ്രധാൻമന്ത്രി കൃഷി സിൻചായ് യോജന 50% CSS-ൽ ഉൾപ്പെടുത്തി 95,66,73,000 (തൊണ്ണൂറ്റിയഞ്ച് കോടി അറുപത്തിയാറ് ലക്ഷത്തി എഴുപത്തിമൂവായിരം) രൂപ അനുവദിക്കുകയും 2018 നവംബർ 26 വരെ പ്രസ്തുത തുകയിൽ 34,69,74,473 (മുപ്പത്തിനാല് കോടി അറുപത്തൊമ്പത് ലക്ഷത്തി എഴുപത്തിനാലായിരത്തി നാനൂറ്റി എഴുപത്തിമൂന്ന്) രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## പ്രളയസമയത്ത് പാലിക്കേണ്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസിജർ

165 (2861) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയസമയത്തു സംസ്ഥാനങ്ങൾ പാലിക്കേണ്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസിജർ (എസ്.ഒ.പി.) കേന്ദ്ര ജല കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) 2018 വർഷത്തിൽ കേരള സംസ്ഥാനത്തിനായി എസ്.ഒ.പി. തയ്യാറാക്കാൻ കേന്ദ്ര ജല കമ്മീഷന് അപേക്ഷ സമർപ്പിച്ചിരുന്നോ;

(സി) രാജ്യത്തെ എല്ലാ പ്രമുഖ സംസ്ഥാനങ്ങളും എസ്.ഒ.പി. തയ്യാറാക്കാൻ കേന്ദ്ര ജല കമ്മീഷന് അപേക്ഷ നൽകിയപ്പോൾ കേരളം മാത്രം നൽകാത്തത് എന്തുകൊണ്ടായിരുന്നു;

(ഡി) എസ്. ഒ. പി. തയ്യാറാക്കാൻ അപേക്ഷ സമർപ്പിക്കാതിരുന്നത് സർക്കാരിന്റെ വീഴ്ചയാണോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി & ഡി) കേരളത്തിലെ നദികളുടെ വൃഷ്ടി പ്രദേശം വളരെ ചെറുതായതിനാലും ഭൂമിയുടെ പശ്ചിമഘട്ടത്തിൽനിന്നും കുത്തനെയുള്ള ചരിവും കാരണം മഴവെള്ളം ധ്രുതഗതിയിൽ നദികളിലെത്തുന്നു. തന്മൂലം നദികളിലെ ജലനിരപ്പിന്റെ അടിസ്ഥാനത്തിലുള്ള വെള്ളപ്പൊക്ക പ്രവചനം പ്രാവർത്തികമല്ല. കേന്ദ്ര ജലകമ്മീഷൻ സജ്ജീകരിച്ചിട്ടുള്ള വെള്ളപ്പൊക്ക പ്രവചന സമ്പ്രദായങ്ങൾ നദിയിലെ ജലനിരപ്പിന്റെ അടിസ്ഥാനത്തിലുള്ളവയാണ്. കേരളത്തിലെ സാഹചര്യങ്ങൾക്കനുസരിച്ചുള്ള വെള്ളപ്പൊക്ക പ്രവചന സമ്പ്രദായങ്ങൾ സജ്ജീകരിക്കുന്നതിനായി നിരവധി തവണ കേന്ദ്രജല കമ്മീഷനുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് വീഴ്ചയില്ല.

**ജലനിധി പദ്ധതി**

166 (2862) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ പദ്ധതിയുടെ പ്രയാജനം സാധാരണക്കാർക്ക് എത്രത്തോളം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2012 ജനുവരിയിൽ ആരംഭിച്ച് 2019 ജൂൺ 28-ന് അവസാനിക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതി 115 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളായി ചേരുന്ന എല്ലാ കുടുംബങ്ങൾക്കും ആവശ്യമായ കുടിവെള്ളം ആളോഹരി 70 ലിറ്റർ എന്ന് കണക്കാക്കി ഒരു വീടിന് 350 ലിറ്റർ എന്ന തോതിൽ അവരുടെ വീടിന്റെ പരിസരത്തിൽത്തന്നെ പൈപ്പുവഴി കുടിവെള്ളമെത്തിക്കുന്നു. സ്രോതസ്സ്

സ്ഥായിയായി നിലനിർത്തുന്നതിനാവശ്യമായ ഭൂഗർഭജല പരിപോഷണം, സ്രോതസ്സ് മലിനീകരണം തടയുന്നതിനാവശ്യമായ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കിവരുന്നു.

(ബി) ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ 2176 കുടിവെള്ള പദ്ധതികൾ 115 പഞ്ചായത്തുകളിലായി നടപ്പാക്കാനായി ഉദ്ദേശിക്കുന്നതിൽ 30-11-2018 വരെ 2011 പദ്ധതികൾ പൂർത്തിയാക്കി ഗ്രാമീണജനങ്ങൾക്ക് കുടിവെള്ളം നൽകുന്നു. ഈ പദ്ധതികൾവഴി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട 2,55,961 ഗുണഭോക്തൃ കുടുംബങ്ങളിൽ 1,97,987 ഗുണഭോക്തൃ കുടുംബങ്ങൾക്ക് ശുദ്ധജലം നൽകുന്നു. ഇതുകൂടാതെ ശുചിത്വ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച 9,735 ശുചിത്വ പദ്ധതികളിൽ 9,580 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ ODF പദ്ധതിയിലുൾപ്പെടുത്തി 36,376 ഗാർഹിക കക്കൂസുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ജലനിധി ശുചിത്വ പദ്ധതിയുടെ ഫലമായി 3,84,916 ഗുണഭോക്താക്കൾക്ക് ഗുണം ലഭിച്ചിട്ടുണ്ട്. ജലനിധി പദ്ധതിയുടെ ഭാഗമായിതന്നെ വരുന്ന ഭൂജല പരിപോഷണ പദ്ധതികളിൽ അംഗീകാരം ലഭിച്ച 2024 പരിപോഷണ പ്രവൃത്തികളിൽ 1832 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

167 (2863) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയതിൽ 245 കുളങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. നാല് പ്രവൃത്തികൾ പുരോഗതിയിലാണ്. പന്ത്രണ്ട് പ്രവൃത്തികളുടെ പുനർദർഘാസ് നടപടികൾ നടന്നുവരുന്നു. 93 പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടിവന്നു. പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലില്ല. ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി 104 കുളങ്ങൾ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

## അടൂർ മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പദ്ധതികൾ

168 (2864) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അടൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വിഭാഗം വിവിധ പദ്ധതികളിലൂടെ ഭരണാനുമതി ലഭ്യമാക്കിയതും നടപ്പിലാക്കിവരുന്നതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ പേരുവിവരം, അടങ്കൽ തുക എന്നിവ വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) അടൂർ മണ്ഡലത്തിനായി പ്രാധാന്യമേറിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം നല്കുമോ?

ഉത്തരം

(എ)

| പ്രവൃത്തിയുടെ പേര് | വർഷം | അടങ്കൽ തുക |
|---|---|---|
| അച്ചൻ കോവിലാറിന്റെ വിവിധ കടവുകളിൽ അപകട സൂചന ബോർഡുകളും താൽക്കാലിക വേലികളും സ്ഥാപിക്കുന്ന പ്രവൃത്തികളും കടവിന്റെ അറ്റകുറ്റപ്പണികളും | 2016-17 | 6,58,814 രൂപ |
| | 2017-18 | 14,39,647 രൂപ |
| | 2018-19 | 12,01,777 രൂപ |

(ബി) ഉണ്ട്. പദ്ധതിയിനത്തിൽ റീ അപ്രോപ്രിയേഷൻ മുഖാന്തരം ഫ്ലഡ് കൺട്രോൾ ഹെഡിൽ അനുവദിച്ച തുകയിൽ ഉൾപ്പെടുത്തി അടൂർ മണ്ഡലത്തിലെ അച്ചൻകോവിലാറിന്റെ തീരസംരക്ഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## അടൂർ മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

169 (2865) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ മൈനർ ഇറിഗേഷൻ വിഭാഗം ഭരണാനുമതി നൽകിയതും വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്നതുമായ പ്രാധാന്യമേറിയ പ്രവൃത്തികളുടെ പേരുവിവരം, അടങ്കൽതുക എന്നിവ വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) അടൂർ മണ്ഡലത്തിനായി പ്രാധാന്യമേറിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നിതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) കൊടുമൺ പഞ്ചായത്തിലെ മുല്ലോട്ട് ഡാം നവീകരിക്കുന്ന പ്രവൃത്തിക്കായി പര്യവേഷണ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നു. പര്യവേഷണ പ്രവർത്തി പൂർത്തിയായി പരിശോധനാഫലം ലഭിച്ചാലുടൻ വിശദമായ പദ്ധതി (DPR) തയ്യാറാക്കുന്നതാണ്.

**തൃത്താല മണ്ഡലത്തിലെ തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

170 (2866) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല മണ്ഡലത്തിലെ തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക മതിയാകുമോ; ഇല്ലെങ്കിൽ കൂടുതൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ പദ്ധതിയിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി സമയബന്ധിതമായി ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഇലക്ട്രിക്കൽ പ്രവർത്തികൾക്കായി 2012 പി.ഡബ്ല്യൂ.ഡി. നിരക്ക് പ്രകാരം 7.5 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഡി.എസ്.ആർ. നിരക്കിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വരുന്ന സാഹചര്യത്തിൽ പ്രസ്തുത തുക മതിയാകുകയില്ലായെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2012 പി.ഡബ്ല്യൂ.ഡി. നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ടെണ്ടർ ക്ഷണിച്ചതിനാൽ കരാറുകാർ ഉയർന്ന നിരക്കാണ് രേഖപ്പെടുത്തുന്നത്. ആയതിനാൽ കരാർ ഉറപ്പിക്കാൻ സാധിക്കുന്നില്ല. പ്രസ്തുത കാരണത്താൽ ഇലക്ട്രിക്കൽ പ്രവർത്തികൾ നടപ്പിലാക്കാൻ കാലതാമസം നേരിടുന്നു.

(സി) നിരക്കുകൾ പുതുക്കി ടെണ്ടർ ക്ഷണിക്കുന്ന കാര്യം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) പരിശോധിച്ചുവരുന്നു.

**പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ ഉന്നതതല ജല സംഭരണികൾ**

171 (2867) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതികൾക്കായി പാവറട്ടി പഞ്ചായത്തിലും മുല്ലശ്ശേരി പഞ്ചായത്തിലും ഉന്നതതല ജല സംഭരണികൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതികൾക്കായി പാവറട്ടി പഞ്ചായത്തിൽ 6.7 ലക്ഷം ലിറ്റർ ശേഷിയുള്ളതും മുല്ലശ്ശേരി പഞ്ചായത്തിൽ 5.5 ലക്ഷം ലിറ്റർ ശേഷിയുള്ളതുമായ 2 ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിന് 350 ലക്ഷം രൂപയുടെ പ്രവൃത്തിക്കും പ്രസ്തുത ടാങ്കുകളിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

**പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

172 (2868) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ജലസേചന വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ, അവയുടെ നിലവിലെ അവസ്ഥ എന്നിവ വ്യക്തമാക്കാമോ;

(ബി) നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾ ഏകദേശം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

1. പട്ടാമ്പി മണ്ഡലത്തിൽ മിർപ്പ 2018-19 കുലുക്കല്ലൂർ പഞ്ചായത്തിലെ തത്തനംപുള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ സക്ഷൻ ലൈൻ, ഡെലിവറി ലൈൻ, കനാലിന്റെ അറ്റകുറ്റപ്പണികൾ എന്നിവ പൂർത്തീകരിച്ചു.

2. മിർപ്പ പദ്ധതിയിലുൾപ്പെടുത്തി മുതുതല പഞ്ചായത്തിലെ പെരുമുടിയൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

3. പി.എം. - 2017-18-ൽ തിരുവേഗപ്പുറ പഞ്ചായത്തിലെ കാലടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പ്രധാന കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

4. 2017-18 റീഹാബിലിറ്റേഷൻ ഓഫ് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ കുലുക്കല്ലൂർ പഞ്ചായത്തിലെ ആനക്കൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും മറ്റൊരു പ്രവൃത്തിയായ പെരുമുടിയൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലുമാണ്.

5. നബാർഡ് ആർ.ഐ.ഡി.എഫ്. 14 പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ പഞ്ചായത്തിലെ ചെങ്ങണാംകുന്നിൽ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള റെഗുലേറ്ററിന്റെ നിർമ്മാണ പ്രവൃത്തികൾ 84 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി) 2018 ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കത്തിൽ ചെങ്ങണാംകുന്ന് റെഗുലേറ്റർ നിർമ്മാണ പ്രദേശത്ത് മണൽ അടിഞ്ഞുകൂടിയിട്ടുള്ളതിനാൽ പദ്ധതിയുടെ നിർമ്മാണം താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി മണൽ നീക്കം ചെയ്യുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി 2019 മാർച്ച് 31-നകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഹരിത കേരളം പദ്ധതി

173 (2869) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹരിത കേരളം മിഷന്റെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിലെ എത്ര കുളങ്ങളാണ് ശുചീകരിച്ചത്; കുളത്തിന്റെ പേര്, അനുവദിച്ച തുക എന്നിവ സഹിതം വിശദമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങൾക്കാണ് സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുവാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അതിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം തോടുകൾക്കാണ് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുവാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; അതിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പിൽ പ്ലാൻ സ്കീമിലെ റെനവേഷൻ ഓഫ് ടാങ്ക്സ് ആന്റ് പോണ്ട്സ് അണ്ടർ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിലെ ചുവടെ ചേർക്കുന്ന അഞ്ച് കുളങ്ങൾ ശുചീകരിച്ചു:

1. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ നമ്പിവീട്ടിൽ കുളത്തിന്റെ പുനരുദ്ധാരണം - തുക Rs.1,43,173

2. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ തേവർനിലം കുളത്തിന്റെ പുനരുദ്ധാരണം - തുക Rs. 2,32,817

3. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ കൊരയങ്ങാട് തെരുകുളത്തിന്റെ പുനരുദ്ധാരണം - തുക Rs. 98,691

4. കോഴിക്കോട് ജില്ലയിലെ പയ്യോളി മുനിസിപ്പാലിറ്റിയിലെ കാപ്പിൻകര കുളത്തിന്റെ പുനരുദ്ധാരണം - തുക Rs. 72,869

5. കോഴിക്കോട് ജില്ലയിലെ പയ്യോളി മുനിസിപ്പാലിറ്റിയിലെ ചൊവ്വവയൽ കുളത്തിന്റെ പുനരുദ്ധാരണം - തുക Rs. 1,59,009

കൂടാതെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ നാനാംചിറയുടെ ശുചീകരണത്തിനായി നാലുലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) മൈനർ ഇറിഗേഷൻ ഡിവിഷൻ മുഖാന്തരം പി.എം.-കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ വാർഡ് 13 & 16-ലെ പുതുകൈതോട് വി.സി.ബി.യുടെയും ഫീൽഡ് ചാനലിന്റെയും അഭിവൃദ്ധിപ്പെടുത്തൽ, കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ തേവർനിലം തോടിന്റെ പാർശ്വസംരക്ഷണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ട്

174 (2870) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങളാണ് കുട്ടനാട്ടിൽ ഇതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളത്;

(ബി) ഇനി ഏതെല്ലാം നിർദ്ദേശങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കുട്ടനാടിന്റെ പരിസ്ഥിതിക്ക് ഹാനികരമാകാതെ കാർഷിക മേഖലയെ ശക്തിപ്പെടുത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുവാൻ ഡോ. എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ 2007-ൽ കേന്ദ്ര സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കുട്ടനാട് പാക്കേജ് ആരംഭിച്ചത്. 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 39.08 കോടി രൂപയും ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 137.954 കോടി രൂപയും ഉൾപ്പെടെ ആകെ 177.034 കോടി രൂപ മാത്രമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും നാളിതുവരെ ഈ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതിക്ക് ലഭിച്ചിട്ടുള്ളത്. കുട്ടനാട് പാക്കേജിൽ 7 സ്കീമുകളാണ് നടപ്പിലാക്കുന്നത്. ഇതിൽ നാല് സ്കീമുകൾക്ക് (കെ.ഇ.എൽ.-1, കെ.ഇ.എൽ.-2, കെ.ഇ.എൽ.-3, കെ.ഇ.എൽ.-4) കേന്ദ്രാനുമതി ലഭിച്ചു. 3 സ്കീമുകൾക്ക് അനുമതി ലഭിച്ചിട്ടില്ല. ഇവ തണ്ണീർമുക്കം ബാരേജിന്റെ നവീകരണം, തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം, കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം എന്നിവയാണ്.

എം.എസ്. സ്വാമിനാഥൻ കമ്മീഷൻ ശിപാർശ പ്രകാരം ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**നദീ സംരക്ഷണ പദ്ധതികൾ**

175 (2871) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീ സംരക്ഷണത്തിനായി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതികൾക്കുംവേണ്ടി ഏതൊക്കെ നദികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(സി) ഇതിൽ കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാകുന്ന എത്ര പദ്ധതികളുണ്ട്; ഓരോ പദ്ധതിയുടെയും കേന്ദ്ര വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കേരളത്തിലെ നദികളുടെ സംരക്ഷണത്തിനായി പ്രധാനമായും വെള്ളപ്പൊക്കക്കെട്ടുതി, വെള്ളപ്പൊക്ക നിയന്ത്രണം, റിവർ മാനേജ്മെന്റ് ഫണ്ട് എന്നീ പദ്ധതികളാണ് നിലവിലുള്ളത്. വെള്ളപ്പൊക്കക്കെട്ടുതിക്ക് 11 കോടി രൂപയും വെള്ളപ്പൊക്ക നിയന്ത്രണത്തിന് 11 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വരട്ടാർ നദി വീണ്ടും ഒഴുകുന്നതിനുള്ള സാഹചര്യമൊരുക്കുന്നതിനായി ചപ്പാത്തുകൾ പൊളിച്ച് പാലങ്ങൾക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ടി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി രൂപരേഖയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പള്ളിക്കലാർ, കോലറയാർ, മീനച്ചിലാർ-മീന്തറയാർ-കോട്ടൂരാർ, കാനാമ്പുഴയാർ, മതിലകം,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വലിയതോട്, കുട്ടംപേരൂരാർ തുടങ്ങിയ ആറുകളുടെ പുനരുദ്ധാരണത്തിനായി 20 കോടി രൂപയും നിള പുനരുജ്ജീവന പ്രവർത്തന പദ്ധതി പരിശോധിച്ച് അനുമതി നൽകുന്നതിലേയ്ക്കായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

കാനാമ്പുഴയുടെ പുനരുദ്ധാരണത്തിനായി 440 ലക്ഷം രൂപയുടെയും മീനച്ചിൽ-മീനന്തറ-കോട്ടൂർ നദികൾ ബന്ധിപ്പിക്കുന്ന പദ്ധതിക്കായി 500 ലക്ഷം രൂപയുടെയും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

ഐക്യരാഷ്ട്ര സംഘടനയുടെ കൂടി നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഗ്രീൻ ക്ലൈമറ്റ് ഫണ്ടിൽപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനായി ഭാരതപ്പുഴയുടെ പാരിസ്ഥിതിക പുനസ്ഥാപനത്തിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കുകയും (24-10-2018) ചെയ്തു. വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമുള്ള പദ്ധതിയാകയാൽ കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പമ്പ ആക്ഷൻ പ്ലാൻ കേന്ദ്ര സഹായത്തോടെയാണ് നടപ്പാക്കുന്നത്. ഇതിനായി 7.75 കോടി രൂപ കേന്ദ്ര സഹായം ഇതുവരെ ലഭിച്ചിട്ടുണ്ട്.

**റിവർ ബേസിൻ കൗൺസിൽ**

176 (2872) <u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. വി. പി. സജീന്ദ്രൻ</u>:
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ റിവർ ബേസിൻ കൗൺസിൽ രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പുഴകൾക്ക് സംഭവിച്ച മാറ്റങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) പുഴകൾക്ക് ദോഷകരമായ അനധികൃതമായ നിർമ്മാണം, മണൽവാരൽ മുതലായ പ്രവൃത്തികൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് ജലവിഭവ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന നദീതട അതോറിറ്റി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയം കേരളത്തിലെ നദികളുടെ ഘടനയെ വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. നദികൾക്കുണ്ടായ മാറ്റങ്ങൾ നദിയുടെ ഗതി മാറൽ, നദിയുടെ അടിത്തട്ടിന്റെ ഘടന മാറിയത്, മണൽ വലിയ തോതിൽ ഒഴുകിപ്പോയത്, തീരം ഇടിയൽ, നദികൾക്കകത്ത് മണൽക്കൂനകൾ രൂപപ്പെട്ടത്, നദികളുടെ ആവാസ വ്യവസ്ഥയിലെ മാറ്റം തുടങ്ങിയവയാണ്. ഇക്കാര്യങ്ങൾ സംബന്ധിച്ച് പമ്പാ നദി കേന്ദ്രീകരിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പ്രാഥമിക പഠനം ആരംഭിച്ചിട്ടുണ്ട്.

(സി) പുഴകളിലെ മണൽവാരൽ നിയന്ത്രിക്കുന്നത് റവന്യൂ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയാണ്. നദീതീരം ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾക്ക് സമീപം നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമത്തിന്റെ അടിസ്ഥാനത്തിൽ ജലസ്രോതസ്സുകൾക്ക് സംരക്ഷണം നൽകുന്നതിനായി നടപടികൾ നിഷ്കർഷിച്ചിട്ടുണ്ട്. ആയവ കൂടുതൽ ഫലവത്താക്കുന്നതിനായി സംസ്ഥാന നദീതട അതോറിറ്റി രൂപീകരിക്കുന്നതിന് നടപടികളെടുത്തുവരുന്നു.

## മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർ നിർമ്മിക്കുന്നതിന് നടപടി

177 (2873) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ തകർന്ന കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിനും പുതുതായി കടൽഭിത്തികൾ നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിൽ സുരക്ഷ ഭിത്തികൾ**

178 (2874) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ തീരപ്രദേശങ്ങളിൽ കടൽ ക്ഷോഭം അനുഭവപ്പെടുന്ന തീരപ്രദേശങ്ങളിൽ സുരക്ഷ ഭിത്തികൾ നിർമ്മിക്കുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിൽ നടന്നുവരുന്ന കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും ഭരണാനുമതി തുക എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വൈപ്പിൻ തീരപ്രദേശത്ത് 3.77 കോടി രൂപ അടങ്കൽ തുക വരുന്ന നാല് പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ജലസേചന വകുപ്പ് തുടർനടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വൈപ്പിൻ ദ്വീപിലെ വിവിധ പ്രദേശങ്ങളിൽ കടൽഭിത്തി പുനരുദ്ധരിക്കുന്നതിന് ലഭിച്ച 9.26 കോടി രൂപയുടെ 10 പ്രവൃത്തികളുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**കേരളത്തിലെ നദികൾക്ക് സംഭവിച്ച ദിശ മാറ്റം**

179 (2875) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സമയത്ത് സംസ്ഥാനത്തെ നദികൾക്ക് ദിശ മാറ്റം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നദീതീരങ്ങളെ സംരക്ഷിക്കാൻ നിലവിലെ രീതികൾ പര്യാപ്തമാണ് എന്ന് അഭിപ്രായമുണ്ടോ;

(സി) നിലവിലുള്ള നദീതീര സംരക്ഷണ ഭിത്തികൾ കാര്യക്ഷമമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നദീതീരങ്ങൾക്ക് ബയോഫെൻസിങ് ഉപയോഗിച്ച് സംരക്ഷണം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നദികളുടെ ദിശ മാറ്റം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് നിലവിൽ അനുവർത്തിച്ചു വരുന്ന മാർഗ്ഗങ്ങൾ സാധാരണ നിലയിൽ നീരൊഴുക്കുള്ള അവസരങ്ങളിൽ പര്യാപ്തമാണ്. എന്നാൽ, 2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ പ്രളയത്തിന് സമാനമായ അവസ്ഥ സംജാതമാവുകയാണെങ്കിൽ നദീതീര സംരക്ഷണത്തിന് നിലവിൽ സ്വീകരിച്ചുവരുന്ന സംരക്ഷണഭിത്തി പോലുള്ളവ ചിലപ്പോൾ മതിയാകാത്ത അവസ്ഥയുണ്ടാകാം. ബയോഫെൻസിങ്ങ് (മുള, ഈറ) പുൽവർഗ്ഗങ്ങൾ വച്ച് സംരക്ഷണം നടത്തുന്നത് ചെറു നദികൾക്ക് അനുയോജ്യമാണ്. എന്നാൽ നദിയുടെ വീതി കൂടുകയും നീരൊഴുക്ക് വലിയ തോതിൽ ഉണ്ടാവുകയും ചെയ്താൽ ബയോഫെൻസിങ്ങ് കൊണ്ട് പൊതുവെ ചെറുക്കാൻ കഴിയില്ല. ഇത്തരം അവസ്ഥയിൽ കോമ്പസിറ്റ് സംരക്ഷണ (കരിങ്കൽഭിത്തിയും ബയോഫെൻസിങ്ങും ചേർന്ന്) രീതി അനുയോജ്യമാണെന്ന് വിലയിരുത്തുന്നു. എന്നാൽ ഇത് പരീക്ഷിച്ചു നോക്കേണ്ട ഒന്നാണ്.

(ഡി) നദികളുടെ ദിശമാറ്റം തടയാൻ പ്രധാനമായും വേണ്ടത് നീരൊഴുക്ക് സുഗമമാക്കുക എന്നതാണ്. ഇതോടൊപ്പം തീരങ്ങൾ സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. ബഡ്ജറ്റ് വിഹിതം പ്രയോജനപ്പെടുത്തി ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**മഹാപ്രളയത്തിൽ തീരങ്ങൾ ഇടിഞ്ഞ് ഉണ്ടായ നഷ്ടം**

180 (2876) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വിവിധ നദികളുടെയും തോടുകളുടെയും തീരങ്ങൾ ഇടിഞ്ഞ് ഉണ്ടായ നഷ്ടത്തിന്റെ കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) വൻതോതിൽ തീരം ഇടിഞ്ഞ ഭാഗങ്ങൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും ഇതിനായി വകയിരുത്തിയിരിക്കുന്ന തുകയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ കേരളത്തിലെ വിവിധ നദികളുടെയും തോടുകളുടെയും ബണ്ടുകൾ തകർന്നുണ്ടായ നഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള ഏകദേശ കണക്കുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. തിരുവനന്തപുരം | - | 805.00 |
| 2. കൊല്ലം | - | 382.50 |
| 3. പത്തനംതിട്ട | - | 5936.00 |
| 4. ആലപ്പുഴ | - | 1154.20 |
| 5. കോട്ടയം | - | 581.50 |
| 6. ഇടുക്കി | - | 3898.00 |
| 7. എറണാകുളം | - | 1732.00 |
| 8. തൃശ്ശൂർ | - | 1548.35 |
| 9. പാലക്കാട് | - | 508.00 |
| 10. മലപ്പുറം | - | 2138.00 |
| 11. കോഴിക്കോട് | - | 2261.00 |
| 12. വയനാട് | - | 1853.65 |
| 13. കണ്ണൂർ | - | 651.00 |
| 14. കാസർഗോഡ് | - | 223.00 |

ഇവ ഉൾപ്പെടെ ജലസേചന വകുപ്പിന് ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് 1068 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) വൻതോതിൽ തീരം ഇടിഞ്ഞ ഭാഗങ്ങൾ സംരക്ഷിക്കുന്നതിനായി ജില്ല തിരിച്ചുള്ള നാശനഷ്ടങ്ങൾ Field Officer വിലയിരുത്തുകയും വളരെ അടിയന്തരമായി ചെയ്തുതീർക്കേണ്ട തീരസംരക്ഷണ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി വെള്ളപ്പൊക്ക നിയന്ത്രണം ശീർഷകത്തിൽ ധനപുനർവിനിയോഗംവഴി ലഭ്യമായ തുക അനുസരിച്ചുള്ള DPR തയ്യാറാക്കിവരുന്നു.

**ജലാശയ സംരക്ഷണം**

181 (T* 2877) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടപ്പള്ളി തോട്, പേരണ്ടൂർ കനാൽ, ചിലവന്നൂർ കായൽ എന്നിവ സംരക്ഷിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇവ സംരക്ഷിക്കുന്നതിനും ഇവിടെ മാലിന്യങ്ങൾ തള്ളുന്നത് തടയുന്നതിനും അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) എറണാകുളം ജില്ലയിലെ ഇടപ്പള്ളി തോട്, പേരണ്ടൂർ കനാൽ, ചിലവന്നൂർ കായലിന്റെ കൈവഴിയായ ചിലവന്നൂർ തോട് മുതലായ ജലാശയങ്ങളുടെ സംരക്ഷണത്തെ മുൻനിർത്തി ജില്ലയിലെ ജല സ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കുന്നതിനും ജലഗതാഗതത്തിന് യോഗ്യമാക്കുന്നതിനുമായി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിക്കൊണ്ടും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കിഫ്ബി വഴി ഫണ്ടിംഗ് നടത്തുവാനും സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ജനറൽ കൺസൾട്ടന്റിനെ നിയമിക്കുന്നതിനും, പ്രാഥമിക സർവ്വെയുമായുള്ള ടെണ്ടർ നടപടികൾ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മുഖേന തയ്യാറാക്കിവരുന്നു.

**ആമച്ചൽ വൈത്തലക്കുളം റീചാർജ്ജ് ചെയ്യുന്ന പദ്ധതി**

182 (2878) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ കാട്ടാക്കട പഞ്ചായത്തിൽ ആമച്ചൽ വയ്ത്തലകുളം റീചാർജ്ജ് ചെയ്യുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ടെണ്ടർ നടപടികൾ വേഗത്തിലാക്കി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ & ബി) കാട്ടാക്കട മണ്ഡലത്തിൽ കാട്ടാക്കട പഞ്ചായത്തിലെ ആമച്ചൽ വൈത്തലക്കുളം റീചാർജ്ജ് ചെയ്യുന്ന പദ്ധതിക്കായി 94.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിക്കുള്ള നടപടി ചീഫ് എഞ്ചിനീയർ (ഐ & എ) സ്വീകരിച്ച് വരുന്നു.

**കൊച്ചിൻ ഫ്രോണ്ടിയർ തോട് ആഴം കൂട്ടി പാർശ്വഭിത്തി കെട്ടിയുള്ള ജലസേചന പദ്ധതി**

183 (2879) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരക്കുളം മുതൽ കണ്ടാണശ്ശേരി , ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ കടന്ന് പെരുവല്ലൂർ പരപ്പുഴ വഴി മുല്ലശ്ശേരി കനാലിലെത്തുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോട് ആഴം കൂട്ടി പാർശ്വഭിത്തി കെട്ടിയുള്ള ജലസേചന പദ്ധതിയ്ക്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

കൊച്ചിൻ ഫ്രോണ്ടിയർതോടിന്റെ പാർശ്വഭിത്തികളുടെ നവീകരണത്തിനും വെള്ളപ്പൊക്കം തടയുന്നതിനും ആവശ്യമായ രണ്ട് സ്ലൂയിസുകൾ നിർമ്മിക്കുന്നതിനും തടസ്സങ്ങൾ നീക്കി തോട്ടിലൂടെയുള്ള ജലനിർഗ്ഗമനം സുഗമമാക്കുന്നതിനുമായുള്ള പ്രവൃത്തി നടപ്പിലാക്കുന്നത് പരിശോധിക്കുന്നതിന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്. കൂടാതെ ഏകദേശം 10 കിലോമീറ്റർ നീളമുള്ള കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ കൂടുതൽ പ്രവൃത്തികൾ അതാത് പഞ്ചായത്തുകളുടെ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി എടുത്തുവരുന്നു.

**കുളങ്ങൾ പുനരുദ്ധീകരിക്കാൻ നടപടി**

184 (T* 2880) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ കുളങ്ങൾ പുനരുദ്ധീകരിച്ച് കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനും കുളങ്ങളിലെ ജലവിതാനം ഉയർത്തുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ കുളങ്ങൾ വൃത്തിയാക്കുന്നതിനുള്ള പ്രവർത്തികൾക്കായി പാലക്കാട് ജില്ലയിൽ 79 കുളങ്ങൾക്കായി 79.87 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയിൽ 54 എണ്ണം പൂർത്തീകരിച്ചു. 18 കുളങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ (എം.ജി.എൻ.ആർ.ഇ.ജി.എസ്.) വിവിധ പഞ്ചായത്തുകൾ ചെയ്തു. 2 പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടും ആരും ഏറ്റെടുത്തില്ല. 3 പ്രവൃത്തികൾ പ്രായോഗികമല്ലാത്തതിനാൽ ചെയ്തില്ല. 2 പ്രവൃത്തികൾ സ്വകാര്യ വ്യക്തികളുമായി തർക്കം നിലനിൽക്കുന്നതിനാൽ പണി പൂർത്തിയാക്കുവാൻ സാധിച്ചില്ല. ചിറ്റൂർ മേഖലയിലെ കൊല്ലങ്കോട് ചിറ്റൂർ ബ്ലോക്കുകളിലെ മഴ നിഴൽ മേഖലയിലുള്ള കുളങ്ങൾ നവീകരിച്ച് ജലവിതാനം ഉയർത്തുന്നതിനും കാർഷികാഭിവൃദ്ധിക്കുമായി മൈനർ ഇറിഗേഷൻ ക്ലാസ് 2 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 19 കുളങ്ങളുടെ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2 പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്നവ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

**കുളത്തൂർ പഞ്ചായത്തിലെ വലിയതോടിന്റെ സംരക്ഷണ ഭിത്തി**

185 (2881) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ വലിയതോടിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എം.ഐ 3/165/2018/ജല.വി.വ. അനുസരിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) വലിയതോടിന്റെ സംരക്ഷണ ഭിത്തി തകർന്നതുകാരണം കർഷകർക്കും, പ്രദേശത്തെ താമസക്കാർക്കും കൃഷിയ്ക്കും പലതരത്തിലുള്ള നാശനഷ്ടം ഉണ്ടാകാൻ ഇടയുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപകട ഭീഷണി ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംരക്ഷണ ഭിത്തി പുനർനിർമ്മിക്കാൻ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ നിർമ്മാണ പ്രവൃത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കുളത്തുർ പഞ്ചായത്തിലെ അരുവല്ലൂർ വാർഡിൽ വലിയ തോടിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള അടങ്കൽ ചീഫ് എഞ്ചിനീയർ (ഐ & എ) തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു.

**തിരുവമ്പാടി മണ്ഡലത്തിലെ പുഴകളുടേയും തോടുകളുടേയും തീരസംരക്ഷണം**

186 (2882) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ വൻതോതിൽ നാശം സംഭവിച്ച തിരുവമ്പാടി മണ്ഡലത്തിലെ പുഴകളുടേയും തോടുകളുടേയും തീരം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) മണ്ഡലത്തിൽനിന്നും ഭരണാനുമതിക്കായി സമർപ്പിച്ച ജലസേചന-ചെറുകിട ജലസേചന പ്രവൃത്തികളുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-ലെ പ്രളയത്തിൽ ജലസേചന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെയുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 1068 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി & സി) മഹാപ്രളയത്തിൽ തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ കണ്ണപ്പൻകുണ്ട്, മണൽവയൽ, കാക്കവയൽ, പനച്ചിക്കൽ എന്നീ സ്ഥലങ്ങളിലെയും കൂടരഞ്ഞി പഞ്ചായത്തിലെ കുമ്പാറ, പുഷ്പഗിരി, മുരുക്കുംതോട് എന്നിവിടങ്ങളിലെയും നാശനഷ്ടം സംഭവിച്ച തോടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പുഴ സംരക്ഷണത്തിനായി താഴെപ്പറയുന്ന എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

1. കാരശ്ശേരി പഞ്ചായത്തിലെ മുക്കം, ചോനാട് റോഡിൽ ഇരുവഞ്ഞിപ്പുഴയുടെ കരസംരക്ഷണം.

2. കാരശ്ശേരി പഞ്ചായത്തിലെ പാലാക്കത്തോട്ടിൽ ചെറുപുഴയുടെ കരസംരക്ഷണം.

3. കാരശ്ശേരി പഞ്ചായത്തിലെ മുക്കംകടവ് പാലത്തിന് മുകൾ ഭാഗത്ത് ഇരുവഞ്ഞിപ്പുഴയുടെ കരസംരക്ഷണം.

4. കൊടിയത്തൂർ പഞ്ചായത്തിലെ ചാലിയാർ പുഴയുടെ കരസംരക്ഷണം.

5. തിരുവമ്പാടി പഞ്ചായത്തിലെ പുല്ലൂരാമ്പാറ തുരുത്ത് ഇരുവഞ്ഞിപ്പുഴയുടെ കരസംരക്ഷണം.

6. തിരുവമ്പാടി പഞ്ചായത്തിലെ അനക്കാംപ്പൊയിൽ ടൗണിന് സമീപം മുത്തപ്പൻ പുഴയുടെ സംരക്ഷണം.

7. കൊടിയത്തൂർ പഞ്ചായത്തിൽ കുയിൽപ്പറമ്പിൽ ഇരുവഞ്ഞിപ്പുഴയുടെ സംരക്ഷണം.

## ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും ശുചീകരിക്കുന്നതിനും നടപടികൾ

187 (2883) ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളും തോടുകളും നീരുറവകളും ജലാശയങ്ങളും സംരക്ഷിക്കുന്നതിനും ശുചീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വിശദമാക്കാമോ; ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ ഭൂഗർഭജല അളവ് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ നല്കാമോ;

(സി) ഈ സർക്കാർ കാലയളവിൽ സ്വകാര്യ/പൊതു കിണറുകൾ, കുളങ്ങൾ, മറ്റ് ജല സ്രോതസ്സുകൾ എന്നിവ റീ-ചാർജ്ജ് ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഹരിതകേരളം മിഷന്റെ ഭാഗമായി നിരവധി പുഴകളും തോടുകളും നീരുറവകളും ജലാശയങ്ങളും സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടും പരമാവധി ജനകീയ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുമാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ജലസംരക്ഷണ ഉപമിഷൻ മാർഗ്ഗരേഖയനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെയുള്ള ഈ സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ നീർത്തട നടത്തമുൾപ്പെടെയുള്ള വിശദമായ പഠനത്തിനുശേഷം ഭൂരിപക്ഷ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറായിട്ടുണ്ട്. ഈ നീർത്തട പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് മുൻഗണന കൊടുത്തുകൊണ്ട് ബന്ധപ്പെട്ട വകുപ്പുകളുടെ ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതികൾക്കാണ് രൂപം കൊടുത്തിട്ടുള്ളത്. ഹരിത കേരളം മിഷന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ ഭൂരിപക്ഷം പഞ്ചായത്തു കളിലെ തോടുകളും ജലസ്രോതസ്സുകളും ജനകീയമായി ശുചീകരിച്ചിരുന്നു. വിവിധ വകുപ്പ് പദ്ധതികളിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുമുൾപെടുത്തി ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

| ക്രമ നം. | വിവരം | 2018 ജൂൺ വരെ |
|---|---|---|
| 1 | പുനരുജ്ജീവിപ്പിച്ച പുഴ/തോടുകൾ | 17182 കി.മീ. |
| 2 | റീചാർജ്ജ് ചെയ്ത കിണറുകൾ | 48936 |
| 3 | നവീകരിച്ച കുളങ്ങൾ | 9889 |
| 4 | നിർമ്മിച്ച കുളങ്ങൾ | 8675 |
| 5 | നവീകരിച്ച കിണറുകൾ | 4625 |
| 6 | വൃഷ്ടിപ്രദേശ പരിപാലനം | 147239 ഏക്കർ |

ഇതുകൂടാതെ ഹരിതകേരളം മിഷന്റെ ഭാഗമായി ജനകീയമായി പുഴ വീണ്ടെടുക്കലിനുള്ള നിരവധി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇത്തരത്തിൽ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലൂടെ ഒഴുകിയിരുന്നതും പതിറ്റാണ്ടുകളായി നികന്നുപോയതുമായ വരട്ടാർ 9.4 കിലോമീറ്റർ നീളത്തിൽ തടസ്സങ്ങൾ നീക്കി വീണ്ടും വെട്ടിയുണ്ടാക്കി നീരൊഴുക്ക് പുനഃസ്ഥാപിച്ചു. പുനരുജ്ജീവനം സാധ്യമാക്കിയ പുഴകളുടെ പട്ടിക താഴെകൊടുക്കുന്നു:

| ക്രമ നമ്പർ | ജില്ല | നീർച്ചാൽ/നദി | പുനരുജ്ജീവിപ്പിച്ച നീളം (കിലോ മീറ്റർ) |
|---|---|---|---|
| 1 | തിരുവനന്തപുരം | കിള്ളിയാർ | 22 |
| 2 | ആലപ്പുഴ | വരട്ടാർ | 9.4 |
| 3 | പത്തനംതിട്ട | ആദി പമ്പ | 4 |
| | | കോലറയാർ | 12 |
| 4 | കോട്ടയം | മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനർ സംയോജനവുമായി ബന്ധപ്പെട്ട് വിവിധ നീർച്ചാലുകളുടെ പുനരുജ്ജീവനം | 65 |
| 5 | ഇടുക്കി | വടക്കേപ്പുഴ | 1.5 |
| | | ചാലംകോട് തോട് | 2.3 |
| | | മുട്ടംപറപ്പാതോട് | 1 |
| 6 | എറണാകുളം | കടമ്പ്രയാർ | 16 |
| 7 | തൃശ്ശൂർ | പെരുംതോട് | 15 |
| 8 | കോഴിക്കോട് | പൂനൂർപ്പുഴ | 24 |
| 9 | കണ്ണൂർ | കാനാമ്പുഴ | 10 |

കേരള ജല അതോറിറ്റിയിൽ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് പരസ്യബോർഡുകൾ സ്ഥാപിച്ചും മാധ്യമങ്ങൾ വഴി ബോധവത്കരണം നടത്തുകയും ചെയ്യുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ ജല സ്രോതസ്സുകളിലെ ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺവെൽ, നിലവിലുള്ള സ്കീമുകളിലെ കിണർ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി

സംരക്ഷിച്ചുവരുന്നു. ജലസംരക്ഷണത്തെക്കുറിച്ച് ജനങ്ങളിൽ ബോധവത്കരണം നടത്തുകയും ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും പോസ്റ്ററുകൾ പ്രദർശിപ്പിക്കാറുണ്ട്.

തിരുവനന്തപുരം ജില്ലയിലെ വണ്ടിച്ചിറ, ആനത്താഴ്ച്ചിറ എന്നീ ജലാശയങ്ങൾ നവീകരിച്ച് ശുദ്ധജല വിതരണത്തിനായി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പുനരുജ്ജീവിപ്പിച്ച തോടുകളിൽ അനവധി താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലം ശേഖരിച്ചു നിർത്തുകവഴി ഭൂജല നിരപ്പ് ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിയ വൃഷ്ടിപ്രദേശ പരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച ജലസംരക്ഷണ നിർമ്മിതികൾ ഭൂജല പരിപോഷണത്തിന് വളരെയധികം സഹായകമായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ തയ്യാറാക്കിയിട്ടുള്ള നീർത്തട പ്ലാനുകൾ കുന്നുകളിൽ നിന്നും താഴ്വരകളിലേയ്ക്ക് ridge to valley എന്ന രീതിയിൽ മുൻഗണന നൽകിക്കൊണ്ട് നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ പ്രവർത്തനങ്ങൾ ഭൂജലപരിപോഷണം ലക്ഷ്യമിട്ടിട്ടുള്ളവയായതിനാൽ ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് കാരണമാവും. കൂടാതെ ഒന്നാം നിര മുതൽ നാലാം നിരവരെയുള്ള ചാലുകളിൽ ജല സംഭരണികൾ നിർമ്മിച്ചുകൊണ്ട് ജലം ശേഖരിച്ചു നിർത്തുക വഴി സമീപ സ്ഥലങ്ങളിലെ ഭൂജലപരിപോഷണവും ലക്ഷ്യമിടുന്നു.

ഭൂജലവകുപ്പിന്റെ "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതിയിൻകീഴിൽ തുറന്ന കിണർ, റീചാർജ്ജ് പിറ്റ്, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണ, ചെറിയ തടയണ എന്നിവയുടെ നിർമ്മാണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം ആവശ്യാനുസരണം നൽകിവരുന്നു.

(സി) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതയുപയോഗിച്ചുകൊണ്ട് 48936 കിണറുകൾ റീചാർജ്ജിംഗ് നടത്തിയിട്ടുണ്ട്. കൂടാതെ ഭൂജല വകുപ്പിന്റെ നേതൃത്വത്തിൽ പൊതുകിണറുകളിൽ റീചാർജ്ജിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

ജലഅതോറിറ്റിയുമായി ബന്ധപ്പെട്ട് 2016-17-ൽ ഹരിത കേരളം പദ്ധതിയോടനുബന്ധിച്ച് ശാസ്താംകോട്ട പ്ലാന്റിൽ മഴവെള്ളം സംഭരിക്കാനും നിലവിലുള്ള ഉപയോഗശൂന്യമായ കിണർ റീ-ചാർജ്ജ് ചെയ്ത് ഉപയോഗയോഗ്യമാക്കുകയും സ്ഥല ലഭ്യതയുള്ള സ്രോതസ്സുകൾക്ക് സമീപം ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജല

അതോറിറ്റിയുടെ ജല ശുദ്ധീകരണശാല, ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ പരമാവധി വൃക്ഷങ്ങൾ നട്ടും അവ പരിപാലിച്ചും ഭൂഗർഭജല വിതാനം ഉയർത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂജലവകുപ്പിന് 2017-18 സാമ്പത്തികവർഷം കൃത്രിമഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൽ അനുവദിച്ചിരുന്നു. ആയതിൻ പ്രകാരം ജില്ലകൾക്ക് വിവിധ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 157 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി നൽകിയിരുന്നു. തുറന്ന കിണർ/റീചാർജ്ജ് പിറ്റ് വഴിയുള്ള 83 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലും കുഴൽകിണർ വഴിയുള്ള 5 റീചാർജ്ജ് പദ്ധതികൾ, 18 പുനരുദ്ധാരണ പ്രവൃത്തികൾ തുടങ്ങിയവ ഇടുക്കി ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾക്കായി 124.32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള 108 വിവിധ കൃത്രിമ ഭൂജല സംപോഷണത്തിനായുള്ള പ്രൊപ്പോസലുകളിന്മേൽ 189 ലക്ഷം രൂപയുടെ 102 പ്രൊപ്പോസലുകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. മറ്റുള്ളവയുടെ സൂക്ഷ്മപരിശോധന നടപടികൾ പുരോഗമിച്ചുവരുന്നു. തുറന്ന കിണർ, റീചാർജ്ജ് പിറ്റ്, ബോർവെൽ റീചാർജ്ജ്, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ തടയണകളുടെ നിർമ്മാണം അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ജലസേചന കനാലുകൾക്ക് അടുത്തായി വരുന്ന കുളങ്ങൾ റീ-ചാർജ്ജ് ചെയ്യുന്നതിനുള്ള പ്രവർത്തനംകൂടി ഉൾപ്പെടുത്തിയാണ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത്. കൂടാതെ കനാലിൽ നിന്ന് കുളങ്ങളിലേയ്ക്കുള്ള കണക്ഷൻ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകാറുണ്ട്.

**റിസർവ്വോയർ മനേജ്മെന്റ്**

188 (2884) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിസർവോയർ മാനേജ്മെന്റിനായി നൂതന ശാസ്ത്ര സാങ്കേതിക മാർഗ്ഗങ്ങൾ തേടാൻ ആലോചിക്കുന്നുണ്ടോ;വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. പ്രളയ ബാധിത സാഹചര്യത്തിൽ ഫ്ലഡ് ഫോർകാസ്റ്റിംഗ്, ഇന്റഗ്രേറ്റഡ് റിസർവോയർ ഓപ്പറേഷൻ എന്നിവയ്ക്ക് ആവശ്യമായ പ്രാരംഭ നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

റിയൽ ടൈം റെയിൻ ഗേജ് സ്റ്റേഷൻ, റഡാർ വാട്ടർ ലെവൽ സെൻസർ, സ്പിൽവേ ഗേറ്റ് സെൻസർ എന്നിവ ഡാം ഇൻസ്ട്രുമെന്റേഷന്റെ കൂടെ ഉൾപ്പെടുത്തി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഫ്ലഡ് ഫോർകാസ്റ്റിംഗും അനുബന്ധ നടപടികളും നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

**ജലസ്രോതസ്സുകളുടെ നവീകരണവും പുനരുദ്ധാരണവും**

189 (2885) <u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും പുനരുദ്ധാരണവും ഉറപ്പാക്കി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ളവിതരണത്തിനും പ്രയോജനപ്രദമാകുന്ന രീതിയിൽ ഒരു പുതിയ ജല ഉപഭോഗസംസ്കാരം രൂപപ്പെടുത്തുന്നതിന് ഹരിത കേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം ജല സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കുളങ്ങൾ, നീർച്ചാലുകൾ, തോടുകൾ, അരുവികൾ, തടാകങ്ങൾ എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നദികളിലും മറ്റ് ഉപരിതല, ഭൂഗർഭ ജലസ്രോതസ്സുകളിലും ജലലഭ്യത ഉറപ്പാക്കാൻ സ്ഥിരം തടയണകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി" പദ്ധതി പ്രകാരം തദ്ദേശ നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിക്കുകയും 778 ഗ്രാമ പഞ്ചായത്തുകളിൽ നീർത്തട പ്ലാൻ പൂർത്തിയാക്കുകയും ചെയ്തു. റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി ജലസ്രോതസ്സുകൾ നവീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു. കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ, ചെറുതും വലുതുമായ പുഴകൾ തുടങ്ങിയവ വിവിധ വകുപ്പുകളുടെ സാമ്പത്തിക സാങ്കേതിക സഹായത്താൽ പുനരുദ്ധരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ജനപങ്കാളിത്തവും ജനപ്രതിനിധികളുടെ നേതൃത്വവും ഇത്തരം പ്രവർത്തനങ്ങൾക്ക് ലഭ്യമായിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ വിവിധ സർക്കാർ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഏകോപനം സാദ്ധ്യമാക്കിക്കൊണ്ട് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. തികച്ചും ജനകീയമായിട്ടാണ് ഈ പ്രവത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. ഇതിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങളിൽ ജല സംരക്ഷണത്തിന്റെ പ്രാധാന്യം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ ജലമാണ് ജീവൻ എന്ന ഒരു കൈപ്പുസ്തകം തയ്യാറാക്കി വ്യാപകമായി പ്രചരിപ്പിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉപയോഗശൂന്യമായ ഒട്ടേറെ പാറമടകൾ വലിയ ജലസംഭരണികളായി മാറിയിട്ടുണ്ട്. ഇവയിലുള്ള ജലം ഗുണനിലവാര പരിശോധനയ്ക്ക് ശേഷം കുടിവെള്ളമായോ റീചാർജ്ജിംഗ് വഴി ഭൂജല പരിപോഷണത്തിനോ ഉപയോഗിക്കാവുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ പഞ്ചായത്തിലെ ഒരു പാറമടയിലെ ജലം ഉപയോഗിച്ച് നടത്തിയ റീചാർജ്ജിംഗ് വഴി ഇരുപതോളം കിണറുകളിൽ ജലസുരക്ഷ ഉറപ്പാക്കാനായിട്ടുണ്ട്. ഇത്തരത്തിൽ പാറമടകളിലെ ജലം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായിട്ടുള്ള പ്രാരംഭ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഹരിതകേരളം മിഷൻ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

ഹരിതകേരളം മിഷന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ ഭൂരിപക്ഷം പഞ്ചായത്തുകളിലെ തോടുകളും ജലസ്രോതസ്സുകളും ജനകീയമായി ശുചീകരിച്ചിരുന്നു. വിവിധ വകുപ്പ് പദ്ധതികളിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുമുൾപ്പെടുത്തി ജല സ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വിവരം | 2018 ജൂൺ വരെ |
|---|---|---|
| 1 | പുനരുജ്ജീവിപ്പിച്ച പുഴ/തോടുകൾ | 17182 കി. മീ. |
| 2 | റീചാർജ്ജ് ചെയ്ത കിണറുകൾ | 48936 |
| 3 | നവീകരിച്ച കുളങ്ങൾ | 9889 |
| 4 | നിർമ്മിച്ച കുളങ്ങൾ | 8675 |
| 5 | നവീകരിച്ച കിണറുകൾ | 4625 |
| 6 | വൃഷ്ടിപ്രദേശ പരിപാലനം | 147239 ഏക്കർ |

ഇതുകൂടാതെ ഹരിതകേരളം മിഷന്റെ ഭാഗമായി ജനകീയമായി പുഴ വീണ്ടെടുക്കലിനുള്ള നിരവധി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇത്തരത്തിൽ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലൂടെ ഒഴുകിയിരുന്നതും പതിറ്റാണ്ടുകളായി നികന്നുപോയതുമായ വരട്ടാർ 9.4 കിലോമീറ്റർ നീളത്തിൽ തടസ്സങ്ങൾ നീക്കി വീണ്ടും വെട്ടിയുണ്ടാക്കി നീരൊഴുക്ക് പുനഃസ്ഥാപിച്ചു. പുനരുജ്ജീവനം സാധ്യമാക്കിയ പുഴകളുടെ പട്ടിക താഴെകൊടുക്കുന്നു:

| ക്രമ നം. | ജില്ല | നീർച്ചാൽ/നദി | പുനരുജ്ജീവിപ്പിച്ച നീളം (കിലോ മീറ്റർ) |
|---|---|---|---|
| 1 | തിരുവനന്തപുരം | കിള്ളിയാർ | 22 |
| 2 | ആലപ്പുഴ | വരട്ടാർ | 9.4 |
| 3 | പത്തനംതിട്ട | ആദി പമ്പ | 4 |
| | | കോലറയാർ | 12 |
| 4 | കോട്ടയം | മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനർ സംയോജനവുമായി ബന്ധപ്പെട്ട് വിവിധ നീർച്ചാലുകളുടെ പുനരുജ്ജീവനം | 65 |
| 5 | ഇടുക്കി | വടക്കേപ്പുഴ | 1.5 |
| | | ചാലംകോട് തോട് | 2.3 |
| | | മുട്ടം പറപ്പാതോട് | 1 |
| 6 | എറണാകുളം | കടമ്പ്രയാർ | 16 |
| 7 | തൃശ്ശൂർ | പെരുംതോട് | 15 |
| 8 | കോഴിക്കോട് | പൂനൂർപ്പുഴ | 24 |
| 9 | കണ്ണൂർ | കാനാമ്പുഴ | 10 |

വിവിധ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള 108 വിവിധ കൃത്രിമ ഭൂജല സംപോഷണത്തിനായുള്ള പ്രൊപ്പോസലുകളിന്മേൽ 189 ലക്ഷം രൂപയുള്ള 102 പ്രൊപ്പോസലുകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. മറ്റുള്ളവയുടെ സൂക്ഷ്മ പരിശോധന നടപടികൾ വകുപ്പിൽ പുരോഗമിച്ചുവരുന്നു. തുറന്ന കിണർ, റീചാർജ്ജ് പിറ്റ്, ബോർവെൽ റീ ചാർജ്, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ തടയണകളുടെ നിർമ്മാണം അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഉണ്ട്. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് കുളങ്ങൾ, നീർച്ചാലുകൾ, തോടുകൾ, അരുവികൾ, തടാകങ്ങൾ മുതലായവയുടെ പാർശ്വഭിത്തി നിർമ്മിക്കുന്ന പ്രവൃത്തികൾ, ചെളിനീക്കം ചെയ്ത് ആഴം കൂട്ടി ജലനിർഗ്ഗമന പ്രവൃത്തികൾ സുഗമമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

(സി) അനുയോജ്യമായ പ്രദേശങ്ങളിൽ മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകളുടെ നിർമ്മാണമാണ് 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഭൂജല വകുപ്പ് ലക്ഷ്യമിടുന്നത്. തിരുവനന്തപുരം ജില്ലയിൽ നിന്ന് ലഭിച്ചിട്ടുള്ള രണ്ട് ചെറിയ തടയണകളുടേയും നാല് അടിയണകളുടേയും പ്രൊപ്പോസലുകളിന്മേൽ തുടർനടപടികൾ ഭൂജലവകുപ്പ് സ്വീകരിച്ചുവരുന്നു.

അനുയോജ്യമായ സ്ഥലങ്ങളിൽ ആവശ്യകത അനുസരിച്ച് ഫണ്ടിന്റെ ലഭ്യതയും പരിഗണിച്ചാണ് തടയണ/വെന്റഡ്ക്രോസ്ബാർ (VCB)/റെഗുലേറ്റർ-കം-ബ്രിഡ്ജ് (RCB) എന്നിവ നിർമ്മിക്കുന്നത്. വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പ് തടയണ നിർമ്മാണം നടത്തി വരുന്നു.

**ഡാം മാനേജ്മെന്റിൽ വിവിധ വകുപ്പുകളുടെ ഏകോപനം**

190 (2886) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയമുണ്ടായ സന്ദർഭത്തിൽ ഡാമുകൾ തുറക്കുന്ന കാര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ പാളിച്ചയുണ്ടായതായി വിലയിരുത്തുന്നുണ്ടോ;

(ബി) എങ്കിൽ ഡാം മാനേജ്മെന്റുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനം മെച്ചപ്പെടുത്താൻ ജലവിഭവ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അത്തരത്തിൽ പാളിച്ച ഉണ്ടായിട്ടില്ല.

(ബി) ബാധകമല്ല.

**ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

191 (2887) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന ലോക ബാങ്ക് സ്കീമിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക ലഭ്യമാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത ഡാമുകളുടെ വിവരങ്ങൾ നൽകാമോ;

(സി) 2017-18 വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലോക ബാങ്ക് സഹായത്തോടെ നടത്തുന്ന ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി (ഡ്രിപ്പ്) 29-1-2016-ലെ G. O. (Ms.) 7/2016/WRD പ്രകാരം 360 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ ഇനത്തിലെ സംസ്ഥാന ബഡ്ജറ്റ് പ്രൊവിഷനും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു:

| വർഷം | ബഡ്ജറ്റ് പ്രൊവിഷൻ (കോടി) | ചെലവഴിച്ച തുക (കോടി) |
|---|---|---|
| 2016-17 | 40 | 39.93 |
| 2017-18 | 250 | 94.57 |
| 2018-19 | 137.12 | 17.33 |

2012-ൽ ആരംഭിച്ച ഈ പദ്ധതിക്കായി 2018 നവംബർ വരെ 168.17 കോടി രൂപ ചെലവഴിച്ചു. ഇതിൽ ഡിസംബർ 2017 വരെ ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായ 86.5 കോടി രൂപ ലോകബാങ്ക് റിഇംപേഴ്സ് ചെയ്തിട്ടുണ്ട്.

(ബി) ജലസേചന വകുപ്പിന്റെ 16 ഡാമുകളാണ് ഡ്രിപ്പ് പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിനി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻകെട്ട്), മൂലത്തറ റഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി.

(സി) 2017-18 വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 250 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 94.57 കോടി രൂപ ചെലവഴിച്ചു.

**ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾ**

192 (2888) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര ഡാമുകളാണ് ഉള്ളത്; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഡാമുകളിൽ 2018 ജൂലൈ 20 മുതൽ ഓഗസ്റ്റ് 18 വരെ എത്ര ശതമാനം വെള്ളമുണ്ടായിരുന്നു എന്നും, ഓരോ ദിവസവും എത്രമാത്രം വെള്ളം ഒഴുക്കിവിട്ടിരുന്നു എന്നും ഡാം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ജലവിഭവ വകുപ്പിന് കീഴിൽ 16 ഡാമുകളാണുള്ളത്. അവ മലമ്പുഴ, നെയ്യാർ, കല്ലട, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, പോത്തുണ്ടി, മംഗലം, വാഴാനി, പീച്ചി, വാളയാർ, മീൻകര, ചുള്ളിയാർ, ചിമ്മിനി, മലങ്കര, കാരാപ്പുഴ, ശിരുവാണി എന്നിവയാണ്.

(ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഡാമുകളുടെ ആഴം കൂട്ടുന്ന നടപടികൾ**

193 (2889) ശ്രീ. കെ. എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണും ചെളിയും നീക്കി ഡാമുകളുടെ ആഴം കൂട്ടുന്ന നടപടികൾ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ പ്രവൃത്തി പൂർത്തീകരിച്ച ഡാമുകളുടെയും പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള ഡാമുകളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ ഡാമുകളാണ് ആഴം കൂട്ടി സംഭരണശേഷി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തിമൂലം ഓരോ ഡാമിലും എത്ര ടി.എം.സി. ജലം അധികമായി ശേഖരിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന മണ്ണും ചെളിയും നീക്കി ഡാമുകളുടെ സംഭരണശേഷി പൂർവസ്ഥിതിയിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്തുന്നതിനും ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കിയിട്ടുണ്ട്. പൈലറ്റ് പദ്ധതികളായി മംഗളം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡിസീൽറ്റിംഗ് നടത്തുവാനാവശ്യമായ പര്യവേഷണ ജോലികൾ ചെയ്തശേഷം DPR തയ്യാറാക്കിയത് പരിശോധിച്ചു വരുന്നു. ഇതുകൂടാതെ അരുവിക്കര ഡാമിൽ മണലും ചെളിയും നീക്കം ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

**ചാലക്കുടി പുഴയിലെ പ്രളയ സാധ്യത**

194 (2890) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പുഴയിലെ പ്രളയ സാധ്യത സംബന്ധിച്ച് മുംബൈയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധർ സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നോ; 2018 ജൂലൈ 20-ന് സർക്കാരിന് സമർപ്പിച്ച പ്രസ്തുത മുന്നറിയിപ്പിന്റെ ഉള്ളടക്കമെന്തായിരുന്നു;വെളിപ്പെടുത്താമോ;

(ബി) ചാലക്കുടി പുഴയുമായി ബന്ധപ്പെട്ട ഷോളയാർ അടക്കം അഞ്ചോളം ഡാമുകൾ നിറഞ്ഞെന്നും പെരിങ്ങൽകുത്ത് അപകടകരമാം രീതിയിൽ നിറഞ്ഞുകവിഞ്ഞെന്നുമുള്ള മുന്നറിയിപ്പ് അവഗണിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ;

(സി) ചാലക്കുടി സംരക്ഷണ സമിതിയും ബോംബെയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധർ അടക്കം നിരവധി സംഘടനകൾ നൽകിയ മുന്നറിയിപ്പുകൾ അവഗണിച്ചത് പ്രളയത്തിന്റെ ആക്കം കൂട്ടി എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ചാലക്കുടി പുഴയിലെ പ്രളയ സാധ്യത സംബന്ധിച്ച് മുബൈയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധരിൽ നിന്നുള്ള മുന്നറിയിപ്പ് ജലവിഭവ വകുപ്പിന് ലഭിച്ചിട്ടില്ല.

(സി) ചാലക്കുടി പുഴ ജലസംരക്ഷണ സമിതിയിൽ നിന്നുള്ള മുന്നറിയിപ്പ് ലഭിക്കുന്നതിനുമുമ്പ് തന്നെ ചാലക്കുടിപ്പുഴയിലെ പ്രളയസാധ്യത മുന്നിൽ കണ്ട് ജലവിഭവ വകുപ്പിന് സാധ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിരുന്നു.

**കേരളത്തിലെ ഡാമുകളുടെ പ്രവർത്തനം**

195 (2891) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളുടെ പ്രവർത്തനത്തിനായി റൂൾ കേർവുകൾ നിലവിലുണ്ടോ;

(ബി) തെക്കുപടിഞ്ഞാറൻ മൺസൂൺ പകുതിയായപ്പോൾ തന്നെ സംസ്ഥാനത്തെ ഡാമുകളുടെ ജലനിരപ്പ് അവയുടെ മാക്സിമം റിസർവോയർ ലെവലിന് തൊട്ടടുത്ത് എത്തി എന്നത് റൂൾ കേർവുകളുടെ ലംഘനമല്ലേ;

(സി) രണ്ട് മൺസൂൺ നിലനിൽക്കുന്ന സംസ്ഥാനത്ത് ആദ്യ മൺസൂൺ പകുതിയിൽ തന്നെ ഡാമുകൾ നിറയുവാനുണ്ടായ സാഹചര്യം എന്താണ്;

(ഡി) റൂൾ കേർവുകളുടെ ലംഘനം പ്രളയത്തിന് ആക്കം കൂട്ടി എന്നതു വിശകലനം ചെയ്തിട്ടുണ്ടോ; വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഡാമുകളുടെ പ്രവർത്തനത്തിനായി റൂൾ കേർവ് ഇല്ല.

(ബി) ജലസേചന വകുപ്പിലെ ഡാമുകളുടെ ജലനിരപ്പ് നിലവിൽ നിയന്ത്രിക്കുന്നത് റൂൾ കേർവിന്റെ അടിസ്ഥാനത്തിൽ അല്ല. നിലവിലുള്ള മാർഗ്ഗരേഖകൾ അനുസരിച്ചാണ് ജലം നിയന്ത്രിതമായി തുറന്നുവിടുന്നത്. ആയതിനാൽ കഴിഞ്ഞ മൺസൂൺ കാലത്ത് ഡാമുകളിലെ ജലനിരപ്പ് മാക്സിമം റിസർവോയർ ലെവലിന് തൊട്ടടുത്ത് എത്തി എന്നത് റൂൾ കർവ്വുകളുടെ ലംഘനമല്ല.

(സി) സംസ്ഥാനത്ത് തെക്ക പടിഞ്ഞാറൻ മൺസൂൺ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലാണ് ലഭിക്കുന്നത്. ജൂൺ 2018-ൽ ശരാശരി മഴ ലഭ്യതയിൽ നിന്നും 15 ശതമാനം അധികവും ജൂലൈ 2018-ൽ 18 ശതമാനം അധികവും മഴ ലഭിക്കുകയുണ്ടായി. ഇത് ജൂലൈ അവസാനത്തോടുകൂടി ഡാമുകൾ നിറയാൻ കാരണമായി.

(ഡി) നിലവിൽ ഡാമുകളിലെ ജലനിരപ്പ് ഉയരുന്നതിനനുസരിച്ച് മുന്നറിയിപ്പുകൾ നൽകിയ ശേഷം ജലം നിയന്ത്രിതമായി തുറന്നുവിടുകയാണ് ചെയ്യുന്നത്. സംഭരണശേഷിക്കു മുകളിൽ വരുന്ന അധിക ജലം അതേ തോതിൽ തുറന്നുവിടുകയാണ് ചെയ്യുന്നത്. കഴിഞ്ഞ പ്രളയകാലത്തും ഇതേ രീതി തന്നെയാണ് അവലംബിച്ചിരുന്നത്. ഡാമുകളിൽ നിന്നും ജലം തുറന്നുവിട്ടത് പ്രളയത്തിന് കാരണമായില്ല എന്നാണ് ചെന്നൈ IIT യുടെയും CWC യുടെയും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത്. ജലസേചന വകുപ്പുകളിലെ ഡാമുകളുടെ പ്രവർത്തനത്തിനായി റൂൾ കേർവ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും എക്കലും നീക്കം ചെയ്യുന്നതിനുള്ള നടപടി**

196 (2892) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും എക്കലും നീക്കം ചെയ്യുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) സ. ഉ. (കൈ.) നമ്പർ 79/2017/ജ.വി.വ. പ്രകാരമുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഡിസിൽറ്റേഷൻ വഴി ലഭിക്കുന്ന എക്കലിലെ ഘടകങ്ങളുടെ അളവ് കണ്ടെത്തുന്നതിന് കെ.ഇ.ആർ.ഐ.യെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനം ഇതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഡിസിൽറ്റേഷനുമായി ബന്ധപ്പെട്ട് ഏതെല്ലാം ഡാമുകളിലെ മണ്ണ് നീക്കം ചെയ്യുന്നതിന് നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 26-9-2017-ലെ സർക്കാർ ഉത്തരവ് (കൈ)79/2017/ജ.വി.വ.ന്റെ അടിസ്ഥാനത്തിൽ ചുള്ളിയാർ, മംഗലം എന്നീ ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന എക്കലും മണലും നീക്കം ചെയ്യുന്നതിനായി പൈലറ്റ് പ്രോജക്ട് ആയി തെരഞ്ഞെടുത്തിട്ടുണ്ട്. SOP-യിൽ പ്രതിപാദിച്ചിരുന്നതുപ്രകാരം പര്യവേഷണ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. വർക്ക് കോൺട്രാക്ട് (work contract), ടേൺ കീ (Turnkey) എന്നീ രണ്ട് ടെണ്ടർ രീതികൾ പ്രകാരമാണ് ഡാം ഡിസിൽറ്റ് ചെയ്യാൻ SOP-യിൽ പ്രതിപാദിച്ചിരിക്കുന്നത്. മേൽ പ്രവൃത്തികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുകയും അതനുസരിച്ച് 2-11-2018-ൽ ഉന്നതാധികാര സമിതി യോഗം ചേരുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് പ്രവൃത്തികളുടെ DPR പരിശോധിച്ചുവരുന്നു.

(ബി) പൈലറ്റ് പദ്ധതികളുടെ ഡിസിൽറ്റേഷൻ വഴി ലഭിക്കുന്ന എക്കലിലെ ഘടകങ്ങളുടെ അളവ് കണ്ടെത്തുന്നതിന് കെ.ഇ.ആർ.ഐ. സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തികളുടെ ഡി.പി.ആർ. തയ്യാറാക്കിയത്.

(സി) ഡാമുകളിലെ മണ്ണ് നീക്കം ചെയ്യുന്നതിന് നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡിയുമായി (NCESS) ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടില്ല.

**സംസ്ഥാനത്തെ ഡാമുകൾ**

197 (2893) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ/എക്കൽ നിക്ഷേപങ്ങൾ നീക്കം ചെയ്യുന്നതിനും ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്തിട്ടുള്ള ഡാമുകൾ ഏതെല്ലാം എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

മംഗലം, ചുള്ളിയാർ എന്നീ ഡാമുകളെയാണ് പൈലറ്റ് പദ്ധതികളായിട്ട് തെരഞ്ഞെടുത്തിരിക്കുന്നത്.

## പുഴയുടെ തീരങ്ങൾ ഇടിഞ്ഞ് കൃഷിഭൂമി നശിപ്പിക്കപ്പെടുന്നത് തടയാൻ പദ്ധതി

198 (2894) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴക്കാലത്ത് പുഴയുടെ തീരങ്ങൾ ഇടിഞ്ഞ് കൃഷിഭൂമി നശിപ്പിക്കപ്പെടുന്നത് തടയാൻ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

ജലസേചന വകുപ്പിന് ലഭ്യമാകുന്ന ബഡ്ജറ്റ് വിഹിതം, റിവർ മാനേജ്മെന്റ് ഫണ്ട് (റവന്യൂ വകുപ്പ്) എന്നിവ വിനിയോഗിച്ചും പ്രവൃത്തിയുടെ പ്രാധാന്യം അനുസരിച്ചും ഉള്ള നദീതീര സംരക്ഷണ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. കൂടാതെ നദികളുടെ സമഗ്ര പുനരുദ്ധാരണം ലക്ഷ്യമിട്ട് ഹിരത കേരളം മിഷന്റെ ഭാഗമായി നദീതീര സംരക്ഷണത്തിനായി ജൈവവേലി, കയർ ഭൂവസ്ത്രം തുടങ്ങിയ ജൈവിക മാർഗ്ഗങ്ങൾ അലംബിച്ചും പുഴയുടെ തീരങ്ങൾ സംരക്ഷിക്കാൻ നടപടികൾ കൈക്കൊണ്ടും വരുന്നു.

## നദികളുടെ തിട്ട ഇടിയുന്നതുമൂലം വീടുകൾക്ക് കേടുപാടുകൾ

199 (2895) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാന നദികളുടെ തിട്ടകൾ ഇടിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രധാന പല നദീതീരങ്ങളും ഇടിഞ്ഞ് ധാരാളം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പമ്പാനദിയുടേയും മറ്റു നദികളുടേയും തീരങ്ങൾ ഇടിയുന്നതുമൂലം വീടുകൾക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിന് സംരക്ഷണഭിത്തി കെട്ടുന്നതിനായി, നാശനഷ്ടങ്ങൾക്കിരയായവർ സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സംരക്ഷണഭിത്തി കെട്ടുന്നതിനായി ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ കേരളത്തിലൊട്ടാകെ ജലസേചന വകുപ്പിന്റെ പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി 1068 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഇതിൽ ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രവൃത്തികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയിനത്തിൽ റീ-അപ്രോപ്രിയേഷൻ മുഖാന്തരം ഫ്ലഡ് കൺട്രോൾ ഹെഡിൽ അനുവദിക്കുന്ന തുകയിൽ ഉൾപ്പെടുത്താനായി ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നുണ്ട്.

**നെയ്യാറിന്റെ ബണ്ട് പുനർനിർമ്മിക്കുവാൻ നടപടി**

200 (2896) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിലെ അമരവിള പുല്ലാമലയിലുള്ള നെയ്യാറിന്റെ ബണ്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബണ്ട് പുനർനിർമ്മിക്കുവാൻ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ച നടപടി ഏതു അവസ്ഥയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ബണ്ട് പുനർനിർമ്മാണത്തിനുള്ള അടങ്കൽ തുക വ്യക്തമാക്കാമോ; അടങ്കൽ തുക അനുസരിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബണ്ട് തകർന്നതുമൂലമുണ്ടായ നാശനഷ്ടങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - സി) ഉണ്ട്. ഏകദേശം 60 മീറ്ററോളം ബണ്ട് ഇടിഞ്ഞിട്ടുണ്ട്. ആയത് പുനർനിർമ്മിക്കുന്നതിലേയ്ക്കായി വിശദമായ പഠനം നടത്തി അനുയോജ്യമായ രൂപരേഖ ഉൾപ്പെടെ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാശനഷ്ടങ്ങൾ സംബന്ധിച്ച വിഷയം ജലസേചന വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

## കരിമ്പുഴയിൽ ശ്രീകൃഷ്ണപുരം, മുണ്ടോർശ്ശിക്കടവിൽ ഒരു സ്ഥിരം തടയണ

201 (2897) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ കരിമ്പുഴയിൽ ശ്രീകൃഷ്ണപുരം, മുണ്ടോർശ്ശിക്കടവിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനായി ഈ സർക്കാരിന്റെകാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(സി) ഈ മണ്ഡലത്തിലെ പ്രസ്തുത സ്ഥലങ്ങളിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഒറ്റപ്പാലം മണ്ഡലത്തിലെ കരിമ്പുഴയിൽ ശ്രീകൃഷ്ണപുരം മുണ്ടോർശ്ശിക്കടവിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ നിലവിലില്ല.

## ചവറ മണ്ഡലത്തിലെ കടൽ ഭിത്തികൾ

202 (2898) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ കടൽ ഭിത്തികൾ പുനർനിർമ്മിക്കുന്നതിനായുള്ള പദ്ധതി ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്ഥലത്താണ് കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) ചവറ മണ്ഡലത്തിൽ ശക്തികുളങ്ങര, പരിമണം, പുത്തൻതുറ, കരിത്തുറ, കോവിൽത്തോട്ടം ലൈറ്റ് ഹൗസ്, കോവിൽത്തോട്ടം മുതൽ പന്മന വരെയുള്ള ഭാഗം എന്നിവിടങ്ങളിലാണ് പുലിമുട്ടുകൾ നിർമ്മിക്കാൻ ശിപാർശയുള്ളത്.

## കയ്പമംഗലം കടൽഭിത്തി നിർമ്മാണം

203 (2899) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര പദ്ധതികളാണ് ടെണ്ടർ വിളിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്തത്; കരാറുകാർ ജോലി ഏറ്റെടുക്കാത്തതിന്റെ കാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പാറക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കയ്പമംഗലം നിയോജകമണ്ഡലത്തിലെ തകർന്ന കടൽഭിത്തി പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കടൽഭിത്തി നിർമ്മാണത്തിന്റെ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാം; ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കയ്പമംഗലം നിയോജകമണ്ഡലത്തിലെ ഏറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിലായി 5 പ്രവൃത്തികൾ തൃശ്ശൂർ മദ്ധ്യമേഖല ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 4 തവണ ടെണ്ടർ ക്ഷണിക്കുകയും ടി കാര്യാലയത്തിൽ നിന്നും കൊടുങ്ങല്ലൂർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഓരോ തവണ വീതം ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തെങ്കിലും കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറായില്ല. വലിയ കല്ലുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ് പ്രവൃത്തി ഏറ്റെടുക്കാതിരിക്കുന്നതിനുള്ള കാരണമായി കരാറുകാർ ചൂണ്ടിക്കാണിക്കുന്നത്.

(ബി) കയ്പമംഗലത്ത് മറ്റ് 4 പ്രവൃത്തികൾ കരാറുകാരൻ നിർത്തിവച്ച സാഹചര്യത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറും എറണാകുളം ജില്ലാ കളക്ടറും എറണാകുളം ജിയോളജിസ്റ്റും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കൂടി ചേർന്ന സംയുക്ത മീറ്റിംഗിൽ തുടർ പ്രവൃത്തിക്കാവശ്യമായ കല്ലുകൾ അയ്യമ്പുഴ പഞ്ചായത്തിൽനിന്നും എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തുടർന്ന് കരാറുകാരൻ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കയ്പമംഗലം നിയോജക മണ്ഡലത്തിലെ തകർന്ന കടൽഭിത്തി പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് 965 ലക്ഷം രൂപയുടെ 5 പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) വലിയ കല്ലുകളുടെ ലഭ്യതക്കുറവാണ് പ്രധാനമായും കടൽഭിത്തി നിർമ്മാണത്തിന്റെ കാലതാമസത്തിന് കാരണമാകുന്നത്. കല്ലിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോട്യൂബ് ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൂന്തുറ, വലിയതുറ ഭാഗത്തെ പുലിമുട്ടുകളുടെ നവീകരണം**

204 (2900) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പൂന്തുറ, വലിയതുറ ഭാഗത്തെ പുലിമുട്ടുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഇതിലേയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; നവീകരണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ബീമാപള്ളി ഭാഗത്തെ പുലിമുട്ടുകളുടെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പൂന്തുറ, വലിയതുറ ഭാഗത്തെ പുലിമുട്ടുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 946 ലക്ഷം രൂപയുടെ ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) ബീമാപ്പള്ളി ഭാഗത്തെ പുലിമുട്ടുകളുടെ നിർമ്മാണം നടന്നുവരുന്നു. പ്രവർത്തി വേഗം പൂർത്തീകരിക്കുവാൻ കോൺട്രാക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൊയിലാണ്ടി മണ്ഡലത്തിലെ കടൽഭിത്തികൾ**

205 (2901) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശങ്ങളിലെ തകർന്ന കടൽഭിത്തികൾ പുനർനിർമ്മിക്കാനായുള്ള പ്രവൃത്തികളിൽ എത്രയെണ്ണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ തുക സഹിതം വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ആകെ എത്ര രൂപയുടെ പ്രവൃത്തികൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്;

(സി) സമർപ്പിച്ച എസ്റ്റിമേറ്റുകളിൽ ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;ഇല്ലെങ്കിൽ ആയതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശങ്ങളിലെ തകർന്ന കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിനായി ചേമഞ്ചേരി പഞ്ചായത്തിൽ സി.പി. 1917-നം. 1919-നം ഇടയിൽ 35 മീറ്റർ നീളത്തിൽ കാപ്പാട് കടൽഭിത്തിയുടെ ഫിഷിംഗ് ഗ്യാപ്പ് ക്ലോസ് ചെയ്യുന്ന പ്രവൃത്തിക്ക് 25 ലക്ഷം രൂപയും ചേമഞ്ചേരി പഞ്ചായത്തിൽ സി.പി. 1917-ന് സമീപം 100 മീറ്റർ നീളത്തിൽ കാപ്പാട് കടൽ ഭിത്തിയുടെ പുനരുദ്ധാരണത്തിന് 45 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) 590 ലക്ഷം രൂപയുടെ 7 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**കല്ലംപുല്ലിൽ ആർ.സി.ബി. പനക്കച്ചാലിൽ വി.ബി.സി. നിർമ്മിക്കുന്നതിന് ഭരണാനുമതി**

206 (2902) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ കല്ലംപുല്ലിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് (ആർ.സി.ബി.), പനക്കച്ചാലിൽ വെന്റഡ് ക്രോസ് ബാർ (വി.സി.ബി.) എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ കല്ലംപുല്ലിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് (ആർ.സി.ബി.), പനക്കച്ചാലിൽ വെന്റഡ് ക്രോസ് ബാർ (വി.സി.ബി.) എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. എന്നാൽ കല്ലംപുല്ലിൽ വി.സി.ബി. നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർനടപടികൾ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

**പമ്പ് ഹൗസുകളിലെ പമ്പുകളിലും ഇലക്ട്രിക്ക് ഉപകരണങ്ങളിലുമുണ്ടായ കേടുപാടുകൾ**

207 (2903) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം കാരണം തൃത്താല മണ്ഡലത്തിലെ വിവിധ പമ്പ് ഹൗസുകളിലെ പമ്പുകളിലും മറ്റ് ഇലക്ട്രിക്ക് ഉപകരണങ്ങളിലുമുണ്ടായ കേടുപാടുകൾ തീർക്കുന്നതിന് പാടശേഖര സമിതിക്കാർ ആഗസ്റ്റ് മാസത്തിൽ ചെലവാക്കിയ തുക നാളിതുവരെയും മടക്കി നൽകിയിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ തുക വിതരണം ചെയ്യാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക എത്രയും വേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 26 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ കേടുപാടുകൾ തീർക്കുന്നതിന് സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ട്. തുക വിതരണം ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കാളിപ്പാറ ശുദ്ധജലവിതരണത്തിലെ തകരാർ പരിഹരിക്കാൻ നൂതന സാങ്കേതിക വിദ്യ**

208 (2904) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കാളിപ്പാറ ശുദ്ധജലവിതരണത്തിന് കിളിയോട്ടു മുതൽ നെയ്യാറ്റിൻകര പട്ടണത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പൈപ്പ് പൊട്ടുന്നതു ശ്രദ്ധയിൽപ്പെടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ദിനംപ്രതിയുള്ള പൈപ്പ് പൊട്ടൽ കാരണം ശുദ്ധജലവിതരണം തടസ്സപ്പെടുന്നതും റോഡ് തകർന്ന് അപകടങ്ങൾ നടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൈപ്പ് പൊട്ടുന്നത് ഒഴിവാക്കാൻ നൂതന സാങ്കേതികവിദ്യയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിവരങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്നും പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## ഉത്തരം

(എ & ബി) ഉണ്ട്. 2003-ൽ സ്ഥാപിച്ച 300 മി.മീറ്റർ വ്യാസമുള്ള പൈപ്പ് ലൈൻ ചാർജ്ജ് ചെയ്തതുമായി ബന്ധപ്പെട്ട് ഈ ഭാഗത്തുണ്ടായ ലീക്കുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്യുകയും റോഡ് മുറിക്കുന്ന ഭാഗം കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കുകയും ചെയ്തുവരുന്നു.

(സി & ഡി) പൈപ്പ് പൊട്ടുന്നത് ഒഴിവാക്കാൻ നൂതന സാങ്കേതിക വിദ്യയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക പദ്ധതിയൊന്നും ഇപ്പോൾ പരിഗണനയിലില്ല. ജലവിതരണ പൈപ്പുകളിൽ ചോർച്ചയുണ്ടാകാതിരിക്കാൻ പൈപ്പ് ലൈനിന്റെ നിർമ്മാണ ഘട്ടത്തിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നുണ്ട്. വ്യക്തമായ പൈപ്പ് പോളിസിയുടെ അടിസ്ഥാനത്തിലാണ് ഓരോ സാഹചര്യത്തിനും യോജിച്ച പൈപ്പുകൾ തെരഞ്ഞെടുക്കുന്നത്. കൂടാതെ നിലവിലുള്ള പഴയതും കേടും വന്നതുമായ എ.സി., പ്രിമോ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി പൈപ്പ് പോളിസി അടിസ്ഥാനമാക്കി ഗുണമേന്മയുള്ള പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും നടപ്പാക്കി വരുന്നു. ജലവിതരണ ശൃംഖലയിലുള്ള ചോർച്ചകൾ ശ്രദ്ധയിൽപ്പെടുമ്പോൾ സമയബന്ധിതമായി തന്നെ പരിഹരിക്കാറുണ്ട്. പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുമ്പോൾ പ്രഷർ ഗേജ്, മീറ്ററുകൾ, സ്ലൂയിഡ് വാൽവുകൾ, എയർ വാൽവുകൾ എന്നിവ യഥാസ്ഥലത്ത് സ്ഥാപിക്കുവാൻ ശ്രദ്ധ ചെലുത്താറുണ്ട്. അതുകൊണ്ടുതന്നെ പൈപ്പിൽ മർദ്ദ വ്യതിയാനത്തിനു കാരണമായേക്കാവുന്ന രീതിയിൽ പ്രവർത്തിക്കുന്ന വായു എയർ വാൽവിലൂടെ പുറന്തള്ളുകയും പൈപ്പിലെ ജലത്തിന്റെ മർദ്ദം പ്രഷർ ഗേജ് വഴി കൃത്യമായി അറിയുവാനും വാൽവ് ക്രമീകരിച്ച് ജലത്തിന്റെ മർദ്ദം ശരിയായ രീതിയിൽ നിലനിർത്തുവാനും അതുവഴി പൈപ്പ് പൊട്ടൽ ഒഴിവാക്കുവാനും സാധിക്കും.

### ഭാരതപ്പുഴയ്ക്ക് സംരക്ഷണഭിത്തി

209 (2905) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായ ത്തിലെ വെണ്ടല്ലൂർ പാടശേഖര സമിതി കൺവീനറുടെ അപേക്ഷയും പുറമണ്ണൂർ-പുറക്കുളം പ്രദേശവാസികളുടെ അപേക്ഷയിൻമേലും ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കുറ്റിപ്പുറം പഞ്ചായത്തിലെ വിഷാരക്കൽ ദുർഗ്ഗാഭഗവതി ക്ഷേത്രത്തിന് സമീപം ഭാരതപ്പുഴയുടെ വലതുകര ഇടിയുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; സംരക്ഷണഭിത്തി കെട്ടി ക്ഷേത്രം സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് 20-ാം വാർഡ് മെമ്പർ ശ്രീമതി ഫസീന അഹമ്മദ് കുട്ടിയുടെ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ഡി) കോട്ടക്കൽ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട കുറ്റിപ്പുറം, മലപ്പുറം, ഇറിഗേഷൻ വകുപ്പ് അസിസ്റ്റന്റ് എൻജിനീയർ ഓഫീസുകളിൽ നിലവിലുള്ള പ്രൊപ്പോസലുകൾ ഏതെല്ലാം; ഇതിൽ എത്ര പ്രൊപ്പോസലുകളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്; ഈ സാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമായ പദ്ധതികൾ ഏതെല്ലാം വ്യക്തമാക്കുമോ;

(ഇ) എസ്റ്റിമേറ്റുകൾ മറ്റ് ഓഫീസുകളിലേക്ക് അയച്ചവ ഏതെല്ലാം; വിശദമാക്കുമോ?

ഉത്തരം

(എ) വെണ്ടല്ലൂർ പാടശേഖര സമിതി കൺവീനറുടെ പരാതി തുടർ നടപടികൾക്കായി ബന്ധപ്പെട്ട മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചിട്ടുണ്ട്. കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ പുറമണ്ണൂർ പ്രദേശവാസികളുടെ ആവശ്യപ്രകാരം വി.സി.ബി. നിർമ്മിക്കുന്ന പ്രവൃത്തി 2019-2020 സ്റ്റേറ്റ് ബഡ്ജറ്റിൽ "കുറ്റിപ്പുറം പഞ്ചായത്തിലെ പൈങ്കണ്ണൂർ പാടശേഖരത്തിൽ, പെരുന്തോടിനു കുറുകെ കൊട്ടാണിയിൽ വി.സി.ബി.യുടെ നിർമ്മാണം" എന്ന പേരിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 14-11-2018-ലെ മലപ്പുറം ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന ജില്ലാതല വിദഗ്ധസമിതിയുടെ 84-ാം നമ്പർ യോഗത്തിന്റെ നടപടി കുറിപ്പിൽ, പദ്ധതി പ്രദേശം സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയം നടത്തി സബ് കമ്മിറ്റി നിർദ്ദേശിച്ചതുപ്രകാരം എസ്റ്റിമേറ്റ് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) പ്രസ്തുത അപേക്ഷ പ്രകാരം കുറ്റിപ്പുറം പഞ്ചായത്തിലെ ചെമ്പിക്കൽ വി.സി.ബി.-കം-ബ്രിഡ്ജ് പുനർനിർമ്മാണം എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ഡി & ഇ)കുറ്റിപ്പുറം മേജർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ/മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ഓഫീസിൽ നിലവിലുള്ള പ്രൊപ്പോസലുകളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

**ചവറ മുതൽ ശാസ്താംകോട്ട വരെയുള്ള പൈപ്പ് റോഡ് നവീകരണം**

210 (2906) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മുതൽ ശാസ്താംകോട്ട വരെ കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പൈപ്പ് റോഡ് തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് യാത്രായോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; 2006-2010 കാലത്ത് ഏത് വകുപ്പാണ് പ്രസ്തുത റോഡ് പണി നടത്തിയത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചവറ മുതൽ ശാസ്താംകോട്ട വരെയുള്ള പൈപ്പ് ലൈൻ റോഡ്, കൊല്ലം കോർപ്പറേഷനിലേയ്ക്കും ചവറ പന്മന സ്കീമിനുമുള്ള മെയിൻ പൈപ്പ് കടന്നുപോകുന്നതിന് വേണ്ടിയുള്ളതാണ്. പ്രധാനമായും പൈപ്പു ലൈനുകളിൽ വരുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ റോഡ്. ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി പ്രസ്തുത റോഡ് യാത്രാ യോഗ്യമാക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. 2006-2010 കാലത്ത് പ്രസ്തുത റോഡിന്റെ പണി കേരള വാട്ടർ അതോറിറ്റിയാണ് നടത്തിയത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പിറവം മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പദ്ധതികൾ**

211 (2907) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന മേജർ ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അറിയിക്കുമോ;

(ബി) പുഴകളുടെയും നദികളുടേയും തീരം, സംരക്ഷണ ഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്ന പ്രവൃത്തികൾ പ്രസ്തുത പദ്ധതികളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ സംബന്ധിച്ച വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) മൂവാറ്റുപുഴ നദിക്കു കുറുകെ രാമമംഗലം പാലത്തിനു താഴെയായി ചെക്ക് ഡാമിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) 2018-ലെ പ്രളയത്തിൽ ജലസേചന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെയുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 1068 കോടി രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച ചീഫ് എഞ്ചിനീയറുടെ ശിപാർശ പരിശോധിച്ചുവരുന്നു. ഇതിൽ നാശനഷ്ടം സംഭവിച്ച പ്രദേശങ്ങളിലെ നദീതീര സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും ഉൾപ്പെട്ടിട്ടുണ്ട്.

**പിറവം മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ**

212 (2908) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്ന മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ കുളങ്ങളുടെ നവീകരണം, ചെറുതോടുകളുടെ സംരക്ഷണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവയുടെ വിവരം പഞ്ചായത്തുതിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ ) വിശദാംശം അനുബന്ധം I ആയി കൊടുത്തിരിക്കുന്നു.*

(ബി) വിശദാംശം അനുബന്ധം II ആയി കൊടുത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മങ്കട നിയോജകമണ്ഡലത്തിന്റെ പദ്ധതികൾക്ക് ഭരണാനുമതി

213 (2909) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 ബഡ്ജറ്റിൽ ഇറിഗേഷൻ (മൈനർ/മേജർ), കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ മുഖേന മങ്കട നിയോജകമണ്ഡലത്തിന്റെ ഏതെങ്കിലും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ ജലവിഭവ വകുപ്പുമായും കേരളാ വാട്ടർ അതോറിറ്റിയുമായും ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ & ബി) 2018-19 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റി മങ്കട മണ്ഡലത്തിൽ ഭരണാനുമതി നൽകി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

2018-19 ബഡ്ജറ്റിൽ ഇറിഗേഷൻ (മേജർ/മൈനർ) വിഭാഗത്തിന്റെകീഴിൽ മങ്കട നിയോജകമണ്ഡലത്തിലെ പ്ലാൻ ശീർഷകത്തിൽ ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല. എങ്കിലും ജലസേചന വിഭാഗവുമായി ബന്ധപ്പെട്ട് മങ്കട മണ്ഡലത്തിൽ നിലവിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

## വർക്കല മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

214 (2910) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ മടവൂർ പഞ്ചായത്തിലെ ആനക്കുന്നം ഏലായിൽ കൃഷിക്ക് അനുയോജ്യമായ തരത്തിൽ ജലം എത്തിക്കുന്നതിനും ട്രാക്ടർ കൊണ്ടുപോകുന്നതിനുമായി മൈനർ ഇറിഗേഷൻ വകുപ്പ് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദ വിവരങ്ങൾ നല്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ചുവടെ ചേർക്കുന്ന രണ്ട് പ്രവൃത്തികളുടെ അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്:

1. മടവൂർ പഞ്ചായത്തിലെ ആനക്കുന്നം ഏലായിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തലും ട്രാക്ടർ കം ബ്രിഡ്ജിന്റെ നിർമ്മാണവും ആനക്കുന്നം ഏലാത്തോടിന്റെ അനുബന്ധ പ്രവൃത്തികളും-അടങ്കൽ തുക -22 ലക്ഷം രൂപ.

2. മടവൂർ പഞ്ചായത്തിലെ ആനക്കുന്നം പടിഞ്ഞാറ്റ് ഏലായിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആനക്കുന്നം ഏലാത്തോട്ടിൽ നിന്നും ഫീൽഡ് ചാനലിന്റെ നിർമ്മാണം- അടങ്കൽ തുക 20 ലക്ഷം രൂപ.

**കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ്**

215 (2911) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി-കവളങ്ങാട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം തടസ്സപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ഐ.ആർ.2/313/18/ഡബ്ല്യു.ആർ.ഡി. എന്ന ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) അപ്രോച്ച് റോഡ് നിർമ്മിക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സാങ്കേതികപ്രശ്നങ്ങളും കാലതാമസവും ഒഴിവാക്കി അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കവളങ്ങാട്-വാരപ്പെട്ടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുടമുണ്ട ചെക്ക് ഡാം കം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണിയുമായി മുന്നോട്ട് പോയപ്പോൾ വാരപ്പെട്ടി ഭാഗത്തെ അപ്രോച്ച് റോഡ് പഴയ

പൊതുമരാമത്ത് റോഡുമായി ചേരുന്ന ഭാഗത്ത് ഡിപ്പാർട്ടുമെന്റ് സ്വകാര്യ വ്യക്തിയുടെ സ്ഥലം കയ്യേറി എന്നാരോപിച്ച് പ്രസ്തുത വ്യക്തി ബഹുമാനപ്പെട്ട മുൻസിഫ് കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. തുടർന്ന് കോടതി നിർദ്ദേശപ്രകാരം കോതമംഗലം താലൂക്ക് സർവ്വെയർ കോടതി തന്നെ ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ സ്ഥലം അളന്നു തിട്ടപ്പെടുത്തി. ഈ കേസ് ഇതുവരെ തീർപ്പാക്കിയിട്ടില്ല.

താലൂക്ക് സർവ്വെയർ അളന്നതനുസരിച്ച് സ്വകാര്യ വ്യക്തിയുടെ ഏകദേശം 1.18 സെന്റ് ($48m^2$) സ്ഥലം സർക്കാർ ഭൂമിയോട് ചേർന്നു കിടക്കുന്നതായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ടി സ്ഥലം ($48m^2$) ഉണ്ടെങ്കിൽ മാത്രമേ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കു.

(ബി-ഡി) ചീഫ് എഞ്ചിനീയറിൽനിന്നും അധിക വിവരം ആവശ്യപ്പെട്ടിട്ടുണ്ട്.

**കയ്പമംഗലം നിയോജകമണ്ഡലത്തിലെ ചിറക്കൽ - ചെറുപുഴ പദ്ധതി**

216 (2912) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ എടത്തിരുത്തി ഗ്രാമപഞ്ചായ ത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് വഴി അനുവദിച്ച ചിറക്കൽ- ചെറുപുഴ പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) നിർദ്ദിഷ്ട പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം തടസ്സങ്ങളാണ് നിലനിൽക്കുന്നത്;വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ മറികടക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

<u>ഉത്തരം</u>

(എ & ബി) പദ്ധതിയുടെ നിർമ്മാണം ആരംഭിച്ച് 15 ശതമാനം പൂർത്തീകരിച്ചപ്പോൾ കരാറുകാരൻ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കുകയും വകുപ്പുതലത്തിൽ നിന്നും പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും പണി പുനഃരാരംഭിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ പ്രവൃത്തിയിൽ നിന്നും കരാറുകാരനെ ഒഴിവാക്കിക്കൊണ്ട് തൃശ്ശൂർ ഇറിഗേഷൻ

സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കരാറുകാരന്റെ സഹകരണക്കുറവൊഴിച്ചാൽ ബാക്കി തടസ്സങ്ങളൊന്നും ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നില്ല.

(സി) കയ്പമംഗലം നിയോജകമണ്ഡലം എം.എൽ.എ.യുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും അദ്ധ്യക്ഷതയിൽ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ മറികടക്കുന്നതിനുവേണ്ടി കരാറുകാരനുമായി ചർച്ചകൾ നടത്തിയെങ്കിലും കരാറുകാരൻ അതിനു തയ്യാറാകാതെ ജലസേചന വകുപ്പിനെതിരെ വ്യവഹാരവുമായി മുന്നോട്ട് പോകുകയാണ് ചെയ്തത്. പണി പുന:രാരംഭിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ 14-11-2018-ൽ കരാർ ഉടമ്പടി റദ്ദ് ചെയ്യുകയും ബാക്കി പ്രവൃത്തികൾ പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പറമ്പിൽ ബസാർ, പൂളക്കടവ് പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണം**

217 (T* 2913) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ പറമ്പിൽ ബസാർ, പൂളക്കടവ് പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പറമ്പിൽ ബസാർ, പൂളക്കടവ് പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണം കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി 30-10-2018-ലെ ഉത്തരവ് നമ്പർ സ. ഉ. (ആർറ്റി.)780/18/ജ.വി.വ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. വിശദമായ ഡ്രാഫ്റ്റ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള നടപടി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പാടിവട്ടം മരിയാപാർക്ക് മുതൽ തൃക്കാക്കര അമ്പലം വരെയുള്ള പൈപ്പ് ലൈൻ റോഡ് നവീകരണം

218 (2914) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പാടിവട്ടം മരിയാപാർക്ക് മുതൽ തൃക്കാക്കര അമ്പലം വരെയുള്ള പൈപ്പ്ലൈൻ റോഡ് തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മരിയാപാർക്ക് മുതൽ തൃക്കാക്കര അമ്പലം വരെയുള്ള ഭാഗം ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിന് ഇറിഗേഷൻ വകുപ്പ് നടപടി സ്വീകരിക്കുകയോ മുനിസിപ്പാലിറ്റിക്ക് അനുവാദം നൽകുകയോ ചെയ്യുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. കളമശ്ശേരി നഗരസഭയുടെ 27, 28 വാർഡുകളിൽ ഉൾപ്പെട്ട കേരള ജല അതോറിറ്റിയുടെ കീഴിൽ വരുന്ന തൃക്കാക്കര പൈപ്പ് ലൈൻ ജംഗ്ഷൻ മുതൽ കേസരി വായനശാല ജംഗ്ഷൻ വരെയുള്ള പൈപ്പ് ലൈൻ റോഡ് സഞ്ചാരയോഗ്യമല്ലാത്തതിനാൽ MLA-യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ടാർ പൊളിച്ച് പാകി റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് നിരാക്ഷേപ പത്രം നൽകുന്നതിനായി ആലുവ പബ്ലിക് ഹെൽത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുൻസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് തുടർനടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വള്ളക്കടവ് പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡ് ടാറിംഗ്

219 (2915) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം-കവളങ്ങാട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വള്ളക്കടവ് പാലം ഇറിഗേഷൻ വകുപ്പ് മുഖാന്തരം നിർമ്മാണം പൂർത്തിയാക്കിയെങ്കിലും അപ്രോച്ച് റോഡ് ടാർ ചെയ്തിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രോച്ച് റോഡ് ടാറിംഗ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നിരവധി വാഹനങ്ങളും, കാൽനടക്കാരും സഞ്ചരിക്കുന്ന പ്രസ്തുത അപ്രോച്ച് റോഡിന്റെ ടാറിംഗ് നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം വള്ളക്കടവ്-പരീക്കണ്ണി ചെക്ക് ഡാമിന്റെയും പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയിൽ ടാറിംഗ് ഉൾപ്പെട്ടിട്ടില്ല.

**നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

220 (2916) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി. എഫ് പദ്ധതിയിൽ അംഗീകാരം ലഭിച്ച ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം വരുത്തുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി പൂർത്തീകരിച്ച് ജനവരി ആദ്യവാരത്തിൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ സൈറ്റിലുണ്ടായ ചില തടസ്സങ്ങൾ കാരണം സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടു. ഇപ്പോൾ സിവിൽ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തികരിക്കാനുണ്ട്. (ഹൈടെൻഷൻ ലൈൻ കണക്ഷന് ആവശ്യമായ നടപടികൾ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, വയറിംഗ് ജോലികൾ, മോട്ടോറും പമ്പും സ്ഥാപിക്കൽ) എന്നീ പ്രവൃത്തികൾ ബാക്കിയുണ്ട്.

(സി) ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശബരിമലയിലെ കുടിവെള്ള വിതരണം**

221 (2917) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ നിലവിൽ എത്ര ലക്ഷം ലിറ്റർ കുടിവെള്ളമാണ് ദിവസേന ആവശ്യമായി വരുന്നത്;

(ബി) ഇതിൽ എത്ര ലിറ്റർ വെള്ളമാണ് ലഭ്യമാക്കാൻ സാധിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമലയിൽ ദിവസേന ഒരാൾക്ക് 5 ലിറ്റർ എന്ന തോതിൽ ഉദ്ദേശം 5 ലക്ഷം ലിറ്റർ സുരക്ഷിത കുടിവെള്ളം ആവശ്യമാണ്. മറ്റുള്ള ആവശ്യങ്ങൾക്ക് ഒരാൾക്ക് 70 ലിറ്റർ എന്ന തോതിൽ 70 ലക്ഷം ലിറ്റർ ജലം പ്രതിദിനം ആവശ്യമായി വരുന്നു.

നിലയ്ക്കലിൽ അധികമായി പ്രതിദിനം 3 ദശലക്ഷം ലിറ്റർ ശുദ്ധജലവും (ഒരാൾക്ക് 30 ലിറ്റർ എന്ന തോതിൽ) ആവശ്യമായി വരുന്നു.

(ബി) ഇപ്പോൾ ദിവസേന റിവേഴ്സ് ഓസ്മോസിസ് പ്രക്രിയയിലൂടെ ശുദ്ധീകരിച്ച് ലഭിക്കുന്ന 660000 ലിറ്റർ സുരക്ഷിത കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. മറ്റുള്ള ആവശ്യങ്ങൾക്കായി പ്രതിദിനം 130 ലക്ഷം ലിറ്റർ ജലം ആവശ്യാനുസരണം ലഭ്യമാക്കി വരുന്നു. കൂടാതെ നിലയ്ക്കലിൽ 540000 ലിറ്റർ സുരക്ഷിത കുടിവെള്ളം വിതരണം ചെയ്തുവരുന്നു. ഒപ്പം 30 ലക്ഷം ലിറ്റർ ശുദ്ധജലവും മറ്റാവശ്യങ്ങൾക്ക് വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

**മാനന്തവാടി മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

222 (2918) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം തകരാറിലായ വയനാട്ടിലെ ഇറിഗേഷൻ വകുപ്പിന്റെ ജലസേചന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) മാനന്തവാടി മണ്ഡലത്തിൽ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ഇറിഗേഷൻ പദ്ധതികളുടെ നവീകരണം നടക്കാത്തതിനാൽ നെൽപാടങ്ങളിൽ വെള്ളം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ പ്രവർത്തനക്ഷമമാക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) പ്രളയത്തിനുശേഷം തകരാറിലായ വയനാട്ടിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ.

1. ലിഫ്റ്റ് ഇറിഗേഷൻ സ്കീം - 15 എണ്ണം
2. ചെക്ക് ഡാം/വി.സി.ബി. - 5 എണ്ണം
3. കക്കടവ് പമ്പ് ഹൗസിന്റെ സൈഡ് പ്രൊട്ടക്ഷൻ - 1
4. ചെറുപുഴ പുഴയുടെ സൈഡ് പ്രൊട്ടക്ഷൻ -1
5. നൂൽപ്പുഴ പഞ്ചായത്തിലെ പ്രളയത്തിൽ തകർന്ന കനാലും സൈഡ് പ്രൊട്ടക്ഷൻ - 1

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പമ്പ് ഹൗസ് മോട്ടോർ ആന്റ് പമ്പ് സെറ്റ് എന്നിവയുടെ അറ്റകുറ്റ പണികൾ നടപ്പിലാക്കി പ്രവർത്തനക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന പ്രവൃത്തികൾക്ക് റീഹാബിലിറ്റേഷൻ ഓഫ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം എന്ന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

1. കകടവ് എൽ.ഐ.സ്കീം - 7.00 ലക്ഷം
2. പനമരം എൽ.ഐ.സ്കീം - 5.20 ലക്ഷം
3. കൂടൽക്കടവ് സ്റ്റേജ് 1 – 45.00 ലക്ഷം
4. കൂടൽക്കടവ് സ്റ്റേജ് 2 എൽ.ഐ. സ്കീം - 25 ലക്ഷം
5. ചാലിഗദ എൽ.ഐ. സ്കീം - 15 ലക്ഷം
6. പായോട് നോർത്ത് - 45 ലക്ഷം
7. പായോട് സൗത്ത് -15 ലക്ഷം

## പത്തനംതിട്ട ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട്

223 (2919) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ട് പ്രകാരം എത്ര തുക അനുവദിച്ചു; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ തുക ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ നടത്തി വരുന്നു;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രസ്തുത ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങളുടെ അവസ്ഥ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിച്ചിട്ടില്ല.

## മുല്ലശ്ശേരി, എളവള്ളി, പാവറട്ടി പഞ്ചായത്തുകളിലൂടെ കടന്ന് പോകുന്ന കോഴിത്തോട് നവീകരണം

224 (2920) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, എളവള്ളി, പാവറട്ടി പഞ്ചായത്തുകളിലൂടെ കടന്ന് പോകുന്ന കോഴിത്തോട് നവീകരണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ കോഴിത്തോട് നവീകരണത്തിന് ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിശദമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ

225 (2921) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതും 2018-19-ൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചതുമായ ജലസേചന വകുപ്പിനുകീഴിലുള്ള പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകാനുണ്ട്;വിശദാംശം ലഭ്യമാക്കുമോ;

(സി) 2018-19-ൽ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ജലസേചന പ്രവൃത്തികൾക്കുപോലും ഭരണാനുമതി നൽകാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം പദ്ധതികൾ പ്രത്യേകമായി അവലോകനം ചെയ്യുന്നതിനും അടിയന്തരമായി ഭരണാനുമതി നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്.*

(ബി) വിശദാംശം അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട്.*

(സി & ഡി) ചീഫ് എഞ്ചിനീയറിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അനുമതി നൽകി വരുന്നു.

## ചാലക്കുടിപ്പുഴയിലെ തുമ്പൂർമുഴി റിവർ ഡൈവേർഷൻ സ്കീമിലെ കനാലുകളുടെ പുനർനിർമ്മാണം

226 (2922) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ തകർന്ന ചാലക്കുടിപ്പുഴയിലെ തുമ്പൂർമുഴി റിവർ ഡൈവേർഷൻ സ്കീമിലെ ഇടതുകര-വലതുകര കനാലുകളും ബ്രാഞ്ച് കനാലുകളും അടിയന്തരമായി പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. അടിയന്തരമായി ജലവിതരണം പുന:സ്ഥാപിക്കുന്നതിനായി സി.ആർ.ഡി. ആക്ഷൻ പ്ലാൻ പരിഷ്കരിച്ച് തകർന്ന ഇടതുകര, വലതുകര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കനാലുകളും ബ്രാഞ്ച് കനാലുകളും പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹ്രസ്വകാല പദ്ധതിക്കുള്ള 117.59 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

## ഭൂജല നിരപ്പ്

227 (2923) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല നിരപ്പ് കുറയുന്നത് തടയാൻ എന്തൊക്കെ നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) പ്രളയത്തിനുശേഷം ഭൂജല നിരപ്പിൽ എന്തൊക്കെ മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂജല വകുപ്പിന്റെ 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതിയിൻ കീഴിൽ തുറന്നകിണർ, റീചാർജ്ജ് പിറ്റ്, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണ, ചെറിയ തടയണ എന്നിവയുടെ നിർമ്മാണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം ആവശ്യാനുസരണം നൽകി വരുന്നു.

2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽനിന്നും ലഭ്യമായിട്ടുള്ള 108 വിവിധ കൃത്രിമ ഭൂജല സംപോഷണത്തിനായുള്ള പ്രൊപ്പോസലുകളിന്മേൽ 189 ലക്ഷം രൂപയ്ക്കുള്ള 102 പ്രൊപ്പോസലുകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. മറ്റുള്ളവയുടെ സൂക്ഷ്മ പരിശോധന നടപടികൾ വകുപ്പിൽ പുരോഗമിച്ചു വരുന്നു.

(ബി) സംസ്ഥാനത്തിന്റെ ഭൂജലവിതാനം നിരീക്ഷിക്കുന്നതിനായി ഭൂജലവകുപ്പ് സംസ്ഥാനത്ത് ഉടനീളം നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ തുറന്ന കിണറുകളും ബോർ വെല്ലുകളും ട്യൂബ് വെല്ലുകളും ഉൾപ്പെടുന്നു. ഈ നിരീക്ഷണ കിണറുകളിൽ നിന്നും എല്ലാ മാസവും ഒരു പ്രാവശ്യം ജലനിരപ്പ് ശേഖരിക്കുകയും വർഷത്തിൽ നാല് പ്രാവശ്യം ഭൂജല സാമ്പിളുകൾ ശേഖരിച്ച് വിശകലനം നടത്തുകയും ചെയ്യുന്നു. 2018 സെപ്റ്റംബർ മാസത്തിൽ 395 തുറന്ന

കിണറുകളിൽ നിന്നും 391 പീസോ മീറ്ററുകളിൽ നിന്നും ജലവിതാന മീറ്ററുകളിൽ നിന്നും ജലവിതാന ഡേറ്റാ ശേഖരിച്ച് 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ വർദ്ധിച്ച മഴയും പ്രളയവും സംസ്ഥാനത്തിന്റെ ഭൂജലവിഭവ സമ്പത്തിൽ ഉണ്ടാക്കിയ സ്വാധീനം മനസ്സിലാക്കുന്നതിലേയ്ക്കായി വിശകലനം ചെയ്തിട്ടുണ്ട്.

സെപ്റ്റംബർ 2018-ലെ ഭൂജലവിതാനം സെപ്റ്റംബർ 2017-ലെ ഭൂജലവിതാനവുമായി താരതമ്യ പഠനം നടത്തിയതിൽ നിന്നും സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 75 ശതമാനം കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. കരിങ്കൽ പ്രദേശങ്ങളിലെ കുഴൽ കിണറുകളിലും (ബോർവെൽ) 72 ശതമാനം കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു.

സെപ്റ്റംബർ 2018-ലെ ഭൂജലവിതാനം ദശാബ്ദ ശരാശരി (2008-17)യുമായി താരതമ്യം ചെയ്തപ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 62 ശതമാനം കിണറുകളിലും കരിങ്കൽ പ്രദേശങ്ങളിലെ കുഴൽകിണറുകളിലും (ബോർവെൽ) 60 ശതമാനം കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു.

ഭൂജലവിതാനത്തിലെ കുറവ് സംഭവിക്കുന്നത് താഴെപ്പറയുന്ന കാര്യങ്ങളാലാണെന്ന് വിശകലനത്തിൽ നിന്നും മനസ്സിലാകുന്നു. മഴയുടെ ആധിക്യവും ചെറിയ കാലയളവിൽ കൂടുതൽ മഴ ലഭിച്ചതും ഭൂതലത്തിൽ ഊർന്ന് ഇറങ്ങാനുള്ള സമയലഭ്യത കുറവുകൊണ്ട് ഭൂജലസംപോഷണം നടക്കുന്നതിന് കാലതാമസം ഉണ്ടാകുകയും ഉപരിതലജല പ്രവാഹമായി നഷ്ടപ്പെടുകയും ചെയ്തു. ഇപ്രകാരമുണ്ടായ ഉപരിതല ജലപ്രവാഹം പ്രദേശത്തെ മേൽമണ്ണിനെ ഒഴുക്കി പുഴകളിലും നദികളിലും താഴ്ന്ന പ്രദേശങ്ങളിലും നിക്ഷേപിക്കുകയും ചെയ്തു. ഇതിലൂടെ മണ്ണിലെ കളിമണ്ണിന്റെ അംശം നഷ്ടപ്പെടുകയും ജലം വളരെ വേഗം ഊർന്നിറങ്ങുകയും മണ്ണിൽ ശേഖരിക്കപ്പെടാതെ അടിയൊഴുക്ക് (base flow) ആയി നഷ്ടപ്പെടുകയും ചെയ്തു. കൂടാതെ ഈ കാലയളവിലെ മഴയുടെ ആധിക്യവും ചുരുങ്ങിയ സമയത്തിലെ വർദ്ധിച്ച മഴയും ഭൂജലസംപോഷണം നടക്കുന്നതിന് വിഘാതമുണ്ടാകുകയും ആയതിനാൽ ജലഭൃതങ്ങളെ (Aquifer) സംപോഷണം ചെയ്യപ്പെടാതിരിക്കാൻ കാരണമായിട്ടുണ്ട്. കൂടാതെ മണ്ണിലെ വർദ്ധിച്ച ജലസമ്മർദ്ദംമൂലം ചില പ്രദേശങ്ങളിൽ മണ്ണിലെ സൂക്ഷ്മ കണികകളും കളിമണ്ണും ഒഴുകി പോവുകയും ലഭ്യമായ മഴവെള്ളം അടിയൊഴുക്ക് (base flow) ആയും നദികളിലൂടെ നഷ്ടപ്പെട്ടതായി മനസ്സിലാക്കുന്നു. ഇത് ഒരു താൽക്കാലിക പ്രതിഭാസം മാത്രമാണ്. ഇത് വടക്ക് കിഴക്ക് കാലവർഷം സാധാരണഗതിയിൽ ലഭിക്കുകയാണെങ്കിൽ പരിഹരിക്കപ്പെടാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ അന്തിമഘട്ടത്തിലാണ്.

**ചെങ്ങന്നൂർ മണ്ഡലത്തിൽ കുടിവെള്ളക്ഷാമം**

228 (2924) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരിതത്തോടനുബന്ധിച്ച് ചെങ്ങന്നൂർ മണ്ഡലത്തിൽ നിലനിന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നടത്തിയ ഇടപെടലുകളും ആശ്വാസ നടപടികളും വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ തുടർ പദ്ധതികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

(സി) ടി പദ്ധതികളുമായി ബന്ധപ്പെട്ട് പ്രളയ സ്ഥലങ്ങൾ സന്ദർശിച്ച ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വിലാസവും തീയതിയും വിശദമാക്കാമോ?

ഉത്തരം

(എ) പ്രളയത്തോടനുബന്ധിച്ച് ചെങ്ങന്നൂർ മണ്ഡലത്തിലെ 7 ചെറുകിട കുടിവെള്ള പദ്ധതികൾ പുനരുദ്ധാരണം നടത്തി പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന ചെറുകിട ജലവിതരണ പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഭൂജല വകുപ്പ് ആലപ്പുഴ ജില്ല ഓഫീസർ - 2018 ആഗസ്റ്റ് 29 മുതൽ 31 വരെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസ്, ആലപ്പുഴ 2018 ആഗസ്റ്റ് 29 മുതൽ 31 വരെ, മാസ്റ്റർ ഡ്രില്ലർ, ജില്ലാ ഓഫീസ്, ആലപ്പുഴ 2018 ആഗസ്റ്റ് 28 മുതൽ 31 വരെ, ഡ്രില്ലർ, ജില്ലാ ഓഫീസ്, ആലപ്പുഴ 2018 ആഗസ്റ്റ് 28 മുതൽ 31 വരെ.

**കേന്ദ്ര ഭൂജല വകുപ്പിന്റെ പഠന റിപ്പോർട്ട്**

229 (2925) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭൂജല വകുപ്പ് ഈ വർഷം സംസ്ഥാനത്ത് ഭൂജല നിരപ്പിനെക്കുറിച്ച് പഠനം നടത്തിയിരുന്നോ;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടത്തിയ പഠനപ്രകാരം ഭൂജല നിരപ്പ് താഴ്ന്നിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനുള്ള കാരണങ്ങളായി പഠന റിപ്പോർട്ടിൽ പറയുന്നത് എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭൂജല നിരപ്പിനെക്കുറിച്ച് 'കേന്ദ്ര ഭൂജല വകുപ്പ് പഠനം നടത്തിയിരുന്നു.

(ബി) കേന്ദ്ര ഭൂജല ബോർഡ് കേരള സംസ്ഥാനത്ത് തെരഞ്ഞെടുത്ത 1402 തുറന്ന കിണറുകളിൽനിന്നും നിരീക്ഷണത്തിനായി സ്ഥാപിച്ചിട്ടുള്ള 266 കുഴൽ കിണറുകളിൽ നിന്നും വർഷത്തിൽ നാല് തവണ വീതം ഭൂജല വിതാനം നിരീക്ഷിച്ച വരുന്നു. ഇവയിൽ 23 ബ്ലോക്കുകളിലായി 7 ശതമാനം കിണറുകളിൽ ഭൂജലവിതാനം കുറയുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ ദീർഘകാലഭൂജലവിതാന സ്വഭാവത്തിൽ നിന്നും (trend) വാർഷികമായി 0.05 മീറ്റർ മുതൽ 0.2 മീറ്റർ വരെയുള്ള വ്യതിയാനം കണക്കാക്കിയിട്ടുണ്ട്.

(സി) കരിങ്കൽ പ്രദേശങ്ങളിൽ (ഇടനാട്) ഭൂജലസംപോഷണം കുറയുവാനുള്ള പ്രധാന കാരണം ഭൂവിനിയോഗ സമ്പ്രദായത്തിൽ വന്ന മാറ്റങ്ങളും ക്രമം തെറ്റിയ മഴയുടെ ലഭ്യതയുമാണ്. അമിതമായ ഭൂജല ഉപഭോഗമാണ് (pumping) തീരപ്രദേശങ്ങളിലെ ആഴം കൂടിയ ജലഭൃതങ്ങളിൽ ഭൂജല വിതാനത്തിലെ കുറവ് സംഭവിക്കാനുള്ള കാരണം. ഭൂജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ സ്ഥിതി ആശങ്കാജനകമല്ല.

**കുഴൽക്കിണറുകൾ**

230 (2926) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽക്കിണറുകൾ കുഴിക്കുന്നതിന് നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) എറണാകുളം ജില്ലയിലുൾപ്പെടെ ഒട്ടേറെ അപേക്ഷകൾ പരിഗണനയ്ക്കായി കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലതാമസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും ഭൂജലവകുപ്പിന്റെ clearance-ഉം 10-1-2014 മുതൽ നിർബന്ധമാണ്. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്.

കുഴൽകിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജല വകുപ്പ് പ്രവർത്തിക്കുന്നു. വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൽ ഭൂജല സർവ്വേ നടത്തി കുഴൽകിണർ നിർമ്മാണം വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭൂജലവകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടി 28-ാമത് സംസ്ഥാന ഭൂജല അതോറിറ്റി യോഗം തീരുമാനം എടുത്തിരുന്നു. ആയതിൻപ്രകാരം കരാറടിസ്ഥാനത്തിൽ ഹൈഡ്രോജിയോളജിസ്റ്റുമാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ 29-ാം സംസ്ഥാന ഭൂജല അതോറിറ്റി യോഗത്തിന്റെ അംഗീകാരത്തോടെ ഭൂജലവകുപ്പ് സമർപ്പിച്ചിരുന്നു. 22 ഹൈഡ്രോജിയോളജിസ്റ്റുമാരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ 25-7-2018-ലെ G. O. (Rt.) No. 545/2018/WRD പ്രകാരം അനുമതി നൽകിയിട്ടുണ്ട്. Employment Exchange കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ഡിവിഷനുകളിൽനിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വകാര്യ വ്യക്തികൾ ലോറിയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ

231 (2927) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ ലോറിയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ജല അതോറിറ്റി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) കുടിവെള്ളം ശേഖരിക്കുന്ന ജല സ്രോതസ്സുകളുടെ വിവരം ലഭ്യമാക്കുന്നതിനും വിതരണം ചെയ്യുന്നതിനും സ്വകാര്യ വിതരണക്കാർക്ക് ജല അതോറിറ്റി ഏതെങ്കിലും നടപടിക്രമങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിൻെറ വിശദവിവരം നൽകുമോ?

### ഉത്തരം

(എ) ഇക്കാര്യം കേരള വാട്ടർ അതോറിറ്റിയുടെ അധികാരപരിധിയിൽ വരുന്ന കാര്യമല്ല.

(ബി) സ്വകാര്യ വിതരണക്കാർ കുടിവെള്ളം ശേഖരിക്കുന്ന സ്വകാര്യ സ്രോതസ്സുകളുടെ വിവരം അറിയിക്കാനും വിതരണം ചെയ്യുന്നതിനും കേരള വാട്ടർ അതോറിറ്റി നടപടി ക്രമങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റിയുടെ സ്രോതസ്സുകളിൽ നിന്ന് ശേഖരിക്കുന്ന കുടിവെള്ളം എല്ലാവിധ പരിശോധനകളും നടത്തിയ ശേഷമാണ് സ്വകാര്യ ടാങ്കറുകൾക്ക് കൊടുക്കുന്നത്.

കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ വിവിധ വെൻഡിംഗ് പോയിന്റുകളിൽ നിന്ന് ജല ലഭ്യത അനുസരിച്ച് സ്വകാര്യ വ്യക്തികൾക്ക് ആവശ്യകത അനുസരിച്ച് ഒരു കിലോ ലിറ്ററിന് 60 രൂപ എന്ന നിരക്കിൽ കുടിവെള്ളം നൽകാറുണ്ട്.

## കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ എന്നിവയുടെ സംരക്ഷണം

232 (2928) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ ഇവയുടെ സംരക്ഷണത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ സംരക്ഷണ-ശുചീകരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന നിർവ്വഹിച്ചുവരുന്നു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജലസേചന വകുപ്പ്, സംസ്ഥാന മണ്ണ് സംരക്ഷണ - മണ്ണ് പര്യവേഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയാണ് പ്രധാനമായും ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. ഇതോടൊപ്പം ഹരിത കേരളം മിഷന്റെ ഉപമിഷനായ "ജല സമൃദ്ധി" യുടെ ഭാഗമായി ജല സ്രോതസ്സുകളുടെ സംരക്ഷണം കൂടുതൽ ശാസ്ത്രീയമായി നിർവ്വഹിക്കുന്നത് ലക്ഷ്യമിട്ട് "നീർത്തട പ്ലാനുകൾ" തയ്യാറാക്കി മുൻഗണന നിശ്ചയിച്ചിട്ടുണ്ട് (റിഡ്ജ്-ടു-വാലി സമീപനം). ജലസേചന വകുപ്പ് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് സംസ്ഥാന ബജറ്റ് വിഹിതമാണ് പ്രയോജനപ്പെടുത്തുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ 104 കുളങ്ങൾ നവീകരിക്കുന്നതിനായി 13.07 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലുണ്ട്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ എന്നിവ നീക്കംചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. ഹരിതകേരളം, പ്ലാൻ പദ്ധതി, നോൺ പ്ലാൻ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി തോടുകളുടെ നവീകരണ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. KIIFB വഴിയും തോടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം വിവിധ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി ചെക്ക് ഡാമുകൾ/വി.സി.ബി.കൾ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

**യുഡിസ്മാറ്റ് വഴി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി**

233 (2929) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മുനിസിപ്പാലിറ്റിയിൽ യുഡിസ്മാറ്റ് വഴി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നും ഈ പ്രവൃത്തി പൂർത്തീകരിക്കാൻ ഇനി എന്തെല്ലാം നടപടികൾ ആണ് ആവശ്യമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി കണ്ണൂർ വാട്ടർ സപ്ലൈ ഡിവിഷന്റെ കീഴിൽ ഉൾപ്പെടുത്തി തലശ്ശേരി കുടിവെള്ള പദ്ധതിയുടെ വിപുലീകരണ പ്രവൃത്തികൾ നാല് പാക്കേജുകളിലായി നടന്നുവരുന്നു. ഈ പ്രവൃത്തികളിൽ പാക്കേജ് ഒന്നും പാക്കേജ് നാലും പൂർത്തീകരിച്ചു.

പാക്കേജ് ഒന്നിൽ മൈലാടി ജല ശുദ്ധീകരണശാല മുതൽ തലശ്ശേരി വരെ ഗ്രാവിറ്റി മെയിൻ വിതരണംചെയ്ത് സ്ഥാപിക്കലും പൈപ്പ് ലൈൻ ബ്രിഡ്ജ് സ്ഥാപിക്കലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തി പൂർത്തീകരിച്ചതിനെ ത്തുടർന്ന് തലശ്ശേരി മുനിസിപ്പാലിറ്റിയിൽ സുഗമമായി ശുദ്ധജല വിതരണം നടത്താൻ സാധിച്ചിട്ടുണ്ട്.

പാക്കേജ് രണ്ടിൽ തലശ്ശേരി നഗരസഭയോട് കൂട്ടിച്ചേർത്ത പഴയ കോടിയേരി പഞ്ചായത്തിലെ പ്രദേശങ്ങളിലും ചിറക്കക്കാവ്, ഇല്ലിക്കുന്ന് പ്രദേശങ്ങളിലും വിതരണ ശൃംഖല സ്ഥാപിക്കലും മോറക്കുന്ന്, ചിറക്കക്കാവ് എന്നീ പ്രദേശങ്ങളിൽ ജലസംഭരണികളുടെ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മൊത്തം പൈപ്പ് ലൈൻ 23.15 കി. മി. വിതരണശൃംഖലയും മോറക്കുന്ന് ഉന്നതതല ജലസംഭരണിയും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ചിറക്കക്കാവ് ടാങ്കിന്റെ പ്രവൃത്തി 85% പൂർത്തീകരിച്ചു.

പാക്കേജ് മൂന്നിൽ മൊത്തം പൈപ്പ് ലൈൻ 27.115 കി.മീ. പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. തലായി, കൊടുവള്ളി എന്നീ സ്ഥലങ്ങളിൽ രണ്ട് ഓവർഹെഡ്സ് ടാങ്കുകൾ ഇനി 78% പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. ഈ പ്രവൃത്തി 57-ാമത് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരം റദ്ദ് ചെയ്യുകയും കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ പുനർദർഘാസ് നടപടികൾ സ്വീകരിക്കുകയും തുടർന്ന് രണ്ട് ദർഘാസുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസുകൾ അംഗീകരിക്കുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നതാണ്. പാക്കേജ് നാലിൽ മൈലാടിയിലെ ജലശുദ്ധീകരണശാലയുടെയും കീഴല്ലൂരിലെ റോ-വാട്ടർ പമ്പ് ഹൗസിലെയും മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഘടകങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി നാല് പാക്കേജുകളിലായാണ് പ്രവൃത്തി നടപ്പിലാക്കിയത്. പാക്കേജ് ഒന്നിലേയും നാലിലെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജ് രണ്ടിൽ ഉൾപ്പെട്ട ചിറക്കക്കാവ് ടാങ്കിന്റെ സ്ഥലം കൈമാറ്റം ചെയ്തുകിട്ടാൻ കാലതാമസം നേരിട്ടിരുന്നു. ടാങ്കിന്റെ പ്രവൃത്തി ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാക്കേജ് രണ്ടിന്റെ പൂർത്തീകരണത്തിന് പി.ഡബ്ല്യു.ഡി. റോഡ് കട്ടിംഗ് അനുമതി ആവശ്യമുണ്ട്. റോഡ് കട്ടിംഗിനുള്ള അപേക്ഷ പി.ഡബ്ല്യു.ഡി.-ക്ക് സമർപ്പിച്ചിട്ടുണ്ട്.

പാക്കേജ് III നിരവധി തവണ ടെൻഡർ ചെയ്തെങ്കിലും കരാറുകാർ ആരുംതന്നെ പങ്കെടുത്തില്ല. നാലാമത്തെ തവണ ടെൻഡർ ക്ഷണിച്ചപ്പോഴാണ് M/s. അക്വാ ഡിസൈൻസ് പ്രൈവറ്റ് ലിമിറ്റഡ് ദർഘാസ് സമർപ്പിക്കുകയും പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തത്. എന്നാൽ കരാറുകാരന്റെ ഭാഗത്തുണ്ടായ വീഴ്ച കാരണം കരാർ റദ്ദ് ചെയ്യേണ്ടതായി വന്നു. അതിനുശേഷം പ്രവൃത്തി റിസ്ക് ആന്റ് കോസ്റ്റിൽ നടപ്പിലാക്കുന്നതിന് മൂന്നുതവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. നാലാം തവണ ദർഘാസ് ക്ഷണിച്ചപ്പോൾ രണ്ട് കരാറുകാർ ദർഘാസുകൾ സമർപ്പിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

**ജല മലിനീകരണത്തിന്റെ തോത്**

234 (2930) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല മലിനീകരണത്തിന്റെ തോത് എത്ര എന്ന് വിശദമാക്കാമോ;

(ബി) ജല മലിനീകരണത്തിന്റെ തോത് കുറയ്ക്കാനായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ജലത്തിന്റെ ഗുണനിലവാരം അനുസരിച്ച് A, B, C, D, E എന്നീ ക്ലാസ്സുകളായി തിരിച്ചിട്ടുണ്ട്. കേരളത്തിലെ പുഴകളിലെ വെള്ളത്തിൽ രാസമാലിന്യം ഇല്ലാത്തതിനാലും ഓർഗാനിക് മാലിന്യങ്ങളുടെ സാന്നിദ്ധ്യം മാത്രമാണ് ഉള്ളതെന്നതിനാലും കൂടുതലായും B & C ക്ലാസ്സുകളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം 2018 പ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് ഒരു വർഷത്തിൽ കുറയാത്തതും മൂന്ന് വർഷത്തിൽ അധികരിക്കാത്തതുമായ തടവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ പിഴയും ഈടാക്കാൻ കഴിയും.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ്, നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജല മലിനീകരണത്തിന് കാരണമാകുമെന്നതിനാൽ മേൽപ്പറഞ്ഞ നിയമപ്രകാരമുള്ള അനുമതി ഉറപ്പാക്കി ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധന നടത്തിയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല മലിനീകരണം നിയന്ത്രിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ഗുണനിലവാരം മാസംതോറും പരിശോധിച്ച് പരിശോധനാഫലം വിലയിരുത്തി തുടർനടപടി സ്വീകരിക്കുകയും പ്രസ്തുത പരിശോധനാഫലങ്ങൾ ക്രോഡീകരിച്ച് വാട്ടർ ക്വാളിറ്റി ഡയറക്ടറി എല്ലാ വർഷവും ബോർഡ് പ്രസിദ്ധീകരിക്കുന്നു.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 പൊല്യൂട്ടഡ് റിവർ സ്ട്രെച്ചുകളിൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഈ നദികളെ മാലിന്യ മുക്തമാക്കുന്നതിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കുംവിധം ഗുണനിലവാരം മെച്ചപ്പെടുത്തുവാനുമായുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചു വരുന്നു.

## പെരിന്തൽമണ്ണ മണ്ഡലത്തിലെ മൈനോരിറ്റി കുടിവെള്ള പദ്ധതി

235 (2931) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന മൈനോറിറ്റി കുടിവെള്ള പദ്ധതി പ്രകാരം പെരിന്തൽമണ്ണ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിയ്ക്കാൻ ബാക്കിയുള്ളത്;

(ബി) ഓരോ പദ്ധതിയിൻകീഴിലും നാളിതുവരെ ചെലവഴിച്ച തുകയും ഇനി ചെലവഴിയ്ക്കാൻ ബാക്കിയുള്ള തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പദ്ധതി പൂർത്തീകരണം ത്വരിതഗതിയിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ & ബി) 1. വെട്ടത്തൂർ പഞ്ചായത്തിലെ 12 ലക്ഷം രൂപയുടെ വെട്ടത്തൂർ സർവ്വീസ് ബാങ്ക് ഏരിയ കുടിവെള്ള പദ്ധതി - തുകയൊന്നും ചെലവഴിച്ചിട്ടില്ല.

2. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ 30 ലക്ഷം എസ്റ്റിമേറ്റ് തുകയുള്ള മൗലാനാ ജംഗ്ഷൻ മുതൽ ഊട്ടി റോഡ് ബൈപാസ് ജംഗ്ഷൻ വരെ എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) മേൽ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പിലാക്കി വരുന്നത്. പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ ത്വരിത നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**പുതിയ കുടിവെള്ള- ജലവിതരണ പദ്ധതികൾ**

236 (2932) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ എത്ര കുടിവെള്ള- ജലവിതരണ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾവഴി എത്ര ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റിയുടെ പൂർത്തീകരിക്കപ്പെട്ട ജലവിതരണ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 845 കുടിവെള്ള പദ്ധതികൾ ജലനിധി രണ്ടാം ഘട്ടത്തിന്റെ ഭാഗമായി പൂർത്തീകരിച്ചിട്ടുണ്ട്. അതുവഴി 1,19,411 കുടുംബങ്ങളിലെ 5.25 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പ്രസ്തുത പദ്ധതികൾ വഴി പ്രതിദിനം ഏകദേശം 256.705 ദശലക്ഷം ലിറ്റർ ശുദ്ധീകരിച്ച കുടിവെള്ളവും ജലനിധി പദ്ധതികൾ വഴി ഒരു ഗുണഭോക്താവിന് 70 lpcd ജലവും ആണ് ലഭ്യമാക്കുന്നത്.

**രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി**

237 (2933) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയതെപ്പോഴാണെന്നും എത്ര രൂപയുടെ പദ്ധതിയാണിതെന്നും സംസ്ഥാന സർക്കാറിന്റെ വിഹിതമെന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പാക്കിയത്; ഏതെല്ലാം പ്രവൃത്തികളാണ് ഓരോ പഞ്ചായത്തിലും നടത്തിയത്; വ്യക്തമാക്കാമോ;

(സി) രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ പഞ്ചായത്തുകളെ ഉൾപ്പെടുത്താൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പഞ്ചായത്തുകളിൽ തുടങ്ങിവച്ച പ്രവൃത്തികൾ ഇപ്പോഴും പ്രവർത്തനക്ഷമമാണോ എന്നും ഗുണഭോക്താക്കൾക്ക് ഗുണം അനുഭവിക്കാൻ കഴിയുന്നുണ്ടോ എന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതിയുടെ ഗുണം ഇപ്പോൾ ലഭ്യമല്ലാത്തതെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഇ) പ്രവർത്തിക്കാത്ത മോട്ടോറുകൾ, ഉപയോഗശൂന്യമായ പൈപ്പുകൾ, നീരുറവയില്ലാത്ത കുഴൽകിണറുകൾ തുടങ്ങിയ കുടിവെള്ള പദ്ധതി പ്രശ്നങ്ങൾ പരിഹരിച്ച് ഗുണഭോക്താക്കളെ ഏൽപ്പിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - ഇ) കേന്ദ്ര സർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയം രാജീവ് ഗാന്ധി ദേശീയ കുടിവെള്ള മിഷനിലൂടെ കൊല്ലം ജില്ലയിൽ സ്വജൽധാര പദ്ധതി (സെക്ടർ റിഫോംസ് പൈലറ്റ് പ്രോജക്ട്) 2002-03 മുതൽ 2010-11 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് നടപ്പിലാക്കി. പദ്ധതിയുടെ മൂലധന ചെലവിന്റെ 90 ശതമാനം കേന്ദ്രവിഹിതവും 10 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്.

23,51,86,151 (ഇരുപത്തിമൂന്ന് കോടി അൻപത്തിയൊന്ന് ലക്ഷത്തി എൺപത്തിയാറായിരത്തി നൂറ്റിഅൻപത്തൊന്ന് രൂപ മാത്രം) രൂപയാണ് കേന്ദ്ര ധനസഹായമായി ലഭിച്ചത്. സംസ്ഥാന സർക്കാരിന്റെ വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചിട്ടില്ല. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിന്റെകീഴിൽ നടപ്പാക്കുന്ന പദ്ധതിയാണ്. ജലവിഭവ വകുപ്പിന്റെ കീഴിൽ വരുന്ന ഒന്നല്ല.

**ജപ്പാൻ കുടിവെള്ള പദ്ധതി**

238 (2934) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിൽ അനാവശ്യ കാലതാമസം വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരാനിടയായ സാഹചര്യം വിശദമാക്കാമോ ;

(ബി) ആവശ്യമായ പൈപ്പുകളിട്ട് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ എപ്പോൾ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജൈക്ക ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതി കോഴിക്കോട് കോർപ്പറേഷനും 13 അനുബന്ധ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള വിതരണ പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തത്. ഈ പദ്ധതി അഞ്ച് പാക്കേജുകളായി കരാർ നൽകുകയും നാല് പാക്കേജുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം 174 ദശലക്ഷം (എം.എൽ.ഡി.) ശേഷിയുള്ള ജലശുദ്ധീകരണശാല പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാണ്. പദ്ധതിയുടെ 20 ജലസംഭരണികളുടെ പണിയും അതിലേയ്ക്കുള്ള പ്രധാന പൈപ്പുലൈനുകളുടെ പ്രവൃത്തികളും (ചേളന്നൂർ ജലസംഭരണിയിലേയ്ക്കുള്ള പൈപ്പ് ലൈൻ 150 മീറ്റർ ഒഴികെ) പൂർത്തീകരിച്ചു. വിതരണ ശൃംഖലയുടെ പ്രവൃത്തികളിലാണ് പദ്ധതിയിൽ ഇപ്പോൾ കാലതാമസം നേരിടുന്നത്. 1854 കിലോമീറ്റർ വരുന്ന വിതരണ ശൃംഖലയുടെ പ്രവൃത്തി കരാർ എടുത്ത കെ. രാമകൃഷ്ണ കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി 2006-ൽ ജോലികൾ ആരംഭിച്ചെങ്കിലും കരാറുകാരുടെ അനാസ്ഥമൂലം 2010-ൽ കരാർ

നിർത്തലാക്കുകയും 2012-ൽ ശ്രീറാം ഇ.പി.സി. ലിമിറ്റഡ് എന്ന കമ്പനിക്ക് വീണ്ടും കാരാർ നൽകുകയും ചെയ്തു. കരാറുകാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകളും സമയാസമയത്ത് ലഭിക്കേണ്ട അനുമതികൾ വിവിധ വകുപ്പുകളിൽനിന്നും ലഭിക്കാത്തതും ജോലികൾ പൊതുവായി ജനങ്ങൾ തടയുന്നതും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. കൂടാതെ മുൻ കോൺട്രാക്ടർ സ്ഥാപിച്ച പൈപ്പ് ലൈനുകളിലെ ഗ്യാപ്പുകൾ കണ്ടെത്തി പൈപ്പുകൾ കൂട്ടിയോജിപ്പിക്കുന്ന പ്രവൃത്തിക്ക് വളരെ സമയം വേണ്ടിവരുന്നു. എങ്കിലും ഏകദേശം 70 ശതമാനം പ്രവൃത്തികൾ പൂർത്തിയായി.

ബേപ്പൂർ, കടലുണ്ടി മേഖലകളിലെ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം ആരംഭിച്ചിട്ടുണ്ട്.

ചെറുവണ്ണൂർ മേഖലയിൽ എൻ.എച്ച്.-ലെ അനുമതി ലഭ്യമാക്കി ഇപ്പോൾ പണി നടന്നുവരുന്നു. എന്നാൽ വാഹനങ്ങളുടെ ബാഹുല്യവും കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ., ഡിഫൻസ് എന്നീ വകുപ്പുകളുടെ കേബിളുകളും നിരപ്പിന്റെ പാർശ്വങ്ങളിൽ ഉള്ളതിനാൽ പൈപ്പിനുവേണ്ടി കുഴിയെടുക്കുന്നതിൽ ഉദ്ദേശിച്ചതിലും കൂടുതൽ കാലതാമസം നേരിടുന്നു. ഈ മേഖലയിൽ പ്രവൃത്തികൾ ഡിസംബർ അവസാനത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ചേളന്നൂർ മേഖലയിലെ ടാങ്കിലേക്ക് വരുന്നതും ടാങ്കിൽനിന്നും ഇറങ്ങുന്നതുമായ പ്രധാന പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി (എസ്.എൻ. കോളേജിന് സമീപം) എസ്.എൻ. കോളേജ് അധികൃതർ സ്ഥലം ലഭ്യമാക്കാത്തതിനാൽ തടസ്സപ്പെട്ടിരിക്കുകയാണ്.

കോവൂർ മേഖലയിൽ 75 കിലോമീറ്ററിൽ 13 കിലോമീറ്ററും പൊറ്റമ്മൽ മേഖലയിൽ 52 കിലോമീറ്ററിൽ 14 കിലോമീറ്ററും പൂർത്തീകരിക്കാനുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതിക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി അപേക്ഷ നൽകിയിട്ടുണ്ട്. അനുമതി ലഭിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ഈസ്റ്റ് ഹിൽ, മാലാപ്പറമ്പ്, ബാലമന്ദിരം, ഇരവത്ത്കുന്ന് (നോർത്ത്) മേഖലകളിൽ എൻ.എച്ച്.-ന്റെ അനുമതി ലഭിക്കാനുണ്ട്. അനുമതി ഉടൻ ലഭിച്ചാൽ മെയ് 2019-ന് പൂർത്തീകരിക്കുന്ന രീതിയിലാണ് കരാറുകാർ വർക്ക് പ്രോഗ്രാം നൽകിയിട്ടുള്ളത്.

എരവത്തുകുന്ന് (സൗത്ത്) മേഖലയിൽ റോഡ് ഫണ്ട് ബോർഡിന്റെ അനുമതിയും ലഭിക്കാനുണ്ട്. മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡിന്റെ വീതി കൂട്ടുന്ന ജോലികൾ ആരംഭിച്ചതിനാൽ എൻ.എച്ച്. 212-ൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികളും ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഉടൻ അനുമതികൾ ലഭിക്കുന്ന പക്ഷം 2019 മെയ് മാസത്തിനുള്ളിൽ ജോലികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

സ്റ്റീഫൻകുന്നിൽ തലക്കുളത്തൂർ ടാങ്കിലേയ്ക്കുള്ള റോഡിന്റെ അവകാശത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കോഴിക്കോട് അഡീഷണൽ മുൻസിഫ് കോടതിയുടെ ഇടക്കാല ഉത്തരവിനെത്തുടർന്ന് എലത്തൂർ, തലക്കുളത്തൂർ മേഖലകളിലേയ്ക്ക്, പൊതുവായി തലക്കുളത്തൂർ സ്റ്റീഫൻകുന്നിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിൽനിന്നും വിതരണക്കുഴൽ സ്ഥാപിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ എലത്തൂർ മേഖലയിൽ എലത്തൂർ മുതൽ പാവങ്ങാട് വരെ പൈപ്പ് സ്ഥാപിക്കുന്നതിന് ദേശീയ പാതാ വിഭാഗത്തിന്റെ അനുമതിയും ആവശ്യമാണ്.

ബാലുശ്ശേരി മേഖലയിൽ പൂർണ്ണമായും നന്മണ്ട, കുന്ദമംഗലം, കക്കോടി, കുരുവട്ടൂർ മേഖലകളിൽ ഭാഗികമായും ജലവിതരണം ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട് ജൈക്ക പദ്ധതിയിൽ വിഭാവനംചെയ്ത 1854 കിലോമീറ്റർ വിതരണ ശൃംഖലയിൽ ഇതുവരെ 1421 കിലോമീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് റോഡ് കുഴിച്ച് പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്ന പക്ഷം 2019 മെയ് മാസത്തിനുള്ളിൽ ജോലികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**കോങ്കയം കുടിവെള്ള പദ്ധതി**

239 (2935) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ കോങ്കയം കുടിവെള്ള പദ്ധതിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുപ്പത് വർഷത്തിലധികം പഴക്കമുള്ള പ്രസ്തുത പദ്ധതിയുടെ ദ്രവിച്ച പൈപ്പുകളും മറ്റും മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതിയോട് ചേർന്ന് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള C3/286/18/WRD നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുപ്പത് വർഷത്തോളം കാലപ്പഴക്കമുള്ള പദ്ധതിയുടെ നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് പകരം കോഡൂർ പഞ്ചായത്തിലെ മുഴവൻ പ്രദേശങ്ങൾക്കും വേണ്ടി ശുദ്ധജല വിതരണം നടത്തുന്നതിന് ശുദ്ധീകരണ ശാല ഉൾപ്പെടുന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുകയാണ് ഉചിതം. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിലുള്ള ദ്രവിച്ച പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതാണ്.

(സി) പ്രസ്തുത വിഷയത്തിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഗാർഹിക വാട്ടർ കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

240 (2936) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിൽ ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് പ്രകാരം ലൈസൻസ്ഡ് പ്ലംബർ മുഖേന അല്ലാതെ എത്ര ഗാർഹിക കണക്ഷൻ വാട്ടർ അതോറിറ്റി ഈ സർക്കാരിന്റെ കാലത്ത് നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ഓണർഷിപ്പ് സർട്ടിഫിക്കറ്റോ, റെസിഡൻഷ്യൽ സർട്ടിഫിക്കറ്റോ ഇല്ലാതെ മറ്റ് തിരിച്ചറിയൽ രേഖകൾ ആധാരമാക്കി എത്ര ഗാർഹിക കണക്ഷൻ ഈ സർക്കാരിന്റെ കാലത്ത് നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഗാർഹിക കണക്ഷൻ ലഭിക്കുന്നതിനായി ഉപഭോക്താക്കൾ നേരിട്ട് സമർപ്പിച്ച അപേക്ഷകൾ ഉദ്യോഗസ്ഥർ നിരുത്സാഹപ്പെടുത്തുകയും പ്ലംബർ മുഖേനയെ അപേക്ഷ സമർപ്പിക്കാവൂ എന്ന് തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട്;

(ഡി) സാധാരണ ജനങ്ങളുടെ അറിവിലേക്കായി തിരിച്ചറിയൽ രേഖകളുടെ അടിസ്ഥാനത്തിൽ കേരളാ വാട്ടർ അതോറിറ്റി നേരിട്ട് വാട്ടർ കണക്ഷൻ നൽകും എന്ന അറിയിപ്പുകൾ എല്ലാ വാട്ടർ അതോറിറ്റി ഓഫീസിലും പ്രദർശിപ്പിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ലൈസൻസ്ഡ് പ്ലംബർ മുഖേന അല്ലാതെ 4146 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) മറ്റ് തിരിച്ചറിയൽ രേഖകൾ ആധാരമാക്കി 1983 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഭൂരിഭാഗം ഓഫീസുകളിലും അപ്രകാരം അറിയിപ്പുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള ഓഫീസുകളിലും പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഗാർഹിക കുടിവെള്ള കണക്ഷനുകൾ**

241 (2937) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നൽകിയ ഗാർഹിക കണക്ഷനുകളിൽ എത്രമാത്രം വർദ്ധനവുണ്ടാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിൽ എത്ര കണക്ഷനുകൾ നല്കാൻ ഇതുവരെ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗാർഹിക കുടിവെള്ള കണക്ഷനുകൾ അപേക്ഷ ലഭിച്ച് ഏഴ് ദിവസത്തിനകം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉടമസ്ഥാവകാശ രേഖ ലഭ്യമാക്കാത്തവർക്ക് ആധാർ, കരം ഒടുക്കിയ രസീത്, വോട്ടേഴ്സ് ഐ.ഡി. കാർഡ് തുടങ്ങിയവ പരിശോധിച്ചും കണക്ഷൻ നൽകുന്നു. കൂടാതെ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പുതുതായി പദ്ധതികൾ പൂർത്തീകരിച്ച് പുതിയ വാട്ടർ കണക്ഷനുകൾ നൽകി വരുകയും നിലവിലുള്ള ലൈനുകളുടെ പരിധി വർദ്ധിപ്പിച്ച് പരമാവധി ഉപഭോക്താക്കൾക്ക് ജലവിതരണം നടത്തുന്നതിനായി പൈപ്പ് നീട്ടൽ, വർക്കിനോടൊപ്പം തന്നെ പുതിയ കണക്ഷനുകൾ കൊടുക്കുന്നതിനും ചേർത്ത് പദ്ധതി സമർപ്പിച്ചിട്ടുണ്ട്. അമൃത് പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ലക്ഷ്യമിട്ടിരുന്ന ഗാർഹിക കണക്ഷനുകൾ 262208 എണ്ണം ആണ്. ഇതിൽ 161459 എണ്ണം കണക്ഷനുകൾ നൽകുവാൻ സാധിച്ചു.

**കാലാവസ്ഥാ വ്യതിയാനവും ജലദൗർലഭ്യവും**

242 (2938) ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. ജോയി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവുംമൂലം വേനൽക്കാലത്ത് ജല ദൗർലഭ്യം കൂടുതൽ രൂക്ഷമാകാൻ ഇടയുള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും അവയുടെ കൈയ്യേറ്റങ്ങൾ തടയുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, ചിറകൾ മുതലായവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും അവയിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഭൂജല ഉപയോഗത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും ആദ്യം ബാധിക്കുന്നത് ജലവിഭവ മേഖലയെയായിരിക്കും എന്നത് പരിഗണിച്ച് പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, നീർച്ചാലുകൾ എന്നിവയുടെ സംരക്ഷണത്തിന് പ്രാമുഖ്യം നൽകുന്നുണ്ട്. ഇതോടൊപ്പം നദികളിൽ ജലലഭ്യത വർദ്ധിക്കാനുതകും വിധം ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി" യുടെ ഭാഗമായി നീർത്തടപ്ലാൻ തയ്യാറാക്കി റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ മുൻഗണനപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരമുള്ള പ്രവർത്തന ങ്ങൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അനുമതി നൽകി വരുന്നു. കൂടാതെ, നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും ലഭ്യത വർദ്ധിപ്പിക്കുന്നതിനും

സഹായകമായ തടയണകൾ, വി.സി.ബി.കൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ചു വരുന്നു. ജനപങ്കാളിത്തത്തോടുകൂടി പുഴകളുടെ ശുചീകരണ പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് അതോറിറ്റി പരസ്യ ബോർഡുകൾ സ്ഥാപിച്ചും മാധ്യമങ്ങൾ വഴി ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളിലെ ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺവെൽ, നിലവിലുള്ള സ്കീമുകളിലെ കിണർ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി സംരക്ഷിച്ചു വരുന്നു. കൂടാതെ, ജല ദുരുപയോഗം കുറയ്ക്കുന്നതിനുവേണ്ടി മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്.

ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, റീചാർജ്ജ് പിറ്റ്, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണ, ചെറിയ തടയണ എന്നിവയുടെ നിർമ്മാണം ഭൂജല സ്രോതസ്സുകളുടെ സംരക്ഷണത്തിനും ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനുമായി ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു.

കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002-ലെ സെക്ഷൻ 15 സബ് സെക്ഷൻ (ജെ) പ്രകാരം മലിനജല നിർഗ്ഗമനകുഴലുകളും മറ്റും ജലസ്രോതസ്സുകളെ ബാധിക്കുന്ന വിധം സ്ഥാപിക്കുന്നതും ഉപരിതല ജല സ്രോതസ്സുകളിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ ഭൂജല സ്രോതസ്സുകളെ ബാധിക്കാൻ സാധ്യതയുള്ളതായി കണ്ടാൽ അതും തടയുന്നതിനും ഭൂജല വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ അതുസംബന്ധിച്ച വിവരം റവന്യൂ/തദ്ദേശസ്വയംഭരണ സ്ഥാപന അധികൃതരെ അറിയിക്കാറുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നത് റവന്യൂ അധികൃതരാണ്.

(ബി) പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, ചിറകൾ എന്നിവ ശുചിയാക്കി, സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ഏറ്റെടുത്ത് വരുന്നു. തൊഴിലുറപ്പ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയും കുളങ്ങൾ/ചിറകൾ

ശുചീകരിച്ച് പുനരുദ്ധാരണ പ്രവർത്തനം നിർവ്വഹിക്കുന്നു. കൂടാതെ, ഹരിതകേരളം മിഷന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെയും ഇത്തരം പ്രവൃത്തികൾ നിർവ്വഹിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിലെ വണ്ടിച്ചിറ, ആനത്താഴ്ച്ചിറ എന്നീ ജലാശയങ്ങൾ നവീകരിച്ച് ശുദ്ധജല വിതരണത്തിനായി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഈ ആക്ടിൻ പ്രകാരമുള്ള ചട്ടങ്ങൾ 2004 മാർച്ച് 16-ന് നിലവിൽ വരികയും ഇതനുസരിച്ച് കേരള സംസ്ഥാന ഭൂജല അതോറിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ ഭൂജല ഉപയോഗത്തിൽ കർശനമായ നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കുഴൽ കിണറുകളുടെ നിർമ്മാണത്തിനും നിലവിലുള്ള കിണറുകൾ പരിവർത്തനം ചെയ്യുന്നതിനും അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. കൂടാതെ വ്യാവസായികാവശ്യത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ട്. അമിത ഭൂജല ചൂഷണം നടത്തുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികളിന്മേൽ ഭൂജല വകുപ്പ് ശാസ്ത്രീയ പഠനങ്ങൾ നടത്തി പ്രസ്തുത പ്രദേശങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരുന്നു. ഭൂജല വകുപ്പ് ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻകീഴിൽ ഭൂജല ഉപഭോഗം, സംരക്ഷണം, കൃത്രിമ ഭൂജല സംപോഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും വിദ്യാർത്ഥി കൾക്കും ബോധവൽക്കരണ സെമിനാറുകൾ ജില്ലകളിൽ സംഘടിപ്പിച്ചുവരുന്നു.

**കുടിവെള്ളം, ജലസേചനം, ഭൂഗർഭ ജലം പദ്ധതികൾ**

243 (2939) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും കുടിവെള്ളം, ജലസേചനം, ഭൂഗർഭ ജലം എന്നീ പദ്ധതികൾക്കായി 2018-19 സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ?

<u>ഉത്തരം</u>

<u>കേരള ജല അതോറിറ്റി</u>

കേരള ജല അതോറിറ്റി കുടിവെള്ള പദ്ധതികൾക്കായി 2018-19 സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

<u>ഭൂജല വകുപ്പ്</u>

2018-19 സാമ്പത്തിക വർഷം ഭൂഗർഭ ജലം പദ്ധതിയിൻ കീഴിൽ ആറ് പദ്ധതികൾക്കായി 2072 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് നിയോജക മണ്ഡലം തിരിച്ചല്ല ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ ആഗസ്റ്റ് മാസം നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന് കീഴിൽ 110 ലക്ഷം രൂപയുടെ അധിക ധനാനുമതി അനുവദിച്ചിട്ടുണ്ട്.

<u>ജലനിധി</u>

ജലനിധി രണ്ടാം ഘട്ട പദ്ധതിക്കായി 216 കോടി രൂപയും ജലനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖാന്തരം സംസ്ഥാനത്തു നടപ്പിലാക്കുന്ന മഴവെള്ള സംഭരണം- ഭൂജല പരിപോഷണം പദ്ധതിക്കായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 20 കോടി രൂപയും ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട സ്കീമുകളുടെ സുസ്ഥിരതയ്ക്ക് വേണ്ടിയുള്ള പദ്ധതികൾക്കായി 10 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

<u>ജലസേചന വകുപ്പ്</u>

ജലസേചന വകുപ്പിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. 2018-19 സാമ്പത്തിക വർഷം ജലസേചന വകുപ്പിന് കീഴിലെ വിവിധ വകുപ്പുകൾക്ക് വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്കായി മേജർ ഇറിഗേഷനു കീഴിൽ ആകെ (പ്ലാൻ 1.86 കോടി, നോൺ പ്ലാൻ- 163.97) 165.83 കോടി രൂപയും മൈനർ ഇറിഗേഷനു കീഴിൽ ആകെ (പ്ലാൻ- 234.8 കോടി, നോൺ പ്ലാൻ- 81.43 കോടി) 316.23 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്കായി 151.02 കോടി രൂപയും കുട്ടനാട്

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാക്കേജ് ചീഫ് എഞ്ചിനീയർക്കായി 116.14 കോടി രൂപയുമാണ് (ഷെയർ ഡെബിറ്റ് ഉൾപ്പെടെ) വകയിരുത്തിയിരിക്കുന്നത്. പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയർക്ക് പ്ലാൻ ശീർഷകത്തിൽ 3750 ലക്ഷം രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 9356 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർക്ക് പ്ലാൻ ശീർഷകത്തിൽ 9231 ലക്ഷം രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 1415 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്രം കുടിവെള്ള പദ്ധതി**

244 (2940) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ആറൻമുള മണ്ഡലത്തിൽപ്പെടുന്ന ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്രം എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനപ്പെടുന്നതുമായ കുടിവെള്ള പദ്ധതിക്ക് എത്ര തുകയായിരുന്നു പ്രഖ്യാപിച്ചിരുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദമായ അടങ്കൽ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ) ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾ കൂടി ഉൾപ്പെടുന്ന പുറമറ്റവും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദനഘടകങ്ങൾ ഉൾപ്പെട്ടിട്ടുള്ള ഒന്നാം ഘട്ടം ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് 4235 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. കൂടാതെ, ഈ പദ്ധതിയുടെ രണ്ടാം ഘട്ടം കിഫ്ബിയുടെ സഹായത്തോടെ നടപ്പാക്കാൻ 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു.

(ബി) ഉണ്ട്.

(സി) ഈ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിക്കുന്നു. കോയിപ്രം പഞ്ചായത്തിൽ ഒന്നാംഘട്ടത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രതിദിനം 35 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയ്ക്കുവേണ്ടി ഉദ്ദേശിച്ചിരുന്ന സ്ഥലമെടുപ്പിനെതിരെ വസ്തു ഉടമ ബഹുമാനപ്പെട്ട കേരള

ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയുണ്ടായി. തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി 30-10-2018 ന് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വസ്തു ഉടമയെ നേരിൽ കേട്ടശേഷം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ചെർപ്പുളശ്ശേരി കുടിവെള്ള പദ്ധതി**

245 (2941) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡ് സഹകരണത്തോടെ എത്ര കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിലുൾപ്പെടുന്ന ചെർപ്പുളശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ?

ഉത്തരം

(എ) 38 പദ്ധതികൾ നിലവിൽ നടന്നുവരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്.

**തൃപ്പൂണിത്തുറ കോണോത്തുപുഴ സംരക്ഷണം**

246 (2942) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കോണോത്തുപുഴ മാലിന്യമുക്തമാക്കി കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതി പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) സമയബന്ധിതമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കോണോത്തുപുഴ മാലിന്യമുക്തമാക്കി കയ്യേറ്റം ഒഴിപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതി പ്രാദേശിക പരിശോധനയും മറ്റ് പഠനങ്ങളും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികളും ചീഫ് എഞ്ചിനീയർ കൈക്കൊണ്ടുവരുന്നു.

**വാട്ടർ അതോറിറ്റിയുടെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ**

247 (2943) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ ഏതെല്ലാം പദ്ധതികളാണ് നിലവിൽ മുടങ്ങിക്കിടക്കുന്നത്;

(ബി) അവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) & (ബി) മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**സ്വിവറേജ് മാൻഹോളുകൾ വൃത്തിയാക്കാൻ റോബോട്ടുകൾ**

248 (2944) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ സ്വീവറേജ് മാൻഹോളുകൾ വൃത്തിയാക്കുന്നതിന് എത്ര റോബോട്ടുകൾ ഉണ്ട്;

(ബി) ഈ റോബോട്ടുകൾ ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ട്;വ്യക്തമാക്കമോ ;

(സി) റോബോട്ടുകൾ ഉപയോഗിക്കുന്നതിന് എത്ര രൂപയാണ് നൽകേണ്ടതെന്നും ഇതിൽ എത്ര രൂപ നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) കേരള വാട്ടർ അതോറിറ്റിയുടെ സ്വിവറേജ് മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി "ബാൻഡിക്കൂട്ട്" എന്ന പേരിൽ ഒരു റോബോട്ട് സംവിധാനം ജെൻറോബോട്ടിക്സ് എന്ന സ്റ്റാർട്ടപ്പ് സ്ഥാപനം കേരള ജല അതോറിറ്റിയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സഹകരണത്തോടെ വികസിപ്പിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്ത ഈ റോബോട്ടിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനായി നിർമ്മാതാക്കളെ ഏൽപ്പിച്ചിട്ടുണ്ട്. നിലവിൽ വാട്ടർ അതോറിറ്റിയുടെകീഴിൽ ബാൻഡിക്കൂട്ട് റോബോട്ടുകൾ ഉപയോഗിക്കുന്നില്ല.

(സി) വാട്ടർ അതോറിറ്റി ബാൻഡിക്കൂട്ട് റോബോട്ടിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രാരംഭ മാതൃക നിർമ്മാണത്തിനായി അതോറിറ്റി തീരുമാനപ്രകാരം 14 ലക്ഷം രൂപ അംഗീകരിച്ച് നിർമ്മാതാക്കൾക്ക് വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

**കേരള ജല അതോറിറ്റിയിലെ ഒഴിവുകൾ**

249 (2945) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയിൽ ഡിപ്പാർട്ട്മെന്റ്തല സ്ഥാനക്കയറ്റ സമിതി (ഡി.പി.സി.)യുടെ യോഗം ഈ വർഷം ചേരാൻ വൈകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടുത്ത വർഷത്തെ കൃത്യസമയത്ത് കൂടുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;

(ബി) നിലവിൽ എത്ര എ.ഇ., എ.എക്സ്.ഇ., ഇ.ഇ., ഡി.സി.ഇ., സി.ഇ. തുടങ്ങിയ എത്ര തസ്തികകൾ ഉണ്ട്; ഇതിൽ എത്ര ഒഴിവുകൾ ഉണ്ട്; ഒഴിവുകളിലേയ്ക്ക് പി.എസ്.സി.യിൽ നിന്നും നിയമിക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ തസ്തികകളിൽ നിശ്ചിത യോഗ്യത ഉള്ളവർ ഇല്ലാത്തതിനാൽ നിയമനം നടത്താൻ പറ്റാത്ത സാഹചര്യം ഉണ്ടോ;

(ഡി) കേരള ജല അതോറിറ്റിയിലെ എത്ര ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷനിലുണ്ട്; കേരള ജല അതോറിറ്റിക്ക് മറ്റ് സ്ഥലങ്ങളിൽ എത്ര ഡെപ്യൂട്ടേഷൻ തസ്തികകൾ ഉണ്ട്; സി.ടി.ഇ.യായി കേരള ജല അതോറിറ്റിയിൽ ആരെങ്കിലും ഡെപ്യൂട്ടേഷൻവഴി ഈ വർഷം നിയമനം ആയിട്ടുണ്ടോ; സി.ടി.ഇ.യിലേയ്ക്ക് ആരെങ്കിലും ഡെപ്യൂട്ടേഷൻവഴി നിയമനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഡെപ്യൂട്ടേഷൻ ഒഴിവും കൂടി പരിഗണിച്ച് പ്രൊമോഷൻ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഡിപ്ലോമ ക്വാട്ട ഒഴിവ് നികത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ അവ ഡിഗ്രി ക്വാട്ടയ്ക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അപ്രതീക്ഷിതമായ ഒഴിവുകൾ വന്നതിനാൽ Ad-hoc DPC കൂടുന്നതിന് ചെറിയ കാലതാമസം നേരിട്ടു. അടുത്ത വർഷത്തെ DPC കൃത്യസമയത്ത് കൂടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ എ.ഇ., എ.എക്സ്.ഇ., ഇ.ഇ., എസ്.ഇ., സി.ഇ. തുടങ്ങിയ തസ്തികകളുടെ അംഗബലം (sanctioned strength), 4 ഒഴിവുകളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു:

| | തസ്തിക | അംഗബലം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 404 | 11 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 232 | 8 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 73 | 1 |
| 4 | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർ | 28 | 0 |
| 5 | ചീഫ് എഞ്ചിനീയർ | 6 | 0 |

ടി തസ്തികകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ മാത്രമാണ് പി.എസ്.സി. വഴി നിയമനം നടത്തുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ നിയമന നടപടികൾക്കായി പി.എസ്.സി.ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കേരള ജല അതോറിറ്റിയിൽ 5 ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷനിലുണ്ട്. കേരള ജല അതോറിറ്റിക്ക് മറ്റ് സ്ഥലങ്ങളിൽ ഡെപ്യൂട്ടേഷൻ തസ്തികകൾ ഇല്ല. സി.റ്റി.ഇ. ആയി കേരള ജല അതോറിറ്റിയിൽ ആരും തന്നെ ഡെപ്യൂട്ടേഷൻ വഴി ഈ വർഷം നിയമനം നേടിയിട്ടില്ല. സി.റ്റി.ഇ.ലേയ്ക്ക് ഒരു ഉദ്യോഗസ്ഥൻ ഡെപ്യൂട്ടേഷൻവഴി നിയമനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയ ശ്രീ. കൃഷ്ണ കുമാർ വി. എസ്. എന്ന ഉദ്യോഗസ്ഥനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

(ഇ) ഡെപ്യൂട്ടേഷൻ ഒഴിവുകൾ കൂടി പരിഗണിച്ചാണ് പ്രൊമോഷൻ നൽകി വരുന്നത്.

(എഫ്) ഡിപ്ലോമ ക്വാട്ടയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി പ്രൊമോഷൻ ലഭിക്കുവാൻ യോഗ്യത നേടിയ സീനിയർ ആയ ഉദ്യോഗാർത്ഥികൾ ഇല്ലാതിരുന്നതിനാൽ ഒഴിവുകൾ നികത്തുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ ഇപ്പോൾ ഡിഗ്രി ക്വാട്ടയിലെ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സെലക്ട് ലിസ്റ്റിൽ ആവശ്യത്തിനുള്ള ജീവനക്കാരെ ഉൾപ്പെടുത്താൻ നടപടി

250 (2946) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കിയിട്ടുള്ള സെലക്ട് ലിസ്റ്റിൽ ആവശ്യത്തിനുള്ള ജീവനക്കാരില്ലാത്തതിനാൽ ഒഴിവുള്ള തസ്തികയിലേക്ക് പ്രൊമോഷൻ നടത്തുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി സെലക്ട് ലിസ്റ്റിൽ ആവശ്യത്തിനുള്ള ജീവനക്കാരെ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകുമോ;

(സി) നിലവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; അവ നികത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ യോഗ്യതയും സീനിയോറിറ്റിയും ഉള്ള ഡിപ്ലോമ ഹോൾഡേഴ്സ് ഇല്ലാത്തതിനാൽ ഡിഗ്രി ഹോൾഡേഴ്സിനെ പരിഗണിച്ച് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

(സി) നിലവിൽ 8 ഒഴിവുകൾ ഉണ്ട്. അവ നികത്തുന്നതിനായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## വാട്ടർ അതോറിറ്റി പെൻഷൻകാർക്കുള്ള ആനുകൂല്യങ്ങൾ

251 (2947) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് 1-7-2014-നുമുമ്പ് പെൻഷനായവർക്ക് പെൻഷൻ പരിഷ്കരണ ഉത്തരവ് അടിസ്ഥാനമാക്കിയുള്ള പെൻഷൻ കുടിശ്ശികയും, 1-7-2014-നുശേഷം പെൻഷനായവരുടെ ഗ്രാറ്റുവിറ്റിയും ലീവ് സറണ്ടർ ആനുകൂല്യങ്ങളും അടിയന്തരമായി കൊടുത്തുതീർക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാർക്ക് നടപ്പിലാക്കുന്ന ഹെൽത്ത് ഇൻഷ്വറൻസ് സ്കീം, വാട്ടർ അതോറിറ്റി പെൻഷൻകാർക്കും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽനിന്നും 1-7-2014-ന് മുമ്പ് പെൻഷനായതും അപേക്ഷ നൽകിയതും അർഹതയുള്ളവരുമായ 6346 പേർക്ക് പെൻഷൻ കുടിശ്ശികയുടെ ആദ്യ ഗഡു വിതരണം ചെയ്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നതിനാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 1-7-2014-ന് ശേഷം പെൻഷനായവരുടെ ഗ്രാറ്റുവിറ്റിയും ലീവ് സറണ്ടർ ആനുകൂല്യങ്ങളും കൊടുത്തുതീർക്കാൻ ആവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. എന്നാൽ പുതുക്കിയ നിരക്കിലുള്ള പെൻഷൻ തുക അപേക്ഷ നൽകിയ എല്ലാ പെൻഷൻകാർക്കും നിലവിൽ നൽകിവരുന്നു.

(ബി) പരിശോധിച്ചുവരുന്നു.

## തലശ്ശേരി, കൂത്തുപറമ്പ് കുടിവെള്ള പദ്ധതി

252 (2948) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള 'തലശ്ശേരി, കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികളാണ് ഇനി ഉള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2017-18 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി-കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിക്ക് 85.86 കോടി രൂപയുടെ ധനസഹായത്തിന് കിഫ്ബിയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 23 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി നിർമ്മിക്കാൻ പെരിങ്ങളം വില്ലേജിൽ റീസർവ്വേ നമ്പർ 106/2-ൽ 25 സെന്റും 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജല സംഭരണി നിർമ്മിക്കാൻ പെരിങ്ങത്തൂർ വില്ലേജിൽ സർവ്വേ നമ്പർ 182/1 ബി 2-ൽ 25 സെന്റും 6 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള സമ്പും പമ്പ് ഹൗസും നിർമ്മിക്കാൻ പെരിങ്ങളം വില്ലേജിൽ റീസർവ്വേ നം. 115/3-ൽ 15 സെന്റും ഗ്രാവിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കാൻ പടുവിലായി വില്ലേജിൽ റീസർവ്വേ നം. 52/2-ൽ 2.5 സെന്റ് സ്ഥലവും ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലങ്ങൾ ലാന്റ് അക്വിസിഷൻ വഴി ലഭ്യമാക്കുന്നതിന് 22-11-2018-ൽ കണ്ണൂർ ജില്ലാ കളക്ടർക്ക് കേരള വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ മറ്റൊരു ഘടകമായ 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി നിർമ്മിക്കുവാൻ തലശ്ശേരി ഗവ. കോളേജിന്റെ 25 സെന്റ് (ചൊക്ലി വില്ലേജ് റീ സർവ്വേ നമ്പർ 67/5) ഭൂമി ആവശ്യമാണ്. പ്രസ്തുത സർക്കാർ ഭൂമി വാട്ടർ അതോറിറ്റിക്ക് ലഭ്യമാക്കുന്ന കാര്യം ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് വരുന്നു.

പദ്ധതിക്ക് ആവശ്യമായ എല്ലാ സ്ഥലങ്ങളും ലഭ്യമാക്കിയതിനുശേഷമേ സാങ്കേതികാനുമതിക്കുള്ള നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ ഏകദേശം രണ്ടു വർഷ കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാമെന്നും പ്രതീക്ഷിക്കുന്നു.

**ജൈക്ക കുടിവെള്ള പദ്ധതി**

253 (2949) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ജൈക്ക കുടിവെള്ള പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ; അവശേഷിക്കുന്നവ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും; വ്യക്തമാക്കമോ;

(ബി) ജൈക്ക പദ്ധതിയുടെ കരാർ പ്രവൃത്തികളിൽ അസാധാരണമായ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. പദ്ധതി 5 പാക്കേജുകളിലായി കരാർ നൽകുകയും 4 പാക്കേജുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ 174 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാല പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാണ്. പദ്ധതിയുടെ 20 ജലസംഭരണികളുടെ പണിയും അതിലേയ്ക്കുള്ള പ്രധാന പൈപ്പ് ലൈനുകളുടെ പ്രവൃത്തികളും (ചേളന്നൂർ ജലസംഭരണിയിലേയ്ക്കുള്ള 150 മീറ്റർ പൈപ്പ് ലൈൻ ഒഴികെ) പൂർത്തീകരിച്ചു. 70 ശതമാനം പ്രവൃത്തികൾ പൂർത്തിയായി.

ബേപ്പൂർ, കടലുണ്ടി മേഖലകളിലെ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം ആരംഭിച്ചിട്ടുണ്ട്.

ചെറുവണ്ണൂർ മേഖലയിൽ എൻ.എച്ച്.-ലെ അനുമതി ലഭിച്ച് ഇപ്പോൾ പ്രവൃത്തികൾ നടന്നുവരുന്നു. എന്നാൽ വാഹനങ്ങളുടെ ബാഹുല്യവും കെ.എസ്.ഇ.ബി., ബി.എസ്..എൻ.എൽ., ഡിഫൻസ് എന്നീ വകുപ്പുകളുടെ കേബിളുകളും നിരത്തിന്റെ പാർശ്വങ്ങളിൽ ഉള്ളതിനാൽ പൈപ്പിനുവേണ്ടി കുഴിയെടുക്കുന്നതിൽ കൂടുതൽ കാലതാമസം നേരിടുന്നു. ഈ വർഷം ഡിസംബറോടെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കോവൂർ മേഖലയിൽ 75 കിലോമീറ്ററിൽ 13 കിലോമീറ്ററും പൊറ്റമ്മൽ മേഖലയിൽ 52 കിലോമീറ്ററിൽ 14 കിലോമീറ്ററും പൂർത്തീകരിക്കാനുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിയുകയുള്ളൂ.

ഈസ്റ്റ് ഹിൽ, മലാപ്പറമ്പ്, ബാല മന്ദിരം, എരവത്ത്കുന്ന് (നോർത്ത്) മേഖലകളിൽ എൻ.എച്ച്.-ന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി 2019 മേയിൽ പൂർത്തീകരിക്കുന്ന തരത്തിൽ തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

എരവത്തുകുന്ന് (സൗത്ത്) മേഖലയിൽ റോഡ് ഫണ്ട് ബോർഡിന്റെ അനുമതിയും എൻ.എച്ച്. 212-ൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്കുള്ള അനുമതിയും ലഭ്യമാകുന്ന പക്ഷം 2019 മേയ് മാസത്തിനുള്ളിൽ ജോലികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. എൻ.എച്ച്. വിഭാഗത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വിതരണ ശൃംഖലകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിക്ക് സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**തഴക്കര, കുറത്തിക്കാട് കുടിവെള്ള പദ്ധതികൾ**

254 (2950) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഴക്കര കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ.ന് അംഗീകാരം നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;പ്രസ്തുത നടപടി പൂർത്തിയായിട്ടുണ്ടോ; ഇതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) കുറത്തികാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കല്ലുമല റെയിൽവേ ലൈൻ മറികടന്ന് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര മുനിസിപ്പാലിറ്റിക്കും തഴക്കര, ചെട്ടിക്കുളങ്ങര പഞ്ചായത്തു കൾക്കുമായി വിഭാവനം ചെയ്തിട്ടുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്കായുള്ള പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി പരിശോധനയിലാണ്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നടത്തേണ്ട ഡിജിറ്റൽ സർവ്വേ പുരോഗമിച്ചുവരുന്നു. സർവ്വേ നടപടികൾക്കായി 2018-19-ലെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ അനുവദിച്ചു. ദർഘാസ് നടപടികൾ പൂർത്തിയാക്കി സർവ്വേ പുരോഗമിച്ചു വരുന്നു.

(ബി & സി) കുറത്തിക്കാട് കുടിവെള്ള പദ്ധതിയിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പ്രായിക്കര പാലത്തിന് സമാന്തരമായുള്ള ലൈൻ, കല്ലുമല റെയിൽവേ പാലത്തിനു സമാന്തരമായുള്ള ലൈൻ അടക്കം 700 മീറ്ററോളം വരുന്ന ഗ്യാപ്പുകൾ, കുറത്തിക്കാട് ഉന്നതതല ജലസംഭരണിയുടെ വെർട്ടിക്കൽ കണക്ഷൻ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ജലശുദ്ധീകരണശാലയോടനുബന്ധിച്ച് 400 KVA ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സ്ഥാപിക്കുവാനുണ്ട്.

റെയിൽവേ പാലത്തിനുസമാന്തരമായി പൈപ്പ് ലൈൻ ബ്രിഡ്ജ് പണിയുന്നതിനുള്ള ഡിസൈൻ കേരള വാട്ടർ അതോറിറ്റി റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയുടെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റിക്ക് സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കോന്നി മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

255 (2951) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) അവയുടെ ഓരോന്നിന്റെയും നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും ആരംഭിക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണ്; ആയതിലേക്ക് നാളിതുവരെയായി എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ താഴെ പറയുന്നവയാണ്:

1. കോന്നി അരുവാപുലം ശുദ്ധജല വിതരണ പദ്ധതി
2. പൊന്തനാംകുഴി ശുദ്ധജല വിതരണ പദ്ധതി
3. മലയാലപ്പുഴ ശുദ്ധജല വിതരണ പദ്ധതി
4. പ്രമാടം ശുദ്ധജല വിതരണ പദ്ധതി
5. കോന്നി താഴം ശുദ്ധജല വിതരണ പദ്ധതി
6. വള്ളിക്കോട്, കൊടുമൺ, അങ്ങാടിക്കൽ ശുദ്ധജല വിതരണ പദ്ധതി
7. തണ്ണിത്തോട് ശുദ്ധജല വിതരണ പദ്ധതി.

നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ

1. കോന്നി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള പദ്ധതി
2. സീതത്തോട്, നിലയ്ക്കൽ, പ്ലാപ്പള്ളി ഒന്നാംഘട്ട പദ്ധതി.

(ബി) നിലവിലുള്ള പദ്ധതികളിൽ വള്ളിക്കോട് കൊടുമൺ പദ്ധതി 2008-ലും കോന്നി താഴം പദ്ധതി 2012-ലും കമ്മീഷൻ ചെയ്തുവയാണ്. മലയാലപ്പുഴ പദ്ധതി 2014-ൽ കമ്മീഷൻ ചെയ്തതാണ്. ബാക്കി പദ്ധതികൾ എല്ലാംതന്നെ 30 വർഷം പഴക്കമുള്ളവയാണ്. കോന്നി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള കുടിവെള്ള

പദ്ധതിയുടെ ജല ശുദ്ധീകരണശാലയുടെ 50 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു. റോ വാട്ടർ പമ്പിംഗ് മെയിൻ 70 ശതമാനം പൂർത്തിയാക്കി. ഇൻടേക്ക് കിണറിന്റെ പണി ഉടൻ ആരംഭിക്കും. സീതത്തോട്, നിലയ്ക്കൽ, പ്ലാപ്പള്ളി ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ ജലശുദ്ധീകരണശാല, കിണർ, പമ്പ് ഹൗസ് എന്നിവ 90 ശതമാനം പൂർത്തിയാക്കി.

(സി) കോന്നി നിയോജകമണ്ഡലത്തിൽ നിലവിൽ ഭരണാനുമതി ലഭിച്ച എല്ലാ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. മേൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഗാർഹിക പൈപ്പ് കണക്ഷൻ**

256 (2952) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ ഗാർഹിക പൈപ്പ് കണക്ഷൻ കൺസ്ട്രക്ഷൻ ആവശ്യത്തിലേയ്ക്ക് മാറ്റുമ്പോഴും തിരികെ ഗാർഹിക കണക്ഷനിലേയ്ക്ക് മാറ്റുമ്പോഴും ഉപഭോക്താവിന് ഉണ്ടാകുന്ന നഷ്ടവും ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ പരാതി ഒന്നും ലഭിച്ചിട്ടില്ല.

**പമ്പയിൽ ജലശുചീകരണ പ്ലാന്റ്**

257 (2953) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പയിൽ ആധുനിക ജല ശുചീകരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്ലാന്റിലേക്ക് നിലവിൽ എവിടെ നിന്നാണ് വെള്ളമെത്തിക്കുന്നത് ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്ലാന്റിലേയ്ക്ക് പമ്പാ നദിയിൽ ത്രിവേണിയിൽ സ്ഥാപിച്ചിട്ടുള്ള ചെക്ക് ഡാമിനുള്ളിലുള്ള ഇൻടേക്ക് സംവിധാനത്തിൽ നിന്നാണ് വെള്ളമെത്തിക്കുന്നത്.

**പുളിമാത്ത്-നഗരൂർ-കരവാരം കുടിവെള്ള പദ്ധതി**

258 (2954) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലാതിർത്തിയിലെ പുളിമാത്ത്-നഗരൂർ-കരവാരം കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

<u>ഉത്തരം</u>

പുളിമാത്ത്-നഗരൂർ-കരവാരം കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങൾ ഉൾപ്പെടുത്തിയ പ്രാഥമിക ഘട്ടം നടപ്പിലാക്കുന്നതിനുവേണ്ടി 83 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**നാദാപുരത്തെ കുടിവെള്ള പദ്ധതി**

259 (2955) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം മണ്ഡലത്തിൽ പുതിയതായി ആരംഭിച്ച കുടിവെള്ള പദ്ധതികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ;

(ബി) നാദാപുരം മണ്ഡലത്തിലെ ചെക്കിയാട് ഗ്രാമപഞ്ചായത്തിലെ ബി.എസ്.എഫ് കേന്ദ്രത്തിലേക്ക് കുടിവെള്ളം ലഭ്യമാക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പുതിയതായി താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്:

1. മരുതോകര പഞ്ചായത്തിലെ ചെക്കോറ കുടിവെള്ള പദ്ധതി

2. വാണിമേൽ പഞ്ചായത്തിലെ വാളാത്തോട് കുടിവെള്ള പദ്ധതി

3. തൂണേരി പഞ്ചായത്തിലെ ബാലവാടി ഏരിയ മിനി വാട്ടർ സ്കീം

4. ചെക്യാട് പഞ്ചായത്തിലെ എരഞ്ഞോട് മുത്തങ്ങച്ചാൽ കുടിവെള്ള പദ്ധതി

5. നാദാപുരം പഞ്ചായത്തിലെ തറക്കണ്ടി കുടിവെള്ള പദ്ധതി.

(ബി) ഉണ്ട്. അപേക്ഷ പ്രകാരം സർവ്വേ പ്രവൃത്തികൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കുന്നമ്മൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായ വളയം ഗ്രാമപഞ്ചായത്തിൽനിന്നും പ്രത്യേകമായ ഒരു വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ച് BSF കേന്ദ്രത്തിൽ കുടിവെള്ളം എത്തിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കി BSF അധികൃതർക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്കായി ഇപ്പോൾ വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. എസ്റ്റിമേറ്റ് തുക BSF അധികൃതർ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പ്രളയത്തിൽ തകർന്നുപോയ പമ്പയിലെ ജലവിതരണ സംവിധാനം

260 (2956) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്നുപോയ പമ്പയിലെ ജലവിതരണ സംവിധാനം പൂർവ്വസ്ഥിതിയിലാക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) പ്രളയത്തിൽ ജലസേചന വകുപ്പിന് എത്ര രൂപയുടെ നഷ്ടം ശബരിമലയിൽ മാത്രം ഉണ്ടായി എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയവുമായി ബന്ധപ്പെട്ട് ത്രിവേണിയിലെ ഇൻടേക്ക് പമ്പ് ഹൗസിനു വന്നിട്ടുള്ള കേടുപാടുകൾ പരിഹരിച്ചുവരുന്നു. പക്ഷേ ശബരിമലയിലെയും പമ്പയിലും കാനന പാതയിലും നിലയ്ക്കലിലേയ്ക്കുള്ള കുടിവെള്ള വിതരണം സുഗമമായി നടത്തി വരുന്നു. പ്രളയത്തിന്റെ ഭാഗമായി ത്രിവേണിക്ക് സമീപമുള്ള ഇൻടേക്കിനു ചുറ്റും ഇപ്പോഴും മണൽ വന്നടിഞ്ഞ് പമ്പിംഗിന് ചില തടസ്സങ്ങൾ വരുന്നുണ്ട്. വന്നടിയുന്ന മണൽ അപ്പപ്പോൾ മാറ്റി ജലവിതരണം തടസ്സമില്ലാതെ നടന്നുപോകുന്നു. ഇതിനായി രണ്ട് മണ്ണുമാന്തി യന്ത്രങ്ങൾ സദാസമയവും ത്രിവേണിയിൽ തന്നെ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട്

പമ്പയിൽ തകർന്നുപോയ പൈപ്പ് ലൈനുകൾക്ക് പകരം പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും ഒഴുകിപ്പോയ കിയോസ്കുകൾക്ക് പകരം പുതിയ കിയോസ്കുകൾ സ്ഥാപിച്ച് ജലവിതരണ സംവിധാനം പൂർവ്വ സ്ഥിതിയിൽ ആക്കിയിട്ടുണ്ട്.

(ബി) പമ്പാ ത്രിവേണിയിൽ പ്രാഥമിക കണക്കുപ്രകാരം ജലസേചന വകുപ്പിന് ഉദ്ദേശം 4 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. പമ്പ ത്രിവേണിയിൽ അടിഞ്ഞുകൂടിയ മണലും എക്കലും നീക്കം ചെയ്താൽ മാത്രമേ യഥാർത്ഥ നഷ്ടം കണക്കാക്കാൻ സാധിക്കുകയുള്ളൂ.

ജല അതോറിറ്റിക്ക് ഏകദേശം 2.70 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

**തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം**

261 (2957) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വഴുതക്കാട്, മേലാറന്നൂർ ഫോർട്ട്, പുളിമൂട്, ജി.പി.ഒ., തമ്പാനൂർ, ചെമ്പകനഗർ (ബേക്കറി ജംഗ്ഷൻ) ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിലേയ്ക്കായി എന്തെങ്കിലും പുതിയ പദ്ധതി പരിഗണനയിലുണ്ടോ;

(ബി) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം സ്ഥായിയായി പരിഹരിക്കുന്നതിന് നെയ്യാർ ഡാമിൽ നിന്നും ജലം എത്തിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; പ്രസ്തുത പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ആവശ്യമായ ഇന്റർ കണക്ഷനുകൾ നടത്തി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. കൂടാതെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 4 പ്രവൃത്തികളും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തിയും അനുവദിച്ചിട്ടുണ്ട്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ടി പ്രവൃത്തിയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിലൂടെ 100 എം.എൽ.എഡി. ശുദ്ധജലം തിരുവനന്തപുരത്തും, 20 എം.എൽ.ഡി. ശുദ്ധജലം മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, മലയിൻകീഴ് പഞ്ചായത്തുകൾക്കും ലഭ്യമാക്കും. ടി പദ്ധതിയുടെ ജലശുദ്ധീകരണ ശാല നിർമ്മിക്കുന്നതിനായി 60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി. ജലശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിക്കുന്നു. കൂടാതെ, ടി ജലശുദ്ധീകരണശാലയിൽ നിന്നും പി.ടി.പി. ജലസംഭരണിയിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള 1422 മില്ലീമീറ്റർ വ്യാസമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള എൻജിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ ജലനിധി രണ്ടാംഘട്ട പദ്ധതി**

262 (2958) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ഇനി എത്ര പദ്ധതികൾ കമ്മീഷൻ ചെയ്യാനുണ്ട്; വ്യക്തമാക്കമോ;

(ബി) പൂർത്തിയാക്കാൻ ബാക്കിയുള്ള പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കൂടി കുടിവെള്ളം ലഭ്യമാക്കാനുണ്ട് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിപ്രകാരം അവശേഷിക്കുന്ന എല്ലാ പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുന്ന 29 കുടിവെള്ള പദ്ധതികളും പൂർത്തിയാക്കുകയും എല്ലാ പദ്ധതികളിലും കുടിവെള്ള വിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്.

**നേമം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

263 (2959) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പല ഭാഗങ്ങളിലായി പൂർത്തിയാകാതെ കിടക്കുന്ന കുടിവെള്ള പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) എന്നത്തേക്ക് പ്രസ്തുത പണികൾ പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. തിരുമല സോണിലുള്ള പ്രവൃത്തികൾ കോർപ്പറേഷൻ ഫണ്ടിൽനിന്നും, നേമം സോൺ, തിരുവല്ലം സോൺ എന്നിവയ്ക്ക് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും തുക നൽകിയിട്ടുണ്ട്. ഈ മൂന്ന് പ്രവൃത്തികളും ടെണ്ടർ ചെയ്യുകയും നേമം സോൺ, തിരുവല്ലം സോൺ എന്നീ പ്രവൃത്തികളുടെ ടെണ്ടറുകൾ തീർപ്പാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. തിരുമല സോണിലെ പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുവേണ്ട നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**എൻ.സി.പി.സി. കുടിവെള്ള പദ്ധതി**

264 (2960) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ എൻ.സി.പി.സി കുടിവെള്ള പദ്ധതിക്കായി നിർമ്മിച്ച കിണർ ചരിഞ്ഞുപോയത് കാരണം ഉണ്ടായ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കുളിമാട് 72 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്ന് എൻ.സി.പി.സി. കുടിവെള്ള പദ്ധതി ടാങ്കിലേക്ക് വെള്ളം ലഭ്യമാക്കാൻ അനുമതി നൽകുമോ;

(സി) ഇത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;എങ്കിൽ ആയതിൻമേൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ എൻ.സി.പി.സി. കുടിവെള്ള പദ്ധതിക്കായി നിർമ്മിച്ച കിണർ ചരിഞ്ഞ് ഉപയോഗ ശൂന്യമായതുകാരണം പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം പ്രസ്തുത കുടിവെള്ള പദ്ധതിയിലേയ്ക്ക് ബൾക്ക് മീറ്റർ സ്ഥാപിച്ച് കുളിമാട് പ്ലാന്റിൽനിന്നും ആവശ്യമായ കുടിവെള്ളം ലഭ്യമാക്കാൻ 85 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ തയ്യാറാക്കി പ്രസ്തുത പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഫണ്ട് പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് പദ്ധതി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നതാണ്.

(ബി & സി) ചാത്തമംഗലം പഞ്ചായത്തിലെ എൻ.സി.പി.സി. കുടിവെള്ള പദ്ധതിയുടെ ടാങ്ക് കേരള വാട്ടർ അതോറിറ്റിയുടെ കുളിമാടിൽ നിലവിലുള്ള ടാങ്കിനേക്കാൾ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ കുളിമാട് ടാങ്കിൽ നിന്നും നേരിട്ട് വെള്ളം എത്തിക്കുന്നത് സാങ്കേതികമായി സാധ്യമല്ല. ആയതിനാൽ 50,000 ലിറ്റർ ശേഷിയുള്ള ഒരു ഭൂതല ജലസംഭരണി നിർമ്മിച്ച് കുളിമാട് പ്ലാന്റിൽ നിന്നും ആവശ്യമായ ജലം പ്രസ്തുത ഭൂതല ജലസംഭരണിയിൽ എത്തിച്ച് അവിടെനിന്നും ചാത്തമംഗലം പഞ്ചായത്തിലെ എൻ.സി.പി.സി. കുടിവെള്ള പദ്ധതിയുടെ ഉന്നതതല ജലസംഭരണിയിലേയ്ക്ക് പമ്പ് ചെയ്ത് ജലവിതരണം നടത്തുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. 85 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതി തയ്യാറാക്കി പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഫണ്ട് പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

**പിറവം നിയോജകമണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ**

265 (2961) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിറവം നിയോജകമണ്ഡലത്തിൽ എത്ര കുടിവെള്ള കണക്ഷനുകൾ നൽകി; പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുതമണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായുണ്ട് എന്നറിയിക്കാമോ;

(സി) നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) പിറവം മണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾ 2016 ജൂൺ 1 മുതൽ നാളിതുവരെ കമ്മീഷൻ ചെയ്തുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 3740. കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. ആമ്പല്ലൂർ | - | 624 |
| 2. ചോറ്റാനിക്കര | - | 37 |
| 3. ഇടയ്ക്കോട് വയൽ | - | 309 |
| 4. ഇലഞ്ഞി | - | 434 |
| 5. മണീട് | - | 286 |
| 6. മുളന്തുരുത്തി | - | 832 |
| 7. പാമ്പാക്കുട | - | 336 |
| 8. പിറവം | - | 430 |
| 9. രാമമംഗലം | - | 253 |
| 10. തിരുമാറാഴി | - | 196 |
| 11. ഉദയംപേരൂർ | - | 3 |
| ആകെ | - | 3740 |

(ബി & സി) നിർമ്മാണ ഘട്ടത്തിലുള്ള കുടിവെള്ള പദ്ധതികൾ ഇല്ല.

(ഡി) ഒന്ന്. ഇട്ടിയാർമല ഹരിജൻ കോളനി കുടിവെള്ള പദ്ധതി.

**ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം**

266 (2962) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട മുനിസിപ്പാലിറ്റി പരിധിയിൽ ജലവിഭവ വകുപ്പിന്റെ അധീനതയിൽ എത്ര സ്ഥലം ഉണ്ട് എന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് ജലവിഭവ വകുപ്പ് കുടിവെള്ള ഇതര പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട മുനിസിപ്പാലിറ്റി പരിധിയിൽ കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ 4.754 ഹെക്ടർ സ്ഥലം ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**മണലൂർ മണ്ഡലത്തിലെ പൊൻമല കുടിവെള്ള പദ്ധതി**

267 (2963) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ പൊൻമല കുടിവെള്ള പദ്ധതിക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഈ പദ്ധതി ഇപ്പോൾ കേരള ജല അതോറിറ്റിയുടെ പരിഗണനയിൽ വന്നിട്ടില്ല.

**പാറശ്ശാല മണ്ഡലത്തിലെ കാലഹരണപ്പെട്ട പൈപ്പ് ലൈനുകൾ**

268 (2964) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ കാലഹരണപ്പെട്ട പൈപ്പ് ലൈനുകൾ ഇടക്കിടെ പൊട്ടുന്നതുകാരണം റോഡുകൾ തകരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2018-19 സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 438.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതുസംബന്ധിച്ച് തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതി**

269 (2965) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ പതിമൂന്ന് പഞ്ചായത്തുകൾക്കു വേണ്ടി പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച 70 കോടി രൂപയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; ഇനി എത്ര കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുവാനുണ്ട്;

(ബി) നിലവിൽ 10 പഞ്ചായത്തുകളിലെ പണി പൂർത്തിയായിരിക്കുന്ന ഓവർ ഹെഡ് ടാങ്കുകളിൽ ഈ പദ്ധതിയുടെ ഭാഗമായി ഇപ്പോൾ എത്ര ടാങ്കുകളിൽ വെള്ളം നിറയ്ക്കാൻ സാധിച്ചു;ഇതിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് പൂർത്തിയായ പ്രവൃത്തികൊണ്ട് എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമായിട്ടുണ്ട്?

<u>ഉത്തരം</u>

(എ) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ട്രാൻസ്മിഷൻ സിസ്റ്റം 45 കിലോമീറ്റർ സ്ഥാപിക്കേണ്ടതിൽ 44.60 കിലോമീറ്ററും ജലവിതരണ ശൃംഖലയുടെ ഭാഗമായി 48.85 കിലോമീറ്റർ സ്ഥാപിക്കേണ്ടതിൽ 34 കിലോമീറ്ററും സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി 15.25 കിലോമീറ്റർ പൈപ്പ് ലൈനുകൾ പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി നടത്തി വരുന്നു.

(ബി) 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി 70 കോടി രൂപയുടെ രണ്ട് പ്രധാന ട്രാൻസ്മിഷൻ ലൈനുകളും 48.85 കിലോമീറ്റർ ജലവിതരണ ശൃംഖലയും തകഴിയിലെ 4.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽ പറഞ്ഞ പണികൾ എല്ലാം പൂർത്തീകരിച്ച് നിലവിലുള്ള ലൈനുകളുമായി കൂട്ടി ചേർത്താൽ മാത്രമേ പ്രസ്തുത ടാങ്കുകളിൽ വെള്ളം നിറച്ച് ജലവിതരണം തുടങ്ങാൻ കഴിയുകയുള്ളൂ.

## ശബരിമലയിൽ കടുത്ത കുടിവെള്ള ക്ഷാമം

270 (2966) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ കടുത്ത കുടിവെള്ള ക്ഷാമത്തെ കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമലയിൽ അയ്യപ്പഭക്തന്മാർക്ക് കുടിവെള്ളം നല്കാൻ സർക്കാർ പരാജയപ്പെട്ടു എന്ന കേരള ഹൈക്കോടതി വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ വിശദമാക്കുമോ;

(സി) ശബരിമലയിലെ കടുത്ത കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നിലയ്ക്കലിലുള്ള നാല് കുളങ്ങൾ ശുചീകരിയ്ക്കാനുള്ള ശ്രമം ഉണ്ടായിരുന്നോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശബരിമലയിൽ പ്രളയത്തിൽ തകർന്നുപോയ സംവിധാനങ്ങൾ പുനർനിർമ്മിച്ച് ശുദ്ധജല വിതരണം പരാതി രഹിതമായി നടത്തിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജല അതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലം പമ്പ മുതൽ ശരണപാത വഴി സന്നിധാനം നടപന്തൽ വരെ (660000 ലിറ്റർ ജലം) കിയോസ്കുകൾവഴി (147), 330 ടാപ്പുകളിലൂടെയും 12 ഡിസ്പെൻസറുകളിലൂടെയും (ചൂട്, തണുപ്പ്, സാധാരണ) എന്നിവ വഴി 24 മണിക്കൂറും സുരക്ഷിത കുടിവെള്ളം (RO water) വിതരണം ചെയ്യുന്നു. കൂടാതെ, പ്രതിദിനം 130 ലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് മറ്റുള്ള ആവശ്യങ്ങൾക്ക് ശബരിമലയിലും പമ്പയിലും വിതരണം ചെയ്യുന്നു. നിലയ്ക്കലിൽ പ്രതിദിനം 5,40,000 ലിറ്റർ സുരക്ഷിത കുടിവെള്ളം 164 കിയോസ്കുകൾവഴി 500 ടാപ്പിലൂടെ (RO water) വിതരണം ചെയ്യുന്നു. കൂടാതെ, 30 ലക്ഷം ലിറ്റർ ശുദ്ധീകരിച്ച ജലം വിവിധാവശ്യങ്ങൾക്കായി ആവശ്യാനുസരണം വിതരണം ചെയ്യുന്നു. ഇതിനായി, 40 ലക്ഷം ലിറ്റർ ശേഷിയുള്ള ദേവസ്വം ടാങ്കിന് പുറമേ 5 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള 3 steel ടാങ്കുകളും 215 എൻ.എൽ.ഡി.പി. (5000 ലിറ്റർ കപ്പാസിറ്റി) ടാങ്കുകളും തയ്യാറാക്കിയിട്ടുണ്ട്. ആകെ 65.75 ലക്ഷം ലിറ്റർ സംഭരണ ശേഷിയുണ്ട്. ഇതിലേയ്ക്കായി സീതത്തോട്ടിൽ പുതിയ

2 എം.എൽ.എഡി. ശേഷിയുള്ള പ്രഷർ ഫിൽട്ടർ സംവിധാനവും നിലവിലെ പമ്പയിലെ ശുദ്ധീകരണ പ്ലാന്റും ഉപയോഗിച്ച് ടാങ്കർ ലോറികൾ വഴി ജലമെത്തിക്കുന്നു. കൂടാതെ, നിലയ്ക്കലിൽ പുതുതായി 2 ബോർ വെല്ലുകളും നിർമ്മിച്ചിട്ടുണ്ട്.

(സി) ഈ നാല് കുളങ്ങളുടെയും അധികാരവും അതിന്റെ പരിപാലനവും ദേവസ്വം ബോർഡിനാണ്. പക്ഷേ നിലയ്ക്കലിൽ കേരള വാട്ടർ അതോറിറ്റി ആവശ്യത്തിനുള്ള കുടിവെള്ള സംവിധാനം നടപ്പിലാക്കി ജലവിതരണം നടത്തിവരുന്നു.

**തിരുവനന്തപുരം മണ്ഡലത്തിൽ സ്വീവറേജ് സംവിധാനം**

271 (2967) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മണ്ഡലത്തിൽ സ്വീവറേജ് സംവിധാനം നിലവിലില്ലാത്ത വേളി മുതൽ പൂന്തുറ വരെയുള്ള തീരദേശമേഖലയിൽ സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ A മുതൽ E വരെയുള്ള സ്വിവറേജ് ബ്ലോക്കുകളിലാണ് ഇപ്പോൾ നിലവിൽ സ്വീവറേജ് സംവിധാനമുള്ളത്. F മുതൽ S വരെയുള്ള ബ്ലോക്കുകളിൽ സ്വിവറേജ് സംവിധാനം എത്തിക്കുന്നതിനായി ജൻറം പദ്ധതിയിൽ പ്രോജക്ട് രൂപകൽപ്പന ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കിണറുകളും പമ്പു ഹൗസുകളും നിർമ്മിക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത ഘടകങ്ങൾക്കായി വേണ്ടിവരുന്ന സ്ഥലങ്ങൾ പരിസരവാസികളുടെ എതിർപ്പുമൂലം പൂർണ്ണതോതിൽ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. വേളി മുതൽ പൂന്തുറ വരെയുള്ള സ്ഥലങ്ങളിൽ സ്വിവറേജ് സംവിധാനം ഇല്ല. ജൻറം പദ്ധതിയിൽ പ്രസ്തുത പ്രദേശങ്ങളും ഉൾപ്പെടുത്തിയിരുന്നു. F & G ബ്ലോക്കുകളിലാണ് പ്രസ്തുത പ്രദേശങ്ങൾ ഉൾപ്പെടുന്നത്. ഇതിൽ F ബ്ലോക്കിൽ ഒരു ഭാഗത്ത് (സംഗമം നഗർ പമ്പ് ഹൗസും സമീപ പ്രദേശങ്ങളും) ഇപ്പോൾ പണികൾ നടന്നുവരുന്നു. ജൻറം പദ്ധതിയിൽ ഇപ്പോൾ ഫണ്ട് ലഭിക്കാത്ത അവസ്ഥയാണ്. ആയതിനാൽ ബാക്കിയുള്ള ബ്ലോക്കുകൾ കൂടി ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതായുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ബാലവേല സംബന്ധിച്ച കേസ്**

272 (2968) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ബാലവേല സംബന്ധിച്ച കേസുകളിൽ നടപടിയെടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) ഹോട്ടലുകളിലും മറ്റ് അപകടകരമായ തൊഴിൽ മേഖലകളിലും കുട്ടികളെ ജോലി ചെയ്യിപ്പിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹോട്ടലുകളിലും മറ്റ് അപകടകരമായ തൊഴിൽ മേഖലകളിലും ബാലവേല ഉണ്ടോ എന്നുള്ളത് ജില്ലാ ലേബർ ഓഫീസർമാർ നടത്തുന്ന സ്ക്വാഡ് പരിശോധനകളിലും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നടത്തുന്ന പരിശോധനകളിലും ശ്രദ്ധിക്കാറുണ്ട്. അന്താരാഷ്ട്ര ബാലവേല ദിനാചരണത്തിന്റെ ഭാഗമായി വിവിധ തൊഴിൽ മേഖലകളിലെ തൊഴിലുടമകളേയും തൊഴിലാളികളേയും ഉൾപ്പെടുത്തി ജില്ലകളിൽ ബോധവൽക്കരണ ക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിച്ചിട്ടുള്ളതുമാണ്. ബാലവേലയ്ക്ക് എതിരെയുള്ള പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടർ ചെയർമാനായി ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. 'ബാലവേല അരുത്' എന്ന സ്റ്റിക്കർ എല്ലാ വ്യാപാരസ്ഥാപനങ്ങളിലും പതിപ്പിക്കുകയും ബാലവേല വിരുദ്ധ ദിനത്തോടനുബന്ധിച്ച് സ്കൂളുകളിൽ പ്രതിജ്ഞകൾ, മൈക്ക് അനൗൺസ്മെന്റ്, റോഡ് ഷോകൾ, ജാഥകൾ എന്നിവ എല്ലാ വർഷവും നടത്തുന്നുണ്ട്. കൂടാതെ, ചൈൽഡ് ലൈനിന്റെയും ജില്ലാ പോലീസ് സംവിധാനത്തിന്റെയും അധീനതയിൽ പ്രവർത്തിച്ചുവരുന്ന ആന്റി ചൈൽഡ് ട്രാഫിക്കിംഗ് സ്ക്വാഡും ഇതിനായി പ്രവർത്തിച്ചുവരുന്നു.

**തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം**

273 (2969) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ബാലവേല നിർമ്മാർജ്ജനം**

274 (2970) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലവേല നിർമ്മാർജ്ജനത്തിനും ബാലവേലയിൽ ഏർപ്പെടുന്നവരെ പുനരധിവസിപ്പിക്കാനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്യുന്നുണ്ട്. 14 വയസ്സിന് താഴെയുള്ള കുട്ടികളെ ജോലിക്ക് നിയോഗിക്കുന്നതായി കണ്ടെത്തിയാൽ തൊഴിലുടമയ്ക്ക് എതിരെ പ്രസ്തുത നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇത്തരത്തിൽ 2018-ൽ ജൂൺ മാസം വരെ 3 പ്രോസിക്യൂഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ചൈൽഡ് ലേബർ കം റിഹാബിലിറ്റേഷൻ കമ്മിറ്റിയുടെയും സന്നദ്ധ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സഹകരണത്തോടെ സെമിനാറുകൾ, ശിൽപ്പശാലകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു. ജില്ലാ തലത്തിലെ ടാസ്ക് ഫോഴ്സിന്റെയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ

കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾകൊണ്ടും തൊഴിൽ വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനവുംമൂലം ടി നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നു. ഇവയുടെയെല്ലാം ഫലമായി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ബാലവേലയുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ബാലവേല കണ്ടെത്തുന്ന പക്ഷം പുനരധിവാസ പ്രവർത്തനങ്ങൾ സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ചൈൽഡ് ലൈനുമായി ബന്ധപ്പെട്ടും പ്രവർത്തിച്ചുവരുന്നു.

**അസംഘടിത മേഖലയിലെ തൊഴിലാളികളുടെ**
**ക്ഷേമപദ്ധതികൾ**

275 (2971) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായി നടപ്പാക്കിവരുന്ന വേതനസുരക്ഷാ പദ്ധതിയുടെ വിശദാംശം നൽകുമോ; ഈ പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രസവാനുകൂല്യമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ഡി) അസംഘടിത മേഖലയിലെ വിരമിച്ച തൊഴിലാളികൾക്കായി പെൻഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി, കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് റിട്ടയർമെന്റ് ആനുകൂല്യം, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ

സഹായം, വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര സഹായം, അപകടാനുകൂല്യം എന്നിവ അർഹതയ്ക്കനുസരിച്ച് ലഭിക്കുന്നു.

(ബി) ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ, ടെക്സ്റ്റൈൽ ഷോപ്പുകൾ, ജൂവലറികൾ, സ്വകാര്യ ആശുപത്രികൾ, ഐ.ടി. സെക്ടർ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിർമ്മാണ മേഖല എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് ബാങ്കുവഴി വേതനം നൽകുന്നതുവഴി വേതന സുരക്ഷ ഉറപ്പാക്കുന്നതാണ് വേതന സുരക്ഷാ പദ്ധതി. ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന ഐ.ഡി., പാസ്‌വേർഡ് എന്നിവ വഴി സിസ്റ്റത്തിൽ പ്രവേശിച്ച് ഓൺലൈനായി തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് വേതനം ലഭ്യമാക്കാവുന്നതാണ്. തൊഴിലാളികൾക്ക് വേതനം കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് ഇൻസ്പെക്ടർമാർക്ക് പരിശോധന നടത്താവുന്നതാണ്. ഈ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഒരു വർഷം തുടർച്ചയായി അംശദായം അടച്ച വനിതാ അംഗത്തിന് പ്രസവ ധനസഹായമായി 15,000 രൂപ വരെ ലഭിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിനും പദ്ധതിയിലെ വനിതാ അംഗങ്ങളുടെ വിവാഹത്തിനും വിവാഹധനസഹായമായി 10,000/- രൂപ പദ്ധതിയിൽ നിന്നും ലഭിക്കുന്നതാണ്. ഇതിനു പുറമേ പൊതുവായ മറ്റ് ആനുകൂല്യങ്ങൾക്കും ഇവർക്ക് അർഹതയുണ്ട്.

(ഡി) ഉണ്ട്. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ നിന്നും വിരമിക്കുന്ന തൊഴിലാളികൾക്ക് അർഹതയ്ക്കനുസരിച്ച് വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ എന്നിവയും വിരമിക്കുന്നതിന് മുമ്പ് ശാരീരിക അവശത നേരിടുന്നവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവശതാ പെൻഷനും നൽകിവരുന്നുണ്ട്.

**തൊഴിൽ വകുപ്പിന്റെ വിഭജനം**

276 (2972) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനെ വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളും ലേബർ കോടതികളും സ്വതന്ത്ര വകുപ്പിന് കീഴിൽ കൊണ്ടുവരുന്നതിന് ഉദ്ദേശ്യമുണ്ടോ;

(സി) ഇത് തൊഴിൽ വകുപ്പിനെ ദുർബലപ്പെടുത്തുമെന്നും പുതിയ വകുപ്പിന്റെ ഭരണപരമായ ചെലവുകൾ ഭാരിച്ച സാമ്പത്തിക ബാധ്യത വരുത്തുമെന്നുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ & ബി) പരിഗണനയിലില്ല.

(സി) ബാധകമല്ല.

**സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം**

277 (2973) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി എന്തൊക്കെ നടപടികളാണ് ഈ സർക്കാരിന്റെ കാലയളവിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി രജിസ്ട്രേഷൻ ചെയ്തിട്ടുള്ളവർക്ക് നിയമനങ്ങളിൽ എന്തൊക്കെ മുൻഗണനയാണ് നൽകിവരുന്നത് എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിലേയ്ക്കായി 2016 മുതൽ 'കൈവല്യ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതിക്ക് താഴെപ്പറയുന്ന നാല് ഘടകങ്ങൾ ഉണ്ട്:

I. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്

II. കപ്പാസിറ്റി ബിൽഡിംഗ്

III. മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി

IV. സ്വയംതൊഴിൽ വായ്പാ പദ്ധതി.

I. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും ഭിന്നശേഷിക്കാരായ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോട്ടിവേഷൻ, തൊഴിൽ സാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ, അവർക്കുള്ള സേവനങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ എന്നിവ ഈ ഘടക പദ്ധതി പ്രകാരം ലഭ്യമാക്കുന്നു. സ്പെഷ്യൽ സ്കൂളുകൾ, ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണവും ഇക്കാര്യത്തിൽ ലഭ്യമാക്കുന്നു.

II. കപ്പാസിറ്റി ബിൽഡിംഗ്

ഉദ്യോഗാർത്ഥികൾക്ക് സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, സംരംഭകത്വ വികസന പരിശീലനം എന്നിവ നൽകുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് താൽപ്പര്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനം ആവശ്യമുണ്ടെങ്കിൽ അത്തരം പരിശീലനം നൽകുന്ന സ്ഥാപങ്ങളുമായി ബന്ധപ്പെട്ട് സംരംഭകത്വ വികസന പരിശീലനം നൽകുന്നു. ബാങ്കുകളുടെ നേതൃത്വത്തിലുള്ള RSETI (Rural Self Employment Training Institute), എംപ്ലോയബിലിറ്റി സെന്റർ, VRC (Vocational Rehabilitation Centre) തുടങ്ങി, ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളുമായി ഇക്കാര്യത്തിൽ സഹകരിക്കുന്നതാണ്.

III. മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെ വിവിധ ഘട്ടങ്ങളിൽ അവരെ സഹായിക്കുന്നതിനും മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും സഹായിക്കുന്നു. മത്സര പരീക്ഷകൾക്ക് അപേക്ഷിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെയുള്ള തുടർ പരിശീലനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉദ്യോഗാർത്ഥികളെ അനുയോജ്യമായ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും അവരെ അപേക്ഷ അയയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സഹായിക്കുകയും ചെയ്യുന്നു. പരീക്ഷകളുടെ തൊട്ടടുത്ത ദിവസങ്ങളിൽ തീവ്രപരിശീലനവും നൽകുന്നു.

IV. <u>സ്വയംതൊഴിൽ വായ്പാ പദ്ധതി</u>

സ്വയംതൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പ നൽകുന്നതാണ്. 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവർക്ക് അപേക്ഷിക്കാം. കുടുംബവാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്ന പക്ഷം 1 ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്. വായ്പത്തുകയുടെ 50 ശതമാനം പരമാവധി 25,000 (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യമുള്ള പക്ഷം അടുത്ത ഒരു ബന്ധുവിനെക്കൂടി (മാതാവ്/പിതാവ്/ഭർത്താവ്/ഭാര്യ/മകൻ/മകൾ തുടങ്ങിയവ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. ഈ ചട്ടങ്ങൾക്കനുസരിച്ച് ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിത വേതനം ലഭിക്കുന്നതല്ല. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ സ്ഥിരം ഒഴിവുകൾക്കും സംരംഭം നന്നായി തുടർന്ന് പോകുമെന്ന ഉറപ്പിന്മേൽ താൽക്കാലിക ഒഴിവുകൾക്കും പരിഗണിക്കുന്നതാണ്. വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നൽകുന്നതെങ്കിലും പ്രായോഗികമാവുമെങ്കിൽ സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്.

കൈവല്യ പദ്ധതിക്കായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 1,68,01,000, 1,00,00,000, 1,10,00,000 രൂപയും സർക്കാരിൽനിന്നും ലഭ്യമായിട്ടുണ്ട്. ടി തുക സ്വയംതൊഴിൽ പദ്ധതിക്കായി പലിശരഹിത വായ്പ നൽകുന്നതിനും മറ്റു ഘടക പദ്ധതികൾക്കുമായി ചെലവഴിച്ചിട്ടുണ്ട്.

2017-ൽ ലോക ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് മാത്രമായി 'അതിജീവനം' എന്ന പേരിൽ ഒരു തൊഴിൽമേള സംഘടിപ്പിക്കുകയുണ്ടായി. ടി തൊഴിൽമേളയിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ടി ക്യാമ്പ് രജിസ്ട്രേഷൻ, കൈവല്യ സ്വയംതൊഴിൽ പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേള എന്നിവയും സംഘടിപ്പിച്ചിരുന്നു. ഓണം, ക്രിസ്തുമസ് ഉത്സവങ്ങളോടനുബന്ധിച്ച് 'ഉണർവ്' എന്ന പേരിൽ നടത്തിയ സ്വയംതൊഴിൽ സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേളയിൽ കൈവല്യ സ്വയംതൊഴിൽ പദ്ധതിയിലെ ഗുണഭോക്താക്കളും പങ്കെടുത്തു.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക നിയമനങ്ങളിൽ കാഴ്ച വൈകല്യം, ശ്രവണ വൈകല്യം എന്നീ വിഭാഗങ്ങളിൽപ്പെട്ട ഭിന്നശേഷിക്കാർക്ക് പതിനഞ്ച് വർഷത്തെ വയസ്സിളവും മറ്റു വിഭാഗങ്ങളിൽപ്പെട്ടവർക്ക് പത്ത് വർഷത്തെ വയസ്സിളവും നൽകുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന എല്ലാ താൽക്കാലിക ഒഴിവുകളിലും പാർട്ട് ടൈം, സ്ഥിരം ഒഴിവുകളിലും അധികമായി ഒരു ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥിയെ കൂടി നാമനിർദ്ദേശം ചെയ്യുന്നു. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കുമ്പോൾ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ മുൻഗണനാ വിഭാഗത്തിലും മുൻഗണനയില്ലാത്ത വിഭാഗത്തിലും ഉൾപ്പെടുത്തി നാമനിർദ്ദേശം ചെയ്തുവരുന്നു.

## പ്ലാന്റേഷൻ മേഖല

278 (2974) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്ലാന്റേഷൻ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയമിച്ചിരുന്ന ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ ശിപാർശകൾ 29-6-2018-ലെ സ. ഉ. (കൈ.) നമ്പർ 44/2018/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ആയത് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുകയും തോട്ടം ഉടമകളിൽനിന്ന് കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുന്നതിനും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ കെട്ടിട

നികുതിയിൽനിന്നും ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്. റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുകകൾ പൂർണ്ണമായും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, സ്വന്തമായി വീടില്ലാത്ത തോട്ടം തൊഴിലാളികളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുവച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കായി തൊഴിൽ വകുപ്പ് സമഗ്ര സർവ്വേ നടത്തുകയും ജില്ല തിരിച്ച് സ്വന്തമായി സ്ഥലമുള്ളവരും ഇല്ലാത്തവരുമായ ഭവന രഹിതരുടെ വിശദ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടം മേഖലയ്ക്ക് പ്രയോജനപ്രദമായ രീതിയിൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതാണ്. പൂട്ടിക്കിടക്കുന്ന പീരുമേട് ടീ കമ്പനിയിലെ തൊഴിലാളികൾക്ക് നിയമാനുസൃത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ നേതൃത്വത്തിൽ എസ്റ്റേറ്റുകളിൽ ക്യാമ്പുകൾ നടത്തുകയും 798 അപേക്ഷകരിൽ നിന്നായി 9,49,12,416 രൂപയുടെ ഗ്രാറ്റുവിറ്റി ക്ലെയിമുകൾ ശേഖരിക്കുകയുണ്ടായി. പൂട്ടിക്കിടക്കുന്ന മറ്റൊരു തോട്ടമായ എം.എം.ജെ. പ്ലാന്റേഷൻസിന്റെ വിവിധ എസ്റ്റേറ്റുകളിൽ സമാന രീതിയിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ബോണാമി എസ്റ്റേറ്റ്, കോട്ടമല എസ്റ്റേറ്റ് എന്നിവിടങ്ങളിലെ 384 അപേക്ഷകരിൽനിന്നായി 1,99,19,618 രൂപയുടെ ഗ്രാറ്റുവിറ്റി ക്ലെയിമുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന ബോണക്കാട് എസ്റ്റേറ്റിൽ സംഘടിപ്പിച്ച ക്യാമ്പുകളിൽ 441 അപേക്ഷകരിൽ നിന്നായി 3 കോടി 60 ലക്ഷം രൂപയുടെ ഗ്രാറ്റുവിറ്റി ക്ലെയിമുകൾ ലഭിക്കുകയും മേൽ പ്രകാരം ലഭ്യമായ ഗ്രാറ്റുവിറ്റി ക്ലെയിമുകൾ ബന്ധപ്പെട്ട അതോറിറ്റികളുടെ പരിഗണനയിലുള്ളതുമാണ്. പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്ന പ്ലാന്റേഷൻ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഉപയുക്തമായ പ്ലാന്റേഷൻ നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. തോട്ടം മേഖലയിലെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് തൊഴിൽ വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക ഡയറക്ടറേറ്റിന് രൂപം നൽകുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്ലാന്റേഷൻ മേഖലയിലെ ചെറുകിട തോട്ടം തൊഴിലാളികളെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കൈവല്യ വായ്പ പദ്ധതി

279 (2975) <u>ശ്രീ. ഇ. കെ.വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ പദ്ധതിക്ക് കൈവല്യ വായ്പ ലഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര രൂപ വരെ വായ്പയായി ലഭിക്കും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഭിന്നശേഷിക്കാർക്ക് 'കൈവല്യ' പദ്ധതിപ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൽകുന്ന പലിശരഹിത വായ്പ്ക്ക് 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ ഫോറം സൗജന്യമായി ലഭിക്കുന്നതാണ്. കൂടാതെ എംപ്ലോയ്മെന്റ് വകുപ്പിന്റെ വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതുമാണ്. ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി ഏതു ദിവസവും അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ തയ്യാറാക്കുന്നത് മുതൽ പരിശീലനം, അടിസ്ഥാന സൗകര്യമൊരുക്കൽ, സംരംഭത്തിന്റെ നടത്തിപ്പ് തുടങ്ങി എല്ലാ മേഖലകളിലും എംപ്ലോയ്മെന്റ് വകുപ്പിന്റെ ഉദ്യോഗസ്ഥരുടെ മേൽനോട്ടവും പിന്തുണയും സഹായവും ഉണ്ടാകുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് അപേക്ഷകർ അനുയോജ്യരാണോ എന്ന് പരിശോധിച്ച് അംഗീകാരം നൽകുന്നത് ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല സമിതിയാണ്.

അപേക്ഷകൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രേഖകളുമായി ഒത്തുനോക്കി പരിശോധന നടത്തി, അർഹതയുള്ള അപേക്ഷകൾ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് അയച്ചുകൊടുക്കുന്നു. അപേക്ഷ, പ്രോജക്ട് എന്നിവ തയ്യാറാക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പുതല ഉദ്യോഗസ്ഥർ

ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. കുറഞ്ഞത് 5 അപേക്ഷകൾ ലഭിച്ചുകഴിഞ്ഞാൽ ജില്ലാ സമിതികൂടി അഭിമുഖം നടത്തി അംഗീകാരം നൽകുന്നതാണ്.

ഈ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്ന പക്ഷം 1 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. വായ്പാ തുകയുടെ 50 ശതമാനം പരമാവധി 25,000 (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്.

**തൊഴിൽ നൈപുണ്യ പരിശീലന നയം**

280 (2976) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. കെ. ബാബു
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-ാം പഞ്ചവത്സര പദ്ധതി അവസാനത്തോടെ അഞ്ചുലക്ഷം യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനം ലഭ്യമാക്കുമെന്ന നയം പ്രാവർത്തികമാക്കാനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ.കളെയും അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താനായി ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പരമ്പരാഗത വ്യവസായ മേഖലയിലും ചെറുകിട വ്യവസായ മേഖലയിലും അനുഭവപ്പെടുന്ന വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യത പരിഹരിക്കാൻ കഴിയുന്ന രീതിയിൽ പരിശീലന പദ്ധതി പുനഃസംഘടിപ്പിക്കാനും വിപുലീകരിക്കാനും പദ്ധതിയുണ്ടോ; ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് സഹകരണം വിപുലീകരിക്കാൻ പരിപാടിയുണ്ടോ;

(ഡി) തൊഴിലന്വേഷകർക്ക് അനുയോജ്യ മേഖലയിൽ തൊഴിൽ കണ്ടെത്താൻ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; സംരംഭകത്വ വികസന ക്ലബ്ബുകളുടെ പ്രവർത്തനം സംബന്ധിച്ച വിവരം നൽകാമോ?

<u>ഉത്തരം</u>

(എ) യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിനായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ നേതൃത്വത്തിൽ വിവിധ നൈപുണ്യ പരിശീലന പരിപാടികൾ നടത്തിവരുന്നു. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെടുത്തി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ, അക്കാദമിക്ക് രൂപം നൽകി ചവറിയിൽ പ്രവർത്തനമാരംഭിച്ചു. കൊല്ലം ജില്ലയിൽ തന്നെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID), വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന കൗശൽ കേന്ദ്രങ്ങൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് കേന്ദ്രങ്ങൾ, KASE-ന്റെ കീഴിൽ അക്രഡിറ്റേഷൻ നൽകിയിട്ടുള്ള മികവിന്റെ കേന്ദ്രങ്ങൾ എന്നിവ മുഖേനയും വിവിധ മേഖലയുമായി ബന്ധപ്പെട്ട നൈപുണ്യ വികസന പദ്ധതികൾ നടത്തിവരുന്നു. കൂടാതെ വ്യവസായിക പരിശീലന വകുപ്പിന്റെയും പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലും പ്രവർത്തിക്കുന്ന സർക്കാർ ഐ.ടി.ഐ.കളിലും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൈവറ്റ് ഐ.ടി.ഐ.കളിലും കൂടി ഓരോ വർഷവും 56000 ട്രെയിനികൾക്ക് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ പരിശീലനവും നൽകിവരുന്നു.

(ബി) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ.കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി.ഐ.കളിൽ അന്താരാഷ്ട്ര നിലവാരം കണക്കാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നത് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-നെ ചുമതലപ്പെടുത്തുകയും കയ്യൂർ, കണ്ണൂർ, കൊയിലാണ്ടി, മലമ്പുഴ, ചെങ്ങന്നൂർ എന്നീ ഐ.ടി.ഐ.കളുടെ ഡി.പി.ആർ. കിഫ്ബി പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യുകയും ചെയ്തു. മറ്റ് അഞ്ച് ഐ.ടി.ഐ.കളുടെ ഡി.പി.ആർ. കിഫ്ബി പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ KASE സ്വീകരിച്ചു വരുന്നു. പ്രസ്തുത ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

ഇതിനുപുറമേ തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു.

(സി) അനുയോജ്യമായ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് സെന്റർ ഓഫ് എക്സലൻസ്, അക്രഡിറ്റേഷൻ പ്രോഗ്രാം തുടങ്ങിയ KASE-ന്റെ നൈപുണ്യ വികസന പദ്ധതികൾ മുഖേന പരമ്പരാഗത വ്യവസായ മേഖലയിലും ചെറുകിട വ്യവസായ മേഖലയിലും അനുഭവപ്പെടുന്ന വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. സംസ്ഥാനത്തിന്റെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കേന്ദ്രീകൃതമാക്കുന്നതിനുമുള്ള ഭരണ സംബന്ധമായ ചട്ടക്കൂട് രൂപീകരിച്ചതിന്റെ ഭാഗമായി സംസ്ഥാന നൈപുണ്യ വികസന മിഷൻ ഒരു സ്കിൽ സെക്രട്ടേറിയറ്റായി പ്രവർത്തിക്കുകയും വിദ്യാഭ്യാസ വിചക്ഷണർ, വ്യവസായ പ്രമുഖർ, വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ എന്നിവയുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടുകൊണ്ട് സ്കിൽ സെക്രട്ടേറിയറ്റിന് ഒരു think-tank ആയി പ്രവർത്തിക്കാൻ വേൾഡ് സ്കിൽ ലൈസിയം (World Skill Lyceum) വിഭാവനവും ചെയ്തിട്ടുണ്ട്. നൈപുണ്യ പ്രവർത്തനവുമായി ബന്ധപ്പെടുന്ന കാര്യങ്ങൾക്കുള്ള സുപ്രധാന ഉപദേശങ്ങൾ സ്കിൽ സെക്രട്ടേറിയറ്റിനു നൽകുന്നതിനായി ഓരോ മേഖലയിലെയും ഒരു ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതാണ്. ഓരോ മേഖലയിലെയും ബിസിനസ്സ് അഡ്വൈസറി കമ്മിറ്റികളിൽ അതതു മേഖലകളിലെ വ്യവസായ പ്രതിനിധികളും അംഗങ്ങളായിരിക്കും. ഇത്തരത്തിൽ വ്യവസായ പ്രതിനിധികളുടെ സാന്നിധ്യം ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് സഹകരണം വിപുലീകരിക്കുന്നതിന് സഹായകമാകും.

(ഡി) എംപ്ലോയബിലിറ്റി സെന്ററുകൾ നടത്തുന്ന തൊഴിൽ മേളകൾ തൊഴിലന്വേഷകർക്ക് അനുയോജ്യ മേഖലയിൽ തൊഴിൽ കണ്ടെത്താൻ പ്രയോജനപ്പെടുന്ന പദ്ധതികളിൽ ഒന്നാണ്. കൂടാതെ തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഒരു കുടക്കീഴിൽ എത്തിക്കുവാനും ഏകോപിപ്പിക്കുന്നതിനും ആയി വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വെബ് അധിഷ്ഠിത ജോബ് പോർട്ടൽ സംവിധാനവും നിലവിലുണ്ട്.

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള എല്ലാ ഐ.ടി.ഐ. കളിലെയും പരിശീലനം ലഭിച്ചുകൊണ്ടിരിക്കുന്ന ട്രെയിനികളിൽ സംരംഭകത്വം വളർത്തി എടുക്കുവാനും സംരംഭകത്വ പരിശീലനം നൽകി പുതു സംരംഭകരെ വാർത്തെടുക്കുവാനുമായി ടി സ്ഥാപനങ്ങളിൽ ഓരോ സംരംഭകത്വ വികസന ക്ലബ് (ഇ.ഡി. ക്ലബ്) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. നിലവിൽ 80 സർക്കാർ ഐ.ടി.ഐ.കളിൽ ഇ.ഡി. ക്ലബുകൾ പ്രവർത്തിക്കുന്നുണ്ട്. ടി ക്ലബുകൾ മുഖേന വ്യവസായ ബോധവൽക്കരണ ക്ലാസ്സുകൾ, വായ്പാ പദ്ധതികളെപ്പറ്റിയുള്ള സെമിനാറുകൾ, ചെറുകിട വ്യവസായങ്ങളുടെ പ്രസക്തി, ഊർജ്ജ സംരക്ഷണം, സാമ്പത്തിക സാക്ഷരത, വൈദ്യുതി സുരക്ഷ ബോധവൽക്കരണം എന്നിവയെകുറിച്ചുള്ള ക്ലാസ്സുകൾ, സംരംഭകത്വത്തെ ആസ്പദമാക്കി മോട്ടിവേഷൻ ക്ലാസ്സുകൾ, കുട നിർമ്മാണം, എൽ.ഇ.ഡി. ട്യൂബ് നിർമ്മാണം, സോളാർ സിസ്റ്റം മെയിന്റനൻസ്, കൈത്തറി തുടങ്ങിയ ചെറുകിട വ്യവസായ പരിശീലന പദ്ധതികളും നടന്നുവരുന്നു.

**ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പദ്ധതികൾ**

281 (2977) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഭിന്നശേഷിക്കാർക്ക് എന്തൊക്കെ തൊഴിൽ പരിശീലനം നൽകി വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ച് എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഈ പദ്ധതിക്ക് വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, സ്വയംതൊഴിൽ വായ്പ പദ്ധതി എന്നീ നാല് ഘടകങ്ങൾ ഉണ്ട്. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് മുഖേന ഭിന്നശേഷിക്കാരായ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോട്ടിവേഷൻ, തൊഴിൽ സാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ, അവർക്കുള്ള സേവനങ്ങളും

ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നു. മത്സര പരീക്ഷാ പരിശീലനത്തിലൂടെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെ വിവിധ ഘട്ടങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിനും മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും സഹായം നൽകിവരുന്നു. കപ്പാസിറ്റി ബിൽഡിംഗിൽ ഉദ്യോഗാർത്ഥികൾക്ക് വിവിധ സ്വയംതൊഴിൽ സംരംഭങ്ങളിൽ (കുട നിർമ്മാണം, എൽ.ഇ.ഡി. ബൾബ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയവ) പരിശീലനം നൽകിവരുന്നു. ഉദ്യോഗാർത്ഥികൾക്ക് താൽപര്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനം ആവശ്യമുണ്ടെങ്കിൽ അത്തരം പരിശീലനം നൽകുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സംരംഭകത്വ വികസന പരിശീലനം നൽകുന്നു. കൂടാതെ, മൃദുനൈപുണ്യ പരിശീലനവും (soft skill) നൽകുന്നതാണ്. സ്വയംതൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പ നൽകി വരുന്നു. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള 21-നും 55-നും മദ്ധ്യേ പ്രായമുള്ള ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്ന പക്ഷം 1 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്.

വായ്പത്തുകയുടെ 50 ശതമാനം പരമാവധി 25,000 (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ വി.ടി.സി. (വൊക്കേഷണൽ ട്രെയിനിംഗ് സെന്റേഴ്സ്) സെന്ററുകൾ വഴി ബുക്ക് ബയിന്റിംഗ്, ലെതർ വർക്ക്സ്, ടെയ്ലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ്, കമ്പ്യൂട്ടർ പരിശീലനം എന്നിവയിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകിവരുന്നു. ഇത് കൂടാതെ വിവിധ എൻ.ജി.ഒ.കൾക്ക് ഫണ്ട് നൽകിയും ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകിവരുന്നു.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്**

282 (2978) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ തരത്തിലുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കാണ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് ബാധകമാകുക എന്നറിയിക്കുമോ:

(ബി) കെട്ടിട ഉടമകളിൽ നിന്ന് മൂവായിരം കോടിയിൽപ്പരം രൂപ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് പിരിച്ചെടുക്കാനുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്ന തൊഴിലാളികളുടെ ആവശ്യം ശക്തമാകുമ്പോഴും കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അലംഭാവം തുടരുന്ന സാഹചര്യം നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഗാർഹിക-വാണിജ്യ-വ്യവസായിക ആവശ്യങ്ങൾക്കായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് ബാധകമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) എല്ലാ ജില്ലയിലെയും അസസ്സ്മെന്റ് ഓഫീസർമാർ സെസ് അടയ്ക്കുന്നതിനായി ഉടമകൾക്ക് നോട്ടീസ് നൽകുകയും പാലിക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ സ്ഥലങ്ങൾ പരിശോധന നടത്തിയും സെസ് അടയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി**

283 (2979) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോമൊബൈൽ തൊഴിലാളി അംഗങ്ങൾക്ക് ക്ഷേമപദ്ധതി പെൻഷൻ പരിരക്ഷ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിന് സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ;

(ബി) തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ ക്ഷേമനിധികളിൽ നിന്നും അംഗങ്ങൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി വിഭാവനം ചെയ്തിട്ടില്ല. എന്നാൽ റിട്ടയർമെന്റ് ആനുകൂല്യമായി പദ്ധതിയിൽ അംശദായം മുടക്കം കൂടാതെ അടച്ച് 40 വർഷം പൂർത്തിയാക്കുകയോ 60 വയസ്സ് പൂർത്തിയാക്കുകയോ ചെയ്യുന്ന ഒരംഗം പദ്ധതിയിൽനിന്നും റിട്ടയർ ചെയ്യുന്നതായി കണക്കാക്കി ടിയാന്റെ പേരിൽ അയാളും തൊഴിലുടമയും പദ്ധതിയിൽ അടയ്ക്കുന്ന യഥാർത്ഥ തുകയ്ക്ക് 5 ശതമാനം പലിശ സഹിതം നൽകുന്നതിന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചികിത്സാ ധനസഹായമായി 10,000 രൂപയും (പതിനായിരം രൂപയും) മരണാനന്തര ധനസഹായമായി 5,000 രൂപയും (അയ്യായിരം രൂപയും) നിലവിൽ നൽകിവരുന്നുണ്ട്. 24-3-2018 തീയതിയിൽ പത്തനംതിട്ട വച്ച് ചേർന്ന 47-ാമത് ബോർഡ് യോഗ തീരുമാനപ്രകാരം 2004-ലെ കേരളാ ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി, 2005-ലെ പരിഷ്കരിച്ച കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയത് സംബന്ധിച്ച് ബോർഡ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ലയനം പൂർത്തിയാകുന്നമുറയ്ക്ക് ടി പദ്ധതി പ്രകാരം അംഗങ്ങളായ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കാൻ കഴിയുന്നതാണ്.

(ബി) ഇല്ല.

(സി) തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിച്ചു വരുന്നത്. ഇവയിൽ 6 ക്ഷേമനിധി ബോർഡുകൾ സാമ്പത്തിക ഭദ്രതയുള്ളതും തനിയെ നിലനിൽക്കാൻ പ്രാപ്തിയുള്ളതുമാണ്. മറ്റുള്ളവ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയാണ് പ്രവർത്തിച്ചുവരുന്നത്. സാമ്പത്തിക വരുമാനത്തിലുള്ള കുറവ് മൂലവും അധികരിച്ച ഭരണ ചെലവ് മൂലവും നിലനിൽക്കാൻ പ്രയാസപ്പെടുന്നവയാണ്. ഈ സാഹചര്യത്തിൽ സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിച്ചുകൊണ്ട് ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണം സാധ്യമാക്കണമെന്ന് ഇത് സംബന്ധിച്ച് പഠനം നടത്തിയ ശ്രീനിവാസൻ കമ്മിറ്റി, സബ്കമ്മിറ്റി എന്നിവർ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ഭദ്രത, പ്രവർത്തന സ്വഭാവം, പ്രവർത്തന സൗകര്യം, അംഗബലം എന്നിവയുടെ അടിസ്ഥാനത്തിൽ ബോർഡുകളുടെ സംയോജനം സജീവമായി പരിഗണിച്ചുവരുന്നു.

## ക്ഷേമനിധി ബോർഡുകളിലെ ജീവനക്കാർ

284 (2980) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിൽ എത്ര ക്ഷേമനിധി ബോർഡുകൾ ഉണ്ടെന്നും പ്രസ്തുത ബോർഡുകളിൽ സ്ഥിരം ജീവനക്കാരുടേയും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടേയും എണ്ണം എത്ര വീതമുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിലെല്ലാം സ്പെഷ്യൽ റൂൾസ് ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചു വരുന്നു. ഓരോ ക്ഷേമനിധി ബോർഡിലും പ്രവർത്തിച്ചുവരുന്ന സ്ഥിരം ജീവനക്കാരുടെയും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെയും എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്, കേരള ബീഡി ആന്റ് സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് എന്നീ ബോർഡുകളിൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കിയിട്ടുണ്ട്.

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ആന്റ് സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം സ്പെഷ്യൽ റൂൾ നടപ്പിലാക്കിയിട്ടില്ല. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലും സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല. ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കാത്തതിനാൽ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾ ബാധകമാക്കിയിട്ടില്ല. മറ്റു ബോർഡുകളിൽ സ്പെഷ്യൽ റൂൾ രൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

**സ്വകാര്യ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് ജീവനക്കാർക്കായി ക്ഷേമനിധി**

285 (2981) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് ജീവനക്കാർക്കായി പ്രത്യേകം ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി മോട്ടോർ വാഹന ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ നിശ്ചിത ശതമാനം സെസ് ഈടാക്കിയും അംശദായം വർദ്ധിപ്പിച്ചും തൊഴിലാളികൾക്കുള്ള ആനുകൂല്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മോട്ടോർ വർക്ക്ഷോപ്പ് തൊഴിലാളികളുടെ മക്കൾക്ക് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിന് തൊഴിൽ വകുപ്പ് മുൻകയ്യെടുത്ത് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 24-3-2018-ൽ തീയതിയിൽ ചേർന്ന ബോർഡിന്റെ 47-ാമത് യോഗത്തിൽ 2004-ലെ കേരളാ ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി, 2005-ലെ പരിഷ്കരിച്ച കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയത് സംബന്ധിച്ച് ബോർഡ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരികയുമാണ്. ലയനം പൂർത്തിയാകുന്ന മുറയ്ക്ക് ടി പദ്ധതി പ്രകാരം അംഗങ്ങളായ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കാൻ കഴിയുന്നതാണ്. ഇതിനൊപ്പം അവർക്ക് പെൻഷൻ ആനുകൂല്യം ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

(ബി) തൊഴിലാളികൾക്കുള്ള ആനുകൂല്യം വർദ്ധിപ്പിക്കുന്നതിനായി പുതിയതായി സെസ്സ് ഏർപ്പെടുത്തുന്നതും അംശദായം വർദ്ധിപ്പിക്കുന്നതും ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ആർ.സ്.ബി.വൈ./ചിസ് പദ്ധതി**

286 (2982) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിൽ ചേർന്ന അംഗങ്ങൾക്ക് അപകടമരണം/സ്വാഭാവിക മരണം സംഭവിക്കുമ്പോൾ ഇപ്പോൾ ലഭിക്കുന്ന ധനസഹായം എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇത് ലഭ്യമാവാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കയാണ്; അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വിവരിക്കുമോ;

(സി) 2018 വർഷത്തിൽ ധനസഹായമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ട് എന്നത് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആർ.എസ്.ബി.വൈ./ചിസ് പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്ന സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ്. ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം അപകട മരണത്തിനും സ്വാഭാവിക മരണത്തിനും ധനസഹായം ലഭ്യമല്ല.

(ബി & സി) ബാധകമല്ല.

## കെട്ടിട നിർമ്മാണ മേഖലയിലെ സുരക്ഷാ പ്രശ്നങ്ങൾ

287 (2983) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ്) നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമുള്ള സുരക്ഷാ നിബന്ധനകൾ പാലിക്കാത്തതുമൂലം കെട്ടിട നിർമ്മാണ മേഖലയിൽ അപകടങ്ങൾ വർദ്ധിക്കുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) കെട്ടിട നിർമ്മാണ മേഖലയിൽ സുരക്ഷാ ഓഡിറ്റ് നിർബന്ധമാക്കുന്നതിനും തൊഴിൽ വകുപ്പ് ഹെൽത്ത് ആന്റ് സേഫ്റ്റി മാന്വൽ പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാതെ സംസ്ഥാനത്ത് പല ഭാഗത്തും ഫ്ലാറ്റുകളുടെയും ഉയർന്ന കെട്ടിടങ്ങളുടെയും നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് നടത്തിയ സ്പെഷ്യൽ സ്ക്വാഡ് പരിശോധനയിൽ സുരക്ഷാ സംവിധാനം ഒരുക്കാതെ 71 സ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനം നടത്തിവന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇപ്രകാരം കണ്ടെത്തിയ നിയമലംഘനങ്ങൾക്കെതിരെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ നിയമം 1979, കരാർ തൊഴിലാളി നിയമം 1970, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമം 1996 എന്നീ നിയമങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പുകളാണ് സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നത്. കൂടാതെ നിർമ്മാണം നടക്കുന്ന സ്ഥലത്ത് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ ഇൻസ്പെക്ടർമാർ സ്ഥല പരിശോധന നടത്താറുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നിർമ്മാണ

പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടാൽ പ്രവർത്തനം പൂർണ്ണമായും നിർത്തിവയ്ക്കുന്നതിന് തൊഴിലുടമയ്ക്കും കോൺട്രാക്ടർക്കും നിർദ്ദേശം നൽകുകയും ചെയ്യുന്നു.

(ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പരിശോധനകൾക്കായി ഓരോ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർമാരെയും (എൻഫോഴ്സ്മെന്റ്) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് I-നെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നിയമ പ്രകാരം എല്ലാ നിർമ്മാണ പ്രവർത്തികളും സംബന്ധിച്ച് ബന്ധപ്പെട്ട ഇൻസ്പെക്ടറെ തൊഴിലുടമ അറിയിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥ പാലിക്കാത്ത സാഹചര്യങ്ങളിൽ നിർമ്മാണ സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമായ മേൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

**അസംഘടിത തൊഴിലാളികളുടെ തൊഴിൽ**
**സാഹചര്യവും വേതനവും**

288 (2984) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽസാഹചര്യവും വേതനവും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) സ്വകാര്യ വാണിജ്യസ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ സ്ത്രീ സൗഹൃദ അന്തരീക്ഷം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 16-9-2015-ലെ ജി. ഒ. (പി.) നമ്പർ 134/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 1961-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി

വരുത്തുകയും ആവശ്യമായ വിശ്രമസ്ഥലം, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ടോയ്‌ലെറ്റ് സൗകര്യം, 20-ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസ സൗകര്യം എന്നിവ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ഉറപ്പ് വരുത്തുവാനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി ഓർഡിനൻസ് വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിക്കുകയും തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന സേവന വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കാനും ആയതിന് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. 2017 വർഷത്തെ ഗ്രേഡിംഗിനായി ആകെ 941 അപേക്ഷകൾ ലഭിച്ചു. ആയതിൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം 446 സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുകയും ഇതിൽ 271 സ്ഥാപനങ്ങൾ വജ്ര ഗ്രേഡിനും 119 സ്ഥാപനങ്ങൾ സുവർണ്ണ ഗ്രേഡിനും 56 സ്ഥാപനങ്ങൾ രജത ഗ്രേഡിനും അർഹമായി. ടി സ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ 15-10-2018-ൽ എറണാകുളത്തുവച്ച് നടന്ന ചടങ്ങിൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന നടപടികൾ പ്രാരംഭദിശയിലാണ്.

(സി) ഗ്രേഡിംഗ് സമ്പ്രദായത്തിൽ, സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതിന്റെ ചോദ്യാവലിയിൽ സ്ത്രീ സുരക്ഷ, യാത്രാ സൗകര്യം, പ്രസവാവധി ആനുകൂല്യങ്ങൾ, ഹോസ്റ്റൽ സൗകര്യം എന്നിവ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച ചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ

289 (2985) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഇവരുടെ താമസസൗകര്യത്തിനായി ഒരുക്കിയ പദ്ധതികൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇവരുടെ ഐഡന്റിറ്റി പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് "ആവാസ്" എന്ന ഇൻഷുറൻസ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. 29-11-2018 തീയതി വരെ 328336 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 55430 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുകയാണ്.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസ സൗകര്യം നൽകുന്ന പദ്ധതിയാണ് "അപ്നാഘർ" പദ്ധതി. നിലവിൽ "അപ്നാഘർ" പദ്ധതിയുടെ പാലക്കാട്ടുള്ള സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഈ പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിൽ രാമനാട്ടുകരയിലും സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. ടി പദ്ധതികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് മറ്റു ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

(സി) തൊഴിൽ വകുപ്പിന്റെ പരിശോധനാവേളകളിൽ തൊഴിലാളികളുടെ ഐഡന്റിറ്റി പരിശോധിക്കാറുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ്

290 (2986) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഇതര സംസ്ഥാന തൊഴിലാളികളാണ് കേരളത്തിൽ ജോലിചെയ്ത് വരുന്നത്; അവരുടെ മാതൃസംസ്ഥാനങ്ങളുടെ അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്കെല്ലാം തിരിച്ചറിയൽ കാർഡ് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; താമസിക്കുന്നതിനും തൊഴിൽ ചെയ്യുന്നതിനുമായി എന്തെല്ലാം സൗകര്യങ്ങളാണ് ഇവർക്ക് ഒരുക്കിയിട്ടുള്ളത്;

(സി) ഇവർക്ക് ആരോഗ്യ ഇൻഷ്വറൻസ് സംവിധാനം വ്യാപകമായി ഏർപ്പെടുത്തിയിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് കാർഡ് നൽകിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജോലി നോക്കി വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ എണ്ണം ലഭ്യമല്ല. എന്നാൽ "ആവാസ്" പദ്ധതി പ്രകാരം 29-11-2018 വരെ 328336 തൊഴിലാളികളെ രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ തുടരുകയാണ്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 55430 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ട് പദ്ധതികൾക്കും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) "ആവാസ്" പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്.

ഇതരസംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്ന പദ്ധതിയാണ് "അപ്നാ ഘർ" പദ്ധതി. നിലവിൽ പ്രസ്തുത പദ്ധതിയുടെ പാലക്കാടുള്ള സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഈ പദ്ധതിയുടെ മറ്റ് സ്കീമുകൾ നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിൽ രാമനാട്ടുകരയിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതരസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽപരമായ സഹായങ്ങൾ നൽകാൻ ഫെസിലിറ്റേഷൻ സെന്ററുകൾ എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ടി സെന്ററുകളിലൂടെ ഇതരസംസ്ഥാന തൊഴിലാളികൾക്ക് അർഹതപ്പെട്ട നിയമപരിരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും സേവന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണാനും കഴിയും. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി ഇവർക്ക് ലഭിക്കേണ്ട വേതന വ്യവസ്ഥകൾ, സുരക്ഷിതത്വം, ക്ഷേമം എന്നിവ സംബന്ധിച്ച് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനകളും സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നു.

(സി) "ആവാസ്" പദ്ധതിയിൻ കീഴിലുള്ള രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ കാർഡ് ലഭിക്കുന്ന എല്ലാ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

29-11-2018 വരെ 328336 പേർക്ക് ഹെൽത്ത് ഇൻഷ്വറൻസ് കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ**

291 (2987) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന അസംഘടിതരായ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ജോലി ചെയ്യുന്ന മുഴുവൻ ഇതര സംസ്ഥാന തൊഴിലാളികൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) " ആവാസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 29-11-2018 തീയതി വരെ 328336 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ 55430 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം രജിസ്ട്രേഷൻ, തിരിച്ചറിയൽ കാർഡ് നൽകൽ ആരോഗ്യ പരിരക്ഷ എന്നിവ ലക്ഷ്യമിട്ടുകൊണ്ടാണ് 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപ കൊടുത്തിട്ടുള്ളത്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശ സ്വയംഭരണം തുടങ്ങിയ മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ ഏകീകൃത ഇൻഷുറൻസ് ലിങ്കഡ് തിരിച്ചറിയൽ കാർഡാണ് ഈ പദ്ധതിയിലൂടെ നൽകിവരുന്നത്. കൂടാതെ 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിലും ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് വരുന്നുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം**

292 (2988) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം ഇതിനോടകം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കൃത്യമായ തിരിച്ചറിയൽ രേഖകളില്ലാതെ സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇവർക്ക് തിരിച്ചറിയൽ രേഖകൾ നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 29-11-2018 തീയതി വരെ 328336 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 55,430 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സർക്കാരിന്റെയോ അംഗീകൃത ഏജൻസികളുടെയോ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിലാണ് തൊഴിലാളികളെ ആവാസ് പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്യുന്നത്. എന്നാൽ തിരിച്ചറിയൽ രേഖകൾ ഒന്നും ഇല്ലാത്ത ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ സജീവമായി നടന്നുവരുന്നു.

**ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ**

293 (2989) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിലെ ശുചിത്വം, ജീവിത സാഹചര്യം എന്നിവയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരം ക്യാമ്പുകളിൽ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്ന സാഹചര്യം നിലനിൽക്കുന്നത് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇത്തരത്തിൽ ഒരു പഠനം തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ജീവിതസൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ. ഉ. (സാധാ.) 960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയ ഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ക്യാമ്പുകളിൽ പരിശോധന നടത്തുമ്പോൾ ഈ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയും മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുകയും ചെയ്യാറുണ്ട്. മെഡിക്കൽ ക്യാമ്പുകളിലെ പരിശോധനയിൽ ഇതര സംസ്ഥാന തൊഴിലാളികളിൽ ചിലരിൽ സാംക്രമിക രോഗങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ

294 (2990) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്ന് ജോലി ചെയ്യുന്ന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്ന് ജോലി ചെയ്യുന്ന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം, രജിസ്ട്രേഷൻ, തിരിച്ചറിയൽ കാർഡ് നൽകൽ, ആരോഗ്യ പരിരക്ഷ എന്നിവ ലക്ഷ്യമിട്ടുകൊണ്ടാണ് ആവാസ് എന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്.

അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതു പ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് ഫോമുകൾ വിതരണം ചെയ്ത് അവരുടെ വ്യക്തിവിവരങ്ങൾ ശേഖരിച്ച് സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡ് നൽകുന്നു. 29-11-2018 തീയതി വരെ 328336 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 55430 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ട് പദ്ധതികൾക്കും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു *.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികൾ

295 (2991) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ സംവിധാനം ഏർപ്പെടുത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

### ഉത്തരം

(എ) ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 29-11-2018 തീയതി വരെ 3,28,336 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 55430 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു *.

(ബി) ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള എൻറോൾമെന്റ് സംവിധാനം എല്ലാ ജില്ലകളിലും ഒരുക്കിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ 'ശ്രമിക് ബന്ധു' എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെകീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. ടി ക്ഷേമ പദ്ധതി പ്രകാരം ചികിത്സാസഹായം (25,000 രൂപ) ടെർമിനൽ ബെനിഫിറ്റ് (10,000 രൂപ മുതൽ 25,000 രൂപ വരെ) വിദ്യാഭ്യാസ ആനുകൂല്യം (1,000 രൂപ മുതൽ 3,000 രൂപ വരെ), അപകടമരണ ധനസഹായം (50,000 രൂപ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം (5,000 രൂപ മുതൽ 15,000 രൂപ വരെ) പ്രസവ ധനസഹായമായി മൂന്നുമാസത്തെ മിനിമം വേതനം തുടങ്ങി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിനുള്ളിൽ വച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതികശരീരം വേഗത്തിൽ നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾക്കായി രണ്ട് ലക്ഷം രൂപ വീതമുള്ള റിവോൾവിംഗ് ഫണ്ട് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ "ആവാസ്" ആരംഭിച്ചിട്ടുണ്ട്. "ചിയാക്ക"മായി സഹകരിച്ച് "ചിസ് പ്ലസ്" മാതൃകയിൽ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് പ്രതിവർഷം 15,000 രൂപ വരെയുള്ള ഇൻപേഷ്യന്റ് സൗജന്യ ചികിത്സാ സഹായമടക്കം 56 ഗവൺമെന്റ് ഹോസ്പിറ്റലുകളിലായി നൽകിവരുന്നുണ്ട്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

"അപ്നാഘർ" പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളി കൾക്കായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഹോസ്റ്റൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ മാതൃകയിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

**ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ**
**ആരംഭിക്കുവാൻ നടപടി**

296 (2992) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്ത് എവിടെയെങ്കിലും ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എവിടെയെങ്കിലും പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ആലപ്പുഴ ജില്ലയിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുമോ; കഴിഞ്ഞ ഏഴു വർഷത്തിനിടയിൽ ഇത്തരം നിർദ്ദേശമോ ഉത്തരവോ കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചില്ല.

(ബി - ഡി) മാവേലിക്കരയിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 19-9-2013-ൽ ചേർന്ന ഇ.എസ്.ഐ. കോർപ്പറേഷന്റെ 160-ാമത് യോഗം തീരുമാനമെടുത്തിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് ഉത്തരവുകളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. ടി മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി ഏകദേശം 30 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് കേന്ദ്ര സർക്കാർ 13-11-2013-ൽ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. അയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ പിന്നീട് ഇ.എസ്.ഐ. കോർപ്പറേഷൻ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തു നിന്നും പിൻവാങ്ങുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**ഇ.എസ്.ഐ. ആനുകൂല്യങ്ങൾ**

297 (2993) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനും രോഗികൾക്ക് മികച്ച ചികിൽസ ലഭ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇപ്പോൾ ഏതൊക്കെ വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്കാണ് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇ.എസ്.ഐ.പരിരക്ഷ ലഭിക്കുന്നതിനുള്ള തൊഴിലാളികളുടെ വേതന പരിധി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള 9 ഇ.എസ്.ഐ. ആശുപത്രികളും 143 ഇ.എസ്.ഐ. ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുന്നതിന് നിയമിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ നടപടികൾ സ്വീകരിച്ച വരുന്നു. ഓരോ സ്ഥാപനങ്ങളിലും ടി സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി പുതുതായി രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മേജർ ഡിസ്പെൻസറികളിൽ ഇ.സി.ജി. മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഇ-ഗവേണൻസിന്റെ ഭാഗമായി മെഡിക്കൽ ക്ലെയിമുകളുടെ അപേക്ഷകൾ യഥാസമയം അനുവദിക്കാനായി ഡിസ്പെൻസറി കൾക്ക് ഇന്റർനെറ്റ് സൗകര്യവും കമ്പ്യൂട്ടറുകളും നൽകിയിട്ടുണ്ട്. ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ. ആശുപത്രികളിലും തിരക്കേറിയ ഇ.എസ്.ഐ. ഡിസ്പെൻസറികളും ടോക്കൺ സിസ്റ്റം സ്ഥാപിച്ചു. ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ. ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രി കളിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഒ.ടി. ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ. ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ഇ.എസ്.ഐ. ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ഇ.എസ്.ഐ കോർപ്പറേഷന്റെ റേറ്റ് കോൺട്രോക്കിലുൾപ്പെട്ടതും എന്നാൽ മരുന്ന് കമ്പനികൾ സമയത്ത് വിതരണം നടത്താതതുമായ 103 ഇനം അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്ന വിതരണം ചെയ്യുന്നു. വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. പത്തു ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ.എസ്.ഐ. ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനു വേണ്ടി ഹരിതമിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. 2017-18 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ വഴി രോഗികൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് 4 ഇ.എസ്.ഐ. ആശുപത്രികളിൽ 'ഫുള്ളി ഓട്ടമേറ്റഡ് ബയോകെമസ്ട്രി അനലൈസറുകൾ' സ്ഥാപിച്ചു. രണ്ട് ഇ.എസ്.ഐ. ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകളും പവർ ലോൺട്രി സംവിധാനവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. രണ്ട് ആശുപത്രികളിൽ ഹെമറ്റോളജി അനലൈസറുകൾ സ്ഥാപിച്ചു. ഉച്ചക്ക് ശേഷവും ലബോറട്ടറി സൗകര്യം ലഭിക്കുന്നതിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന തൊഴിൽ സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതാണ്:

1. വ്യവസായശാലകൾ, വ്യാപാര സ്ഥാപനങ്ങൾ
2. ഹോട്ടൽ/റസ്റ്റോറന്റ്
3. സിനിമ തിയേറ്ററുകൾ
4. റോഡ് ഗതാഗത സ്ഥാപനങ്ങൾ
5. പത്ര മാധ്യമ സ്ഥാപനങ്ങൾ
6. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ
7. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ
8. കൺസ്ട്രക്ഷൻ മേഖലയിലെ നിർമ്മാണ തൊഴിലാളികൾ.

കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ എല്ലാ കോൺട്രാക്ട്/കാഷ്വൽ തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ലഭ്യമാണ്.

(സി) ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതിനുള്ള തൊഴിലാളികളുടെ വേതന പരിധി 1-1-2017 മുതൽ 15,000 രൂപയിൽ നിന്നും 21,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

## തോട്ടട ഇ.എസ്.ഐ. ആശുപത്രി

298 (2994) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അവിടെ അനുവദിക്കപ്പെട്ട സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) തോട്ടട ഇ.എസ്.ഐ. ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കണം എന്ന് 2016-ൽ ഇ.എസ്.ഐ. കോർപ്പറേഷൻ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാർ ശിപാർശ ചെയ്ത് ഇ.എസ്.ഐ. കോർപ്പറേഷനിലേക്ക് അയയ്ക്കുകയുണ്ടായി. എന്നാൽ തോട്ടട ഇ.എസ്.ഐ. ആശുപത്രിയിലെ ബെഡ് ഒക്കുപ്പൻസി 30 ശതമാനത്തിനുതാഴെയായതിനാൽ ടി പ്രൊപ്പോസൽ ഇ.എസ്.ഐ. കോർപ്പറേഷൻ നിരസിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിനുള്ള സൗകര്യം ലഭ്യമല്ല എന്നും തോട്ടട ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ് എന്ന് ഇ.എസ്.ഐ. പദ്ധതി സംസ്ഥാന വ്യാപകമാക്കിയ സാഹചര്യത്തിലും വരുമാന പരിധി 21,000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിലും കൂടുതൽ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ആശുപത്രിയുടെ സേവനം കൂടുതലായി പ്രയോജനപ്പെടുത്തുന്ന സാഹചര്യമുള്ളതിനാലും ഇ.എസ്.ഐ. കോർപ്പറേഷന്റെ തീരുമാനം പുനഃപരിശോധിക്കണം എന്ന് സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഇ.എസ്.ഐ. കോർപ്പറേഷൻ എല്ലാ സംസ്ഥാനത്തും രണ്ട് ആശുപത്രികളും ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും നേരിട്ട് നടത്തുന്നതാണ് എന്ന തീരുമാനം ഇ.എസ്.ഐ. കോർപ്പറേഷന്റെ 167-ാമത് മീറ്റിംഗിൽ എടുത്തിരുന്നു എന്നും കേരളത്തിൽ നിലവിൽ കൊല്ലം ജില്ലയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ഉൾപ്പെടെ മൂന്ന് ആശുപത്രികൾ ഇ.എസ്.ഐ. കോർപ്പറേഷൻ നേരിട്ടാണ് നടത്തുന്നത് എന്നും സൂചിപ്പിച്ച് സംസ്ഥാന സർക്കാരിന്റെ ശിപാർശ വീണ്ടും നിരസിച്ചു. തുടർന്ന് സംസ്ഥാന സർക്കാരിന് താത്പര്യമെങ്കിൽ ടി ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആയി ഉയർത്താവുന്നതാണെന്നും അതിന് മനുഷ്യവിഭവശേഷി, ഉപകരണങ്ങൾ എന്നിവയ്ക്ക് വരുന്ന ചെലവ് 7:1 അനുപാതത്തിൽ വഹിക്കാവുന്നതാണെന്നും ഇ.എസ്.ഐ. കോർപ്പറേഷൻ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ 6 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകളാണുള്ളത് (ഫിസിഷ്യൻ, സർജൻ, പീഡിയാട്രീഷൻ, ഗൈനക്കോളജിസ്റ്റ്, ഓർത്തോഫിസിഷ്യൻ, അനസ്തെറ്റിസ്റ്റ്). ഇതിൽ സർജൻ ഒഴികെയുള്ള എല്ലാ തസ്തികകളിലും പി.എസ്.സി. റഗുലർ സ്പെഷ്യലിസ്റ്റുകൾ ജോലി ചെയ്യുന്നുണ്ട്.

സർജനായി നിയമിക്കുന്നതിന് റെഗുലർ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഇല്ലാത്തതിനാൽ കോൺട്രാക്ട് വ്യവസ്ഥയിൽ ഒരു സർജനെ നിയമിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിൽ പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ

299 (2995) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ഉൾപ്പെടെ പല സ്ഥലത്തും പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങാൻ സർക്കാർ ഉത്തരവ് ഇറക്കിയിട്ടും പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നടപടിക്രമം പൂർത്തിയാക്കി കൊണ്ടോട്ടിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനുവേണ്ടി ആനുയോജ്യമായ കെട്ടിടം പരിശോധന നടത്തി തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി ഉൾപ്പെടെ സംസ്ഥാനത്ത് 18 ഏകഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് കേരള സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ കേന്ദ്ര ഓഫീസിൽ നിന്നും രണ്ട് ഡിസ്പെൻസറികളുടെ പ്രവർത്തനാനുമതി മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. കൊണ്ടോട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനാനുമതി ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് അനുയോജ്യമായ കെട്ടിടം കണ്ടെത്തി ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികളുടെ മിനിമം കൂലി

300 (2996) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികളുടെ വേതന വർദ്ധനവിന്റെ കാലാവധി എന്ന് അവസാനിച്ചുവെന്ന് അറിയിക്കുമോ; തൊഴിലാളികൾക്ക് വേതന വർദ്ധന ആനുകൂല്യം തുടർന്ന് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ ശമ്പളത്തിൽ വർദ്ധനവ് വരുത്താത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കുമോ; ഈ കൂലി ഇവർക്ക് പര്യാപ്തമാണോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് സർക്കാർ മിനിമം കൂലിയായി എത്ര രൂപയാണ് തൊഴിലാളികൾക്ക് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 600 രൂപ മിനിമം കൂലിയെങ്കിലും കോർപ്പറേഷൻ തൊഴിലാളികൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തെ തോട്ടം മേഖലയുടെ വേതന പരിഷ്കരണം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മിനിമം വേതന നിയമപ്രകാരം വിജ്ഞാപനം ചെയ്യുകയാണ് പതിവ്. പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികളുടെ വേതനവും മേൽ വിജ്ഞാപനത്തിനനുസരിച്ചാണ് നൽകിവരുന്നത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിലുണ്ടാകുന്ന ഒത്തുതീർപ്പ് സാധാരണ 3 വർഷകാലത്തേക്കായിട്ടാണ് ഉണ്ടാകുന്നത്. എന്നാൽ നിലവിലെ വേതന പരിഷ്കരണം സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ധാരണയിലെത്താൻ കഴിയാത്ത സാഹചര്യത്തിൽ മിനിമം വേതന നിയമ പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്യുകയും ആയതിന് 1-7-2015 മുതൽ പ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് 1-7-2018 മുതൽ ഹാജരൊന്നിന് 80 രൂപ നിരക്കിൽ ഇടക്കാലാശ്വാസം നൽകി വരുന്നുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച നടന്നുവരുന്നതും ആയത് അന്തിമഘട്ടത്തിലുമാണ്.

(സി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള സ. ഉ. (അച്ചടി) 76/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ടൈം റേറ്റഡ് വർക്കേഴ്സിന്റെ നിലവിലെ കൂലി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| (i) തേയില | | | |
| 1 | ഫീൽഡ് വർക്കർ | അടിസ്ഥാന വേതനം | 256.21 |
| | | ക്ഷാമബത്ത (1-10-2018) | 72.45 |
| | | ആകെ | 328.66 |
| 2 | ഫാക്ടറി വർക്കർ | അടിസ്ഥാന വേതനം | 259.46 |
| | | ക്ഷാമബത്ത | 72.45 |
| | | ആകെ | 331.91 |
| (ii) റബ്ബർ | | | |
| 1 | ഫീൽഡ് വർക്കർ | അടിസ്ഥാന വേതനം | 336.21 |
| | | ക്ഷാമബത്ത | 72.45 |
| | | ആകെ | 408.66 |
| 2 | ഫാക്ടറി വർക്കർ | അടിസ്ഥാന വേതനം | 341.08 |
| | | ക്ഷാമബത്ത | 72.45 |
| | | ആകെ | 413.53 |
| (iii) കാപ്പി | | | |
| 1 | ഫീൽഡ് വർക്കർ | അടിസ്ഥാന വേതനം | 256.21 |
| | | ക്ഷാമബത്ത | 72.45 |
| | | ആകെ | 328.66 |
| (iv) ഏലം | | | |
| 1 | ഫീൽഡ് വർക്കർ | അടിസ്ഥാന വേതനം | 256.21 |
| | | ക്ഷാമബത്ത | 72.45 |
| | | ആകെ | 328.66 |

(ഡി) മിനിമം വേതന നിയമപ്രകാരം ഷെഡ്യൂൾ ചെയ്തിട്ടുള്ള തൊഴിൽ മേഖലയിലെല്ലാം പ്രത്യേകമായ കൂലി വ്യവസ്ഥയാണ് നിലനിൽക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കാലാകാലങ്ങളിൽ കൂലി പുതുക്കി നിശ്ചയിച്ചുവരുന്നു. വിവിധ തൊഴിൽ മേഖലകളിലെ സാഹചര്യവും വേതനവ്യവസ്ഥയും പരിശോധിച്ച് മിനിമം വേതനം 600 രൂപയായി നിശ്ചയിക്കണമെന്നാണ് സർക്കാരിന്റെ തൊഴിൽ നയത്തിൽ വിഭാവനം ചെയ്യുന്നത്.

(ഇ) പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ നടന്നുവരുന്ന വേതന പരിഷ്കരണ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**തൊഴിൽ വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

301 (2997) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തോട്ടം മേഖലയിലെ ഭവനരഹിതരായ തൊഴിലാളികൾക്ക് 4 ലക്ഷം രൂപയ്ക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടമായി ദേവികുളം മണ്ഡലത്തിൽ ലൈഫ് ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

കൂടാതെ ഭവനം ഫൗണ്ടേഷൻ "ജനനി" പദ്ധതിയിൻകീഴിൽ അടിമാലിയിൽ നിർമ്മിച്ച 217 വീടുകളുള്ള കെട്ടിട സമുച്ചയം ലൈഫ് പദ്ധതിയിൻ കീഴിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ലൈഫ് മിഷനിലേക്ക് കൈമാറാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ

302 (2998) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ കമ്പോളത്തിൽ സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിൽ നൈപുണ്യ മികവുയർത്തുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) പുതുതായി ആരംഭിച്ച ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ, തൊഴിൽ നൈപുണ്യ വർദ്ധനവിന് നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാനത്തെ പാർശ്വവൽകൃതരുടെയും സ്ത്രീകളുടെയും ജോലി ലഭ്യത വർദ്ധിപ്പിച്ച് മുഖ്യധാരയിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിനായി കരിയർ ഡെവലപ്മെന്റ് സെന്ററുകളും എംപ്ലോയബിലിറ്റി സെന്ററുകളും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; ഇവയുടെ പ്രവർത്തനം വിപുലീകരിക്കാൻ ലക്ഷ്യമിടുന്നുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിൽ നൈപുണ്യ മികവുയർത്തുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)
2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ
3. കൗശൽ കേന്ദ്രങ്ങൾ
4. അക്രഡിറ്റേഷൻ
5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ.

KASE ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ

1. എംപ്ലോയബിലിറ്റി സെന്ററുകൾ
2. കരിയർ ഡെവലപ്പ്മെന്റ് സെന്റർ.

(ബി) ഐ.ടി.ഐ. സർട്ടിഫിക്കറ്റ്/ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർ വൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന പരിശീലനമാണ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ, (IIIC)-യിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. മാനേജീരിയൽ ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്നു കാറ്റഗറികളിലായി 38 കോഴ്സുകൾ ആണ് നിലവിൽ നടത്തുന്നത്.

(സി) സംസ്ഥാനത്തെ സ്ത്രീകളുടെ ജോലി ലഭ്യത വർദ്ധിപ്പിച്ച് മുഖ്യധാരയിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ, സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, കുടുംബശ്രീയുമായി സഹകരിച്ച് ഡ്രൈവിംഗ്, ജെറിയാട്രിക് കെയർ എന്നിവയിൽ സ്ത്രീകൾക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ ഹോംസ്റ്റേയിൽ പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ഡി) അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിനായി ഡയറക്ടറേറ്റ് ഓഫ് എംപ്ലോയിമെന്റുമായി സഹകരിച്ച് KASE നടപ്പിലാക്കിവുരന്ന നൈപുണ്യ വികസന പദ്ധതികളായ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളും എംപ്ലോയബിലിറ്റി സെന്ററുകളും നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

<u>കരിയർ ഡെവലപ്പ്മെന്റ് സെന്റർ (CDC)</u>

തൊഴിൽ അന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന കരിയർ ഡെവലപ്പ്മെന്റ് സെന്ററിന്റെ സുപ്രധാന ലക്ഷ്യം. വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഉപരിപഠനവുമായി ബന്ധപ്പെട്ട

എല്ലാവിധ സംശയങ്ങൾക്കും ഈ സെന്ററിൽ നിന്നും പരിഹാരം ലഭിക്കും. മികച്ച കോഴ്സുകൾ, പഠനാനന്തരം ഉള്ള തൊഴിൽ സാധ്യത, ഓരോ കാലഘട്ടത്തിലെയും തൊഴിൽ വിപണിയുടെ പൊതുസ്വഭാവം, പുതിയ പ്രവണതകൾ തുടങ്ങി നിരവധി കാര്യങ്ങളിൽ അറിവ് ലഭിക്കുന്നതിന് സെന്റർ സഹായകരമാകും. കൂടാതെ വിവിധ സർക്കാർ പൊതു സ്വകാര്യ മേഖലകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ, പരീക്ഷ പരിശീലന രീതികൾ (കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, നാഷണൽ എലിജിബിലിറ്റി ടെസ്റ്റ്, എൻട്രൻസ് എക്സാം ഫോർ സെൻട്രൽ യൂണിവേഴ്സിറ്റി, പി.എസ്.സി പരീക്ഷകൾ etc.)തുടങ്ങിയ വിവരങ്ങളും സെന്ററിൽ നിന്നും ലഭിക്കും. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട് എന്നിവിടങ്ങളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കായംകുളം, വൈക്കം, തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

എംപ്ലോയബിലിറ്റി സെന്ററുകൾ

തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്കളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇടുക്കിയിലും തിരുവനന്തപുരത്തും എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**നൈപുണ്യ വികസനത്തിലൂടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കൽ**

303 (2999) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിൽ അവസരങ്ങൾ ഏറെയുള്ള നിർമ്മാണ മേഖലയിൽ തൊഴിലാളികൾക്ക് വൈദഗ്ദ്ധ്യപരിശീലനം നൽകുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സാങ്കേതിക-വൊക്കേഷണൽ കോഴ്സുകൾ പഠിച്ചിറങ്ങുന്നവരുടെ നൈപുണ്യ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിൽ അന്വേഷകർക്കായി സംസ്ഥാന സർക്കാരിന്റെ ഒരു 'ജോബ് പോർട്ടൽ' നിലവിലുണ്ടോ; ആയതിൻെറ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) വ്യവസായ സ്ഥാപനങ്ങളുടെ സഹകരണത്തോടെയുള്ള നൈപുണ്യ വികസന കോഴ്സുകൾ മുഖേന ഉദ്യോഗാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർമ്മാണ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്തുവാൻ അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷനലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) ആരംഭിച്ചു. ഐ.ടി.ഐ. സർട്ടിഫിക്കറ്റ്/ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർ വൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന പരിശീലനവും ഇവിടെ നൽകിവരുന്നു. മാനേജീരിയൽ ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്നു കാറ്റഗറികളിലായി 38 കോഴ്സുകൾ നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നിലവിൽ IIIC-ൽ നടത്തുന്ന കോഴ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ടെക്നിക്കൽ ലെവൽ :

1. സർട്ടിഫിക്കറ്റ് ഇൻ പെയിന്റിംഗ് ആന്റ് ഫിനിഷിംഗ് വർക്ക്സ്
2. അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ബാർ-ബെഡിംഗ് ആന്റ് സ്റ്റീൽ ഫിക്സിംഗ്
3. അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് ഇൻ ഹൗസ് കീപ്പിംഗ്.

സൂപ്പർവൈസറി ലെവൽ :

1. അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്ലംബിംഗ് എഞ്ചിനീയറിംഗ്.

<u>മാനേജേരിയൽ ലെവൽ</u> :

1. പി. ജി. ഡി. ഇൻ അർബൻ പ്ലാനിംഗ് ആന്റ് ആർക്കിടെക്ചർ
2. പി.ജി.ഡി. ഇൻ അഡ്വാൻസ്ഡ് കൺസ്ട്രക്ഷൻ മാനേജ്മെന്റ്
3. ഗ്രാഡ്വേറ്റ്ഷിപ്പ് പ്രോഗ്രാം ഫോർ എഞ്ചിനീയറിംഗ് ഗ്രാഡ്വേറ്റ്.

(ബി) സാങ്കേതിക-വൊക്കേഷണൽ യോഗ്യതകളായ ഐ.ടി.ഐ. സർട്ടിഫിക്കറ്റ്/ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ മികവിന്റെ കേന്ദ്രങ്ങൾ, അക്രഡിറ്റേഷൻ എന്നീ പദ്ധതികൾ മുഖേന ലഭ്യമാക്കുന്ന കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഉണ്ട്. സമൂഹത്തിലെ വിവിധ മേഖലകളിൽ നൈപുണ്യവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം തൊഴിൽ രംഗങ്ങളിൽ വിദഗ്ദ്ധരായവരുടെ സേവനങ്ങൾ ലഭ്യമാക്കാൻ ഉതകുന്ന തരത്തിലുള്ള ഒരു ഏകജാലക സംവിധാനം- "സ്റ്റേറ്റ് ജോബ് പോർട്ടൽ" (www.statejobportal.kerala.gov.in) ആരംഭിച്ചിട്ടുണ്ട്.

തൊഴിൽ അന്വേഷിക്കുന്നവർക്ക് സ്വന്തം വിവരങ്ങൾ ഈ പോർട്ടലിൽ അപ്ഡേറ്റ് ചെയ്തു തങ്ങൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ഇതിലൂടെ കണ്ടെത്തുന്നതിനും തൊഴിൽ ദാതാവിന് തൊഴിലവസരങ്ങൾ പോർട്ടലിൽ നൽകി തങ്ങൾക്ക് അനുയോജ്യമായ ഉദ്യോഗാർത്ഥിയെ കണ്ടെത്തുന്നതിനും സാധ്യമാകും. പോർട്ടലിന്റെ ആദ്യ ഘട്ടത്തിൽ തൊഴിലന്വേഷകരുടെയും തൊഴിൽ ദാതാക്കളുടെയും രജിസ്ട്രേഷൻ, ഡാറ്റാ അനാലിസിസ്, തൊഴിലന്വേഷണം തുടങ്ങിയവയും രണ്ടാം ഘട്ടത്തിൽ സ്കിൽ രജിസ്ട്രി, ഡിജിഎം ലോക്കർ സംവിധാനം, ലേർണിംഗ് മാനേജ്മെന്റ് സംവിധാനം, ജോബ് പോർട്ടൽ ആൻഡ് സ്കിൽ രജിസ്ട്രി, മൊബൈൽ ആപ്പ്, ജോബ് ബ്ലോഗ് എന്നിങ്ങനെയാണ് രൂപപ്പെടുത്തിയിട്ടുള്ളത്. കാഷ്വൽ ജോലിക്കായുള്ള സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്, ജോബ് ഫെയർ, മറ്റു പോർട്ടലുകളുമായുള്ള സംയോജനം, കൗൺസിലിംഗ്, ബയോഡേറ്റ തയ്യാറാക്കൽ എന്നീ സൗകര്യങ്ങളും ഈ പോർട്ടലിൽ ലഭ്യമാണ്.

വിവിധ സർവ്വകലാശാലകൾ, സർക്കാർ വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ ഏകീകരണത്തിലൂടെ തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട വിപുലമായ സ്കിൽ രജിസ്ട്രി തയ്യാറാക്കാനും ഏകീകൃത ഡാറ്റാബേസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭ്യമാക്കാനും പോർട്ടലിലൂടെ സാധിക്കും. വിദഗ്ധ തൊഴിലാളികളുടെ സ്കിൽ രജിസ്ട്രി രൂപീകരിക്കുന്നതിലൂടെ പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ, വീട്ടുജോലിക്കാർ എന്നിങ്ങനെ വിവിധങ്ങളായ ദൈനംദിന ഗാർഹിക വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരുടെ സേവനങ്ങൾ ഒരു വിരൽ തുമ്പിൽ തന്നെ ലഭ്യമാകുന്ന സംവിധാനം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ ആപ്പ് വഴിയും ഈ സൗകര്യം തൊഴിൽ അന്വേഷകർക്കും, തൊഴിൽ ദാതാക്കൾക്കും മറ്റു മൂലധന നിക്ഷേപകർക്കും ഉപയോഗപ്പെടുത്താൻ കഴിയുന്നതുമാണ്.

(ഡി) സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) നൈപുണ്യവികസന പദ്ധതികൾ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലാണ് നടപ്പിലാക്കി വരുന്നത്. KASE- ന്റെ സെന്റർ ഓഫ് എക്സലൻസ്, അക്രഡിറ്റേഷൻ എന്നീ പരിശീലന പദ്ധതികളിൽ വ്യവസായ മേഖല ആവശ്യപ്പെടുന്ന തരത്തിലുള്ള നൈപുണ്യ പരിശീലനം നൽകി ഉദ്യോഗാർത്ഥികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനും അതോടൊപ്പം തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുത്തുന്നു.

ഇതുകൂടാതെ പ്രമുഖ വ്യവസായ സ്ഥാപനങ്ങളുമായുള്ള ധാരണയിലൂടെ ഐ.ടി.ഐ.-യിലെ ട്രെയിനികൾക്ക് ആധുനിക സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിനും വിശാലമായ തൊഴിൽ മേഖല കണ്ടെത്തുന്നതിനും വേണ്ടിയുള്ള നടപടികൾ വ്യാവസായിക പരിശീലന വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം കളമശ്ശേരി ഐ.ടി.ഐ. വോക്സ് വാഗൺ, സാംസങ് ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുമായും, ചാലക്കുടി ഐ.ടി.ഐ. ടൊയോട്ട കിർലോസ്കർ ലിമിറ്റഡുമായും, ധനുവച്ചപുരം ഐ.ടി.ഐ. മഹീന്ദ്ര ആന്റ് മഹന്ദ്ര ലിമിറ്റഡുമായും, ചാക്ക, ചന്ദനത്തോപ്പ്, ഏറ്റുമാനൂർ, കോഴിക്കോട്, മാള, കളമശ്ശേരി എന്നീ ഐ.ടി.ഐ.കൾ മാരുതി സുസുക്കി ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡുമായും ധാരണയിൽ ഏർപ്പെട്ടിട്ടുണ്ട്.

## ഐ.ടി.ഐ.കളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി

304 (3000) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആദ്യഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ ഏതൊക്കെ ഐ.ടി.ഐ. കളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ-കളെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി.ഐ.കളിൽ അന്താരാഷ്ട്ര നിലവാരം കണക്കാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നത് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നെ ചുമതലപ്പെടുത്തുകയും കയ്യൂർ, കണ്ണൂർ, കൊയിലാണ്ടി, മലമ്പുഴ, ചെങ്ങന്നൂർ എന്നീ ഐ.ടി.ഐ.കളുടെ ഡി.പി.ആർ. KIIFB പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ KASE സ്വീകരിച്ചുവരുന്നു. പ്രസ്തുത ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

ഇതിനുപുറമേ തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ, കോഴിക്കോട് എന്നീ ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ആദ്യഘട്ടനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു.

(ബി) ആദ്യഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ കണ്ണൂർ ഗവൺമെന്റ് ഐ.ടി.ഐ.യാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. കണ്ണൂർ ഐ.ടി.ഐ.യുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) കിഫ്ബി പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

## ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി

305 (3001) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്; ഏതെല്ലാം;

(സി) ഐ.ടി.ഐ.കളിൽ നിലവിലുള്ള പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ "പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ 1396 സർക്കാർ ഐ.ടി.ഐ.കളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ" പട്ടികജാതി വകുപ്പിൻ കീഴിലെ 4 ഐ.ടി.ഐ.കൾ ഉൾപ്പെടെ 26 ഐ.ടി.ഐ.കൾ ഉൾപ്പെടിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത ഐ.ടി.ഐ.കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുകയും ആയതിന്റെ സുഗമമായ നടത്തിപ്പിന് നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. ഇതുകൂടാതെ ലോക ബാങ്കിന്റെ സഹായത്തോടെ ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയായ വൊക്കേഷണൽ ട്രെയിനിംഗ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (VTIP) പ്രകാരം സംസ്ഥാനത്തെ 7 ഐ.ടി.ഐ.കളെ തിരഞ്ഞെടുത്തിരുന്നു. ഇതിന്റെ ഭാഗമായി പള്ളിക്കത്തോട്, കൊല്ലം (വനിത), ധനുവച്ചപുരം, ആര്യനാട്, കൽപ്പറ്റ, കൊയിലാണ്ടി, മലമ്പുഴ എന്നീ ഐ.ടി.ഐ.കളിൽ കെട്ടിട നിർമ്മാണവും ഉപകരണ സംഭരണവും നടത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ വാമനപുരം, വർക്കല, കൊല്ലം ജില്ലയിലെ ചടയമംഗലം, കൊട്ടാരക്കര, മയ്യനാട്, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, ചാത്തമംഗലം, പാലക്കാട് ജില്ലയിലെ പെരുമാട്ടി കണ്ണൂർ ജില്ലയിലെ പിണറായി, പടിയൂർ, പന്ന്യന്നൂർ കാസർഗോഡ് ജില്ലയിലെ കോടോംബേളൂർ, കുറ്റിക്കോൽ എന്നിവിടങ്ങളിലായി 13 പുതിയ സർക്കാർ ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഐ.ടി.ഐ.കളിലെ ട്രേഡുകളുടെ സിലബസ് പരിഷ്കരിക്കുന്നതും പുതിയ ട്രേഡുകൾ ആരംഭിക്കുന്നതും കേന്ദ്ര മന്ത്രാലയത്തിലെ ഡി.ജി.റ്റിയുടെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. 2018 പരിശീലന വർഷം മുതൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് (NSQF) പദ്ധതി പ്രകാരമുള്ള സിലബസുകളാണ് എല്ലാ ട്രേഡുകളിലും നടപ്പിലാക്കിവരുന്നത്.

**ഐ.ടി.ഐ.കൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ**

306 (3002) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കൾ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഐ.ടി.ഐ.കളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്മാർട്ട് ക്ലാസ്സ്റൂമുകളും പുതിയ സാങ്കേതിക വിദ്യയ്ക്ക് അനുസരിച്ചുള്ള പഠനരീതികളും നടപ്പാക്കിയിട്ടുണ്ടോ;

(സി) സർക്കാർ ഐ.ടി.ഐ.കളിൽ പഠന മികവ് പുലർത്തുന്നവർക്ക് വിദേശരാജ്യങ്ങളിൽ ഉന്നത പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വ്യാവസായിക പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഐ.ടി.ഐ. ട്രെയിനികൾക്ക് അപകട ഇൻഷ്വറൻസ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ-കളെ കേരള ഇൻഫ്രാ സ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി

മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി.ഐ-കളിൽ അന്താരാഷ്ട്ര നിലവാരം കണക്കാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നത് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-നെ ചുമതലപ്പെടുത്തുകയും കയ്യൂർ, കണ്ണൂർ, കൊയിലാണ്ടി, മലമ്പുഴ, ചെങ്ങന്നൂർ എന്നീ ഐ.ടി.ഐ.കളുടെ ഡി.പി.ആർ. KIIFB പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യുകയും ചെയ്തു. മറ്റ് അഞ്ച് ഐ.ടി.ഐ.കളുടെ ഡി.പി.ആർ. കിഫ്ബി പോർട്ടലിലേയ്ക്ക് അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ KASE സ്വീകരിച്ചുവരുന്നു. പ്രസ്തുത ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

ഇതിനുപുറമേ തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ.-ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ., കോഴിക്കോട് എന്നീ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ആദ്യഘട്ടനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള 34 സർക്കാർ ഐ.ടി.ഐ.-കളിൽ വെർച്ചൽ ക്ലാസ്സ് റൂം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷിനിസ്റ്റ് എന്നീ ട്രേഡുകളിലെ തിയറി വിഷയങ്ങൾ, വിവിധ ട്രേഡുകളിലെ എഞ്ചിനീയറിംഗ് ഡ്രോയിംഗ് വിഷയം തുടങ്ങിയവ 3 ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡിലൂടെ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുത്ത 57 ട്രെയിനികളെ ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി സിംഗപ്പൂരിൽ വച്ച് 2018 നവംബർ 19 മുതൽ 23 വരെ നടന്ന ട്രെയിനിംഗിൽ പങ്കെടുക്കുന്നതിന് നിയോഗിച്ചിരുന്നു.

(ഡി) ഉണ്ട്. ഐ.ടി.ഐ. ട്രെയിനികൾക്ക് ഒരു ലക്ഷം രൂപ കവറേജ് ലഭിക്കത്തക്ക രീതിയിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനായുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

## ഐ.ടി.ഐ.കളിലെ ഭൗതിക സാഹചര്യം ഉയർത്തുന്നതിന് പദ്ധതി

307 (3003) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി.ഐ.കളിലെ ഭൗതിക സാഹചര്യം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഏതെല്ലാം ഐ.ടി.ഐ.കളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഐ.ടി.ഐ.കളിലെ ഭൗതിക സാഹചര്യം ഉയർത്തുന്നതിനായി ഐ.ടി.ഐ.കളും ആധുനികവൽക്കരണം, സിവിൽ വർക്ക്സ്, അപ്ഗ്രഡേഷൻ എന്നീ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതുകൂടാതെ വകുപ്പിൻ കീഴിലെ 10 ഐ.ടി.ഐ.കളെ കിഫ്ബി (KIIFB) ഫണ്ട് ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയുടെ പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു.

മേൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. നിലവിലുള്ള ട്രേഡുകളിലെ അഫിലിയേഷൻ ലഭിക്കാത്ത യൂണിറ്റുകൾക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ സംഭരിക്കൽ

2. സ്വന്തമായി സ്ഥലം ലഭിച്ചിട്ടുള്ള ഐ.ടി.ഐ.-കൾക്ക് അഫിലിയേഷൻ മാനദണ്ഡങ്ങൾക്ക് അനുസൃതമായ കെട്ടിടം നിർമ്മിക്കൽ

3. കൂടുതൽ പേർക്ക് ട്രെയിനിംഗ് നൽകുന്നതിന് ഐ.ടി.ഐ-കളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കൽ

(ബി) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക വിനിയോഗിച്ചാണ് സർക്കാർ ഐ.ടി.ഐ.കളിൽ ഭൗതിക സാഹചര്യം ഉയർത്തുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നത്. അഫിലിയേഷൻ നേടിയിട്ടില്ലാത്ത അല്ലെങ്കിൽ അഫിലിയേഷൻ പുതുക്കുന്നതിലേയ്ക്കായി ഉപകരണങ്ങൾ സംഭരിക്കേണ്ട ഐ.ടി.ഐ.-കളെയെല്ലാം "ഐ.ടി.ഐ.കളുടെ ആധുനികവൽക്കരണം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയും ഭാഷാ ന്യൂനപക്ഷ പ്രദേശത്തുള്ള ഐ.ടി.ഐ.കളുടെ വികസനം "ഭാഷാ ന്യൂനപക്ഷ പ്രദേശത്ത് ഐ.ടി.ഐ.കളുടെ ശാക്തീകരണം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയും ചെങ്ങന്നൂർ, കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കണ്ണൂർ എന്നീ 5 ഗ്രേഡ്-2 വനിത ഐ.ടി.ഐ.കളെ "വനിത ഐ.ടി.ഐ.കളുടെ പദവി ഉയർത്തൽ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയുമാണ് വികസന നടപടികൾ എടുത്തു വരുന്നത്.

**രണ്ടാം നിര ഐ.ടി.ഐ.കളെ ഒന്നാംനിരയാക്കി ഉയർത്താൻ നടപടി**

308 (3004) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 ബജറ്റിൽ സംസ്ഥാനത്തെ രണ്ടാം നിര ഐ.ടി.ഐ.കൾ ഒന്നാം നിരയായി ഉയർത്തുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ:

(ബി) എത്ര ഐ.ടി.ഐ.കളെ ഒന്നാംനിരയാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പട്ടികയിൽ വയനാട് ജില്ലയിലെ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018-19 ബജറ്റിൽ വ്യാവസായിക പരിശീലന വകുപ്പിന്റെകീഴിലുള്ള 10 രണ്ടാം നിര ഐ.ടി.ഐ.കളെ ഒന്നാം നിര ആയി ഉയർത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) വയനാട് ജില്ലയിലെ കൽപ്പറ്റ ഐ.ടി.ഐ. ഉൾപ്പെട്ടിട്ടുണ്ട്. കൽപ്പറ്റ ഐ.ടി.ഐ.യെ ഒന്നാം നിര ഐ.ടി.ഐ. ആയി ഉയർത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്.

**പുതുതായി ആരംഭിക്കുന്ന ഐ.ടി.ഐ.യിലെ തസ്തിക**

309 (3005) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന ഐ.ടി.ഐ.കളിൽ ഒരു ക്ലാർക്ക് തസ്തിക മാത്രം അനുവദിക്കുന്ന രീതി പുനഃപരിശോധിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഒരു ക്ലാർക്കിനെക്കൊണ്ട് ഐ.ടി.ഐ.കളിലെ മുഴുവൻ മിനിസ്റ്റീരിയൽ ചുമതലകളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയുക എന്നത് പ്രയാസമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമാറ്റിക് & ഡ്രോയിങ്ങ്) തസ്തികകൾ**

310 (3006) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളിൽ എത്ര ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമാറ്റിക് & ഡ്രോയിങ്ങ് ) തസ്തികകൾ ആണ് നിലവിൽ ഉള്ളത്;

(ബി) മേൽപറഞ്ഞ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര സമയത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യും ;

(സി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 194 തസ്തികകൾ.

(ബി) ടി തസ്തികയിൽ 18 ഒഴിവുകൾ നിലവിലുണ്ട്. അവയിൽ 15 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകൾ ഉടൻ റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) നിലവിലില്ല.

**നരിപ്പറ്റ ഐ.ടി.ഐ.ക്ക് കെട്ടിട നിർമ്മാണം**

311 (3007) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ ഐ.ടി.ഐ.ക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് വിട്ട് കൊടുത്ത സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) കെട്ടിട നിർമ്മാണത്തിന് സർക്കാർ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ നരിപ്പറ്റ വില്ലേജിൽ സർവ്വെ നമ്പർ 99/1(റീ-സർവ്വെ 101/4 B)-ൽപ്പെട്ട 2 ഏക്കർ സ്ഥലം നരിപ്പറ്റ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് നൽകുന്നതിന് നരിപ്പറ്റ ഗ്രാമപഞ്ചായത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ടി സ്ഥലം വ്യാവസായിക പരിശീലന വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

(സി & ഡി) സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുക വകയിരുത്തുന്നതിനും കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള തുടർനടപടികളും സ്വീകരിക്കുന്നതാണ്.

**വാഴക്കാട് ഐ.ടി.ഐ. ആരംഭിക്കുന്നതിലെ കാലതാമസം**

312 (3008) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച ഐ.ടി.ഐ.കൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത ഐ.ടി.ഐ.യ്ക്കായുള്ള സ്ഥലം വാഴക്കാട് ഗ്രാമപഞ്ചായത്ത് നൽകുമെന്ന് സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഐ.ടി.ഐ.യുടെ പ്രവർത്തനം നാളിതുവരെ തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ വാമനപുരം, വർക്കല, കൊല്ലം ജില്ലയിലെ ചടയമംഗലം, കൊട്ടാരക്കര, മയ്യനാട് കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ചാത്തമംഗലം കണ്ണൂർ ജില്ലയിലെ പിണറായി, പടിയൂർ, പന്ന്യന്നൂർ പാലക്കാട് ജില്ലയിലെ പെരുമാട്ടി, കാസർഗോഡ് ജില്ലയിലെ കോടോം-ബേളൂർ, കുറ്റിക്കോൽ എന്നിവിടങ്ങളിൽ പുതിയ സർക്കാർ ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്.

(ബി & സി) 2018-19 ലെ ബഡ്ജറ്റിൽ വാഴക്കാട് ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം ഉൾപ്പെടുത്തിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.**

313 (3009) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരമുള്ളതാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ചാലക്കുടി ഐ.ടി.ഐ. അടക്കമുള്ള 10 ഐ.ടി.ഐ.കളെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി.ഐ.കളിൽ അന്താരാഷ്ട്ര നിലവാരം കണക്കാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നത് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (Detailed

Project Report) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചാലക്കുടി ഐ.ടി.ഐ.യുടെ ഡി.പി.ആർ. KIIFB പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ KASE സ്വീകരിച്ചുവരുന്നു.

## നിലമ്പൂർ ഐ.ടി.ഐ. ഹോസ്റ്റലുകളിലേയ്ക്ക് ഫർണിച്ചർ

314 (3010) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിലെ സർക്കാർ ഐ.ടി.ഐ.യുടെ നിർമ്മാണം പൂർത്തീകരിച്ച ഹോസ്റ്റലുകളിലേക്ക് ഫർണിച്ചർ അനുവദിക്കുന്നത് സംബന്ധിച്ച് പ്രസ്തുത ഐ.ടി.ഐ. പ്രിൻസിപ്പൽ 17-2-2017-ലെ A1/600/2016 നമ്പർ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിച്ച ആവശ്യത്തിന്മേൽ എടുത്ത നടപടി വിശദമാക്കാമോ?

ഉത്തരം

പ്രിൻസിപ്പൽ സമർപ്പിച്ച ശിപാർശ വ്യാവസായിക പരിശീലന വകുപ്പ് വിദഗ്ധ സമിതി പരിശോധിച്ച് 8-10-2018-ൽ റിപ്പോർട്ട് ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഫർണിച്ചറുകൾ 10,45,769 രൂപയ്ക്ക് സിഡ്കോ, ആർട്ട്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും സംഭരിക്കാവുന്നതാണ് എന്നാണ് വിദഗ്ധ സമിതി ശിപാർശ ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ വകുപ്പുതലത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## സംസ്ഥാനത്തെ ഐ.ടി.ഐ.കളുടെ ഉദ്യോഗസ്ഥ സംവിധാനം

315 (3011) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയിരമോ, അതിൽ കൂടുതലോ പരിശീലനാർത്ഥികളുള്ള ഐ.ടി.ഐ.കളുടെ എണ്ണം വ്യക്തമാക്കുമോ; ഇത്തരം ഐ.ടി.ഐ. കളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.കളിൽ രണ്ട് വൈസ് പ്രിൻസിപ്പാൾ തസ്തിക ഉണ്ടായിരിക്കണമെന്ന ട്രെയിനിംഗ് മാനുവൽ നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഗ്രൂപ്പ് തസ്തിക നിലവിൽ അനുവദിച്ചിട്ടില്ലാത്ത ഐ.ടി.ഐ.കൾ സംസ്ഥാനത്ത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പേരുവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ആയിരത്തിൽപ്പരം പരിശീലനാർത്ഥികളുള്ള ചുവടെ പറയുന്ന 14 സർക്കാർ ഐ.ടി.ഐ.കളാണ് സംസ്ഥാനത്ത് നിലവിലുള്ളത്:

1. ഗവൺമെന്റ് ഐ.ടി.ഐ., ചാക്ക
2. ഗവൺമെന്റ് ഐ.ടി.ഐ., ആറ്റിങ്ങൽ
3. ഗവൺമെന്റ് ഐ.ടി.ഐ., ധനുവച്ചപുരം
4. ഗവൺമെന്റ് ഐ.ടി.ഐ.( വനിത), കഴക്കൂട്ടം
5. ഗവൺമെന്റ് ഐ.ടി.ഐ., ചന്ദനത്തോപ്പ്
6. ഗവൺമെന്റ് ഐ.ടി.ഐ.(വനിത), കൊല്ലം
7. ഗവൺമെന്റ് ഐ.ടി.ഐ., ചെങ്ങന്നൂർ
8. ഗവൺമെന്റ് ഐ.ടി.ഐ., പള്ളിക്കത്തോട്
9. ഗവൺമെന്റ് ഐ.ടി.ഐ., ഏറ്റുമാനൂർ
10. ഗവൺമെന്റ് ഐ.ടി.ഐ., കളമശ്ശേരി
11. ഗവൺമെന്റ് ഐ.ടി.ഐ., ചാലക്കുടി
12. ഗവൺമെന്റ് ഐ.ടി.ഐ., മലമ്പുഴ
13. ഗവൺമെന്റ് ഐ.ടി.ഐ., കോഴിക്കോട്
14. ഗവൺമെന്റ് ഐ.ടി.ഐ.,കണ്ണൂർ.

(ബി) പ്രസ്തുത ഐ.ടി.ഐ.കളിൽ ഒരു പ്രിൻസിപ്പാൾ ക്ലാസ്സ് I തസ്തികയും വൈസ് പ്രിൻസിപ്പാൾ തസ്തികയും നിലവിലുണ്ട്.

(സി) ഉണ്ട്. ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തിക അനവദിച്ചിട്ടില്ലാത്ത ഐ.ടി.ഐ.കൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. ഐ.ടി.ഐ., വാമനപുരം
2. ഐ.ടി.ഐ., മലയിൻകീഴ്
3. ഐ.ടി.ഐ., മയ്യനാട്
4. ഐ.ടി.ഐ., ചടയമംഗലം
5. ഐ.ടി.ഐ., കൊട്ടാരക്കര
6. ഐ.ടി.ഐ.,തേവലക്കര
7. ഐ.ടി.ഐ., റാന്നി
8. ഐ.ടി.ഐ., പള്ളിപ്പാട്
9. ഐ.ടി.ഐ., വയലാർ
10. ഐ.ടി.ഐ., ചങ്ങനാശ്ശേരി
11. ഐ.ടി.ഐ., കഞ്ഞിക്കുഴി
12. ഐ.ടി.ഐ., വേങ്ങൂർ
13. ഐ.ടി.ഐ., മരട്
14. ഐ.ടി.ഐ., ചേർപ്പ്
15. ഐ.ടി.ഐ., മണലൂർ
16. ഐ.ടി.ഐ., നെന്മാറ
17. ഐ.ടി.ഐ., എലുമ്പുലാശ്ശേരി
18. ഐ.ടി.ഐ., കൊഴിഞ്ഞാപാറ
19. ഐ.ടി.ഐ., പെരുമാട്ടി
20. ഐ.ടി.ഐ., ചെറിയമുണ്ടം
21. ഐ.ടി.ഐ., താഴേക്കാട്

22. ഐ.ടി.ഐ., തിരുവമ്പാടി

23. ഐ.ടി.ഐ., മണിയൂർ

24. ഐ.ടി.ഐ., വടകര

25. ഐ.ടി.ഐ., കൊടുവള്ളി

26. ഐ.ടി.ഐ., നരിപ്പറ്റ

27. ഐ.ടി.ഐ., ചാത്തമംഗലം

28. ഐ.ടി.ഐ., പെരിങ്ങോം

29. ഐ.ടി.ഐ., കൂത്തുപ്പറമ്പ്

30. ഐ.ടി.ഐ., പടിയൂർ

31. ഐ.ടി.ഐ., വെസ്റ്റ് എളേരി

32. ഐ.ടി.ഐ., സീതാംഗോളി

33. ഐ.ടി.ഐ., കുറ്റിക്കോൽ

34. ഐ.ടി.ഐ., കൊടോംബേളൂർ.

**ചെങ്ങന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.**

316 (3012) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര പഠന കേന്ദ്രമായി ഉയർത്തിയിട്ടുള്ള ചെങ്ങന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.യിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് അക്കാഡമിക് തലത്തിലും അല്ലാതെയും നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനം മികവിന്റെ കേന്ദ്രമാക്കുവാൻ എത്ര നാൾ വേണ്ടിവരുമെന്നത് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ ഉദ്ദേശിക്കുന്ന ചെങ്ങന്നൂർ ഐ.ടി.ഐ.യിൽ അന്താരാഷ്ട്ര നിലവാരം കണക്കാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നത് ഉൾപ്പെടെയുള്ള

വിശദമായ പദ്ധതി റിപ്പോർട്ട് (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് ചെങ്ങന്നൂർ ഐ.ടി.ഐ.യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കും. ഇതുകൂടാതെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ രാജ്യത്തെ 1396 സർക്കാർ ഐ.ടി.ഐ.കളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ചെങ്ങന്നൂർ ഐ.ടി.ഐ.യെ 2007-2008 കാലയളവിൽ ഉൾപ്പെടുത്തിയിരുന്നു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം, മെക്കാനിക് ഓട്ടോ/ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, മെക്കാനിക് ഡീസൽ, ഇലക്ട്രോണിക്സ് മെക്കാനിക്, ഫിറ്റർ എന്നീ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കാലാവധി 30 വർഷമാണ്. പ്രസ്തുത പദ്ധതിയും കിഫ്ബി പദ്ധതിയും പൂർണ്ണതയിലെത്തുന്നതോടെ ചെങ്ങന്നൂർ ഐ.ടി.ഐ.-യെ മികവിന്റെ കേന്ദ്രമാക്കുന്ന നടപടികൾ പൂർത്തിയാകുന്നതാണ്.

**ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികകൾ**

317 (3013) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായിക പരിശീലന വകുപ്പിൽ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് അഥവാ ഐ.ടി. തസ്തികകൾ എത്ര എണ്ണം നിലവിലുണ്ട്; അറിയിക്കുമോ;

(ബി) അവസാനമായി ഇൻസ്പെക്ടർ ഓഫ് ട്രെയ്നികളെ നിയമിച്ച വർഷം ഏത്; ആ വർഷം സർക്കാരിലും സ്വകാര്യമേഖലയിലും എത്ര ഐ.ടി.ഐ.കൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേഖലകളിൽ നടപ്പുവർഷത്തിൽ എത്ര ഐ.ടി.ഐ.-കൾ പ്രവർത്തിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 5 എണ്ണം.

(ബി) അവസാനമായി ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗിനെ നിയമിച്ചത് 2017-ലാണ്. ടി വർഷത്തിൽ സർക്കാർ മേഖലയിൽ 91 ഐ.ടി.ഐ.കളും സ്വകാര്യ മേഖലയിൽ 293 ഐ.ടി.ഐ.കളും ഉണ്ടായിരുന്നു.

(സി) സർക്കാർ മേഖല-95

സ്വകാര്യ മേഖല-293.

## ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

318 (3014) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും (ഐ.ടി.ഐ.) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളും (ഐ.ടി.സി.) ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളിലുള്ള കോഴ്സുകൾ ഏതൊക്കെയാണെന്നും എത്ര കാലമായിട്ടുള്ളതാണ് ഈ കോഴ്സുകളെന്നും ഇപ്പോൾ എത്ര കുട്ടികൾ ഓരോ കോഴ്സിനും പഠിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കോഴ്സുകൾ ഇനിയും ഈ സ്ഥാപനങ്ങളിൽ കൊണ്ടുവരാൻ കഴിയുമെന്നും സർക്കാർ ആ നിലയിൽ ചിന്തിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) സ്റ്റാഫിന്റെ കുറവ്, ഉപകരണങ്ങളുടെ അഭാവം അടക്കം എന്തെല്ലാം ന്യൂനതകൾ ഈ സ്ഥാപനങ്ങളിൽ ഉണ്ടെന്നും അവ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ പതിനഞ്ചു വർഷത്തിനിടയിൽ കേരളത്തിലെ ഏതെല്ലാം ഗവൺമെന്റ് ഐ.ടി.ഐ.കളിൽ നിന്ന് ഉദ്യോഗനിയമനം (പ്ലേസ്മെന്റ്) നടന്നിട്ടുണ്ടെന്നും എത്ര കുട്ടികൾക്ക് ഏതെല്ലാം കമ്പനികളിൽ ജോലി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരളത്തിൽ വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ 95 സർക്കാർ ഐ.ടി.ഐ.കളും 293 പ്രൈവറ്റ് ഐ.ടി.ഐ.കളും പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്നായി ചേർക്കുന്നു*.

(ബി) സർക്കാർ, പ്രൈവറ്റ് ഐ.ടി.ഐ.കളിലെ ട്രേഡുകളുടെയും നിലവിലുള്ള പരിശീലനാർത്ഥികളുടെയും വിവരങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു. ടി കോഴ്സുകളിൽ ചിലത് 1948 മുതൽ തുടങ്ങിയതും കാലാകാലങ്ങളിലുള്ള തൊഴിൽ ലഭ്യതയനുസരിച്ച് പുതുതായി കൂട്ടിച്ചേർത്തിട്ടുള്ളതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾമാർ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ സാധ്യത, ട്രെയിനികളുടെ ലഭ്യത എന്നിവ പരിശോധിച്ച് ഉറപ്പാക്കി പുതിയ ട്രേഡുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ഡി) സർക്കാർ ഐ.ടി.ഐ.കളിലെ സ്റ്റാഫിന്റെ കുറവ് പരിഹരിക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. എ.സി.ഡി. ഇൻസ്ട്രക്ടർ തസ്തിക കുറവുള്ള ഐ.ടി.ഐ.കളിൽ എ.സി.ഡി. ഇൻസ്ട്രക്ടർ തസ്തിക കൂടുതലുള്ള ഐ.ടി.ഐ.കളിൽനിന്നും പുനഃക്രമീകരണം നടത്തുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഐ.ടി.ഐ.കൾക്ക് ഡി.ജി.റ്റി. അഫിലിയേഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള ഉപകരണ സംഭരണത്തിന് മോഡണൈസേഷൻ ശീർഷകത്തിൽ തുക വകയിരുത്തുകയും ഇതിൽ നിന്നും ആവശ്യമായ ഉപകരണ സംഭരണം നടത്തുകയും ചെയ്യുന്നുണ്ട്. ലഭ്യമായ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ മെയിന്റനൻസ് ഫീ ഫണ്ടിൽ നിന്നും തുക കണ്ടെത്തി ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കുകയും ചെയ്തുവരുന്നു.

(ഇ) 2014-15 കാലയളവിൽ വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് ഐ.ടി.ഐ.കളിൽ 2126 കുട്ടികൾക്കും, 2015-16 കാലയളവിൽ 2169 കുട്ടികൾക്കും 2016-17 മുതൽ 5778 കുട്ടികൾക്കും പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധം 3* ആയി ചേർക്കുന്നു.

## കോഡൂരിനെ മലപ്പുറം ടൗൺ എക്സ്ചേഞ്ചിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി

319 (3015) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ കോഡൂർ പഞ്ചായത്ത് പെരിന്തൽമണ്ണ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഉദ്യോഗാർത്ഥികൾക്കും തൊഴിലന്വേഷകർക്കുമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിർത്തി പുനർനിർണയം നടത്തി കോഡൂരിനെ മലപ്പുറം ടൗൺ എക്സ്ചേഞ്ചിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) കോഡൂർ ഗ്രാമപഞ്ചായത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്കും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനങ്ങൾ നേടുന്നതിനും ലഭ്യമാക്കുന്നതിനും ഉള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് കോഡൂർ ഗ്രാമപഞ്ചായത്തിനെ മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ അധികാര പരിധിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയിതിന്റെ അടിസ്ഥാനത്തിൽ കോഡൂർ ഗ്രാമപഞ്ചായത്തിലെ മുഴുവൻ എംപ്ലോയ്മെന്റ് രജിസ്ട്രേഷനുകളും മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം**

320 (3016) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നാളിതുവരെ എത്ര നിയമനം നൽകിയിട്ടുണ്ടെന്ന ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലികമായി ഒഴിവുവരുന്ന തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തന്നെ നിയമനം നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി 31-10-2018 വരെ നൽകിയ നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു:

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 3745 |
| 2. | കൊല്ലം | - | 1858 |
| 3. | ആലപ്പുഴ | - | 2482 |
| 4. | പത്തനംതിട്ട | - | 1049 |

| | | | |
|---|---|---|---|
| 5. കോട്ടയം | - | 1738 | |
| 6. ഇടുക്കി | - | 837 | |
| 7. എറണാകുളം | - | 4413 | |
| 8. തൃശ്ശൂർ | - | 2100 | |
| 9. പാലക്കാട് | - | 1811 | |
| 10. മലപ്പുറം | - | 1944 | |
| 11. കോഴിക്കോട് | - | 2898 | |
| 12. വയനാട് | - | 1082 | |
| 13. കണ്ണൂർ | - | 1448 | |
| 14. കാസർഗോഡ് | - | 1237 | |
| ആകെ | - | 28642 | (ഇരുപത്തിയെണ്ണായിരത്തി അറുന്നൂറ്റി നാൽപ്പത്തിരണ്ട്). |

(ബി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. 25-10-2004-ലെ 11887/ജി2/03/തൊഴിൽ നമ്പർ സർക്കുലറിൽ സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ കമ്പനികൾ/ കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവന്മാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന്, 5-2-2014-ലെ 25941/G2/2013/LBR നമ്പർ സർക്കുലറിലും 26-12-2016-ലെ 1046913/ജി2/2016/തൊഴിൽ നമ്പർ കത്തിലും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 9(a)(i) പ്രകാരം സർക്കാർ വകുപ്പുകളിലെ എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ച് നിയമനം നടത്തേണ്ടതാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

321 (3017) ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ തൊഴിൽരഹിതർക്കുവേണ്ടി നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ ഏതെല്ലാമാണ്;

(സി) ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ച് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളും എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ യൂണിറ്റും പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പൊതുജന സേവനത്തിനായി വിവിധയിനം നൂതന സംരംഭങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന വകുപ്പുകൾക്കുള്ള മുഖ്യമന്ത്രിയുടെ അവാർഡ് എംപ്ലോയ്മെന്റ് വകപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിപുലപ്പെടുത്തി അതുവഴി നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിലും വേഗത്തിലും കൂടുതൽ സുതാര്യമായും കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട് (www.employment.kerala.gov.in).

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർ രഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിവരുന്ന ഇ-ഓഫീസ് പദ്ധതി ജില്ലാതലം വരെയുള്ള 29 ഓഫീസുകളിൽ നടപ്പിലാക്കികഴിഞ്ഞു.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം

മുതൽ ആവിഷ്കരിച്ച നടപ്പാക്കിവരുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി, സംസ്ഥാന സർക്കാർ തൊഴിൽനയപ്രകാരം ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച നടപ്പിലാക്കിവരുന്ന കരിയർ ഡെവലപ്പ്മെന്റ് സെന്റർ പദ്ധതി, രാജ്യത്തുടനീളം കരിയർ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി രാജ്യത്തിലെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹകരണത്തോടെ നടപ്പാക്കുന്ന മോഡൽ കരിയർ സെന്റർ പദ്ധതി തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്.

കൂടാതെ കൈവല്യ, കെസ്റു(കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്), മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്, ശരണ്യ, തൊഴിൽരഹിത വേതന പദ്ധതി, നിയുക്തി മെഗാ ജോബ് ഫെയർ, വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതി തുടങ്ങി വിവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ തൊഴിൽരഹിതർക്ക് വേണ്ടി കൈവല്യ, കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്), മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്, ശരണ്യ തുടങ്ങി വിവിധ സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലാ ഓഫീസുകളും കേന്ദ്രീകരിച്ച് എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ (ഇ.എം.ഐ.) യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ സ്വതന്ത്ര ചുമതലയുള്ള ഇ.എം.ഐ. ഓഫീസർമാർ പ്രവർത്തനം നടത്തുന്നുണ്ട്. മറ്റു ജില്ലകളിൽ മറ്റു സ്കീമുകളിലെ ഓഫീസർമാർക്കാണ് ഇ.എം.ഐ. സെക്ഷന്റെ ചുമതല.

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ച് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കിവരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടും സർവ്വകലാശാലകളോടനുബന്ധിച്ചുള്ള 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോകളോടും അനുബന്ധിച്ച് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴിലവസരങ്ങളെക്കുറിച്ചും തൊഴിൽ നില, ഉപരിപഠനം, പരിശീലന സൗകര്യങ്ങൾ, സ്കോളർഷിപ്പ് എന്നിവയെക്കുറിച്ച് ഉദ്യോഗാർത്ഥികൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സാമൂഹ്യസംഘടനാ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ വിവരങ്ങളും മർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു. അതോടൊപ്പം സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും സംഘടിപ്പിച്ചു വരുന്നുണ്ട്.

(ഡി) ലഭിച്ചിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്പ്മെന്റ് സെന്റർ, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവയുടെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് 2016-ലെ മുഖ്യമന്ത്രിയുടെ പൊതുജനസേവനരംഗത്തെ നൂതന ആശയാവിഷ്കാരത്തിനുള്ള അവാർഡായി 2.5 ലക്ഷം രൂപയും മെമൊന്റോയും ലഭിച്ചിട്ടുണ്ട്.

**പെരിങ്ങമ്മലയിലെ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

322 (3018) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ അധികാരപരിധിയിൽ ഏതെല്ലാം പഞ്ചായത്തുകൾ ഉൾപ്പെടുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ ഓരോന്നിലെയും രജിസ്ട്രേഷൻ വിവരങ്ങൾ സാമുദായിക, സംവരണ വിഭാഗം തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ അധികാര പരിധിയിൽ വിതുര, നന്ദിയോട്, പെരിങ്ങമ്മല, പാങ്ങോട് എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പഞ്ചായത്തുകളിൽ ഓരോന്നിലെയും രജിസ്ട്രേഷൻ വിവരങ്ങൾ (സാമുദായിക, സംവരണ വിഭാഗം തിരിച്ചുള്ളത്) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം

323 (3019) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് എത്രയാണ്; ഇത് ദേശീയ ശരാശരിയെക്കാൾ എത്ര വ്യത്യാസമുണ്ട്;

(ബി) തൊഴിൽ രഹിതരായ സ്ത്രീകളുടെയും പുരുഷൻമാരുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതിൽ അഭ്യസ്തവിദ്യരായവർ എത്രയാണ്;

(സി) തൊഴിലില്ലായ്മ കുറച്ചുകൊണ്ടുവരുന്നതിന് സമഗ്രമായ ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്രപേർക്ക് വിവിധ തസ്തികകളിലായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുണ്ട്;

(ഇ) സംസ്ഥാനത്തെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും എത്ര പേർക്ക് ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ നിയമനം നൽകി; തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത അഭ്യസ്തവിദ്യരുടെ ആകെ എണ്ണം എത്രയെന്നും പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ എത്ര അഭ്യസ്തവിദ്യർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) ജനസംഖ്യയുടെയും സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിലില്ലായ്മ നിരക്ക് കണക്കാക്കുമ്പോൾ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് 10.8 ആണ്. ദേശീയ തൊഴിലില്ലായ്മ നിരക്ക് 3.9 ഉം. ഇതിൽ നിന്നും സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ് എന്നതാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ തൊഴിൽ രഹിതരായ സ്ത്രീകളുടെയും പുരുഷന്മാരുടെയും എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| സ്ത്രീകൾ | 22,73,828 |
| പുരുഷന്മാർ | 13,21,984 |
| ആകെ | 35,95,812 |

ഇവരുടെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| നിരക്ഷരർ | 914 |
| എസ്.എസ്.എൽ.സി-ക്ക് താഴെ | 3,35,589 |
| എസ്.എസ്.എൽ.സി | 20,03,468 |
| പ്ലസ് ടു | 8,45,184 |
| ബിരുദം | 3,29,868 |
| ബിരുദാനന്തര ബിരുദം | 80,789 |
| ആകെ | 35,95,812 |

ഇതിൽ നിരക്ഷരരായ 914 പേരെ ഒഴിവാക്കിയാൽ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 35,94,898 (മുപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയെട്ട്) പേർ അഭ്യസ്തവിദ്യരായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) തൊഴിലില്ലായ്മ കുറച്ചുകൊണ്ട് വരുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖാന്തരം തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കൈവല്യ

2. കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്)

3. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്

4. ശരണ്യ.

(ഡി) ഈ സർക്കാർ അധികരാത്തിൽ വന്നതിനുശേഷം (31-10-2018) വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 28642 (ഇരുപത്തിയെട്ടായിരത്തി അറുന്നൂറ്റി നാൽപ്പത്തിരണ്ട്) പേർക്ക് വിവിധ തസ്തികകളിലായി നിയമനം നൽകിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ഈ സർക്കാർ കാലയളവിൽ 1576 (ആയിരത്തി അഞ്ഞൂറ്റി എഴുപത്തിയാറ്) പേർക്ക് നിയമനം നൽകിയിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി നൽകിയിരിക്കുന്നു.*

(എഫ്) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ആകെ അഭ്യസ്തവിദ്യർ 35,94,898 (മുപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയെട്ട്) പേർ ആണ്. പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 30-11-2018 വരെ ആകെ 1,38,283 (ഒരു ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി ഇരുന്നൂറ്റിയെൺപത്തിമൂന്ന്) അഭ്യസ്തവിദ്യർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ ഐ.ടി. സെൽ

324 (3020) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ ഐ.ടി. സെൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് മികച്ച രീതിയിൽ നൽകുന്നതിനായി ഐ.ടി. സെൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഐ.ടി. സെൽ ജനങ്ങൾക്കും പരിശീലനാർത്ഥികൾക്കും മെച്ചപ്പെട്ടതും സുതാര്യവുമായ സേവനം ലഭിക്കത്തക്കവിധത്തിൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്:

(a) <u>അഡ്മിഷൻ ഓൺലൈൻ പോർട്ടൽ</u>: 2018 ട്രെയിനിംഗ് വർഷം വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള ഗവൺമെന്റ് ഐ.ടി.ഐ.കളിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓൺലൈൻ ആയി അപേക്ഷ സ്വീകരിക്കുന്നതിനുള്ള പോർട്ടൽ ഐ.ടി. സെല്ലിന്റെ കീഴിൽ വകുപ്പിലെ ജീവനക്കാർ തന്നെ രൂപപ്പെടുത്തി. സർക്കാർ പണം വിനിയോഗിക്കാതെയാണ് ഈ പോർട്ടൽ തയ്യാറാക്കിയത്. ഓൺലൈൻ പേമെന്റ് അടക്കമുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(b) <u>പരിശീലനം മെച്ചപ്പെടുത്തൽ:</u> വെർച്വൽ ക്ലാസ്സ് റൂം എന്ന ഓൺലൈൻ വിദൂര വിദ്യാഭ്യാസ പദ്ധതി നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത് വഴി വിദൂര കേന്ദ്രങ്ങളിൽ നടക്കുന്ന ക്ലാസ്സുകൾ പരിശീലനാർത്ഥികൾക്ക് പ്രയോജനപ്രദമായി ഉപയോഗിക്കാനും, പഠന നിലവാരം വർദ്ധിപ്പിക്കാനും കഴിയും. കൂടാതെ വീഡിയോ കോൺഫറൻസ് സംവിധാനവും ഇത് വഴി സുഗമമായി നടപ്പാക്കുവാനും കഴിയുന്നതാണ്.

(c) <u>(ഇൻസ്പെക്ഷൻ സോഫ്റ്റ്‌വെയർ:</u> ഐ.ടി.ഐ.കളിൽ ഇൻസ്പെക്ഷൻ സുഗമമായി നടത്തുന്നതിനും, ഇൻസ്പെക്ഷൻ വിവരങ്ങൾ ഓൺലൈൻ ആയിത്തന്നെ ട്രെയിനിംഗ് ഡയറക്ടർക്ക് ലഭിക്കുന്നതിനും ആവശ്യമായ ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

(d) <u>വ്യാവസായിക പരിശീലന വകുപ്പ് വെബ്സൈറ്റിന്റെ നവീകരണം:</u> വ്യാവസായിക പരിശീലന വകുപ്പിന്റെ വെബ്സൈറ്റ് മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ആരംഭിച്ച ഐ.ടി.ഐ.കൾക്ക് വെബ്സൈറ്റും തയ്യാറാക്കിവരുന്നു.

(e) <u>ഇ-ഓഫീസ് പദ്ധതി:</u> ഫയൽ നീക്കം വേഗത്തിലും, സുതാര്യമായും നടത്തുന്നതിന് ഡയറക്ടറേറ്റിലും, കണ്ണൂർ റീജിയണൽ ഡയറക്ടറേറ്റിലും, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ യൂണിറ്റ് ഓഫീസുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് 3 ജില്ലകളിൽ കൂടി ഈ സാമ്പത്തിക വർഷം തന്നെ ഇത് നടപ്പാക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(f) <u>ജോബ് ഫെയറിന്റെ പോർട്ടൽ:</u> പരിശീലനം നേടിയ ട്രെയിനികൾക്ക് എല്ലാ വർഷവും ട്രെയിനിംഗ് വകുപ്പ് സംഘടിപ്പിക്കുന്ന ജോബ് ഫെയറുകളിലൂടെയാണ് പ്ലെയ്സ്മെന്റ് നൽകുന്നത്. ഇത് നടപ്പിലാക്കുന്നതിനു ഉദ്യോഗാർത്ഥികൾക്കും കമ്പനികൾക്കും രജിസ്റ്റർ ചെയ്യാനുള്ള പോർട്ടലും രൂപപ്പെടുത്തിയിട്ടുണ്ട്.

## വ്യാവസായിക പരിശീലന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്

325 (3021) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾസ് പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ & ബി) സ്പെഷ്യൽ റൂൾസ് പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറാക്കി ആയതിന്മേൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ക്രമപ്രകാരമുള്ള മറ്റ് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## വ്യാപകമായ മയക്കുമരുന്ന് ഉപയോഗം

326 (3022) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾ മയക്കുമരുന്ന് വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സ്കൂളുകൾക്ക് സമീപത്ത് പുകയില ഉൽപ്പന്നങ്ങളും മറ്റും വിൽക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ദൂരപരിധി എത്രയാണ് ഇത് പാലിക്കപ്പെടുന്നുണ്ടോയെന്ന് മാസംതോറും പരിശോധന നടത്തുന്നുണ്ടോ;

(സി) ഇത്തരം വിൽപ്പന നടത്തുന്നവരെ കർശനമായി നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കഞ്ചാവ് കൈവശം വച്ച് പിടിയിലാകുന്നവർ ഒരു കിലോയിൽ താഴെ എന്ന കാരണത്താൽ നിയമത്തിന്റെ പഴുതിലൂടെ രക്ഷപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ അളവിൽ കഞ്ചാവ് കൈവശം വച്ചാലും കർശന ശിക്ഷ ലഭിക്കുന്ന രീതിയിൽ നിയമവ്യവസ്ഥ മാറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുട്ടികൾ മയക്കുമരുന്ന് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് ഈ അടുത്തകാലത്ത് 3 കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്കൂളുകൾക്ക് സമീപം പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ദൂരപരിധി 100 വാരയാണ് (100 yards). സ്കൂളുകൾക്ക് സമീപം എക്സൈസ് വകുപ്പ് നിരന്തരം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(സി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നിരന്തരം നടത്തിവരുന്നു. ആയതു പ്രകാരം ശേഖരിക്കുന്ന വിവരങ്ങളിന്മേൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) എൻ.ഡി.പി.എസ്. ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഒരു കിലോഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശം വച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്ന സാഹചര്യം കൂടുതലാണ്. ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ചെറിയ അളവിൽ പോലും മയക്കുമരുന്ന് കൈവശം വയ്ക്കുന്നവർക്ക് പരമാവധി ശിക്ഷ കിട്ടുന്നതിനായി കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. നിയമം പരിഷ്കരിക്കുവാൻ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**ജില്ലകളിലെ ഡീ-അഡിക്ഷൻ സെന്ററുകൾ**

327 (3023) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ എത്രപേരെ കഞ്ചാവ്-മയക്കുമരുന്ന് കച്ചവടം ചെയ്തതിന്റെ പേരിൽ ശിക്ഷിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 4565 പേരെ ശിക്ഷിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 101 |
| 2 | കൊല്ലം | 64 |
| 3 | പത്തനംതിട്ട | 372 |
| 4 | ആലപ്പുഴ | 219 |
| 5 | കോട്ടയം | 461 |
| 6 | ഇടുക്കി | 340 |
| 7 | എറണാകുളം | 515 |
| 8 | തൃശ്ശൂർ | 617 |
| 9 | പാലക്കാട് | 118 |
| 10 | മലപ്പുറം | 574 |
| 11 | കോഴിക്കോട് | 76 |
| 12 | വയനാട് | 493 |
| 13 | കണ്ണൂർ | 546 |
| 14 | കാസർഗോഡ് | 69 |
| | ആകെ | 4565 |

(ബി) സ്ഥാപിച്ചിട്ടുണ്ട്. ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ച ആശുപത്രികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം
2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്ങോലം, കൊല്ലം
3. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട
4. ജില്ലാ ആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ
5. ജനറൽ ഹോസ്പിറ്റൽ, പാല, കോട്ടയം
6. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി
7. താലൂക്ക് ഹോസ്പിറ്റൽ, മൂവാറ്റുപുഴ, എറണാകുളം
8. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ
9. ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ, പാലക്കാട്
10. ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം
11. ബീച്ച് ആശുപത്രി, കോഴിക്കോട്
12. ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്
13. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ
14. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നീലേശ്വരം, കാസർഗോഡ്.

**സംസ്ഥാനത്ത് എത്തുന്ന നിയന്ത്രിത മരുന്നുകളും നിരോധിത മരുന്നുകളും**

328 (3024) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയന്ത്രിത മരുന്നുകളും നിരോധിത മരുന്നുകളും സംസ്ഥാനത്ത് യഥേഷ്ടം എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസുകൾ ആണ് ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഡോക്ടർമാരുടെ ചീട്ട് ഉണ്ടെങ്കിൽ മാത്രം നൽകാവുന്ന മരുന്നുകൾ പാർസൽ സർവീസുകൾ വഴി യഥേഷ്ടം കേരളത്തിലേക്ക് എത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസുകൾ ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇത്തരത്തിലുള്ള മരുന്നുകൾ പാർസൽ സർവീസുകൾ വഴി അയയ്ക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത് ലംഘിക്കുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 191 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സിൽ പ്രതികളായിട്ടുള്ളവരെ എല്ലാം അറസ്റ്റ് ചെയ്തിട്ടുള്ളതും നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പത്തനംതിട്ട ജില്ലയിൽ പാർസൽ സർവ്വീസ് വഴി വന്ന നിയന്ത്രിത മരുന്ന് പിടികൂടി 2 ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ പാർസൽ വാഹനങ്ങൾ, പാർസൽ ഓഫീസുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്താറുണ്ട്.

**ബ്രൂവറികളും ഡിസ്റ്റിലറികളും അനുവദിച്ചതിലെ ക്രമക്കേട്**

329 (3025) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂന്ന് ബ്രൂവറികളും രണ്ട് ഡിസ്റ്റിലറികളും അനുവദിച്ചതിൽ യാതൊരു ക്രമക്കേടും നടന്നിട്ടില്ലെന്ന് എക്സൈസ് വകുപ്പ് മന്ത്രി വ്യക്തമാക്കിയിട്ടും അത് റദ്ദ് ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) പ്രസ്തുത തീരുമാനം റദ്ദ് ചെയ്തത് വ്യാപകമായ അഴിമതിയുടെ പശ്ചാത്തലത്തിലാണെന്ന ആക്ഷേപം പരിഗണനാവിധേയമാക്കിയിട്ടുണ്ടോ;

(സി) ആരോപണങ്ങൾ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുമെന്ന വാദം എക്സൈസ് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) അഴിമതിയും സ്വജനപക്ഷപാത ആരോപണങ്ങളും ഉയരുമ്പോൾ പ്രസ്തുത തീരുമാനങ്ങൾ റദ്ദ് ചെയ്തുകൊണ്ടുള്ള നടപടി സർക്കാർ അംഗീകരിക്കുന്നുണ്ടോ;

(ഇ) കേരള ഹൈക്കോടതിയുടെ മുമ്പാകെ കേസ് നിലനിൽക്കുമ്പോൾ പ്രസ്തുത തീരുമാനങ്ങൾ പിൻവലിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സമീപകാലത്ത് സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് കേരള പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എല്ലാവരും യോജിച്ച് നിൽക്കേണ്ട ആവശ്യകത നിലനിൽക്കുമ്പോൾ ബ്രൂവറി, ബോട്ടിലിംഗ് യൂണിറ്റുകൾക്ക് സാധാരണഗതിയിലുള്ള അനുമതി നൽകിയതിൽ അടിസ്ഥാനരഹിതമായ വിവാദങ്ങൾ ഉയർത്തി യോജിച്ച അന്തരീക്ഷം ഇല്ലാതാക്കാൻ ശ്രമം നടന്ന സാഹചര്യത്തിലാണ് അനുമതി റദ്ദു ചെയ്തത്.

(ബി) ആക്ഷേപം വസ്തുതാപരമല്ലാത്തതിനാൽ പരിശോധിച്ചിട്ടില്ല.

(സി) ഇക്കാര്യത്തിൽ എക്സൈസ് വകുപ്പ് പ്രത്യേക പരിശോധന നടത്തേണ്ട സാഹചര്യമില്ല.

(ഡി & ഇ) സംസ്ഥാനത്തിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ എല്ലാവരും യോജിച്ചുനിൽക്കേണ്ട അവസരത്തിൽ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് വിവാദങ്ങൾ ഉയർത്തി യോജിച്ചുള്ള പ്രവർത്തനാന്തരീക്ഷം ഇല്ലാതാക്കുവാൻ ശ്രമം നടന്ന ഘട്ടത്തിൽ പ്രസ്തുത സാഹചര്യം ഒഴിവാക്കുവാൻ ഉദ്ദേശിച്ചാണ് അനുമതികൾ റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

**തോൽപ്പെട്ടിയിൽ എക്സൈസ് ചെക്ക് പോസ്റ്റ്**

330 (3026) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ അതിർത്തി ഗ്രാമമായ തോൽപെട്ടിയിൽ ഒരു സ്ഥിരം എക്സൈസ് ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്ന എക്സൈസ് ചെക്ക് പോസ്റ്റുകൾ ഏതെല്ലാമാണ്;

(സി) അതിർത്തി കടന്നുള്ള ലഹരിയുടെ വരവ് നിയന്ത്രിക്കാൻ ചെക്ക് പോസ്റ്റ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) പരിഗണനയിലില്ല.

(ബി)

| ക്രമ നമ്പർ | എക്സൈസ് പോസ്റ്റ് | അബ്കാരി കേസ് | എൻ.ഡി.പി.എസ്. കേസ് |
|---|---|---|---|
| 1 | മുത്തങ്ങ | 241 | 62 |
| 2 | തോൽപ്പെട്ടി | 96 | 76 |
| 3 | ബാവലി | 22 | 89 |

(സി) നിലവിലുള്ള സംവിധാനം കാര്യക്ഷമമാണ്.

**മദ്യവിൽപ്പനയിലൂടെ ലഭിച്ച നികുതി വരുമാനം**

331 (3027) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവിൽപനയിലൂടെ 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ച നികുതി വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും മദ്യവിൽപ്പനയിലൂടെ നികുതി വരുമാനം വർദ്ധിക്കുന്നത് മദ്യ ഉപഭോഗം കൂടുന്നത് കൊണ്ടാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മദ്യവിൽപ്പനിയിലൂടെ 2016-17 സാമ്പത്തിക വർഷത്തിൽ നികുതിയായും തീരുവയായും കെ.എസ്.ബി.സി.ക്ക് 10,353 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 11,024 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) 2017-18-ലെ വിൽപ്പന 2016-17-ഉം ആയി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന 3.10 ലക്ഷം പെട്ടി കൂടിയിട്ടുണ്ട്. എന്നാൽ ബിയറിന്റെ വിൽപ്പന 34.71 ലക്ഷം പെട്ടി കുറഞ്ഞിട്ടുമുണ്ട്. മദ്യ

വിൽപ്പനയിലൂടെ നികുതി വരുമാനം വർദ്ധിക്കുന്നതിന് പ്രോഫിറ്റ് മാർജിൻ കൂട്ടിയതും, മദ്യത്തിന്റെ വില കൂട്ടിയതും കാരണമാകുന്നു. 2016-17 മുതൽ കെ.എസ്.ബി.സി. മൊത്ത വ്യാപാര പ്രോഫിറ്റ് മാർജിൻ 24%-ൽ നിന്നും 29% ആക്കി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി എം.ആർ.പി. കൂടുകയും ആയത് മൂലം 2017-18-ൽ 2016-17-നെ അപേക്ഷിച്ച് റവന്യൂ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ 1-11-2017 മുതൽ 7% വില വർദ്ധനവ് പർച്ചേസ് വിലയിന്മേൽ നടപ്പിലാക്കി. ഇതുമൂലവും 2017-18 വർഷത്തിൽ റവന്യൂ വരുമാനം കൂടിയിട്ടുണ്ട്.

## കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾക്ക് അനുമതി

332 (3028) ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസ് സുപ്രീം കോടതി തീർപ്പുകൽപ്പിച്ചിരുന്നോ;

(ബി) പ്രസ്തുത കേസിൽ സർക്കാർ സ്വീകരിച്ച നിലപാട് വിശദമാക്കാമോ;

(സി) 29-9-1999-ലെ G. O. (Rt.) 689/99/TD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾക്ക് അനുമതി നിഷേധിച്ചത് നിയമപരമായാണ് എന്ന വാദമാണോ സുപ്രീം കോടതിയിൽ സർക്കാർ ഉന്നയിച്ചതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) അനുമതി നിഷേധിച്ചത് നിയമപരമായാണ് എന്ന വാദം സർക്കാർ ഉന്നയിച്ചിട്ടില്ല.

**സുബോധം പദ്ധതി**

333 (3029) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപഭോഗം തടയുന്നതിനുവേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ സുബോധം പദ്ധതി പൂർണ്ണമായി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിരുന്നതെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ബഹുജന പങ്കാളിത്തത്തോടെ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യവശങ്ങൾക്കെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നതിനുമായി 'വിമുക്തി' മിഷൻ രൂപീകരിച്ചിട്ടുള്ളതിനാൽ സുബോധം പദ്ധതി നിർത്തലാക്കിയിട്ടുണ്ട്.

(ബി) വിവാ-ലാവിഡ ഐകോൺ 2016 തുടങ്ങിയ അന്തർദ്ദേശീയ കോൺഫറൻസുകൾ, സെമിനാറുകൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി., യൂത്ത് കമ്മീഷൻ, എൻ.ആർ.എച്ച്.എം., കെ.എസ്.എസ്.എം., സർക്കാരിതര സംഘടനകൾ, ആദിവാസി മേഖലകളിലെ ബോധവൽക്കരണ പ്രവർത്തനങ്ങൾ മീഡിയവഴിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ 'സുബോധം' പദ്ധതിയിലൂടെ നടത്തുകയുണ്ടായി. ആകെ 1,43,34,651 രൂപ (ഒരു കോടി നാൽപ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തി നാലായിരത്തി അറുനൂറ്റി അൻപത്തിയൊന്ന് രൂപ) ചെലവഴിച്ചു.

(സി) ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

**ലഹരിമരുന്ന് കേസ്സുകൾ**

334 (3030) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം നാളിതുവരെ രജിസ്റ്റർ ചെയ്യപ്പെട്ട ലഹരിമരുന്ന് കേസുകളുടെ എണ്ണം എത്രയാണെന്നും ഇതിൽ കുട്ടികൾ ഉൾപ്പെട്ട കേസുകൾ എത്രയാണെന്നും അറിയിക്കുമോ ;

(ബി) ഈ വർഷം നാളിതുവരെ രജിസ്റ്റർ ചെയ്യപ്പെട്ട ലഹരിമരുന്ന് കേസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ വർഷം എൻ.ഡി.പി.എസ്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം 6314. ഇതിൽ കുട്ടികൾ ഉൾപ്പെട്ട കേസ്സുകളുടെ എണ്ണം-96.

(ബി) ആകെ 6314 എൻ.ഡി.പി.എസ്. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 585 |
| 2 | കൊല്ലം | 469 |
| 3 | പത്തനംതിട്ട | 235 |
| 4 | ആലപ്പുഴ | 686 |
| 5 | കോട്ടയം | 446 |
| 6 | ഇടുക്കി | 397 |
| 7 | എറണാകുളം | 744 |
| 8 | തൃശ്ശൂർ | 507 |
| 9 | പാലക്കാട് | 504 |
| 10 | മലപ്പുറം | 596 |
| 11 | കോഴിക്കോട് | 217 |
| 12 | വയനാട് | 355 |
| 13 | കണ്ണൂർ | 466 |
| 14 | കാസർഗോഡ് | 107 |
| | ആകെ | 6314 |

## വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ

335 (3031) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന് കീഴിൽ എത്ര വിദേശമദ്യ ചില്ലറ വിൽപന ശാലകൾ ഉണ്ട്;കണക്കുകൾ നൽകാമോ;

(ബി) കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ബാറുകളുടെയും ബിയർ-വൈൻ പാർലറുകളുടെയും എണ്ണം എത്രയാണ്;

(സി) കേരളത്തിലെ ബാറുകളുടെയും മദ്യ ഷോപ്പുകളുടെയും എണ്ണവും സമീപ സംസ്ഥാനങ്ങളിലെ എണ്ണവും മദ്യ ലഭ്യതയും തമ്മിലുള്ള താരതമ്യ കണക്കുകൾ ലഭ്യമാണോ ; എങ്കിൽ നൽകാമോ?

ഉത്തരം

(എ) ബിവറേജ്സ് കോർപ്പറേഷന് 270 വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ ഉണ്ട്. അതിൽ 267 എണ്ണം നിലവിൽ തുറന്നുപ്രവർത്തിക്കുന്നു.

(ബി) കേരളത്തിൽ നിലവിൽ 432 ബാറുകളും 466 ബിയർ-വൈൻ പാർലറുകളുമാണുള്ളത്.

(സി) താരതമ്യ പഠനം നടത്തിയിട്ടില്ല.

## സ്കൂൾ പരിസരത്തെ ലഹരി വസ്തുക്കളുടെ വിൽപ്പന

336 (3032) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ സ്കൂൾ പരിസരം കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്ന സംഘങ്ങൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരക്കാരെ നിയന്ത്രിക്കുന്നതിന് ഓരോ സ്കൂളും പരിസരവും കേന്ദ്രീകരിച്ച് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ സ്കൂളുകളിലും ഇത് സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജില്ലയിലെ ജോയിന്റ് എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർമാര വരെയുള്ള ജീവനക്കാർക്ക് എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം രണ്ട് സ്കൂൾ വീതം നിരീക്ഷിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് ഇത്തരക്കാരെ നിരീക്ഷിക്കുന്നുമുണ്ട്.

(സി) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി സ്കൂൾ തലത്തിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപികരിച്ചിട്ടുള്ളതും, സ്കൂളുകളിൽ വിമുക്തി മിഷന്റെ ഭാഗമായി ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ, ശിൽപ്പശാലകൾ, ഫുട്ബോൾ മത്സരം, വോളിബോൾ മത്സരം, ചിത്രരചനാ മത്സരം തുടങ്ങിയവ നടത്തി വരുന്നുമുണ്ട്.

**പാലക്കാട് ജില്ലയിൽ ലഹരിമരുന്ന് വിൽപ്പന**

337 (3033) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ സ്കൂളുകൾക്ക് സമീപം ലഹരിമരുന്ന് വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) തമിഴ്നാട്ടിൽ നിന്നും പാലക്കാട് വഴി കേരളത്തിലേക്ക് ലഹരി പദാർത്ഥങ്ങൾ കടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) ലഹരി മരുന്നുകൾ കടത്തുന്ന കേസിൽ പിടിക്കപ്പെടുന്നവർക്ക് എതിരെ ശക്തമായ കേസുകൾ ചുമത്തുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അറസ്റ്റ് ചെയ്തവരുടെ എണ്ണം-2

രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം-22

(ബി) അതിർത്തി പ്രദേശങ്ങളിൽ ടാസ്ക്ഫോഴ്സ്, ബോർഡർ പട്രോളിംഗ് എന്നീ സംവിധാനങ്ങൾ വഴി കർശന പരിശോധന നടത്തുന്നുണ്ട്. അതിർത്തി ചെക്ക്പോസ്റ്റുകളിൽ ചരക്ക്, യാത്രാവാഹനങ്ങൾ നിരന്തരം പരിശോധന നടത്തി കേസുകൾ കണ്ടെടുത്ത് നടപടി സ്വീകരിച്ചുവരുന്നു.

(സി) ലഹരി മരുന്നുകൾ കടത്തുന്ന കേസ്സുകളിൽ പിടിക്കപ്പെടുന്നവർക്ക് എതിരെ NDPS Act പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത കേസ്സുകളിലെ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിന് അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതികളിൽ സമർപ്പിച്ച് നടപടി സ്വീകരിച്ചുവരുന്നു. NDPS Act ഒരു കേന്ദ്ര നിയമമാണ്. മയക്കുമരുന്നുകൾ ചെറിയ അളവിൽപ്പോലും കൈവശം വച്ച് കൈകാര്യം ചെയ്താൽ അത്തരം കുറ്റകൃത്യം ചെയ്യുന്നവർക്കും പരമാവധി ശിക്ഷ ഉറപ്പാക്കി മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാവുന്നവിധം കേന്ദ്രനിയമമായ 1985-ലെ NDPS Act പരിഷ്ക്കരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**കൊണ്ടോട്ടി താലൂക്കിൽ എക്സൈസ് വകുപ്പിന്റെ ഓഫീസ്**

338 (3034) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ എക്സൈസ് വകുപ്പിന്റെ ഓഫീസുകൾ ഇല്ലാത്തതിനാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) കൊണ്ടോട്ടി താലൂക്കിൽ എക്സൈസ് സർക്കിൾ ഓഫീസ് തുടങ്ങുന്നതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കൊണ്ടോട്ടി താലൂക്കിൽ എക്സൈസ് ഓഫീസ് രൂപീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല.

**കാട്ടാക്കട പഞ്ചായത്തിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിടനിർമ്മാണം**

339 (3035) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഓഫീസ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഗ്രാമപഞ്ചായത്ത് എക്സൈസ് വകുപ്പിന് കൈമാറിയിട്ടുണ്ടോ; തുടർ നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കാട്ടാക്കട ഗ്രാമപഞ്ചായത്ത് വക കുളത്തുമ്മൽ വില്ലേജിൽ റീസർവ്വേ നമ്പർ 245/10-ൽപ്പെട്ട 10 സെന്റ് വസ്തു കാട്ടാക്കട എക്സൈസ് റെയിഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി കൈമാറുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

(ബി) കൈമാറിയിട്ടില്ല.

**പത്തനംതിട്ട എക്സൈസ് സമുച്ചയം**

340 (3036) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് എക്സൈസ് സമുച്ചയം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) എക്സൈസ് സമുച്ചയ നിർമ്മാണത്തിന്റെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) പത്തനംതിട്ട ജില്ലാ ആസ്ഥാനത്തെ എക്സൈസ് ഓഫീസുകൾക്കായി പത്തനംതിട്ട പോലീസ് ചീഫിന്റെ ഓഫീസ് പ്രവർത്തിച്ചിരുന്ന 50 സെന്റ് വസ്തുവും ആയതിൽ സ്ഥിതി ചെയ്യുന്ന 2 കെട്ടിടങ്ങളും ജില്ലാ കളക്ടർ മുഖേന വിലയ്ക്ക് വാങ്ങുന്നതിന് 23-9-2018-ലെ സ. ഉ. (സാധാ.) നമ്പർ 690/2018/നി.വ. മുഖേന തത്വത്തിൽ അനുമതിനൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 13-11-2018 ലെ സ. ഉ. (സാധാ.) നമ്പർ 4706/2018/റവ. പ്രകാരം പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് വസ്തു ഉടമയുമായി ചർച്ച നടത്തി അവരുമായി വസ്തുവിന്റെ വില സംബന്ധിച്ച ധാരണയിലെത്തുവാനും അതിനനുസൃതമായ നിർദ്ദേശങ്ങൾ State Level Empowered Committee (SLEC)-ക്ക് മുമ്പാകെ സമർപ്പിക്കുവാനും ഡിസ്ട്രിക്ട് ലെവൽ കോമ്പൻസേഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് കമ്മിറ്റിയോട് (DLFC) ആവശ്യപ്പെട്ടിട്ടുണ്ട്.

## ലഹരി വസ്തുക്കൾക്കെതിരെ ബോധവൽക്കരണം

341 (3037) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ദോഷഫലങ്ങൾ പ്രചരിപ്പിക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ;

(ബി) നടപ്പുസാമ്പത്തിക വർഷം ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ;

(സി) എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ച് ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഇതര സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരി വർജ്ജന ബോധവത്ക്കരണ പ്രവർത്തനങ്ങൾ സജീവമായി നടത്തുന്നു. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയാണ് വിമുക്തി മിഷന്റെ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നത്.

(ബി) 27,87,62,200 രൂപ (ഇരുപത്തിയേഴ് കോടി എൺപത്തിയേഴ് ലക്ഷത്തി അറുപത്തിരണ്ടായിരത്തി ഇരുനൂറ് രൂപ) നീക്കിവെച്ചിട്ടുണ്ട്.

(സി) 5,83,96,640 (അഞ്ച് കോടി എൺപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അറായിരത്തി ആറുനൂറ്റി നാൽപ്പത് രൂപ)

**മദ്യത്തിനും മയക്കുമരുന്നിനും എതിരെ ബോധവൽക്കരണം**

342 (3038) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിനും മയക്കുമരുന്നിനും എതിരായ ബോധവൽക്കരണവും നിയമ നടപടികളും കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എക്സൈസിനുകീഴിൽ ഡീ-അഡിക്ഷൻ സെന്റർ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. ലഹരി ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് മിഷന്റെ പ്രധാന ദൗത്യം. നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ലക്ഷ്യമിടുന്നു. ഡീ അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് ലഹരിക്കടിമപ്പെട്ടവരെ അതിൽ നിന്നും മോചിപ്പിക്കുക എന്നതും വിമുക്തി മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു.

ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എക്സൈസ് ഓഫീസുകൾ എന്നിവിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ലഹരിക്കെതിരായ പരാതികൾ അറിയിക്കുന്നതിനായി നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ ലഹരിക്കടിമകളായ വ്യക്തികളെ ചികിത്സിക്കുന്നതിനും പുനരധിവാസത്തിനുമായി ബാംഗ്ലൂർ നിംഹാൻസ് മാതൃകയിൽ എല്ലാ ആധുനിക സൗകര്യങ്ങളും ഉൾക്കൊള്ളുന്ന ഒരു മാതൃകാ ലഹരി മോചന കേന്ദ്രം വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ലഹരി മോചന കേന്ദ്രങ്ങൾ**

343 (3039) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിമുക്ത കേരളത്തിന് വേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ എത്ര ലഹരി മോചന കേന്ദ്രങ്ങൾ ആരംഭിച്ചു; പുതിയതായി ലഹരി മോചന കേന്ദ്രങ്ങൾ എവിടെയെല്ലാം ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി രൂപീകരിച്ചിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമായി ഉപയോഗിക്കുന്നുണ്ട്. ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എക്സൈസ് ഓഫീസുകൾ എന്നിവിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. പരാതികൾ അറിയിക്കുന്നതിനായി നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ഡീ അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

ആയവയുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം
2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്ങോലം, കൊല്ലം
3. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട
4. ജില്ലാ ആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ
5. ജനറൽ ഹോസ്പിറ്റൽ, പാല, കോട്ടയം
6. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി
7. താലൂക്ക് ഹോസ്പിറ്റൽ, മൂവാറ്റുപുഴ, എറണാകുളം
8. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ
9. ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ, പാലക്കാട്
10. ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം
11. ബീച്ച് ആശുപത്രി, കോഴിക്കോട്
12. ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്
13. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ
14. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നീലേശ്വരം, കാസർഗോഡ്.

ലഹരിക്കടിമകളായ വ്യക്തികളെ ചികിത്സിക്കുന്നതിനും പുനരധിവാസത്തിനുമായി ബാംഗ്ലൂർ നിംഹാൻസ് മാതൃകയിൽ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടി ഒരു മാതൃകാ ലഹരി മോചന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## വിമുക്തി പദ്ധതി

344 (3040) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി രൂപീകരിച്ചിട്ടുള്ളതാണ് സംസ്ഥാന 'ലഹരി വർജ്ജന മിഷൻ വിമുക്തി'.

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തൊടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ 'വിമുക്തി ' മിഷൻ സംഘടിപ്പിച്ച് വരുന്നുണ്ട്.

സ്കൂൾ കോളേജ് തലങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ പ്രത്യേക ശ്രദ്ധ നൽകുന്നതിനായി വിമുക്തി മിഷൻ സംഘടിപ്പിക്കുന്ന പ്രചാരണ പ്രവർത്തനങ്ങളിൽ അട്ടപ്പാടിയിലെ ആദിവാസി യുവാക്കളെ ഉൾപ്പെടുത്തി, കായിക ടീമുകൾ രൂപീകരിച്ച് പരിശീലനം നൽകിവരുന്നുണ്ട്.

ആദിവാസി ഊരുകളിൽ താമസിച്ചുവരുന്ന ഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ സാധിക്കുന്ന തരത്തിൽ തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ വച്ച് പരിശീലനം നൽകി.

'ലഹരിക്കെതിരെ കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിച്ച്, കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ചു നയിക്കുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ, മറ്റ് സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു. ആയതിന്റെ ഭാഗമായി പത്തൊൻപത് വയസ്സിൽ താഴെ പ്രായമുള്ള സ്കൂൾതല സീനിയർ ആൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ സംസ്ഥാന തലങ്ങളിൽ വോളിബോൾ മത്സരവും യുവാക്കൾക്കായി കബഡി, ഫുട്ബോൾ തുടങ്ങി വിവിധ കായിക മത്സരങ്ങളും സംഘടിപ്പിക്കുകയുണ്ടായി.

(ബി) കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു:

1. ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം
2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്ങോലം, കൊല്ലം
3. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട
4. ജില്ലാ ആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ
5. ജനറൽ ഹോസ്പിറ്റൽ, പാല, കോട്ടയം
6. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി
7. താലൂക്ക് ഹോസ്പിറ്റൽ, മൂവാറ്റുപുഴ, എറണാകുളം
8. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ
9. ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ, പാലക്കാട്
10. ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം
11. ബീച്ച് ആശുപത്രി, കോഴിക്കോട്
12. ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്
13. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ
14. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നീലേശ്വരം, കാസർഗോഡ്.

## പയ്യന്നൂർ താലൂക്ക് ഹോസ്പിറ്റലിൽ അനുവദിച്ച ഡീ-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം

345 (3041) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിമുക്തി പദ്ധതിയുടെ ഭാഗമായി പയ്യന്നൂർ താലൂക്ക് ഹോസ്പിറ്റലിൽ അനുവദിച്ച ഡീ-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

പയ്യന്നൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയോടനുബന്ധിച്ച് വിമുക്തി ഡീ അഡിക്ഷൻ സെന്റർ ഔട്ട് പേഷ്യന്റ് വിഭാഗം 15-10-2018 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു മെഡിക്കൽ ഓഫീസർ, മൂന്ന് സ്റ്റാഫ് നഴ്സ്, ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒരു സൈക്ക്യാട്രിക് സോഷ്യൽ വർക്കർ എന്നീ ജീവനക്കാരെ ഇവിടെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതുമാണ്. സെന്ററിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉപകരണങ്ങൾ എല്ലാം ലഭ്യമാകുന്ന മുറയ്ക്ക് കടത്തി ചികിത്സയടക്കം ആരംഭിക്കുന്നതാണ്.

## എക്സൈസ് ക്രൈംബ്രാഞ്ച് രൂപീകരണം

346 (3042) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസെടുത്ത ഉദ്യോഗസ്ഥൻ തന്നെ കുറ്റപത്രം സമർപ്പിക്കാൻ പാടില്ലെന്ന സുപ്രീംകോടതി വിധി അബ്കാരി കേസുകളെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എക്സൈസ് ക്രൈംബ്രാഞ്ച് വേണമെന്ന ആവശ്യം പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; കേസന്വേഷണം ഉയർന്ന ഉദ്യോഗസ്ഥരെ ഏൽപ്പിക്കുമ്പോൾ കുറ്റപത്രം സമർപ്പിച്ച കേസുകളെ പ്രസ്തുത വിധി എങ്ങനെ ബാധിക്കുമെന്ന് അറിയിക്കാമോ;

(സി) ഇപ്പോൾ നിലനിൽക്കുന്ന നാർക്കോട്ടിക് അബ്കാരി കേസ്സുകളിൽ പുനരന്വേഷണം വേണ്ടി വരുമോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര കേസുകളിൽ അന്വേഷണം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(ഡി) കേസ്സുകൾ അന്വേഷിക്കാൻ ഉദ്യോഗസ്ഥരില്ലാത്ത അവസ്ഥയുണ്ടോ; പുതിയ കേസ്സുകളിൽ കുറ്റപത്രം നൽകാൻ കഴിയാത്ത സാഹചര്യം ഇപ്പോൾ എക്സൈസ് വകുപ്പിൽ നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ വിധി സംസ്ഥാനത്ത് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്.

(ബി & സി) പരിശോധിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായത്തിൽ കേസ് കണ്ടെത്തിയ ഉദ്യോഗസ്ഥന്റെ സീനിയറായ ഉദ്യോഗസ്ഥൻ കേസ് അന്വേഷണം നടത്തേണ്ടതുണ്ട് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

നിലവിൽ എക്സൈസ് വകുപ്പിൽ 30-8-2018 തീയതി വരെ 2753 കേസുകൾ കണ്ടെടുത്തിട്ടുണ്ട്. ഇതിൽ കേസ് കണ്ടുപിടിച്ച ഉദ്യോഗസ്ഥർ നിലവിൽ 1383 കേസുകൾ അന്വേഷിക്കുന്നു. പ്രസ്തുത കേസുകളുടെ അന്വേഷണം പ്രസ്തുത അധികാരപരിധിയിലുള്ള മറ്റ് ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുണ്ട്. കേസ് കണ്ടെത്തിയ ഉദ്യോഗസ്ഥൻതന്നെ അന്വേഷണം നടത്തി കുറ്റപത്രം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുള്ളവയിൽ ബഹുമാനപ്പെട്ട കോടതിയുടെ അനുമതിയോടെ കേസ്സുകൾ പുനരന്വേഷിക്കേണ്ടതുണ്ട്.

(ഡി) ഇല്ല. ബഹുമാനപ്പെട്ട സുപ്രീകോടതിയുടെ 16-8-2018-ലെ Criminal Appeal No. 1880 of 2011-ന്മേലുള്ള വിധിയനുസരിച്ച് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ കണ്ടെത്തുന്ന കേസുകൾ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരും എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കണ്ടെത്തുന്ന കേസ്സുകൾ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറും അന്വേഷിക്കേണ്ടതുണ്ട്.

## കൃത്രിമ മധുരം കലർത്തിയ കള്ള്

347 (3043) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജക്കള്ള് ഉല്പാദനവും വിപണനവും വ്യാപകമാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പാലക്കാട് ഗോപാലപുരത്തെ ഷാപ്പിൽ കൃത്രിമ മധുരം കലർത്തിയ കള്ള് പിടികൂടിയ കേസിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഒഴുക്ക് തടയുന്നതിന് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത ഡ്രൈവിൽ എത്ര ലിറ്റർ വ്യാജമദ്യമാണ് പിടികൂടിയത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യാജകള്ളിന്റെ ഉൽപ്പാദനവും, വിപണനവും തടയുന്നതിനായി സംസ്ഥാനത്തെ കള്ള് ഷാപ്പുകളിൽ പരിശോധനകൾ നടത്തി കള്ളിന്റെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കിവരുന്നു. അന്തർജില്ലാ കള്ള് കടത്ത് പെർമിറ്റ് മുഖാന്തരം കള്ള് കൊണ്ടുവരുന്ന വാഹനങ്ങൾ പരിശോധിക്കുകയും ആയതിൽ നിന്ന് സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ വ്യാജ കള്ളിന്റെ ഉൽപ്പാദനവും വിപണനവും തടയുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് ഗോപാലപുരം ഷാപ്പിൽ നിന്നും കൃത്രിമ മധുരം കലർത്തിയ കള്ള് പിടികൂടിയ കേസ്സുകൾ കണ്ടെത്തിയിട്ടില്ല.

(സി) ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് നടത്തിയിരുന്നു. ഈ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ സംസ്ഥാനത്ത് 1527 ലിറ്റർ വ്യാജമദ്യം പിടികൂടിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2780-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

## II. റിപ്പോർട്ടുകളുടെ സമർപ്പണം

(1) 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടും ഒൻപതും റിപ്പോർട്ടുകൾ

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ എട്ടും ഒൻപതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനമായ അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദ് ചെയ്യുന്നു.

ഓർഡർ... ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഡിസംബർ 10-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.17-ന് പിരിഞ്ഞു.)

## അനുബന്ധം

### ശ്രദ്ധ ക്ഷണിക്കൽ

1. സർഫാസി നിയമത്തിന്റെ ദുരുപയോഗം സംബന്ധിച്ച് ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ.യുടെ ശ്രദ്ധ ക്ഷണിക്കലിന് ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകിക്കൊണ്ട് വായ്പയെടുത്തിട്ടുള്ള നിർദ്ധന കുടുംബങ്ങളിൽ നിന്നും സർഫാസി (സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ്) നിയമത്തിന്റെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വായ്പാകുടിശ്ശിക ഈടാക്കുന്നതുമൂലം വായ്പക്കാർ ദുരിതത്തിലാകുന്നുവെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് 2002-ലെ സർഫാസി നിയമത്തിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 2017 ആഗസ്റ്റ് 21-ന് കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആവശ്യമായ നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്ന് അനുകൂല നിലപാട് ഇതുവരെ ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ കുറേക്കൂടി ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ നിരന്തരം ബാങ്കുകളോടും സംസ്ഥാനതല ബാങ്കിംഗ് സമിതിയോടും ആവശ്യപ്പെടാറുണ്ട്. 21-6-2018-ൽ ചേർന്ന സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗത്തെ അഭിസംബോധന ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇക്കാര്യം പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്.

2. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.യുടെ ശ്രദ്ധ ക്ഷണിക്കലിന് ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

നിലവിൽ 44.69 ലക്ഷം പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നു. ഒരാൾക്ക് പ്രതിമാസം 1,100 രൂപയാണ് നൽകുന്നത്. പെൻഷൻ ബാദ്ധ്യത പ്രതിമാസം 500 കോടിയോളം രൂപ വരികയും ചെയ്യും. ഈ

സാഹചര്യത്തിൽ സമൂഹത്തിന്റെ താഴെത്തട്ടിൽ ജീവിക്കുന്ന അർഹരായവർക്കുമാത്രം പെൻഷൻ നൽകേണ്ടതും അനർഹരെ (സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൂടാതെതന്നെ ജീവിതം മുന്നോട്ട് നയിക്കാൻ കഴിവുള്ളവരെ) ഒഴിവാക്കേണ്ടതും വളരെ അത്യാവശ്യമാണ്. കൂടാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച സി.എ.ജി.യുടെ 2016-ലെ റിപ്പോർട്ട് നമ്പർ 6-ൽ സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 12% പേർ അനർഹമായി പെൻഷൻ വാങ്ങുന്നുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷന്റെ പിൻബലമില്ലാതെ തന്നെ ജീവിതം മുന്നോട്ടുനയിക്കാൻ കഴിവുള്ള വ്യക്തികളെ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നതിൽനിന്ന് ഒഴിവാക്കേണ്ടത് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യവുമാണ്.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗണ്യമായി ഉയർത്തി കൃത്യമായി വിതരണം ചെയ്യുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 3443414 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചിരുന്നതെങ്കിൽ ഇപ്പോൾ 4469565 പേർക്കാണ് ആയത് നൽകുന്നത്. അതായത് രണ്ടരവർഷത്തിനുള്ളിൽ 1026151 പേർക്ക് പുതിയതായി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചിട്ടുണ്ട്. അർഹരായവർക്ക് പെൻഷൻ നിഷേധിക്കുക എന്ന സമീപനം സർക്കാരിനില്ല എന്ന് ഇതിൽനിന്നും വ്യക്തമാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാധാരണ പെൻഷൻ നിരക്ക് പ്രതിമാസം 600 രൂപയായിരുന്നു. ഇത് 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 80 ശതമാനവും അതിലധികവും വൈകല്യമുള്ളവർക്ക് പ്രതിമാസ പെൻഷൻ 1,300 രൂപയായി ഉയർത്തിയിട്ടുമുണ്ട്.

അതേസമയം ചിലർ തികച്ചും അനർഹമായി പെൻഷൻ കൈക്കലാക്കുന്നു എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇത്തരത്തിലുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള തിരുത്തൽ പരിപാടി നടപ്പിലാക്കുന്നതാണെന്ന് 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതുമാണ്. ഇത്തരത്തിൽ അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈക്കലാക്കുന്നത് തടയുന്നതിന്റെ ഭാഗമായി 1000 സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാത്ത നാലും അതിനുമുകളിലും ചക്രങ്ങൾ ഉള്ള വാഹനങ്ങൾ (അംബാസിഡർ കാർ ഒഴികെ) സ്വന്തം പേരിൽ ഉള്ളവർ, 1200 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവർ എന്നിവർക്ക് സാമൂഹ്യ സുരക്ഷാ

പെൻഷൻ ലഭിക്കാൻ അർഹരല്ല എന്ന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും പരിശോധനകളുടെ അടിസ്ഥാനത്തിലും പെൻഷൻ നിഷേധിക്കപ്പെടുന്നവർക്ക് ഇത് സംബന്ധിച്ച അപ്പീലുകൾ അദാലത്തുവഴി തീർപ്പുകൽപ്പിക്കുന്നതാണെന്ന് ഉത്തരവായിരുന്നു. അദാലത്തുകൾ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രാദേശിക സർക്കാരുകൾക്ക് ഇതിനകം നൽകിയിട്ടുണ്ട്.

## സബ്മിഷൻ

1. 'തമസോ മാ ജ്യോതിർഗമയ' പുസ്തകം സംബന്ധിച്ച് ശ്രീ. രമേശ് ചെന്നിത്തല, എം.എൽ.എ.യുടെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്തുവച്ച മറുപടി

ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികത്തോടനുബന്ധിച്ചാണ് 'തമസോ മാ ജ്യോതിർഗമയ' - ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്- എന്ന ലഘു പുസ്തകം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ചത്.

കേരളത്തിലെ നവോത്ഥാന കാലഘട്ടത്തിന്റെ ലഘുവിവരണത്തോടൊപ്പം സാമൂഹിക പരിഷ്കരണത്തിന് നിർണ്ണായകമായ സംഭാവന നൽകിയ നവോത്ഥാന നായകരെക്കുറിച്ചുമാണ് പുസ്തകത്തിൽ പൊതുവിൽ പരാമർശിച്ചിട്ടുള്ളത്. അനാചാരങ്ങളും അടിച്ചമർത്തലുകളും നിറഞ്ഞ ഇരുണ്ട കാലഘട്ടത്തിൽനിന്ന് ആധുനിക കാലഘട്ടത്തിലേയ്ക്കുള്ള കേരളത്തിന്റെ പരിവർത്തനത്തെക്കുറിച്ചും കേരളം കടന്നുവന്ന ചരിത്രവഴികളെക്കുറിച്ചും സാമാന്യമായ ധാരണ പൊതുസമൂഹത്തിന് ലഭിക്കുന്നതിനുവേണ്ടിയാണ് പുസ്തകം തയ്യാറാക്കിയത്.

ഈ പുസ്തകം വിശദമായ നവോത്ഥാന ചരിത്ര പഠനത്തിന് പുതിയ തലമുറയ്ക്ക് പ്രചോദനവും പ്രേരണയും നൽകുന്ന ഒന്നാണ്.

നവോത്ഥാന പ്രക്രിയയിൽ സംഭാവന നൽകിയവരായി ഒട്ടേറെ സാമൂഹ്യ പരിഷ്കർത്താക്കളുണ്ട്. അവർ നൽകിയ സംഭാവനകളെ നാമെല്ലാം മാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എന്നാൽ, എല്ലാ സാമൂഹിക പരിഷ്കർത്താക്കളെയും സംഭവങ്ങളെയും കുറിച്ച് വിശദമായി പരാമർശിക്കുക എന്നത് ഈ പുസ്തകത്തിന്റെ ലക്ഷ്യമായിരുന്നില്ല. ഇത്തരമൊരു ലഘുപുസ്തകത്തിൽ അത് പ്രായോഗികവുമല്ല. അതിനാൽ തന്നെ ഈ പുസ്തകം പിൻവലിക്കേണ്ട സാഹചര്യമില്ല.

2. നിലയ്ക്കൽ കുടിവെള്ള പദ്ധതി സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം, എം.എൽ.എ.യുടെ സബ്മിഷന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

നിലയ്ക്കൽ-സീതത്തോട് ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 19-10-2016-ൽ 909 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. കിണർ, പമ്പ്ഹൗസ്, പ്രതിദിനം 13 ദശലക്ഷം ലിറ്റർ (MLD) ശേഷിയുള്ള ശുദ്ധീകരണശാല എന്നിവയുടെ നിർമ്മാണമാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയത്. ഈ വർക്ക് ടെണ്ടർ ചെയ്ത് നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഭരണാനുമതി നൽകിയ തുകയിൽ ബാക്കി വന്ന തുക ഉപയോഗിച്ച് റാ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഉടൻ തന്നെ ടെണ്ടർ ചെയ്യുന്നതാണ്. ഒന്നാം ഘട്ടത്തിന്റെ പണികൾ 2019 മാർച്ച് മാസം പൂർത്തീകരിക്കുന്നതാണ്.

പദ്ധതിയുടെ മറ്റ് ഘടകങ്ങൾ ഉൾപ്പെടുത്തി രണ്ടാം ഘട്ടത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. ശുദ്ധീകരണശാലയിൽ നിന്നും നിലയ്ക്കൽ, സീതത്തോട് പഞ്ചായത്ത് എന്നിവിടങ്ങളിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ ബൂസ്റ്റർ സ്റ്റേഷനുകൾ, റിസർവോയറുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ശബരിമലയുടെ പ്രധാന ബേസ് ക്യാമ്പായി പ്രഖ്യാപിക്കപ്പെട്ട നിലയ്ക്കലിൽ എത്തുന്ന തീർത്ഥാടകരുടെ എണ്ണത്തിലുണ്ടാകാൻ സാധ്യതയുള്ള വർദ്ധന കണക്കിലെടുത്ത് പദ്ധതിയുടെ ശേഷി ഒന്നാം ഘട്ടത്തിലുള്ളതിനേക്കാൾ കൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ സീതത്തോടിൽ 13 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാലയാണ് നിർമ്മിക്കുന്നത്. എന്നാൽ പദ്ധതിയുടെ ശേഷി 20 എം.എൽ.ഡി.യായി ഉയർത്താനും 11 എം.എൽ.ഡി. ജലം ആദ്യഘട്ടത്തിൽ നിലയ്ക്കലിൽ എത്തിക്കാനുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. 15 MLD ജലം വരെ ഭാവിയിൽ പമ്പ് ചെയ്യാവുന്ന രീതിയിലാണ് പൈപ്പ് ലൈനുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ശുദ്ധീകരണശാലയുടെ ശേഷി 20 MLD ആയി മൂന്നാം ഘട്ടത്തിൽ ഉയർത്താൻ ലക്ഷ്യമിടുന്നു.

നിലയ്ക്കൽ ബേസ് ക്യാമ്പിൽ 20 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള മൂന്ന് ഉപരിതല സംഭരണികൾ ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള സ്ഥലത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

സീതത്തോട് പഞ്ചായത്തിലെ ഗവി ഒഴികെയുള്ള പ്രദേശങ്ങളും പെരുനാട് പഞ്ചായത്തിലെ നിലയ്ക്കൽ ബേസ് ക്യാമ്പ്, പ്ലാപ്പള്ളി, അട്ടത്തോട്, പമ്പാവാലി, തുലാപ്പള്ളി, കിസുമം, കൊല്ലമൂഴി എന്നീ പ്രദേശങ്ങളുമാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. നിലയ്ക്കൽ ഒഴികെയുള്ള പ്രദേശത്തിന് ആളോഹരി വിഹിതം 100 ലിറ്ററായും നിലയ്ക്കൽ പ്രദേശത്ത് 40 ലിറ്ററായും കണക്കാക്കിയിരിക്കുന്നു. 2050-ൽ 2,55,000 പേർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ സീതത്തോട് പഞ്ചായത്തിലെ ഗവി ഒഴികെയുള്ള പ്രദേശത്തുള്ള 18,000 പേരും കിസുമം, തുലാപ്പള്ളി, കൊല്ലമൂഴി, പമ്പാവാലി, അട്ടത്തോട് എന്നീ സ്ഥലങ്ങളിലെ 7,000 പേരും ഉൾപ്പെടുന്നു. തീർത്ഥാടകരുൾപ്പെടെ 2,30,000 പേർക്ക് നിലയ്ക്കലിൽ ശുദ്ധജലം എത്തിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

നിലയ്ക്കലിൽ ജലമെത്തിക്കാനുള്ള പ്രധാന പൈപ്പ് ലൈൻ ആങ്ങാമൂഴി, നിലയ്ക്കൽ വനമേഖലയിലൂടെയാണ് കടന്നുപോകുന്നത്. ഈ പ്രദേശത്ത് മൂന്ന് പമ്പിംഗ് സ്റ്റേഷനുകളും നിർമ്മിക്കേണ്ടതായിട്ടുണ്ട്. കൂടാതെ ഇലക്ട്രിക് കേബിളും വനത്തിലൂടെയുള്ള റോഡിൽ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. 17-10-2018-ൽ വാട്ടർ അതോറിറ്റിയിലെയും വനം വകുപ്പിലേയും ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സംഘം സംയുക്ത സ്ഥല പരിശോധനനടത്തി വനഭൂമി നൽകുന്നതിന് തത്വത്തിൽ ധാരണയായിട്ടുണ്ട്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. പദ്ധതി തുക 95 കോടി രൂപയായാണ് കണക്കാക്കിയിരിക്കുന്നത്. ഈ തുക നബാർഡിൽ നിന്ന് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. വിതരണ ശൃംഖല സ്ഥാപിക്കുന്നത് മൂന്നാം ഘട്ട പ്രോജക്ടായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുന്നതാണ്.

3. <u>രാസവളത്തിന്റെ വിലവർദ്ധനവും ദൗർലഭ്യവും സംബന്ധിച്ച് ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.യുടെ സബ്മിഷന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

കേരളത്തിന്റെ കാർഷിക മേഖലയിൽ, രാസവളങ്ങളുടെയും രാസകീടനാശിനി കളുടെയും അനിയന്ത്രിതമായ ഉപയോഗം പടിപടിയായി കുറച്ചുകൊണ്ടുവരികയും ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ ജൈവ കാർഷിക നയത്തിന് ഊന്നൽ നൽകിയാണ് കൃഷി വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. എങ്കിലും,

രാസവളങ്ങളുടെ ഉപയോഗം ഇപ്പോഴും കർഷകരുടെ ഇടയിൽ പ്രചാരത്തിലുണ്ട്. പ്രളയാനന്തരം കാർഷിക മേഖലയിൽ വൻതോതിൽ എക്കൽ അടിഞ്ഞ് മണ്ണിന്റെ ഫലഭ്രയിഷ്ഠത വർദ്ധിച്ചിട്ടുള്ളതായി കാണാം. രാസവളങ്ങളുടെ ഉപയോഗം നിലനിൽക്കുന്ന സാഹചര്യത്തിൽ പൂർണ്ണമായ അർത്ഥത്തിൽ ജൈവകൃഷിയിലേയ്ക്ക് ചുവടുമാറാൻ നമ്മുടെ കർഷകർക്ക് കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്.

ആറുമാസത്തിലൊരിക്കൽ സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട വിവിധയിനം രാസവളങ്ങളുടെ അളവ് കൃത്യമായും കേന്ദ്രസർക്കാരിനെ അറിയിക്കുകയും ആയത് പ്രകാരം സംസ്ഥാനത്തിനുള്ള വിഹിതം അനുവദിക്കുകയും ചെയ്യാറുണ്ട്. ഓരോ വളവും കേരളത്തിൽ ഏതൊക്കെ കമ്പനികളാണ് വിൽക്കേണ്ടതെന്ന് കേന്ദ്ര സർക്കാരാണ് തീരുമാനിക്കുന്നത്. ഏതെങ്കിലും കമ്പനികൾ അനുവദിച്ച വിഹിതം എടുക്കാതിരുന്നാൽ മറ്റു കമ്പനികൾക്ക് നൽകുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും അതനുസരിച്ച് മറ്റു കമ്പനികൾക്ക് ആ വിഹിതം നൽകുകയും ചെയ്തുവരുന്നുണ്ട്. കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ യൂറിയ ഒഴികെ ബാക്കിയുള്ള രാസവളങ്ങളുടെ വിലയിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. യൂറിയയുടെ വില മാത്രമാണ് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്നത്. ബാക്കിയുള്ള വളങ്ങളുടെ വില, വളം വിൽക്കുന്ന കമ്പനികൾക്ക് നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. യൂറിയ ഒഴികെയുള്ള രാസവളങ്ങളുടെ വിലനിയന്ത്രണം കേന്ദ്ര സർക്കാർ എടുത്തു കളഞ്ഞതുമൂലം രാസവളങ്ങളുടെ വിലയിൽ ക്രമാതീതമായ വർദ്ധനയുണ്ടായിട്ടുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഫാക്ടംഫോസ്, അമോഫോസ് 20:20 എന്നിവയ്ക്ക് 2018 ഏപ്രിൽ മാസത്തിനുശേഷം മാത്രം 13 ശതമാനത്തിലേറെയും മ്യൂറിയേറ്റ് ഓഫ് പൊട്ടാഷിന് 42 ശതമാനവും വില വർദ്ധനവുണ്ടായി. മിക്കവാറും എല്ലാ രാസവളങ്ങൾക്കും ശരാശരി 10 ശതമാനം മുതൽ 20 ശതമാനം വരെ വില വർദ്ധിപ്പിച്ചിട്ടുണ്ട്.

ഒക്ടോബർ മാസം അവസാനമാണ് തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ വളത്തിന്റെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടത്. ഉടൻതന്നെ കമ്പനികളുമായി ബന്ധപ്പെടുകയും ആവശ്യമുള്ള വളം റോഡ് മാർഗ്ഗം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. യൂറിയയുടെ ക്ഷാമം പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരുമായും കമ്പനികളുമായും ബന്ധപ്പെടുകയും എത്രയും പെട്ടെന്ന് യൂറിയക്ഷാമം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം ഡിസംബർ മാസത്തേയ്ക്ക് 10800 ടൺ യൂറിയ, 6600 ടൺ DAP അമോണിയം ഫോസ്ഫേറ്റ്, 11300 ടൺ മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്, 19300 ടൺ NPK കോംപ്ലക്സുകൾ എന്നിവ കേരളത്തിന് അനുവദിക്കുകയും ഇവ വിവിധ കമ്പനികൾ മുഖേന വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

നേർവളങ്ങളും കോംപ്ലക്സ് വളങ്ങളും കർഷകർക്ക് യഥാർത്ഥ വിലയ്ക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പാക്കുവാൻ പി.ഒ.എസ്. മെഷീനുകൾ മുഖേനയാണ് ഇപ്പോൾ വളം വിൽക്കുന്നത്. ഇങ്ങനെ വാങ്ങുന്ന വളത്തിന് അതിൽ പ്രിന്റ് ചെയ്തിരിക്കുന്ന വില മാത്രം നൽകിയാൽ മതി. എല്ലാ ജില്ലകളിലേയും റീട്ടെയിൽ വില്പനക്കാർക്കാണ് പി.ഒ.എസ്. മെഷീനുകൾ നൽകുന്നത്. കേരളത്തിലെ 14 ജില്ലകളിലുമായി 2480 പി.ഒ.എസ്. മെഷീനുകളാണ് വിതരണം ചെയ്തിട്ടുള്ളത്. പി.ഒ.എസ്. മെഷീനുകൾ ഉപയോഗിക്കാത്ത കച്ചവടക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ജില്ലാതല ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് സ്ക്വാഡ് എല്ലാ ജില്ലകളിലെയും കടകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

റെയിൽവേ ചരക്ക് ഗതാഗതവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളും കൃത്യസമയത്ത് കേരളത്തിലേയ്ക്ക് വളം എത്തിക്കാൻ കമ്പനികൾക്ക് സാധിക്കാത്തതിന് കാരണമാകുന്നുണ്ട്. ഇതര സംസ്ഥനങ്ങളിലേതുപോലെ കേരളത്തിൽ ഒരു റേക്ക് വളം മൊത്തം ഒരു പോയിന്റിൽ ആവശ്യമില്ലാത്തതിനാൽ പകുതി റേക്ക് 2 പോയിന്റിൽ ഇറക്കാനുള്ള അനുമതിക്കായി റെയിൽവേയോട് ആവശ്യപ്പെട്ടിട്ടും അനുമതി ലഭിച്ചിട്ടില്ല. കൂടാതെ ഡോളറിനെതിരെ രൂപയുടെ മൂല്യത്തിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വളങ്ങളുടെ ഇറക്കുമതിയെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. എങ്കിലും കർഷകർക്ക് ആവശ്യമായ വളങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

4. <u>ബോട്ട് സർവ്വീസ് സംബന്ധിച്ച് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.യുടെ സബ്മിഷന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം 18-6-2018-ന് ബൊള്ളാർഡ് പോളുകൾ ഒടിഞ്ഞ് വീണതിനെത്തുടർന്നാണ് അഴീക്കോട് - മുനമ്പം ജങ്കാർ സർവ്വീസ് നിർത്തിവച്ചത്. എന്നാൽ കരാർ ഉടമ്പടി നിലനിൽക്കുന്നതുകൊണ്ട് കരാറുകാരൻ ബദൽ സംവിധാനമായി 10-7-2018-ന് ബോട്ട് സർവ്വീസ് ആരംഭിച്ചിരുന്നു. 23-11-2018-ന് ബോട്ട് കരയ്ക്കടുപ്പിക്കുന്നതിനിടയിൽ ഉണ്ടായ അപകടത്തിൽ ഒരു തൊഴിലാളി മരണപ്പെടുകയും പൊതുജനങ്ങളുടെ എതിർപ്പുമൂലം ബോട്ട് സർവ്വീസ് നിർത്തിവയ്ക്കേണ്ട സാഹചര്യവുമുണ്ടായി.

കേടുവന്ന ബൊള്ളാർഡ് പോളുകൾക്ക് പകരം പുതിയത് സ്ഥാപിക്കുന്നതിന് എറണാകുളം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി 37,80,000 (മുപ്പത്തിയേഴ് ലക്ഷത്തി എൺപതിനായിരം രൂപ) രൂപയുടെ കരാറിൽ ഏർപ്പെടുകയും ആദ്യഗഡുവായ 10 ലക്ഷം രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് എറണാകുളം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ആരും കരാർ സമർപ്പിക്കാത്തതിനാൽ 4-12-2018 വരെ ടെണ്ടർ സ്വീകരിക്കുന്ന തീയതി നീട്ടിയിരുന്നു. 7-12-2018-ന് വൈകുന്നേരം 2 മണിക്കാണ് ടെണ്ടർ തുറക്കുന്ന തീയതിയായി നിശ്ചയിച്ചിരിക്കുന്നത്.

പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് അനുയോജ്യമായ ബോട്ടുകൾ കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന് ഇല്ലാത്തതിനാലും തൃശ്ശൂർ - എറണാകുളം ജില്ലകളിലെ തീരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബോട്ട് സർവ്വീസുകളോ, ആ മേഖലയിൽ ഓഫീസോ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ചുമതലയിൽ ഇല്ലാത്തതിനാലും അഴീക്കോട്-മുനമ്പം സർവ്വീസ് ഏറ്റെടുത്ത് നടത്തണമെങ്കിൽ ഒരു ബോട്ടും 15 ജീവനക്കാരും ഓഫീസും മറ്റ് അടിസ്ഥാന സൗകര്യങ്ങളും അവർക്ക് ആവശ്യമാണെന്ന് അറിയിച്ചതിനാലും ജില്ലാ പഞ്ചായത്ത് മുഖേന കരാറുകാരൻ വഴി സുരക്ഷാ സംവിധാനങ്ങളോടുകൂടിയ പുതിയ ബോട്ട് ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.